കേരള സർക്കാർ

ഹരിതകേരളം മിഷൻ

# വാർഷിക റിപ്പോർട്ട്
# 2019 & 2020

**ഹരിതകേരളം മിഷൻ**
വാർഷിക റിപ്പോർട്ട് 2019 & 2020

**തയ്യാറാക്കിയത്**
**ഹരിതകേരളം മിഷൻ ടീം**

**ചീഫ് എഡിറ്റർ**
**ഡോ. ടി.എൻ. സീമ**
എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ

**ഏകോപനം**
**ബി. മനോജ്**
പബ്ലിക് റിലേഷൻസ് ഓഫീസർ, ഹരിതകേരളം മിഷൻ

**നിർവഹണ സഹായം**
**അനു ലിയ ജോസ്**
റിസോഴ്സ് പേഴ്സൺ, ഹരിതകേരളം മിഷൻ

**കവർ ഡിസൈൻ & ലേ–ഔട്ട്**
**ഫൗസിയ പി.എ.**

**ഡി.ടി.പി.**
**ബിന്ദു വി.**
**മനുജ വി.എം.**

**പ്രസിദ്ധീകരിക്കുന്നത്**
**ഹരിതകേരളം മിഷൻ**
റ്റി.സി. 2/3271(3)(4)
ഹരിതം, കുട്ടനാട് ലെയിൻ
പട്ടം പാലസ് പി.ഒ.
തിരുവനന്തപുരം 695004

**അച്ചടി**
**ഗ്രാമലക്ഷ്മി മുദ്രാലയം**

**കോപ്പി** : 2500
**സൗജന്യ വിതരണത്തിന്**

ഫെബ്രുവരി 2021

# ഉള്ളടക്കം


അവതാരിക

01 മുഖവുര.................... 09

02 പൊതുപരിപാടികൾ, കാമ്പയിൻ പ്രവർത്തനങ്ങൾ.................... 13

03 പ്രവർത്തന നേട്ടങ്ങൾ – സംഗ്രഹം.................... 25

04 ശുചിത്വ – മാലിന്യ സംസ്കരണം ഉപമിഷൻ.................... 32

05 ജലസംരക്ഷണം ഉപമിഷൻ.................... 83

06 കൃഷി ഉപമിഷൻ.................... 121

07 ശേഷി വികസനം – വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ 132

08 പ്രവർത്തനങ്ങൾ ജില്ലകളിലൂടെ.................... 146

09 ഇന്ത്യ ഹൈറേഞ്ച് മൗണ്ടൻ ലാൻഡ് സ്കേപ്പ് പ്രോജക്റ്റ്
യു.എൻ.ഡി.പി. പ്രവർത്തനങ്ങൾ.................... 183

10 തുടർ പ്രവർത്തനങ്ങൾ.................... 191

11 ഫോട്ടോ ഗാലറി.................... 195

12 അനുബന്ധം.................... 213



ഡോ. ടി.എൻ. സീമ

# അവതാരിക

വെള്ളം, വൃത്തി, വിളവ് എന്നീ ആശയങ്ങൾ മുൻനിർത്തി സംസ്ഥാനത്ത് ഹരിതകേരളം മിഷൻ പ്രവർത്തനമാരംഭിച്ചിട്ട് നാലുവർഷം പൂർത്തിയായി. പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തനങ്ങളിൽ ശ്രദ്ധേയമായ നിരവധി പ്രവർത്തനങ്ങൾ ഈ കാലയളവിൽ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചു. മിഷൻ പ്രവർത്തനങ്ങൾക്ക് ദിശാബോധവും ഊർജ്ജവും നൽകുന്നതിൽ സുപ്രധാന പങ്ക് വഹിച്ചത് മിഷൻ ചെയർമാനായ ബഹു. സംസ്ഥാന മുഖ്യമന്ത്രിയുടെ നേതൃത്വമാണ്. സഹചെയർ പേഴ്സൺമാരായ തദ്ദേശ സ്വയംഭരണ വകുപ്പ്, ജലവിഭവ വകുപ്പ്, കാർഷിക വികസന കർഷക ക്ഷേമവകുപ്പ് എന്നിവയുടെ നേതൃത്വം വഹിക്കുന്ന ബഹു. മന്ത്രിമാർ, വിവിധ വകുപ്പു മേധാവികൾ എന്നിവർ നേതൃപരമായി വഹിച്ച പങ്കും എടുത്തുപറയത്തക്കതാണ്. ഹരിതകേരളം മിഷൻ മുന്നോട്ടുവച്ച ലക്ഷ്യങ്ങൾ ഏറ്റെടുത്തു നടപ്പാക്കുന്നതിൽ ശ്രദ്ധപുലർത്തിയ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, അവയുടെ ഭരണ സമിതികൾ, പ്രവർത്തനങ്ങളിലെ വൻ ജനകീയ പങ്കാളിത്തം എന്നിവ മിഷന് പകർന്നു നൽകിയ കരുത്ത് വാക്കുകൾക്കതീതമാണ്.

പ്രകൃതിയിലെ പ്രധാന ഘടകങ്ങളായ മണ്ണ്, വായു, ജലം എന്നീ വിഭവങ്ങൾക്ക് സുരക്ഷ ഒരുക്കിയും അവയെ സംരക്ഷിച്ചുമുള്ള മിഷന്റെ പ്രവർത്തനങ്ങളുടെ ഗുണഫലങ്ങൾ ഇതിനകം തന്നെ പ്രകടമായിത്തുടങ്ങിയിട്ടുണ്ട്. ശുചിത്വ-മാലിന്യ സംസ്കരണം, ജലസംരക്ഷണം-ജലസുരക്ഷ, ജൈവ കാർഷിക മാർഗ്ഗങ്ങൾക്ക് പ്രാധാന്യം നൽകിയുള്ള കൃഷി വ്യാപനം എന്നീ മേഖലകളിലും അനുബന്ധമായി വരുന്ന മറ്റു ചില മേഖലകളിലുമാണ് മിഷന്റെ പ്രവർത്തനങ്ങൾ പ്രധാനമായും നടന്നത്. ഈ മേഖലകളിലെല്ലാം കൈവരിച്ച ഭൗതിക നേട്ടങ്ങൾക്കൊപ്പം ശ്രദ്ധേയമാണ് ബൗദ്ധിക തലത്തിൽ വരുത്താനായ മൂല്യാധിഷ്ഠിത നേട്ടങ്ങളും.

നമ്മുടെ നാട്ടിൽ ചുറ്റുപാടുകൾക്കിണങ്ങാത്ത നിലയിൽ ജൈവ, അജൈവ ഘടകങ്ങൾ സൃഷ്ടിക്കുന്ന പാരിസ്ഥിതിക, മലിനീകരണ പ്രശ്നങ്ങൾ ചെറുതല്ല. വൈവിധ്യവും നൂതനവുമായ പദ്ധതികളിലൂടെയും പ്രവർത്തനങ്ങളിലൂടെയും കാമ്പയിനുകളിലൂടെയും സംസ്ഥാനത്ത് ശുചിത്വ-മാലിന്യ സംസ്കരണ മേഖലയിൽ ഗുണപരമായ മാറ്റങ്ങളുണ്ടാക്കാൻ ഹരിതകേരളം മിഷന് കഴിഞ്ഞു. ഹരിതനിയമ ബോധവൽക്കരണ കാമ്പയിൻ പോലുള്ള പ്രവർത്തനങ്ങൾ ശക്തമായ ജനകീയ വിദ്യാഭ്യാസ പരിപാടിയായി മാറി. സംസ്ഥാനം നേരിട്ട പ്രളയത്തിനും മഴക്കെടുതികൾക്കും ശേഷം പ്രസ്തുത മേഖലകളിൽ നടന്ന ശുചീകരണപ്രവർത്തനങ്ങളിലും കോവിഡ് കാലത്തെ ശുചിത്വ-മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിലും സാമൂഹിക പ്രതിബദ്ധതയോടെ പങ്കുവഹിക്കാൻ മിഷന് കഴിഞ്ഞിട്ടുണ്ട്.

സംസ്ഥാനത്തെ വിനോദ സഞ്ചാര കേന്ദ്രങ്ങൾ മാലിന്യമുക്തമാക്കുന്നതിന്റെ ഭാഗമായി ഹരിത ടൂറിസം പദ്ധതിക്ക് തുടക്കമിട്ടു. 'വഴികാട്ടാൻ വാഗമൺ' മാതൃകയിൽ മൂന്നാറിലും ഹരിതടൂറിസം പദ്ധതി ആരംഭിച്ചു കഴിഞ്ഞു. ഗ്രീൻപ്രോട്ടോക്കോൾ സാമൂഹിക ജീവിതത്തിന്റെ ഭാഗമാക്കാൻ മിഷൻ ശ്രദ്ധേയമായ പ്രവർത്തനങ്ങളാണ് നടത്തിയത്. സംസ്ഥാനത്തെ പകുതിയിലേറെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ശുചിത്വ പദവിയിലേക്കെത്തിയതും 11,000 ത്തിലധികം സർക്കാർ ഓഫീസുകൾ ഹരിതചട്ടത്തിലേക്ക് മാറിയതും ഇവിടെ പ്രസക്തമാണ്.

കോവിഡ് പ്രതിസന്ധിയിലും, ശ്രദ്ധേയമായ ജലസംരക്ഷണ പ്രവർത്തനങ്ങൾക്കാണ് കേരളം കഴിഞ്ഞ വർഷം സാക്ഷ്യം വഹിച്ചത്. പുഴകൾക്ക് പുതുജീവൻ കിട്ടുംവിധം നദീപുനരുജ്ജീവന പ്രവർത്തനങ്ങൾ നടന്നു. നീർച്ചാലുകളുടെ ജനകീയ വീണ്ടെടുപ്പിനായി സംഘടിപ്പിച്ച 'ഇനി ഞാനൊഴുകട്ടെ' പരിപാടി ജലസംരക്ഷണ രംഗത്ത് സൃഷ്ടിച്ച മാറ്റം അത്ഭുതാവഹമാണ്. കിണറുകളുടെയും കുളങ്ങളുടെയും നവീകരണവും റീചാർജ്ജിംഗും ഏറെ ഫലം നൽകി. ജലസമൃദ്ധി ലക്ഷ്യമിട്ട് സംഘടിപ്പിച്ച മറ്റു വിവിധ പരിപാടികൾ കാർഷിക മേഖലയിൽ നവോന്മേഷമുണ്ടാക്കി. ജലസ്രോതസ്സുകളിൽ സ്കെയിലുകൾ സ്ഥാപിച്ച് ജലസമ്പത്ത് തിട്ടപ്പെടുത്താനുള്ള നടപടികൾ, ജലസ്രോതസ്സുകൾ ഡിജിറ്റൽ മാപ്പിൽ അടയാളപ്പെടുത്തുന്ന മാപ്പത്തോൺ, കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധനയ്ക്കുള്ള ജലഗുണതാ പരിശോധനാ ലാബുകൾ തുടങ്ങിയവ സംസ്ഥാനത്തു നടന്ന വേറിട്ട ജലസംരക്ഷണ പ്രവർത്തനങ്ങളാണ്.

കേരളത്തിലെ വിവിധയിടങ്ങളിലെ വ്യത്യസ്തമായ മണ്ണും കാലാവസ്ഥയും ഭൂമി ശാസ്ത്രപരമായ മറ്റ് പ്രത്യേകതകളുമെല്ലാം നമ്മുടെ കാർഷിക ആവാസ വ്യവസ്ഥയുടെ സവിശേഷതകളാണ്. വൈവിധ്യമുള്ള കാർഷിക മാതൃകകൾ ഈ മണ്ണിൽ രൂപപ്പെടുന്നതിൽ ഈ ഘടകങ്ങൾ സുപ്രധാന പങ്കാണ് വഹിച്ചിട്ടുള്ളത്. എന്നാൽ പാരിസ്ഥിതിക മാറ്റങ്ങളും കാർഷിക വൈവിധ്യത്തിൽ കാലങ്ങളായി വന്ന കുറവും കാർഷിക മേഖലയ്ക്ക് കാതലായ ക്ഷീണമുണ്ടാക്കി. ഈ പ്രതിസന്ധി നേരിടാനുതകുംവിധം ശ്രദ്ധേയമായ ഇടപെടലുകളാണ് സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ കഴിഞ്ഞ അഞ്ചു വർഷത്തിൽ നടന്നിട്ടുള്ളത്.

തരിശുനിലങ്ങളിലെ കൃഷി വ്യാപനം, ഹരിതസമൃദ്ധി വാർഡ്, കരനെൽ കൃഷിയുൾപ്പെടെ അധിക നെൽകൃഷി, ജൈവ പച്ചക്കറി കൃഷി വ്യാപനം, സ്കൂൾ വളപ്പുകളിലും വിവിധ സ്ഥാപനങ്ങളുടെ ഭൂമിയിലും പച്ചക്കറി കൃഷി, സംയോജിത കൃഷി പ്രോത്സാഹനം എന്നിങ്ങനെ കാർഷിക

മേഖലയിൽ മികച്ച നേട്ടങ്ങൾ കൈവരിക്കാൻ കൃഷിവകുപ്പിന്റെയും അനുബന്ധ ഏജൻസികളുടേയും തദ്ദേശ ഭരണ സ്ഥാപനങ്ങളുടേയും നേതൃത്വത്തിൽ ഹരിതകേരളം മിഷന് കഴിഞ്ഞു.

സംസ്ഥാനത്തെ എല്ലാ ഐ.ടി.ഐ. കാമ്പസുകളും ഹരിതകാമ്പസുകളാക്കുന്ന കർമ്മ പദ്ധതി, സംസ്ഥാനത്തെ പരമാവധി വീടുകൾ ഹരിത ഭവനങ്ങളാക്കാൻ ലക്ഷ്യമിട്ടുള്ള പദ്ധതി എന്നിവയും ശ്രദ്ധേയമായ നേട്ടം കൈവരിച്ചു. സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ കൃഷി നടപ്പാക്കുന്ന പ്രവർത്തനവും ഫലം കണ്ടു. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രവളപ്പിലെ തരിശിടങ്ങളിൽ കൃഷി നടത്തുന്ന ദേവഹരിതം പദ്ധതിയും ഏറെ ശ്രദ്ധനേടി.

തരിശുഭൂമിയിൽ പച്ചപ്പൊരുക്കാനുള്ള ഹരിതകേരളം മിഷന്റെ നൂതനാശയമാണ് 'പച്ചത്തുരുത്ത്' പദ്ധതി. പൊതു സ്ഥലങ്ങളുൾപ്പെടെ തരിശ് സ്ഥലങ്ങൾ കണ്ടെത്തി തനതായ വൃക്ഷങ്ങളും തദ്ദേശീയമായ സസ്യങ്ങളും ഉൾപ്പെടുത്തി സ്വാഭാവിക ജൈവ വൈവിധ്യ തുരുത്തുകൾ സൃഷ്ടിച്ചെടുത്ത് സംരക്ഷിക്കാനാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. കാലാവസ്ഥാ വ്യതിയാനത്തിന്റെ ദോഷഫലങ്ങൾ കുറയ്ക്കുന്നതിനും ഹരിതഗൃഹവാതകങ്ങളുടെ സാന്നിധ്യം കൊണ്ടുണ്ടാകുന്ന ആഗോള താപനത്തെ ചെറുക്കുന്നതിനുമുള്ള പ്രായോഗിക ഇടപെടലാണ് പച്ചത്തുരുത്ത്. അര സെന്റ് മുതൽ എത്ര ചെറിയ സ്ഥലത്തും ചെറുവനങ്ങൾ വച്ചുപിടിപ്പിക്കുന്ന പദ്ധതിയാണിത്. ഇതിനകം സംസ്ഥാനത്ത് 1,686 പച്ചത്തുരുത്തുകൾ തീർക്കാൻ ഹരിതകേരളം മിഷന് സാധിച്ചു.

ഈ സർക്കാർ അധികാരത്തിലെത്തുന്നതിന് മുമ്പ് പ്രകടന പത്രികയിലൂടെ ജനങ്ങൾക്ക് നൽകിയ വിവിധ വാഗ്ദാനങ്ങളിൽ ഹരിതകേരളം മിഷനിലൂടെ നിറവേറ്റിയ ചിലതിനെക്കുറിച്ച് അധിക വിശദീകരണം നൽകാതെയാണ് ഇവിടെ പരാമർശിച്ചത്. വിശദവിവരങ്ങൾ ഉൾപ്പെടുത്തിയാണ് ഈ റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നത്. വികസന പ്രവർത്തനങ്ങളിലും പരിസ്ഥിതി സംരക്ഷണ-പുനസ്ഥാപന പ്രക്രിയകളിലും ഈ സർക്കാർ കൈവരിച്ച പ്രകടമായ നേട്ടങ്ങളാണിവ. ഏറിയ പങ്കും ജനകീയ പങ്കാളിത്തം കൊണ്ടു നിറവേറ്റപ്പെട്ടതിനാൽ സർക്കാരിന്റെ വികസന പ്രവർത്തനങ്ങളിലെ ജനകീയ മുഖമാണ് ഹരിതകേരളം മിഷനിലൂടെ അനാവൃതമാവുന്നത്. കേരളത്തിന്റെ പ്രധാന സവിശേഷതകളായിരുന്ന വൃത്തിയും ജലസമൃദ്ധിയും സുരക്ഷിത ഭക്ഷ്യവസ്തുക്കളുടെ ഉൽപ്പാദനവും ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾക്ക് ശക്തമായ അടിത്തറ സൃഷ്ടിക്കാനും ഈ മേഖലകളിൽ എടുത്തുപറയത്തക്ക നേട്ടങ്ങൾ കൈവരിക്കാനും ഹരിതകേരളം മിഷന് കഴിഞ്ഞിട്ടുണ്ട്.

2019, 2020 ലെ മിഷൻ പ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകി പൊതുവിലുള്ള പ്രവർത്തന റിപ്പോർട്ടാണ് തുടർന്ന് വരുന്ന അധ്യായങ്ങളിൽ നൽകിയിട്ടുള്ളത്. 2019 ൽ മിഷൻ ജില്ലാടിസ്ഥാനത്തിലാണ് റിപ്പോർട്ട് പ്രസിദ്ധീകരിച്ചത്.

**ഡോ. ടി.എൻ. സീമ**

എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ
ഹരിതകേരളം മിഷൻ

# 1
# മുഖവുര

നവകേരള നിർമ്മിതിക്കായി സംസ്ഥാന സർക്കാർ രൂപം നൽകിയ നാല് മിഷനുകളിൽ ഒന്നാണ് ഹരിതകേരളം മിഷൻ. ശുചിത്വവും ജലസമൃദ്ധിയും ജലസുരക്ഷയും സുരക്ഷിത ഭക്ഷ്യവസ്തുക്കളുടെ ഉൽപ്പാദനവും ലക്ഷ്യമിട്ട് 2016 ഡിസംബർ എട്ടിന് ഹരിതകേരളം മിഷൻ പ്രവർത്തനമാരംഭിച്ചു. സംസ്ഥാനത്തിന്റെ പാരിസ്ഥിതിക സുസ്ഥിതി ഉറപ്പാക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ മേഖലകളിൽ ശ്രദ്ധേയമായ മാറ്റങ്ങൾ സൃഷ്ടിച്ച് നാല് വർഷം പിന്നിടുകയാണ് ഹരിതകേരളം മിഷൻ. വെള്ളം, വൃത്തി, വിളവ് എന്ന സവിശേഷ മുദ്രാവാക്യത്തിൽ തന്നെ മിഷന്റെ ലക്ഷ്യങ്ങൾ വ്യക്തമാണ്.

ജലസംരക്ഷണം, ശുചിത്വ-മാലിന്യസംസ്കരണം, കൃഷി എന്നിവയുമായി ബന്ധപ്പെട്ട മൂന്ന് ഉപമിഷനുകൾ ചേർന്നതാണ് ഹരിതകേരളം മിഷൻ. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലാണ് മിഷൻ പ്രവർത്തനങ്ങൾ പ്രായോഗികതലത്തിൽ നടക്കുന്നത്. സംസ്ഥാന, ജില്ലാ, തദ്ദേശ സ്വയംഭരണ സ്ഥാപന തലങ്ങളിൽ മിഷൻ സംവിധാനമുണ്ട്. ഹരിതകേരളം മിഷന്റെ സംസ്ഥാനതല ചെയർമാൻ ബഹു. മുഖ്യമന്ത്രിയും തദ്ദേശ സ്വയംഭരണ സ്ഥാപനതല മിഷന്റെ ചെയർപേഴ്സൺ തദ്ദേശ സ്വയംഭരണ സ്ഥാപന അധ്യക്ഷരുമാണ്.

വിവിധ വകുപ്പുകളെയും ഏജൻസികളെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധിപ്പിക്കുന്ന ഏകോപന സഹായ സംവിധാനമായാണ് ഹരിതകേരളം മിഷൻ പ്രവർത്തിക്കുന്നത്. ഇതിനായി സംസ്ഥാനതല മിഷൻ ടീമിന് പുറമെ ജില്ലാതലത്തിൽ ഒരു കോ-ഓർഡിനേറ്ററും ബ്ലോക്ക് തല ചുമതലയുള്ള റിസോഴ്സ്പേഴ്സൺമാരും നിലവിലുണ്ട്.

## വൈവിധ്യം, സഫലം: 2019, 2020 ലെ പ്രവർത്തനങ്ങൾ

മഴക്കെടുതികൾ 2019 ലും കോവിഡ് മഹാമാരിയുടെ വ്യാപനം 2020ലും ഹരിതകേരളം മിഷൻ പ്രവർത്തനങ്ങൾക്ക് സൃഷ്ടിച്ച തടസ്സങ്ങൾ ചെറുതല്ല. എങ്കിലും പ്രതിസന്ധികളെ തരണം ചെയ്തും സാഹചര്യത്തിനനുസൃതമായ പ്രവർത്തനമാർഗ്ഗങ്ങൾ അവലംബിച്ചും മിഷൻ പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകാൻ കഴിഞ്ഞു. വൈവിധ്യമാർന്ന പ്രവർത്തനങ്ങളും അവയുടെ ഫലപ്രാപ്തിയും സംസ്ഥാനത്ത് ഗുണപരമായ മാറ്റങ്ങൾക്ക് കാരണമായി.

വൃത്തിയുള്ള കേരളം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ സംഘടിപ്പിച്ച 'മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം' കാമ്പയിന്റെ ഗുണഫലങ്ങൾ 2019ലും 2020ലും പ്രകടമായി. അജൈവ മാലിന്യശേഖരണത്തിനായി തദ്ദേശ സ്ഥാപനങ്ങളിൽ രൂപീകരിച്ച ഹരിതകർമ്മസേനകൾ അവയിലെ അംഗങ്ങൾ എന്നിവയിലുണ്ടായ വർധനയും പ്രവർത്തന പുരോഗതിയും മാലിന്യ സംസ്കരണ രംഗത്ത് ഗണ്യമായ നേട്ടം കൈവരിക്കുന്നതിന് സഹായകമായി. സംസ്ഥാനത്ത് 50 ലക്ഷത്തോളം വീടുകളിൽ നിന്നും നിലവിൽ അജൈവമാലിന്യം വാതിൽപ്പടി ശേഖരണം നടത്തി വരികയാണ്. ഹരിതകർമ്മസേനകൾ ശേഖരിക്കുന്ന അജൈവ മാലിന്യങ്ങളുടെ സംഭരണത്തിനുള്ള മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (എം.സി.എഫ്.), അവ തരംതിരിക്കാനും പുനചംക്രമണത്തിനും നൽകാനുമുള്ള മെറ്റീരിയൽ റിസോഴ്സ് റിക്കവറി ഫെസിലിറ്റി (എം.ആർ.എഫ്.) എന്നിവയുടെ എണ്ണത്തിലും വർധനയുണ്ടായത് ഈ പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടി. 29000 ത്തോളം പേർ ഈ സംവിധാനത്തിൽ തൊഴിലെടുക്കുന്നു. 15,000ൽ അധികം മാലിന്യ സംസ്കരണ പ്രോജക്ടുകൾ സംസ്ഥാന മൊട്ടാകെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ യാഥാർത്ഥ്യമായി. ഇതുവഴി പ്രതിദിനം സംസ്ഥാനത്തുണ്ടാകുന്ന ജൈവമാലിന്യത്തിന്റെ 45% ഉറവിട മാലിന്യ സംസ്കരണ സംവിധാനത്തിലൂടെ ശാസ്ത്രീയമായി സംസ്കരിക്കപ്പെടുന്ന അവസ്ഥ സംജാതമായി.



അജൈവ മാലിന്യം തരംതിരിക്കുന്ന ഹരിതകർമ്മസേന

ജലാശയങ്ങളിൽ മാലിന്യം വലിച്ചെറിഞ്ഞാൽ കടുത്ത ശിക്ഷ, ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്കുകൾ ഉൾപ്പെടെയുള്ള ഉൽപ്പന്നങ്ങൾക്കുള്ള നിരോധനം എന്നിവ മുൻനിർത്തി സംസ്ഥാന വ്യാപകമായി ഹരിത നിയമ സാക്ഷരത പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു. 2019 ലെ പാർലമെന്റ് തിരഞ്ഞെടുപ്പിലും 2020 ലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നടന്ന തിരഞ്ഞെടുപ്പിലും ഗ്രീൻ പ്രോട്ടോക്കോൾ നടപ്പാക്കാൻ മുൻകൈ എടുക്കുകയും ഇതു സംബന്ധിച്ച് വ്യാപക ബോധവൽക്കരണ പ്രചാരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും ചെയ്തു. ഉത്സവങ്ങളിലും ആഘോഷങ്ങളിലും ഗ്രീൻ പ്രോട്ടോക്കോൾ നടപ്പാക്കാനുള്ള പ്രായോഗിക പ്രവർത്തനങ്ങളും സംഘടിപ്പിച്ചു വരികയാണ്.

സർക്കാരിന്റെ 12 ഇന പരിപാടിയുടെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശുചിത്വ പദവിയിലെത്തിക്കാനുള്ള പ്രവർത്തനത്തിന്റെ ഫലമായി ഈ രംഗത്ത് മികച്ച പ്രവർത്തനമാണ് നടന്നത്. സമ്പൂർണ്ണ ശുചിത്വ പദവിയിലേക്കുള്ള ആദ്യപടിയായി ഖരമാലിന്യ സംസ്കരണത്തിൽ മികവുതെളിയിക്കുകയും അതിനായി അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുകയും ചെയ്ത തദ്ദേശ സ്ഥാപനങ്ങൾക്ക് ശുചിത്വ പദവി നൽകി. (വിശദവിവരങ്ങൾ തുടർന്നുള്ള അധ്യായങ്ങളിൽ).

ഒറ്റത്തവണ മാത്രം ഉപയോഗിക്കുന്ന പ്ലാസ്റ്റിക്കിന് സർക്കാർ ഏർപ്പെടുത്തിയ നിരോധനം പ്രാവർത്തികമാക്കുന്നതിന് ശക്തമായ ഇടപെടലുകൾ നടത്തി. തിരുവനന്തപുരം, എറണാകുളം, കൽപ്പറ്റ എന്നിവിടങ്ങളിൽ സെപ്റ്റേജ് ട്രീറ്റ്മെന്റിനുള്ള സൗകര്യം ഒരുക്കി. മാലിന്യസംസ്കരണ സംവിധാനങ്ങൾ കാര്യക്ഷമമാക്കുന്നതിന് കെൽട്രോണുമായി സഹകരിച്ച് സ്മാർട്ട് ഗാർബേജ് ആപ്പ് പ്രാവർത്തികമാക്കുന്നു. കോഴി ഇറച്ചി മാലിന്യവും മുടി മാലിന്യവും സംസ്കരിക്കുന്നതിന് പ്രത്യേക സംവിധാനങ്ങൾ ഒരുങ്ങുകയാണ്.

ജലസംരക്ഷണവും ജലസുരക്ഷയും മുൻനിർത്തി മിഷന്റെ നേതൃത്വത്തിൽ നടന്ന പ്രവർത്തനങ്ങൾ ഈ മേഖലയിൽ സംസ്ഥാനത്ത് ഏറെ ശ്രദ്ധേ നേടി. മുമ്പൊരിക്കലും ഇല്ലാത്ത വിധമുള്ള ക്രിയാത്മക പ്രവർത്തനങ്ങൾ ഈ മേഖലയിൽ നടന്നു. പുഴപുനരുജ്ജീവന പ്രവർത്തനങ്ങളും ജലസ്രോതസ്സുകളുടെ ശുചീകരണ പ്രവർത്തനങ്ങളും ഏറെ ഫലം കണ്ടു. കിണറുകളുടെ നിർമ്മാണം, നവീകരണം, റീചാർജ്ജിംഗ്, കുളങ്ങളുടെ നിർമ്മാണം, നവീകരണം തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ കൂടുതൽ ജലസംഭരണ ശേഷി ഉറപ്പാക്കാനായി. നീർച്ചാലുകളുടെ ജനകീയ വീണ്ടെടുപ്പ് ലക്ഷ്യമിട്ടു സംഘടിപ്പിച്ച 'ഇനി ഞാനൊഴുകട്ടെ' കാമ്പയിൻ വൻജനപങ്കാളിത്തംകൊണ്ട് വിജയമായി. സംസ്ഥാനത്ത് ഇക്കഴിഞ്ഞ വർഷകാലത്ത് ചിലയിടങ്ങളിൽ അതി തീവ്ര മഴ കാരണമുണ്ടായ വെള്ളക്കെട്ടിന്റെ തീവ്രത കുറയ്ക്കുന്നതിൽ ഈ പ്രവർത്തനം സഹായിച്ചു.

മത്സ്യക്കൃഷി, കുളം-കിണർ-തോട് എന്നിവയുടെ റീചാർജ്ജിംഗ്, കുടിവെള്ളം തുടങ്ങിയ ആവശ്യങ്ങൾക്ക്, ഉപേക്ഷിക്കപ്പെട്ട പാറ ക്വാറികളിലെ ജലം ഉപയോഗിക്കാനുള്ള പദ്ധതി പല സ്ഥലങ്ങളിലും ആവിഷ്ക്കരിച്ചു. കുളങ്ങളിൽ സ്കെയിലുകൾ സ്ഥാപിച്ച് ജല ലഭ്യത കണക്കാക്കുന്നതിന് പ്രവർത്തനങ്ങൾ ആരംഭിച്ചു. കാട്ടാക്കട മണ്ഡലത്തിലെ 100 കുളങ്ങളിൽ ഇത് നടപ്പാക്കി. സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ജല സുരക്ഷാ പ്ലാൻ ആവിഷ്കരിക്കുന്നതിനായി ജലബജറ്റ് തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. സി.ഡബ്ല്യു.ആർ.ഡി.എം.ന്റെ സഹായത്തോടെ ഇതിനായി തയ്യാറാക്കിയ മാർഗ്ഗരേഖ സർക്കാർ അംഗീകരിച്ചു. തുടർ പ്രവർത്തനങ്ങളുടെ ഭാഗമായി എല്ലാ ജില്ലകളിലും ഓരോ ബ്ലോക്കിൽ ജലബജറ്റ് തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ ആരംഭിച്ചു. ഇതിനായി തയ്യാറാക്കി സർക്കാർ അംഗീകരിച്ച മാർഗ്ഗ നിർദ്ദേശമനുസരിച്ച് വയനാട് ജില്ലയിലെ കൽപ്പറ്റ ബ്ലോക്കിലെ മുട്ടിൽ പഞ്ചായത്തിൽ ഇതിന്റെ പ്രവർത്തനം പൈലറ്റ് അടിസ്ഥാനത്തിൽ നടന്നു വരുന്നു.

സംസ്ഥാനത്ത് ഏറ്റവും ജലക്ഷാമം അനുഭവിക്കുന്ന നാല് ജില്ലകളിൽ ബന്ധാര മാതൃകയിലുള്ള വേനൽക്കാല ജലസംഭരണികൾ നിർമ്മിക്കുന്നതിന് പ്രവർത്തനങ്ങൾ ആരംഭിച്ചു. തളിപ്പറമ്പ് നിയോജക മണ്ഡലത്തിൽ ബന്ധാരയുടെ നിർമ്മാണം പൂർത്തീകരിച്ച് ജലസംഭരണം സാധ്യമാക്കിയിട്ടുണ്ട്. കിഫ്ബി ഫണ്ട് വഴി ഭവാനിപ്പുഴയിൽ 13, തൂതപ്പുഴയിൽ 6, ചന്ദ്രഗിരിയിൽ 9, അച്ചൻകോവിലാറിൽ 6, എന്നിങ്ങനെ 34 ബന്ധാരകൾക്ക് അനുമതി ലഭ്യമായിട്ടുണ്ട്.

ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിലും ഒരു ഹയർ സെക്കണ്ടറി സ്കൂളിലെ കെമിസ്ട്രി ലാബിനോട് ചേർന്ന് തദ്ദേശീയർക്ക് കുടിവെള്ളത്തിന്റെ പ്രാഥമിക ഗുണ


ജലഗുണനിലവാര പരിശോധനാ ലാബ്

നിലവാര പരിശോധനയ്ക്ക് ലാബുകൾ സ്ഥാപിക്കുന്ന പ്രവർത്തനം ആരംഭിച്ചു. 61 എം.എൽ.എ. മാരുടെയും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ഫണ്ട് ഉപയോഗിച്ച് 436 സ്കൂളുകളിൽ ഇതിന്റെ പ്രവർത്തനം പുരോഗമിക്കുന്നു. ധർമ്മടം നിയോജക മണ്ഡലത്തിൽ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലായി എട്ട് ലാബുകൾ സ്ഥാപിച്ചു. സംസ്ഥാനതലത്തിൽ പദ്ധതിക്ക് തുടക്കം കുറിച്ച് അഞ്ചരക്കണ്ടി ഹയർസെക്കണ്ടറി സ്കൂളിലെ ജലഗുണ നിലവാര പരിശോധനാ ലാബ് 2020 സെപ്റ്റംബർ ഏഴിന് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു. പാലക്കാട് ജില്ലയിലെ ചിറ്റൂർ മണ്ഡലത്തിലെ 11 ഹയർ സെക്കണ്ടറി സ്കൂളുകളിലും ലാബുകൾ സജ്ജമാക്കി.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും കൃഷിവകുപ്പിന്റെയും നേതൃത്വത്തിൽ കാർഷിക മേഖലയിൽ ഹരിതകേരളം മിഷൻ നടത്തിയ പ്രവർത്തനങ്ങളും ശ്രദ്ധേയമായ നേട്ടം കൈവരിച്ചു. ഹരിതസമൃദ്ധി വാർഡ്, തരിശുരഹിത ഗ്രാമം പദ്ധതി, ഐ.ടി.ഐ. കാമ്പസുകൾ ഹരിതകാമ്പസാക്കുന്ന പദ്ധതി എന്നിവയാണ് ഇതിൽ പ്രധാനം.

വ്യവസായ വകുപ്പിന് കീഴിലുള്ള പൊതു


ദേവഹരിതം പദ്ധതിയിൽ കൃഷിക്കുവേണ്ടി നിലമൊരുക്കുന്നു.

മേഖല സ്ഥാപനങ്ങളിൽ കൃഷി വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും ഹരിതകേരളം മിഷനുമായി ചേർന്ന് കൃഷി നടപ്പിലാക്കുന്ന പദ്ധതിയാരംഭിച്ചു. തിരുവിതാംകൂർ ദേവസ്വം ബോർഡിനു കീഴിലുള്ള 1,428 ക്ഷേത്രങ്ങളുടെ തരിശ് സ്ഥലത്ത് പച്ചക്കറികൾ, കരനെല്ല്, ഫലവൃക്ഷങ്ങൾ, ഔഷധസസ്യങ്ങൾ, ക്ഷേത്രാവശ്യങ്ങൾക്കാവശ്യമായ പൂക്കൾക്കായുള്ള ചെടികൾ തുടങ്ങിയവ കൃഷി ചെയ്യുന്ന പദ്ധതിക്ക് തുടക്കമിട്ടു. ദേവസ്വം ബോർഡിന്റെ 3000 ഏക്കർ ഭൂമിയിൽ 'ദേവഹരിതം' എന്ന പേരിൽ നടപ്പാക്കുന്ന ഈ പദ്ധതി വടക്കൻ കേരളത്തിലെ ചില ക്ഷേത്രങ്ങളിലും ആരംഭിച്ചു.

പ്രാദേശിക ജൈവവൈവിധ്യം ഉറപ്പാക്കാനായി 1000 പച്ചത്തുരുത്തുകൾ സൃഷ്ടിക്കാനും ലക്ഷ്യമിട്ട് ആരംഭിച്ച പദ്ധതി ലക്ഷ്യം കവിഞ്ഞ് ഏറെ മുന്നേറി. പച്ചത്തുരുത്തു പദ്ധതിയുടെ ഭാഗമായി വിവിധ ജില്ലകളിൽ ഫലവൃക്ഷതൈകളുടെ ഉൽപ്പാദനവും ജനകീയമായി നടന്നുവരുന്നു.

ഹരിതകേരളം മിഷന്റെ ഭാഗമായി നടപ്പാക്കുന്ന പ്രവർത്തനങ്ങളുടെ മോണിട്ടറിംഗിനും വിവരശേഖരണത്തിനുമായുള്ള ഹരിതദൃഷ്ടി മൊബൈൽ ആപ്ലിക്കേഷൻ, സംസ്ഥാനത്തെ എല്ലാ ശ്രേണിയിലുമുള്ള നീർച്ചാലുകളുടെ ഭൂപടങ്ങൾ തയ്യാറാക്കുന്ന മാപ്പത്തോൺ പ്രവർത്തനങ്ങൾ എന്നിവയും സമാന്തരമായി നടപ്പാക്കി വരുന്നു. പച്ചത്തുരുത്തുകളുടെ മാപ്പത്തോൺ പ്രവർത്തനവും പുരോഗമിക്കുന്നു.

ഹരിതകേരളം മിഷൻ ലക്ഷ്യങ്ങൾ നടപ്പാക്കാൻ നടത്തിയ പ്രവർത്തനങ്ങളുടെ ഭാഗമായി സംഘടിപ്പിച്ച വിവിധ കാമ്പയിനുകൾ എല്ലാം ഈ വിഷയങ്ങളിലെ ശക്തമായ ജനകീയ വിദ്യാഭ്യാസ ബോധവൽക്കരണ പരിപാടികളായി വർത്തിച്ചു. ശുചിത്വ-മാലിന്യ സംസ്കരണം ലക്ഷ്യമിട്ട് നടന്ന കാമ്പയിനുകളായ മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം, ജാഗ്രതോത്സവം, ഹരിതോത്സവം, വൃത്തിയുള്ള നാടൊരുക്കാൻ വൃത്തിയുള്ള വീട്, ജലസംരക്ഷണവും ജലമിതവ്യയവും ലക്ഷ്യമിട്ടുള്ള ജലമാണ് ജീവൻ, ജല പാർലമെന്റുകൾ, തരിശ് രഹിത ഗ്രാമ കാമ്പയിൻ എന്നിവ ഇത്തരത്തിൽ ശ്രദ്ധേയമായി. ശുചിത്വപദവി, ജലഗുണതാ ലാബ്, പച്ചത്തുരുത്ത് തുടങ്ങി സംസ്ഥാനതല പ്രഖ്യാപനങ്ങൾ ഫേസ്ബുക്ക് പേജ്, യൂട്യൂബ് ചാനൽ എന്നിവയിൽ ലൈവായി നൽകി. സംസ്ഥാനത്തെ മികച്ച 42 ഹരിത കർമ്മസേനകളുടെ പ്രവർത്തനങ്ങൾ ഫേസ്ബുക്ക് ലൈവിൽ അവതരിപ്പിച്ചു. 2020 മാർച്ച് മാസം മുതൽ കോവിഡ് വ്യാപനവും ലോക്ക്ഡൗൺ കാരണവും ഫീൽഡ്തല പ്രവർത്തനങ്ങൾക്ക് പരിമിതിയും ഉണ്ടായിരുന്നു. എങ്കിലും ഈ കാലയളവിൽ ഓൺലൈൻ സാധ്യത പരമാവധി ഉപയോഗിച്ച് വിപുലമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു. കില, ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടാക്സേഷൻസ് എന്നിവയുമായി ചേർന്ന് അധികാര വികേന്ദ്രീകരണത്തിന്റെ 25-ാം വാർഷികത്തിന്റെ ഭാഗമായി എട്ട് വെബിനാറുകൾ നടത്തി. 55 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇതിൽ പങ്കെടുത്തു. പരിസ്ഥിതി സംരക്ഷണം ജീവിതചര്യയുടെ ഭാഗമാക്കുന്നതിന് പ്രേരണ സൃഷ്ടിക്കാൻ ഹരിതകേരളം മിഷൻ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്.

ഹരിതചട്ടപാലനം, ഹരിത ടൂറിസം, അതിജീവനത്തിന്റെ പച്ചത്തുരുത്ത്, തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ശുചിത്വ പദവി പ്രഖ്യാപനം, ജലഗുണനിലവാര പരിശോധന ലാബ്, ജലസംഗമം, ശുചിത്വസംഗമം, മുഖ്യമന്ത്രിയുടെ ഹരിത അവാർഡ്, ബദൽ ഉൽപ്പന്ന ഉപയോഗ പ്രചാരണം തുടങ്ങി വൈവിധ്യമാർന്നതും പുതുമയുള്ളതുമായ പ്രവർത്തനങ്ങൾ ഹരിതകേരളം മിഷൻ കർമ്മപഥത്തിലെത്തിച്ചു. മുകളിൽ പരാമർശിച്ചവയെക്കുറിച്ചുള്ള കൃത്യമായ സ്ഥിതി വിവരവും വിശദീകരണവും തുടർന്നുള്ള അധ്യായങ്ങളിൽ നൽകിയിട്ടുണ്ട്.

# 2
# പൊതുപരിപാടികൾ കാമ്പയിൻ പ്രവർത്തനങ്ങൾ

സംസ്ഥാനതലത്തിൽ ഔദ്യോഗികമായി തുടക്കമിടുകയും തുടർന്ന് ജില്ലാ തലങ്ങളിലും പ്രാദേശികമായും സംഘടിപ്പിക്കുകയും ചെയ്ത ചില പ്രധാന പ്രവർത്തനങ്ങളുടെ ചെറുവിവരണമാണ് ഇനി നൽകുന്നത്. സംസ്ഥാനതലത്തിൽ സംഘടിപ്പിച്ച പരിശീലന പരിപാടികളും ശിൽപ്പശാലകളും ജില്ലാ തലങ്ങളിലെ മിഷൻ പ്രവർത്തനങ്ങളിലെ തുടർപരിപാടികൾ ലക്ഷ്യമിട്ടുള്ളതായിരുന്നു.

## അയൽക്കൂട്ട ജലസഭകൾ

വരൾച്ച രൂക്ഷമായ 2019ലെ വേനൽക്കാല മാസങ്ങളിൽ ജലസംരക്ഷണവും ജലമിതവ്യയവും എല്ലാ വീടുകളിലും നടപ്പാക്കുന്നതിനായി ഹരിതകേരളം മിഷൻ കുടുംബശ്രീയുമായി ചേർന്ന് വിപുലമായ കാമ്പയിൻ സംഘടിപ്പിച്ചു. ഇതിന്റെ ഭാഗമായി 2019 മാർച്ച് 22 ജലദിനം മുതൽ മൂന്ന് ദിവസങ്ങളിലായി രണ്ട് ലക്ഷത്തോളം അയൽക്കൂട്ടങ്ങളിൽ ജലമാണ് ജീവൻ അയൽക്കൂട്ട ജലസഭ സംഘടിപ്പിച്ചു.

ഓരോ വീട്ടിലും കുടിവെള്ളത്തിന്റെയും മറ്റാവശ്യങ്ങൾക്കുള്ള വെള്ളത്തിന്റെയും ഉപയോഗം കാര്യക്ഷമമാക്കുന്നതിനും ജല ഉപഭോഗം കുറയ്ക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ അവതരിപ്പിച്ചു. കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടുംബശ്രീയുടെ നേതൃത്വത്തിൽ പൊതുജനങ്ങളുടെ സഹകരണത്തോടെ ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കുളങ്ങൾ, കിണറുകൾ, മറ്റ് ജലസ്രോതസ്സുകൾ എന്നിവ വൃത്തിയാക്കി വെള്ളം ലഭ്യമാക്കുന്ന പ്രവർത്തനങ്ങൾ ഏറ്റെടുത്തു.

## ഹരിതചട്ടം പാലിച്ച് പൊതു തിരഞ്ഞെടുപ്പ്

ഹരിതചട്ടം പാലിച്ചുകൊണ്ട് സംസ്ഥാനത്ത് പൊതുതിരഞ്ഞെടുപ്പ് നടത്താൻ ഹരിതകേരളം മിഷന്റെ ഫലപ്രദമായ പ്രവർത്തനങ്ങളുണ്ടായി. 2019ൽ നടന്ന ലോക്സഭ തിരഞ്ഞെടുപ്പിലും 2020 ൽ തദ്ദേശ സ്വയംഭരണ



ആലപ്പുഴ ജില്ലയിലെ മാതൃകാ ഹരിതബൂത്ത്



പച്ചത്തുരുത്ത് സംസ്ഥാനതല ഉദ്ഘാടനം 2019 ജൂൺ 5 ന് തിരുവനന്തപുരത്ത് പോത്തൻകോട് ഗ്രാമപഞ്ചായത്തിലെ വേങ്ങോട് ഹെൽത്ത് സെന്റർ വളപ്പിൽ ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നിർവഹിക്കുന്നു.

സ്ഥാപനങ്ങളിലേക്ക് നടന്ന തിരഞ്ഞെടുപ്പിലു മാണ് ഹരിതചട്ടം നടപ്പാക്കാനായത്. 2019 ൽ സംസ്ഥാന തിരഞ്ഞെടുപ്പ് ഓഫീസറുടെയും 2020ൽ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷ ന്റെയും നിർദ്ദേശമനുസരണം ഇതിനു വേണ്ട മുന്നൊരുക്കങ്ങൾ നടത്തി.

എല്ലാ ബൂത്തുകളിലും ഹരിതചട്ടം പാലി ക്കുന്നുണ്ടോ എന്നുറപ്പുവരുത്താൻ ഹരിത കേരളം മിഷൻ, ശുചിത്വമിഷൻ എന്നിവിട ങ്ങളിൽ നിന്നുൾപ്പെടെയുള്ള ഉദ്യോഗസ്ഥ സംഘം നിരീക്ഷണം നടത്തി. പ്ലാസ്റ്റിക്കും ഡിസ്പോസബിൾ വസ്തുക്കളും ബൂത്തുക ളിലുൾപ്പെടെ തിരഞ്ഞെടുപ്പിനോടനുബ ന്ധിച്ച് പൂർണ്ണമായി ഒഴിവാക്കി. തിരഞ്ഞെടുപ്പ് പ്രചാരണത്തിന് ഫ്ളക്സിൽ തീർത്ത ബാന റുകളും പരമാവധി ഒഴിവാക്കി. ഹരിതചട്ടം പാലിച്ച് തിരഞ്ഞെടുപ്പ് നടത്താൻ സഹായക രമായ കൈപ്പുസ്തകം ഇംഗ്ലീഷിലും മലയാ ളത്തിലും അച്ചടിച്ചു ചീഫ് ഇലക്ഷൻ ഓഫീ സറുടെ നിർദ്ദേശത്തോടെ സംസ്ഥാനമൊ ട്ടാകെ വിതരണം ചെയ്തു. സ്ഥാനാർത്ഥിക ൾക്ക് നാമനിർദ്ദേശ പത്രികാസമർപ്പണവേള യിൽ ഈ മാർഗരേഖ നൽകുകയും ചെയ്തു. സംസ്ഥാനമൊട്ടാകെ ഇതുസംബന്ധിച്ച ബോധവൽക്കരണ കാമ്പയിനും സംഘടി പ്പിച്ചു.

## പച്ചത്തുരുത്ത് പദ്ധതിക്ക് തുടക്കം

തരിശ് ഭൂമിയിൽ പച്ചപ്പൊരുക്കാനുള്ള ഹരി തകേരളം മിഷന്റെ 'പച്ചത്തുരുത്ത്' പദ്ധതിക്ക്



ഹരിതകേരളം മിഷൻ തയ്യാറാക്കിയ ഹരിതചട്ട പാലനം കൈപ്പുസ്തകവുമായി രാഹുൽ ഗാന്ധി നാമ നിർദ്ദേശ പത്രിക സമർപ്പണവേളയിൽ

2019 ലെ ലോക പരിസ്ഥിതി ദിനമായ ജൂൺ അഞ്ചിന് തുടക്കമായി. സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് പോത്തൻകോട് ഗ്രാമപഞ്ചായത്തിലെ വേങ്ങോട് ഹെൽത്ത് സെന്റർ വളപ്പിൽ ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നിർവഹിച്ചു. ബഹു. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മന്ത്രി ശ്രീ. വി.എസ്. സുനിൽകുമാറിന്റെ അധ്യക്ഷതയിൽ നടന്ന ചടങ്ങിൽ പച്ചത്തുരുത്ത് കൈപുസ്തകം പ്രകാശനവും നടന്നു.

ജൈവവൈവിധ്യ ബോർഡ്, കൃഷി വകുപ്പ്, മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി, വനംവകുപ്പിന്റെ സാമൂഹ്യവനവത്ക്കരണ വിഭാഗം, പരിസ്ഥിതി സംഘടനകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ സഹകരണത്തോടെയാണ് പച്ചത്തുരുത്ത് സൃഷ്ടിക്കുന്നത്. പച്ചത്തുരുത്ത് പ്രവർത്തനങ്ങളെ സഹായിക്കാനായി പരിസ്ഥിതി പ്രവർത്തകർ, ജൈവവൈവിധ്യ മേഖലയിലെ വിദഗ്ദ്ധർ, വനവത്ക്കരണ രംഗത്ത് പ്രവർത്തിച്ച പരിചയസമ്പന്നർ, കൃഷി വിദഗ്ദ്ധർ, ജനപ്രതിനിധികൾ, പ്രാദേശിക സാമൂഹിക പ്രവർത്തകർ എന്നിവരുൾപ്പെടുന്ന ജില്ലാതല സാങ്കേതിക സമിതികളുണ്ടാകും. വിത്തിനങ്ങൾ കണ്ടെത്തൽ, വൃക്ഷങ്ങളുടെ തിരിച്ചറിയൽ തുടങ്ങിയ പ്രവർത്തനങ്ങൾ ഉൾപ്പെടെ പച്ചത്തുരുത്ത് നിർമ്മിതിക്കാവശ്യമായ സാങ്കേതിക സഹായങ്ങൾ ഈ സമിതികളാണ് നൽകുന്നത്.

## ദുരന്തമേഖലകളിൽ നൈപുണ്യകർമ്മസേന സജീവം

ഉരുൾപൊട്ടലും പ്രളയവും നാശം വിതച്ച മലപ്പുറം, കാസർഗോഡ്, വയനാട്, ഇടുക്കി, കോഴിക്കോട്, ആലപ്പുഴ, തൃശൂർ, എറണാകുളം ജില്ലകളിൽ ഗാർഹിക, ഉപകരണ അറ്റകുറ്റ പണികൾക്കായി ഹരിതകേരളം മിഷനും തൊഴിൽ വകുപ്പിന്റെ കീഴിലുള്ള വ്യാവസായിക പരിശീലന വകുപ്പിന്റെ നൈപുണ്യ കർമ്മസേനയും വീണ്ടും രംഗത്തിറങ്ങി. 2018ൽ പ്രളയാനന്തര ശുചിത്വ-മാലിന്യ സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്തെ വിവിധ ഐ.ടി.ഐ. കളിലെ അധ്യാപകരേയും വിദ്യാർത്ഥികളേയും ഉൾപ്പെടുത്തി വ്യാവസായിക പരിശീലന വകുപ്പ് സംഘടിപ്പിച്ച സ്ഥിരം സംവിധാനമാണ് നൈപുണ്യ കർമ്മസേന. വയർമാൻ, പ്ലംബിംഗ്, ഇലക്ട്രീഷ്യൻ, വെൽഡിംഗ്, കാർ


നൈപുണ്യകർമ്മസേന ഉപകരണങ്ങളുടെ അറ്റകുറ്റപ്പണിയിൽ

പ്പെന്ററി ട്രേഡുകളിലെ ട്രെയിനികളും ഇൻസ്ട്രക്ടർമാരും ദുരന്തബാധിത സ്ഥലങ്ങളിലെ വീടുകളിലെത്തി അറ്റകുറ്റപ്പണികളും ഉപകരണങ്ങളുടെ റിപ്പയർ ജോലികളും നിർവഹിച്ചു. ഹരിതകേരളം മിഷനിലെ അതത് ജില്ലാ കോ-ഓർഡിനേറ്റർമാരും ഐ.ടി.ഐ.കളിൽ നിന്നും ഇതിനായി ചുമതലപ്പെടുത്തിയിട്ടുള്ള നോഡൽ ഓഫീസർമാരും ഇതിന് നേതൃത്വം നൽകി. വൈദ്യുതീകരണ പ്രവർത്തനങ്ങൾ, സ്വിച്ച് ബോർഡുകൾ, ഡിസ്ട്രിബ്യൂഷൻ ബോർഡ് എന്നിവ മാറ്റി സ്ഥാപിക്കൽ, പമ്പ് സെറ്റുകൾ പ്രവർത്തന സജ്ജമാക്കൽ, കാർപ്പെന്ററി ജോലികൾ എന്നിവയാണ് പ്രധാനമായും സന്നദ്ധ സേവനമായി നടത്തിയത്.

## ഹരിതകേരളം മിഷൻ ഫ്ളോട്ട്

ഓണം വാരാഘോഷത്തോടനുബന്ധിച്ച് ടൂറിസം വകുപ്പിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ഘോഷയാത്രയിൽ ഹരിതകേരളം മിഷൻ ഫ്ളോട്ട് അവതരിപ്പിച്ചു. ഇത് തയ്യാറാക്കിയത് പൂർണ്ണമായും ഗ്രീൻ പ്രോട്ടോക്കോൾ പാലിച്ചായിരുന്നു പരിസ്ഥിതി സൗഹൃദ കേരളം പുനർനിർമ്മിക്കാം എന്ന സന്ദേശം നൽകിയാണ് ഹരിതകേരളം മിഷൻ ഫ്ളോട്ട് അവതരിപ്പിച്ചത്. ഇതര സർക്കാർ സ്ഥാപന


ഹരിതകേരളം മിഷന്റെ ഫ്ളോട്ട്

ങ്ങൾ എന്ന വിഭാഗത്തിൽ ഈ ഫ്ളോട്ടിന് ഒന്നാം സമ്മാനവും ലഭിച്ചു. പച്ചത്തുരുത്ത്, ജലസംരക്ഷണം, മാലിന്യങ്ങൾ വലിച്ചെറിയരുത്; കത്തിക്കരുത് എന്നീ മൂന്ന് ആശയങ്ങൾ സംവേദനക്ഷമമാക്കും വിധം ദൃശ്യവത്കരിച്ചാണ് ഹരിതകേരളം മിഷൻ ഫ്ളോട്ട് തയ്യാറാക്കിയത്. പൂർണ്ണമായും പ്രകൃതി സൗഹൃദ വസ്തുക്കളും പുനചംക്രമണത്തിന് വിധേയമാക്കാനാവുന്ന വസ്തുക്കളും ഉപയോഗിച്ചാണ് ഫ്ളോട്ട് നിർമ്മിച്ചത്. പച്ചത്തുരുത്ത് ദൃശ്യവത്കരിക്കാനായി യഥാർത്ഥ വൃക്ഷത്തൈകളും ചെടികളുമാണ് ഉപയോഗിച്ചത്. ഫ്ളോട്ടുകൾ തയ്യാറാക്കുമ്പോൾ പൂർണ്ണമായും ഹരിതചട്ടം പാലിച്ചായിരിക്കണമെന്ന് ടൂറിസം വകുപ്പിന്റെ നിർദ്ദേശം ഉണ്ടായിരുന്നു. ഇതനുസരിച്ച് ആഘോഷങ്ങളിലും ഉത്സവങ്ങളിലും ഫ്ളോട്ടുകൾ അവതരിപ്പിക്കുമ്പോൾ പൂർണ്ണമായും ഹരിതചട്ടം പാലിക്കാനാവുമെന്നതിന് ഉത്തമ മാതൃകയായിരുന്നു 2019 ലെ ഓണാഘോഷത്തോടനുബന്ധിച്ച് ഹരിത കേരളം മിഷൻ അവതരിപ്പിച്ച നിശ്ചല ദൃശ്യം.



## കാർഷിക മേഖലയിൽ സഹകരണ ബാങ്കുകളുടെ ഇടപെടൽ

കൃഷിയിലും കാർഷികാനുബന്ധ പ്രവർത്തനങ്ങളിലും ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടത്തിയ സംസ്ഥാനത്തെ സഹകരണബാങ്കുകളെ പങ്കെടുപ്പിച്ചുകൊണ്ട് ഹരിതകേരളം മിഷൻ ദ്വിദിന ശിൽപ്പശാല സംഘടിപ്പിച്ചു. സഹകാരികളുടെ പങ്കാളിത്തത്തോടെ കാർഷിക മേഖലയിലെ മാതൃകാ പ്രവർത്തനങ്ങൾ സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കാൻ ലക്ഷ്യമിട്ട് സഹകരണ വകുപ്പിന്റെയും കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റേയും സഹകരണത്തോടെ 2019 നവംബർ 27, 28 തീയതികളിലായാണ് ശിൽപ്പശാല സംഘടിപ്പിച്ചത്. തിരുവനന്തപുരത്ത് ഐ.എം.ജി.യിൽ സഹകരണ-ദേവസ്വം-ടൂറിസം വകുപ്പ് മന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ ശിൽപശാല ഉദ്ഘാടനം ചെയ്തു. ഇതോടനുബന്ധിച്ച് നടന്ന സംസ്ഥാന കർമ്മ പരിപാടി ആസൂത്രണ സെഷന്റെ ഉദ്ഘാടനം കൃഷി വകുപ്പ് മന്ത്രി അഡ്വ. വി.എസ്. സുനിൽകുമാർ നിർവഹിച്ചു. സംസ്ഥാനത്ത് മാതൃകാപരമായി കാർഷിക മേഖലയിൽ പ്രവർത്തനം നടത്തിയിട്ടുള്ള 18 സഹകരണ സംഘങ്ങൾ ശിൽപശാലയിൽ അവതരണങ്ങൾ നടത്തി. കേരള കാർഷിക കാർഷിക സർവകലാശാല റിട്ട. പ്രൊഫസർ ഡോ. സി. ഭാസ്കരൻ മോഡറേറ്ററായിരുന്നു. ആസൂത്രണ ബോർഡ് അംഗം ഡോ. രാമകുമാർ ആർ., ആസൂത്രണ ബോർഡ് ഡിവിഷൻ ചീഫ് എസ്.എസ്. നാഗേഷ്, ഹരിത കേരളം കൺസൾട്ടന്റുമാരായ എബ്രഹാം കോശി, സഞ്ജീവ് എസ്.യു. എന്നിവർ പാനൽ അംഗങ്ങളായിരുന്നു. ചെറുകിട കർഷക കാർഷിക വ്യാപാര കൺസോർഷ്യത്തിന്റെ അവതരണം രണ്ടാംദിവസം നടന്നു. സഹകരണ സംഘം ജില്ലാ ഡെപ്യൂട്ടി







കാർഷിക മേഖലയിൽ സഹകരണ ബാങ്കുകളുടെ ഇടപെടൽ : ശിൽപ്പശാല സദസ്സ്

രജിസ്ട്രാർമാർ ജില്ലാതല കർമ്മ പദ്ധതികൾ അവതരിപ്പിച്ചു.

## മുഖ്യമന്ത്രിയുടെ ഹരിത അവാർഡ്

ഹരിതകേരളം മിഷൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏർപ്പെടുത്തിയ മുഖ്യമന്ത്രിയുടെ ഹരിത അവാർഡ് നിർണ്ണയവും പ്രഖ്യാപനവും നടന്നു. കണ്ണൂർ ജില്ലയിലെ പടിയൂർ ഗ്രാമപഞ്ചായത്തും തൃശൂർ ജില്ലയിലെ പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തും മലപ്പുറം ജില്ലയിലെ പൊന്നാനി മുനിസിപ്പാലിറ്റിയും തിരുവനന്തപുരം കോർപ്പറേഷനും ഒന്നാം സ്ഥാനം നേടി.

കൊല്ലം ജില്ലയിലെ പെരിനാട്, എറണാകുളം ജില്ലയിലെ ആമ്പല്ലൂർ എന്നീ ഗ്രാമപഞ്ചായത്തുകൾ യഥാക്രമം സംസ്ഥാന തലത്തിൽ ഗ്രാമപഞ്ചായത്തുകൾക്കുള്ള രണ്ടാമത്തെയും മൂന്നാമത്തെയും സ്ഥാനം കരസ്ഥമാക്കി. ബ്ലോക്ക് പഞ്ചായത്തുകളിൽ കണ്ണൂർ ജില്ലയിലെ പയ്യന്നൂരും തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാടും യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. മുനിസിപ്പാലിറ്റികളിൽ കോഴിക്കോട് ജില്ലയിലെ വടകര രണ്ടാം സ്ഥാനവും, കണ്ണൂർ ജില്ലയിലെ ആന്തൂർ, തൃശൂർ ജില്ലയിലെ കുന്ദംകുളം എന്നിവർ മൂന്നാം സ്ഥാനവും പങ്കിട്ടു.

ജില്ലാതലത്തിൽ ഹരിത അവാർഡുകൾ നേടിയ ഗ്രാമപഞ്ചായത്തുകൾ : തിരുവനന്തപുരം-ചെങ്കൽ, കൊല്ലം-കുലശേഖരപുരം, പത്തനംതിട്ട-ഇരവിപേരൂർ, ആലപ്പുഴ-ആര്യാട്, കോട്ടയം-കൂരോപ്പട, ഇടുക്കി-കുമളി, എറണാകുളം-രായമംഗലം, തൃശൂർ-പഴയന്നൂർ, പാലക്കാട്-അകത്തേത്തറ, മലപ്പുറം-മാറഞ്ചേരി, കോഴിക്കോട്-ചേമഞ്ചേരി, വയനാട്-മീനങ്ങാടി, കണ്ണൂർ-ചെറുതാഴം, കാസർഗോഡ്-ബേഡഡുക്ക.

തിരുവനന്തപുരം ഗവ. ഗസ്റ്റ് ഹൗസിൽ നടന്ന പത്രസമ്മേളനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ. എ.സി. മൊയ്തീനാണ് അവാർഡ് പ്രഖ്യാപനം നിർവഹിച്ചത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടന്ന പ്രവർത്തനങ്ങളിലെല്ലാം ശ്രദ്ധേയമായ ജനപങ്കാളിത്തമാണ് ഉണ്ടായതെന്ന് പുരസ്കാരം പ്രഖ്യാപിച്ച മന്ത്രി അഭിപ്രായപ്പെട്ടു.

പ്രാഥമിക റൗണ്ടിനുശേഷം 69 ഗ്രാമപഞ്ചായത്തുകളും 17 ബ്ലോക്ക് പഞ്ചായത്തുകളും 23 മുനിസിപ്പാലിറ്റികളും മൂന്ന് കോർപ്പറേഷനുകളുമാണ് അവസാന റൗണ്ടിൽ മികവ് തെളിയിക്കാൻ എത്തിയത്. സ്വന്തം പ്രദേശത്തെ മാലിന്യമുക്തമാക്കുന്നതിലും ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിലും കാർഷികമേഖല സമ്പുഷ്ടമാക്കുന്നതിലും മികച്ച പ്രവർത്തനങ്ങളാണ് ഈ സ്ഥാപനങ്ങൾ കാഴ്ചവച്ചത്.

പ്രൊഫ. പി.കെ. രവീന്ദ്രൻ, പ്രൊഫ. ഇ. കുഞ്ഞിക്കൃഷ്ണൻ, ഡോ. സി. ഭാസ്ക്കരൻ, വി.എൻ. ജിതേന്ദ്രൻ (റിട്ട.ഐ.എ.എസ്.), ശ്രീലേഖ കെ. (ഇറിഗേഷൻ ഡെപ്യൂട്ടിചീഫ്



മുഖ്യമന്ത്രിയുടെ ഹരിത അവാർഡ് വിതരണം

എഞ്ചിനീയർ, റിട്ടയേഡ്) എന്നിവർ ചേർന്ന സമിതിയാണ് അവാർഡ് നിർണയം നടത്തിയത്. സംസ്ഥാനതലത്തിൽ ഒന്നാം സ്ഥാനം നേടിയവർക്ക് ഫലകവും സാക്ഷ്യപത്രവും പത്തുലക്ഷം രൂപയും രണ്ടാം സ്ഥാനം നേടിയവർക്ക് ഫലകവും സാക്ഷ്യപത്രവും ഏഴു ലക്ഷം രൂപയും മൂന്നാം സ്ഥാനം നേടിയവർക്ക് ഫലകവും സാക്ഷ്യപത്രവും അഞ്ചുലക്ഷം രൂപയുമാണ് പുരസ്കാരമായി നൽകിയത്. ജില്ലാ തലത്തിൽ സ്ഥാനം നേടിയവർക്ക് ഫലകവും സാക്ഷ്യപത്രവും മൂന്നുലക്ഷം രൂപയും നൽകി. ഹരിതകേരളം മിഷൻ 2020 ജനുവരിയിൽ സംഘടിപ്പിച്ച ശുചിത്വസംഗമത്തിൽ അവാർഡുകൾ വിതരണം ചെയ്തു.

## 'ഇനി ഞാനൊഴുകട്ടെ' ഉദ്ഘാടനം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഹരിതകേരളം മിഷൻ സംഘടിപ്പിച്ച 'ഇനി ഞാനൊഴുകട്ടെ': നീർച്ചാലുകളുടെ ജനകീയ വീണ്ടെടുപ്പിന് സംസ്ഥാന വ്യാപകമായി 2019 ഡിസംബർ 14ന് തുടക്കമായി. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഒരു പ്രധാനപ്പെട്ട തോടോ നീർച്ചാലോ തിരഞ്ഞെടുത്ത് ജനകീയമായി ശുചീകരിച്ച് പുനരുജ്ജീവിപ്പിക്കുന്നതിനാണ് കാമ്പയിനിലൂടെ ലക്ഷ്യമിട്ടത്.




സർക്കാർ, സർക്കാർ ഇതര വകുപ്പുകൾ, ജനപ്രതിനിധികൾ, വിദ്യാർത്ഥികൾ, രാഷ്ട്രീയ യുവജന സാമൂഹിക പ്രസ്ഥാനങ്ങൾ, കുടുംബശ്രീ, തൊഴിലുറപ്പ് തൊഴിലാളികൾ, എൻ.എസ്.എസ്, എസ്.പി.സി., സന്നദ്ധ സംഘടനകൾ, വ്യാപാരി വ്യവസായികൾ തുടങ്ങി സമൂഹത്തിലെ എല്ലാ വിഭാഗങ്ങളെയും അണിനിരത്തിയാണ് നീർച്ചാലുകളുടെ ജനകീയ വീണ്ടെടുപ്പ് സംഘടിപ്പിച്ചത്. തുടർ പ്രവർത്തനങ്ങളും പരിപാലനവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ തൊഴിലുറപ്പ് പദ്ധതിയുടെ സഹായത്തോടെയാണ് നടത്തുന്നത്. തിരഞ്ഞെടുക്കപ്പെട്ട തോട്, നീർച്ചാൽ എന്നിവ കടന്നുപോകുന്ന വാർഡുകളിൽ പ്രത്യേക പ്രാദേശിക സംഘാടക സമിതി രൂപീകരിച്ചാണ് പ്രവർത്തിക്കുന്നത്. നീർച്ചാലുകൾ വീണ്ടും മലിനപ്പെടാതിരിക്കാനായി ബോധവൽക്കരണം, പാർശ്വ സംരക്ഷണത്തിനായി ജൈവ രീതികൾ, നീർത്തടാധിഷ്ഠിത ആസൂത്രണത്തിലൂടെ കൈവഴികളുടെയും വൃഷ്ടി പ്രദേശത്തിന്റെയും സംരക്ഷണം, വരൾച്ചാ പ്രതിരോധ പ്രവർത്തനമെന്ന നിലയിൽ തടയണ നിർമ്മാണം തുടങ്ങിയവയും കാമ്പയിന്റെ തുടർ പ്രവർത്തനമായി നടത്തി.

## ശുചിത്വ സംഗമം 2020

മാലിന്യ സംസ്കരണമേഖലയിലെ മാതൃകകളും അനുഭവങ്ങളും പങ്കുവയ്ക്കുന്നതിന് ഹരിതകേരളം മിഷനും തദ്ദേശ സ്വയംഭരണ വകുപ്പും ശുചിത്വമിഷനും സംയുക്തമായി ശുചിത്വസംഗമം സംഘടിപ്പിച്ചു. തിരുവനന്തപുരത്ത് കനകക്കുന്നിൽ നടന്ന സംഗമ



ശുചിത്വ സംഗമം 2020 മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്നു.

ത്തിൽ ഗ്രാമപ്പഞ്ചായത്ത്, മുനിസിപ്പൽ, കോർപ്പറേഷൻ തലങ്ങളിലെ ജനപ്രതിനിധികളും സംസ്ഥാന, ദേശീയ അന്തർദേശീയതല വിദഗ്ധരും ഉൾപ്പെടെ 1500ലേറെ പ്രതിനിധികൾ പങ്കെടുത്തു. ഇതോടനുബന്ധിച്ച് മാലിന്യ സംസ്കരണരംഗത്തെ മാതൃകകളും പ്ലാസ്റ്റിക്കിനു ബദലായുള്ള ഉൽപ്പന്നങ്ങളും ഉൾപ്പെടുത്തി പ്രദർശന-വിപണന മേളയും സംഘടിപ്പിച്ചു. ജനുവരി 15 മുതൽ പ്രദർശനവും 21, 22 തീയതികളിൽ ശിൽപ്പശാലകളും ഉൾപ്പെടെയാണ് ശുചിത്വ സംഗമം നടന്നത്.

2020 ജനുവരി 21 ന് വൈകിട്ട് ശുചിത്വ സംഗമം ശില്പശാല മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ. എ.സി. മൊയ്തീൻ അധ്യക്ഷത വഹിച്ചു. മന്ത്രിമാർ, എം.എൽ.എ.മാർ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു. ഹരിതകേരളം മിഷൻ പ്രവർത്തനങ്ങൾ മികച്ച രീതിയിൽ നടപ്പാക്കിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കേർപ്പെടുത്തിയ മുഖ്യമന്ത്രിയുടെ ഹരിത അവാർഡും ശുചിത്വ സംഗമത്തിൽ വിതരണം ചെയ്തു.

## ബദൽ ഉൽപ്പന്ന പ്രദർശന വിപണനമേള

തിരുവനന്തപുരത്ത് കനകക്കുന്നിലെ സൂര്യകാന്തിയിലാണ് പ്രദർശന-വിപണന മേള സംഘടിപ്പിച്ചത്. ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള ഉൽപ്പന്നങ്ങൾ സംസ്ഥാനത്ത് നിരോധിച്ച സാഹചര്യത്തിൽ ഇതിന് ബദലായുള്ള ഉൽപ്പന്നങ്ങളും ഇത്തരം ഉൽപ്പന്ന നിർമ്മാണ സാങ്കേതിക വിദ്യയും പരിചയപ്പെടുത്തിയുള്ള 120 ഓളം



ശുചിത്വ സംഗമം 2020 പ്രദർശന നഗർ

സ്റ്റാളുകൾ പ്രദർശനത്തിലുണ്ടായിരുന്നു. പരമ്പരാഗത വിഭവങ്ങളുമായി ഭക്ഷ്യമേളയും പ്രദർശന നഗരിയിലുണ്ടായിരുന്നു.

ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ ശുചിത്വമിഷന്റെ സാങ്കേതിക നിർവഹണത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടന്ന പ്രവർത്തന മികവുകളുടെ അവതരണവും ദേശീയതലത്തിൽ വികേന്ദ്രീകൃത മാലിന്യ സംസ്കരണരംഗത്ത് ശ്രദ്ധേയമായ പ്രവർത്തനങ്ങളുടെ അവതരണവും ശുചിത്വസംഗമത്തിൽ നടന്നു. കേരളത്തിനകത്തും പുറത്തും നിന്നുള്ള വിദഗ്ദ്ധർ പങ്കെടുത്ത വിവിധ വിഷയാധിഷ്ഠിത സെമിനാറുകൾ സംസ്ഥാനത്തിന് പുറത്തുള്ള മുനിസിപ്പാലിറ്റി, പഞ്ചായത്ത് എന്നിവിടങ്ങളിൽ മികച്ച മാലിന്യസംസ്കരണ പദ്ധതികൾ നടപ്പാക്കുന്നവരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള റൗണ്ട് ടേബിൾ കോൺഫറൻസ്, ശിൽപ്പശാല എന്നിവയും ശുചിത്വ സംഗമത്തിൽ സംഘടിപ്പിച്ചു. മാലിന്യ സംസ്കരണത്തിനുള്ള അടിസ്ഥാന സൗകര്യവികസനം, മാലിന്യ സംസ്കരണവും ഉപജീവന മേഖലയും, മനോഭാവ വ്യതിയാനവും ശീലവൽക്കരണവും, പുനഃചംക്രമണവും പുനരുപയോ

ഗവും എന്നീ വിഷയങ്ങളിലാണ് പ്രധാന സെമിനാറുകൾ നടന്നത്. സംസ്ഥാനത്ത് ശുചിത്വ മാലിന്യ സംസ്കരണ രംഗത്തെ തുടർപ്രവർത്തനങ്ങളുടെ ആശയരൂപീകരണവും കർമ്മപരിപാടിയും ശുചിത്വ സംഗമത്തിൽ തയ്യാറാക്കുകയുണ്ടായി.

## സർക്കാർ ഓഫീസുകളിൽ ഹരിത ഓഡിറ്റിംഗ്

സംസ്ഥാനത്തെ എല്ലാ സർക്കാർ ഓഫീസുകളിലെയും ഹരിതപെരുമാറ്റ (ഗ്രീൻ പ്രോട്ടോക്കോൾ) ചട്ട പാലനം പരിശോധനയിലൂടെ വിലയിരുത്താനും ന്യൂനതകളുണ്ടെങ്കിൽ പരിഹാര നടപടി കൈക്കൊള്ളുന്നതിനുമായി സർക്കാർ നിർദ്ദേശപ്രകാരം ഹരിതകേരളം മിഷൻ ശുചിത്വമിഷന്റെ സാങ്കേതിക പിന്തുണയോടെ ഹരിത ഓഡിറ്റിംഗ് ആരംഭിച്ചു. ഹരിത പെരുമാറ്റച്ചട്ടം മികച്ച രീതിയിൽ അനുവർത്തിക്കുന്ന ഓഫീസുകൾക്ക് ഗ്രേഡ് നൽകി ഹരിത ഓഫീസ് സാക്ഷ്യപത്രം നൽകും. ഇതിനു പുറമേ ഏറ്റവും മികച്ചതും അനുകരണീയ മാതൃക സൃഷ്ടിച്ചതുമായ ഓഫീസുകൾക്ക് അനുമോദനവും പുരസ്കാരവും നൽകും. ഇതിനായി സംസ്ഥാനതലം മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനതലം വരെയുള്ള എല്ലാ സർക്കാർ ഓഫീസുകളിലും പരിശോധനയ്ക്കായി പ്രത്യേക പരിശീലനം നൽകിയ സംഘത്തെ നിയോഗിച്ചു. ഹരിതകേരളം മിഷനും ശുചിത്വ മിഷനും നേതൃത്വം നൽകുന്ന സംഘമാണ് പരിശോധന നടത്തുന്നത്.

കേരളത്തിലെ എല്ലാ സർക്കാർ ഓഫീസുകളിലും ഹരിതപെരുമാറ്റ ചട്ടം പാലിക്കണമെന്ന് നിഷ്കർഷിച്ച് 2018 ൽ തന്നെ ഗവ. ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എല്ലാ സർക്കാർ ഓഫീസുകളിലും ഹരിതപെരുമാറ്റ ചട്ടം ഉറപ്പുവരുത്താൻ നോഡൽ ഓഫീസറെ നിയോഗിക്കുക, പേപ്പറിലും പ്ലാസ്റ്റിക്കിലും തെർമോക്കോളിലും മറ്റും നിർമ്മിച്ച എല്ലാ ഇനം ഡിസ്പോസബിൾ വസ്തുക്കളുടെ ഉപയോഗവും പൂർണമായും ഒഴിവാക്കുക, കഴുകി പുനരുപയോഗിക്കാവുന്ന പാത്രങ്ങൾ സജ്ജമാക്കുകയും ഉപയോഗിക്കുകയും ചെയ്യുക, ജൈവ-അജൈവ പാഴ്‌വസ്തുക്കൾ തരംതിരിച്ച് നിക്ഷേപിക്കുന്നതിന് പ്രത്യേകം ബിന്നുകൾ സ്ഥാപിക്കുക, ജൈവ മാലിന്യം സംസ്കരിക്കുന്നതിന് കമ്പോസ്റ്റ്/ബയോബിന്നുകൾ സ്ഥാപിക്കുക, അജൈവ മാലിന്യം തരംതിരിച്ച് നിക്ഷേപിക്കുന്നതിനും സംസ്കരണത്തിന് കൈമാറുന്നതിനും സംവിധാനം ഒരുക്കുക, ഇ-മാലിന്യം, ഉപയോഗശൂന്യമായ ഫർണിച്ചറുകൾ, പേപ്പറുകൾ എന്നിവ നീക്കം ചെയ്യുന്നതിന് സംവിധാനം ഏർപ്പെടുത്തുക, സ്ത്രീകൾക്കും പുരുഷന്മാർക്കും അംഗപരിമിതർക്കും പ്രത്യേകം ശുചിമുറി സംവിധാനം ഒരുക്കുക തുടങ്ങിയ മാനദണ്ഡങ്ങളാണ് ഹരിതപെരുമാറ്റച്ചട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സർക്കാർ ഉത്തരവിനെത്തുടർന്ന് സംസ്ഥാനത്ത് പതിനായിരത്തിലധികം സർക്കാർ ഓഫീസുകൾ ഇതിനകം ഹരിതപെരുമാറ്റച്ചട്ടം പാലിച്ചുവരുന്നുണ്ട്. ബാക്കിയുള്ള എല്ലാ ഓഫീസുകളിലും ഇത് ഉറപ്പ് വരുത്തി ഹരിതപെരുമാറ്റച്ചട്ടം പൂർണമായും നടപ്പാക്കാനാണ് സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത്.

## ലോക്ഡൗൺ കാലത്തെ പച്ചക്കറി കൃഷി

കോവിഡ് 19 ജാഗ്രതക്കാലത്ത് വീട്ടുവളപ്പിലും മട്ടുപ്പാവിലും പച്ചക്കറിക്കൃഷിയിലേർപ്പെടുന്നവർക്ക് പ്രോത്സാഹനവുമായി ഹരിതകേരളം മിഷൻ രംഗത്തെത്തി. ലോക്ഡൗൺ പ്രഖ്യാപിച്ച സാഹചര്യത്തിൽ വീടുകളിൽ ചെലവഴിക്കുന്ന സമയം പച്ചക്കറിക്കൃഷിക്ക് ഉപയോഗിക്കണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർദ്ദേശിച്ചിരുന്നു. ഇതനുസരിച്ചാണ് പച്ചക്കറിക്കൃഷി ചെയ്യാൻ താൽപ്പര്യ



മുള്ളവർക്ക് മാർഗനിർദ്ദേശവുമായി ഹരിതകേരളം മിഷൻ മുന്നോട്ടുവന്നത്. കൃഷിവകുപ്പിന്റെയും തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും സഹകരണത്തോടെയാണ് പച്ചക്കറിക്കൃഷിക്ക് പ്രോത്സാഹനം നൽകിയത്. നടീൽ വസ്തുക്കൾ സ്വന്തമായി സമാഹരിക്കുന്നതിനോടൊപ്പം കൃഷിഭവൻ, മറ്റ് ഏജൻസികൾ

എന്നിവിടങ്ങളിൽ നിന്നും ലഭിക്കുന്നവയും ഉപയോഗിച്ചു. താൽപ്പര്യമുള്ളവർക്ക് ഹരിത കേരളം മിഷൻ ജില്ലാ കോ-ഓർഡിനേറ്ററെ ബന്ധപ്പെട്ടാൽ ആവശ്യമായ ഉപദേശ നിർദ്ദേശങ്ങൾ വാട്സാപ്പിലൂടെ നൽകാൻ സംവിധാനം ഏർപ്പെടുത്തി. പോഷക സമൃദ്ധമായ ഇല-പച്ചക്കറികൾ വീട്ടിൽ തന്നെ ഉൽപ്പാദിപ്പിക്കാനുതകുന്ന മൈക്രോ ഗ്രീൻ കൃഷി രീതിയ്ക്കും ഹരിതകേരളം മിഷൻ പ്രോത്സാഹനവും നിർദ്ദേശവും നൽകി. ഇതു സംബന്ധിച്ച് വീഡിയോകൾ ഉൾപ്പെടെ വിശദ വിവരങ്ങൾ ഹരിതകേരളം മിഷന്റെ ഫേസ്ബുക്ക് പേജുവഴിയും വാട്സാപ്പ് നമ്പറുകൾ വഴിയും പ്രചരിപ്പിച്ചു. മികച്ച രീതിയിൽ മൈക്രോ ഗ്രീൻ കൃഷി വീട്ടിൽ ചെയ്യുന്നവരുടെ ഫോട്ടോകൾ മിഷന്റെ ഫേസ്ബുക്കിൽ പ്രസിദ്ധീകരിച്ചു.

കണ്ണൂർ, എറണാകുളം ജില്ലകളിൽ വീട്ടുവളപ്പിലെ പച്ചക്കറി കൃഷി ഏറെ ശ്രദ്ധ നേടി. കണ്ണൂർ ജില്ലയിൽ മികച്ച രീതിയിൽ കൃഷി നടത്തുന്നവർക്ക് സമ്മാനം നൽകാനും ജില്ലാ മിഷൻ നടപടി സ്വീകരിച്ചു.

എറണാകുളം ജില്ലയിൽ വടക്കേക്കര ഗ്രാമപഞ്ചായത്തിലെ എല്ലാ വീടുകളിലും കോവിഡ് ജാഗ്രതക്കാലത്ത് പച്ചക്കറി കൃഷി ആരംഭിച്ചു. വീട്ടുമുറ്റങ്ങളിലും മട്ടുപ്പാവിലും പച്ചക്കറിത്തോട്ടങ്ങൾ ഒരുക്കി. ചീര, പയർ, വെണ്ട, വഴുതന, മുളക്, പാവൽ, പടവലം, പീച്ചിൽ, കോവൽ, നിത്യവഴുതന, തക്കാളി, അമര, വാലങ്ങ, ചുരയ്ക്ക, മത്തൻ തുടങ്ങിയ പച്ചക്കറി വിളകളും മൈക്രോഗ്രീൻ കൃഷി അനുസരിച്ച് പയർ, കടല, കടുക്, ജീരകം, ഗോതമ്പ്, ഉഴുന്ന്, ചെറുപയർ എന്നിവയുടെ വിത്ത് വിതച്ച് ഇളം തൈകൾ ഭക്ഷണത്തിന്റെ ഭാഗമാക്കുന്നതിനുള്ള പ്രവർത്തനങ്ങളുമാണ് പ്രധാനമായും നടന്നത്.

## ലോക്ഡൗൺ കാലത്തും കർമ്മനിരതമായ ഹരിതകർമ്മസേന

ലോക്ഡൗൺ കാലത്തും സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ച് പ്രവർത്തിക്കുന്ന ഹരിതകർമ്മസേനകളെക്കുറിച്ച് ഹരിതകേരളം മിഷൻ ഫേസ്ബുക്ക് ലൈവ് സംഘടിപ്പിച്ചു. വീടുകളിൽ നിന്നും അജൈവ മാലിന്യം ശേഖരിച്ച് സംഭരണകേന്ദ്രങ്ങളിലെത്തിക്കുക, തരംതിരിക്കുക, പുനചംക്രമണത്തിനു നൽകുക തുടങ്ങിയ സുപ്രധാന ജോലികളാണ് ഹരിതകർമ്മസേന നിർവഹിച്ചു വരുന്നത്. വീടുകളിലെ ജൈവ മാലിന്യ സംസ്കരണത്തിനുള്ള സഹായവും മാർഗ്ഗനിർദ്ദേശവും ഹരിതകർമ്മസേന നൽകി വരുന്നുണ്ട്.


ഹരിതകർമ്മസേനയുടെ അജൈവ മാലിന്യ ശേഖരണം

കോവിഡ് പശ്ചാത്തലത്തിൽ ഹരിതകർമ്മസേനാംഗങ്ങളുടെ സുരക്ഷ, അവരുടെ ആരോഗ്യസുരക്ഷ, പാഴ്വസ്തുക്കൾ തരംതിരിക്കേണ്ടതിന്റെ ആവശ്യകത എന്നിവയും ഇതു സംബന്ധിച്ച പൊതുവിലുള്ള സംശയ നിവാരണവും ഫേസ്ബുക്ക് ലൈവിൽ നടന്നു.

## ജലഗുണനിലവാര ലാബ്

എല്ലാ തദ്ദേശ ഭരണസ്ഥാപന പരിധിയിലും കുടിവെള്ള പരിശോധന ലാബുകൾ സ്ഥാപിക്കുന്ന ഹരിതകേരളം മിഷൻ പദ്ധതിയുടെ ഉദ്ഘാടനം 2020 സെപ്റ്റംബർ 7 ന് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നിർവഹിച്ചു. കണ്ണൂർ ജില്ലയിലെ ധർമ്മടം നിയോജക മണ്ഡലത്തിൽ അഞ്ചരക്കണ്ടി ഹയർസെക്കൻഡറി സ്കൂളിൽ നടന്ന ചടങ്ങിൽ ഓൺലൈനായാണ് മുഖ്യമന്ത്രി പങ്കെടുത്തത്. വിദ്യാഭ്യാസ മന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് അധ്യക്ഷത വഹിച്ച ചടങ്ങിൽ ജലവിഭവ വകുപ്പ് മന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടി ജലപരിശോധന കൈപ്പുസ്തകം പ്രകാശനം ചെയ്തു.


ജലഗുണനിലവാര ലാബ് ഉദ്ഘാടനം മുഖ്യമന്ത്രി നിർവഹിക്കുന്നു

സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിലും തിരഞ്ഞെടുക്കപ്പെട്ട ഒരു ഹയർസെക്കൻഡറി സ്കൂളിൽ വിദ്യാഭ്യാസ വകുപ്പ്, ജലവിഭവ വകുപ്പ് അതത് തദ്ദേശ സ്വയംഭരണ സ്ഥാപനം എന്നിവയുടെ സഹകരണത്തോടെയാണ് ഹരിതകേരളം മിഷൻ ലബോറട്ടറി സംവിധാനമൊരുക്കുന്നത്. എം.എൽ.എ.മാരുടെ ആസ്തിവികസന നിധിയിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ടിൽ നിന്നും തുക കണ്ടെത്തിയാണ് ലാബ് സ്ഥാപിക്കുന്നത്.

പൊതുജനങ്ങൾക്ക് കിണർ വെള്ളത്തിന്റെ സാമ്പിൾ, പരിശോധനാ സൗകര്യം ഒരുക്കിയിട്ടുള്ള സ്കൂളുകളിലെ ലാബുകളിൽ നേരിട്ടെത്തിച്ച്, ഗുണനിലവാര പരിശോധന നടത്താം. പ്രാദേശികമായി ലാബുകൾ സ്ഥാപിക്കുന്നതോടുകൂടി കുടിവെള്ള പരിശോധന വ്യാപകമാക്കാനും ജലഗുണനിലവാരം ഉറപ്പാക്കാനും കഴിയും.

## ശുചിത്വ പദവി പ്രഖ്യാപനം

സംസ്ഥാനത്തെ 589 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശുചിത്വ പദവി സംസ്ഥാനതല പ്രഖ്യാപനം 10.10.2020 ന് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഓൺലൈനായി നിർവഹിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ. എ.സി. മൊയ്തീൻ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. 12 ഇന പരിപാടിയിൽ 500 ഗ്രാമപഞ്ചായത്തുകളെയും 50 നഗരസഭകളെയും ശുചിത്വ പദവിയിൽ എത്തിക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചിരുന്നു. ഇതിനെതുടർന്ന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ ഹരിതകേരളം മിഷൻ, ശുചിത്വമിഷൻ, ക്ലീൻകേരള കമ്പനി, കുടുംബശ്രീ, തൊഴിലുറപ്പ് മിഷൻ എന്നിവ സംയുക്തമായി ആവിഷ്കരിച്ച നടപടിക്രമങ്ങളിലൂടെയാണ് ഖരമാലിന്യ സംസ്കരണത്തിൽ മികവു തെളിയിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശുചിത്വ പദവിക്കായി തിരഞ്ഞെടുത്തത്. 501 ഗ്രാമപഞ്ചായത്തുകളും 58 നഗരസഭകളും 30 ബ്ലോക്കുപഞ്ചായത്തുകളുമാണ് ഈ നേട്ടം കൈവരിച്ചത് (10.10.2020 വരെ).



തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശുചിത്വ പദവി പ്രഖ്യാപനം മുഖ്യമന്ത്രി നിർവഹിക്കുന്നു

സംസ്ഥാനതല പദവി പ്രഖ്യാപന ചടങ്ങിൽ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീമതി ശാരദാ മുരളീധരൻ ഐ.എ.എസ്. ശുചിത്വ പദവി റിപ്പോർട്ട് അവതരിപ്പിച്ചു. തുടർന്ന് ശുചിത്വ പദവി കരസ്ഥമാക്കിയ തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നടന്ന ചടങ്ങിൽ സർട്ടിഫിക്കറ്റും പുരസ്കാരവും വിതരണം ചെയ്തു.

സമ്പൂർണ്ണ ശുചിത്വ പദവിയിലേക്കുള്ള ആദ്യ പടിയാണ് ഖരമാലിന്യ സംസ്കരണത്തിൽ മികവുതെളിയിച്ച തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകുന്ന ശുചിത്വപദവി. ഖരമാലിന്യത്തിന് പുറമേ ദ്രവ-വാതക മാലിന്യ സംസ്കരണ മാർഗ്ഗങ്ങളുൾപ്പെടെ ശുചിത്വ മാലിന്യ സംസ്കരണ രംഗത്തെ സകല ഘടകങ്ങളും പ്രാവർത്തികമാക്കുമ്പോൾ തദ്ദേശ സ്ഥാപനങ്ങൾക്ക് സമ്പൂർണ്ണ ശുചിത്വ പദവി നൽകും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇപ്പോൾ കൈവരിച്ച നേട്ടത്തിലൂടെ സംസ്ഥാനത്തിന്റെ പകുതിയിലേറെ ഭൂപ്രദേശത്ത് ശാസ്ത്രീയ ഖരമാലിന്യ സംസ്കരണം പരമാവധി പ്രാവർത്തികമാക്കപ്പെട്ടു.

ജൈവ മാലിന്യം ഉറവിടത്തിൽ സംസ്കരിക്കുക, അജൈവ മാലിന്യ സംസ്കരണത്തിനാവശ്യമായ സംവിധാനം സജ്ജമാക്കുക, അജൈവ മാലിന്യ ശേഖരണത്തിന് ഹരിത കർമ്മസേനയുടെ സേവനവും സൂക്ഷിക്കുന്നതിന് മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റിയും ഒരുക്കുക, പൊതു സ്ഥലങ്ങൾ മാലിന്യമുക്തമാക്കുക, സർക്കാർ ഓഫീസുകളിലും പൊതു സ്വകാര്യ ചടങ്ങുകളിലും ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുക തുടങ്ങി 20 നിബന്ധനകൾ സൂചകങ്ങളായി നിശ്ചയിച്ചുള്ള സർക്കാർ ഉത്തരവ് പാലിച്ചാണ് ശുചിത്വ പദവി നിർണ്ണയം നടത്തിയത്. 100 ൽ 60 മാർക്കിനു മുകളിൽ ലഭിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് ശുചിത്വ പദവിക്ക് അർഹത നേടിയത്.

## 1000 പച്ചത്തുരുത്ത് പൂർത്തീകരണ പ്രഖ്യാപനം

ഹരിതകേരളം മിഷൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സംസ്ഥാനത്തു തീർത്ത ആയിരത്തിലേറെ പച്ചത്തുരുത്തുകളുടെ പൂർത്തീകരണ പ്രഖ്യാപനം മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ 2020 ഒക്ടോബർ 15 ന് ഓൺലൈനായി നിർവഹിച്ചു. പച്ചത്തുരുത്ത് പദ്ധതിയുടെ അവലോകന റിപ്പോർട്ടും മുഖ്യമന്ത്രി പ്രകാശനം ചെയ്തു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി



1261 –ാം മതായി സ്ഥാപിച്ച തിരുവനന്തപുരത്തെ നെടുമങ്ങാട് ബ്ലോക്കിലെ പച്ചത്തുരുത്തിൽ വൃക്ഷത്തൈ നടുന്നു.

ശ്രീ. എ.സി. മൊയ്തീൻ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. അതിജീവനത്തിന് ജൈവവൈവിധ്യത്തിന്റെ ആയിരം പച്ചത്തുരുത്തുകൾ ലക്ഷ്യമിട്ടു തുടങ്ങിയ സംരംഭം ലക്ഷ്യം കടന്ന് 1261 പച്ചത്തുരുത്തുകൾ പ്രഖ്യാപന വേളയിൽ പൂർത്തിയാക്കി. തുടർന്ന് പച്ചത്തുരുത്തുകൾ സ്ഥാപിച്ച വിവിധ തദ്ദേശ സ്ഥാപനങ്ങളിൽ നടന്ന ചടങ്ങിൽ അനുമോദന പത്രം നൽകി.

തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി പച്ചത്തുരുത്തുകളുടെ മൂന്നു വർഷത്തെ തുടർ പരിചരണവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉറപ്പുവരുത്തിയിട്ടുണ്ട്. സംസ്ഥാന ഐ.ടി. മിഷന്റെ സഹായത്തോടെ ഉപഗ്രഹ മാപ്പിംഗ് സംവിധാനമുപയോഗിച്ച് ഓരോ പച്ചത്തുരുത്തിന്റെയും സ്ഥാനം, വിസ്തൃതി, തൈകൾ എന്നിവയുൾപ്പെടെയുള്ള വിവരങ്ങൾ അടയാളപ്പെടുത്തുന്ന മാപ്പത്തോൺ പ്രവർത്തനങ്ങളും പുരോഗമിക്കുന്നു.

## വാഗമണ്ണിൽ ഹരിത ടൂറിസത്തിന് തുടക്കമിട്ട് ഹരിത ചെക്ക് പോസ്റ്റും കാവൽക്കാരും

വാഗമണ്ണിന്റെ അഞ്ച് പ്രവേശന കവാടങ്ങളിലും രാവും പകലും പ്രവർത്തിക്കുന്ന ഹരിത



ഹരിത ചെക്ക് പോസ്റ്റ്

ചെക്ക് പോസ്റ്റുകളും ഹരിത കാവൽക്കാരെയും സജ്ജമാക്കി. പ്ലാസ്റ്റിക്കും കുപ്പിയും കടലാസ്സും തുടങ്ങി വാഗമണ്ണിന്റെ മനോഹര ഭൂപ്രകൃതിക്ക് ഹാനിവരുത്തുന്ന യാതൊന്നും അവിടെയെത്തുന്നില്ലെന്ന് ഉറപ്പു വരുത്തുന്നതിനാണ് ഈ ജാഗ്രത. സംസ്ഥാനത്തെ ആദ്യ ഹരിത ടൂറിസം ഡെസ്റ്റിനേഷനാണ് വാഗമൺ.

അഞ്ച് പ്രധാന കവാടങ്ങളാണ് വാഗമണ്ണിലേക്കുള്ളത്. അവിടെ പഞ്ചായത്ത് അതിർത്തികളിലെല്ലാം വാഹനങ്ങളെയും യാത്രികരെയും സ്വാഗതം ചെയ്യുന്നത് ഹരിത ചെക്ക് പോസ്റ്റുകളും ഹരിതകർമ്മ സേനാംഗങ്ങളുമാണ്. വാഹനത്തിൽ പ്ലാസ്റ്റിക്കു കുപ്പികളോ മിഠായി കവറോ തുടങ്ങി വലിച്ചെറിയാനുള്ള തെന്തെങ്കിലും കരുതിയിട്ടുണ്ടെങ്കിൽ അവരത് വാങ്ങും. ഒന്നും വലിച്ചെറിയരുതെന്ന് ഉപദേശിക്കും.

സംസ്ഥാനത്തെ ആദ്യത്തേതെന്ന് വിശേഷിപ്പിക്കാവുന്ന 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹരിത ചെക്ക്പോസ്റ്റുകളാണ് വാഗമണ്ണിലേത്. ഏലപ്പാറ ടൗൺ, വട്ടപ്പതാൽ, പുള്ളിക്കാനം, വാഗമൺ (വഴിക്കടവ്), ചെമ്മണ്ണ് എന്നിവിടങ്ങളിലെ ചെക്ക് പോസ്റ്റുകളോടനുബന്ധിച്ചാണ് അഞ്ച് ഗ്രീൻ കൗണ്ടറുകളും.

പ്രമുഖ ടൂറിസം പോയിന്റുകളായ മൊട്ടക്കുന്ന്, പൈൻവാലി പാർക്കിംഗ് ഗ്രൗണ്ട്, പൈൻ വാലി കവാടം, വാഗമൺ, വാഗമൺ ടീ ജംഗ്ഷൻ എന്നിവിടങ്ങളിലാണ് ഗ്രീൻ ഷോപ്പുകൾ സജ്ജമാക്കിയിരിക്കുന്നത്.

ഗ്രീൻഷോപ്പുകളിൽ പരിസ്ഥിതി സൗഹൃദ ബദലുകളും ഭക്ഷണം കഴിക്കുന്നതിനും വിശ്രമിക്കുന്നതിനുമുള്ള സംവിധാനങ്ങളുമെല്ലാം ഒരുക്കി വരികയാണ്. ഉപ്പുതറ, ഏലപ്പാറ ടൗൺ, വാഗമൺ ടൗൺ, വാഗമൺ ടീ ജംഗ്ഷൻ, പുള്ളിക്കാനം, മൊട്ടക്കുന്ന്, പാർക്കിംഗ് ഗ്രൗണ്ട്, കൊച്ചുകരിന്തരുവി എന്നിവിടങ്ങളിലാണ് മേൽനോട്ട ചുമതലകളോടെ

ബോട്ടിൽ ബൂത്തുകൾ തുറന്നിരിക്കുന്നത്. വാഗമണ്ണിലേയ്ക്കുള്ള ഉപ്പുതറ, ഏലപ്പാറ, തീക്കോയി, പുള്ളിക്കാനം, വഴിക്കടവ് അഞ്ച് റൂട്ടുകളും ഹരിത ഇടനാഴികളാക്കുന്നത് മുൻനിർത്തിയാണ് ഈ ക്രമീകരണങ്ങളെല്ലാം.

## ഐ.ടി.ഐ. ഹരിതകാമ്പസ്

സംസ്ഥാനത്തെ ഐ.ടി.ഐ. കാമ്പസുകൾ ഹരിത ക്യാമ്പസുകളാക്കുന്ന പദ്ധതിയുടെ ആദ്യഘട്ട പ്രഖ്യാപനം 2020 ഒക്ടോബർ 30 ന് ഓൺലൈനായി ബഹു. എക്സൈസ്, തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി ശ്രീ. ടി.പി. രാമകൃഷ്ണൻ നിർവഹിച്ചു. ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ ഡോ. ടി.എൻ. സീമ അധ്യക്ഷത വഹിച്ച ചടങ്ങിൽ വ്യാവസായിക പരിശീലന വകുപ്പ് ഡയറക്ടർ ഡോ. എസ്. ചിത്ര ഐ.എ.എസ്., ഹരിതകേരളം മിഷൻ കൃഷി ഉപവിഭാഗം കൺസൾട്ടന്റ് എസ്.യു. സഞ്ജീവ് എന്നിവർ പങ്കെടുത്തു. വ്യാവസായിക വകുപ്പ് അഡീഷണൽ ഡയറക്ടർ ശ്രീ. ജസ്റ്റിൻ രാജ്



റിപ്പോർട്ട് അവതരിപ്പിച്ചു. വ്യാവസായിക പരിശീലന വകുപ്പിന്റെയും ഹരിതകേരളം മിഷന്റെയും സംയുക്ത നേതൃത്വത്തിൽ ഐ.ടി.ഐ. കഴക്കൂട്ടം (തിരുവനന്തപുരം), ഐ.ടി.ഐ. ചന്ദനത്തോപ്പ് (കൊല്ലം), ഐ.ടി.ഐ. ചെന്നീർക്കര (പത്തനംതിട്ട), ഐ.ടി.ഐ. കട്ടപ്പന (ഇടുക്കി), വനിത ഐ.ടി.ഐ. ചാലക്കുടി (തൃശൂർ), ഐ.ടി.ഐ. മലമ്പുഴ (പാലക്കാട്), ഐ.ടി.ഐ. വാണിയംകുളം (പാലക്കാട്), ഐ.ടി.ഐ. അരീക്കോട് (മലപ്പുറം), വനിത ഐ.ടി.ഐ. കോഴിക്കോട് (കോഴിക്കോട്), ഐ.ടി.ഐ. കൽപ്പറ്റ (വയനാട്), ഐ.ടി.ഐ. പുല്ലൂർ (കാസർഗോഡ്) എന്നീ 11 സർക്കാർ ഐ.ടി.ഐ.കളാണ് ഹരിതക്യാമ്പസ് ഒരുക്കിയത്.

കേരളം മുൻവർഷങ്ങളിൽ നേരിട്ട മഹാപ്രളയത്തിൽപ്പെട്ട് കേടുപാടുകൾ വന്ന വിവിധ ഉപകരണങ്ങൾ പ്രവർത്തനക്ഷമമാക്കി നൽകാൻ രംഗത്തിറങ്ങിയ കേരളത്തിലെ ഐ.ടി.ഐ.കളിലെ അധ്യാപക-വിദ്യാർത്ഥി കൂട്ടായ്മയായ നൈപുണ്യ കർമ്മസേനയുടെ തുടർച്ചയാണ് ഐ.ടി.ഐ. ഹരിതക്യാമ്പസ്. ഓരോ ചുറ്റുവട്ടവും പ്രകൃതി സൗഹൃദമാക്കാനും പ്രകൃതി പുനഃസ്ഥാപനത്തിന് സാധ്യമായതൊക്കെ ചെയ്യാനുമുള്ള ശ്രമമാണിത്.

## ഓർമ്മകളുടെ പച്ചത്തുരുത്തുകൾ നാടിന് സമർപ്പിച്ച് പടിയിറക്കം

ജനസേവനത്തിന്റെ അഞ്ച് വർഷങ്ങൾ പൂർത്തിയാക്കി 2020 നവംബർ 11 ന് തദ്ദേശ ഭരണ സ്ഥാപന ഭരണസമിതിയുടെ കാലാവധി അവസാനിച്ചു. മുൻകാലങ്ങളിൽ നിന്ന് വ്യത്യസ്തമായി ഓർമ്മകളുടെ പച്ചത്തുരുത്തുകൾ നാടിന് സമർപ്പിച്ചാണ് ഇക്കുറി ഭരണസമിതികൾ പലരും അധികാര മൊഴിഞ്ഞത്.

ഹരിതകേരളം മിഷൻ മുന്നോട്ടുവച്ച ഓർമ്മത്തുരുത്ത് എന്ന ആശയം പരക്കെ സ്വീകരിക്കപ്പെടുകയായിരുന്നു. മുന്നൂറിലധികം ഓർമ്മതുരുത്തുകൾക്കാണ് ഇപ്രകാരം തുടക്കമായത്. ഓരോ ജനപ്രതിനിധിയും വൃക്ഷത്തൈകൾ നട്ടാണ് ഓർമ്മത്തുരുത്ത് ഒരുക്കിയത്. പലയിടങ്ങളിലും ഓർമ്മതുരുത്തിന്



ഭരണസമിതിയുടെ പേരിൽ ബോർഡും സ്ഥാപിച്ചു. ഓർമ്മ തുരുത്തുകളുടെ തുടർപരിപാലനം തൊഴിലുറപ്പു പദ്ധതിയിലൂടെ നിർവഹിച്ചു. പ്രകൃതി പുനഃസ്ഥാപന പ്രവർത്തനങ്ങൾക്ക് ഇനി വരുന്ന ഭരണ സമിതികൾക്കുള്ള ഓർമ്മപ്പെടുത്തൽ കൂടിയായിരിക്കും ഈ പച്ചത്തുരുത്തുകൾ.

# 3
# പ്രവർത്തന നേട്ടങ്ങൾ സംഗ്രഹം

കഴിഞ്ഞ നാലു വർഷക്കാലയളവിൽ ശുചിത്വ-മാലിന്യം സംസ്കരണം, ജല സംരക്ഷണം, കൃഷി എന്നീ മൂന്നു മേഖലകളിലും ലക്ഷ്യമിട്ട പ്രവർത്തനങ്ങളിൽ പ്രകടമായ നേട്ടങ്ങൾ കൈവരിക്കാൻ മിഷനു കഴിഞ്ഞിട്ടുണ്ട്. വിവിധ വകുപ്പുകളുടെ ഏകോപനത്തോടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന പദ്ധതികളുടെ ഭാഗമായും ജനകീയ പങ്കാളിത്തത്തോടെയുമാണ് ഹരിത കേരളം മിഷൻ പ്രവർത്തനങ്ങൾ നടന്നു വരുന്നത്.

## ശുചിത്വ – മാലിന്യ സംസ്കരണ ഉപമിഷൻ

- വൃത്തിയുള്ള കേരളം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ നടത്തിയ 'മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം' കാമ്പയിനും അനുബന്ധ പ്രവർത്തനങ്ങളും സംസ്ഥാനത്ത് ഈ മേഖലയിലെ പ്രവർത്തനങ്ങൾക്ക് ശക്തമായ അടിത്തറ ഒരുക്കി.
- 1,033 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അജൈവ മാലിന്യ ശേഖരണത്തിനായി ഹരിതകർമ്മസേന രൂപീകരിച്ചു. 938 സ്ഥാപനങ്ങളിലായി 28632 പേർ അടങ്ങുന്ന ഹരിത കർമ്മസേന സജീവമായി പ്രവർത്തിക്കുന്നു.
- അജൈവ മാലിന്യ ശേഖരണത്തിനും സംഭരണത്തിനുമായി 1339 മെറ്റീരിയൽ കളക്ഷൻ സെന്ററും തരംതിരിച്ച് പുനഃചംക്രമണത്തിനും സംസ്കരണത്തിനും വേണ്ടി 157 റിസോഴ്സ് റിക്കവറി ഫെസിലിറ്റിയും ഇതോടനുബന്ധിച്ച് പൂർണ്ണതോതിൽ പ്രവർത്തിക്കുന്നു.
- 15,358 മാലിന്യ സംസ്കരണ പ്രോജക്ടുകൾ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ യാഥാർത്ഥ്യമായി. അതിലൂടെ പ്രതിദിനം സംസ്ഥാനത്തുണ്ടാകുന്ന ജൈവമാലിന്യത്തിന്റെ 45% ഉറവിട മാലിന്യ സംസ്കരണ സംവിധാനത്തിലൂടെ ശാസ്ത്രീയമായി സംസ്കരിക്കപ്പെടുന്നു.
- 2117 കമ്യൂണിറ്റി കമ്പോസ്റ്റ് യൂണിറ്റും 210 കമ്മ്യൂണിറ്റിതല ബയോഗ്യാസ് പ്ലാന്റുകളും സ്ഥാപിച്ചു.
- 2445.27 കി.മീ. റോഡ് തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ആർ.ആർ.എഫുകളിൽ പൊടിച്ച പ്ലാസ്റ്റിക് ഉപയോഗിച്ച് ടാർ ചെയ്തു.
- 1553.467 മെട്രിക് ടൺ ഇ-വേസ്റ്റ് സംസ്ഥാനത്ത് ആകെ നാലു വർഷം കൊണ്ട് സമാഹരിച്ച് കൈമാറി.
- വിനോദ സഞ്ചാര കേന്ദ്രങ്ങൾ മാലിന്യമുക്തമാക്കുന്നതിന്റെ ഭാഗമായി ഹരിത ടൂറിസം പദ്ധതിക്ക് (ഉദാ-വഴികാട്ടാൻ വാഗമൺ) തുടക്കം കുറിച്ചു.
- ജലാശയങ്ങളിൽ മാലിന്യം വലിച്ചെറിഞ്ഞാൽ കടുത്ത ശിക്ഷ, ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്കുകൾ ഉൾപ്പെടെയുള്ള ഉൽപ്പന്നങ്ങൾക്കുള്ള നിരോധനം എന്നിവ മുൻ നിർത്തി സംസ്ഥാന വ്യാപകമായി ഇരുപത് ലക്ഷം പേരെ ഹരിത നിയമ സാക്ഷരരാക്കി.
- 2020 ലെ തദ്ദേശ ഭരണ സ്ഥാപന തിരഞ്ഞെടുപ്പിലും 2019 ലെ പാർലമെന്റ് തിരഞ്ഞെടുപ്പിലും ഗ്രീൻ പ്രോട്ടോക്കോൾ പ്രാവർത്തികമാക്കാൻ മുൻകൈയെടുത്തു.
- ഉത്സവങ്ങളിലും ആഘോഷങ്ങളിലും ഗ്രീൻപ്രോട്ടോക്കോൾ നടപ്പാക്കി വരുന്നു. സംസ്ഥാന ജില്ലാതലങ്ങളിലായി 10,010 ഓഫീസുകളിലും സ്ഥാപനങ്ങളിലും ഗ്രീൻപ്രോട്ടോക്കോൾ നടപ്പിലാക്കാനായി.

10000 സർക്കാർ ഓഫീസുകൾ 2021 ജനുവരി 26 മുതൽ ഗ്രീൻപ്രോട്ടോക്കോളിലേക്ക്.

- കഴിഞ്ഞ സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ച സർക്കാരിന്റെ 12 ഇന പരിപാടിയിൽ 500 ഗ്രാമപഞ്ചായത്തുകളെയും 50 നഗരസഭകളെയും ശുചിത്വപദവിയിൽ എത്തിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. ഈ ലക്ഷ്യം നേടുന്നതിനുള്ള പ്രവർത്തനത്തിന്റെ ഫലമായി 597 ഗ്രാമപഞ്ചായത്തുകളും 63 നഗരസഭകളെയും ശുചിത്വപദവിയിലെത്തിക്കുന്നതിനു സാധിച്ചു. ഇതിൽ 37 ബ്ലോക്ക് പഞ്ചായത്തുകളിലെ എല്ലാ ഗ്രാമപഞ്ചായത്തുകളും ശുചിത്വപദവി നേടിയിട്ടുണ്ട്.
- സമ്പൂർണ്ണ ശുചിത്വ പദവിയിലേക്കുള്ള ആദ്യപടിയാണ് ഖരമാലിന്യ സംസ്കരണത്തിൽ മികവു തെളിയിക്കുകയും അതിനായുള്ള അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുകയും ചെയ്ത തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകുന്ന ശുചിത്വപദവി. 113 ഗ്രാമപഞ്ചായത്തുകളിലും 28 നഗരസഭകളിലും സമ്പൂർണ്ണ ശുചിത്വ പദവി കൈവരിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.
- 47,91,318 വീടുകളിൽ നിന്നും 2,57,478 ലക്ഷം സ്ഥാപനങ്ങളിൽ നിന്നും അജൈവ മാലിന്യം വാതിൽപ്പടി ശേഖരണം നടത്തുന്നു.
- തിരുവനന്തപുരം, എറണാകുളം, കൽപ്പറ്റ എന്നിവിടങ്ങളിൽ സെപ്ടേജ് ട്രീറ്റ്മെന്റിനുള്ള സൗകര്യം ഒരുക്കി.
- കളക്ടേഴ്സ് അറ്റ് സ്കൂൾ എന്ന പദ്ധതി പ്രകാരം 3459 സ്കൂളുകളിൽ നിന്നും പ്ലാസ്റ്റിക് ശേഖരണം നടപ്പിലാക്കി.
- മാലിന്യ സംസ്കരണ സംവിധാനങ്ങൾ കാര്യക്ഷമമാക്കുന്നതിന് കെൽട്രോണുമായി സഹകരിച്ച് സ്മാർട്ട് ഗാർബേജ് ആപ്പ് പ്രാവർത്തികമാക്കുന്നു.
- കോഴി ഇറച്ചി മാലിന്യവും മുടി മാലിന്യവും സംസ്കരിക്കുന്നതിന് പ്രത്യേക സംവിധാനങ്ങൾ ഒരുക്കി.
- പൊതു ശുചീകരണത്തിലൂടെയും പ്രളയാനന്തര ശുചീകരണത്തിന്റെ ഭാഗമായും 26,656.485 മെട്രിക് ടൺ മാലിന്യം നീക്കം ചെയ്തു.

## ജലസംരക്ഷണ ഉപമിഷൻ

- ജലസംരക്ഷണവും ജലസുരക്ഷയും മുൻനിർത്തി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ കഴിഞ്ഞ നാലു വർഷക്കാലത്തിനുള്ളിൽ ആകെ 412 കി.മീ പുഴകളും 42774 കി.മീ. തോടുകളും പുനരുജ്ജീവിപ്പിച്ചു.
- 1,013 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നീർത്തട പ്ലാൻ തയ്യാറാക്കി. 105 ബ്ലോക്ക് തല നീർത്തട മാസ്റ്റർപ്ലാൻ തയ്യാറാക്കി.
- 60,116 ഏക്കർ വൃഷ്ടി പ്രദേശ പരിപാലനം നിർവഹിച്ചു.
- വരട്ടാർ നദി പുനരുജ്ജീവനം സാധ്യമാക്കി, കാനാമ്പുഴ, കുട്ടമ്പേരൂർപുഴ, കിള്ളിയാർ, കോലറയാർ, വടക്കേപുഴ, ചാലംകോട് തോട്, മുട്ടം പറപ്പ തോട്, കമ്പ്രയാർ, പെരുംതോട്, പൂനൂർപുഴ, കൊട്ടാരക്കര പാണ്ടിവയൽ തോട് തുടങ്ങി മലിനമായി കിടന്ന ജലസ്രോതസ്സുകൾ ശുദ്ധീകരിച്ച നീരൊഴുക്ക് സാധ്യമാക്കി.
- മീനച്ചിലാർ-മീനന്തറയാർ-കൊടൂരാർ പുനസംയോജനം സാധ്യമാക്കി. ഇതുവഴി 5,200 ലധികം ഏക്കറിൽ കൃഷി പുനരാരംഭിക്കാൻ കഴിഞ്ഞു.
- 62,921 കിണറുകൾ റീചാർജ്ജ് ചെയ്തു; 23,158 കിണറുകൾ നിർമ്മിച്ചു; 13,942 കിണറുകൾ നവീകരിച്ചു.
- 18,883 കുളങ്ങൾ നിർമ്മിച്ചു. 25,241 കുളങ്ങൾ നവീകരിച്ചു. ഈ പ്രവർത്തനങ്ങളിലൂടെ 1,21,81,650 ഘന മീറ്റർ ജലസംഭരണ ശേഷി ഉറപ്പാക്കി.
- പ്രധാനമായും തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലാണ് ഈ പ്രവർത്തനങ്ങൾ നടന്നത്.
- നീർച്ചാലുകളുടെ ജനകീയ വീണ്ടെടുപ്പ് ലക്ഷ്യമിട്ട് 2019 ഡിസംബറിൽ സംഘടിപ്പിച്ച 'ഇനി ഞാനൊഴുകട്ടെ' കാമ്പയിനിലൂടെ മാത്രം രണ്ട് ഘട്ടങ്ങളിലായി സംസ്ഥാനത്തെ 7,291 കി.മീ. ദൂരം നീർച്ചാലുകളും തോടുകളും ശുചീകരിച്ച് നീരൊഴുക്ക് സാധ്യമാക്കി. സംസ്ഥാനത്ത് ഇത്തവണ കാലവർഷത്തിൽ കോട്ടയം, ആലപ്പുഴ ഉൾപ്പെടെ വിവിധ ജില്ലകളിൽ പെയ്ത അതി തീവ്രമഴ കാരണമുണ്ടായ വെള്ളക്കെട്ടിന്റെ രൂക്ഷത കുറയ്ക്കാൻ ഇത് സഹായകമായി.

- മത്സ്യക്കൃഷി, കുളം-കിണർ-തോട് റീചാർജ്ജിംഗ്, കുടിവെള്ളം തുടങ്ങിയ ആവശ്യങ്ങൾക്ക്, ഉപേക്ഷിക്കപ്പെട്ട പാറ ക്വാറികളിലെ ജലം ഉപയോഗിക്കാനുള്ള പദ്ധതി ആവിഷ്ക്കരിച്ചു.
- കുളങ്ങളിൽ സ്കെയിലുകൾ സ്ഥാപിച്ച് ജലലഭ്യത കണക്കാക്കുന്നതിന് പ്രവർത്ത നങ്ങൾ ആരംഭിച്ചു. കാട്ടാക്കട മണ്ഡല ത്തിലെ 100 കുളങ്ങളിൽ ഇത് നടപ്പാക്കി.
- സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ജലസുരക്ഷാ പ്ലാൻ ആവിഷ്കരിക്കുന്നതിനായി ജലബജറ്റ് തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. സി.ഡബ്ല്യു.ആർ.ഡി.എം. ന്റെ സഹായത്തോടെ ഇതിനായി തയ്യാ റാക്കിയ മാർഗ്ഗരേഖ സർക്കാർ അംഗീക രിച്ചു.
- എല്ലാ ജില്ലകളിലും ഓരോ ബ്ലോക്കിൽ ജലബജറ്റ് തയ്യാറാക്കുന്ന പ്രവർത്തന ങ്ങൾ ആരംഭിച്ചു. ഇതിനായി സർക്കാർ അംഗീകരിച്ച മാർഗ്ഗ നിർദ്ദേശമനുസരിച്ച് വയനാട് ജില്ലയിലെ കൽപ്പറ്റ ബ്ലോക്കിലെ മുട്ടിൽ പഞ്ചായത്തിൽ ഇതിന്റെ പ്രവർ ത്തനം പൈലറ്റ് അടിസ്ഥാനത്തിൽ നടന്നു വരുന്നു.
- സംസ്ഥാനത്ത് ഏറ്റവും ജലക്ഷാമം അനു ഭവിക്കുന്ന നാല് ജില്ലകളിൽ ബന്ധാര മാതൃകയിലുള്ള വേനൽക്കാല ജല സംഭരണികൾ നിർമ്മിക്കുന്നതിന് പ്രവർ ത്തനങ്ങൾ ആരംഭിച്ചു. തളിപ്പറമ്പ് നിയോജക മണ്ഡലത്തിൽ ബന്ധാര യുടെ നിർമ്മാണം പൂർത്തീകരിച്ച് ജലസം ഭരണം സാധ്യമാക്കിയിട്ടുണ്ട്. കിഫ്ബി വഴി ഭവാനിപ്പുഴയിൽ 13, തൂതപ്പുഴയിൽ 6, ചന്ദ്രഗിരിയിൽ 9, അച്ചൻകോവിലാറിൽ 6, എന്നിങ്ങനെ 34 ബന്ധാരകൾക്ക് അനു മതി ലഭ്യമായിട്ടുണ്ട്.
- ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിലും ഒരു ഹയർ സെക്കണ്ടറി സ്കൂളിലെ കെമിസ്ട്രി ലാബിനോട് ചേർന്ന് തദ്ദേശീയർക്ക് കുടിവെള്ളത്തിന്റെ പ്രാഥമിക ഗുണനിലവാര പരിശോധന യ്ക്ക് ലാബുകൾ സ്ഥാപിക്കുന്ന പ്രവർ ത്തനം ആരംഭിച്ചു. 61 എം.എൽ.എ.മാരു ടെയും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ഫണ്ട് ഉപയോഗിച്ച് 436 സ്കൂളുകളിൽ ഇതിന്റെ പ്രവർത്തനം പുരോഗമിക്കുന്നു.
- ധർമ്മടം നിയോജക മണ്ഡലത്തിൽ എട്ട് ലാബുകൾ സ്ഥാപിച്ചു. അഞ്ചരക്കണ്ടി ഹയർ സെക്കണ്ടറി സ്കൂളിലെ ജല ഗുണ നിലവാര പരിശോധനാ ലാബ് 2020 സെപ് റ്റംബർ ഏഴിന് ഉദ്ഘാടനം ചെയ്തു. പാലക്കാട് ജില്ലയിലെ ചിറ്റൂർ മണ്ഡല ത്തിലെ 11 ഹയർ സെക്കണ്ടറി സ്കൂളുക ളിലും ലാബുകൾ സജ്ജമാക്കി.

## കൃഷി ഉപമിഷൻ

- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ യും കൃഷിവകുപ്പിന്റെയും ആഭിമുഖ്യ ത്തിൽ ഹരിതകേരളം മിഷൻ നടത്തിയ കാർഷിക മേഖലയിലെ പ്രവർത്തനങ്ങളി ലൂടെ കാതലായ നേട്ടങ്ങൾ കൈവരിക്കാ നായി.
- 249 ഗ്രാമപഞ്ചായത്തുകളിലായി 1344 വാർ ഡുകൾ ഹരിതസമൃദ്ധി വാർഡാക്കുന്ന തിനു കഴിഞ്ഞു.
- കൃഷിയോഗ്യമാക്കിയ മുഴുവൻ ഭൂമി യിലും കൃഷി നടത്തുന്ന തരിശ് രഹിത ഗ്രാമ പദ്ധതി പ്രകാരം 87 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ ഇതിനകം തരിശ് രഹിതമായി പ്രഖ്യാപിച്ചു.
- സംസ്ഥാനത്തെ എല്ലാ ഐ.ടി.ഐ. കാമ്പ സുകളും ഹരിത കാമ്പസാക്കുന്ന കർമ്മ പദ്ധതി പ്രകാരം സംസ്ഥാനത്തെ 12 ഐ. ടി.ഐ.കളെ ഹരിതക്യാമ്പസുകളാക്കി.
- വ്യവസായ വകുപ്പിന് കീഴിലുള്ള പൊതു മേഖലാ സ്ഥാപനങ്ങളിൽ കൃഷി വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും ഹരിതകേ രളം മിഷനുമായി ചേർന്ന് കൃഷി നടപ്പി ലാക്കുന്ന പദ്ധതിയാരംഭിച്ചു. ഇതുവരെ ഒമ്പത് ജില്ലകളിലായി 39 സ്ഥാപനങ്ങ ളിൽ കൃഷി ആരംഭിച്ചു.
- തിരുവിതാംകൂർ ദേവസ്വം ബോർഡിനു കീഴിലുള്ള ക്ഷേത്രങ്ങളുടെ തരിശ് സ്ഥലത്ത് പച്ചക്കറികൾ, കരനെല്ല്, ഫല വൃക്ഷങ്ങൾ, ഔഷധ സസ്യങ്ങൾ, ക്ഷേത്രാവശ്യങ്ങൾക്കാവശ്യമായ പൂക്ക ളുൾപ്പെടെയുള്ള ചെടികൾ തുടങ്ങിയവ കൃഷിചെയ്യുന്ന പദ്ധതിക്ക് തുടക്കമായി ട്ടുണ്ട്. ദേവസ്വം ബോർഡിന്റെ 3000 ഏക്കർ ഭൂമിയിൽ 'ദേവഹരിതം' എന്ന പേരിൽ നടപ്പാക്കുന്ന ഈ പദ്ധതി വട

ക്കൻ കേരളത്തിലെ ചില ക്ഷേത്രങ്ങളിലും ആരംഭിച്ചിട്ടുണ്ട്.

- പ്രാദേശിക ജൈവവൈവിധ്യം ഉറപ്പാക്കാനായി 1000 പച്ചത്തുരുത്തുകൾ സൃഷ്ടിക്കാൻ ലക്ഷ്യമിട്ട് 2019 ജൂൺ അഞ്ചിന് ആരംഭിച്ച പദ്ധതിയിൽ ഇതിനകം 1686 പച്ചത്തുരുത്തുകൾ സംസ്ഥാനത്ത് വിവിധ ഇടങ്ങളിലായി തീർക്കാനായി. 658 തദ്ദേശ സ്ഥാപനങ്ങളിലായി 529 ഏക്കറിൽ വൃക്ഷത്തൈകളും അസംഖ്യം കുറ്റിച്ചെടികളും വള്ളിച്ചെടികളും ജൈവവേലിയും നട്ടുപിടിപ്പിച്ചു.
- പച്ചത്തുരുത്ത് പദ്ധതിയുടെ ഭാഗമായി വിവിധ ജില്ലകളിൽ ഫലവൃക്ഷത്തൈകളുടെ ഉൽപ്പാദനം ജനകീയമായി നടത്തി വരുന്നു. കണ്ണൂർ ജില്ലയിൽ പടിയൂർ-കല്ല്യാട് ഗ്രാമപഞ്ചായത്തിലെ ഓരോ വീടുകളിലും 10 തൈകൾ വീതം ഉൽപ്പാദിപ്പിച്ചു. ഒരു ലക്ഷം തൈകൾ തയ്യാറാക്കുന്ന പ്രവർത്തനം നടക്കുന്നു.

## മറ്റ് പ്രവർത്തനങ്ങൾ

- ഹരിതകേരളം മിഷന്റെ ഭാഗമായി നടപ്പാക്കുന്ന പ്രവർത്തനങ്ങളുടെ മോണിട്ടറിംഗിനും വിവര ശേഖരണത്തിനുമായുള്ള ഹരിതദൃഷ്ടി മൊബൈൽ ആപ്ലിക്കേഷൻ, സംസ്ഥാനത്തെ എല്ലാ ശ്രേണിയിലുമുള്ള നീർച്ചാലുകളുടെ ഭൂപടങ്ങൾ തയ്യാറാക്കുന്ന മാപ്പത്തോൺ പ്രവർത്തനങ്ങൾ എന്നിവയും സമാന്തരമായി നടപ്പാക്കി വരുന്നു. പച്ചത്തുരുത്തുകളുടെ മാപ്പത്തോൺ പ്രവർത്തനവും പുരോഗമിക്കുന്നു.
- ഹരിതകേരളം മിഷൻ ലക്ഷ്യങ്ങൾ നടപ്പാക്കാൻ നടത്തിയ പ്രവർത്തനങ്ങളുടെ ഭാഗമായി സംഘടിപ്പിച്ച വിവിധ കാമ്പയിനുകൾ എല്ലാം ഈ വിഷയങ്ങളിലെ ശക്തമായ ജനകീയ വിദ്യാഭ്യാസ ബോധവൽക്കരണ പരിപാടികളായി വർത്തിച്ചു. ശുചിത്വ-മാലിന്യ സംസ്കരണം ലക്ഷ്യമിട്ട് നടന്ന കാമ്പയിനുകളായ മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം, ജാഗ്രതോത്സവം, ഹരിതോത്സവം, വൃത്തിയുള്ള നാടൊരുക്കാൻ വൃത്തിയുള്ള വീട്, ജല സംരക്ഷണവും ജലമിതവ്യയവും ലക്ഷ്യമിട്ടുള്ള ജലമാണ് ജീവൻ, ജല പാർലമെന്റുകൾ, തരിശ് രഹിത ഗ്രാമ കാമ്പയിൻ എന്നിവ ഇത്തരത്തിൽ ശ്രദ്ധേയമായി.
- ശുചിത്വപദവി, ജലഗുണതാ ലാബ്, പച്ചത്തുരുത്ത് തുടങ്ങി സംസ്ഥാനതല പ്രഖ്യാപനങ്ങൾ ഫേസ്ബുക്ക് പേജ്, യൂട്യൂബ് ചാനൽ എന്നിവയിൽ ലൈവായി നൽകി.
- സംസ്ഥാനത്തെ മികച്ച 42 ഹരിതകർമ്മ സേനകളുടെ പ്രവർത്തനങ്ങൾ ഫേസ്ബുക്ക് ലൈവിൽ അവതരിപ്പിച്ചു.
- 2020 മാർച്ച് മാസം മുതൽ കോവിഡ് വ്യാപനവും ലോക്ക്ഡൗൺ കാരണവും ഫീൽഡ് തല പ്രവർത്തനങ്ങൾക്ക് പരിമിതിയും ഉണ്ടായിരുന്നു. എങ്കിലും ഈ കാലയളവിൽ ഓൺലൈൻ സാധ്യത പരമാവധി ഉപയോഗിച്ച് വിപുലമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു.
- കില, ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടാക്സേഷൻസ് എന്നിവയുമായി ചേർന്ന് അധികാര വികേന്ദ്രീകരണത്തിന്റെ 25-ാം വാർഷികത്തിന്റെ ഭാഗമായി വെബിനാറുകൾ നടത്തി. 55 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇതിൽ പങ്കെടുത്തു.
- പരിസ്ഥിതി സംരക്ഷണം ജീവിതചര്യയുടെ ഭാഗമാക്കുന്നതിന് പ്രേരണ സൃഷ്ടിക്കാൻ ഹരിതകേരളം മിഷൻ പ്രവർത്തനങ്ങൾക്ക് ഇതിനകം കഴിഞ്ഞിട്ടുണ്ട്.

## ഉപമിഷൻ പ്രവർത്തനങ്ങൾ ഭൗതികനേട്ടം – ഒറ്റനോട്ടത്തിൽ

### ശുചിത്വ മാലിന്യ ഉപമിഷൻ

| ക്രമ നം | വിഷയവിവരം | തുക/എണ്ണം/ തൂക്കം |
|---|---|---|
| 1 | ഹരിതകർമ്മസേന രൂപീകരിച്ച് സജീവമായി പ്രവർത്തിക്കുന്ന ഗ്രാമപഞ്ചായത്ത് | 850 |
| 2 | ഹരിതകർമ്മസേന രൂപീകരിച്ച് പ്രവർത്തിക്കുന്ന നഗരസഭകൾ | 88 |
| 3 | ഹരിതകർമ്മസേനയിലെ സംരംഭ ഗ്രൂപ്പുകളുടെ എണ്ണം | 1551 |

| | | |
|---|---|---|
| 4 | ഹരിതകർമ്മ സേനയിലെ അംഗങ്ങൾ | 28,632 |
| 5 | മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികൾ | 1339 |
| 6 | മിനി മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികൾ | 2825 |
| 7 | റിസോഴ്സ് റിക്കവറി ഫെസിലിറ്റികൾ | 157 |
| 8 | ഉറവിട മാലിന്യ സംസ്കരണ സംവിധാനം സ്ഥാപിച്ചിട്ടുള്ള വീടുകൾ | 52.93 ലക്ഷം |
| 9 | ഉറവിട മാലിന്യ സംസ്കരണ സംവിധാനം സ്ഥാപിച്ചിട്ടുള്ള സ്ഥാപനങ്ങൾ | 36480 |
| 10 | പൊതു സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന കമ്പോസ്റ്റിംഗ് സംവിധാനങ്ങളുടെ എണ്ണം | 2117 |
| 11 | വീടുകളിൽ പ്രവർത്തിക്കുന്ന ബയോഗ്യാസ് പ്ലാന്റുകളുടെ എണ്ണം | 92,616 |
| 12 | സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന ബയോഗ്യാസ് പ്ലാന്റുകളുടെ എണ്ണം | 1419 |
| 13 | സാമൂഹിക തലത്തിൽ പ്രവർത്തിക്കുന്ന ബയോഗ്യാസ് പ്ലാന്റുകൾ | 210 |
| 14 | അജൈവമാലിന്യം വാതിൽപ്പടി ശേഖരിക്കുന്ന വീടുകൾ | 47,91,318 |
| 15 | അജൈവമാലിന്യം വാതിൽപ്പടി ശേഖരിക്കുന്ന സ്ഥാപനങ്ങൾ | 2,57,478 |
| 16 | ശേഖരിച്ച ഇലക്ട്രോണിക് പാഴ്‌വസ്തുക്കൾ | 1553.467 മെ.ടൺ |
| 17 | പൊടിയാക്കിയ പ്ലാസ്റ്റിക് | 1590.6മെ.ടൺ |
| 18 | പ്ലാസ്റ്റിക് ചേർത്ത ടാർ ചെയ്ത റോഡിന്റെ നീളം | 2445.27 കി.മീ |
| 19 | പ്രളയ പ്രദേശങ്ങളിൽ നിന്നും ശുചീകരണ പ്രവൃത്തികളിലൂടെ 2018-2020 ൽ നീക്കം ചെയ്ത മാലിന്യത്തിന്റെ അളവ് | 26,656.485 മെ.ടൺ |
| 20 | ഗ്രീൻപ്രോട്ടോക്കോൾ നടപ്പിലാക്കുന്ന സർക്കാർ ഓഫീസുകൾ | 10,010 |
| 21 | ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്ന ഘടക സ്ഥാപനങ്ങൾ | 9939 |
| 22 | ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്ന ഇതര സ്ഥാപനങ്ങൾ | 1,21,889 |
| 23 | തൊഴിലുറപ്പ് മിഷൻ മുഖേന നിർമ്മിച്ച കമ്പോസ്റ്റ് പിറ്റ് | 11,828 |
| 24 | തൊഴിലുറപ്പ് മിഷൻ മുഖേന നിർമ്മിച്ച സോക്ക് പിറ്റ് | 6450 |
| 25 | തൊഴിലുറപ്പ് മിഷൻ മുഖേന നിർമ്മിച്ച മിനി എം.സി.എഫ്. | 686 |
| 26 | ശുചിത്വ പദവി പ്രഖ്യാപിച്ച ഗ്രാമപഞ്ചായത്ത് | 597 |
| 27 | ശുചിത്വപദവി പ്രഖ്യാപിച്ച നഗരസഭകൾ | 63 |
| 28 | എല്ലാ പഞ്ചായത്തുകളും ശുചിത്വപദവി നേടിയ ബ്ലോക്കുകളുടെ എണ്ണം | 37 |
| 29 | സമ്പൂർണ്ണ ശുചിത്വ പദവി കൈവരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ച ഗ്രാമപഞ്ചായത്തുകൾ | 113 |
| 30 | സമ്പൂർണ്ണ ശുചിത്വ പദവി കൈവരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ച നഗരസഭകൾ | 28 |
| 31 | 2016 മുതൽ 2020-21 വരെ മാലിന്യസംസ്കരണത്തിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നീക്കി വച്ച തുക | 1,68,363,32 ലക്ഷം |
| 32 | ക്ലീൻ കേരള കമ്പനിക്ക് പ്രവർത്തന മൂലധനം | 5 കോടി |

| | | |
|---|---|---|
| 33 | റീബിൽഡ് കേരള വഴി 6 പ്രോജക്ടുകൾക്കായി അനുവദിച്ച തുക (സംയോജിത പ്ലാസ്റ്റിക് സംസ്കരണം, ചില്ല് മാലിന്യ സംസ്കരണം, ജില്ലാ സോർട്ടിംഗ് സെന്റർ, ശാസ്ത്രീയ ലാന്റ് ഫിൽ) | 50 കോടി |
| 34 | തൊഴിലുറപ്പ് മിഷൻ മുഖേന സോക്പിറ്റ് കമ്പോസ്റ്റ് പിറ്റ്, മിനി എം.സി.എഫ് എന്നിവയ്ക്കായി ചെലവഴിച്ച തുക | 19.08 കോടി |
| 35 | അയ്യങ്കാളി തൊഴിലുറപ്പ് മിഷൻ മുഖേന മാലിന്യ സംസ്കരണ സംവിധാനങ്ങൾക്ക് ചെലവഴിച്ച തുക | 10.68 കോടി |

## ജലസംരക്ഷണ പ്രവർത്തനങ്ങൾ

| ക്രമ നം | വിവരം | 2017-18 | 2018-19 | 2019 -20 | 2020 -21 | ആകെ |
|---|---|---|---|---|---|---|
| 1 | പുനരുജ്ജീവിപ്പിച്ച പുഴകൾ | 47 | 155 | 188 | 22 | 412 കി.മീ. |
| 2 | പുനരുജ്ജീവിപ്പിച്ച നീർച്ചാലുകൾ/തോടുകൾ | 1518 | 17302 | 18641 | 5313 | 42774 കി.മീ. |
| 3 | റീചാർജ്ജ് ചെയ്ത കിണറുകൾ | 18252 | 37109 | 6837 | 723 | 62921 |
| 4 | നിർമ്മിച്ച കിണറുകൾ | 10399 | 4601 | 7252 | 906 | 23158 |
| 5 | നവീകരിച്ച കുളങ്ങൾ | 4221 | 11529 | 9437 | 54 | 25241 |
| 6 | നിർമ്മിച്ച കുളങ്ങൾ | 98 | 13877 | 4651 | 257 | 18883 |
| 7 | നവീകരിച്ച കിണറുകൾ | - | 4625 | 9317 | - | 13942 |

## കൃഷി ഉപമിഷൻ- സുജലം സുഫലം

### തരിശ് രഹിതഗ്രാമം - സ്ഥിതി വിവരം

| ക്രമ നം | ജില്ല | പ്രഖ്യാപനം നടത്തിയ പഞ്ചായത്തുകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 14 |
| 2 | കൊല്ലം | 12 |
| 3 | പത്തനംതിട്ട | 3 |
| 4 | ആലപ്പുഴ | 2 |
| 5 | കോട്ടയം | 3 |
| 6 | ഇടുക്കി | 2 |
| 7 | എറണാകുളം | 1 |
| 8 | തൃശൂർ | 5 |
| 9 | പാലക്കാട് | 8 |
| 10 | മലപ്പുറം | 0 |
| 11 | കോഴിക്കോട് | 0 |
| 12 | വയനാട് | 4 |
| 13 | കണ്ണൂർ | 15 |
| 14 | കാസർഗോഡ് | 18 |
| | **ആകെ** | **87** |

## ഹരിതസമൃദ്ധി വാർഡ് - സ്ഥിതി വിവരം

| ക്രമ നം | ജില്ല | പ്രഖ്യാപനം നടത്തിയ തദ്ദേശ സ്വയം ഭരണ സ്ഥാപന ങ്ങളുടെ എണ്ണം | പ്രഖ്യാപനം നടത്തിയ വാർഡുക ളുടെ എണ്ണം | പ്രഖ്യാപനം നടത്തിയ വാർഡുക ളിലെ വീടുക ളുടെ എണ്ണം | ആകെ വിത രണം ചെയ്ത പച്ചക്കറി തൈകളുടെ എണ്ണം |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 24 | 321 | 171231 | 235770 |
| 2 | കൊല്ലം | 0 | 400 | 0 | 0 |
| 3 | പത്തനംതിട്ട | 57 | 108 | 43834 | 196070 |
| 4 | ആലപ്പുഴ | 0 | 0 | 0 | 0 |
| 5 | കോട്ടയം | 22 | 115 | 53424 | 281493 |
| 6 | ഇടുക്കി | 6 | 6 | 2818 | 6025 |
| 7 | എറണാകുളം | 14 | 73 | 24090 | 5900 |
| 8 | തൃശൂർ | 20 | 20 | 6995 | 34180 |
| 9 | പാലക്കാട് | 0 | 29 | 0 | 0 |
| 10 | മലപ്പുറം | 6 | 26 | 12358 | 31025 |
| 11 | കോഴിക്കോട് | 19 | 37 | 26967 | 342612 |
| 12 | വയനാട് | 26 | 142 | 65229 | 1290894 |
| 13 | കണ്ണൂർ | 14 | 24 | 10790 | 35275 |
| 14 | കാസർഗോഡ് | 41 | 43 | 15692 | 30318 |
| | **ആകെ** | **249** | **1344** | **433428** | **2489562** |

## പച്ചത്തുരുത്ത് - സ്ഥിതി വിവരം

| ക്രമ നം | ജില്ല | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ എണ്ണം | പച്ചത്തുരുത്തുക ളുടെ എണ്ണം | വിസ്തൃതി (ഏക്കർ) |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 79 | 279 | 37.539 |
| 2 | കൊല്ലം | 55 | 130 | 25.61 |
| 3 | പത്തനംതിട്ട | 44 | 101 | 18.376 |
| 4 | ആലപ്പുഴ | 33 | 52 | 15.37 |
| 5 | കോട്ടയം | 65 | 130 | 21.7155 |
| 6 | ഇടുക്കി | 23 | 32 | 9.609 |
| 7 | എറണാകുളം | 26 | 38 | 6.07 |
| 8 | തൃശൂർ | 62 | 93 | 17.93 |
| 9 | പാലക്കാട് | 43 | 45 | 72.07 |
| 10 | മലപ്പുറം | 55 | 79 | 63.25 |
| 11 | കോഴിക്കോട് | 71 | 155 | 34.564 |
| 12 | വയനാട് | 26 | 59 | 20.195 |
| 13 | കണ്ണൂർ | 36 | 62 | 72.3 |
| 14 | കാസർഗോഡ് | 40 | 431 | 114.775 |
| | **ആകെ** | **658** | **1686** | **529.3735** |

# 4
# ശുചിത്വ മാലിന്യ സംസ്കരണം ഉപമിഷൻ

## ശുചിത്വകേരളം – ജനകീയ കാമ്പയിൻ

ശുചിത്വ-മാലിന്യ സംസ്കരണ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ജനകീയ പ്രസ്ഥാനം ആരംഭിക്കുമെന്നത് സർക്കാർ വാഗ്ദാനമായിരുന്നു. ഇക്കാര്യത്തിൽ തികച്ചും മാതൃകാപരമായ പ്രവർത്തനം ആവിഷ്കരിച്ച് നടപ്പിലാക്കാൻ സർക്കാരിന് കഴിഞ്ഞു. 2017 ആഗസ്റ്റ് 15 ന് 'മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം' കാമ്പയിനിലൂടെ ശാസ്ത്രീയ മാലിന്യ സംസ്കരണ സംവിധാനമൊരുക്കുന്നതിനുള്ള ജനകീയ കാമ്പയിൻ ആരംഭിച്ചു. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റേയും പ്രദേശങ്ങൾ മാലിന്യ രഹിതമാക്കി മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം നേടുക എന്നതാണ് ഈ കാമ്പയിന്റെ ആത്യന്തിക ലക്ഷ്യം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ശുചിത്വ മിഷൻ, ക്ലീൻ കേരള കമ്പനി, തൊഴിലുറപ്പ് മിഷൻ, കുടുംബശ്രീ മിഷൻ എന്നിവയെ ഏകോപിപ്പിച്ചുകൊണ്ടാണ് ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ കാമ്പയിൻ സംഘടിപ്പിച്ചു വരുന്നത്. വീടുകളിലെയും കോളനികളിലെയും ഫ്ളാറ്റ് സമുച്ചയങ്ങളിലെയും ഗേറ്റഡ് കോളനികളിലെയും കച്ചവട സ്ഥാപനങ്ങളിലെയും ജൈവമാലിന്യം ഉറവിടത്തിൽ സംസ്കരിക്കുക, സ്ഥലപരിമിതിയുള്ള വീടുകളിലെയും സ്ഥാപനങ്ങളിലെയും ചന്തകളിലേയും മാലിന്യം സാമൂഹികതല പൊതു ജൈവമാലിന്യ സംസ്കരണ സംവിധാനത്തിലൂടെ സംസ്കരിക്കുക എന്നതാണ് കാമ്പയിനിലൂടെ ശ്രമിക്കുന്നത്. അജൈവ മാലിന്യം എല്ലായിടങ്ങളിൽ നിന്നും ശേഖരിക്കുന്നതിനും അവയുടെ സംഭരണത്തിനും ശാസ്ത്രീയ സംസ്കരണത്തിനും സംവിധാനം ഉണ്ടാക്കുകയും അജൈവ മാലിന്യത്തിന്റെ അളവ് കുറയ്ക്കാനും കഴിയുന്നതരത്തിലുള്ള ജനകീയ കാമ്പയിനാണ് നടന്നുവരുന്നത്.

ശുചിത്വകേരളം കാമ്പയിൻ പ്രധാനമായി നാല് ഘട്ടങ്ങളിലൂടെയാണ് കടന്ന് പോയത്. ഒന്നാം ഘട്ടം ബഹുജനങ്ങളെ അണി നിരത്താനുള്ള കാമ്പയിനും രണ്ടാംഘട്ടമെന്ന നിലയിൽ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, വർക്കിംഗ് ഗ്രൂപ്പുകൾ, സന്നദ്ധപ്രവർത്തകർ എന്നിവരെ ഈ കാമ്പയിൻ ഏറ്റെടുത്ത് മുന്നോട്ട് നീക്കുന്നതിനുള്ള നൈപുണ്യ വികസന പരിപാടി ആയിരുന്നു. മൂന്നാം ഘട്ടം സമഗ്ര ശുചിത്വ പദവി കൈവരിക്കാനുള്ള കാമ്പയിനായിരുന്നു ഊന്നൽ. ഈ ഘട്ടത്തിലൂടെയാണ് ഇപ്പോൾ നാം മുന്നോട്ട് പോകുന്നത്. അടുത്ത ഘട്ടം സുസ്ഥിരത ഉറപ്പാക്കൽ, സാങ്കേതിക മികവ് ഉറപ്പാക്കൽ, മാലിന്യത്തിന്റെ അളവ് കുറയ്ക്കൽ തുടങ്ങിയ ഘടകങ്ങൾ ഉൾപ്പെടുന്ന വിപുലമായ കാമ്പയിനിലേക്ക് പ്രവേശിക്കാൻ ലക്ഷ്യമിടുന്നു. കാമ്പയിന്റെ ഓരോ ഘട്ടത്തിന്റേയും സവിശേഷതകളും ഘടകങ്ങളും ചുവടെ ചേർക്കുന്നു.

## ശുചിത്വ – മാലിന്യ സംസ്കരണ പദ്ധതി– നൈപുണ്യ വികസന പരിപാടി

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിയിൽ ഹരിതകേരളം - ശുചിത്വമാലിന്യ സംസ്കരണ ഉപമിഷൻ മാർഗ്ഗരേഖ അനുസരിച്ച് സമഗ്ര ശുചിത്വ മാലിന്യ സംസ്കരണ കർമ്മ പരിപാടി തയ്യാറാക്കാൻ ജനപ്രതിനിധികൾ/ഉദ്യോഗസ്ഥർ/വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ/ സന്നദ്ധ പ്രവർത്തകരെ സജ്ജമാക്കുന്നതിനുള്ള പരിശീലന പരമ്പര ആയിരുന്നു. ഈ പരിശീലന പരിപാടിയും ഒരു വൻ ജനകീയ കാമ്പയിനായിട്ടാണ് നടന്നത്. വികേന്ദ്രീകൃതവും ഉറവിട മാലിന്യ സംസ്കരണ രീതിക്ക് അനുസരിച്ചും പ്രോജക്ടും കർമ്മ പരിപാടിയും തയ്യാറാക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളേയും വർക്കിംഗ് ഗ്രൂപ്പുകളേയും സജ്ജമാക്കാൻ കഴിഞ്ഞു. കിലയുടെ നേതൃത്വത്തിലാണ് ഈ പരിശീലന പരമ്പര ജില്ലാ, ബ്ലോക്ക്, പഞ്ചായത്ത്/നഗരസഭാതലം വരെ നടന്നത്. ഈ പരിശീലന കാമ്പയിൻ കഴിഞ്ഞതോടെ വികേന്ദ്രീകൃത മാലിന്യ സംസ്കരണത്തിന്റെ ഘടകങ്ങളും പ്രോജക്ടുകളും സംബന്ധിച്ച് ആശയം ഗ്രാമ പഞ്ചായത്ത്/നഗരസഭാതലം വരെ എത്തിക്കാൻ കഴിഞ്ഞു.

## ശുചിത്വ – മാലിന്യ സംസ്കരണം – നിർവഹണ സംവിധാനങ്ങൾ രൂപപ്പെടുത്താനുള്ള കാമ്പയിൻ

പദ്ധതി ആസൂത്രണ കാമ്പയിന്റെ തുടർച്ചയായി നിർവഹണ സഹായ സംവിധാനങ്ങൾ രൂപപ്പെടുത്താനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ സാങ്കേതിക പിന്തുണാ സംവിധാനം ലഭ്യമാക്കാനുമുള്ള പ്രവർത്തനങ്ങൾക്കായിരുന്നു മൂന്നാം ഘട്ട കാമ്പയിനിലെ ഊന്നൽ. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിച്ച പരിശീലനവും പ്രായോഗിക അനുഭവങ്ങൾ ഉൾപ്പെടുത്തിയ പരിശീലന സഹായികളും പ്രോജക്ട് തയ്യാറാക്കുന്നതിനും നിർവഹണ നേതൃത്വത്തിനും സഹായകമായി. ഇതിന്റെ തുടർച്ചയായി പ്രവർത്തനങ്ങളിൽ മുന്നിൽ നിൽക്കുന്ന പഞ്ചായത്ത്/നഗരസഭകളിലേക്ക് പഠനയാത്രകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വമേധയാ സംഘടിപ്പിക്കാൻ തുടങ്ങി. ഇതോടൊപ്പം ഹരിതകർമ്മസേന രൂപീകരണത്തിനുവേണ്ടിയുള്ള പരിശീലനങ്ങൾ ഹരിത സഹായ സ്ഥാപനങ്ങളെ എംപാനൽ ചെയ്ത് പരിശീലിപ്പിച്ച് നിയോഗിക്കൽ എന്നിവയും ഈ ഘട്ടത്തിലെ മുഖ്യ പ്രവർത്തന ഘടകങ്ങളായിരുന്നു. കൂടാതെ വ്യത്യസ്ത സംഘടനകളേയും കോളേജുകളേയും (ആർട്സ് & സയൻസ് കോളേജുകൾ, എൻ.എസ്.എസ്. യൂണിറ്റുകൾ, എഞ്ചിനീയറിംഗ് കോളേജുകൾ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സ്കൗട്ട്സ് & ഗൈഡ്സ് തുടങ്ങിയ) പഞ്ചായത്ത്/നഗരസഭകൾക്ക് ഒപ്പം പ്രവർത്തിക്കാൻ പ്രേരിപ്പിക്കുന്നതിനുള്ള യോഗങ്ങൾ, പരിശീലനങ്ങൾ എന്നിവയും സംഘടിപ്പിച്ചു. ഇതിലൂടെ നിരവധി കോളേജുകൾ, എൻ.എസ്.എസ്. യൂണിറ്റുകൾ എന്നിവർ പഞ്ചായത്ത്/നഗരസഭകൾക്ക് മാലിന്യ സംസ്കരണ സംവിധാനം വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ സജീവ പങ്കാളികളായി വരുന്നു.

2018 ജൂൺ ആയപ്പോൾ 90 ഓളം ഗ്രാമ പഞ്ചായത്തുകളിലും 20 നഗരസഭകളിലും വികേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനം ഒരുക്കി കഴിഞ്ഞിരുന്നു. ഈ രംഗത്തെ പ്രവർത്തനങ്ങൾ അതിവേഗം മുന്നോട്ട് നീങ്ങുന്നതിനുള്ള തെളിവായിരുന്നു ഇത്. എന്നാൽ 2018 ആഗസ്റ്റിലെ പ്രളയം ഈ രംഗത്തെ പ്രവർത്തനങ്ങളുടെ വേഗതയെ സാരമായി ബാധിച്ചു. എന്നാൽ ഇതിനകം രൂപപ്പെട്ട ഹരിതകർമ്മ സേനാ ശൃംഖല, ഹരിതസഹായ സ്ഥാപനങ്ങൾ ശുചിത്വ-മാലിന്യ സംസ്കരണ രംഗത്തെ പ്രവർത്തനങ്ങളുമായി സഹകരിച്ചു മുന്നോട്ട് വന്ന സ്ക്രാപ് ബിസിനസ്കാരുടെ സംഘടന റീസൈക്ലിംഗ് വ്യവസായികളുടെ സംഘടന, കോളേജുകൾ, എൻ.എസ്.എസ്. യൂണിറ്റുകൾ, ഐ.ടി.ഐ. കളിൽ നിന്നും നൈപുണ്യ കർമസേനകൾ, ഇലക്ട്രിക് & ഇലക്ട്രോണിക്സ് റിപ്പയറിംഗ് അസോസിയേഷൻ തുടങ്ങിയ ഏജൻസികൾ പ്രളയാനന്തര ശുചീകരണം, മാലിന്യം നീക്കം ചെയ്യൽ തുടങ്ങിയ പ്രവർത്തനങ്ങൾക്ക് ഏറെ സഹായകമായി.

പ്രളയാനന്തര ശുചീകരണവും മാലിന്യ നീക്കവും കഴിഞ്ഞതിനുശേഷം 2018 നവംബർ മുതൽ വീണ്ടും ശുചിത്വ-മാലിന്യ സംസ്കരണ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കാണ് ഈ ഘട്ടത്തിൽ പ്രാധാന്യം നൽകിയത്. ഇതോടൊപ്പം മാലിന്യ സംസ്കരണത്തിന്റെ പ്രാധാന്യം സമൂഹത്തിലെത്തിക്കുന്നതിനായി രണ്ടാം ഘട്ട

ബോധവൽക്കരണ കാമ്പയിനായി ഹരിത നിയമ ബോധവൽക്കരണം, ഗ്രീൻ പ്രോട്ടോക്കോൾ എന്നിവയും നടപ്പിലാക്കി. ഈ രണ്ട് പ്രവർത്തനങ്ങളും ഉറവിട മാലിന്യ സംസ്കരണ പ്രവർത്തനം ഊർജ്ജിതപ്പെടുത്താൻ സഹായകമായി.

## ബീക്കൺ പഞ്ചായത്ത്/നഗരസഭകൾ

വികേന്ദ്രീകൃത മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ മുന്നോട്ട് നീങ്ങിയ ഗ്രാമപഞ്ചായത്ത്/നഗരസഭകളിൽ കേന്ദ്രീകരിച്ചാണ് ബീക്കൺ ഗ്രാമപഞ്ചായത്ത്/നഗരസഭാ കാമ്പയിൻ നാലാം ഘട്ടമായി ആരംഭിച്ചത്. 01.08.2019 ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന ഹരിതകേരളം മിഷൻ യോഗത്തിൽ നാലാംഘട്ട പ്രവർത്തനങ്ങളുടെ മുഖ്യ ലക്ഷ്യങ്ങൾ നിശ്ചയിച്ചു.

2020 ആഗസ്റ്റ് 15 ഓടെ 500 ഗ്രാമപഞ്ചായത്തുകളിലും 40 നഗരസഭകളിലും മൂന്ന് മുനിസിപ്പൽ കോർപ്പറേഷനുകളിലും മാലിന്യ സംസ്കരണത്തിന്റെ എല്ലാ അടിസ്ഥാന ഘടകങ്ങളും പൂർത്തിയാക്കുക. 10,000 സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖലാ, സ്വകാര്യ ഓഫീസുകളിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കൽ, മാലിന്യങ്ങൾ വലിച്ചെറിയുന്നതും കത്തിക്കുന്നതും ജലസ്രോതസ്സുകളിലേക്ക് ഒഴുക്കിവിടുന്നതും പൂർണ്ണമായി ഇല്ലാതാക്കൽ എന്നിവയായിരുന്നു മുഖ്യലക്ഷ്യങ്ങളായി നിശ്ചയിച്ചത്. ഈ ലക്ഷ്യം കൈവരിക്കുന്നതിനുള്ള കാമ്പയിനായിരുന്നു നാലാം ഘട്ടത്തിൽ മുന്നോട്ട് നീക്കിയത്. ഓരോ തദ്ദേശ സ്വയംഭരണത്തിന്റെ പ്രവർത്തനത്തേയും നേരിട്ട് സജ്ജമാക്കുന്നതിനുമാണ് ശ്രമിച്ചത്. ഇതിനുള്ള അന്തരീക്ഷം സൃഷ്ടിക്കുന്നതിനും മികച്ച രീതിയിൽ പ്രവർത്തിക്കുന്ന ഗ്രാമപഞ്ചായത്ത്/നഗരസഭകളുടെ അനുഭവങ്ങൾ പരസ്പരം കൈമാറുന്നതിനുള്ള ജില്ലാതല ശുചിത്വസംഗമങ്ങൾ സംഘടിപ്പിച്ചു. ജില്ലാ ശുചിത്വ സംഗമങ്ങളിൽ 210 ഗ്രാമപഞ്ചായത്തുകളും 20 നഗരസഭകളും അനുഭവങ്ങൾ പങ്കിട്ടു. ജില്ലാ ശുചിത്വസംഗമങ്ങൾ ഗ്രാമപഞ്ചായത്ത്/നഗരസഭകളുടെ ശുചിത്വ-മാലിന്യ രംഗത്തെ പ്രവർത്തന വേഗത കൂട്ടുന്നതിനു സഹായിച്ചു. ജില്ലകളിലെ വ്യത്യസ്ത സ്ഥാപനങ്ങളേയും സംഘടനകളേയും ശുചിത്വ-മാലിന്യ സംസ്കരണ രംഗത്തെ പ്രവർത്തനങ്ങളുമായി കൂടുതൽ ബന്ധിപ്പിക്കാൻ ജില്ല ശുചിത്വ സംഗമങ്ങൾ പ്രയോജനപ്പെട്ടു. ഇതിന്റെ തുടർച്ചയായി 2020 ജനുവരി 21, 22 തീയതികളിൽ നടന്ന സംസ്ഥാന ശുചിത്വ സംഗമം നാലാം ഘട്ടത്തെ കൂടുതൽ ഊർജ്ജിതപ്പെടുത്താൻ സഹായകമായി. തുടർന്ന് 2020 -21 ലെ ബജറ്റ് പ്രഖ്യാപനത്തിൽ സർക്കാർ പ്രഖ്യാപിച്ച പന്ത്രണ്ടിന പരിപാടിയിൽ 500 ഗ്രാമപഞ്ചായത്തുകൾക്കും 50 നഗരസഭകൾക്കും ഖര-മാലിന്യ സംസ്കരണ സംവിധാനം ഉറപ്പാക്കി ശുചിത്വപദവി നൽകുമെന്ന് പ്രഖ്യാപിച്ചു. ബീക്കൺപഞ്ചായത്ത്/നഗരസഭകളിൽ തുടങ്ങി ശുചിത്വ പദവിയിലേക്കുള്ള പ്രഖ്യാപനം ഈ ഘട്ടത്തിലെ കാമ്പയിന് കൂടുതൽ ഊർജ്ജം നൽകി. ഈ കാമ്പയിൻ ഘട്ടത്തെ സമയബന്ധിതമായി മുന്നോട്ടുനീക്കുന്നതിന് സംസ്ഥാന ജില്ലാതലത്തിൽ പ്രത്യേക ഏകോപന അവലോകന സംവിധാനം ഉണ്ടാകുകയും നിരന്തര വിലയിരുത്തൽ നടത്തുന്ന രീതിയും സ്വീകരിച്ചു. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും നേരിട്ട് ഇടപെടുന്നതിനും പിന്തുണാ സംവിധാനം നൽകുന്നതിനും പ്രത്യേക ക്രമീകരണം ഉണ്ടാക്കി. ഒപ്പം ശുചിത്വ മിഷൻ, കുടുംബശ്രീ മിഷൻ, ക്ലീൻ കേരള കമ്പനി, തൊഴിലുറപ്പ് മിഷൻ, പഞ്ചായത്ത് വകുപ്പ്, നഗരകാര്യ വകുപ്പ് എന്നിവയുടെ ഫലപ്രദമായ പിന്തുണ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനും ലഭ്യമാക്കി, അതുകൊണ്ടു തന്നെ പ്രളയം, കോവിഡ് തുടങ്ങിയ പ്രതിസന്ധികൾക്കിടയിലും ലക്ഷ്യം കൈവരിക്കാൻ സഹായകമായി.

നാല് ഘട്ടങ്ങളിലേയും മുഖ്യ കാമ്പയിൻ വിഷയത്തിന് അനുസരിച്ച് വ്യത്യസ്ത മാധ്യമങ്ങളിലൂടെ വൻതോതിലുള്ള വിവര-വിജ്ഞാന-വിനിമയ പരിപാടികളിലൂടെ കാമ്പയിൻ ഘടകങ്ങൾ ജനങ്ങളിലെത്തിക്കാൻ കഴിഞ്ഞു. കൂടാതെ കുട്ടികൾ വഴിയുള്ള കാമ്പയിനും ഇതോടൊപ്പം നടത്തി.




ഓരോ വ്യക്തിയുടേയും മനോഭാവത്തിലും ശീലത്തിലുമുണ്ടാകുന്ന മാറ്റം ശുചിത്വ-മാലിന്യ സംസ്കരണ രംഗത്ത് അനിവാര്യമാണ്. അതുകൊണ്ടുതന്നെ പ്രവർത്തനാധിഷ്ഠിതവും പങ്കാളിത്തപരവുമായ കാമ്പയിനുകൾ അനിവാര്യമാണ്. വിവിധ കാമ്പയിനുകളിലൂടെ ഏകദേശം 30 ലക്ഷം മുതിർന്നവരിലേക്കും 25 ലക്ഷം കുട്ടികളിലേക്കും നേരിട്ട് എത്താൻ ശുചിത്വ കേരളം കാമ്പയിൻ വഴി കഴിഞ്ഞിട്ടുണ്ട്. ഓരോ ഘട്ടത്തെ സംബന്ധിച്ച് കൂടുതൽ വിശദമായ റിപ്പോർട്ട് അതുമായി ബന്ധപ്പെട്ട ഭാഗങ്ങളിൽ നൽകിയിട്ടുണ്ട്.

സംസ്ഥാന തലത്തിൽ ആവിഷ്കരിച്ച പൊതു കാമ്പയിൻ ചട്ടക്കൂടിൽ ഒപ്പം ചേരുന്ന തരത്തിൽ ഓരോജില്ലയിലും തനതായ കാമ്പയിനുകളും ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിരുന്നു. ഇതിലൂടെ നിരവധി നൂതന പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. പ്രസ്തുത പ്രവർത്തനങ്ങൾ സംബന്ധിച്ച ജില്ലാ അവലോകനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മാത്രമല്ല, പൊതു കാമ്പയിന്റെ ചട്ടക്കൂടുമായി ബന്ധപ്പെട്ട് നിരവധി ഗ്രാമപഞ്ചായത്ത്/നഗരസഭകൾ പ്രാദേശിക സവിശേഷതകൾക്കനുസരിച്ച് കാമ്പയിനുകൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കിയിട്ടുണ്ട്.

## ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷൻ നേട്ടങ്ങൾ – ഒറ്റ നോട്ടത്തിൽ

| | | |
|---|---|---|
| 1 | ഹരിതകർമ്മസേന സജീവമായി പ്രവർത്തിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ | 938 |
| 2 | ഹരിതകർമ്മസേനയിലെ അംഗങ്ങൾ | 28632 |
| 3 | ഹരിതകർമ്മസേന അംഗങ്ങളായുള്ള സംരംഭഗ്രൂപ്പുകളുടെ എണ്ണം | 1551 |
| 4 | അജൈവ മാലിന്യം ശേഖരിക്കുന്നതിനുള്ള മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളുടെ എണ്ണം | 1339 |
| 5 | മിനി എം.സി.എഫുകളുടെ എണ്ണം | 2825 |
| 6 | റിസോഴ്സ് റിക്കവറി ഫെസിലിറ്റികളുടെ എണ്ണം | 157 |
| 7 | ഉറവിട ജൈവമാലിന്യ സംസ്കരണം സജ്ജമാക്കിയ വീടുകളും സ്ഥാപനങ്ങളും എണ്ണം | 53.29 ലക്ഷം |

| | | |
|---|---|---|
| 8 | അജൈവ മാലിന്യം വാതിൽപ്പടി ശേഖരണം നടത്തുന്ന വീടുകളും, സ്ഥാപനങ്ങളും | 50.49 ലക്ഷം |
| 9 | റോഡ് ടാർ ചെയ്യാൻ ഉപയോഗിച്ച പ്ലാസ്റ്റിക്കിന്റെ അളവ് | 1590.6 ടൺ |
| 10 | പ്ലാസ്റ്റിക് ഉപയോഗിച്ച് ടാർ ചെയ്ത റോഡിന്റെ ദൂരം | 2445.27 കി.മീ |
| 11 | ശേഖരിച്ച ഇലക്ട്രോണിക് പാഴ്വസ്തുക്കളുടെ അളവ് | 1553.467 ടൺ |
| 12 | കമ്മ്യൂണിറ്റി കമ്പോസ്റ്റ് യൂണിറ്റുകളുടെ എണ്ണം | 2117 |
| 13 | കമ്മ്യൂണിറ്റിതല ബയോഗ്യാസ് പ്ലാന്റുകളുടെ എണ്ണം | 210 |
| 14 | നിയമനടപടികളുടെ ഭാഗമായി 2019 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനം ഈടാക്കിയ പിഴ | 1.32 കോടി |
| 15 | ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കിയ ഓഫീസുകൾ | 10010 |
| 16 | ഗ്രീൻപ്രോട്ടോക്കോൾ നടപ്പിലാക്കിയ ഇതര സ്ഥാപനങ്ങൾ | 9939 |
| 17 | ഗ്രീൻപ്രോട്ടോക്കോൾ നടപ്പിലാക്കിയ മറ്റു സ്ഥാപനങ്ങൾ | 1.30 ലക്ഷം |
| 18 | തൊഴിലുറപ്പ് മിഷന്റെ സഹായത്തോടെ നിർമ്മിച്ച കമ്പോസ്റ്റു കുഴികൾ | 11828 |
| 19 | തൊഴിലുറപ്പ് മിഷന്റെ സഹായത്തോടെ നിർമ്മിച്ച സോക്ക്പിറ്റുകൾ | 6450 |
| 20 | തൊഴിലുറപ്പ് മിഷന്റെ സഹായത്തോടെ നിർമ്മിച്ച മിനി എം.സി.എഫുകൾ | 686 |
| 21 | 2016 മുതൽ മാലിന്യ സംസ്കരണത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ചെലവഴിച്ച തുക | 168363.22 ലക്ഷം |
| 22 | 2016 മുതൽ ശുചിത്വമിഷൻ ചെലവഴിച്ച തുക | 8025.34 ലക്ഷം |
| 23 | കേന്ദ്രാവിഷ്കൃത പദ്ധതി മുഖേന ലഭിച്ച തുക | 45697.26 ലക്ഷം |
| 24 | ശുചിത്വപദവി കൈവരിച്ച ഗ്രാമപഞ്ചായത്തുകൾ | 597 |
| 25 | ശുചിത്വപദവി കൈവരിച്ച നഗരസഭകൾ | 63 |
| 26 | ശുചിത്വപദവി കൈവരിച്ച ബ്ലോക്ക് പഞ്ചായത്തുകൾ | 31 |

## ശുചിത്വ മാലിന്യ സംസ്കരണം നിലവിലെ അവസ്ഥ

2017 ആഗസ്റ്റ് 15 ന് സംസ്ഥാനത്തെ 941 ഗ്രാമപഞ്ചായത്തുകളിലും 87 നഗരസഭകളിലും ആറ് മുനിസിപ്പൽ കോർപ്പറേഷനുകളിലുമായി 68,66,332 വീടുകളിൽ 'മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം' എന്ന കാമ്പയിന്റെ ഭാഗമായി 1,54,435 സ്ക്വാഡുകളെ പങ്കെടുപ്പിച്ച് സർവേ നടത്തിയിരുന്നു. സർവ്വേയിൽ നിന്നും ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ജൈവ അജൈവ മാലിന്യ സംസ്കരണത്തിനാവശ്യമായ പദ്ധതികൾ തയ്യാറാക്കിയാണ് പ്രവർത്തിച്ചു വരുന്നത്.

ഗൃഹതല സർവേ പ്രകാരം മാലിന്യം വീടുകളിൽ തരംതിരിച്ചു സൂക്ഷിച്ചു വയ്ക്കുന്നവർ 22.4 ശതമാനം, മാലിന്യ സംസ്കരണം തൃപ്തികരമായി വീടുകളിൽ നടത്തുന്നവർ 31 ശതമാനം, മാലിന്യത്തിൽ നിന്നും കമ്പോസ്റ്റുണ്ടാക്കുന്നവർ 44 ശതമാനം, മാലിന്യം കുഴികളിൽ നിക്ഷേപിക്കുന്നവർ 30 ശതമാനം മാലിന്യം മൃഗങ്ങൾക്കും പക്ഷികൾക്കും തീറ്റയായി നൽകുന്നവർ 29 ശതമാനം ജൈവ അജൈവ മാലിന്യം കൂട്ടിയിട്ടു കത്തിക്കുന്നവർ 11 ശതമാനം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു കൈമാറുന്നവർ നാല് ശതമാനം എന്നിങ്ങനെയാണ് കണ്ടെത്തിയിരുന്നത്.

2017 ൽ ഹരിതകേരളം പ്രവർത്തനങ്ങൾ ആരംഭിക്കുന്ന ഘട്ടത്തിൽ ശാസ്ത്രീയമായ അജൈവമാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉണ്ടായിരുന്നത് കണ്ണൂർ ജില്ലയിലെ ചെമ്പിലോട്, കതിരൂർ, പത്തനംതിട്ട ജില്ലയിലെ ഇരവിപേരൂർ തുടങ്ങിയ ചുരുക്കം ചില ഗ്രാമപഞ്ചായത്തുകളിലും ആറ്റിങ്ങൽ, വടക്കൻ പറവൂർ, ചിറ്റൂർ തത്തമംഗലം, ആലപ്പുഴ തുടങ്ങിയ നഗരസഭകളിലും മാത്രമാണ്.

മിക്ക മുനിസിപ്പൽ കോർപ്പറേഷനുകളിലും

നഗരസഭകളിലും വലിയ അളവിൽ മാലിന്യം ഉൽപ്പാദിപ്പിച്ചിരുന്നു. ഇവിടങ്ങളിലൊക്കെ ജൈവ അജൈവ മാലിന്യങ്ങൾ ഒരുമിച്ച് ശേഖരിച്ച് കൂമ്പാരം കൂട്ടിയിടുക മാത്രമാണ് ചെയ്തിരുന്നത്. ഇതിന്റെ ഫലമായി തിരുവനന്തപുരത്ത് വിളപ്പിൽശാല, കൊല്ലത്ത് കുരീപ്പുഴ, തൃശൂരിൽ ലാലൂർ, കോഴിക്കോട് ഞെളിയൻ പറമ്പ് തുടങ്ങിയ സ്ഥലങ്ങളിൽ വളരെ വലിയ ജനരോഷം ഉണ്ടാവുകയും ഇവയെല്ലാം അടച്ചുപൂട്ടുകയും ചെയ്തു. ഇത്തരമൊരു പ്രതികൂലാന്തരീക്ഷത്തിൽ നിന്നാണ് വലിയ മാറ്റം സൃഷ്ടിക്കാൻ ഹരിത കേരളം കാമ്പയിനിലൂടെ കഴിഞ്ഞത്.

ഉറവിടത്തിൽ മാലിന്യ സംസ്കരണം സാധ്യമല്ലാത്തവരുടെയും പൊതുനിരത്തുകൾ, ചന്തകൾ എന്നിവിടങ്ങളിലെയും ജൈവ മാലിന്യം സുരക്ഷിതമായി കൈകാര്യം ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 2117 കമ്മ്യൂണിറ്റി കമ്പോസ്റ്റ് യൂണിറ്റുകൾ (തുമ്പൂർ മൂഴി മാതൃക) സ്ഥാപിച്ച് പ്രവർത്തിപ്പിക്കുകയാണ്. ഇതു കൂടാതെ കമ്മ്യൂണിറ്റി തലത്തിൽ 210 ബയോഗ്യാസ് പ്ലാന്റുകളും പ്രവർത്തിക്കുന്നുണ്ട്. ജൈവ മാലിന്യം 52.93 ലക്ഷം വീടുകളിൽ ഏതെങ്കിലുമൊരു ഉപാധി സ്ഥാപിച്ച് ഉറവിടത്തിൽ സംസ്കരിക്കുന്നുണ്ട്. ഈ പ്രവർത്തനങ്ങളിലൂടെ കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന 70 ശതമാനത്തിലേറെ ജൈവ മാലിന്യം സംസ്കരിക്കുന്നതിനാവശ്യമായ സംവിധാനം പ്രവർത്തനക്ഷമമായിട്ടുണ്ട്. ഇറച്ചി മാലിന്യം സംസ്കരിക്കുന്നതിന് ആവശ്യമായ റെന്ററിംഗ് പ്ലാന്റുകൾ കാസർഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം, പാലക്കാട്, തൃശൂർ, എറണാകുളം ജില്ലകളിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നു. മുടി മാലിന്യം സംസ്കരിക്കുന്നതിനുള്ള ഒരു സ്വകാര്യ സംരംഭം കണ്ണൂരിൽ പ്രവർത്തനം ആരംഭിച്ചു. ആറ്റിങ്ങൽ നഗരസഭയുടെ ഒരു യൂണിറ്റും പ്രവർത്തനക്ഷമമായി വരുന്നു. ഇവ മറ്റു ജില്ലകളിൽ ആരംഭിക്കുന്നതിന് ചില സംരംഭകർ താത്പര്യം പ്രകടിപ്പിക്കുകയും അതനുസരിച്ചുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

അജൈവ മാലിന്യ ശേഖരണം, സംഭരണം തുടങ്ങിയവയ്ക്കൊന്നും പ്രാരംഭ ഘട്ടത്തിൽ സംവിധാനങ്ങൾ ഉണ്ടായിരുന്നില്ല. എന്നാൽ നിരന്തരമായ ഇടപെടലിലൂടെ വാതിൽപ്പടി ശേഖരണം നിലവിൽ വരികയും 48 ലക്ഷം വീടുകൾ, 2.57 ലക്ഷം സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും ഹരിതകർമ്മസേന അജൈവ മാലിന്യം ശേഖരിച്ച് സംസ്കരണത്തിനായി കൈമാറുന്നു. അജൈവ മാലിന്യത്തിന്റെ പ്രാഥമിക ശേഖരണത്തിന് 1339 മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളും 2825 മിനി മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളും പ്രവർത്തിക്കുന്നു. ശേഖരിക്കുന്ന അജൈവമാലിന്യങ്ങളിൽ നിന്നും പുനഃചംക്രമണ, പുനരുപയോഗ സാധ്യമായവ കണ്ടെത്തി തരംതിരിക്കുന്നതിനും ഷ്രെഡ് ചെയ്തും ബെയിൽ ചെയ്തും സംസ്കരണത്തിനായി കൈയൊഴിയാൻ 157 റിസോഴ്സ് റിക്കവറി ഫെസിലിറ്റികൾ പ്രവർത്തിക്കുന്നുണ്ട്. ഇപ്പോൾ 850 ഗ്രാമപഞ്ചായത്തുകളിലും 88 നഗരസഭകളിലുമായി 938 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഹരിതകർമ്മസേന പ്രവർത്തനക്ഷമമാണ്. 28,632 അംഗങ്ങൾ ഉള്ള ഈ ഹരിതകർമ്മസേന 1551 സംരംഭ ഗ്രൂപ്പുകളായാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്.

അജൈവ മാലിന്യ സംസ്കരണത്തിന് സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്ന ക്ലീൻ കേരള കമ്പനി ലിമിറ്റഡിന്റെ പ്രവർത്തനങ്ങൾ ഈ കാലത്ത് കാര്യക്ഷമമാക്കാൻ കഴിഞ്ഞിട്ടുണ്ട്. 1590.6 ടൺ പ്ലാസ്റ്റിക് ഉപയോഗിച്ച് 2445.27 കി.മീ. റോഡ് തദ്ദേശ സ്വയംഭരണ വകുപ്പും പൊതുമരാമത്ത് വകുപ്പും ചേർന്ന് റോഡ് ടാർ ചെയ്തു. 1553.467 ടൺ ഇലക്ട്രോണിക് മാലിന്യം ശേഖരിക്കുകയും പുനചംക്രമണ വ്യവസായത്തിനു കൈമാറുകയും ചെയ്തു.

മാലിന്യത്തിന്റെ അളവു കുറക്കുന്നതിനാണ് എല്ലാ സർക്കാർ ഓഫീസുകളിലും ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കാൻ തീരുമാനിച്ചത്. സംസ്ഥാനത്ത് 10010 സർക്കാർ ഓഫീസുകളിലും 9939 ഇതര സ്ഥാപനങ്ങളിലും ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കാൻ കഴിഞ്ഞു. കൂടാതെ കേരളത്തിൽ നടക്കുന്ന വലുതും ചെറുതമായ ഉത്സവങ്ങൾ, ആഘോഷങ്ങൾ, വിവാഹ ചടങ്ങുകൾ, തെരഞ്ഞെടുപ്പുകൾ, മന്ത്രിമാർ പങ്കെടുക്കുന്ന എല്ലാ പരിപാടികളും സത്യപ്രതിജ്ഞാ ചടങ്ങുകൾ, സ്കൂൾ കലാ കായിക ഉത്സവങ്ങൾ, അന്താരാഷ്ട്ര ക്രിക്കറ്റ് മത്സരങ്ങൾ എന്നിവയെല്ലാം തന്നെ ഗ്രീൻ പ്രോട്ടോക്കോൾ പാലിച്ചാണ് നടത്തുന്നത്. നല്ല നിലയിൽ ഗ്രീൻ പ്രോട്ടോക്കോൾ

പാലിക്കുന്നവരെ പുരസ്കാരം നൽകി ആദരിക്കുകയും ചെയ്യുന്നു.

തൊഴിലുറപ്പ് മിഷന്റെ സഹായത്തോടെ 11828 കമ്പോസ്റ്റ് കുഴികളും 6450 സോക്ക്പിറ്റുകളും 686 മിനി എം.സി.എഫുകളും സ്ഥാപിച്ചിട്ടുണ്ട്. അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി മുഖേന മാലിന്യ ശേഖരണ സംസ്കരണത്തിനായി 1486 പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. മാലിന്യ സംസ്കരണ രംഗത്തെ നിയമലംഘകരെ കണ്ടെത്തി നടപടി സ്വീകരിക്കുന്നതിന് നൽകിയ നിയമ ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി നഗരസഭകളിൽ 2019-20 കാലഘട്ടത്തിൽ 4988 കേസുകളും ഗ്രാമപഞ്ചായത്തുകളിൽ 3249 പരിശോധനകളും നടത്തുകയും 1.32 കോടി രൂപ പിഴയായി ഈടാക്കുകയും ചെയ്തിട്ടുണ്ട്. ശുചിത്വ മാലിന്യ സംസ്കരണ രംഗത്ത് ശാസ്ത്രീയമായ സംവിധാനങ്ങളില്ലാതിരുന്നിടത്താണ് കഴിഞ്ഞ നാല് വർഷം കൊണ്ട് വൻ മുന്നേറ്റം സൃഷ്ടിക്കാൻ കഴിഞ്ഞത്. ഇതിനെ സുസ്ഥിരമാക്കുകയാണ് അടുത്ത ഘട്ട പ്രവർത്തനത്തിലെ ലക്ഷ്യം.

## ജൈവമാലിന്യ സംസ്കരണം

2016 ലെ മാലിന്യ സംസ്കരണ ചട്ടങ്ങൾ പ്രകാരം ജൈവമാലിന്യം ഉറവിടത്തിൽ തരംതിരിച്ചു സംസ്കരിക്കേണ്ട ഉത്തരവാദിത്തം ഉൽപ്പാദകനുണ്ട്. ജൈവമാലിന്യം ജൈവവളമാക്കി മണ്ണിന്റെ ജൈവിക ഘടന സമ്പുഷ്ടമാക്കാൻ പ്രയോജനപ്പെടുത്തണമെന്നും ചട്ടങ്ങൾ വ്യവസ്ഥ ചെയ്യുന്നുണ്ട്. നമ്മുടെ സംസ്ഥാന നയവും ഇക്കാര്യത്തിൽ വ്യക്തമായ സമീപനവും കർമ്മപരിപാടിയും ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. ഹരിതകേരളം ലക്ഷ്യമിട്ടുകൊണ്ടുള്ള ശുചിത്വ കേരളം കർമ്മ പരിപാടിയിലും ജൈവമാലിന്യം ഉറവിടത്തിൽ സംസ്കരിച്ച് ജൈവവളം ഉൽപ്പാദിപ്പിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. കേരളത്തിൽ പ്രതിദിനം 7700 ടൺ ജൈവമാലിന്യം ഉണ്ടാകുന്നതായി കണക്കാക്കുന്നു. ഇത് കൈകാര്യം ചെയ്യുന്നതിനായി വീടുകളിലും സ്ഥാപനങ്ങളിലും ഉറവിട ജൈവമാലിന്യം സംസ്കരണം ഉറപ്പാക്കാൻ ബയോഗ്യാസ് പ്ലാന്റുകൾ, വെർമി കമ്പോസ്റ്റ്, റിംഗ് കമ്പോസ്റ്റ്, പൈപ്പ് കമ്പോസ്റ്റ്, കമ്പോസ്റ്റ് പിറ്റ്, കിച്ചൻ ബിൻ കമ്പോസ്റ്റ് റിംഗ്, ബയോഡൈജസ്റ്റർ തുടങ്ങിയ സംവിധാനങ്ങൾ സ്ഥാപിക്കാൻ 90% സബ്സിഡി നൽകുന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സമഗ്ര മാലിന്യ സംസ്കരണ കർമ്മ പരിപാടിയുടെ ഭാഗമായി 52.93 ലക്ഷം വീടുകളിലും 36,480 സ്ഥാപനങ്ങളിലും 2117 കമ്മ്യൂണിറ്റി തലങ്ങളിലും ഉറവിടത്തിൽ തന്നെ ജൈവ മാലിന്യം സംസ്കരിക്കപ്പെടുന്നു. കൂടാതെ 92616 വീടുകളിലും 1419 സ്ഥാപനങ്ങളിലും 210 കമ്മ്യൂണിറ്റി തലങ്ങളിലും ബയോഗ്യാസ് പ്ലാന്റുകളുടേയും സേവനം പ്രയോജനപ്പെട്ടു വരുന്നു.

വീടുകളിലും സ്ഥാപനങ്ങളിലും ജൈവ മാലിന്യം ഉറവിടത്തിൽ സംസ്കരിക്കാൻ തുടങ്ങിയതോടെ കൃഷിയും സ്വാഭാവികമായി ആരംഭിച്ചുകഴിഞ്ഞു. കോവിഡ് കാലം നൽകിയ ആവശ്യകതയും ഗാർഹിക/സ്ഥാപന തല ജൈവവളം ലഭ്യതയും കൃഷിയെ പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. 2117 കമ്മ്യൂണിറ്റി കമ്പോസ്റ്റിംഗ് യൂണിറ്റുകളിലൂടെ ഉൽപ്പാദിപ്പിക്കുന്ന ജൈവവളം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കർഷകർക്ക് വിതരണം ചെയ്യുന്നുണ്ട്. 471 തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്നു മാത്രമായി പ്രതിവർഷം 12684.35 ടൺ ജൈവ വളം നിർമ്മിച്ച് കർഷകർക്ക് ലഭ്യമാക്കുന്നു. ഈ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജൈവമാലിന്യത്തിൽ നിന്നും ജൈവവളം ഉൽപ്പാദിപ്പിച്ച് ബ്രാൻഡ് ചെയ്ത് വിൽപ്പന തുടങ്ങിക്കഴിഞ്ഞു.

**സർക്കാർ വാഗ്ദാനവും നടപടിയും**

ഉറവിട മാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കാൻ വികേന്ദ്രീകൃത സംസ്കരണ സാങ്കേതിക വിദ്യകൾ വ്യാപകമാക്കും. ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കാൻ പ്രോത്സാഹിപ്പിക്കും. ഇതിനായി കമ്പോസ്റ്റിംഗ്, ബയോഗ്യാസ്, മണ്ണിര കമ്പോസ്റ്റിംഗ് എന്നീ സാങ്കേതികവിദ്യകളും ഉൾപ്പെടുത്തും. വീടുകളിലെ ജൈവമാലിന്യ പരിപാലനവും അടുക്കളത്തോട്ടങ്ങളുമായി ബന്ധിപ്പിച്ച് സുരക്ഷിത ഭക്ഷണം ഉറപ്പാക്കും.

## ജൈവവളം നിർമ്മിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിവരം

| ക്രമ നം | ജില്ല | എണ്ണം | തദ്ദേശ സ്വയം ഭരണ സ്ഥാപനം | പ്രതിവർഷം ഉൽപ്പാദിപ്പി ക്കുന്ന വളം/ ടൺ | കിലോ യ്ക്ക് നിശ്ചയിച്ചി ട്ടുള്ള വില | പേര് |
|---|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 1 | തിരുവനന്തപുരം | 1513 | സൗജന്യം | ഇല്ല |
| | | 2 | ആറ്റിങ്ങൽ | 288 | 4 രൂപ | ആറ്റിഗ്രീൻ |
| 2 | കൊല്ലം | 3 | കൊല്ലം | 300 | 2 | ഇല്ല |
| | | 4 | പുനലൂർ | 120 | സൗജന്യം | ഇല്ല |
| 3 | പത്തനംതിട്ട | 5 | കോന്നി | 5 | സൗജന്യം | കർഷക മിത്ര |
| 4 | ആലപ്പുഴ | 6 | ആലപ്പുഴ | 992 | സൗജന്യം | ഇല്ല |
| | | 7 | മുളക്കുഴ | 85 | സൗജന്യം | ഇല്ല |
| | | 8 | വയലാർ | 15 | സൗജന്യം | ഇല്ല |
| | | 9 | പുളിക്കുന്ന് | 115 | സൗജന്യം | ഇല്ല |
| | | 10 | എടത്വ | 36 | സൗജന്യം | ഇല്ല |
| | | 11 | മാരാരിക്കുളം | 20 | സൗജന്യം | ഇല്ല |
| 5 | കോട്ടയം | 12 | ഞീഴൂർ | 36 | സൗജന്യം | ഇല്ല |
| | | 13 | കൂരോപ്പട | 3 | സൗജന്യം | ഇല്ല |
| 6 | ഇടുക്കി | 14 | കുമളി | 182.5 | 12 | ജൈവശരീ കുമളി |
| | | 15 | അടിമാലി | 10.95 | സൗജന്യം | ഇല്ല |
| | | 16 | നെടുങ്കണ്ടം | 3 | 12 | ഇല്ല |
| 7 | എറണാകുളം | 17 | എറണാകുളം | 4864 | 6 | എൻവിറോ ഗ്രീൻ |
| | | 18 | പറവൂർ | 36 | 8 | ഇല്ല |
| | | 19 | തൃപ്പൂണിത്തുറ | 9 | സൗജന്യം | ഇല്ല |
| | | 20 | മൂവാറ്റുപുഴ | 180 | 5 | പേരിട്ടിട്ടില്ല |
| | | 21 | കോതമംഗലം | 144 | 12 | പേരിട്ടിട്ടില്ല |
| 8 | തൃശൂർ | 22 | പഴയന്നൂർ | 64 | 15 | കൃഷിമിത്രം |
| | | 23 | കുന്ദംകുളം | 200 | 15 | സമതഗ്രീൻ |
| | | 24 | ചാവക്കാട് | 60 | 12 | കർഷകാ മൃതം |
| | | 25 | ഗുരുവായൂർ | 300 | 15 | ഹരിതം |
| | | 26 | കൊടുങ്ങല്ലൂർ | 192 | 14 | നാട്ടുപച്ച |

| | | | | | | |
|---|---|---|---|---|---|---|
| 9 | പാലക്കാട് | 27 | പാലക്കാട് | 460.8 | 3 | പേരിട്ടിട്ടില്ല |
| | | 28 | ചിറ്റൂർ തത്തമംഗലം | 36 | 15 | അമൃതകം |
| | | 29 | ഒറ്റപ്പാലം | 144 | സൗജന്യം | പേരിട്ടിട്ടില്ല |
| | | 30 | പുതുപ്പരിയാരം | 60 | 15 | സമൃദ്ധി |
| | | 31 | കൊടുവായൂർ | 36 | 10 | വെർമി കമ്പോസ്റ്റ് |
| | | 32 | ആലത്തൂർ | 230 | 8 | അതിജീവനം |
| | | 33 | അകത്തേത്തറ | 18 | 10 | പേരിട്ടിട്ടില്ല |
| | | 34 | ശ്രീകണ്ഠപുരം | 14.4 | സൗജന്യം | ശുചിത്വ മിത്രം |
| 10 | മലപ്പുറം | 35 | തിരൂർ | 12 | 5 | പേരിട്ടിട്ടില്ല |
| 11 | കോഴിക്കോട് | 36 | കൊയിലാണ്ടി | 66 | 10 | സഹയോഗ് |
| | | 37 | ഏറാമല | 150 | 10 | ജൈവ മിത്രം |
| | | 38 | വടകര | 75 | 15 | ഹരിയാലി |
| | | 39 | ഫറോക്ക് | 4 | സൗജന്യം | ഇല്ല |
| | | 40 | മുക്കം | 5 | സൗജന്യം | ഇല്ല |
| | | 41 | നടുവണ്ണൂർ | 0.1 | സൗജന്യം | ഇല്ല |
| | | 42 | കോഴിക്കോട് | 1500 | 2 | സിറ്റി കമ്പോസ്റ്റ് |
| 12 | വയനാട് | 43 | മീനങ്ങാടി | 54 | സൗജന്യം | പേരിട്ടിട്ടില്ല |
| 13 | കണ്ണൂർ | 44 | മട്ടന്നൂർ | 6 | 20 | ഇല്ല |
| | | 45 | തളിപ്പറമ്പ് | 3.6 | 15 | നിർമ്മൽ |
| | | 46 | ഇരിട്ടി | 24 | സൗജന്യം | പേരിട്ടിട്ടില്ല |
| 14 | കാസർഗോഡ് | 47 | അജാനൂർ | 12 | സൗജന്യം | പേരിട്ടിട്ടില്ല |
| | | | **ആകെ** | **12684.35 ടൺ** | | |

## ജൈവമാലിന്യ സംസ്കരണവും കൃഷിയും

ജൈവമാലിന്യത്തെ കമ്പോസ്റ്റാക്കി ഗുണമേന്മയുള്ള ജൈവവളം ഉൽപ്പാദിപ്പിച്ച് കൃഷിയുമായി ബന്ധിപ്പിക്കുമെന്നാണ് സർക്കാർ പ്രഖ്യാപിച്ചത്. ഈ രംഗത്ത് വലിയ കുതിച്ചുചാട്ടമാണ് നടത്തിയിരിക്കുന്നത്. 52.93 ലക്ഷം വീടുകളിൽ ജൈവമാലിന്യം ഉറവിടത്തിൽ സംസ്കരിക്കുന്നു. 14 ജില്ലകളിൽ 2117 സാമൂഹ്യ കമ്പോസ്റ്റിംഗ് യൂണിറ്റുകളിലൂടെ ജൈവവളം ഉൽപ്പാദിപ്പിച്ച് കർഷകർക്ക് നൽകുന്നു. കിലോക്ക് 2 രൂപ മുതൽ 20 വരെ വില ഈടാക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുണ്ട്. അപൂർവം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സൗജന്യമായും കർഷകർക്ക് നൽകുന്നുണ്ട്. വരുന്ന വർഷം കൂടുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജൈവവളം ഉൽപ്പാദിപ്പിക്കുന്നതിലേക്ക് വരും. ഇതിന്റെ ഗുണമേന്മ പരിശോധനയും സമ്പുഷ്ടീകരണവും വില നിശ്ചയിക്കലും തുടങ്ങിയവയ്ക്ക് കൃത്യമായ മാർഗ്ഗനിർദ്ദേശം നൽകുന്നതിനുള്ള ക്രമീകരണം കൃഷി വകുപ്പുമായി ചേർന്ന് തയ്യാറാക്കിയിട്ടുണ്ട്.

## അജൈവ മാലിന്യ സംസ്കരണം

കേരളത്തിൽ പ്രതിവർഷം ഉൽപ്പാദിപ്പിക്കുന്ന അജൈവ പാഴ്‌വസ്തുക്കളുടെ അളവ് 10,26,497 മെട്രിക് ടൺ എന്നാണ് കണക്കാക്കിയിരിക്കുന്നത്. ഹരിതകേരളം മിഷന്റെ

രൂപീകരണത്തിനു മുമ്പു വരെ ഇവ ശേഖരിക്കുന്നതിനോ സുരക്ഷിതമായി കൈയൊഴിയുന്നതിനോ യാതൊരുവിധ സംവിധാനവും കാര്യക്ഷമമായി പ്രവർത്തിച്ചിരുന്നില്ല. പാഴ്‌വസ്തുക്കൾ ശേഖരിക്കുന്നതിന് ആക്രി വ്യാപാരികൾ എന്നറിയപ്പെട്ടിരുന്ന വ്യാപാര സമൂഹം മാത്രമാണ് ഈ രംഗത്ത് പ്രവർത്തിച്ചിരുന്നത്. അതുകൊണ്ടുതന്നെ ഉൽപ്പാദിപ്പിക്കപ്പെട്ടിരുന്ന പാഴ്‌വസ്തുക്കളുടെ ഒരു ചെറിയ ശതമാനം മാത്രമാണ് ശേഖരിക്കുകയും കൈയൊഴിയുകയും ചെയ്തിരുന്നത്. മഹാ ഭൂരിപക്ഷം വരുന്ന അജൈവ പാഴ്‌വസ്തുക്കൾ മണ്ണിലും ജലസ്രോതസ്സുകളിലും ഉപേക്ഷിക്കപ്പെട്ട് മലിനമാക്കുകയാണ് ചെയ്തിരുന്നത്. ഇത് പ്രകൃതിയെയും പരിസ്ഥിതിയെയും കൃഷിയെയും ജന്തുക്കളെയും ജലജന്യ ജീവികളെയും സർവ്വോപരി സമൂഹത്തെയാകെത്തന്നെ ദോഷകരമായി ബാധിച്ചുകൊണ്ടിരിക്കുന്നു.

ആകെ ഉൽപ്പാദിപ്പിക്കുന്ന അജൈവ പാഴ്‌വസ്തുക്കളെ താഴെപ്പറയുന്ന വിധത്തിൽ തരംതിരിക്കാവുന്നതാണ്.

| | |
|---|---|
| പേപ്പർ | 28% |
| പ്ലാസ്റ്റിക് | 18% |
| സാനിട്ടറി മാലിന്യം | 14% |
| തുണിയും കത്തുന്ന മറ്റു മാലിന്യങ്ങളും | 14% |
| ഇലക്ട്രോണിക് | 11% |
| റബ്ബർ/തുകൽ | 7% |
| ലോഹം | 4% |
| ചില്ലുകുപ്പി | 4% |

ഇത്തരത്തിലുള്ള അജൈവ പാഴ്‌വസ്തുക്കൾ സുരക്ഷിതമായി പരിപാലിച്ച് കൈകാര്യം ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ താഴെപ്പറയുന്ന സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത്. കൃത്യമായ കലണ്ടറിന്റെ അടിസ്ഥാനത്തിൽ അജൈവ പാഴ്‌വസ്തു ശേഖരിക്കുന്ന രീതിയിലേക്ക് പ്രവർത്തനങ്ങൾ വളർന്നു കഴിഞ്ഞു. മാത്രമല്ല, ക്ലീൻ കേരള കമ്പനിയുമായി കരാർ വച്ച് മൂന്ന് മാസത്തിലൊരിക്കൽ നിശ്ചയിച്ച് പ്രഖ്യാപിക്കുന്ന നിരക്ക് അനുസരിച്ച് അജൈവ പാഴ്‌വസ്തു ശേഖരിക്കുന്നരീതിയിലേക്ക് പ്രവർത്തനങ്ങൾ മാറ്റിക്കഴിഞ്ഞു. (ക്ലീൻ കേരള കമ്പനിയുടെ കലണ്ടറും വില പട്ടികയും അനുബന്ധമായി ചേർത്തിട്ടുണ്ട്.)

## ഹരിതകർമ്മസേന

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മാലിന്യവുമായി ബന്ധപ്പെട്ടു വരുന്ന ചുമതലകൾ നിർവഹിക്കുന്നതിനാണ് ഹരിതകർമ്മസേനകൾ രൂപീകരിക്കപ്പെട്ടത്. ഉറവിട മാലിന്യ സംസ്കരണത്തിനാവശ്യമായ സാങ്കേതിക സഹായം ലഭ്യമാക്കി മുഴുവൻ വീടുകളിലും സ്ഥാപനങ്ങളിലും കൃത്യമായ രീതിയിൽ ജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നു എന്നുറപ്പ് വരുത്തുക, ഉറവിട മാലിന്യ സംസ്കരണം അസാധ്യമായവർക്ക് പൊതു സംവിധാനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ സ്ഥാപിച്ച് പരിപാലിക്കുക, അജൈവ പാഴ്‌വസ്തുക്കളുടെ ശേഖരണം ഉറപ്പു വരുത്തുക, അവയുടെ ശരിയായ സംസ്കരണ സംവിധാനം ഏർപ്പാടാക്കുക, മാലിന്യങ്ങളുടെ അളവ് കുറക്കുന്നതിനുള്ള ഉപാധികളായ ഗ്രീൻപ്രോട്ടോക്കോൾ സേവനങ്ങൾ ലഭ്യമാക്കുക, വസ്തുക്കളുടെ പുനരുപയോഗം സാധ്യമാക്കുന്നതിന് സ്വാപ് ഷോപ്പുകൾ സംഘടിപ്പിക്കുക തുടങ്ങിയ ചുമതലകൾ നിർവഹിക്കുന്നതിനാണ് കുടുംബശ്രീ മിഷന്റെ സഹകരണത്തോടെ സംരംഭകത്വ മാതൃകയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഹരിതകർമ്മസേനയ്ക്ക് രൂപം നൽകിയാണ് പ്രവർത്തനങ്ങൾ നടന്നു വരുന്നത്.

കേരളത്തിലെ 941 ഗ്രാമപഞ്ചായത്തുകൾ ഉള്ളതിൽ 850 ലും 93 നഗരസഭകൾ ഉള്ളതിൽ 88 ലും ഹരിതകർമ്മസേനകൾ പ്രവർത്തിക്കുന്നു. ഗ്രാമപഞ്ചായത്തുകളിൽ 1014 യൂണിറ്റും നഗരസഭകളിൽ 537 യൂണിറ്റും ആകെ 1551 മൈക്രോ എന്റർപ്രൈസസ് യൂണിറ്റുകളാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. ഗ്രാമപഞ്ചായത്തുകളിൽ 23,374 ഉം നഗരസഭകളിൽ 5258 ഉം ആകെ 28,632 അംഗങ്ങളാണ് ഹരിതകർമ്മസേനയിൽ ഉള്ളത്. നിലവിൽ 3465 രൂപയാണ് ഒരു ഹരിതകർമ്മ സേനാംഗത്തിന്റെ പ്രതിമാസ ശരാശരി വരുമാനം. വരുമാനം ഉയർത്തുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ മാലിന്യ സംസ്കരണവുമായി ബന്ധപ്പെടുത്തി ആവിഷ്കരിച്ചിട്ടുണ്ട്. ഹരിതകർമസേനകളുടെ പ്രവർത്തനം ചിട്ടപ്പെടുത്തുന്നതിന് വി.ജി.എഫ്., ആരോഗ്യ സുരക്ഷ ഉപാധികൾ, വാഹന

സൗകര്യം തുടങ്ങിയവയുമായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പദ്ധതിയുടെ ഭാഗമായി സാമ്പത്തിക സഹായം നൽകുന്നുണ്ട്. ഹരിത കർമ്മസേന അംഗങ്ങളെക്കുറിച്ചുള്ള സ്ഥിതി വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.

## മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികൾ (എം.സി.എഫ്)

വിഭവങ്ങളുടെ പുനഃചംക്രമണം പ്രോത്സാഹിപ്പിച്ച് മാലിന്യത്തിന്റെ അളവു കുറയ്ക്കുക, പുതിയ ഉല്പന്നങ്ങൾക്കായി പ്രകൃതി വിഭവങ്ങളെ ഉപയോഗപ്പെടുത്തുന്നത് പരിമിതപ്പെടുത്തുക, കാര്യക്ഷമമായ പുനഃചംക്രമണ ശൃംഖല സൃഷ്ടിച്ച് സാധ്യമാവുന്ന എല്ലാ പാഴ്വസ്തുക്കളും പുനഃചംക്രമണത്തിനു വിധേയമാക്കുക എന്നീ ലക്ഷ്യങ്ങളോടെ അജൈവമാലിന്യ സംസ്കരണം കാര്യക്ഷമമാക്കുന്നതിന് മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികൾ സ്ഥാപിക്കുകയാണ് ചെയ്തിട്ടുള്ളത്. ഹരിതകർമ്മസേനകൾ മുഖേന വീടുകളിലും കച്ചവട സ്ഥാപനങ്ങളിലും നിന്നും ശേഖരിക്കുന്ന അജൈവ പാഴ്വസ്തുക്കൾ വാർഡ് അടിസ്ഥാനത്തിലും തദ്ദേശ സ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിലും സ്ഥാപിച്ചിട്ടുള്ളള മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളിൽ എത്തിക്കുകയാണ് ചെയ്യുന്നത്. ഇവിടെ വച്ച് പ്രാഥമിക തരംതിരിവ് നടത്തി മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളെ ബെയിൽ ചെയ്യുന്നതിനും അല്ലാത്തവയെ റോഡ് ടാർ ചെയ്യുന്നതിന് പൊടിക്കുന്നതിനും ബ്ലോക്ക്/നഗരസഭാ അടിസ്ഥാനത്തിൽ സ്ഥാപിച്ചിട്ടുള്ള റിസോഴ്സ് റിക്കവറി സെന്ററുകളിലേക്ക് മാറ്റുകയാണ് ചെയ്യുന്നത്.

ഗ്രാമപഞ്ചായത്തുകളിൽ 943 എണ്ണവും നഗരസഭകളിൽ 396 എണ്ണവും ഉൾപ്പെടെ 1339 മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികൾ സ്ഥാപിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇത് കൂടാതെ തൊഴിലുറപ്പ് മിഷന്റെ സഹകരണത്തോടെ വാർഡ് അടിസ്ഥാനത്തിൽ ഇതുവരെ 686 മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികൾ സ്ഥാപിച്ചിട്ടുണ്ട്.

## റിസോഴ്സ് റിക്കവറി ഫെസിലിറ്റികൾ (ആർ.ആർ.എഫ്)

പ്രാഥമിക ശേഖരണം നടത്തുന്ന അജൈവ പാഴ്വസ്തുക്കളിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ കണ്ടെത്തി ബെയിൽ ചെയ്തു ശേഖരിക്കുന്നതിനും കനം കുറഞ്ഞ പ്ലാസ്റ്റിക് പൊടിയാക്കി പോളിമറൈസേഷന് ഉപയോഗിക്കുന്നതിനുമാണ് റിസോഴ്സ് റിക്കവറി സെന്ററുകൾ സ്ഥാപിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്തുകളിലെ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളിൽ സൂക്ഷിക്കുന്ന ഇത്തരം അജൈവ പാഴ്വസ്തുക്കൾ ബ്ലോക്ക്/നഗരസഭാ അടിസ്ഥാനത്തിൽ സ്ഥാപിച്ചിട്ടുള്ള ആർ.ആർ.എഫുകളിലാണ് ശേഖരിക്കുന്നത്. കേരളത്തിൽ ഇത്തരത്തിൽ 157 റിസോഴ്സ് റിക്കവറി ഫെസിലിറ്റികൾ പ്രവർത്തിച്ചു വരുന്നു. എം.സി.എഫ്., ആർ.ആർ.എഫ്. എന്നിവ സംബന്ധിച്ച ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.

## അജൈവ പാഴ്വസ്തു ശേഖരണം

സംസ്ഥാനത്ത് പ്രതിവർഷം 10,26,497 മെട്രിക് ടൺ അജൈവ പാഴ്വസ്തുക്കൾ ഉൽപ്പാദിപ്പിക്കുന്നതായാണ് കണക്കാക്കിയിട്ടുള്ളത്. ഇതിൽ 6,47,130 മെട്രിക് ടൺ പാഴ്വസ്തുക്കൾ ശേഖരിക്കുന്നുണ്ട്. ഹരിതകർമ്മസേനകൾ മുഖേന 47,91,318 വീടുകളിൽ നിന്നും 2,57,478 കച്ചവട സ്ഥാപനങ്ങളിൽ നിന്നും അജൈവ പാഴ്വസ്തുക്കൾ ശേഖരിക്കുന്നു. കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന അജൈവപാഴ്വസ്തുക്കളിൽ 63% ഇത്തരത്തിൽ കൈകാര്യം ചെയ്യുകയാണ്.

അജൈവ പാഴ്വസ്തുക്കൾ ശേഖരിക്കുന്നതിന്റെ ജില്ലാടിസ്ഥാനത്തിലുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

**സർക്കാർ വാഗ്ദാനവും നടപടിയും**

അജൈവ മാലിന്യങ്ങളുടെ ശേഖരണത്തിനും സുരക്ഷിത നിർമ്മാർജ്ജനത്തിനും കുടുംബശ്രീ സംരംഭങ്ങളായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ലാഭകരമായി പ്രവർത്തിക്കാനുള്ള റിസോഴ്സ് റിക്കവറി സംരംഭങ്ങൾ സ്ഥാപിക്കും. ജൈവവള ഉൽപ്പാദനവും വിപണനവും ഗാർഹിക, സ്ഥാപനതലങ്ങളിൽ ഉണ്ടാകുന്ന ഹാനികരമായ മാലിന്യങ്ങളെയും ഇലക്ട്രോണിക് മാലിന്യങ്ങളെയും സുരക്ഷിത നിർമ്മാർജ്ജനവും കൈകാര്യം ചെയ്യാൻ ഈ സംരംഭങ്ങളെ പ്രാപ്തമാക്കും.

## റോഡ് ടാറിംഗിന് പ്ലാസ്റ്റിക് മാലിന്യം

50 മൈക്രോണിൽ താഴെയുള്ളതും പുനഃചംക്രമണ സാധ്യമല്ലാത്തതുമായ പ്ലാസ്റ്റിക് പൊടിച്ച് റോഡ് ടാറിംഗിനു ബിറ്റുമിനുമായി ചേർത്ത് ഉപയോഗിക്കുന്നു. സംസ്ഥാന പൊതു മരാമത്തു വകുപ്പും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും നാഷണൽ ഹൈവേ അതോറിറ്റിയും ചേർന്ന് 1590.6 ടൺ പ്ലാസ്റ്റിക് ഉപയോഗിച്ച് 2445.27 കി.മീ. റോഡ് നിർമ്മാണം നടത്തിയിട്ടുണ്ട്. പ്ലാസ്റ്റിക് വിൽപ്പന നടത്തിയ ഇനത്തിൽ 2,25,45,600 രൂപ വരുമാനമായി ലഭിച്ചിട്ടുണ്ട്.

## ഇ – വേസ്റ്റ്

ഹരിതകേരളം മിഷന്റെ ഇടപെടലിലൂടെ കേരളത്തിലെ സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും 1553.467 മെട്രിക് ടൺ ഇ-വേസ്റ്റ് ശേഖരിക്കുകയും റീസൈക്ലിംഗ് ഇൻഡസ്ട്രിക്കു കൈമാറുകയും ചെയ്തിട്ടുണ്ട്. ക്ലീൻ കേരള കമ്പനി വഴിയാണ് ഈ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളത്.

**സർക്കാർ വാഗ്ദാനവും നടപടിയും**
ഇലക്ട്രോണിക്, ബയോമെഡിക്കൽ മാലിന്യങ്ങൾ, അപകടകരമായ മാലിന്യങ്ങൾ എന്നിവ സംഭരിച്ച് കേന്ദ്ര സർക്കാർ അംഗീകരിച്ച ഏജൻസികൾക്ക് കൈമാറും

## പൊതു ശുചീകരണ യജ്ഞം

മഴക്കാല പൂർവ്വ ശുചീകരണത്തിന്റെയും പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങളുടെയും കേരളത്തിലുണ്ടായ പ്രളയാനന്തര പ്രവർത്തനങ്ങളുടെയും ഭാഗമായ നിരവധി തവണ ബഹുജന പങ്കാളിത്തത്തോടു കൂടിയുള്ള ശുചീകരണ യജ്ഞങ്ങൾ സംഘടിപ്പിക്കുകയുണ്ടായി. ഇതിലൂടെ 26,656.485 മെട്രിക് ടൺ മാലിന്യം ശേഖരിച്ചു. പുനഃചംക്രമണ പുനരുപയോഗ സാധ്യമല്ലാത്ത ഈ മാലിന്യങ്ങൾ കേരള എൻവിറോ ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് മുഖേന സാനിട്ടറി ലാന്റ് ഫിൽ നടത്തുകയാണ് ചെയ്തത്.

**സർക്കാർ വാഗ്ദാനവും നടപടിയും**
സുരക്ഷിതമായ മാലിന്യ സംസ്കരണത്തിനും പാരിസ്ഥിതിക ആരോഗ്യ സംരക്ഷണത്തിനും സംസ്ഥാനമൊട്ടാകെ ജനകീയാസൂത്രണ മാതൃകയിൽ ഒരു കാമ്പയിന് രൂപം നൽകും. പ്ലാസ്റ്റിക് പോലുള്ള പരിസ്ഥിതിക്ക് ദോഷം വരുത്തുന്ന ഉൽപ്പന്നങ്ങളുടെ ഉപയോഗം കുറയ്ക്കുന്നതിന് ബദൽ ഉൽപ്പന്നങ്ങളെ പ്രോത്സാഹിപ്പിക്കും.

## എ.സി.സി. സിമന്റുമായി കരാർ

വീടുകളിലും സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന ഒരു നിശ്ചിത ശതമാനം അജൈവ പാഴ്വസ്തുക്കൾ പുനരുപയോഗ പുനഃചംക്രമണ സാധ്യമല്ലാത്തവയാണ്. ഇവ പരിസ്ഥിതിക്കു ദോഷം ഉണ്ടാക്കുന്നവയുമാണ്. ഇവ ഇന്ധനമായി മാത്രമേ ഉപയോഗിക്കാൻ കഴിയുകയുള്ളൂ. ആയതിനാൽ സിമന്റ് ഫാക്ടറിയിൽ ഉപയോഗിക്കുന്നതിന് സർക്കാരുമായി കൂടിയാലോചിച്ച് എ.സി.സി. സിമന്റുമായി കരാറിൽ ഏർപ്പെടുകയാണ് ചെയ്തിട്ടുള്ളത്.

## വികേന്ദ്രീകൃത മാലിന്യസംസ്കരണവും ഉപജീവന മേഖലയും

വികേന്ദ്രീകൃത – ഉറവിട മാലിന്യ സംസ്കരണരീതി കേവലം മാലിന്യ പ്രശ്നം മാത്രമല്ല പരിഹരിക്കുക, വലിയൊരു തൊഴിൽ മേഖല കൂടിയാണിത്. കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും ഹരിതകർമ്മ സേനാ ഗ്രൂപ്പുകളുണ്ട്. ഈ ഗ്രൂപ്പുകൾ ജൈവ മാലിന്യ സംസ്കരണത്തിനുള്ള സാങ്കേതിക സഹായം, അജൈവ മാലിന്യ ശേഖരണവും സംസ്കരണത്തിനായി കൈയ്യൊഴിയലും, ഗ്രീൻപ്രോട്ടോക്കോൾ സേവനം തുടങ്ങി മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് നേരിട്ടുവരുന്ന തൊഴിലുകൾ ചെയ്യുന്നു. മികച്ച രീതിയിൽ പ്രവർത്തിച്ചു തുടങ്ങിയ ഗ്രൂപ്പുകൾക്ക് ഇതിനകം പ്രതിമാസം 15000 രൂപയ്ക്ക് മുകളിൽ വരുമാനം കിട്ടിത്തുടങ്ങി. വാതിൽപ്പടി ശേഖരണത്തിലൂടെ 30 മുതൽ 60 രൂപ വരെ യൂസർഫീയായി ശേഖരിക്കുന്നുണ്ട്. ഈ തുക ഹരിതകർമ്മസേനക്കാണ് ലഭിക്കുക. യൂസർഫീ ശേഖരണം പൂർണ്ണമാകുന്നതോടെ എല്ലാ ഹരിതകർമ്മസേനാ ഗ്രൂപ്പുകൾക്കും മികച്ച വരുമാനം ലഭിച്ചു തുടങ്ങും. ഹരിതകർമ്മസേനാ ഗ്രൂപ്പുകൾ 1551 സംരംഭ ഗ്രൂപ്പുകളും തുടങ്ങിക്കഴിഞ്ഞു. അധിക വരു

മാനത്തിനു ഈ സംരംഭങ്ങൾ സഹായിക്കും. ജൈവമാലിന്യത്തെ ജൈവവളമാക്കി മാറ്റുന്ന സംരംഭങ്ങൾ കേരളത്തിൽ സജീവമായി പ്രവർത്തിച്ചു വരുന്നു. ഇതിലൂടെ മികച്ച വരുമാനം നേടുന്ന ഹരിതകർമ്മസേന ഗ്രൂപ്പുകളും ഉണ്ട്. പൊടിച്ച പ്ലാസ്റ്റിക് റോഡ് ടാറിംഗിനു ഉപയോഗിക്കുന്നതിലൂടെ 1.22 കോടി രൂപ പ്രതിവർഷം ലഭിക്കുന്നുണ്ട്. ഇങ്ങനെ മാലിന്യ സംസ്കരണം സാധ്യതയുള്ള ഒരു സംരംഭ മേഖലയാണ്. കൂടാതെ അജൈവ പാഴ്വസ്തു പുനഃചംക്രമണം, ചിക്കൻ വേസ്റ്റ് റെൻഡറിംഗ് യൂണിറ്റുകൾ, മുടി സംസ്കരണ യൂണിറ്റുകൾ എന്നിവയ്ക്കായി 29 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇത് മുഴുവനും തുടങ്ങിയിരിക്കുന്നത് യുവ സംരംഭകരാണെന്ന കാര്യവും ശ്രദ്ധേയമാണ്. ഹരിതകർമ്മസേനയുടെ വരുമാനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾ അനുബന്ധമായി നൽകിയിട്ടുണ്ട്.

പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കുന്നതിനായി ബദൽ ഉൽപ്പന്നങ്ങൾക്കായുള്ള 171 സംരംഭങ്ങൾ നിലവിൽ വന്നിട്ടുണ്ട്. ഗ്രീൻ ഇവന്റ് മാനേജ്മെന്റ് യൂണിറ്റുകൾ, റിപ്പയർ യൂണിറ്റുകൾ, സ്വാപ് ഷോപ്പുകൾ, തുണി അപ്സൈക്ലിംഗ് യൂണിറ്റുകൾ തുടങ്ങിയ സംരംഭങ്ങളും ആരംഭിച്ചിട്ടുണ്ട്. കേരളത്തിലെ സാഹചര്യത്തിൽ ഹരിതസംരംഭങ്ങൾക്ക് വലിയ സാധ്യത കാണുന്നുണ്ട്. ഇവയ്ക്ക് പുറമെ ജൈവമാലിന്യത്തിൽ നിന്നും ജൈവവളം ഉൽപ്പാദിപ്പിക്കൽ തുടങ്ങിയതോടെ ഗാർഹികതല കൃഷിയും വ്യാപകമായിട്ടുണ്ട്. മാലിന്യസംസ്കരണം പുതിയ തൊഴിൽസാധ്യതക്കൊപ്പം ഒരു പുതിയ ജീവിത ശൈലിക്കും വഴിയൊരുക്കിക്കഴിഞ്ഞു. ബദൽ ഉൽപ്പന്ന യൂണിറ്റുകൾ സംബന്ധിച്ച വിവരം അനുബന്ധമായി നൽകിയിട്ടുണ്ട്.

## ഗ്രീൻ പ്രോട്ടോക്കോൾ

ശാസ്ത്രീയ മാലിന്യ പരിപാലന വിഷയത്തിൽ ആഗോളതലത്തിലെ സങ്കൽപ്പങ്ങളാണ് റെഡ്യൂസ്, റീയൂസ്, റിസൈക്കിൾ എന്നിവ. മാലിന്യം രൂപപ്പെടുന്നതിന്റെ അളവ് കുറയ്ക്കുക, പരമാവധി പുനരുപയോഗിക്കുക ശേഷം പുന:ചംക്രമണത്തിന് വിധേയമാക്കുക എന്നതാണ് പ്രസ്തുത തത്വത്തിലൂടെ അർത്ഥമാക്കുന്നത്. ആയതിന്റെ ആദ്യ സങ്കൽപ്പമായ റെഡ്യൂസ് അഥവാ കുറയ്ക്കുക എന്ന സങ്കൽപ്പം നടപ്പിൽ വരുത്തുന്നതിന് രൂപപ്പെടുത്തിയ ആശയമാണ് ഗ്രീൻ പ്രോട്ടോക്കോൾ.

### എന്താണ് ഗ്രീൻപ്രോട്ടോക്കോൾ

ഒറ്റത്തവണ ഉപയോഗിച്ച് കളയുന്ന എല്ലാത്തരം വസ്തുക്കളുടെയും ഉപയോഗം ഒഴിവാക്കി പകരം വീണ്ടും ഉപയോഗിക്കാൻ കഴിയുന്ന പ്രകൃതി സൗഹൃദ വസ്തുക്കളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുക എന്നതാണ് ഗ്രീൻപ്രോട്ടോക്കോൾ തത്വം. ഒപ്പം നിത്യേന സംഘടിപ്പിക്കപ്പെടുന്ന എല്ലാ പരിപാടികളിലും പ്ലാസ്റ്റിക്കിന്റെ ഉപയോഗം പൂർണ്ണമായും ഒഴിവാക്കി പ്രകൃതി സൗഹൃദ വസ്തുക്കൾ ആഹാര പാനീയം വിളമ്പുന്നതിനും, അലങ്കാരത്തിനും പ്രചരണത്തിനും ഒക്കെയായി ഉപയോഗിക്കുക എന്ന ശീലവത്കരണമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. അത്തരം പ്രവർത്തനങ്ങളിലൂടെ മാലിന്യം രൂപപ്പെടുന്നതിന്റെ അളവ് ഗണ്യമായി കുറയ്ക്കുന്നതിന് സാധിക്കും.

### ഉത്ഭവം

2015 ൽ കേരളം ആതിഥ്യം വഹിച്ച ദേശീയ ഗെയിംസിന്റെ സംഘാടന സമയത്താണ് സംസ്ഥാനത്ത് ആദ്യമായി ഗ്രീൻ പ്രോട്ടോക്കോൾ എന്ന ആശയം രൂപപ്പെടുന്നത്. കേരള തായ്ക്കണ്ടോ അസോസിയേഷൻ, പെലിക്കൻ ഫൗണ്ടേഷൻ, തണൽ എന്നീ സംഘടനകളും ശുചിത്വമിഷനുമാണ് ആശയം രൂപപ്പെടുത്തിയത്. കേരളത്തിലെ ഏഴ് ജില്ലകളിലായി 113 വേദികളിലാണ് ദേശീയ ഗെയിംസ് സംഘടിപ്പിക്കപ്പെട്ടത്. 7000 ത്തോളം കായിക താരങ്ങളും 5000 ത്തോളം ഒഫിഷ്യലുകളും, ഓരോ വേദികളിലുമായി പ്രതിദിനം 30 ലക്ഷത്തിലധികം വരുന്ന കാണികളും ദേശീയ ഗെയിംസിന്റെ ഭാഗമായി. പതിമൂന്ന് ദിവസങ്ങളിലാണ് മത്സരങ്ങൾ നടന്നത്. പ്രസ്തുത കായിക താരങ്ങൾക്കും, ഉദ്യോഗസ്ഥർക്കും കാണികൾക്കുമായി ഭക്ഷണം, കുടിവെള്ളം, ലഘുഭക്ഷണം തുടങ്ങിയവയുടെ വിതരണത്തിനായി ലക്ഷക്കണക്കിന് ഡിസ്പോസബിൾ പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ ഉപയോഗിക്കുന്നതിന് സംഘാടക സമിതി ആദ്യം തീരുമാനിച്ചിരുന്നു. അതിൽ നിന്നും രൂപപ്പെടുന്ന ടൺ കണക്കിന് മാലിന്യത്തിന്റെ സാധ്യത മുന്നിൽകണ്ടുകൊണ്ട് ശുചിത്വമിഷൻ ദേശീയ ഗെയിംസ് 2015 ന്റെ സംഘാടക

സമിതിയുമായി നിരന്തരം നടത്തിയ ചർച്ചകളുടെ ഭാഗമായി ദേശീയ ഗെയിംസിൽ നിന്നും ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്/ ഡിസ്പോസബിൾ വസ്തുക്കൾ ഉൾപ്പെടെ എല്ലാ പ്ലാസ്റ്റിക് ഉൽപന്നങ്ങളും ഒഴിവാക്കുന്നതിന് തീരുമാനിക്കുകയും പകരം കഴുകി ഉപയോഗിക്കാവുന്ന പാത്രങ്ങളിൽ ആഹാരപാനീയ വിതരണം, ഭക്ഷണാവശിഷ്ടങ്ങൾ അതത് വേദികളിൽ തന്നെ വളമാക്കൽ, അഴുകാത്ത പാഴ്വസ്തുക്കൾ വൃത്തിയാക്കി സംഭരിച്ച് പുനഃചംക്രമണത്തിന് കൈമാറുന്നതിനായി താൽക്കാലിക എം.സി.എഫുകൾ എന്നിവ ഓരോവേദികളിലും വോളണ്ടിയർമാരുടെയും, സുമനസുകളുടെയും സ്പോൺസർഷിപ്പിലും ശുചിത്വമിഷന്റെ നേതൃത്വത്തിൽ സ്ഥാപിച്ചു. ഇതിനായി ഗ്രീൻ പ്രോട്ടോക്കോൾ കമ്മറ്റിയ്ക്ക് രൂപം നൽകി പ്രവർത്തിപ്പിച്ചു. ജനപ്രതിനിധികൾ, ജില്ലാ ഭരണകൂടങ്ങൾ, പൊതുജനങ്ങൾ, സന്നദ്ധ സംഘടനകൾ, സ്കൂൾ കോളേജ് തലങ്ങളിലെ സംഘടനകൾ, മുഖ്യധാര മാധ്യമങ്ങൾ എന്നിവർ നിസ്വാർത്ഥ സഹകരണമാണ് സാധ്യമാക്കിയത്. 800 ടണ്ണോളം മാലിന്യങ്ങൾ രൂപപ്പെടുമായിരുന്ന സാഹചര്യമാണ് പ്രസ്തുത പ്രവർത്തനത്തിലൂടെ ഒഴിവാക്കാനായത്.

## തുടർ പ്രവർത്തനങ്ങൾ

ദേശീയ ഗെയിംസിന്റെ പാത പിന്തുടർന്ന് ശബരിമല തീർത്ഥാടനം, മതാനുഷ്ടാനങ്ങൾ, ഉത്സവങ്ങൾ, സ്കൂൾ കലോത്സവങ്ങൾ, തുടങ്ങി വിവിധങ്ങളായ പരിപാടികളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഗ്രീൻ പ്രോട്ടോക്കോൾ മാതൃകാപരമായി നടപ്പിലാക്കുന്നതിന് സാധിച്ചു.

മാലിന്യ സംസ്കരണത്തിന് സാങ്കേതിക വിദ്യകളല്ല മറിച്ച് സ്വഭാവ രൂപീകരണവും അതിലൂടെ മാലിന്യത്തിന്റെ അളവ് പരമാവധി കുറയ്ക്കുകയും ശേഷിക്കുന്നവ ശാസ്ത്രീയമായി തരംതിരിച്ച് പരിപാലിക്കുകയുമാണ് വേണ്ടത് എന്ന ആശയത്തിന് ഇതോടെ സംസ്ഥാനത്ത് തുടക്കമാവുകയായിരുന്നു.

## സർക്കാർ നടപടികൾ

2016 ൽ അധികാരത്തിൽ വന്ന നിലവിലെ സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായി ഹരിതകേരളം മിഷൻ-ശുചിത്വ മാലിന്യ സംസ്കരണ ഉപദൗത്യം പ്രവർത്തനങ്ങളിൽ ഗ്രീൻ പ്രോട്ടോക്കോൾ കാമ്പയിനിന് സർക്കാർ പ്രാമുഖ്യം നൽകുകയും ഗ്രീൻ പ്രോട്ടോക്കോൾ സർക്കാർ ഓഫീസുകളിലും പരിപാടികളിലും കർശനമായി പാലിക്കുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇത് ഏറ്റെടുക്കുന്നതിന് പ്രോത്സാഹനം നൽകുകയുണ്ടായി. പൊതു പരിപാടികളിൽ ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുന്നതിനുള്ള ഉത്തരവും പുറപ്പെടുവിച്ച് കഴിഞ്ഞു.

## വിവിധ മേഖലകളിലേക്കുള്ള വ്യാപനം

- ആദ്യഘട്ടത്തിൽ കായിക മത്സരങ്ങളിൽ നിന്നാണ് ഗ്രീൻപ്രോട്ടോക്കോൾ ആരംഭിച്ചതെങ്കിലും പിന്നീട് ഘട്ടംഘട്ടമായി സംസ്ഥാന ജില്ലാ സ്കൂൾ കലോത്സവങ്ങളിലേക്കും കലാ പരിപാടികളിലേക്കും ഗ്രീൻപ്രോട്ടോക്കോൾ വ്യാപിപ്പിച്ചു.
- രണ്ടാം ഘട്ടത്തിൽ വൻജന പങ്കാളിത്തമുള്ള തീർത്ഥാടനങ്ങളായ ശബരിമല തീർത്ഥാടനം, മലയാറ്റൂർ തീർത്ഥാടനം, മാരാമൺ കൺവെൻഷൻ, ചെറുകോൽപ്പുഴ കൺവെൻഷൻ, ആറ്റുകാൽ പൊങ്കാല, ശിവഗിരി തീർത്ഥാടനം, ആലുവ ഉത്സവം, തിരുവൈരാണിക്കുളം, വാവുബലി, ബീമാപള്ളി ഉറൂസ്, ഇലക്ഷനുകൾ തുടങ്ങിയ പരിപാടികളിലേക്കും റംസാൻ വ്രതാനുഷ്ഠാനം, മറ്റ് മതാനുഷ്ടാനങ്ങൾ, ഉത്സവങ്ങൾ, ആഘോഷങ്ങൾ എന്നിവയിലടക്കം ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കി.
- തുടർന്ന് വ്യക്തികളും സംഘടനകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഗ്രീൻ പ്രോട്ടോക്കോൾ സ്വയം ഏറ്റെടുക്കുകയും വിവാഹങ്ങൾ, ഗൃഹപ്രവേശനം തുടങ്ങിയ ചടങ്ങുകളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെ നടത്തുന്ന ചെറുതും വലുതുമായ യോഗങ്ങളിലും സമ്മേളനങ്ങളിലും റാലികളിലുമെല്ലാം ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിന് ആരംഭിച്ചു.

## സർക്കാർ ഓഫീസുകളിലെ ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തനങ്ങൾ

- 2017 ൽ ബഹു. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന വിവിധ വകുപ്പ് മേധാവികളുടെ യോഗത്തിൽ കേരളത്തിലെ എല്ലാ സർക്കാർ ഓഫീസുകളിലും ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിന് തീരുമാനിച്ചു.
- ആയതിന്റെ അടിസ്ഥാനത്തിൽ ആദ്യഘട്ടത്തിൽ സെക്രട്ടേറിയറ്റിലും വിവിധ സർക്കാർ വകുപ്പുകളുടെയും സംസ്ഥാന തല ഓഫീസുകളിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിനും തുടർന്ന് മറ്റ് സർക്കാർ ഓഫീസുകളിൽ ഇത് വ്യാപിപ്പിക്കുന്നതിനും തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ പതിനായിരത്തിലധികം വരുന്ന സർക്കാർ ഓഫീസുകൾ ഹരിതചട്ടത്തിലേക്ക് മാറി.
- രൂപപ്പെടുന്ന അഴുകുന്ന മാലിന്യങ്ങൾ അതത് ഓഫീസുകളിൽ തന്നെ വളമാക്കി മാറ്റുന്നതിനും അഴുകാത്ത പാഴ്വസ്തുക്കൾ തരംതിരിച്ച് സംഭരിച്ച് മാസത്തിലൊരിക്കൽ പാഴ്വസ്തു വ്യാപാരികൾക്ക് കൈമാറുന്നതിനും ഉപയോഗശൂന്യമായ ഫർണിച്ചറുകൾ ഇ-മാലിന്യം എന്നിവ ക്ലീൻകേരളാ കമ്പനിക്ക് കൈമാറുന്നതിനും നടപടികൾ സ്വീകരിച്ചു.

## നടപ്പിലാക്കിയ പ്രവർത്തനങ്ങൾ

- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും പരിശീലനം നൽകി.
- സർക്കാർ വകുപ്പുകളിലെ സംസ്ഥാന ജില്ലാതല മേധാവികൾക്ക് ഗ്രീൻ പ്രോട്ടോക്കോൾ സംബന്ധിച്ച അവബോധവും പരിശീലനവും നൽകി
- പ്രധാന പരിപാടികളുടെയും ഉത്സവ കമ്മിറ്റികളുടെയും സംഘാടകർക്ക് നേരിട്ട് ബോധവത്കരണവും പരിശീലനവും നൽകി
- സർക്കാർ ഓഫീസുകളിലെ ഗ്രീൻ പ്രോട്ടോക്കോൾ നിർവഹണത്തിനായി എല്ലാ ഓഫീസുകളിൽ നിന്നും നോഡൽ ഓഫീസർമാരെ തെരഞ്ഞെടുത്ത് പരിശീലനം നൽകി
- പ്രധാന തീർത്ഥാടന കേന്ദ്രങ്ങൾ, ഉത്സവ നഗരികൾ, ആരാധാനാലയങ്ങൾ, സർക്കാർ ഓഫീസുകൾ എന്നിവിടങ്ങളിൽ ഗ്രീൻപ്രോട്ടോക്കോൾ കമ്മറ്റികൾക്ക് രൂപം നൽകി ജൈവ മാലിന്യ സംസ്കരണത്തിനും അജൈവ പാഴ്വസ്തുക്കളുടെ ശേഖരണത്തിനും സംവിധാന മൊരുക്കി.
- ഓണാഘോഷമുൾപ്പെടെയുള്ള പ്രധാന സർക്കാർ/സർക്കാർ ഇതര പരിപാടികളിൽ ഗ്രീൻ പ്രോട്ടോക്കോൾ നടത്തിപ്പിന് ഗ്രീൻ പ്രോട്ടോക്കോൾ കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിപ്പിച്ചു.
- മതപുരോഹിതർ, രാഷ്ട്രീയ-സാമൂഹിക-സാമുദായിക സംഘടനകളുടെ അദ്ധ്യക്ഷർ എന്നിവരുമായി നിരന്തരം ചർച്ച നടത്തി ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കി.
- വ്യാപാരി വ്യവസായികൾ, ഷോപ്പിംഗ് മാളുടമകൾ എന്നിവരുമായി ചർച്ച നടത്തി ഗ്രീൻ പ്രോട്ടോക്കോളിന്റെ പരിധിയിൽ കൊണ്ടുവന്നു.
- എൻ.എസ്.എസ്., എൻ.സി.സി., എസ്.പി.സി, ഭാരത് സ്കൗട്ട് &ഗൈഡ്സ് തുടങ്ങിയ വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട സംഘടനകളെ ഉൾപ്പെടുത്തി വോളണ്ടിയർ ഫോഴ്സിന് രൂപം കൊടുത്ത് സ്കൂളുകളിലും കോളേജുകളിലും ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കി.
- പ്രസ്തുത സംഘടനകളുടെ ചുമതലയുള്ള അധ്യാപകർക്കും റസിഡൻസ് വെൽഫയർ അസോസിയേഷൻ ഭാരവാഹികൾക്കും പരിശീലനവും ബോധവത്കരണവും നൽകി.
- നവമാധ്യമങ്ങൾ, സാമൂഹിക മാധ്യമങ്ങൾ എന്നിവരെ ഫലപ്രദമായി ഉപയോഗപ്പെടുത്തി നിരവധിയായ വിവര-വിജ്ഞാന-വ്യാപന പ്രവർത്തനങ്ങൾ നടപ്പിലാക്കി.
- വാർഡ്തല ആരോഗ്യ-ശുചിത്വ-പോഷക സമിതികൾക്ക് പരിശീലനവും ബോധവത്കരണവും നൽകി.

ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തനങ്ങൾ സർക്കാർ ഓഫീസുകളിൽ വിലയിരുത്തി ശുചിത്വ ഗ്രേഡിംഗ് നടത്തുന്നതിന് പരിശോധക സമിതികൾ രൂപീകരിക്കുകയും പരിശീലനം നൽകുകയും ചെയ്തു.

**സർക്കാർ വാഗ്ദാനവും നടപടിയും**

ഖരമാലിന്യ സംസ്കരണ പരിപാലന പ്രവർത്തനങ്ങൾക്ക് സാങ്കേതിക പിന്തുണ ഉറപ്പാക്കാൻ പരിശീലനം സിദ്ധിച്ച പരിപാലന സംഘങ്ങളെ തയ്യാറാക്കും. ഇത്തരം സംഘങ്ങളുടെ പ്രവർത്തനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലും മേൽനോട്ടത്തിലുമായിരിക്കും. റസിഡന്റ്സ് അസോസിയേഷനുകൾക്ക് നേതൃത്വപരമായ പങ്ക് നൽകും.

## നിയമനടപടികൾ

ശാസ്ത്രീയ മാലിന്യപരിപാലന രീതികൾ അവലംബിക്കുന്നതിനോട് പൗരന്മാരിൽ അനുകൂല മനോഭാവവും ശീലങ്ങളും ഉണ്ടാക്കി സമൂഹത്തിലാകെ ഒരു പുതിയ മാലിന്യ പരിപാലന സംസ്കാരം സൃഷ്ടിക്കുക എന്നത് ശുചിത്വമാലിന്യ സംസ്കരണ ഉപമിഷന്റെ ലക്ഷ്യങ്ങളിൽ ഒന്നായി വ്യക്തമാക്കിയിട്ടുണ്ട്. ഉപമിഷൻ പ്രവർത്തനങ്ങളിൽ മണ്ണും വായുവും ജലവും മാലിന്യമുക്തമായി സംരക്ഷിക്കണമെങ്കിൽ കർശനനിയമ നടപടികൾ അനിവാര്യമാണ്. ഇതിനായി മലിനീകരണ നിയന്ത്രണ ബോർഡ്, തദ്ദേശ സ്വയംഭരണ വകുപ്പ്, ആരോഗ്യവകുപ്പ്, ഭക്ഷ്യസുരക്ഷാ വകുപ്പ്, പോലീസ് വകുപ്പ്, ഗ്രാമ-നഗരാസൂത്രണ വകുപ്പ് എന്നിവയെ ഏകോപിപ്പിച്ച് കൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

മലിനീകരണവുമായി ബന്ധപ്പെട്ടു പരിസ്ഥിതി (സംരക്ഷണ) നിയമം, കേരളാ മുനിസിപ്പാലിറ്റി ആക്ട്, കേരള പഞ്ചായത്തീരാജ് ആക്ട്, ജലമലിനീകരണം (നിയന്ത്രണവും നിവാരണവും) നിയമം, കേരള ജലസേചനവും ജലസംരക്ഷണവും നിയമം, കേരള പോലീസ് നിയമം, ഭക്ഷ്യസുരക്ഷാ ഗുണനിലവാര




നിയമം, തിരുവിതാംകൂർ പബ്ലിക് ഹെൽത്ത് ആക്ട്, മലബാർ പബ്ലിക് ഹെൽത്ത് ആക്ട്, ഇന്ത്യൻ പീനൽ കോഡ്, ഖരമാലിന്യ പരിപാലന ചട്ടങ്ങൾ, കെട്ടിട നിർമ്മാണ ചട്ടങ്ങൾ, കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചി കടകളും ചട്ടങ്ങൾ) തുടങ്ങിയവയിലെ പ്രസക്ത വകുപ്പുകൾ അടങ്ങുന്ന ഹരിതനിയമങ്ങൾ എന്ന പേരിൽ പുസ്തകം പ്രസിദ്ധീകരിച്ചു. തുടർന്ന് ബന്ധപ്പെട്ട വകുപ്പുകളെ പങ്കെടുപ്പിച്ച് ഏകോപിപ്പിച്ച് വിപുലമായ കാമ്പയിൻ സംഘടിപ്പിച്ചു. കേരളത്തിലെ എല്ലാ നഗരസഭകളിലെയും ഗ്രാമപഞ്ചായത്തുകളിലെയും ജീവനക്കാർക്കും സന്നദ്ധ പ്രവർത്തകർക്കും കിലയുടെ നേതൃത്വത്തിൽ പരിശീലനം നൽകുകയും ഹരിത നിയമങ്ങൾ സംബന്ധിച്ച് വ്യാപകമായി ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ചെയ്തു. 21000 കേന്ദ്രങ്ങളിലായി നടന്ന ക്ലാസ്സുകളിലായി 20 ലക്ഷം പേർ പങ്കെടുത്തു.

## നിയമനടപടി സംബന്ധിച്ച വിവരങ്ങൾ

**നഗരസഭകൾ - 2019-2020**

| | | | |
|---|---|---|---|
| 1 | പൊതുസ്ഥലത്ത് മാലിന്യം വലിച്ചെറിഞ്ഞതിനെതിരെയുള്ള കേസുകളുടെ എണ്ണം | 3257 | 902 |
| 2 | ചുമത്തിയ പിഴ | 6863182 | 2153478 |
| 3 | ഈടാക്കിയ പിഴ | 6300842 | 2090998 |
| 4 | പ്രോസിക്യൂട്ട് ചെയ്തവയുടെ എണ്ണം | 4 | 0 |
| 5 | ജലാശയ മലിനീകരണത്തിനെതിരെയുള്ള കേസുകൾ | 272 | 87 |
| 6 | ജലാശയ മലിനീകരണത്തിനു ഈടാക്കിയ പിഴ | 1244540 | 514070 |
| 7 | പ്രോസിക്യൂട്ട് ചെയ്തവയുടെ എണ്ണം | 4 | 2 |
| 8 | വാഹനം പിടിച്ചെടുത്തവയുടെ എണ്ണം | 145 | 67 |
| 9 | പിടിച്ചെടുത്ത വാഹനങ്ങളിൽ നിന്നും ഈടാക്കിയ പിഴ | 650050 | 319982 |
| 10 | പ്രോസിക്യൂഷൻ നടത്തിയവയുടെ എണ്ണം | 3 | 0 |
| 11 | മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട മറ്റു കേസുകളുടെ എണ്ണം | 155 | 103 |
| 12 | ഈടാക്കിയ പിഴ | 296830 | 196720 |
| **ഗ്രാമപഞ്ചായത്ത് 2019-2020** | | | |
| 1 | ആകെ കേസുകൾ | 2559 | 3240 |
| 2 | ആകെ ചുമത്തിയ പിഴ | 1564700 | |
| 3 | ഈടാക്കിയ പിഴ | 1441700 | 2873790 |
| 4 | പ്രോസിക്യൂട്ട് ചെയ്ത കേസുകളുടെ എണ്ണം | ലഭ്യമല്ല | 11 |

## പരിശീലനങ്ങൾ

ശുചിത്വ മാലിന്യ സംസ്കരണ പരിപാടിയിൽ പരിശീലനങ്ങൾ മുഖ്യഘടകമാണ്. പരിശീലന പരിപാടികളുടെ മുഖ്യ ചുമതലാ നിർവഹണം നടത്തിയത് കിലയാണ്. ആവശ്യമായ സാങ്കേതിക വിദഗ്ദ്ധരെ ഹരിതകേരളം മിഷൻ, ശുചിത്വമിഷൻ, ക്ലീൻ കേരള കമ്പനി, മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവയുടെ സഹായത്തോടെ കണ്ടെത്തിയാണ് കില പരിശീലനങ്ങളുടെ ഉള്ളടക്കവും രീതിശാസ്ത്രവും തയ്യാറാക്കിയിരുന്നത്. നവകേരളം കർമ്മപദ്ധതി മാർഗ്ഗരേഖയും ശുചിത്വ - മാലിന്യ സംസ്കരണ ഉപമിഷൻ മാർഗ്ഗരേഖയും അടിസ്ഥാനമാക്കിയാണ് പരിശീലന വിഷയങ്ങൾ നിശ്ചയിച്ചിട്ടുള്ളത്.

ആസൂത്രണം, നടത്തിപ്പ്, വിലയിരുത്തൽ, സാങ്കേതിക വിദ്യകൾ, പൊതുഅവബോധം സൃഷ്ടിക്കൽ തുടങ്ങി വ്യത്യസ്ത വിഷയങ്ങൾക്കാണ് മുഖ്യമായും പരിശീലനം നൽകിയിരുന്നത്. ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, സന്നദ്ധ പ്രവർത്തകർ, സംഘടനാ പ്രവർത്തകർ, റസിഡന്റ്സ് അസോസിയേഷൻ ഭാരവാഹികൾ, ഹരിതകർമ്മസേന, ഹരിതസഹായ സ്ഥാപനങ്ങൾ എന്നിങ്ങനെ വിവിധ വിഭാഗങ്ങൾക്ക് പരിശീലനം നൽകിയിട്ടുണ്ട്. ആസൂത്രണം, സാങ്കേതികവിദ്യാ സാധ്യതകൾ, നടത്തിപ്പ്, അവലോകനം എന്നിവ സംബന്ധിച്ചാണ് ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും മുഖ്യമായും പരിശീലനം നൽകിയത്. പൊതുജന പങ്കാളിത്തം ഉണ്ടാകുന്നതിനും ഉറപ്പാക്കുന്നതിനും നടന്ന കാമ്പയിനുകളുടെ സംഘാടനവുമായി ബന്ധപ്പെട്ട് ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും ഒപ്പം റിസോഴ്സ് പേഴ്സൺമാരെയും പരിശീലിപ്പിച്ചിരുന്നു. സംസ്ഥാന, ജില്ലാതലത്തിൽ പരിശീലനം നേടിയ റിസോഴ്സ് പേഴ്സൺമാരുടെ നേതൃത്വത്തിലാണ് തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലും പ്രാദേശികതലത്തിലുമുള്ള പരിശീലനങ്ങൾ നടന്നത്.

പട്ടിക 1

**ശുചിത്വമാലിന്യ സംസ്കരണം – ഗ്രാമപഞ്ചായത്തുകൾക്കുള്ള പരിശീലനം**

| ക്രമ നം | പദ്ധതിയുടെ പേര് | ദിവസങ്ങളുടെ എണ്ണം | പങ്കെടുത്തവരുടെ എണ്ണം |
|---|---|---|---|
| 1 | ശുചിത്വ മാലിന്യ സംസ്കരണം – 13-ാം പദ്ധതി | 5 | 1591 |
| 2 | ഹരിതനിയമാവലി | 5 | 596 |
| 3 | ശുചിത്വ പദ്ധതി | 10 | 50 |
| 4 | ഖര ദ്രവ മാലിന്യ സംസ്കരണം – സാങ്കേതികവിദ്യാ സാധ്യതകൾ | 62 | 585 |
| 5 | ശുചിത്വ പരിപാടി – എൻ.എസ്.എസ് ഓഫീസറുടെ പരിശീലനം | 3 | 144 |
| 6 | മാലിന്യ സംസ്കരണം – സാധ്യതകൾ | 18 | 202 |
| 7 | ജാഗ്രതോത്സവം | | |
| 8 | പെൻസിൽ ക്യാമ്പ് (707) | 12 | 19252 |
| 9 | ഹരിതകർമ്മസേന – ഓൺലൈൻ (ടി.ഒ.ടി) | 4 | 3668 |

പട്ടിക – 2

**കില വഴി നഗരസഭകൾക്ക് നൽകിയ പരിശീലനങ്ങൾ**

| ക്രമ നം | പദ്ധതിയുടെ പേര് | ദിവസങ്ങളുടെ എണ്ണം | പങ്കെടുത്തവരുടെ എണ്ണം |
|---|---|---|---|
| 1 | നഗര ശുചിത്വ പരിപാടി | 7 | 47 |
| 2 | ഖര ദ്രവ മാലിന്യ സംസ്കരണം – സാങ്കേതികവിദ്യാ സാധ്യതകൾ | 5 | 596 |
| 3 | കൊല്ലം നഗരസഭ കൗൺസിലർക്കുള്ള പരിശീലനം | 1 | 43 |
| 4 | പഠന സന്ദർശനം – മൈസൂർ മാലിന്യ പ്ലാന്റ് | 6 | 175 |
| 5 | പഠന സന്ദർശനം – ഇൻഡോർ | 1 | 41 |
| 6 | ശുചിത്വ മാലിന്യ സംസ്കരണം | 10 | 123 |
| 7 | ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി അംഗങ്ങൾ, കൗൺസിലർമാർ, ഉദ്യോഗസ്ഥർ/ മാലിന്യ സംസ്കരണം സംബന്ധിച്ച് | 10 | 346 |
| 8 | ഹരിതകർമ്മ സേനാ അംഗങ്ങൾക്കുള്ള പരിശീലനം | 21 | 842 |
| 9 | റസിഡന്റ്സ് അസോസിയേഷൻ ഭാരവാഹികൾക്ക് പരിശീലനം | 2 | 56 |
| | **ആകെ** | **94** | **2036** |

26,088 പേർക്ക് ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളും (പട്ടിക 1) 2036 പേരെ നഗരസഭാ പ്രദേശങ്ങളും 2017–2020 കാലഘട്ടത്തിൽ വ്യത്യസ്ത വിഷയങ്ങളിൽ പരിശീലിപ്പിച്ചിട്ടുണ്ട്. ശുചിത്വമിഷന്റേയും കിലയുടേയും ഹരിതകേരളം മിഷന്റേയും പരിശീലന ഫണ്ടുകളാണ് ഇതിനായി പ്രയോജനപ്പെടുത്തിയത്. പരിശീലനങ്ങളുടെ ഭാഗമായി 10 കൈപുസ്തകങ്ങൾ തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആസൂത്രണം, നിർവഹണം, വിലയിരുത്തൽ എന്നിങ്ങനെ മൂന്ന് ഘട്ടങ്ങളായാണ് ശുചിത്വ – മാലിന്യ സംസ്കരണ പദ്ധതിയുമായി ബന്ധപ്പെട്ട് പരിശീലനം സംഘടിപ്പിച്ചത്. 32003 ഹരിത കർമ്മസേനാ അംഗങ്ങൾക്ക് മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട നൈപുണ്യ വികസന

പരിശീലനം രണ്ടുഘട്ടങ്ങളിലായി നൽകിയിരുന്നു. കോവിഡ് പശ്ചാത്തലത്തിൽ ആരോഗ്യസുരക്ഷാ മാർഗ്ഗങ്ങളും അജൈവമാലിന്യം ശാസ്ത്രീയമായി തരംതിരിക്കുന്നതും സംബന്ധിച്ച് ഓൺലൈനിൽ ഉള്ളടക്കവും എം.സി.എഫിൽ വച്ച് ഒരു ഹരിതകർമ്മസേന ഗ്രൂപ്പിൽ നിന്നും എട്ട് പേർക്ക് വീതം പ്രായോഗിക പരിശീലനവും നൽകി. ഈ പുതിയ പരിശീലന രീതി ഹരിതകർമ്മസേനാ അംഗങ്ങൾക്ക് ഒരു പുതിയ അനുഭവമായിരുന്നു.



ശുചിത്വ കാമ്പയിന്റെ ഭാഗമായി കുട്ടികളുടെ അവധിക്കാല പരിപാടിയായ പെൻസിൽ, ഗ്രീൻപ്രോട്ടോക്കോൾ, ഹരിതനിയമ കാമ്പയിൻ തുടങ്ങിയവയ്ക്കായി റിസോഴ്സ് പേഴ്സൺ ഇവർക്ക് പരിശീലനം നൽകി. ഇവരുടെ നേതൃത്വത്തിൽ രണ്ട് ലക്ഷത്തിലധികംപേരെ വിവിധ ബഹുജന വിദ്യാഭ്യാസ കാമ്പയിനിൽ പങ്കാളിയാക്കാൻ കഴിഞ്ഞു. ഹരിതനിയമാവലി, ഗ്രീൻപ്രോട്ടോക്കോൾ, ഹരിതഇലക്ഷൻ, പ്രത്യേക പരിശീലന സഹായികൾ തയ്യാറാക്കി പ്രസിദ്ധീകരിച്ചിരുന്നു.

## സ്വാപ്ഷോപ്പുകൾ

ഒരാൾക്ക് ആവശ്യമില്ലാത്തതും പുനരുപയോഗക്ഷമവുമായ വസ്തു ഒരു പൊതു സംവിധാനത്തിലൂടെ ആവശ്യക്കാരന് കൈമാറുന്നതു വഴി മറ്റൊരു വ്യക്തിക്കോ കുടുംബത്തിനോ പ്രയോജനപ്രദമാക്കുന്ന സംവിധാനമാണ് സ്വാപ്ഷോപ്പുകൾ.

ഇപ്രകാരമുള്ള പുനരുപയോഗത്തിലൂടെ മാലിന്യത്തിന്റെ അളവു കുറയ്ക്കുന്നതിനു സാധിക്കുന്നു. പ്രകൃതി വിഭവങ്ങളുടെ ചൂഷണം കുറയുന്നതോടൊപ്പം മനുഷ്യന്റെ ഊർജ്ജം, ധനം എന്നിവയുടെ അളവു കുറയ്ക്കുന്നതിനും സാധിക്കുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നിലവിൽ 15 സ്ഥലങ്ങളിൽ സ്വാപ്ഷോപ്പുകൾ നടക്കുന്നുണ്ട്. പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഇത് ഒരു സ്ഥിരം സംവിധാനമായി മാറി.

## മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയും മാലിന്യ സംസ്കരണ പ്രവർത്തനങ്ങളും

തൊഴിലുറപ്പ് പദ്ധതി കേരളത്തിലെ സാധാരണക്കാരന്റെ ജീവിതത്തിൽ പല തരത്തിൽ സ്വാധീനിക്കപ്പെടുന്നുണ്ട്. അതിൽ വളരെ പ്രധാനമായ ഒന്ന് ലൈഫ് പദ്ധതി പ്രകാരം വീട് നിർമ്മിക്കുമ്പോഴും സ്വച്ഛ് ഭാരത് പദ്ധതി പ്രകാരം ശുചിമുറി നിർമ്മിക്കുമ്പോഴും കിട്ടുന്ന തൊഴിൽ ദിനങ്ങളാണ്. അതുപോലെ വളരെ പ്രാധാന്യമുള്ള മറ്റൊരു പ്രവർത്തനമാണ് ഹരിതകേരളം മിഷൻ നേതൃത്വം നൽകുന്ന മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ. തൊഴിലുറപ്പ് പദ്ധതിയിലൂടെ മാലിന്യ സംസ്കരണത്തിനാവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് 2020-21 വർഷത്തെ ആക്ഷൻ പ്ലാനിൽ ടാർജറ്റ് നിശ്ചയിച്ചിട്ടുണ്ട്.

മിനി എം.സി.എഫുകൾ, തുമ്പൂർമൂഴി മാതൃക, കമ്പോസ്റ്റ് പിറ്റുകൾ, സോക്പിറ്റുകൾ ഇവ നിർമ്മിക്കുന്നതിന് ആക്ഷൻപ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മിനി എം.സി.എഫുകളുടെ നിർമ്മാണം അജൈവ മാലിന്യ ശേഖരണം നടത്തുന്നവർക്ക് പെട്ടെന്നു തന്നെ ശേഖരിച്ചു കളക്ഷൻ കേന്ദ്രങ്ങളിൽ എത്തിക്കുന്നതിന് സഹായകമാകുന്നുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ ഉൾപ്പെടാതെ തന്നെ ഇവയുടെ നിർമ്മാണം പൂർത്തിയാക്കാൻ കഴിയുന്നത് സാമ്പത്തികമായും തദ്ദേശ സ്വയംഭരണ വകുപ്പിനും കിട്ടുന്ന പിന്തുണയാണ്.

എം.ജി.എൻ.ആർ.ഇ.ജി.എസിന്റെ 2020-21 ആക്ഷൻ പ്ലാൻ പ്രകാരം 8000 മിനി എം.സി.എഫുകളും 2,00,000 കമ്പോസ്റ്റ് പിറ്റുകളും 200000 സോക്പിറ്റുകളും ലക്ഷ്യമിട്ടിട്ടുണ്ട്. 2020 ആഗസ്റ്റ് മാസം വരെയുള്ള പൂർത്തീകരണത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| നം | പ്രവൃത്തി | 2020 ആഗസ്റ്റ് മാസം വരെ പൂർത്തീകരിക്കേണ്ടത് | പൂർത്തീകരിച്ചതുൾപ്പെടെ പ്രവൃത്തി നടക്കുന്നത് | ശതമാനം |
|---|---|---|---|---|
| 1 | മിനി എം. സി.എഫ് | 1200 | 686 | 57 |
| 2 | കമ്പോസ്റ്റ് പിറ്റ് | 30000 | 5262 | 17.5 |
| 3 | സോക് പിറ്റ് | 30000 | 6450 | 21.5 |

**സർക്കാർ വാഗ്ദാനവും നടപടിയും**
ആവശ്യമായ പൊതു ഇടങ്ങളിൽ ഉപയോഗക്ഷമവും സ്ത്രീ സൗഹൃദവുമായ പൊതു ശൗചാലയങ്ങൾ ഉറപ്പാക്കും. എല്ലാ 50 കിലോമീറ്ററുകളിലും ഹൈവേ കംഫർട്ട് സ്റ്റേഷനുകൾ സ്ഥാപിക്കും. നിലവിലുള്ള പെട്രോൾ പമ്പുകൾ, ഹൈവേ ഭക്ഷണശാലകൾ എന്നിവയോട് ബന്ധപ്പെടുത്തിയായിരിക്കും ഈ ശൗചാലയ ശൃംഖല പ്രവർത്തിക്കുക.

## ടേക് എ ബ്രേക്ക്

മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ പോലെ തന്നെ പ്രാധാന്യമുള്ളതാണ് 'പൊതു ശൗചാലയങ്ങളും' എന്ന് മനസിലാക്കിയാണ് പ്രകടന പത്രികയിൽ ഇവ കൂടി ഉൾപ്പെടുത്തിയിട്ടുള്ളത്. സമ്പൂർണ്ണ വെളിയിട വിസർജ്ജന വിമുക്ത സംസ്ഥാനമായതു കൊണ്ടുമാത്രം ആ മേഖലയിലെ പ്രശ്നങ്ങൾ അവസാനിക്കുന്നില്ല. മറ്റാവശ്യങ്ങൾക്കായി യാത്ര ചെയ്യുന്നവർ, ടൂറിസ്റ്റുകൾ തുടങ്ങിയവർക്ക് പ്രയോജനപ്രദമായ രീതിയിൽ ആവശ്യമായ സ്ഥലങ്ങളിൽ ശുചിമുറികൾ നിർമ്മിക്കുക എന്നതാണ് ടേക്ക് എ ബ്രേക്ക് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.




രാജ്യാന്തര നിലവാരത്തിൽ പുതിയ ശുചിമുറികൾ പണിയുക, നിലവിലുള്ള ശുചിമുറി സങ്കേതങ്ങളിൽ നിലവാരം വർദ്ധിപ്പിക്കുന്നതിനാവശ്യമായ അറ്റകുറ്റ പണികൾ നടത്തുക എന്നിവയാണ് പ്രധാനമായും പദ്ധതി ഉദ്ദേശിക്കുന്നത്.

കേരളത്തിലുടനീളം ഗ്രാമങ്ങളിലും നഗരങ്ങളിലുമായി 2365 ശുചിമുറികളാണ് ആവശ്യമെന്നു കാണുന്നത്. നിലവിലുള്ള 311 ശുചിമുറികൾ നിലവാര വർദ്ധന വരുത്തി ഉപയോഗിക്കാവുന്നതാണെന്ന് കണ്ടെത്തിയിട്ടുണ്ട്. 2020 ജൂലൈ മാസം പ്രവർത്തന നടപടികൾ ആരംഭിച്ച പദ്ധതിയിൽ നിലവാര വർദ്ധനക്ക് വേണ്ട അറ്റകുറ്റ പണികൾ നടത്തി എട്ട് എണ്ണവും പുതിയതായി 18 എണ്ണവും പൂർത്തിയാക്കിയിട്ടുണ്ട്. ഇവ കൂടാതെ 67 ശുചിമുറികൾ ഉന്നത നിലവാരത്തിൽ പണി പൂർത്തിയാക്കിയതും ഉപയോഗത്തിനായി ലഭ്യമാണ്.

## ശുചിത്വ സംഗമം 2020

സംസ്ഥാനത്ത് മാലിന്യസംസ്കരണ മേഖലയിലെ കഴിഞ്ഞ മൂന്നുവർഷത്തെ പ്രവർത്തനങ്ങളിൽ ഉരുത്തിരിഞ്ഞ മികച്ച മാതൃകകളും അനുഭവങ്ങളും പങ്കുവയ്ക്കാൻ



സംഘടിപ്പിച്ചതാണ് ശുചിത്വ സംഗമം. ജില്ലാതല ശുചിത്വസംഗമങ്ങളുടെ തുടർച്ചയായിരുന്നു 2020 ജനുവരി 21, 22 തീയതികളിലായി 'ശുചിത്വ സംഗമം 2020' എന്ന പേരിൽ തിരുവനന്തപുരത്ത് കനകക്കുന്ന് സൂര്യകാന്തി ഗ്രൗണ്ടിൽ സംഘടിപ്പിച്ചത്. തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും മാലിന്യ സംസ്കരണ രംഗത്തെ ബന്ധപ്പെട്ട ഏജൻസികളും വിവിധ

സർക്കാർ വകുപ്പുകളും മാലിന്യ സംസ്കരണ രംഗത്ത് സവിശേഷമായ മാതൃകകൾ സൃഷ്ടിച്ചിട്ടുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കേരളത്തിനു പുറത്തുനിന്നുള്ള വിദഗ്ധരും പാഴ്വസ്തു വ്യാപാര സംരംഭകരുടെ പ്രതിനിധികളും ഉൾപ്പെടെ 2000ലധികം പേർ പങ്കെടുത്തു.

മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ശുചിത്വ സംഗമം 2020 ജനുവരി 21 ന് ഉദ്ഘാടനം ചെയ്തു. തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി ശ്രീ. എ.സി. മൊയ്തീൻ അധ്യക്ഷത വഹിച്ചു. മന്ത്രിമാരായ ശ്രീ. കെ. കൃഷ്ണൻകുട്ടി, ശ്രീ. വി.എസ്. സുനിൽകുമാർ, ശ്രീമതി കെ.കെ. ശൈലജ ടീച്ചർ, എം.എൽ.എ.മാർ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു. ഹരിതകേരളം മിഷൻ പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിച്ച തദ്ദേശ സ്ഥാപനങ്ങൾക്കുള്ള മുഖ്യമന്ത്രിയുടെ ഹരിത അവാർഡ് ചടങ്ങിൽ വിതരണം ചെയ്തു. രണ്ടാം ദിവസത്തെ വിഷയാടിസ്ഥാനത്തിലുള്ള സമാപന സമ്മേളനത്തിൽ ധനമന്ത്രി ഡോ. തോമസ് ഐസക് ആശയാവതരണവും ക്രോഡീകരണവും നിർവ്വഹിച്ചു.

വികേന്ദ്രീകൃത മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് വിവിധ വിഷയങ്ങളിലൂന്നിയുള്ള ചർച്ചകളാണ് ശുചിത്വ സംഗമത്തിൽ നടന്നത്. ഒന്നാംദിവസം നടന്ന റൗണ്ട് ടേബിൾ കോൺഫറൻസിൽ ഹരിത സഹായ സ്ഥാപനങ്ങളെക്കുറിച്ചും ശുചിത്വ-മാലിന്യ സംസ്കരണ രംഗത്തെ സേവനദാതാക്കളെക്കുറിച്ചും ഉത്തരവാദിത്ത ടൂറിസം മേഖലയിലെ മാലിന്യ സംസ്കരണത്തെക്കുറിച്ചും പുനഃചംക്രമണ മേഖലയെക്കുറിച്ചും വിശദമായ ചർച്ചകൾ നടന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അവതരണങ്ങൾ, മാലിന്യ സംസ്കരണ രംഗത്ത് ദേശീയ തലത്തിലുള്ള മാതൃകകളുടെ അവതരണങ്ങൾ എന്നിവയും നടന്നു. മാലിന്യ സംസ്കരണത്തിനുള്ള അടിസ്ഥാന സൗകര്യ വികസനം, മാലിന്യ സംസ്കരണവും ഉപജീവന മേഖലയും, മനോഭാവവ്യതിയാനവും ശീലവൽക്കരണവും പുനഃചംക്രമണവും പുനരുപയോഗവും എന്നീ വിഷയങ്ങളെ അധികരിച്ച് സമാന്തര സെമിനാറുകളും സംഘടിപ്പിച്ചു. ഇതിനുപുറമെ ശുചിത്വ-മാലിന്യ സംസ്കരണ മേഖലയിലെ തൊഴിലവസരങ്ങൾ, ശുചിത്വ മാലിന്യ നിർമ്മാർജ്ജനവും അടിസ്ഥാന സൗകര്യവികസനവും, റീസൈക്ലിംഗ് മേഖല തുടങ്ങിയവയുമായി ബന്ധപ്പെട്ട് വിശദമായ ചർച്ചകളും നടന്നു. 53 ഗ്രാമപഞ്ചായത്തുകളും 14 മുനിസിപ്പാലിറ്റികളും 2 കോർപ്പറേഷനുകളും ശുചിത്വ-മാലിന്യ സംസ്കരണ രംഗത്തെ പ്രവർത്തന മാതൃകകൾ അവതരിപ്പിച്ചു. കേരളത്തിനു പുറത്ത് നിന്നും മഹാരാഷ്ട്രയിലെ പഞ്ചഗനി മുനിസിപ്പൽ കൗൺസിൽ, കർണ്ണാടകയിലെ വട്സാ









ഗ്രാമപഞ്ചായത്ത് (ഉഡുപ്പി ജില്ല), ചെന്നൈ (സൗത്ത്) കോർപ്പറേഷൻ എന്നിവിടങ്ങളിലെ വികേന്ദ്രീകൃത മാലിന്യ സംസ്കരണ മാതൃകകളും സംഗമത്തിൽ അവതരിപ്പിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനുഭവാവതരണങ്ങളുടെ തുടർച്ചയായി നാല് വിഷയ മേഖലാ അടിസ്ഥാനത്തിലുള്ള സമാന്തര സമ്മേളനങ്ങൾ നടന്നു.

| ക്രമ നം | വിഷയം | തദ്ദേശ സ്വയം ഭരണ സ്ഥാപനം (പഞ്ചായത്ത്) | വിദഗ്ദ്ധർ |
|---|---|---|---|
| 1 | വികേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനങ്ങൾ | 21 | 14 |
| 2 | വികേന്ദ്രീകൃത മാലിന്യ ഉപജീവന മേഖല | 19 | 8 |
| 3 | മനോഭാവ മാറ്റവും ശീലവൽക്കരണവും | 22 | 9 |
| 4 | പുനഃചംക്രമണ മേഖല | 19 | 15 |

81 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് നാല് സമാന്തര വിഷയ സമ്മേളനങ്ങളിൽ ചർച്ചയിൽ പങ്കെടുത്തത്. ഓരോ വിഷയത്തിലും സവിശേഷ പ്രവർത്തനങ്ങൾ നടത്തിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് വിഷയാടിസ്ഥാനത്തിലുള്ള ചർച്ചയിൽ പങ്കെടുത്തത്. നാല് വിഷയമേഖലകളിലായി 46 വിദഗ്ദ്ധർ പങ്കെടുത്തു. ഇതിനു പുറമേ തദ്ദേശ സ്വയംഭരണ സ്ഥാപന പ്രതിനിധികൾ, ഉദ്യോഗസ്ഥർ, ഹരിതസഹായ സ്ഥാപന പ്രതിനിധികൾ, റിസോഴ്സ് പേഴ്സൺമാർ, സന്നദ്ധ പ്രവർത്തകർ എന്നിവരും പങ്കെടുത്തു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രായോഗികാനുഭവവും വിദഗ്ദ്ധരുടെ സാങ്കേതിക വൈദഗ്ദ്ധ്യവും പരസ്പരം പങ്കിടുന്നതിനും സജീവ ചർച്ച നടത്തി കൂടുതൽ വ്യക്തത ഉണ്ടാക്കുന്നതിനും സാധിച്ചു. സമാന്തര സമ്മേളനങ്ങൾക്ക് ഒടുവിൽ നടന്ന പ്ലീനറിയിൽ സമാന്തര ചർച്ചയിൽ ഉയർന്നുവന്ന ആശയങ്ങൾ പൊതു ചർച്ചയ്ക്കായി അവതരിപ്പിച്ചു. പ്രസ്തുത ചർച്ച ബഹു. ധനകാര്യമന്ത്രി ഡോ.തോമസ് ഐസക് ക്രോഡീകരിച്ചുകൊണ്ട് ഭാവി പ്രവർത്തനത്തിൽ സ്വീകരിക്കേണ്ട സമീപനം അവതരിപ്പിച്ചു. പ്രസ്തുത യോഗത്തിൽ ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ. എ.സി. മൊയ്തീൻ അധ്യക്ഷത വഹിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീമതി ശാരദാ മുരളീധരൻ 2021 മാർച്ച് വരെ നടത്തേണ്ട പ്രവർത്തനങ്ങൾ അവതരിപ്പിച്ചു. ശുചിത്വ-മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ഹരിതകേരളം മിഷൻ സ്വീകരിക്കാൻപോകുന്ന പ്രവർത്തനതന്ത്രവും രീതിയും സംബന്ധിച്ച് ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ





ഡോ. ടി.എൻ.സീമ സംസാരിച്ചു. ശുചിത്വ സംഗമത്തിൽ പ്രവർത്തനാനുഭവം അവതരിപ്പിച്ച ഗ്രാമപഞ്ചായത്ത്, നഗരസഭകളുടെ പട്ടിക, സംഗമത്തിന്റെ ഭാഗമായി ഓരോ വിഷയമേഖലയുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന നിർദ്ദേശങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിവരവും ചുവടെ ചേർക്കുന്നു.

**ശുചിത്വസംഗമം – പ്രവർത്തനാനുഭവം അവതരിപ്പിച്ച ഗ്രാമപഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത്**

| നം | ജില്ല | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ |
|---|---|---|
| 1 | തിരുവനന്തപുരം | കരകുളം, പൂവച്ചൽ |
| 2 | കൊല്ലം | പെരിനാട്, കടയ്ക്കൽ, പൂതക്കുളം, ശൂരനാട് തെക്ക് |
| 3 | പത്തനംതിട്ട | മലയാലപ്പുഴ, ചെന്നീർക്കര, കോന്നി, കുളനട, തുമ്പമൺ |
| 4 | ആലപ്പുഴ | മാരാരിക്കുളം വടക്ക്, പത്തിയൂർ, ആര്യാട്, താമരക്കുളം |
| 5 | കോട്ടയം | അയ്മനം, കൂരോപ്പട, പൂഞ്ഞാർ, ഞീഴൂർ |
| 6 | ഇടുക്കി | കുമളി, അടിമാലി |
| 7 | എറണാകുളം | പൂത്തൃക്ക, വാരപ്പെട്ടി, ആമ്പല്ലൂർ, ചോറ്റാനിക്കര |
| 8 | തൃശൂർ | മണലൂർ, പഴയന്നൂർ |
| 9 | പാലക്കാട് | അകത്തേത്തറ, വെള്ളിനേഴി, ശ്രീകൃഷ്ണപുരം (ബ്ലോക്ക് പഞ്ചായത്ത്), പുതുപ്പരിയാരം, ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത് |
| 10 | മലപ്പുറം | കരുളായി, ചാലിയാർ, തൂവൂർ, മാറഞ്ചേരി |
| 11 | കോഴിക്കോട് | ചേമഞ്ചേരി, കാവിലുംപാറ, അഴിയൂർ, ബാലുശ്ശേരി, ഏറാമല |
| 12 | വയനാട് | മീനങ്ങാടി |
| 13 | കണ്ണൂർ | പടിയൂർ, പാപ്പിനിശേരി, പയ്യന്നൂർ, എരഞ്ഞോളി, കതിരൂർ, പരിയാരം |
| 14 | കാസർഗോഡ് | ബേഡഡുക്ക, പുല്ലൂർ പെരിയ, മടിക്കൈ, കിനാനൂർ കരിന്തളം |

**ശുചിത്വസംഗമത്തിൽ പ്രവർത്തനാനുഭവം അവതരിപ്പിച്ച മുനിസിപ്പാലിറ്റികൾ – കോർപ്പറേഷനുകൾ**

| ക്രമ നം | ജില്ല | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ |
|---|---|---|
| 1 | തിരുവനന്തപുരം | തിരുവനന്തപുരം (കോർപ്പറേഷൻ), ആറ്റിങ്ങൽ |
| 2 | കൊല്ലം | പുനലൂർ, കൊട്ടാരക്കര |
| 3 | ആലപ്പുഴ | ആലപ്പുഴ |
| 4 | എറണാകുളം | ഏലൂർ, നോർത്ത് പറവൂർ |
| 5 | തൃശൂർ | കുന്ദംകുളം |
| 6 | പാലക്കാട് | ചിറ്റൂർ-തത്തമംഗലം |
| 7 | മലപ്പുറം | പൊന്നാനി |
| 8 | കോഴിക്കോട് | കോഴിക്കോട് (കോർപ്പറേഷൻ),വടകര |
| 9 | കണ്ണൂർ | തളിപ്പറമ്പ് |
| 10 | കാസർഗോഡ് | കാഞ്ഞങ്ങാട്, നീലേശ്വരം |

## റൗണ്ട് ടേബിൾ

ശുചിത്വ-മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് നാല് റൗണ്ട് ടേബിൾ ചർച്ചകൾ നടത്തിയിരുന്നു. ഉത്തരവാദടൂറിസം, ശുചിത്വമിഷൻ സേവന ദാതാക്കൾ, ഹരിത സഹായ സ്ഥാപനങ്ങൾ, സ്ക്രാപ്/റീ-സൈക്ലിംഗ് വ്യവസായ രംഗത്തു പ്രവർത്തിക്കുന്നവർ എന്നിങ്ങനെ നാല് പ്രധാന മേഖലകളിലെ പ്രധാന സ്ഥാപനങ്ങളും വിദഗ്ധരും ഇതിൽ പങ്കെടുത്തു. ഓരോ റൗണ്ട് ടേബിളുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന നിർദ്ദേശങ്ങൾ ഇനി ചേർക്കുന്നു.

### 1. ഉത്തരവാദിത്ത ടൂറിസത്തിലെ മാലിന്യ നിർമാർജ്ജന പ്രവർത്തനങ്ങൾ

- കേരള പശ്ചാത്തലത്തിൽ കാലാവസ്ഥാവ്യതിയാനത്തിൽ ടൂറിസത്തിന്റെ മൊത്തത്തിലുള്ള സ്വാധീനം പഠിക്കേണ്ടതുണ്ട്, മാത്രമല്ല ആഘാതം കുറയ്ക്കുന്നതിന് നടപടികൾ കൈക്കൊള്ളേണ്ടതുണ്ട്.

സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ ഭാഗമായി കേരള ടൂറിസത്തിന്റെ സംഭാവനയും പഠിക്കണം. കേരളത്തിലെ ടൂറിസം മേഖലയ്ക്ക് മുഖ്യധാരാ ജൈവവൈവിധ്യത്തിനും ടൂറിസം മേഖലയിലെ കാലാവസ്ഥാ പരിഗണനയ്ക്കും ധനസഹായത്തിനുള്ള അവസരങ്ങളിലേക്കും ഇത് നയിച്ചേക്കാം.

- വിവിധ വകുപ്പുകളുടെയും മറ്റ് പങ്കാളികളുടെയും പ്രവർത്തനങ്ങൾ ടൂറിസം സംരംഭങ്ങളിൽ മാലിന്യ സംസ്കരണത്തിനായി സംയോജിപ്പിക്കുന്നതിന് തീരുമാനമെടുക്കുന്നതിന് സംസ്ഥാനതലത്തിൽ ഒരു പ്ലാറ്റ്ഫോം സൃഷ്ടിക്കണം.
- വിനോദസഞ്ചാര കേന്ദ്രങ്ങളിലെ മാലിന്യ സംസ്കരണത്തിനായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ധനസഹായം നൽകുന്ന വിവിധ മാതൃകകൾ സർക്കാർ പരിശോധിച്ചേക്കാം. ഒരു ഫ്ളോട്ടിംഗ് ടൂറിസ്റ്റ് ജനസംഖ്യയുടെ ഫലമായി ഉണ്ടാകുന്ന മാലിന്യ സംസ്കരണത്തിന് ധനസഹായം നൽകുന്നതിന് ടൂറിസ്റ്റുകൾ/ടൂറിസം വ്യവസായം എന്നിവയിൽ പരിസ്ഥിതി സംരക്ഷണ സേവന നിരക്കുകൾ ശേഖരിക്കുന്നതിന് തദ്ദേശസ്ഥാപനങ്ങളെ പ്രാപ്തരാക്കുക എന്നതാണ് ഒരു മാർഗം. ടൂറിസം വ്യവസായത്തിന്റെ പങ്കാളിത്തത്തോടൊപ്പം ഹരിത ചട്ടങ്ങളും സർക്കാരിന്റെ മറ്റ് ശ്രമങ്ങളും ശക്തിപ്പെടുത്തണം. വിനോദസഞ്ചാര കേന്ദ്രങ്ങൾക്കായി ഹരിത സർട്ടിഫിക്കേഷനോടൊപ്പം റെസ്പോൺസിബിൾ ടൂറിസം മിഷൻ വികസിപ്പിച്ച പെരുമാറ്റച്ചട്ടം നടപ്പാക്കണം.
- വിനോദസഞ്ചാരികളിലേക്ക് എത്തിച്ചേരുന്ന കാമ്പയിനുകൾ ആകർഷകമാക്കുകയും ആധുനിക വിപണന മാർഗ്ഗങ്ങളും അവബോധവും പരിഗണിക്കുകയും ചെയ്യാം. ഇത് സംസ്ഥാനത്തിന് പുറത്തു നിന്നുള്ള വിനോദ സഞ്ചാരികളെയും തീർഥാടകരെയും ലക്ഷ്യമിടണം.
- നിയമപരമായ ഒരു ചട്ടക്കൂട് വികസിപ്പിക്കുന്നതിനും അത് എളുപ്പത്തിൽ വ്യാഖ്യാനിക്കുന്നതിനായി തദ്ദേശസ്ഥാപനങ്ങൾക്ക് ആശയവിനിമയ സാമഗ്രികൾ നൽകുന്നതിനുമുള്ള ശ്രമങ്ങൾ സർക്കാർ ഏറ്റെടുക്കാം. അത്തരമൊരു ആശയവിനിമയ സാമഗ്രിയുടെ ഉദാഹരണമാണ് ഹരിതകേരളം മിഷൻ പ്രസിദ്ധീകരിച്ച ''ഹരിത നിയമാവലി''.
- മാലിന്യങ്ങൾ കാലതാമസം കൂടാതെ നീക്കം ചെയ്യുന്നതിനുള്ള സംവിധാനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്ഥാപിക്കണം. മറ്റ് വാണിജ്യ മേഖലകളേക്കാൾ ഇത് വിനോദസഞ്ചാര മേഖലയ്ക്ക് അടിയന്തിരവും ദൂരവ്യാപകവുമായ ഫലമുണ്ടാക്കുന്നതിനാൽ, ടൂറിസം മേഖലയിലെ വിവിധ തലത്തിലുള്ളവരുടെ പങ്കാളിത്തത്തോടെ ടൂറിസം വകുപ്പിന് പ്രത്യേക പരിപാടികളിൽ ഉണ്ടാകുന്ന മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായി സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് നടപടിക്രമം തയ്യാറാക്കാം. ഇതിനാവശ്യമായ നയപരമായ കാര്യങ്ങൾക്ക് സർക്കാർ രൂപം നൽകണം.

## 2. ശുചിത്വ മിഷൻ സേവന ദാതാക്കൾ

- മാലിന്യ സംസ്കരണ ഉപാധികളുടെ സ്ഥാപിക്കലുമായി ബന്ധപ്പെട്ട് ഒരു നിശ്ചിത തുക മാത്രമേ നൽകാവൂ, ബാക്കിയുള്ളവ അറ്റകുറ്റപ്പണികൾക്കും ഗുണനിലവാര ഉറപ്പിനും വേണ്ടി തവണകളായി നൽകാം
- യൂണിറ്റ് കോസ്റ്റ് പുനർ നിർണ്ണയിക്കാൻ നടപടി വേണം. ഗതാഗതം, ഉപകരണങ്ങൾ ശരിയാക്കൽ എന്നിവയെല്ലാം അതിൽ പരിഗണിക്കേണ്ടതാണ്.
- സേവന ദാതാക്കൾക്ക് (ശുചിത്വ മിഷൻ സാക്ഷ്യപ്പെടുത്തിയ) ഐഡി കാർഡുകൾ നൽകുക.
- സേവന ദാതാക്കളുടെ സാങ്കേതിക വിദഗ്ധർക്ക് ആരോഗ്യ ഇൻഷുറൻസ് നൽകണം.
- ചെറിയ ഏജൻസികൾക്കായി കൂടുതൽ സഹായം ആവശ്യമാണ്.
- സബ്സിഡി ബിപിഎൽ കാർഡ് ഉടമകൾക്ക് മാത്രമായി പരിമിതപ്പെടുത്തണം.
- അന്താരാഷ്ട്ര രീതികളും ഉപകരണങ്ങളും അടിസ്ഥാനമാക്കി പുതിയ സാങ്കേതിക വിദ്യയിൽ പരിശീലനം ആവശ്യമാണ്.
- ഉപകരണങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുക.
- ഉപഭോക്താക്കൾക്ക് അവരുടെ സേവന ദാതാക്കളെയും ഉൽപ്പന്നങ്ങളെയും തിര

ഞ്ഞെടുക്കാനുള്ള അവകാശവും അനുമതിയും നൽകണം.

- ഉറവിട മാലിന്യ സംസ്കരണം മുഴുവൻ ജന വിഭാഗങ്ങളിലും സൃഷ്ടിക്കാൻ കഴിയണം.
- ശുചിത്വ മിഷൻ പറഞ്ഞിട്ടുള്ള മാറ്റങ്ങൾ വർഷം തോറും പരിഷ്ക്കരിക്കേണ്ടതുണ്ട്.
- വാർഷിക അറ്റകുറ്റപ്പണികൾക്കായി വ്യവസ്ഥകൾ ഏർപ്പെടുത്തണം.
- പുതിയ ഉപകരണങ്ങളുടെ അംഗീകാരം ശുചിത്വമിഷനിൽ നിന്നും വേഗത്തിൽ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണം.
- സേവന ദാതാക്കളുമായുള്ള ചർച്ചകളെ അടിസ്ഥാനമാക്കി വാർഷിക ചെലവ് പരിഷ്കരണത്തിനുള്ള ക്രമീകരണങ്ങൾ നടത്തണം.
- വിസ്തൃതി, ആളുകളുടെ എണ്ണം എന്നിവ അനുസരിച്ച് ബയോഗ്യാസ് പ്ലാന്റ് നൽകുക.
- യൂണിറ്റ് ചെലവ് നിശ്ചയിക്കുമ്പോൾ ഉൽപ്പാദനച്ചെലവ്, കടത്ത് തുടങ്ങിയവ കൂടി പരിഗണിക്കേണ്ടതുണ്ട്.
- പ്ലാന്റിന്റെ വലുപ്പം തിരഞ്ഞെടുക്കുന്നതിന് ഗുണഭോക്താവിന് ചോയ്സ് നൽകണം.
- ടെക്നോളജി അപ്ഗ്രേഡേഷൻ ആവശ്യമാണ്.
- തരംതിരിക്കലിനെക്കുറിച്ച് കൂടുതൽ അവബോധം
- ഉപാധികളുടെ ഗുണനിലവാരം ഉറപ്പാക്കണം.
- അറ്റകുറ്റപ്പണി പ്രശ്നങ്ങൾ ശരിയായി പരിഹരിക്കേണ്ടതാണ്. ഐ.ഇ.സി. പ്രവർത്തനങ്ങൾ വിപുലീകരിക്കേണ്ടതുണ്ട്.
- ഗവേഷണത്തിന് ഊന്നൽ നൽകണം. വലിയ ഉപകരണങ്ങൾക്കുള്ള സുരക്ഷാ നടപടികൾ നൽകണം.
- പഞ്ചായത്തുകളിൽ കുന്നുകൂട്ടി ഇട്ടിരിക്കുന്ന മാലിന്യത്തിന്റെ വിലയിരുത്തൽ നടത്തി സംസ്കരണത്തിനുള്ള നടപടി സ്വീകരിക്കണം.

### 3. ഹരിത സഹായ സ്ഥാപനം

- ഓരോ മാസവും 5-ാം തീയതിക്ക് മുമ്പ് ഹരിത സഹായ സ്ഥാപനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രതിമാസ റിപ്പോർട്ട് നൽകുകയും പകർപ്പ് ശുചിത്വ മിഷനിലേക്കും ഹരിതകേരളം മിഷനിലേക്കും അയയ്ക്കുകയും വേണം
- ഓരോ മാസവും 10 ന് മുമ്പ്, ഹരിത കേരളം മിഷന്റെയും ശുചിത്വ മിഷന്റെയും കോ-ഓർഡിനേറ്റർമാരുടെ സാന്നിധ്യത്തിൽ ബന്ധപ്പെട്ട തദ്ദേശസ്ഥാപനങ്ങളുടെ പ്രസിഡന്റ് /സെക്രട്ടറി/ചെയർപേഴ്സൺ/ചെയർമാൻ എന്നിവരടങ്ങുന്ന യോഗം ശുചിത്വ മിഷൻ ജില്ലാതലത്തിൽ നടത്തണം.
- മീറ്റിംഗിന്റെ മിനിറ്റ്സ് ഓരോ മാസവും 15 ന് മുമ്പായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ശുചിത്വ മിഷൻ കോ-ഓർഡിനേറ്റർ അയയ്ക്കണം, ഇതിന്റെ അടിസ്ഥാനത്തിൽ കൺസൾട്ടേഷൻ ഫീസ് 30 ന് മുമ്പ് ഹരിത സഹായ സ്ഥാപനത്തിന് നൽകണം.
- കുടുംബശ്രീയുടെ പങ്കാളിത്തത്തോടെ വാർഡ് തല കാമ്പയിൻ സംഘടിപ്പിക്കാൻ കഴിയും
- തദ്ദേശ സ്വയംഭരണ സ്ഥാപന മേധാവികളുടേയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടേയും ഇടയിൽ ഹരിത സ്ഥാപനത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുക
- പ്രാദേശികമായി നടക്കുന്ന സവിശേഷ പ്രവർത്തനങ്ങളുടെ രീതിയും പ്രാധാന്യങ്ങളും ബഹുജനങ്ങൾക്ക് മുന്നിൽ എടുത്തുകാണിക്കണം
- ഹരിത സഹായ സ്ഥാപനത്തിന്റെ പ്രവർത്തനം ശരിയായ നിരീക്ഷണ, റിപ്പോർട്ടിംഗ് സംവിധാനം ഉണ്ടാക്കണം.
- ശുചിത്വ-മാലിന്യ സംസ്കരണ പ്രവർത്തനം മാതൃകാപരമായി നടക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്ക് നല്ല പ്രചാരണം നൽകണം.
- ജീവനക്കാരുടെ എണ്ണവും ഉൽപ്പാദിപ്പിക്കുന്ന മാലിന്യത്തിന്റെ അളവും അടിസ്ഥാനമാക്കി എംസിഎഫ് നിർബന്ധമാക്കണം
- എം.സി.എഫിന്റെ നിരന്തര നിരീക്ഷണവും വിലയിരുത്തലും നടത്താൻ ക്രമീകരണം വേണം.
- MCF, RRF എന്നിവയ്ക്കായുള്ള കർശനമായ മാർഗ്ഗനിർദ്ദേശങ്ങൾ.
- എല്ലാ പഞ്ചായത്തുകളിലും ഏകീകൃത യൂസർഫീ നിരക്ക് നടപ്പിലാക്കുക

(കുറഞ്ഞത് ബ്ലോക്കിലെ എല്ലാ പഞ്ചായത്തുകൾക്കും ഒരേ നിരക്ക്)

- ഹരിത കർമ്മസേനയെ ശക്തിപ്പെടുത്തുകയും മറ്റ് ഉപജീവന പ്രവർത്തനങ്ങൾ അവതരിപ്പിച്ച് സംവിധാനം സുസ്ഥിരമാക്കുകയും ചെയ്യുക. സംവിധാനത്തെ സമന്വയിപ്പിക്കുകയും അത് ഉൾക്കൊള്ളുകയും ചെയ്യുന്നു.
- പ്ലാസ്റ്റിക് നിരോധനം ശക്തിപ്പെടുത്തിയെന്ന് ഉറപ്പാക്കുക
- സ്ഥാപനത്തിന്റെ പ്രാരംഭ സജ്ജീകരണവും ആദ്യകാല പ്രവർത്തനങ്ങളും വർക്ക് ആയി കണക്കാക്കേണ്ടതുണ്ട്
- ബ്ലോക്ക് തലങ്ങളിൽ ഹരിത സഹായ സ്ഥാപനങ്ങളുടെ കൺസൾട്ടൻസി ഫീസ്/ബില്ലുകൾ യഥാസമയം അനുവദിക്കുമെന്ന് ഉറപ്പാക്കുക.
- നിലവിലുള്ള ഏജൻസിയുടെ സാന്നിധ്യത്തിൽ പുതിയ ഏജൻസിയെ നിയമിക്കുന്നത് നിരുത്സാഹപ്പെടുത്തണം
- എല്ലാ തലത്തിലും ശരിയായ നിരീക്ഷണം നടത്തണം
- ക്ലീൻ കേരള കമ്പനി ആർആർഎഫുകളുടെ ഫോർവേഡ് ബന്ധം ഉറപ്പാക്കണം

### 4. റിസോഴ്സ് റിക്കവറിയും റീസൈക്ലിംഗും

- റീസൈക്കിൾ ചെയ്ത ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ശ്രദ്ധിക്കേണ്ടതുണ്ട്. ഇത് പൊതുസമൂഹത്തിന് ഉപയോഗപ്രദമാകുകയും പരിസ്ഥിതി നിലവാരം പാലിക്കുകയും കർശനമായ നിയന്ത്രണങ്ങൾ ആവശ്യമാണ്
- സ്ഥാപിക്കുന്ന പ്ലാന്റുകൾ പരിസ്ഥിതി സൗഹാർദ്ദപരമായിരിക്കണം. ഹരിത കർമ്മ സേന അജൈവ മാലിന്യങ്ങൾ ശേഖരിക്കുകയും വേർതിരിക്കലും സംഭരണവും നടത്തുകയും ചെയ്യുന്നു. ഈ സംവിധാനത്തിൽ റാഗ് പിക്കറുകൾ/സ്ക്രാപ്പ് ഡീലർമാരെക്കൂടി ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കണം.
- പുനഃചംക്രമണം/പുനരുപയോഗം ചെയ്യാത്ത വസ്തുക്കൾ മാത്രമേ സിമന്റ് പ്ലാന്റുകളിൽ (ആർ.ഡി.എഫ്) ഇന്ധനമായി നൽകാൻ പാടുള്ളൂ.
- ഉൽപ്പന്നങ്ങൾ പുനരുപയോഗിക്കാൻ സാധ്യതയില്ലാത്തപ്പോൾ ഊർജ്ജത്തിലേക്കുള്ള മാർഗം അവസാന ഘട്ടമാണ്.
- റെൻഡറിങ് പ്ലാന്റുകൾക്ക് കർശന നിയന്ത്രണങ്ങൾ നടപ്പാക്കണം
- ഹരിതകർമ്മസേന സ്വയം സുസ്ഥിര വിദഗ്ധ തൊഴിലാളികളായിരിക്കണം. പാഴ്വസ്തു വിൽപനയിൽ നിന്നും മാത്രമല്ല, ഗാർഹിക/സ്ഥാപന യൂസർ ഫീസിലൂടെയും അവർക്ക് മികച്ച വരുമാനം, ആകർഷകമായ തൊഴിൽ പദവിയും ഉറപ്പാക്കണം.
- ഗാർഹിക യൂസർ ഫീസ് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് പ്രതിമാസം കുറഞ്ഞത് 50 രൂപയായി നിശ്ചയിക്കണം.
- പഞ്ചായത്ത്/മുനിസിപ്പാലിറ്റി വൃത്തിയായി സൂക്ഷിക്കേണ്ടത് ജീവനക്കാരുടെയും മറ്റുള്ളവരുടെയും സാമൂഹിക ഉത്തരവാദിത്തമായി മാറുന്ന തരത്തിൽ പ്രവർത്തനങ്ങൾ ആവിഷ്കരിക്കണം.
- പഞ്ചായത്ത് ഒരു ലാഭകരമായ യൂണിറ്റല്ലെങ്കിൽ, ഒരു കൂട്ടം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഒരുമിച്ച് ഒരു ക്ലസ്റ്റർ പ്രായോഗിക യൂണിറ്റ് രൂപീകരിക്കാനും അതിന് ഹരിത സഹായ സ്ഥാപനത്തിന്റെ സേവനം നൽകാനും കഴിയണം.
- മലിനീകരണ നിയന്ത്രണ ബോർഡ് പുനരുപയോഗ വ്യവസായങ്ങളെ കൃത്യമായി നിരീക്ഷിക്കുകയും ആവശ്യമായ പിന്തുണ നൽകുമെന്ന് ഉറപ്പാക്കുകയും വേണം.
- സ്ഥാപന സുരക്ഷയും പരിസ്ഥിതി സുരക്ഷയും ഉറപ്പാക്കണം
- ക്ലീൻ കേരള കമ്പനിയുടെ പ്രവർത്തനത്തിൽ കേരളത്തിലെ പുനഃചംക്രമണ വ്യവസായ സംരംഭകരേയും സ്ക്രാപ് ബിസിനസ്സിൽ നിൽക്കുന്നവരേയുംകൂടി ബന്ധിപ്പിക്കണം.
- സർക്കാരിന്റെ എല്ലാ സ്ഥാപനങ്ങളിലും പുനഃചംക്രമണം ചെയ്ത വസ്തുക്കളും ഫർണിച്ചറുകൾ തുടങ്ങിയവ പുനഃചംക്രമണത്തിലൂടെ ഉൽപ്പാദിപ്പിക്കാനുള്ള സംരംഭങ്ങൾക്ക് രൂപം നൽകണം. ഇതിലേക്ക് സ്വകാര്യ സംരംഭകരെ ഉൾപ്പെടുത്തുക.
- സർക്കാർ കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ കെട്ടിട നിർമ്മാണ അവശിഷ്ടങ്ങൾകൂടി ഉപയോഗിക്കുന്ന കെട്ടിട നിർമ്മാണ നയം രൂപീകരിക്കണം. ഇതിലേയ്ക്ക് കെട്ടിടാവശിഷ്ടങ്ങൾ ശേഖരിച്ച് സംഭരിക്കാൻ സൗകര്യം ഉണ്ടാക്കണം.

# I. വികേന്ദ്രീകൃത മാലിന്യ നിർമാർജനത്തിനുള്ള ഫലപ്രദമായ സംവിധാനങ്ങൾ

### 1. ഭരണം

- ശുചിത്വ-മാലിന്യ സംസ്കരണം- ഭൗതിക സൗകര്യങ്ങളും നിർവഹണ സംവിധാനങ്ങളും ചിട്ടപ്പെടുത്തൽ
- നിലവിൽ സ്ഥാപിതമായ ഖരമാലിന്യ സംസ്കരണ വ്യവസ്ഥയുടെ സുസ്ഥിരതയും തുടർച്ചയും ഉറപ്പുവരുത്തുന്നതിനായി ഒരു പ്രവർത്തന മാർഗരേഖ വികസിപ്പിക്കുക
- നിയമങ്ങളും നയങ്ങളും, ഭരണ സംവിധാനങ്ങളും ഉൾപ്പെടുത്തികൊണ്ട് പ്രവർത്തനങ്ങളും നിർവഹണ രീതികളും നിയമാനുസൃതമാക്കുക

### 2. നയം/നിയമങ്ങൾ/ മാർഗനിർദ്ദേശങ്ങൾ

- ഖരമാലിന്യ സംസ്കരണ ചട്ടങ്ങൾ-2016 ൽ വിടവുകളുണ്ട്. അതിനാൽ തന്നെ നിയമപരമായി വരുമ്പോൾ അത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ബുദ്ധിമുട്ടിക്കും. ഈ സാഹചര്യത്തിൽ പ്രായോഗിക അനുഭവങ്ങളെ അടിസ്ഥാനമാക്കിയുള്ളതും കേരള സാഹചര്യത്തിന് അനുസരിച്ചും കേന്ദ്ര ചട്ടങ്ങൾക്കുസരിച്ചും കേരളത്തിലെ ചട്ടങ്ങൾ രൂപപ്പെടുത്തണം. കൂടാതെ കേന്ദ്ര ചട്ടത്തിലും ഭേദഗതികൾ ആവശ്യപ്പെടണം.
- നിർമ്മാതാക്കളെ പാക്കേജിംഗ് മാലിന്യങ്ങളുടെയും ഉപഭോക്തൃ മാലിന്യങ്ങളുടെയും ഉത്തരവാദിതത്തിൽ നിലനിർത്തുന്നതിനോടൊപ്പം കേന്ദ്രതലത്തിൽ ഇ.പി.ആർ. നടപ്പിലാക്കാൻ ആവശ്യപ്പെടുന്നതിനും വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ സംസ്ഥാന തലത്തിൽ വികസിപ്പിക്കുക.
- ഖരമാലിന്യ സംസ്കരണത്തിൽ നിന്നുള്ള കമ്പോസ്റ്റ് ഉപയോഗിക്കുന്നതിനവശ്യമായ വളം നയം സംയോജിപ്പിക്കേണ്ടതുണ്ട്
- ഉപഭോഗം കുറയ്ക്കുന്നതിന് ഉത്തരവാദിത്തമുള്ള ഉപഭോഗത്തിനായി സംസ്ഥാനം ശ്രദ്ധിക്കണം. നിരസിക്കൽ, നന്നാക്കൽ, വീണ്ടെടുക്കൽ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനാവശ്യമായ നയങ്ങൾ രൂപപ്പെടുത്തണം.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇന്ത്യൻ ഭരണഘടനയുടെ വ്യവസ്ഥകൾ പ്രകാരം മെറ്റീരിയൽ, റിസോഴ്സ് മാനേജ്മെന്റ് നയം സൃഷ്ടിക്കുകയും സംസ്ഥാന നയത്തിൽ വേണ്ട ഭേദഗതികൾ ആവശ്യപ്പെടുകയും വേണം
- കേരളം 'സീറോ വേസ്റ്റ് ടു സർക്കുലർ ഇക്കോണമി' നയങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും വികസിപ്പിക്കണം

### 3. ധനകാര്യം

- പ്രാദേശിക നിർദ്ദിഷ്ട ആവശ്യങ്ങൾ നിറവേറ്റുന്നതിനും ഉത്തരവാദിത്തമുള്ളവരായി മാറ്റുന്നതിനും വിവിധ ഫണ്ടുകൾ ഉപയോഗിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഇക്കാര്യത്തിൽ ശക്തിപ്പെടുത്തുകയും ശക്തീകരിക്കുകയും ചെയ്യുക
- ഉപയോക്തൃ നിരക്കിനെക്കുറിച്ചും സേവനദാതാക്കളിലെ അംഗങ്ങളുടെ എണ്ണത്തെക്കുറിച്ചും പുനർവിചിന്തനം നടത്തുക. മികച്ച ശമ്പളത്തോടെ ഹരിത കർമ്മസേനയുടെ തൊഴിൽ മെച്ചപ്പെടുത്തുകയും ഒപ്പം അവർ ചെയുന്ന ജോലിയുടെ അന്തസ്സ് ഉറപ്പാക്കുകയും ചെയ്യുക.

### 4. സ്ഥാപന സംവിധാനങ്ങൾ

- ഗ്രാമസഭ മുതൽ ആരംഭിക്കുന്ന പിന്നോക്ക-മുന്നോട്ടുള്ള ലിങ്കേജുകൾ സ്ഥാപിക്കുക.
- ഗ്രാമസഭ -> എൽഎസ്ജി -> ബ്ലോക്ക് പഞ്ചായത്ത് -> ജില്ലാ പഞ്ചായത്ത്-> സംസ്ഥാന സർക്കാർ എന്ന രീതിയിലുള്ള സംഘടനാ സംവിധാനം മാലിന്യ സംസ്കരണത്തിനുള്ള സ്ഥാപന/സംഘടനാസംവിധാനത്തിൽ രൂപം നൽകുക.
- ഖരമാലിന്യ സംസ്കരണ പ്രോജക്റ്റുകളുടെയും പ്രോഗ്രാമുകളുടെയും സമയബന്ധിതമായ സോഷ്യൽ ഓഡിറ്റിംഗ് സംവിധാനം സ്ഥാപിക്കുക
- ഏറ്റവും ചെറിയ തലത്തിൽ പോലും അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിക്കുന്നതിന് പാരിസ്ഥിതിക ആഘാത വിലയിരുത്തൽ നിർബന്ധമാക്കുക. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഖരമാലിന്യ സംസ്കരണ പ്രോജക്റ്റുകളുടെയും പ്രോഗ്രാമുകളുടെയും ട്രബിൾ

ഷൂട്ടിംഗിൽ പിന്തുണയ്ക്കുന്നതിന് ഒരു ദ്രുത പ്രവർത്തന പഠന യൂണിറ്റ് ആരംഭിക്കേണ്ടതുണ്ട്.

- സാനിറ്ററി നാപ്കിനുകൾ/ഡയപ്പർ പോലുള്ള പ്രത്യേക മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ വികസിപ്പിക്കുക

### 5. ശേഷി വികസനം

- പൊതുവിൽ ഉടമസ്ഥാവകാശം വളർത്തുക. പ്രോഗ്രാമുകളും പ്രോജക്റ്റുകളും ജനങ്ങളുടെ ഉടമസ്ഥതയിലായിരിക്കണം
- മാലിന്യ ഉൽപ്പാദകരും ഉൽപ്പാദകരുടെ ഉത്തരവാദിത്വവും പുനർ നിർവചിക്കൽ
- ഇപ്പോൾ ഉപയോഗിക്കുന്ന സാങ്കേതിക വിദ്യകൾ പരമാവധി കാര്യക്ഷമതയ്ക്കായി കാണുകയും മെച്ചപ്പെടുത്തുകയും വേണം
- ഖരമാലിന്യ സംസ്കരണത്തിനായി സ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന പരിഹാരങ്ങളുടെ മെട്രിക്സ് സൃഷ്ടിക്കുക.
- അക്കാദമിക്, മാനേജ്മെന്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കാനായി മാലിന്യത്തിന്റെയും മെറ്റീരിയൽ ഫ്ളോയുടെയും ഡാറ്റാബേസ് സൃഷ്ടിക്കുക

## II. പുനഃചംക്രമണവും പുനരുപയോഗവും

ജൈവ-അജൈവ മാലിന്യങ്ങളുടെ പുനഃചംക്രമണവും പുനരുപയോഗവും എന്ന വിഷയത്തിൽ നടന്ന വിഷയാധിഷ്ഠിത ചർച്ചയിൽ ഉരുത്തിരിഞ്ഞുവന്ന നിർദ്ദേശങ്ങൾ.

### 1. ജൈവ മാലിന്യം

ജൈവ മാലിന്യത്തെ സമ്പൂർണമായി കമ്പോസ്റ്റ് വളമാക്കി മണ്ണിന്റെ ജൈവഘടന സംരക്ഷിക്കാൻ പ്രയോജനപ്പെടുത്തണം. ഇതിലെ പ്രത്യേക മാലിന്യങ്ങളായ ചിക്കൻ വേസ്റ്റും അറവുമാലിന്യവും ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി ചിക്കൻ റെൻഡറിംഗ് യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. വലിയ സാമ്പത്തിക നിക്ഷേപം ആവശ്യമുള്ള ഈ പ്രോജക്ടുകളുടെ നടത്തിപ്പിന് സർക്കാർ തലത്തിൽ നിന്നുള്ള നയപരമായ ഇടപെടലുകൾ ആവശ്യമാണ്.

- ബയോ മെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് റൂൾസിന് സമാനമായതും കർക്കശമായതുമായ വ്യവസ്ഥകൾ ചിക്കൻഷോപ്പുകൾ നടത്തുന്നതിന് നിഷ്ക്കർഷിക്കേണ്ടതാണ്.
- ചിക്കൻ റെൻഡറിംഗ് യൂണിറ്റുകൾക്ക് സംസ്ഥാന മാലിന്യ സംസ്കരണനയത്തിൽ കാലാകാലം വ്യതിയാനമുണ്ടായാലും യൂണിറ്റുകളുടെ നടത്തിപ്പിന് ആവശ്യമായ അസംസ്കൃത വസ്തുക്കൾ (കോഴി മാലിന്യം) എല്ലായ്പ്പോഴും സുഗമമായി ലഭിക്കുന്നതിന് വ്യവസ്ഥയുണ്ടാകണം.
- മനുഷ്യമുടിയുടെ പുനഃചംക്രമണത്തിനായി ആരംഭിക്കുന്ന പുതിയ പ്രോജക്ടിന് വിവിധ സർക്കാർ ഏജൻസികളുടെ പിന്തുണ വേണം. ക്ലീൻ കേരള കമ്പനി ഹരിതകർമ്മസേന മുഖേന ശേഖരിക്കുന്ന മുടി ജില്ലാതലത്തിൽ സ്വരൂപിച്ചു നൽകുന്നതിനുള്ള സാധ്യത പരിശോധിക്കണം.
- പന്നി ഫാമുകളെ (നിലവിലുള്ളതും, പുതിയതായി ആരംഭിക്കുന്നവയും) ഹോട്ടൽ വ്യവസായവുമായി ബന്ധിപ്പിക്കുകയും ഹോട്ടൽ വേസ്റ്റിന്റെ സംസ്കരണത്തിന് സർവ്വീസ് പ്രൊവൈഡർമാരായി നിയോഗിക്കുകയും വേണം. ഇതിലേക്കായി ഒരു എസ്.ഒ.പി. അടിയന്തിരമായി വികസിപ്പിക്കണം.

### 2. അജൈവ മാലിന്യം

പ്ലാസ്റ്റിക് ഉൾപ്പെടെ അജൈവ മാലിന്യങ്ങളുടെ പുനഃചംക്രമണവും പുനരുപയോഗ സാധ്യതയും വിശദമായി ചർച്ച ചെയ്തു. താഴെപ്പറയുന്ന നിർദ്ദേശങ്ങൾ ചർച്ചയിൽ ഉരുത്തിരിഞ്ഞു വന്നു.

- പാഴ്വസ്തുക്കളുടെ പുനഃചംക്രമണ മേഖലയുടെ പുനരുജ്ജീവനം അനിവാര്യമാണ്. മലിനീകരണ നിയന്ത്രണ ബോർഡിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളതും പ്രവർത്തന ക്ഷമവുമായ യൂണിറ്റുകളുടെ എണ്ണത്തിലുണ്ടായിട്ടുള്ള അന്തരം ഈ മേഖല നേരിടുന്ന പ്രശ്നങ്ങളുടെ ദൃഷ്ടാന്തമാണ്. ഈ സാഹചര്യത്തിൽ പുനഃചംക്രമണ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് വേണ്ടി പ്രത്യേക അദാലത്ത് സംഘടിപ്പിക്കണം.

- സംരംഭ മേഖലയിൽ നവാഗതരായ സ്റ്റാർട്ടപ്പുകൾക്ക് നൽകുന്ന പരിഗണനയും പിന്തുണയും സാമ്പത്തിക സഹായവും പുനഃചംക്രമണ മേഖലയിലെ വ്യവസായങ്ങൾക്ക് ലഭ്യമാക്കണം.
- പുനഃചംക്രമണത്തിൽ നിന്നും പുനരുൽപ്പാദനത്തിലേക്ക് നയിക്കുന്ന വ്യവസായ സംരംഭങ്ങൾക്ക് പ്രചോദനം നൽകണം
- പുനഃചംക്രമണത്തിലൂടെ പുനരുൽപ്പാദന പ്രക്രിയയിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന ഉൽപ്പന്നങ്ങളുടെ വിപണനത്തിനു കുടുംബശ്രീ, ഹരിതകർമസേന തുടങ്ങിയ സംവിധാനങ്ങളിലൂടെ പ്രോത്സാഹനം നൽകണം
- സംസ്ഥാനത്തിന്റെ മൂന്ന് മേഖലകളിൽ (തെക്ക്,മധ്യം,വടക്ക്) പുനഃചംക്രമണത്തിനും പുനരുൽപ്പാദനത്തിനും പ്രാമുഖ്യം നൽകുന്ന ഓരോ എക്കോപാർക്കുകൾ സ്ഥാപിക്കണം. (കുറഞ്ഞത് 50 ഏക്കർ)
- പുനഃചംക്രമണവും പുനരുൽപ്പാദനവും പ്ലാസ്റ്റിക്കിൽ മാത്രമായി ഒതുങ്ങി നിൽക്കുന്ന സാഹചര്യം മറി കടക്കണം. ഗ്ലാസ്, മെറ്റൽ, ടയർ, തുണി, പേപ്പർ മുതലായവയുടെ പാഴ് വസ്തുക്കൾ പുനചംക്രമണം ചെയ്യുന്നതിന് പ്രത്യേക പരിഗണന നൽകണം.
- സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കപ്പെടുന്ന ഏതൊരുവിധത്തിലുമുള്ള പാഴ്‌വസ്തുക്കളും സംസ്ഥാനത്തിന് പുറത്തേക്ക് പോകുന്നതല്ലായെന്നത് നയമായി സ്വീകരിക്കണം.
- ഓരോ ജില്ലയിലും ലഭ്യമായിട്ടുള്ള എം.സി.എഫുകളും ആർ.ആർ.എഫുകളും അതാത് ജില്ലയിലോ സമീപ പ്രദേശത്തോ പ്രവർത്തിക്കുന്ന പുനഃചംക്രമണ യൂണിറ്റുകളുമായി നേരിട്ടുള്ള ബന്ധം സ്ഥാപിക്കുന്നതിന് നടപടികൾ ഉണ്ടാകണം. (ഇടനിലക്കാരെ ഒഴിവാക്കണം)
- ഉപയോഗക്ഷമമല്ലാത്ത ഇലക്ട്രോണിക് ഉപകരണങ്ങൾ, ഫർണിച്ചറുകൾ എന്നിവ റിപ്പയർ ചെയ്ത് പുനരുപയോഗ സാധ്യമാക്കുന്ന രീതിയിൽ റീഫർണിഷിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് പ്രോത്സാഹിപ്പിക്കുന്ന നടപടികൾ സ്വീകരിക്കണം.
- എക്സ്റ്റൻഡഡ് പ്രൊഡ്യൂസർ റെസ്പോൺസിബിലിറ്റി സംസ്ഥാനത്ത് ലഭ്യമായിട്ടുള്ള എല്ലാ ഉൽപ്പന്നങ്ങൾക്കും കർശനമായി ബാധകമാക്കുകയും നിർവഹണത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനത്തെ ഉത്തരവാദപ്പെടുത്തുകയും വേണം.
- പ്രാഥമിക ശേഖരണം നടത്തി സംഭരിക്കുന്ന എം.സി.എഫുകളിലും ദ്വിതീയ ശേഖരണവും സംഭരണവും നടക്കുന്ന ആർ.ആർ.എഫുകളിലും പാഴ്‌വസ്തുക്കളുടെ തരംതിരിക്കൽ ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനു വേണ്ടി യന്ത്രവൽക്കൃതമാക്കണം.
- എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും മിനി എം.സി.എഫുകളും എം.സി.എഫും തെരഞ്ഞെടുക്കപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ആർ.ആർ.എഫും നിർബന്ധമാക്കണം.
- ഹരിതകർമ്മസേനാംഗങ്ങൾ വാതിൽപ്പടി ശേഖരണം നടത്തുമ്പോൾ അനുഭവപ്പെടുന്ന പ്രായോഗിക വൈഷമ്യങ്ങൾ ഒഴിവാക്കുന്നതിന് ആവശ്യമായ നടപടി (മിനി എം.സി.എഫുകളുടെ നിർമ്മാണം, വാഹന സൗകര്യം എന്നിവ) സ്വീകരിക്കണം.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഹരിതകർമ്മസേന വഴി ശേഖരിക്കുന്ന അജൈവ പാഴ്‌വസ്തു ശേഖരണം-സംസ്കരണത്തിൽ കൃത്യമായ വ്യവസ്ഥയും നിബന്ധനകളുടേയും അടിസ്ഥാനത്തിൽ സ്വകാര്യ സംരംഭകർക്കു കൂടി അവസരം നൽകണം.
- പുനഃചംക്രമണ മേഖലയിൽ പ്രവർത്തിക്കുന്ന യൂണിറ്റുകളും സംരംഭകരേയും നെറ്റ് വർക്ക് ചെയ്യപ്പെടുകയും യൂണിറ്റുകളുടെ പ്രവർത്തനമേഖലയും ശേഷിയും കണക്കിലെടുത്ത എം.സി.എഫുകളേയും, ആർ.ആർ.എഫുകളേയും ബന്ധിപ്പിക്കുകയും വേണം.
- വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങളുടെ ഭാഗമായി റെഡ്യൂസ്, റീയൂസ്, റീസൈക്കിൾ എന്നിവയ്ക്കൊപ്പം റെഫ്യൂസ് എന്ന വാക്ക് കൂടി ഉൾപ്പെടുത്തി പ്രചാരണം നടത്തണം.
- സാനിട്ടറി വേസ്റ്റ് സംസ്കരണവുമായി ബന്ധപ്പെട്ട ഉൽപ്പാദകരുടെ എക്സ്റ്റെൻഡഡ് പ്രൊഡ്യൂസേഴ്സ് റെസ്പോൺസിബിലിറ്റി കർക്കശമായി നടപ്പിലാക്കണം.
- ശുചിത്വ സംഗമം 2020 ന്റെ മാതൃകയിൽ

ദേശീയ റീസൈക്ലേഴ്സ് കോൺക്ലേവ് സംഘടിപ്പിക്കണം.

- പുനഃചംക്രമണ സാധ്യമല്ലാത്തവയും ആർ.ഡി.എഫ്. ആയി പോലും ഉപയോഗിക്കാൻ കഴിയാത്തതുമായ അജൈവ പാഴ് വസ്തുക്കൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള സാനിട്ടറി ലാന്റ്ഫിൽ നിർമ്മിക്കുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കണം.

## III. മാലിന്യ സംസ്കരണ രംഗവും ഉപജീവന മേഖലയും

- ഹരിതകർമ്മസേനയുടെ ഉപജീവന മേഖലയും അതിന്റെ നിലനിൽപ്പുമാണ് പരിശോധിക്കേണ്ടത്. ഏതാണ്ട് 676 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലായി 18000 സ്ത്രീകൾ ഹരിതകർമസേനയിൽ സജീവമായുണ്ട്.
- ഹരിതകർമ്മസേനയുടെ പ്രവർത്തനത്തിന് നഗര-ഗ്രാമ വ്യത്യാസം പ്രകടമാണ്. കൂടുതൽ നഗര സ്വഭാവമുള്ള ഗ്രാമപഞ്ചായത്തുകളിലാണ് മികച്ച വരുമാനമുള്ള ഗ്രൂപ്പുകൾ കാണുന്നത്.
- മാലിന്യ മാനേജ്മെന്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്തമാണ്. അതിന് സഹായകമാകുക മാത്രമാണ് ഹരിതകർമ്മസേനയുടെ ജോലി.
- സംസ്ഥാനത്തൊട്ടാകെ ഏതാനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നല്ല നിലയിൽ വരുമാനമുള്ള ഗ്രൂപ്പുകൾ ഉയർന്നു വന്നിട്ടുണ്ട്. എന്നാൽ ബഹുഭൂരിപക്ഷം ഗ്രൂപ്പുകളിലും വ്യക്തിഗത വരുമാനം മിനിമം വേതനത്തിനും വളരെ താഴെയാണ്.
- മുൻകാലങ്ങളിൽ നിന്ന് വ്യത്യസ്തമായി മാലിന്യ മാനേജ്മെന്റ് രംഗത്ത് പ്രൊഫഷണലുകളുടെ ചെറുതല്ലാത്ത സാന്നിധ്യം ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടുണ്ട് എന്നത് ഹരിതകേരളം മിഷന്റെ വലിയ നേട്ടമാണ്.
- ഹരിതസഹായ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ സംബന്ധിച്ച് പഞ്ചായത്തുകൾക്ക് വ്യക്തതക്കുറവുണ്ട്.
- സ്വന്തമായി മാലിന്യക്കച്ചവടം നടത്തുന്ന ഏജൻസികൾ നടത്തുന്ന ഹരിതസഹായ സ്ഥാപനങ്ങളാണ് പൊതുവേ കൂടുതൽ ഫലപ്രദമായി പ്രവർത്തിക്കുന്നത്. ഇത് മൊത്തം പദ്ധതിയുടെ പ്രവർത്തനത്തെ സംബന്ധിച്ച് ചില സൂചനകൾ നൽകുന്നുണ്ട്.
- ഹരിതകർമസേനയിലെ അംഗങ്ങളുടെ ഉപജീവനമാർഗ്ഗം നിലനിൽക്കുന്ന രീതിയിൽ എത്തിക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വമാകണം.
- യൂസർഫീയെ മാത്രം ആശ്രയിച്ചുള്ള മാതൃക തികഞ്ഞ ഗ്രാമീണ സ്വഭാവമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കാര്യത്തിൽ വിജയ സാധ്യത കുറവാണ്.
- യൂസർഫീ കുറയ്ക്കാനാണ് ഗ്രാമപഞ്ചായത്തുകൾ താൽപ്പര്യപ്പെടുക. ഗ്രൂപ്പുകൾക്കാകട്ടെ മുഖ്യ വരുമാനം അതാണ്. പലപ്പോഴും ഒരേയൊരു വരുമാനവും.
- ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിൽ പകുതിയിൽ താഴെ വീടുകളാണ് കൃത്യമായി യൂസർഫീ കൊടുക്കാൻ തയ്യാറാവുക. ഏതാണ്ട് 30 ശതമാനം വീടുകൾ യൂസർഫീ കൊടുക്കാനേ തയ്യാറല്ല എന്നതാണ് പൊതു അവസ്ഥ.
- യൂസർഫീ എന്നത് വീടുകൾ സ്വന്തം ഇഷ്ടപ്രകാരം കൊടുക്കുന്നതാണ്. അഥവാ നിർബന്ധിത പിരിവ് പ്രായോഗികമല്ല. യൂസർഫീ എന്ന സങ്കൽപ്പത്തെത്തന്നെ ഈ അവസ്ഥ ദുർബലപ്പെടുത്തുന്നുണ്ട്.
- യൂസർഫീ പിരിക്കുവാൻ മാലിന്യം ശേഖരിക്കുന്ന സ്ത്രീകൾതന്നെ വീടുവീടാന്തരം പോകേണ്ട അവസ്ഥയിൽ മാറ്റം അനിവാര്യമാണ്. യൂസർഫീ ശേഖരിക്കാൻ മറ്റ് മാർഗ്ഗങ്ങൾ പരിഗണിക്കണം. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ബൈലോയിലൂടെ വസ്തു/കെട്ടിട നികുതി (Property tax) യോടൊപ്പം പിരിക്കുകയാണ് ഒരു സാധ്യത.
- കേരളം പോലെയുള്ള ഒരു സംസ്ഥാനത്ത് മാലിന്യ ശേഖരണത്തിൽ മിനിമം വേജിന് താഴെ വരുമാനത്തിൽ സ്ത്രീകൾ പണിയെടുക്കേണ്ടിവരുന്നത് ഒട്ടും തന്നെ ആശ്വാസ്യമല്ല.
- മിനിമം വേജ് തദ്ദേശ സ്വയംഭരണ സ്ഥാപനം ഉറപ്പു വരുത്തണം, അതിനു മുകളിൽ വരുമാനം കൂട്ടാൻ സാമൂഹിക സംരംഭങ്ങൾ ആലോചിക്കാവുന്നതാണ്.
- മിനിമം വേജ് കിട്ടാത്തിടത്തോളം തന്നെ ഗുരുതരമായ പ്രശ്നമാണ് വരുമാന

ത്തിലെ അനിശ്ചിതാവസ്ഥ അത് ഹരിതകർമസേനയിലെ സ്ത്രീകളെ പലയിടത്തും സമ്മർദ്ദത്തിലാക്കുന്നുണ്ട്.

- തൊഴിൽ ഡിഗ്നിറ്റി ഉറപ്പ് വരുത്തുക എന്നത് പറയുന്നപോലെ എളുപ്പമല്ല. നമ്മുടെ സമൂഹത്തിലെ വലിയൊരു വിഭാഗം ഈ തൊഴിലാളി സ്ത്രീകളെ കാണുന്നരീതിയിൽ മാറ്റം വരുത്തേണ്ടതുണ്ട്. അതിനായുള്ള ഇടപെടൽ അനിവാര്യമാണ്.
- ഹരിതകർമ്മ സേനയുടെ നിലനിൽപ്പ് ഉറപ്പുവരുത്തേണ്ട ഉത്തരവാദിത്തം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായിരിക്കെ മാലിന്യത്തിന്റെ ഉത്തരവാദിത്തം മാലിന്യം സൃഷ്ടിക്കുന്നവർക്കാണ്. അവരാണ് മാലിന്യ മാനേജ്മെന്റിന്റെ ചെലവ് വഹിക്കേണ്ടത്.
- ഹരിതകർമസേനാംഗങ്ങളുടെ സുരക്ഷിതത്വമടക്കമുള്ള കാര്യങ്ങളിൽ നടപടി സ്വീകരിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ ക്രമീകരണം ഉണ്ടാക്കണം. സർക്കാർ നേരിട്ടു തന്നെ ഉത്തരവിലൂടെ അത്തരം പരിമിതികളെ മറികടക്കാൻ സഹായിക്കേണ്ടിയിരിക്കുന്നു.
- സ്ഥിരവരുമാനത്തിന് യൂസർഫീ മതിയാകാത്തയിടങ്ങളിൽ പലതരം സംരംഭങ്ങൾ തുടങ്ങി വരുമാനം കൂട്ടാൻ ശ്രമം നടക്കുന്നുണ്ട്. അത്തരം ശ്രമങ്ങൾ പലപ്പോഴും ഹരിതകർമ്മസേനയുടെ പ്രധാന പ്രവർത്തനം മറന്നുകൊണ്ടാകുന്ന പ്രവണതയുമുണ്ട്.
- തുണിസഞ്ചി തയ്യൽ മുതലുള്ള സംരംഭങ്ങൾ തുടങ്ങുമ്പോൾ കമ്പോളത്തിന്റെ യാഥാർത്ഥ്യങ്ങൾ കണക്കിലെടുക്കാൻ ശ്രദ്ധിക്കേണ്ടതുണ്ട്.
- യൂസർഫീ, അതിന്റെ പിരിവ്, ഹരിതകർമ്മ സേനാംഗങ്ങളുടെ സുരക്ഷ, സേനയുടെ പ്രവർത്തനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വങ്ങൾ എന്നിവയെല്ലാം വിശദമായി പ്രതിപാദിക്കുന്ന പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കി പുറപ്പെടുവിക്കാൻ സർക്കാർ നടപടി സ്വീകരിക്കണം.
- ഹരിതകർമ്മസേനയുടെ ഉപജീവനത്തോടൊപ്പം മാലിന്യം ശേഖരിച്ചു ജീവിക്കുന്ന വലിയൊരു വിഭാഗം സാധുമനുഷ്യരുടെ ഉപജീവനവും നമ്മുടെ പരിഗണനയായിരിക്കണം.
- പാഴ്വസ്തുക്കൾ കൃത്യമായി തരംതിരിച്ച് മികച്ച വില ലഭ്യമാക്കാനുള്ള ക്രമീകരണം ക്ലീൻകേരള കമ്പനി ഉണ്ടാക്കണം. നിശ്ചിത വില മുൻകൂട്ടി നിശ്ചയിച്ച് എടുക്കുന്ന തരത്തിൽ ഈ രംഗത്തെ ബിസിനസ് മാറ്റാൻ ആവശ്യമായ ക്രമീകരണം ക്ലീൻ കേരള കമ്പനി ഉണ്ടാക്കണം.
- ജൈവ മാലിന്യത്തിൽ നിന്നുള്ള കമ്പോസ്റ്റ്വളം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിയുടെ ഭാഗമായി വാങ്ങി നൽകാൻ കഴിയണം. ഇതിനുള്ള മാർഗ്ഗരേഖ തദ്ദേശ സ്വയംഭരണ വകുപ്പും കൃഷി വകുപ്പും പുറത്തിറക്കണം.
- ബദൽ ഉൽപ്പന്നങ്ങൾ, ഗ്രീൻ പ്രോട്ടോക്കോൾ തുടങ്ങിയ അനുബന്ധ തൊഴിൽ സംരംഭങ്ങളുടെ സാധ്യതയുംനോക്കണം.
- കുടുംബശ്രീ ഹരിതകർമ്മസേന സംരംഭകഗ്രൂപ്പിൽ വരുമാനദായകമായ സംരംഭമാക്കുന്നതിന് ആവശ്യമായ സാങ്കേതിക സഹായം നൽകാൻ കുടുംബശ്രീ മിഷനെ പ്രാപ്തമാക്കണം.

## IV. ശുചിത്വ – മാലിന്യ സംസ്കരണം – മനോഭാവമാറ്റവും ശീലവൽക്കരണവും

**മനോഭാവമാറ്റവും ശീലവൽക്കരണവും എന്ന വിഷയത്തിൻമേൽ നടന്ന ചർച്ചയും നിർദ്ദേശങ്ങളും**

- ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് മാലിന്യ സംസ്കരണ മേഖലയിൽ നടക്കുന്ന പ്രവർത്തനങ്ങൾ ഊർജ്ജസ്വലവും അഭിനന്ദനീയവുമാണ്. എന്നാൽ ഈ മേഖലയിൽ ജനപങ്കാളിത്തം ഉറപ്പാക്കാൻ ആവശ്യമായ മനോഭാവനിർമ്മിതിയിൽ ഇനിയും ഒട്ടനവധി കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്.
- മാലിന്യത്തെ ശല്യമായി കാണാതെ, മാലിന്യത്തെ വിഭവമായി ഉൾക്കൊള്ളാനുള്ള മനോഭാവം നമ്മുടെ സമൂഹത്തിൽ സൃഷ്ടിക്കേണ്ടതുണ്ട്.
- സർക്കാർ-എൻ.ജി.ഒ. തലത്തിൽ മാലിന്യ സംസ്കരണത്തിന്റെ വിവിധ ഘട്ടങ്ങളെ പ്രോത്സാഹിപ്പിക്കുകയും അതിൽ പങ്കാ

ളികളാക്കാൻ ജനങ്ങളെ പ്രേരിപ്പിക്കുന്ന നയങ്ങളും നിയമങ്ങളും നേതൃത്വവും രൂപീകരിക്കുമ്പോൾ തന്നെ, ആത്യന്തികമായി ഇത് ജനങ്ങളുടെ ആവശ്യമാണ് എന്ന ബോധ്യമാണ് ദീർഘകാലയളവിൽ സമൂഹത്തിൽ ഉണ്ടാക്കിയെടുക്കേണ്ടത്.

- ഇത് സമയമെടുക്കുന്ന ഒരു പദ്ധതിയാണ് എന്ന തിരിച്ചറിവ് എല്ലാ തലങ്ങളിലെ ഭരണ സംവിധാനങ്ങൾക്കും ഉണ്ടാവണം. ദീർഘകാലയളവിൽ വളരെ സ്വാഭാവികമായ മനോഭാവമാറ്റം സൃഷ്ടിക്കുമ്പോൾ തന്നെ, ഹ്രസ്വകാലയളവിൽ കൈവരിക്കുന്ന രീതിയിൽ ചെറു ലക്ഷ്യങ്ങൾ കൂടി ഇതിനായി രൂപീകരിക്കണം.
- ആത്യന്തികമായി ഈ ചെറു ലക്ഷ്യങ്ങൾ ദീർഘകാല ലക്ഷ്യത്തിലേക്ക് എത്തിച്ചേരുവാൻ നമ്മെ സഹായിക്കുന്നവയായിരിക്കണം.
- ഇവയെ സംബന്ധിച്ച് കൃത്യമായ പദ്ധതികളും അതിന് മേൽനോട്ടം വഹിക്കേണ്ട സ്റ്റേക് ഹോൾഡർമാരേയും ഇനി പറയുന്നു.

| നം | മേഖല | തലം | പ്രവർത്തനം | ചുമതലക്കാർ |
|---|---|---|---|---|
| 1 | നയം | സംസ്ഥാനം | മാലിന്യത്തെ വിഭവമായി പ്രഖ്യാപിക്കുക | സംസ്ഥാന സർക്കാർ |
| 2 | ആസൂത്രണം | സംസ്ഥാനം | ദീർഘകാല മനോഭാവ നിർമ്മിതിയുമായി ബന്ധപ്പെട്ട് ഒരു പ്രോഗ്രാം മാനേജ്മെന്റ് സംവിധാനം രൂപീകരിക്കുക | ഹരിതകേരളം മിഷൻ |
| 3 | ആസൂത്രണം | സംസ്ഥാനം | ഈ പ്രോഗ്രാം മാനേജ്മെന്റ് സംവിധാനം മാലിന്യ സംസ്കരണത്തിന്റെ മറ്റു തലങ്ങളുമായി (അടിസ്ഥാന സൗകര്യ വികസനം, സാങ്കേതികത, മനുഷ്യ വിഭവത്തിന്റെ കൃത്യമായ ഉപയോഗം, വികേന്ദ്രീകൃത സംസ്കരണം, ഉപ ജീവനം, പുനചംക്രമണം, ആരോഗ്യ മേഖല, ജല വിനിയോഗം, അറിവിന്റെ നിർമ്മിതി തുടങ്ങി എല്ലാ തലങ്ങളുമായും) ബന്ധിപ്പിക്കുക | ഹരിതകേരളം മിഷൻ (മറ്റ് ഏജൻസികളുമായി കൂടിച്ചേർന്ന്) |
| 4 | ആസൂത്രണം | സംസ്ഥാനം | മനോഭാവ നിർമ്മിതിയുടെ ദീർഘകാല ലക്ഷ്യങ്ങൾ നിർവചിക്കുക | മുകളിൽ സൂചിപ്പിച്ച പ്രോഗ്രാം മാനേജ്മെന്റ് സംവിധാനം |
| 5 | ആസൂത്രണം | സംസ്ഥാനം | മനോഭാവ നിർമ്മിതിക്കായി അനുബന്ധ തലങ്ങളും (ജില്ല, ബ്ലോക്ക്, പഞ്ചായത്ത് തുടങ്ങിയവ) അവയുടെ ചുമതലക്കാരെയും കണ്ടെത്തുക. | പ്രോഗ്രാം മാനേജ്മെന്റ് സംവിധാനം |
| 6 | ആസൂത്രണം | സംസ്ഥാനം | ഇത്തരം മനോഭാവ നിർമ്മിതിക്ക് അനുപൂരകമാവും വിധം കൃത്യമായ ഇടവേളകളിൽ ഇതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടേയും വിഷയ മേഖലയിലെ വിദഗ്ദ്ധരുടേയും പ്രാക്ടീഷണർമാരുടേയും (തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികൾ ഉൾപ്പെടെയുള്ളവർ) വേദികൾ സൃഷ്ടിക്കുക | പ്രോഗ്രാം മാനേജ്മെന്റ് സംവിധാനം |
| 7 | ആസൂത്രണം | ജില്ല, ബ്ലോക്ക്, പഞ്ചായത്ത് | മനോഭാവ നിർമ്മിതിക്കായി ദീർഘ കാല ലക്ഷ്യങ്ങളെ അടിസ്ഥാനപ്പെടുത്തി ഹ്രസ്വകാല പദ്ധതികൾ രൂപീകരിക്കുക തുടർച്ചയായ വിശകലനവും തിരുത്തലുകളും ഉറപ്പ് വരുത്തുക | താഴ്ന്ന തലത്തിലെ പ്രോഗ്രാം പ്രോജക്ട് മാനേജ്മെന്റ് സംവിധാനങ്ങൾ |
| 8 | ആസൂത്രണം | സംസ്ഥാനം | അജൈൽ പ്രോജക്ട് മാനേജ്മെന്റ് (Agile Project Management) ആശയങ്ങൾ ഈ മനോഭാവ നിർമ്മിതിക്കും ശീലവൽക്കരണത്തിനു മായി രൂപീകരിക്കപ്പെടുന്ന പദ്ധതി നിർവഹണത്തിന് ഉപയോഗിക്കുന്ന തിനു വേണ്ടി ഒരു ചട്ടക്കൂട് (Framework) തയ്യാറാക്കുക | പ്രോഗ്രാം മാനേജ്മെന്റ് സംവിധാനം |

| | | | | |
|---|---|---|---|---|
| 9 | ആസൂത്ര ണം | സംസ്ഥാനം, ജില്ല, ബ്ലോക്ക്, പഞ്ചായത്ത് | അജൈൽ പ്രോജക്ട് മാനേജ്മെന്റ് പരിശീലനം എല്ലാ തലങ്ങളിലെ പ്രോഗ്രാം/പ്രോജക്ട് മാനേജ് മെന്റ് സംവിധാനങ്ങളുടെ ചുമതലക്കാർക്കും അവ യിൽ പങ്കെടുക്കുന്നവർക്കും നൽകുക. | പ്രോഗ്രാം മാനേജ്മെന്റ് സംവിധാനം (കില, ഐ.എം. ജി. എന്നിവരുടെ സഹായത്തോടു കൂടി) |
| 10 | ആസൂത്ര ണം | സംസ്ഥാനം | മനോഭാവ നിർമ്മിതി എന്നതിലേക്ക് കടക്കുന്ന തിനു മുമ്പ് നിലവിലെ പ്രശ്നങ്ങൾ, സമൂഹ മനോ ഭാവത്തിന്റെ ശരിയായ സ്വഭാവം എന്നിവയെപ്പറ്റി കത്യമായ പഠനങ്ങൾ നടത്തുക. ഇതിനായി സോഷ്യോളജിസ്റ്റുകൾ, സൈക്കോളജിസ്റ്റുകൾ, സ്വഭാവ ശാസ്ത്ര ഗവേഷകർ, ചരിത്രകാരന്മാർ, ആരോഗ്യ പ്രവർ ത്തകർ, പൊതുജനങ്ങൾ, സ്റ്റാറ്റിസ്റ്റിക് വിദഗ്ദ്ധർ) എന്നിവരുടെ സഹായം തേടുക<br>1. സമൂഹത്തിനെ ബാധിക്കുന്ന ബൗദ്ധിക ചായ് വുകൾ(cognitive biases), കുയുക്തികൾ (Fallacies) എന്നിവയുടെ ആഴവും അവയെ പ്രതിരോധി ക്കാനുള്ള ശ്രമങ്ങളും ഇത്തരം പഠനങ്ങളുടെ ഭാഗമാക്കപ്പെടണം.<br>2. ഈ പഠനം തുടർന്നു പോകുന്നതും നിര ന്തരമായ അറിവുൽപ്പാദനത്തിലൂടെ നമ്മുടെ ദീർഘകാല ലക്ഷ്യങ്ങളെ പരിപോ ഷിപ്പിക്കുന്നവയും ആയിരിക്കണം. | പ്രോഗ്രാം മാനേജ്മെന്റ് സംവിധാനം (ഐ.ഐ.ടികൾ, സാമൂഹ്യ ശാസ്ത്ര സർവകലാശാ ലകൾ എന്നിവ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ ഏജൻസികൾ, യു.എൻ.സമിതി കൾ, വിവിധ എൻ.ജി.ഒകൾ എന്നിവരുടെ സഹായത്തോ ടുകൂടി) |
| 11 | ആസൂത്ര ണം | സംസ്ഥാനം | ജനകീയാസൂത്രണ മാതൃകയിൽ വളരെ തീവ്രമായ ഒരു പ്രചരണ പരിപാടി ഒരു വർഷക്കാലയളവിൽ നടപ്പിലാക്കുന്നതിനു വേണ്ടിയുള്ള ആസൂത്രണം നടത്തുക.<br>1. ഈ പ്രവർത്തനം സർവ്വതല ങ്ങളിലും ബാധിക്കുന്നതും ഒരു വർഷത്തെ പദ്ധതി നിർവഹണ ത്തിനുശേഷം സ്ഥാപനവൽക്ക രിക്കപ്പെടുന്നതും ആയിരിക്കണം.<br>2. പ്രചരണ തീവ്രത (Intensive Propagation) ഇവിടെ പ്രധാനമാണ് | ഹരിതകേരളം മിഷൻ (സംസ്ഥാന സർക്കാരിന്റെ മറ്റു വകുപ്പുക ളോട് സഹക രിച്ചുകൊണ്ട്) |
| 12 | വിദ്യാ ഭ്യാസം | സംസ്ഥാനം | മനോഭാവ നിർമ്മിതി വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമാക്കുക | വിദ്യാഭ്യാസ വകുപ്പ്, ഹരിതകേരളം മിഷൻ |
| 13 | വിദ്യാ ഭ്യാസം | സംസ്ഥാനം | പ്രീ പ്രൈമറി, പ്രൈമറി തലത്തിൽ മാലിന്യ സംസ്കരണവും പൊതു ശുചിത്വവും പാഠ്യവി ഷയങ്ങളായി മാറ്റുക<br>1. അനുഭവപഠനം (Experiential learning) എന്ന പഠന സമ്പ്രദായം ഇതിനായി ഉപയോഗിക്കുക | വിദ്യാഭ്യാസ വകുപ്പ്, ഹരിതകേരളം മിഷൻ |
| 14 | വിദ്യാ ഭ്യാസം | സംസ്ഥാനം | ഇപ്പോൾ കുട്ടികൾ മാലിന്യ സംസ്കരണ പ്രസ്ഥാനങ്ങളിൽ ഉപകാരികൾ (Instrumental) ആയി ഉപയോഗിക്കപ്പെടുന്ന അവസ്ഥയുണ്ട്. ഇതിൽ നിന്ന് മാറി അവരെ ഉപയോക്താക്കൾ (Stake holders) ആയി ത്തന്നെ രൂപപ്പെടുത്തണം.<br>1. വീട്ടകങ്ങളിൽ മാറ്റം വരുത്തുന്നതിന് കുട്ടികൾ മുൻകൈ എടുക്കുന്ന അവസ്ഥയിലേക്ക് കാര്യങ്ങളെ കൊണ്ടെത്തിക്കേണ്ടതുണ്ട്. | വിദ്യാഭ്യാസ വകുപ്പ്, ഹരിതകേരളം മിഷൻ, ശിശുക്ഷേമ സമിതി, ബാലാവകാശ കമ്മീഷൻ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ |

| | | | | |
|---|---|---|---|---|
| 15 | വിദ്യാ ഭ്യാസം | സംസ്ഥാനം | സെക്കണ്ടറി – ഹയർ സെക്കണ്ടറി തലത്തിൽ വിദ്യാർത്ഥികൾ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട നൂതന സമ്പ്രദായങ്ങളും സാങ്കേതികതകളും ലോകോത്തരമായ നല്ല മാതൃകകളും (best practices) കണ്ടെത്താനുള്ള പ്രാപ്തി നേടിയെടുക്കുന്നതിനായി പരിശീലന പരിപാടികളും മത്സരങ്ങളും പാഠ്യപദ്ധതി പരിഷ്കരണവും നടപ്പിലാക്കുക.<br>1. ഇതിനായി പ്രാദേശിക പാഠങ്ങളും (local texts/ additional texts) വ്യത്യസ്ത പഠനമേഖലകളുടെ കൂട്ടിച്ചേർക്കലുകളും (inter disciplinary texts) നടക്കണം. (ഉദാ. ആരോഗ്യവും മാലിന്യവുമായുള്ള ബന്ധം, മാലിന്യത്തിന്റെ ഗണിതം, മാലിന്യത്തിന്റെ രസതന്ത്രം, മാലിന്യ സംസ്കരണത്തിന്റെ ഭൗതിക ശാസ്ത്ര സാധ്യതകൾ തുടങ്ങിയവ.) | വിദ്യാഭ്യാസ വകുപ്പ്<br>ഹരിതകേരളം മിഷൻ<br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ (പ്രാദേശിക പാഠങ്ങളുടെ സൃഷ്ടിക്ക് ആവശ്യമായ സഹായങ്ങൾ നൽകാൻ) |
| 16 | വിദ്യാ ഭ്യാസം | സംസ്ഥാനം | ഉന്നത വിദ്യാഭ്യാസ മേഖലയിൽ മാലിന്യവുമായി ബന്ധപ്പെട്ട പ്രോഗ്രാമുകളും ഗവേഷണ പദ്ധതികളും തുടങ്ങുന്നതിനെപ്പറ്റി ചർച്ചകൾ സംഘടിപ്പിക്കുകയും തീരുമാന ങ്ങൾ കൈക്കൊള്ളുകയും ചെയ്യുക (Planning, Technology, Sociology, Economics courses) | ഉന്നത വിദ്യാഭ്യാസ വകുപ്പ് (മറ്റ് സാങ്കേതിക സ്ഥാപനങ്ങളുടേയും സർവ്വകലാശാലകളുടേയും സഹകരണത്തോടുകൂടി) |
| 17 | വിദ്യാ ഭ്യാസം | സംസ്ഥാനം | പൊതുജന വിദ്യാഭ്യാസ മേഖല യിൽ ബെയർഫുട് കോളേജ് മാതൃകയിൽ (barefoot college) മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട തൊഴിൽ മാതൃകകൾ പരിശീലിപ്പിക്കുന്ന സംരംഭങ്ങൾ തുടങ്ങാൻ എൻ.ജി.ഒ കളെയും ഐ.ആർ.ടി.സി പോലുള്ള ഗവേഷക സ്ഥാപനങ്ങളേയും പ്രോത്സാഹിപ്പിക്കുകയും പ്രാപ്തരാക്കുകയും ചെയ്യുക | സാക്ഷരതാ മിഷൻ<br>സാമൂഹ്യക്ഷേമ വകുപ്പ്<br>ഹരിതകേരളം മിഷൻ (വിവിധ എൻ.ജി.ഒ.കളുടെ സഹായത്തോടുകൂടി) |
| 18 | വിദ്യാ ഭ്യാസം | സംസ്ഥാനം | സാങ്കേതിക സർവകലാശാലകളിൽ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ഷോർട്ട് ടേം വൊക്കേഷണൽ കോഴ്സുകൾ തുടങ്ങുക<br>1. ഇതോടൊപ്പം ഇത്തരം തൊഴിൽ പരിശീലനം പൂർത്തിയായവർക്ക് മാലിന്യ സംസ്കരണ മേഖലയിൽ അവസരങ്ങൾ പ്രധാനം ചെയ്യുക | ഉന്നത വിദ്യാഭ്യാസ വകുപ്പ്<br>ഹരിതകേരളം മിഷൻ<br>തദ്ദേശ സ്വയം ഭരണ സ്ഥാപനം (മറ്റ് സാങ്കേതിക സർവകലാശാലകളുടേയും സഹകരണത്തോടുകൂടി) |
| 19 | വിദ്യാ ഭ്യാസം | സംസ്ഥാനം | ഐ.ഐ.ഐ.ടി.എം.കെ. കേന്ദ്രമാക്കി പുതിയ സാങ്കേതിക വിദ്യകൾ (ഡാറ്റാ അനലിറ്റിക്സ്, ബ്ലോക്ക് ചെയിൻ, ത്രീ ഡി പ്രിന്റിംഗ്, ജിയോ–സ്പേഷ്യൽ അനലിറ്റിക്സ്, റോബോട്ടിക് തുടങ്ങിയവ)ക്ക് മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ടുള്ള നവീന പദ്ധതികളുടെ ഗവേഷണം ആരംഭിക്കുക | ഉന്നത വിദ്യാഭ്യാസ വകുപ്പ്<br>ഐ.ഐ.ഐ.ടി. എം.കെ. |
| 20 | വ്യവ സായ സംരംഭ ങ്ങൾ | സംസ്ഥാനം | മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സംരംഭകർക്ക് പ്രോജക്ട് മാനേജ്മെന്റ് ടെക്നോളജിക്കൽ മാനേജ്മെന്റ് എന്നീ മേഖലകളിൽ പരിശീലന പദ്ധതികൾ രൂപീകരിക്കുക | സ്റ്റാർട്ട് അപ് മിഷൻ<br>ഹരിതകേരളം മിഷൻ |

| | | | | |
|---|---|---|---|---|
| 21 | വ്യവ സായ സംരം ഭങ്ങൾ | സംസ്ഥാനം | ഹരിതസംരംഭകരുടെ ആത്മവിശ്വാസവും ആശയവിനിമയ ഗുണപരതയും മെച്ചപ്പെടുത്താനുള്ള പരിശീലനവും മാർഗ്ഗദർശനവും നൽകുക | സ്റ്റാർട്ടപ് മിഷൻ ഹരിതകേരളം മിഷൻ |
| 22 | വ്യവ സായ സംരം ഭങ്ങൾ | സംസ്ഥാനം | ഹരിത സംരംഭകർക്ക് ആവശ്യമായ ഫണ്ടിംഗ് ലഭ്യമാക്കുന്ന പദ്ധതികൾ ആവിഷ്കരിക്കുക | സ്റ്റാർട്ടപ്പ് മിഷൻ (വിവിധ ഫണ്ടിംഗ് ഏജൻസികളുടെ സഹായത്തോടുകൂടി) |
| 23 | വ്യവ സായ സൗഹൃദ പ്രസ്ഥാന ങ്ങൾ | സംസ്ഥാനം | P.M.I., I.M.A., I.E.E.E. എന്നിവ പോലുള്ള സാങ്കേതിക പ്രസ്ഥാനങ്ങളുടെ സഹായങ്ങൾ നമ്മുടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കാൻ കഴിയും. ഇതിനായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ഇത്തരം സംഘടനകളുടെ ഒരു കൺസോർഷ്യം രൂപീകരിക്കുകയും വാർഷിക പ്രവർത്തന പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കുകയും വേണം | ഹരിതകേരളം മിഷൻ സ്റ്റാർട്ടപ് മിഷൻ |
| 24 | സാമൂ ഹ്യ ക്ഷേമം | സംസ്ഥാനം | മാലിന്യപ്രശ്നം ഏറ്റവും കൂടുതൽ ബാധിക്കുന്നത് സാമ്പത്തികമായും സാമൂഹികമായും പിന്നാക്കം നിൽക്കുന്ന ജനവിഭാഗങ്ങളെയാണ്. അവരെ കേന്ദ്രീകരിച്ച് മാലിന്യ നിർമ്മാർജ്ജനം എന്ന വിഷയം ചർച്ച ചെയ്യപ്പെടേണ്ടതുണ്ട്.<br>1. ചേരികൾ, കോളനികൾ, ജലാശയങ്ങൾക്ക് സമീപം ജീവിക്കുന്നവർ, നഗര പ്രാന്തങ്ങളിൽ ജീവിക്കുന്നവർ എന്നിവർ എങ്ങിനെ മാലിന്യ നിർമ്മാർജ്ജനത്തിന്റെ പദ്ധതികളിൽ നിന്ന് മാറ്റി നിർത്തപ്പെടുന്നു എന്നത് പ്രത്യേകം ശ്രദ്ധിക്കണം. | ഹരിതകേരളം മിഷൻ, ലൈഫ് മിഷൻ, സാമൂഹ്യ ക്ഷേമ വകുപ്പ് |
| 25 | ഭിന്നശേ ഷി സമൂഹം | സംസ്ഥാനം | ഭിന്നശേഷിയും മാലിന്യവും എന്ന സവിശേഷ വിഷയവുമായി ബന്ധപ്പെട്ട ചർച്ചകൾ സംഘടിപ്പിക്കുകയും നയരൂപീകരണവും തുടർ പ്രവർത്തനങ്ങളും നടത്തുകയും ചെയ്യുക<br>1. ഭിന്നശേഷിയുള്ളവരെ മാലിന്യ സംസ്കരണത്തിൽ എങ്ങിനെ ഫലപ്രദമായി ഉൾക്കൊള്ളിക്കാൻ കഴിയും എന്നതിനെ പറ്റി ചർച്ചകൾ ആവശ്യമാണ്. | സാമൂഹ്യക്ഷേമ വകുപ്പ്, ആരോഗ്യവകുപ്പ്, ഹരിതകേരളം മിഷൻ |
| 26 | മത സാമു ദായിക സംഘ ടനകൾ | പ്രാദേശികം | ആരാധനാലയങ്ങൾ, മതപരമായ ചടങ്ങുകൾ നടക്കുന്ന ഇടങ്ങൾ എന്നിവ മാലിന്യങ്ങൾ വ്യാപകമായി സൃഷ്ടിക്കപ്പെടുന്ന ഇടങ്ങളാണ്. ഇവിടങ്ങളിൽ മത നേതാക്കളുടെ സഹകരണത്തോടു കൂടിത്തന്നെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടതാണ്. | ഹരിതകേരളം മിഷൻ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ (മത – സാമുദായിക സംഘടനകളുടെ സഹായത്തോടു കൂടി) |
| 27 | സാംസ് ക്കാരിക സംഘ ടനകൾ | പ്രാദേശികം | വായനശാലകൾ, ക്ലബ്ബുകൾ എന്നിവയ്ക്ക് ലഭ്യമാക്കുന്ന ഗ്രാന്റുകളിൽ മാലിന്യ സംസ്കരണം ഒരു മാനദണ്ഡമായി വയ്ക്കണം | ഹരിതകേരളം മിഷൻ സാമൂഹ്യക്ഷേമ വകുപ്പ് ഗ്രന്ഥ ശാലാ പ്രസ്ഥാനം |

| | | | | |
|---|---|---|---|---|
| 28 | മാധ്യ മങ്ങൾ | സംസ്ഥാനം, പ്രാദേശികം | മാധ്യമങ്ങളെ വളരെ ഗുണപ്രദമായി തന്നെ മാലിന്യ സംസ്കരണ പ്രസ്ഥാനങ്ങളുടെ പ്രയോക്താക്കളായി മാറ്റിയെടുക്കാവുന്നതാണ്<br>1. ഇതിനായി വാർത്താ മാധ്യമങ്ങളിൽ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പോസിറ്റീവ് ന്യൂസ് നൽകുന്ന സെഗ്മെന്റുകൾ തുടങ്ങുക<br>2. എഫ്.എം റേഡിയോ മാലിന്യ സംസ്കരണത്തിൽ വളരെ ഫലപ്രദമായി ഉപയോഗിക്കാവുന്നതാണ്. മാലിന്യ സംസ്കരണത്തിന്റെ സാധ്യതകളേയും അവയ്ക്കുള്ള ഇടങ്ങളേയും പൊതുജനങ്ങളിലേക്കെത്തിക്കാൻ എഫ്.എം. പരിപാടികളിലൂടെ സാധിക്കും. | ഹരിതകേരളം മിഷൻ പി.ആർ.ഡി വകുപ്പ് (വിവിധ മാധ്യമ ഏജൻസികളുമായി കൂടിച്ചേർന്ന്) |
| 29 | നവ മാധ്യ മങ്ങൾ | ഓൺ ലൈൻ | മാലിന്യത്തിന്റെ ശാസ്ത്രം, സ്വഭാവ സവിശേഷതകൾ, വർഗീകരണം, സംസ്കരണം, മാലിന്യം കുറയ്ക്കാൻ ചെയ്യേണ്ട കാര്യങ്ങൾ എന്നിവയെ വിശദമാക്കുന്ന ചെറു വീഡിയോകൾ സൃഷ്ടിക്കുക<br>1. വിവിധ യൂട്യൂബ് ചാനലുകൾ വഴിയും വാട്ട്സാപ്പ്, ടെലഗ്രാം ഗ്രൂപ്പുകൾ വഴിയും ഇത്തരം വീഡിയോകൾ പൊതുജനങ്ങളിലേക്കെത്തിക്കുക<br>2. അനിമേറ്റഡ് ഉള്ളടക്കങ്ങൾ സൃഷ്ടിക്കാനും അവ ജനങ്ങളിലേക്കെത്തിക്കുവാനും സാധിക്കണം. ഇതിനായി സാങ്കേതിക മേഖലയിൽ പ്രവർത്തിക്കുന്ന സന്നദ്ധ ഗ്രൂപ്പുകളെ ഒത്തുചേർക്കാവുന്നതാണ്. | ഹരിതകേരളം മിഷൻ പി.ആർ.ഡി വകുപ്പ് (വിവിധ മാധ്യമ ഏജൻസികളുമായി കൂടിച്ചേർന്ന്) |
| 30 | നവമാധ്യ മങ്ങൾ | ഓൺ ലൈൻ | മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ചർച്ചകൾ ഓൺലൈൻ മാധ്യമങ്ങൾ കേന്ദ്രീകരിച്ച് നടക്കേണ്ടതുണ്ട്. ഇതിനായി നിലവിലുള്ള ഓൺലൈൻ ചാനലുകളെ ഉപയോഗപ്പെടുത്തേണ്ടതുണ്ട്. | ഹരിതകേരളം മിഷൻ പി.ആർ.ഡി വകുപ്പ് (വിവിധ മാധ്യമ ഏജൻസികളുമായി കൂടിച്ചേർന്ന്) |
| 31 | നവമാധ്യ മങ്ങൾ | ഓൺ ലൈൻ | മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ഫേസ്ബുക്ക്, ടെലഗ്രാം, ടിറ്റർ, വാട്ട്സാപ്പ് എന്നീ ഓൺ ലൈൻ മാധ്യമങ്ങൾ കാര്യക്ഷമമായി ഉപയോഗിക്കപ്പെടേണ്ടതുണ്ട്.<br>1. ഇത്തരം മാധ്യമങ്ങൾ ഗുണകരമായി ഉപയോഗിക്കുമ്പോൾ തന്നെ, ഇവയുടെ ദോഷകരമായ വശങ്ങൾ (വ്യാജ വാർത്തകൾ സൃഷ്ടിക്കപ്പെടുന്നതും, സ്വകാര്യതയിലേക്കുള്ള കടന്നുകയറ്റവും, സൈബർ ബുള്ളിയിംഗും ഉൾപ്പെടെ പലതും) പ്രതിരോധിക്കാനുള്ള ശ്രമം കൂടി ഉണ്ടാവണം<br>2. കേരള പോലീസ് ഫലപ്രദമായി ഉപയോഗിക്കുന്ന സൈബർ പ്രസൻസ് സ്ട്രാറ്റജി ഇതിനായി പരിശോധിക്കാവുന്നതാണ്. | ഹരിതകേരളം മിഷൻ പി.ആർ.ഡി വകുപ്പ് (വിവിധ മാധ്യമ ഏജൻസികളുമായി കൂടിച്ചേർന്ന്) |
| 32 | നവമാധ്യ മങ്ങൾ | ഓൺലൈൻ സംസ്ഥാനം പ്രാദേശികം | മാലിന്യ സംസ്കരണ മേഖലയിൽ പ്രവർത്തിക്കുന്ന വ്യക്തികളുടെ സംസ്ഥാനതലത്തിലും പ്രാദേശിക തലത്തിലുമുള്ള വിവിധ കൂട്ടായ്മകൾ രൂപീകരിക്കേണ്ടതാണ്.<br>1. അതിനായി ടെലഗ്രാം പോലുള്ള ആശയവിനിമയ സംവിധാനങ്ങളെ ഉപയോഗിക്കാം. വാട്ട്സാപ്പിനെക്കാളും ടെലഗ്രാമിന് ഇത്തരം വലിയ ഗ്രൂപ്പുകളെ ഉൾക്കൊള്ളാനുള്ള ശേഷിയുണ്ട്. | ഹരിതകേരളം മിഷൻ പി.ആർ.ഡി. വകുപ്പ് (വിവിധ മാധ്യമ ഏജൻസികളുമായി കൂടിച്ചേർന്ന്) |

| | | | | |
|---|---|---|---|---|
| 33 | ഡാറ്റ | ഓൺലൈൻ<br>സംസ്ഥാനം<br>പ്രാദേശികം | മാലിന്യവുമായി ബന്ധപ്പെട്ട എല്ലാ ഡാറ്റയും ദേശീയ ഓപ്പൺ ഡാറ്റാ പോർട്ടലിലേക്ക് എത്തിക്കുവാനുള്ള മാർഗ്ഗനിർദ്ദേശം എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും സാനിട്ടേഷൻ ഏജൻസികൾക്കും ഗവൺമെന്റ് സംവിധാനങ്ങൾക്കും നൽകേണ്ടതുണ്ട്.<br>1. ഇത്തരം ഡാറ്റ ഓപ്പൺ ഡാറ്റാ മാനദണ്ഡങ്ങൾ അനുസരിച്ചുള്ളവയായിരിക്കണം (granular, real-time, undiscriminating, raw, format-independent, complete, without copyright constraints etc) | ഐ.ടി.മിഷൻ<br>തദ്ദേശ സ്വയം ഭരണ വകുപ്പ്<br>ഹരിതകേരളം മിഷൻ |
| 34 | ഡാറ്റ | ഓൺലൈൻ<br>സംസ്ഥാനം<br>പ്രാദേശികം | ലഭ്യമാകുന്ന ഓപ്പൺ ഡാറ്റ ഉപയോഗിച്ച് ചെറു സിവിക് ആപ്ലിക്കേഷനുകൾ (civic Apps) സൃഷ്ടിക്കുവാനും അവയെ ജനസമൂഹങ്ങളിലേക്ക് വിന്യസിക്കാനും (deploy) തദ്ദേശഭരണ സ്ഥാപനങ്ങളെ പ്രാപ്തരാക്കണം<br>1. ഐ.ടി. മിഷൻ, സ്റ്റാർട്ടപ് മിഷൻ എന്നിവയ്ക്ക് ഈ കാര്യത്തിൽ നേതൃത്വപരമായ പങ്ക് വഹിക്കാൻ കഴിയും<br>2. ഇത്തരം സിവിക് ആപ്പുകളുടെ നിർമ്മിതിക്കായി കോളേജ് വിദ്യാർത്ഥികൾ, ടെക്നോളജിസ്റ്റുകൾ, സാങ്കേതിക സമൂഹങ്ങൾ എന്നിവരെ കൂട്ടിച്ചേർത്ത് ഹാക്കത്തോ ണുകൾ സംഘടിപ്പിക്കണം<br>3. ഈ ഹാക്കത്തോണുകളിൽ ടെക്നോളജിസ്റ്റുകൾക്കൊപ്പം സാനി ട്ടേഷൻ പ്രാക്ടീഷണർമാരെയും Requirement owners ആയി കൊണ്ടു വരണം<br>4. Toilet Finding Apps, Adopting a public well App, tourist Apps എന്നിവയൊക്കെ ഇത്തരം സിവിക് ആപ്പുകൾക്ക് ചില ഉദാഹരണങ്ങ ളാണ്. വളരെ ഭാവനാത്മ കമായ ആപ്പുകൾ സൃഷ്ടിക്കാൻ നമ്മുടെ സാങ്കേതിക സമൂഹങ്ങൾക്ക് കഴിയും. | ഐ.ടി.മിഷൻ<br>ഇൻഫർമേഷൻ കേരളാ മിഷൻ<br>സ്റ്റാർട്ടപ് മിഷൻ<br>ഹരിതകേരളം മിഷൻ,<br>ഉന്നത വിദ്യാഭ്യാസ വകുപ്പ്<br>തദ്ദേശ സ്വയം ഭരണ വകുപ്പ്<br>(ടെക്നോ പാർക്ക്, ഇൻഫോപാർക്ക് എന്നിവയുടെ സാങ്കേതിക സഹായത്തോടു കൂടി) |
| 35 | ബ്രാൻഡിംഗ് | സംസ്ഥാനം<br>പ്രാദേശികം | ഓരോ സമൂഹത്തിലും മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ബ്രാൻഡ് അംബാസഡർമാരെ സൃഷ്ടിക്കണം<br>1. കുട്ടികൾ, മുത്തശ്ശിമാരും മുത്തശ്ശന്മാരും നാട്ടിലെ സെലിബ്രിറ്റികൾ എന്നിവരാണ് ഇത്തരം റോളു കൾക്ക് ഏറ്റവും അനുയോജ്യരായവർ അവരുടെ ജീവിതശൈലി യുമായി ബന്ധപ്പെട്ട പ്രത്യേകത കൾ കൊണ്ടാവണം ഈ തെര ഞ്ഞെടുക്കലുകൾ നടക്കേണ്ടത്.<br>2. ഇവർക്ക് ചില സവിശേഷ അധികാരങ്ങളും നൽകാവുന്നതാണ്. (ഉദാ- ശുചിത്വവുമായി ബന്ധപ്പെട്ട പൊതു ചടങ്ങുകളിലെ അധ്യക്ഷർ, ശുചിത്വവുമായി ബന്ധപ്പെട്ട ഔദ്യോഗിക യോഗങ്ങളിലെ ക്ഷണിതാവ് തുടങ്ങിയവ)<br>3. നാട്ടിൻപുറങ്ങളിൽ അമ്മക്കൂട്ട ങ്ങളെയും അമ്മൂമ്മ പോലീസുകാരേയും സൃഷ്ടിക്കാവുന്നതാണ്. ഇവർക്കും സവിശേഷ അധികാരങ്ങൾ നൽകാവുന്നതാണ്. | ഹരിതകേരളം മിഷൻ<br>തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ<br>പി.ആർ.ഡി വകുപ്പ് |
| 36 | വിവര വിനിമയം | പ്രാദേശികം | നാട്ടിൻപുറങ്ങളിലെ വായനശാലകളെ ശുചിത്വവുമായി ബന്ധപ്പെട്ട ഇൻഫർമേഷൻ സെന്ററുകൾ ആക്കി മാറ്റാവുന്നതാണ്. | ഹരിതകേരളം മിഷൻ<br>ശുചിത്വമിഷൻ<br>തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, ഗ്രന്ഥശാലാ സംഘം |

| | | | | |
|---|---|---|---|---|
| 37 | അടിസ്ഥാന സൗകര്യം | പ്രാദേശികം | മാലിന്യ നിർമ്മാർജ്ജനത്തിന് അനുകൂലമായ മനോഭാവ നിർമ്മിതിക്ക് മാലിന്യക്കുട്ടകളുടെ (Waste bins) സ്ഥാനം വളരെ വലുതാണ്<br>1. വിവിധ മാലിന്യങ്ങൾ തരം തിരിച്ച് നിക്ഷേപിക്കാവുന്ന തരം മാലിന്യക്കുട്ടകൾ കൃത്യമായ നിർദ്ദേശങ്ങൾ പതിപ്പിച്ച് പൊതുവിടങ്ങളിൽ എല്ലായിടത്തും ലഭ്യമാക്കണം.<br>2. ഇത്തരം മാലിന്യക്കുട്ടകൾ വളരെയധികം ആകർഷകമായിരിക്കണം.<br>3. സംസാരിക്കുന്ന മാലിന്യക്കുട്ടകൾ (ചെറു സെൻസറുകളും, സ്പീക്കറും മാത്രം മതിയാവും), കലാപരമായി രൂപീകരിക്കപ്പെട്ട മാലിന്യക്കുട്ടകൾ എന്നിവ യൊക്കെ പ്രൊഫഷണൽ കോളേജ് വിദ്യാർത്ഥികൾ, കലാകാരന്മാർ എന്നിവരുടെ സഹായത്തോടെ നിർമ്മിക്കാവുന്നതാണ്. എന്നാൽ അതൊക്കെ ചെയ്യുമ്പോഴും ഈ മാലിന്യക്കുട്ടകൾ പരിപാലിക്കപ്പെടാൻ കഴിയുന്നതും അന്താരാഷ്ട്ര മാനകങ്ങൾ പാലിക്കുന്നതുമാണെന്ന് ഉറപ്പ് വരുത്തണം. | |
| 38 | അടിസ്ഥാന സൗകര്യം | പ്രാദേശികം | മാലിന്യക്കുട്ടകൾ പൊതു ശൗചാലയങ്ങൾ എന്നിവയുടെ വൃത്തി മനോഭാവ നിർമ്മിതിക്കും ശീലവൽക്കരണത്തിനും വളരെ ആവശ്യമുള്ള ഒരു ഘടകമാണ്.<br>1. പൊതു ശൗചാലയങ്ങളുടെ നിർമ്മിതിയിൽ എർഗോണമിക് പ്രാക്ടീസുകൾ (Ergonomic practices) നിർബന്ധമായും പാലിച്ചിരിക്കണം<br>2. സ്വയം വൃത്തിയാക്കുന്നത് കക്കൂസ് മാലിന്യങ്ങളെ ഫലപ്രദമായി സംസ്കരിക്കുന്നതുമായ ശൗചാലയ മാതൃകകൾ എന്നിവ നിർബന്ധമാക്കണം.<br>3. ശൗചാലയങ്ങൾക്കുള്ളിൽ കൃത്യമായ വെളിച്ചം ലഭ്യമാക്കുന്ന സംവിധാനം ഉണ്ടായിരിക്കണം<br>4. ശൗചാലയങ്ങളിലേക്കുള്ള വഴി കാടു പിടിച്ച് കിടക്കാതിരിക്കുന്നതിനായി കൃത്യമായി കല്ലു പാകി വൃത്തിയായിരിക്കണം.<br>5. ശൗചാലയങ്ങളുടെ ഗുണനിലവാരവും ശുചിത്വവും യൂസർ റേറ്റിംഗിലൂടെ ഉറപ്പുവരുത്തണം. ഇതിനായി ശൗചാലയത്തിനു പുറത്തും സിവിക് ആപ്പുകൾ വഴിയും ചെലവ് കുറഞ്ഞ റേറ്റിംഗ് സംവിധാനങ്ങൾ സൃഷ്ടിക്കാൻ കഴിയും.<br>6. നാട്ടു ചന്തകളിൽ മലിനജലം ഒഴുകിപ്പോകുന്ന സംവിധാനങ്ങളും, മാലിന്യക്കുട്ടകളും മറ്റ് മാലിന്യ സംസ്കരണ സംവിധാനങ്ങളും ഉണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനൊപ്പം അവയെ സംബന്ധിച്ച നിർദ്ദേശങ്ങളും അവ പാലിക്കുന്നതിനുള്ള പോസിറ്റീവ് എൻഫോഴ്സ്മെന്റ് മെസ്സേജുകളും വലുതായിത്തന്നെ പ്രദർശിപ്പിച്ചിരിക്കണം. | ഹരിതകേരളം മിഷൻ<br>ശുചിത്വമിഷൻ<br>തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ |

| | | | | |
|---|---|---|---|---|
| 39 | വിവര വിനിമയം | പ്രാദേശികം | 1. 'ഗ്രീൻപ്രോട്ടോക്കോൾ എന്ത്? എങ്ങിനെ?' എന്ന വിപുലമായ കാമ്പയിൻ എല്ലാ പഞ്ചായത്തുകളിലും നടപ്പാക്കുകയും അത് പാലിക്കുന്ന എല്ലാ ചടങ്ങുകൾക്കും തുടക്കകാലയളവിലെങ്കിലും ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുന്നവർക്ക് ആദരവ് ഉറപ്പ് വരുത്തുകയും വേണം.<br>2. ശുചിത്വബദലുകൾ എവിടെ ലഭ്യമാണ് എന്ന വിവരം എല്ലായിടങ്ങളിലും ലഭ്യമാക്കാനുള്ള ശ്രമങ്ങൾ തുടങ്ങണം<br>3. ഇത് ഉൽപ്പാദകരുടെ ഉത്തരവാദിത്തമായി ത്തന്നെ മാറ്റിയെടുക്കാം<br>4. ഉദാഹരണത്തിന് സിഗരറ്റ് കൂടിനുള്ളിൽ 'പുക വലി ആരോഗ്യത്തിന് ഹാനികരം' എന്ന് സൂചി പ്പിക്കുന്നത് പോലെ. നിരോധിക്കപ്പെടാത്ത, ആശാസ്യകരമല്ലാത്ത ഉൽപ്പന്നങ്ങളുടെ പാക്കേ ജുകളിൽ ബദലുകളെപ്പറ്റിയുള്ള സൂചന പതി പ്പിക്കണണമെന്ന് നിഷ്കർഷിക്കാവുന്നതാണ്. മൾട്ടിലെവൽ പ്ലാസ്റ്റിക്കുകൾ ഉപയോഗിക്കുന്ന പാക്കേജിംഗിലൊക്കെ ഇത് നിഷ്കർഷിക്കാ വുന്നതാണ്. | ഹരിതകേരളം മിഷൻ ശുചിത്വമിഷൻ പി.ആർ.ഡി വകുപ്പ് തദ്ദേശ സ്വയം ഭരണ സ്ഥാപ നങ്ങൾ |
| 40 | വിവര വിനിമയം | സംസ്ഥാനം പ്രാദേശികം | മാലിന്യ വർഗ്ഗീകരണം തികച്ചും ബുദ്ധിമുട്ടുള്ള പ്രക്രിയയാണ്. വെറും ബുക്ക്ലെറ്റുകളിലൂടെയും പോസ്റ്ററുകളിലൂടെയും ഇത് ജനങ്ങളിലേക്കെ ത്തിക്കാൻ ബുദ്ധിമുട്ടാണ്. ഇതിനായി വീഡിയോ കൾ, സമ്പർക്ക പരിപാടികൾ എന്നിവയിലൂടെ യുള്ള പ്രചരണ പരിപാടികൾ രൂപീകരിക്കണം.<br>1. ഇതിനായി കുടുംബശ്രീ, ആശാ പ്രവർത്തകർ, എൻ.എസ്.എസ്., എൻ.സി.സി., എസ്.പി.സി. തുടങ്ങിയ സന്നദ്ധ സംഘടനകൾ, മൊബൈൽ ആപ്പുകൾ, മൊബൈൽ ഗെയിമുകൾ എന്നി വയെ ഉപയോഗിക്കാവുന്നതാണ്.<br>2. ഈയിടെ പ്രചാരത്തിൽ വരുന്ന വെബ് സീരീസുകളുടെ സഹായവും ഇക്കാര്യത്തി നായി സ്വീകരിക്കാവുന്നതാണ്. (ഉദാ- കരിക്ക് മീഡിയ, പൊന്മുട്ട, ഫ്ളവേഴ്സ് വെബ് സീരീ സുകൾ തുടങ്ങിയവ) | ഹരിതകേരളം മിഷൻ ശുചിത്വമിഷൻ പി.ആർ.ഡി തദ്ദേശ സ്വയം ഭരണ സ്ഥാപ നങ്ങൾ |
| 41 | വിവര വിനിമയം | സംസ്ഥാനം | മനോഭാവ നിർമ്മിതിയിൽ ഭാഷാ വളരെ പ്രധാന പ്പെട്ട ഒരുപകരണ മാണ്<br>1. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട സാങ്കേതിക പദങ്ങൾ കഴിയുന്നിടത്തോളം ലളിതമാക്കേണ്ടതുണ്ട്.<br>2. ഭാഷയിൽ മാലിന്യ സംസ്കരണത്തിന് അനു യോജ്യമായ സാധ്യതകൾ തുറക്കുന്ന പുതിയ വാക്കുകൾ, ചൊല്ലുകൾ, പ്രയോഗങ്ങൾ, എന്നിവ സൃഷ്ടിച്ചെടുക്കണം<br>3. മാലിന്യ നിർമ്മാർജ്ജനത്തിന് അനുകൂലമായ പ്രചരണ പരിപാടികൾ സൃഷ്ടിക്കാൻ വിക്കി മീഡിയ സമൂഹങ്ങൾ, ഗ്രന്ഥശാല സംഘം, കോളേജുകളിലെ ഭാഷാ ഡിപ്പാർട്ട്മെന്റുകൾ എന്നിവയുമായി ചേർന്ന് പ്രവർത്തിക്കുന്ന പദ്ധതികൾ ഹരിതകേരളം മിഷൻ, പി.ആർ.ഡി. എന്നിവർ രൂപീകരിക്കണം<br>4. നൂതനമായ പ്രചരണ പരിപാടികൾ പൊതു ജനങ്ങളിലേക്കെത്തിക്കാൻ ഹരിതകേരളം മിഷൻ രസകരമായ പരസ്യങ്ങൾ, ട്രോളു കൾ എന്നിവയുടെ സാധ്യതകൾ ഉപയോ ഗിക്കണം | ഹരിതകേരളം മിഷൻ ഭാഷാ ഇൻസ്റ്റി റ്റ്യൂട്ട് പി.ആർ.ഡി വകുപ്പ് (വിക്കി മീഡിയ യൂസർ ഗ്രൂപ്പുകൾ, സർവ്വകലാ ശാലകൾ, ട്രോൾ സമൂഹങ്ങൾ എന്നിവയുടെ സഹായ ത്തോടെ) |

| | | | | |
|---|---|---|---|---|
| 42 | വിവര വിനിമയം | സംസ്ഥാനം | മാലിന്യ ഇൻഡക്സിംഗ് വ്യവസായങ്ങൾ, പൊതു സ്ഥാപനങ്ങൾ, ടൂറിസം മേഖല എന്നിവിടങ്ങളിൽ നടപ്പിലാക്കണം | സാമ്പത്തിക ശാസ്ത്ര -സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ഹരിതകേരളം മിഷൻ |
| 43 | നയം | സംസ്ഥാനം | ഹരിതടൂറിസം, മാലിന്യമുക്ത ടൂറിസം എന്നിവ സർക്കാർ നയങ്ങളായിത്തന്നെ പ്രഖ്യാപിക്കുകയും അവയെ അടിസ്ഥാനപ്പെടുത്തി ടൂറിസം പ്രചരണ പരിപാടികൾ സൃഷ്ടിക്കുകയും വേണം. | സംസ്ഥാന സർക്കാർ ടൂറിസം വകുപ്പ് ഹരിതകേരളം മിഷൻ |
| 44 | നിയമപ രിപാ ലനം | സംസ്ഥാനം | മാലിന്യ സംസ്കരണത്തിൽ സിറ്റിസൺ പോലീസിംഗ് പ്രോത്സാഹിപ്പിക്കണം | ആഭ്യന്തര വകുപ്പ് ഹരിതകേരളം മിഷൻ |
| 45 | വിവര വിനിമയം | സംസ്ഥാനം | മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നടന്നിട്ടുള്ള മികച്ച പ്രവർത്തനങ്ങൾ എടുത്തു കാണിക്കുവാൻ റിയാലിറ്റി ഷോകൾ നടത്തുക | ഹരിതകേരളം മിഷൻ പി.ആർ.ഡി വകുപ്പ് |
| 46 | വിവര വിനിമയം | ഓൺലൈൻ | മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട മികച്ച പ്രവർത്തന മാതൃകകൾ ലോകത്തിനു മുന്നിൽ പ്രദർശിപ്പിക്കുവാൻ TEDx കൂട്ടായ്മകളുടെ സാധ്യതകൾ ഉപയോഗിക്കുക | ഹരിതകേരളം മിഷൻ പി.ആർ.ഡി വകുപ്പ് |
| 47 | ഗവേ ഷണം | സംസ്ഥാനം | മെച്ചപ്പെട്ട മാലിന്യ സംസ്കരണ സാങ്കേതിക വിദ്യകളും മാലിന്യ സംസ്കരണ പ്രക്രിയകളും കണ്ടെത്തുന്നതിനായി അക്കാദമിക സമൂഹങ്ങ ളുടെ കൂട്ടായ്മകളും അന്താരാഷ്ട്ര സെമിനാറുകളും സംഘടിപ്പിക്കുക | ഹരിതകേരളം മിഷൻ സർവകലാശാ ലകൾ ഉന്നത വിദ്യാഭ്യാസ വകുപ്പ് |
| 48 | ബ്രാൻ ഡിംഗ് | സംസ്ഥാനം പ്രാദേശികം | തികച്ചും അപ്രതീക്ഷിത ഇടങ്ങളിൽ മാലിന്യ സംസ്കരണത്തെപ്പറ്റിയുള്ള പോസ്റ്ററുകളും മാലിന്യക്കുട്ടകളും സ്ഥാപിക്കുക (ഉദാ-ബാറുകൾ, ബിവറേജസ് കൗണ്ടറുകൾക്ക് മുന്നിൽ, ഓട്ടോ റിക്ഷ സ്റ്റാന്റുകൾക്ക് മുന്നിൽ | ഹരിതകേരളം മിഷൻ ശുചിത്വമിഷൻ |
| 49 | ബ്രാൻ ഡിംഗ് | സംസ്ഥാനം പ്രാദേശികം | 'ബിഗ് ഡേ' (big day) ആശയം (ഒരു പ്രത്യേക ദിവസം ഒരു പ്രത്യേക പ്രവർത്തനം വ്യാപകമായി നടപ്പിലാക്കുന്ന പദ്ധതി) മാലിന്യ സംസ്കരണ മേഖലയിൽ നടപ്പിലാക്കുക | ഹരിതകേരളം മിഷൻ ശുചിത്വമിഷൻ |
| 50 | നിയമ പരിപാ ലനം | സംസ്ഥാനം പ്രാദേശികം | തത്സമയ പരിശോധനകൾ (spot auditing), തത്സമയ സമ്മാനങ്ങൾ (spot incentives), തത്സമയ ഫൈനുകൾ (spot fines) എന്നിവ മാധ്യമശ്രദ്ധ കിട്ടുന്ന രീതിയിൽ നടപ്പിലാക്കുക | ഹരിതകേരളം മിഷൻ ശുചിത്വമിഷൻ |

## ശുചിത്വസംഗമം – തുടർ നടപടികൾ

ശുചിത്വസംഗമത്തിൽ ഹരിതകർമ്മസേനയും ഉപജീവന വികസനമെന്ന വിഷയത്തിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ കൂടി ഉൾപ്പെടുത്തി ഹരിതകർമ്മസേനയുടെ മാർഗ്ഗരേഖ പുതുക്കി സർക്കാർ ഉത്തരവായിട്ടുണ്ട്. പുനഃചംക്രമണ മേഖലയുമായി ബന്ധപ്പെട്ട ഉയർന്നുവന്ന നിർദ്ദേശങ്ങൾ കൂടി ഉൾപ്പെടുത്തി ക്ലീൻകേരള കമ്പനിയുടെ പ്രവർത്തന മാർഗ്ഗരേഖയും കർമ്മ പരിപാടിയും പരിഷ്ക്കരിച്ചു. മനോഭാവമാറ്റവും ശീലവൽക്കരണവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ കൂടി ഉൾപ്പെടുത്തി ശുചിത്വ-മാലിന്യവുമായി ബന്ധപ്പെട്ട് നടത്തി വന്ന ഐ.ഇ.സി. പ്രോഗ്രാം പരിഷ്ക്കരിച്ചു. കൂടുതൽ വിപുലമായ വിവര വിജ്ഞാന വ്യാപനത്തിനും മനോഭാവമാറ്റ – ശീലവൽക്കരണ പരിപാടികളും വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു.

മാലിന്യ സംസ്കരണ മേഖലയിലെ പ്രശ്നങ്ങളും സാധ്യതകളും സമഗ്രമായി പരിശോധിക്കും വിധമാണ് ശുചിത്വസംഗമം രൂപകൽപ്പന ചെയ്തതും സംഘടിപ്പിച്ചതും. സംഗമത്തിൽ ഉരുത്തി

രിഞ്ഞ നിർദ്ദേശങ്ങളും ആശയങ്ങളും ഹരിതകേരളം മിഷന്റെ ഭാവി പ്രവർത്തനങ്ങൾക്ക് കൃത്യമായ ദിശാബോധം നൽകുന്നവയായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ തുടർ പ്രവർത്തനങ്ങളും കർമ്മപരിപാടിയും തയ്യാറാക്കി നടപ്പിലാക്കി വരുന്നു.

## ബദൽ ഉൽപ്പന്ന പ്രദർശന വിപണന മേള

പ്ലാസ്റ്റിക് കാരിബാഗുകൾക്കും ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്കിലേതുൾപ്പെടെയുള്ള ഉൽപ്പന്നങ്ങൾക്കും 2020 ജനുവരി ഒന്നു മുതൽ സർക്കാർ നിരോധനമേർപ്പെടുത്തിയ പശ്ചാത്തലത്തിൽ ശുചിത്വസംഗമത്തോടനുബന്ധിച്ച് ജനുവരി 15 മുതൽ ഹരിതകേരളം മിഷൻ സംഘടിപ്പിച്ച ബദൽ ഉൽപ്പന്ന പ്രദർശന വിപണന മേള ഏറെ ശ്രദ്ധേയമായി. വേറിട്ട വിഷയം, വൈവിധ്യമാർന്ന സ്റ്റാളുകൾ, ഉൽപ്പന്നനിർമ്മാണ സാങ്കേതികവിദ്യകളുടെ പരിചയപ്പെടുത്തൽ തുടങ്ങി കേരളീയർക്ക് നവ്യാനുഭവമായിരുന്നു എട്ട് ദിവസം നീണ്ടു നിന്ന പ്രദർശന വിപണനം. നിരോധിത പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ, ഒറ്റത്തവണ ഉപയോഗ ഉൽപ്പന്നങ്ങൾ എന്നിവയ്ക്കു പകരമായി എന്തെല്ലാമുണ്ട്, അവ എങ്ങനെ ചെലവ്കുറഞ്ഞ രീതിയിൽ നിർമ്മിക്കാം, എവിടെ നിന്നു ലഭിക്കും, ഇത്തരം ഉൽപ്പന്നങ്ങളുടെ നിർമ്മാണ സാങ്കേതികവിദ്യ തുടങ്ങി പൊതുജനങ്ങൾക്കുള്ള നിരവധി സംശയങ്ങൾക്കും ആശങ്കകൾക്കും പരിഹാരമായിരുന്നു മേള. പ്ലാസ്റ്റിക് ഉൽപ്പന്ന നിരോധനത്തിനും ബദൽ പ്രചാരണത്തിനും ഹരിതകേരളം മിഷന്റെ സഫലമായ ഇടപെടലായിരുന്നു ബദൽ ഉൽപ്പന്ന പ്രദർശന വിപണനമേള. 110 സ്റ്റാളുകളാണ് മേളയിലുണ്ടായിരുന്നത്. മേളയിൽ പങ്കെടുത്ത സംഘടനകൾ/സ്ഥാപനങ്ങൾ എന്നിവരുടെ പേരു വിവരം അനുബന്ധം ആയി നൽകിയിട്ടുണ്ട്. തിരുവനന്തപുരത്ത് നടന്ന ബദൽ ഉൽപ്പന്ന പ്രദർശന മേളയെത്തുടർന്ന് എല്ലാ ജില്ലകളിലും സമാനമായ രീതിയിൽ പ്രദർശനം സംഘടിപ്പിക്കുകയുണ്ടായി. ഇതോടൊപ്പം സെമിനാറുകളും ബോധവത്കരണ ജാഥകളും നിയമ ലംഘനത്തിനെതിരെ റെയ്ഡുകളും ജില്ലാതലത്തിൽ സംഘടിപ്പിക്കുകയുണ്ടായി. വിശദവിവരം ഉൾപ്പെടുത്തിയിട്ടുള്ള പട്ടിക ചുവടെ:

| ജില്ല | ബദൽ ഉൽപ്പന്ന മേള | സെമിനാർ | ജാഥ | റെയ്ഡ് |
|---|---|---|---|---|
| തിരുവനന്തപുരം | 2 | 13 | 2 | 203 |
| കൊല്ലം | 34 | 65 | 13 | 64 |
| പത്തനംതിട്ട | 14 | 101 | 22 | 17 |
| ആലപ്പുഴ | 11 | 43 | 21 | 9 |
| കോട്ടയം | 01 | 17 | 15 | 20 |
| ഇടുക്കി | 5 | 76 | 22 | 14 |
| എറണാകുളം | 25 | 30 | 15 | 11 |
| തൃശ്ശൂർ | 3 | 6 | 8 | 17 |
| പാലക്കാട് | 3 | 14 | 78 | 1 |
| മലപ്പുറം | 1 | 18 | 16 | 19 |
| കോഴിക്കോട് | 24 | 45 | 25 | 31 |
| വയനാട് | 1 | 12 | 8 | 12 |
| കണ്ണൂർ | 22 | 220 | 7 | 18 |
| കാസർഗോഡ് | 4 | 12 | 4 | 3 |

ശുചിത്വ സംഗമത്തിൽ പങ്കെടുത്ത വിദഗ്ദ്ധർ– നാല് വിഷയ മേഖലകളിലായി പങ്കെടുത്ത വിദഗ്ദ്ധർ

## 1-Effective Systems for decentralized waste management

| ക്രമ നം | പേര് | സ്ഥാപനം/സംഘടന |
|---|---|---|
| 1 | ശ്രീ.ഹോംപാണ്ഡെ ഐ.എ.എസ് | മുൻ സെക്രട്ടറി, എം.ഒ.ഇ.എഫ്.സി |
| 2 | ഡോ.എച്ച്.എൻ.ചാണക്യ | പ്രൊഫ.ഐ.ഐ.എസ്.സി, ബെംഗളൂരു |
| 3 | ഡോ.ബാബു.ജെ.ആലപ്പാട് | പ്രൊഫ.ഐ.ഐ.ടി, ഡൽഹി |
| 4 | ശ്രീമതി പ്രിയങ്ക മേരി ഫ്രാൻസിസ് ഐ.എ.എസ് | അഡീഷണൽ സി.ഇ.ഒ, കർണാടക |
| 5 | ഡോ.എസ്.ഇസാക്കി | ടെക്നിക്കൽ അഡ്വൈസർ, എസ്.യു.ഡി.എസ്.സി |
| 6 | ശ്രീമതി സ്വാതി സിംഗ് സാംബയാൽ | സെന്റർ ഫോർ സയൻസ് & എൻവയോൺമെന്റ്, ന്യൂഡൽഹി |
| 7 | ശ്രീ. ലിയോ | ഇ.എസ്.ജി, ബെംഗളൂരു |
| 8 | ഡോ.രാജേഷ് ബിനിവാല | വിദഗ്ദ്ധ ശാസ്ത്രജ്ഞൻ, എൻ.ഇ.ഇ.ആർ.ഐ, നാഗ്പൂർ |
| 9 | ഡോ.ഷൈനി വി.എസ് | സ്വച്ഛ് ഭാരത് മിഷൻ, ന്യൂഡൽഹി |
| 10 | ഡോ.എ.സുഹൃത്കുമാർ | ഗവ. ലോ കോളേജ് തിരുവനന്തപുരം |
| 11 | ഡോ.ശുഭ.വി | പ്രൊഫ. കുസാറ്റ് |
| 12 | ശ്രീ.സജി സെബാസ്റ്റ്യൻ | എക്സിക്യൂട്ടീവ് ഡയറക്ടർ, എസ്.സി.യു.എഫ് |
| 13 | ഡോ.എൻ.സി.നാരായണൻ | ഐ.ഐ.ടി, മുംബൈ |
| 14 | ശ്രീ.ഷിബു.കെ.എൻ | ജി.എ.ഐ.എ.ഇന്ത്യാ കോർഡിനേറ്റർ |

## 2. livelihood generation through decentralized waste management

| ക്രമ നം | പേര് | സ്ഥാപനം/സംഘടന |
|---|---|---|
| 1 | ശ്രീ.ആൽബി ജോൺ വർഗ്ഗീസ് ഐ.എ.എസ് | ചെന്നൈ |
| 2 | ശ്രീമതി പ്രതിഭാ ഗണേശൻ | അസി.പ്രൊഫ ടി.ഐ.എസ്.എസ് മുംബൈ |
| 3 | ശ്രീമതി ലക്ഷ്മി കരേദ്കർ | മേയർ, പഞ്ച്ഗനി, മഹാരാഷ്ട്ര |
| 4 | ശ്രീ.അക്ഷയ് സിംഗ് | കെ.കെ.പി.കെ.പി, പൂനെ |
| 5 | ഡോ.മോഹനൻ മണലിൽ | ഹരിയാലി, വടകര നഗരസഭ |
| 6 | ശ്രീ.മാത്യു എ.കെ | സെക്രട്ടറി, പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ്, ഐ.ആർ.ടി.സി |
| 7 | ശ്രീ.സജിത് സുകുമാരൻ | സി.ഒ.ഒ കുടുംബശ്രീ ചർച്ച കുറിപ്പ് അവതരണം എൻ.ആർ.ഒ |
| 8 | ഡോ.നിർമ്മലാ പത്മനാഭൻ, | അസി.പ്രൊഫ.സെന്റ് തെരേസാസ് കോളേജ് |
| 9 | ശ്രീ.ടോണി ജോസ് | യു.എൻ.ഡി.പി, എറണാകുളം |

## 3. Bringing about attitudinal behavioural change

| ക്രമ നം | പേര് | സ്ഥാപനം/സംഘടന |
|---|---|---|
| 1 | ശ്രീ.ജി.സാജൻ | ദൂരദർശൻ, ന്യൂഡൽഹി |
| 2 | ശ്രീ.വി.ആർ.രാമൻ | പോളിസി ഹെഡ്, വാട്ടർ എയ്ഡ് ഇന്ത്യ |

| | | |
|---|---|---|
| 3 | ശ്രീമതി മാലിനി പർമർ | ശുചിത്വ മാലിന്യ സംസ്കരണം റൗണ്ട് ടേബിൾ, ബെംഗളുരു |
| 4 | ശ്രീ.രമേഷ് നായർ | GIZ |
| 5 | ശ്രീ.അരുൺ രവി | ഐ.ടി.വിദഗ്ദ്ധൻ |
| 6 | ശ്രീ.ബാബു വേങ്ങരി | നിറവ്, കോഴിക്കോട് |
| 7 | ശ്രീ.ഹരികുമാർ | കാർട്ടൂണിസ്റ്റ് |
| 8 | മോഡറേറ്റർ, കെ.കെ.കൃഷ്ണകുമാർ | മുൻ സെക്രട്ടറി, ബി.ജി.വി.എസ് ന്യൂഡൽഹി |
| 9 | ശ്രീ.പി.എസ് രാജശേഖരൻ, കൺസൾട്ടന്റ് | യു.എൻ.ഡി.പി |

## 4. Recovery and Recycling in Kerala

| ക്രമ നം | പേര് | സ്ഥാപനം/സംഘടന |
|---|---|---|
| 1 | ഡോ.കെ.വാസുകി, ഐ.എ.എസ് | |
| 2 | ശ്രീമതി നളിനി ശേഖർ | ഹസിരുദള |
| 3 | ശ്രീ.കാർത്തികേയൻ | എ.സി.സി.സിമന്റ് |
| 4 | പ്രൊഫ.വി.ആർ.രഘുനന്ദനൻ | റിട്ട.പ്രൊഫ, കേരള കാർഷിക സർവ്വകലാശാല |
| 5 | ഡോ.ഗിരിജ | കേരള അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റി |
| 6 | ശ്രീമതി.ശ്വേത ദുവാ | ടെക്നിക്കൽ എക്സ്പർട്ട് GIZ |
| 7 | ശ്രീ. ശ്രീകൃഷ്ണ ബി. | പ്രോഗ്രാം മാനേജർ, യു.എൻ.ഡി.പി |
| 8 | ഡോ.എസ്. രാജേഷ്കുമാർ | സി.എം.ഇ.ടി |
| 9 | ശ്രീ. മാത്യു ജോസ് | പേപ്പർമ ഫൗണ്ടേഷൻ |
| 10 | ഡോ.മനോജ് | പെലിക്കൺ ഫൗണ്ടേഷൻ |
| 11 | ഡോ.രാജേഷ് | സി.ഐ.പി.ഇ.റ്റി, കൊച്ചി |
| 12 | ഡോ.മോഹനൻ | ഇൻഡിപെൻഡന്റ് കൺസൾട്ടന്റ് |
| 13 | ശ്രീ.ക്രിസ്റ്റഫർ | ക്രിസ് ഗ്ലോബ് |
| 14 | ശ്രീ.പി.കേശവൻ നായർ | എം.ഡി, ക്ലീൻകേരള കമ്പനി |
| 15 | ശ്രീ.പ്രൊഫ.പി.കെ.രവീന്ദ്രൻ | റിട്ട.കെമിസ്ട്രി പ്രൊഫസർ, മഹാരാജാസ് |

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ശുചിത്വപദവി

മാലിന്യ സംസ്കരണ രംഗത്തു എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും സമ്പൂർണ്ണ ശുചിത്വപദവിയിൽ എത്തിക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം. ഇതനുസരിച്ച് ആദ്യപടിയായി 500 ഗ്രാമപഞ്ചായത്തുകളും 50 നഗരസഭകളും ഖരമാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കിയും വാതിൽപ്പടി ശേഖരണവും ജൈവമാലിന്യം ഉറവിടത്തിൽ സംസ്കരിക്കൽ ഉറപ്പാക്കിയും ശുചിത്വപദവിയിലെത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്തിരുന്നു. ഇതിന്റെ ആദ്യപടിയായി മികച്ച പ്രവർത്തനങ്ങൾ കാഴ്ചവച്ചിട്ടുള്ള 570 ഗ്രാമ പഞ്ചായത്തുകളെയും 53 നഗരസഭകളെയും ബീക്കൺ പഞ്ചായത്ത്/നഗരസഭകളായി മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി നടത്തിവരുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഉറവിടത്തിൽ തന്നെ ജൈവമാലിന്യ സംസ്കരണ സംവിധാനങ്ങളും സൗകര്യങ്ങളും ഒരുക്കുക, അജൈവ മാലിന്യ സംസ്കരണത്തിന് മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളും റിസോഴ്സ് റിക്കവറി ഫെസിലിറ്റികളും സജ്ജമാക്കുക, വാതിൽപ്പടി ശേഖരണ

ത്തിന് ഹരിതകർമ്മസേനയെ നിയോഗിക്കുകയും ഇവർക്ക് മെച്ചപ്പെട്ട വരുമാനം ലഭ്യമാക്കുകയും ചെയ്യുക, പൊതു നിരത്തുകളും ജലാശയങ്ങളും വൃത്തിയായി സൂക്ഷിക്കുക, മാലിന്യകൂനകൾ ഇല്ലാതിരിക്കുക, പൊതു ശൗചാലയങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുക, ഹരിതചട്ടങ്ങൾ പാലിക്കുക തുടങ്ങിയ സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള 20 നിബന്ധനകൾ പ്രാവർത്തിമാക്കുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെയാണ് ശുചിത്വപദവി നൽകുന്നതിന് തെരഞ്ഞെടുക്കുന്നത്.

കേരള സർക്കാരിന്റെ 12 ഇന പരിപാടി അനുസരിച്ച് 500 ഗ്രാമപഞ്ചായത്തുകളും 50 നഗരസഭകളും 2021 മാർച്ച് 31 നകം ശുചിത്വ പദവി കൈവരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിനകം 597 ഗ്രാമപഞ്ചായത്തുകളും 60 നഗരസഭകളും ശുചിത്വപദവി കൈവരിച്ചു കഴിഞ്ഞു. സ്വയം വിലയിരുത്തൽ നടത്തി പ്രഖ്യാപിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പരിശോധന നടത്തി അംഗീകാരം നൽകുന്നതിന് ജില്ലാതലത്തിൽ ജില്ലാ കളക്ടർമാർ പ്രത്യേക വിലയിരുത്തൽ സംഘങ്ങളെ നിയോഗിച്ചാണ് പഞ്ചായത്ത്, നഗരസഭകളുടെ ശുചിത്വപദവി വിലയിരുത്തിയത്. ഇതുവരെ ശുചിത്വപദവി നൽകിയ ഗ്രാമപഞ്ചായത്ത് നഗരസഭകളുടെ വിവരം ചുവടെ ചേർക്കുന്നു.

**ശുചിത്വപദവി കൈവരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ - 2020 സെപ്തംബർ 20**

| ക്രമം നം | ജില്ല | ബീക്കൺ പഞ്ചായത്ത് | ശുചിത്വപദവി കൈവരിച്ച ഗ്രാമപഞ്ചായത്ത് | ബീക്കൺ നഗരസഭ | പരിശോധന പൂർത്തിയാക്കിയ നഗരസഭ |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 45 | 54 | 3 | 5 |
| 2 | കൊല്ലം | 42 | 66 | 2 | 5 |
| 3 | പത്തനംതിട്ട | 35 | 35 | 2 | 4 |
| 4 | ആലപ്പുഴ | 44 | 43 | 3 | 6 |
| 5 | കോട്ടയം | 47 | 69 | 4 | 5 |
| 6 | ഇടുക്കി | 29 | 30 | 1 | 2 |
| 7 | എറണാകുളം | 49 | 29 | 8 | 5 |
| 8 | തൃശൂർ | 47 | 40 | 5 | 8 |
| 9 | പാലക്കാട് | 51 | 45 | 5 | 4 |
| 10 | മലപ്പുറം | 57 | 51 | 8 | 8 |
| 11 | കോഴിക്കോട് | 42 | 46 | 4 | 4 |
| 12 | വയനാട് | 17 | 18 | 2 | 2 |
| 13 | കണ്ണൂർ | 48 | 47 | 4 | 5 |
| 14 | കാസർഗോഡ് | 26 | 24 | 2 | 2 |
| | **ആകെ** | **579** | **597** | **53** | **63** |

## ശുചിത്വ പ്രോജക്ടുകളും ധനവിഭവ ലഭ്യതയും

ശുചിത്വ-മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രോജക്ടുകൾക്കും സമഗ്ര പരിപാടികൾക്കുമായി പഞ്ചായത്തുകൾ പദ്ധതി തുകയുടെ 10 ശതമാനവും നഗരസഭകൾ 15 ശതമാനവും നീക്കിവയ്ക്കണമെന്ന് സർക്കാർ നിർദ്ദേശമുണ്ട്. ഇക്കാര്യത്തിൽ ത്രിതല പഞ്ചായത്തും നഗരസഭകളും ഗൗരവ പരിഗണന നൽകിയതായി കഴിഞ്ഞ നാല് വാർഷിക പദ്ധതികളിലും കാണാൻ സാധിക്കും. ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും ശുചിത്വ

മാലിന്യ സംസ്കരണ രംഗത്തെ പ്രവർത്തനം അനിവാര്യ ചുമതലകളുടെ ഭാഗമാണ്. ഗ്രാമപഞ്ചായത്തുകൾ 2016-20 കാലഘട്ടത്തിലായി 5057 പ്രോജക്ടുകളിലായി 5596.88 ലക്ഷം രൂപ വിനിയോഗിച്ചിട്ടുണ്ട്. നഗരസഭകൾ 2749 പ്രോജക്ടുകളിലായി 24039.04 ലക്ഷം രൂപയും ചെലവഴിച്ചു. കേരളത്തിലെ ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ ശുചിത്വ-മാലിന്യ സംസ്കരണ രംഗത്ത് പ്രത്യേക പരിഗണന നൽകിയതായി 2016-20 പദ്ധതി നിർവഹണത്തിൽ കാണാവുന്നതാണ്. ബ്ലോക്ക് പഞ്ചായത്തുകൾ 1901 പ്രോജക്ടുകളിലായി 7499.90 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. ബ്ലോക്ക് ജില്ലാ പഞ്ചായത്തുകളുടെ ചുമതലയിൽ വരുന്നില്ലെങ്കിലും ഗ്രാമപഞ്ചായത്തുകളുടെ ശുചിത്വ-മാലിന്യ സംസ്കരണ കർമ്മ പരിപാടിക്ക് സഹായകമായ പ്രോജക്ടുകളാണ് ബ്ലോക്ക്/ജില്ല പഞ്ചായത്തുകൾ നടപ്പിലാക്കിയിട്ടുള്ളത്. തിരുവനന്തപുരം, തൃശൂർ ജില്ലാ പഞ്ചായത്തുകൾ അജൈവ മാലിന്യ സംസ്കരണത്തിനായി ക്ലീൻകേരള കമ്പനിയുമായി ചേർന്ന് മാസ്റ്റർ റിസോഴ്സ് റിക്കവറി സെന്റർ പ്രത്യേക പ്രോജക്ടായി ഏറ്റെടുത്തു നടപ്പിലാക്കി. 2016-2020 സാമ്പത്തിക വർഷം നടപ്പിലാക്കിയ പ്രോജക്ടിന്റേയും വിനിയോഗിച്ച പണത്തിന്റേയും വിവരം പട്ടിക (3) ൽ നൽകിയിട്ടുണ്ട്. പദ്ധതി പണത്തിനു പുറമേ വ്യത്യസ്ത സംഘടനകളുടേയും സന്നദ്ധ സേവനവും പ്രയോജനപ്പെടുത്തുന്നതിലൂടെ അധിക വിഭവ സമാഹരണം നടത്തുന്നതിനും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്.

പട്ടിക 3




2020-21 സാമ്പത്തിക വർഷത്തിലേക്കും എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പണം വകയിരുത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച വിശദാംശം പട്ടിക (4) ൽ നൽകിയിട്ടുണ്ട്.

പട്ടിക 4




ഇതിനു പുറമേ സംസ്ഥാന വിഹിതം ശുചിത്വമിഷൻ വഴി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. 2016-20 സാമ്പത്തിക വർഷങ്ങളിലായി ശുചിത്വ കേരളത്തിനായി സംസ്ഥാന സർക്കാർ 6571.24 ലക്ഷം രൂപയും കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നിന്നും 3,1952.5 ലക്ഷം രൂപയും ലഭ്യമാക്കി. 2020-2021 വർഷത്തേക്ക് സംസ്ഥാന സർക്കാർ 1454.1 ലക്ഷം രൂപയും കേന്ദ്രാവിഷ്കൃത പദ്ധതിയിൽ നിന്നും 13744.76 ലക്ഷം രൂപയും നീക്കി വച്ചിട്ടുണ്ട്. ഇതിനായി കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 168363.32 ലക്ഷം രൂപ നീക്കി വച്ചിട്ടുണ്ട്. കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 168363.32 ലക്ഷം രൂപയും സംസ്ഥാന സർക്കാർ 8025.34 ലക്ഷം രൂപയും കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെ 45697.26 ലക്ഷം രൂപയും ശുചിത്വ-മാലിന്യ സംസ്കരണ രംഗത്ത് വിനിയോഗിക്കാൻ കഴിഞ്ഞിട്ടുണ്ട്.

**Suchitwa keralam fund allocation**

| Year | LSGI | Suchitwa Keralam | Central Govt.Funds | Total (Lakh) |
|---|---|---|---|---|
| 2016-2020 (Expenditure) | 83633.97 | 6571.24 | 31952.5 | 222085.92 |
| 2020-2021 (Allocation) | 84729.35 | 1454.1 | 13744.76 | |
| Total | 168363.32 | 8025.34 | 45697.26 | |

ഇതിനുപുറമേ തൊഴിലുറപ്പ് പദ്ധതിയുടെ സംയോജനത്തിലൂടെ 19,08,70,000 രൂപയും ശുചിത്വ മാലിന്യ സംസ്കരണത്തിനായും ഉറവിടമാലിന്യ സംസ്കരണ ഉപാധികൾക്കുമായി ലഭ്യമാക്കാൻ കഴിയുന്നുണ്ട്. 2016-20 വരെ 65660000 രൂപയും 2020-21 ൽ ഇതുവരെ (30.10.20) 125210000 രൂപയും വിനിയോഗിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച വിവരം പട്ടികയിൽ നൽകിയിട്ടുണ്ട്.

**Suchitwa keralam Interventions under MGNREGS 2016-17 to 2019 - 20**

| SL No | Item | 2016-17 | 2017-18 | 2018-19 | 2019-20 | TOTAL | Expenditure |
|---|---|---|---|---|---|---|---|
| 1 | Compost Pit | 1708 | 3051 | 928 | 879 | 6566 | 65660000 |
| 2 | Soak Pit | 0 | 0 | 0 | 0 | 0 | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| 3 | Mini MCF | 0 | 0 | 0 | 0 | 0 | 0 |
| 4 | Total | | | | | | 65660000 |

**Suchitwa keralam Interventions under MGNREGS 2020-21**

| SL No | Item | Targeted Number | Projectd Amount | Achieved No | Expenditure incurred |
|---|---|---|---|---|---|
| 1 | Compost Pit | 200000 | 2000000000 | 5262 | 52620000 |
| 2 | Soak Pit | 200000 | 1400000000 | 6450 | 45150000 |
| 3 | Mini MCF | 8000 | 320000000 | 686 | 27440000 |
| 4 | Total | 408000 | 3720000000 | 12398 | 125210000 |

അയ്യങ്കാളി പദ്ധതിയിലൂടെ നഗരപ്രദേശങ്ങളിൽ ശുചിത്വ-മാലിന്യ സംസ്കരണത്തിനായി 1476 പ്രവൃത്തികളിലൂടെ ഏകദേശം 10,67,94,850 രൂപ കണ്ടെത്താൻ നഗരസഭകൾ ശ്രമിച്ചിട്ടുണ്ട്. ഈ സ്രോതസ്സുകൾക്ക് പുറമേ നിരവധി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സി.എസ്.ആർ. സഹായങ്ങൾ, സന്നദ്ധ സേവനം സന്നദ്ധ സംഘടനകളുടെ സംഭാവന തുടങ്ങി വ്യത്യസ്ത വിഭവ സമാഹരണ സ്രോതസ്സുകൾ പ്രയോജനപ്പെടുത്തിയിട്ടുണ്ട്. ചുരുക്കത്തിൽ കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഈ രംഗത്തെ വിഭവ സമാഹരണത്തിനായി വ്യത്യസ്ത ഏജൻസികളെ ഏകോപിപ്പിക്കുന്നതിനും നേതൃത്വപരമായ പ്രവർത്തനം നടത്തി എന്നത് ശ്രദ്ധേയമാണ്.

## ശുചിത്വ – മാലിന്യ സംസ്കരണ ഉപമിഷൻ – പ്രവർത്തനങ്ങളും പങ്കാളികളാകുന്ന ഏജൻസികളും വകുപ്പുകളും

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലാണ് ശുചിത്വ-മാലിന്യ സംസ്കരണ രംഗത്തെ പ്രവർത്തനങ്ങൾ നടന്നുവരുന്നത്. ഗ്രാമപഞ്ചായത്ത്-നഗരസഭകളുടെ അനിവാര്യ ചുമതലകളിൽ വരുന്ന വിഷയവുമാണ്. ശുചിത്വ-മാലിന്യ സംസ്കരണ രംഗത്തെ പ്രവർത്തനങ്ങൾ ഫലപ്രദമായി നിർവഹിക്കുന്നതിന് വ്യത്യസ്ത വകുപ്പുകളുടേയും ഏജൻസികളുടേയും പിന്തുണയും സഹായവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനിവാര്യമാണ്. ഇതിനായി വിവിധ വകുപ്പുകളുടേയും ഏജൻസികളുടേയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന പ്രവർത്തനമാണ് ഹരിതകേരളം മിഷൻ മുഖ്യമായി ചെയ്തുവരുന്നത്. സമഗ്രവും സുസ്ഥിരവുമായ മാലിന്യ സംസ്കരണരീതി വളർത്തിക്കൊണ്ടുവരാൻ ഫലപ്രദമായ സമന്വയവും ഏകോപനവും അനിവാര്യവുമാണ്. ഓരോ വകുപ്പും ഏജൻസികളും ശുചിത്വ-മാലിന്യ സംസ്കരണ രംഗത്ത് നടത്തുന്ന പ്രവർത്തനങ്ങൾ ഇനി വിവരിക്കുന്നു.

### തദ്ദേശ സ്വയംഭരണ വകുപ്പ്

വിവിധ വകുപ്പുകളെയും ഏജൻസികളെയും ഏകോപിപ്പിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ സംസ്ഥാന കർമ്മസമിതി പ്രവർത്തിക്കുന്നു. കൂടാതെ നിർവഹണ പുരോഗതി പ്രതിമാസം വിലയിരുത്താൻ ബന്ധപ്പെട്ട വകുപ്പ്/ ഏജൻസികളുടെ ഡയറക്ടർമാരും ഉൾക്കൊള്ളുന്ന പ്രത്യേക അവലോകന സംവിധാനവും ഫലപ്രദമായി പ്രവർത്തിക്കുന്നു. പഞ്ചായത്ത് ഡയറക്ടറേറ്റും നഗരകാര്യ ഡയറക്ടറേറ്റും പഞ്ചായത്ത്-നഗരസഭകളുടെ പ്രവർത്തനം നിരന്തരം മോണിട്ടർ ചെയ്യുന്നു. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിയമനടപടി സ്വീകരിക്കുന്നതും പഞ്ചായത്ത് - നഗരകാര്യ വകുപ്പ് നിരന്തരം മോണിട്ടർ ചെയ്യുന്നു. ബ്ലോക്കുകളുടെ നേതൃത്വത്തിൽ ആർ.ആർ.എഫ് നിർമ്മാണവും പ്രവർത്തനവും ഗ്രാമവികസന വകുപ്പിന്റെ നേതൃത്വത്തിലും ഏകോപിപ്പിക്കുന്നു.

### ശുചിത്വമിഷൻ

ഹരിതകേരളം മിഷന്റെ ഭാഗമായ -ശുചിത്വ-മാലിന്യ സംസ്കരണ ഉപമിഷന്റെ നിർവഹണ ഏജൻസി ശുചിത്വമിഷനാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാങ്കേതിക പിന്തുണ, പ്രോജക്ടുകൾക്ക് സാങ്കേതികാനുമതി, കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്നും ശുചിത്വ-മാലിന്യ സംസ്കരണത്തിനായി

ലഭിക്കുന്ന ഗ്രാന്റുകൾ യഥാസമയം ലഭ്യമാക്കൽ, പരിശീലനങ്ങൾ സംഘടിപ്പിക്കൽ വിവര-വിജ്ഞാന വിനിമയ പ്രവർത്തനങ്ങൾ, കാമ്പയിനുകളുടെ സംഘാടനം തുടങ്ങിയവയാണ് മുഖ്യ പ്രവർത്തനങ്ങൾ. ഗ്രീൻ പ്രോട്ടോക്കോൾ, സീറോ വേസ്റ്റ് ഓൺ ഗ്രൗണ്ട്, സ്വാപ് ഷോപ് തുടങ്ങി ശീലവൽക്കരണത്തിനും ബഹുജനാവബോധം വളർത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്കും ശുചിത്വമിഷൻ നേതൃത്വം നൽകുന്നുണ്ട്.

### ക്ലീൻ കേരള കമ്പനി

അജൈവ മാലിന്യ സംസ്കരണ രംഗത്തെ പ്രവർത്തനങ്ങളുടെ നേതൃത്വം ക്ലീൻ കേരള കമ്പനിക്കാണ്. എം.സി.എഫിൽ നിന്നും അജൈവ മാലിന്യങ്ങൾ ആർ.ആർ.എഫിലേക്ക് നീക്കം ചെയ്യൽ, ആർ.ആർ.എഫുകളുടെ നടത്തിപ്പ്, പുനഃചംക്രമണ സാധ്യമായവ പുനഃചംക്രമണ വ്യവസായ ശൃംഖലക്ക് കൈമാറൽ, പുനഃചംക്രമണസാധ്യമല്ലാത്ത കട്ടി കുറഞ്ഞ പ്ലാസ്റ്റിക് കവറുകൾ പൊടിച്ച് റോഡ് ടാറിംഗിനായി കൈമാറൽ, ഒരു തരത്തിലും പുനഃചംക്രമണം ചെയ്യാൻ കഴിയാത്തവ, ആർ.ഡി.എഫിലേക്കോ ശാസ്ത്രീയ ലാൻഡ് ഫില്ലിലേക്കോ നൽകി ശാസ്ത്രീയ സംസ്കരണം ഉറപ്പാക്കൽ എന്നിവയാണ് ക്ലീൻ കേരള കമ്പനി നിർവഹിച്ചു വരുന്നത്. സർക്കാർ നിശ്ചയിച്ച കലണ്ടർ പ്രകാരം അജൈവ മാലിന്യ ശേഖരണം ഉറപ്പാക്കൽ, ഹരിതകർമ്മ സേനയുടെ വരുമാനം മെച്ചപ്പെടുത്താനുള്ള പിന്തുണ നൽകൽ തുടങ്ങിയ പ്രവർത്തനങ്ങളും കമ്പനിയുടെ ചുമതലകളിൽ ഉൾപ്പെടുന്നവയാണ്. ജില്ലാതലങ്ങളിൽ ഗോഡൗൺ സജ്ജമാക്കിയും ആർ.ആർ.എഫ്. പ്രവർത്തനം യന്ത്രവൽക്കരിക്കാൻ നടപടി സ്വീകരിച്ചുമാണ് ക്ലീൻ കേരള കമ്പനി മുന്നോട്ടു നീങ്ങുന്നത്. കമ്പനിയുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിനായി സർക്കാർ അഞ്ച് കോടി രൂപ പ്രവർത്തന മൂലധനം ആയി നൽകാൻ നടപടി സ്വീകരിച്ചു. കൂടാതെ റീ-ബിൽഡ് കേരള ഇനിഷ്യേറ്റിവീൽ എല്ലാ ജില്ലകളിലും അജൈവ മാലിന്യ സംസ്കരണത്തിനുള്ള ഭൗതിക സൗകര്യം സജ്ജമാക്കാൻ 50 കോടി രൂപയുടെ പ്രത്യേക പ്രോജക്ടിനും അംഗീകാരം നൽകിയിട്ടുണ്ട്.

### മഹാത്മാ ഗാന്ധി തൊഴിലുറപ്പ് മിഷൻ

വികേന്ദ്രീകൃത മാലിന്യ സംസ്കരണത്തിനാവശ്യമായ അടിസ്ഥാന സൗകര്യമൊരുക്കുന്നതിലാണ് തൊഴിലുറപ്പ് മിഷൻ പങ്കാളിത്തം വഹിക്കുന്നത്. ജൈവമാലിന്യ സംസ്കരണത്തിന് ആവശ്യമായ കമ്പോസ്റ്റ് പിറ്റ്, കമ്പോസ്റ്റ് യൂണിറ്റ്, തുമ്പൂർ മൂഴി, മലിനജല സംസ്കരണത്തിനുള്ള സോക്കേജ് പിറ്റ്, അജൈവ മാലിന്യ സംഭരണത്തിന് ഹരിതകർമ്മസേനകൾക്കാവശ്യമായ വർക്ക്ഷെഡ്ഡുകളായ മിനി എം.സി.എഫ് എന്നിവ നിർവഹിക്കുന്നതിനു തൊഴിലുറപ്പ് മിഷന് കഴിയുന്നുണ്ട്. ഇതോടൊപ്പം തൊഴിലുറപ്പ് തൊഴിലാളികളുടെ സഹായത്തോടെ ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കാൻ കഴിയുന്നു. 2016 – 17 മുതൽ 2020 – 21 വരെ 18,964 പദ്ധതികൾ പൂർത്തിയാക്കുകയും 19.037 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

### അയ്യങ്കാളി തൊഴിലുറപ്പ് മിഷൻ

നഗരപ്രദേശങ്ങളിൽ ഉറവിട മാലിന്യ സംസ്കരണ ഉപാധികൾ നിർമ്മിക്കാൻ അയ്യങ്കാളി തൊഴിലുറപ്പ് മിഷൻ വഴി കഴിയുന്നു. ഒപ്പം ശുചീകരണ പ്രവർത്തനങ്ങൾ, ഹരിതകർമ്മസേനക്ക് തൊഴിൽ സൗകര്യം ലഭ്യമാക്കൽ എന്നിവയും അയ്യങ്കാളി തൊഴിലുറപ്പ് മിഷൻ വഴി ചെയ്യാൻ ശ്രമിക്കുന്നു. 2016-17 മുതൽ 2020-21 വരെ ഇത്തരത്തിൽ 1476 പദ്ധതികൾ ഏറ്റെടുക്കുകയും 10.68 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

### കുടുംബശ്രീ മിഷൻ

വികേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനത്തിൽ മുഖ്യ ഘടകമാണ് ഹരിത കർമ്മസേനകൾ. ഇന്ന് രൂപീകരിച്ചിട്ടുള്ള ഹരിതകർമ്മസേന ഗ്രൂപ്പുകളിൽ 90% ത്തിൽ കൂടുതലും കുടുംബശ്രീ സംരംഭകരാണ്. ഹരിതകർമ്മ സേനയെ സ്വയം സംരംഭകരാക്കി മാറ്റൽ, അവർക്ക് ലഭിക്കേണ്ട എല്ലാ തൊഴിൽ സൗകര്യവും ബന്ധപ്പെട്ട ഏജൻസികളിൽ നിന്നും ഉറപ്പാക്കൽ എന്നിവ മുഖ്യമായും നിർവഹിക്കുന്നത് കുടുംബശ്രീ മിഷനാണ്. ഹരിതകർമ്മസേനകളെ ഹരിതസംരംഭങ്ങളാക്കി മാറ്റാൻ പ്രത്യേക ക്രമീകരണം ഇന്ന് കുടുംബശ്രീ മിഷനിലുണ്ട്. ബ്ലോക്ക്തലത്തിൽ

ബ്ലോക്ക് കോ-ഓർഡിനേറ്റർമാർക്കും നഗരസഭാതലത്തിൽ സിറ്റി മിഷൻ മാനേജർമാർക്ക് പ്രത്യേക ചുമതല നൽകിയിട്ടുണ്ട്.

### പോലീസ്

ശുചിത്വ-മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട നിയമ നടപടികൾ സ്വീകരിക്കുന്നതിൽ സജീവമായി പ്രവർത്തിക്കുന്നു. ഇത് സംബന്ധിച്ച് വ്യക്തമായ മാർഗ്ഗനിർദ്ദേശം ഡി.ജി.പി. പുറപ്പെടുവിച്ചിട്ടുണ്ട്. സ്റ്റുഡന്റ്സ് പോലീസ് കേഡറ്റിന്റെ വാർഷിക പ്രവർത്തന കലണ്ടറിൽ ഒരു പ്രവർത്തന ഘടകമായി ഉൾപ്പെടുത്തിയിട്ടുണ്ട്. നിയമ നടപടികളുമായി ബന്ധപ്പെട്ട പരിശീലന പരിപാടികളിൽ പോലീസ് വകുപ്പിന്റെ സജീവ പങ്കാളിത്തം. പോലീസ് സ്റ്റേഷനുകൾ മാലിന്യമുക്തമാക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

### മലിനീകരണ നിയന്ത്രണ ബോർഡ്

മാലിന്യ സംസ്കരണത്തിനുള്ള സാങ്കേതിക വശങ്ങൾ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതോടൊപ്പം പ്രത്യേക മാലിന്യങ്ങളായ ഇ-വേസ്റ്റ്, ചിക്കൻവേസ്റ്റ് തുടങ്ങിയവയ്ക്ക് ആവശ്യമായ സംസ്കരണ സംവിധാനങ്ങൾ ഉണ്ടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട നിയമ വിദ്യാഭ്യാസ പരിപാടികൾ നിയമ നടപടി സ്വീകരിക്കൽ തുടങ്ങിയവയ്ക്കും പ്രത്യേക നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

### ഭക്ഷ്യസുരക്ഷാ വകുപ്പ്

മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് നിയമ നടപടിയ്ക്കുള്ള കാര്യങ്ങൾ ചെയ്യുന്നു. ഭക്ഷ്യ വിപണന കേന്ദ്രങ്ങളെ മാലിന്യ മുക്തമാക്കുന്നതിനും പ്രകൃതി സൗഹൃദ പാക്കിംഗ് മെറ്റീരിയൽ പ്രയോജനപ്പെടുത്തുന്നതിനും ആവശ്യമായ പ്രേരണ നൽകുന്നു. ഹരിതനിയമ പരിശീലനത്തിൽ പങ്കാളിയായിരുന്നു.

### ആരോഗ്യവകുപ്പ്

മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ബഹുജന വിദ്യാഭ്യാസ പരിപാടിയിൽ സജീവ പങ്കാളിത്തവും ശാസ്ത്രീയമായ മാലിന്യ സംസ്കരണരീതിയിൽ വീഴ്ച വരുത്തുന്നവർക്ക് എതിരെ നടപടി സ്വീകരിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ പിന്തുണാ സംവിധാനവുമായി ആരോഗ്യ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. ഹരിതകർമ്മ സേനാ അംഗങ്ങൾക്ക് കോവിഡ് 19 പ്രോട്ടോക്കോൾ പാലിച്ച മാലിന്യ സംസ്കരണ പ്രവർത്തനം നടത്തുന്നതിന് പരിശീലനം നൽകുന്നതിനും പങ്കാളിത്തം വഹിക്കുന്നു. പകർച്ചാവ്യാധി പ്രതിരോധവും മാലിന്യ സംസ്കരണവുമായി ബന്ധപ്പെടുത്തി മാലിന്യ സംസ്കരണ പരിപാടി സംബന്ധിച്ച ബഹുജന വിദ്യാഭ്യാസ പരിപാടികൾ സംഘടിപ്പിക്കുന്നു.

### ടൂറിസം വകുപ്പ്

വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ മാലിന്യ സംസ്കരണത്തിനുള്ള നടപടികൾ സ്വീകരിച്ചു. ഇക്കോ ടൂറിസം, ഉത്തരവാദിത്ത ടൂറിസം തുടങ്ങിയ പരിപാടികളിലും 'സീറോ വേസ്റ്റ്' ഡെസ്റ്റിനേഷൻ എന്ന ലക്ഷ്യം വച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഹരിതകേരളം മിഷൻ മുൻകൈയെടുത്ത് ആരംഭിച്ച 'വഴികാട്ടാൻ വാഗമൺ' പരിപാടിക്ക് ടൂറിസം വകുപ്പിന്റെ നേതൃത്വപരമായ പങ്കാളിത്തമുണ്ട്. വിനോദ സഞ്ചാരമേഖലയിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിന് മുൻകൈ എടുക്കുന്നു. എല്ലാ വിനോദ സഞ്ചാര കേന്ദ്രങ്ങളിലും മാലിന്യ സംസ്കരണ സംവിധാനം ഉണ്ടാക്കുന്നതിന് വിവിധ വകുപ്പുകളേയും തദ്ദേശ ഭരണ സ്ഥാപനങ്ങളേയും ഏകോപിപ്പിച്ച്കൊണ്ടുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

### കൃഷി വകുപ്പ്

ഉറവിട മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ഉൽപ്പാദിപ്പിക്കുന്ന ജൈവവളം കൃഷിയുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ഇങ്ങനെ ഉൽപ്പാദിപ്പിക്കുന്ന ജൈവവളത്തിന്റെ ഗുണമേന്മ ഉറപ്പാക്കുന്നതിനും ഇതിനാവശ്യമായ സാങ്കേതിക സഹായം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

### വ്യവസായ വകുപ്പ്

പുനഃചംക്രമണ വ്യവസായം ആരംഭിക്കുന്നതിനുള്ള പശ്ചാത്തലസൗകര്യവും പിന്തുണയും നൽകുന്നു. ബദൽ ഉൽപ്പന്നങ്ങൾക്കുള്ള സംരംഭങ്ങൾക്ക് പ്രോത്സാഹനം നൽകുന്നു. പുനഃചംക്രമണ സാധ്യതയില്ലാത്ത

മാലിന്യം ശാസ്ത്രീയ സംസ്കരണത്തിനുള്ള ലാൻഡ്ഫില്ല് നിർമ്മിക്കുന്നതിനുള്ള ഭൂമി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

### ഫിഷറീസ് വകുപ്പ്

കേരളത്തിന്റെ കടൽത്തീരം മലിനപ്പെടുന്നത് ഗൗരവമായി വകുപ്പ് കാണുകയും പരിഹാര നടപടികൾക്ക് തുടക്കം കുറിക്കുകയും ചെയ്തു. മത്സ്യ ബന്ധനത്തിന്റെ ഭാഗമായി കടലിൽ നിന്നും സമാഹരിക്കുന്ന പ്ലാസ്റ്റിക് മാലിന്യം സംസ്കരിക്കുന്നതിനുള്ള പ്രത്യേക പരിപാടിക്ക് രൂപം നൽകി. തീരദേശ ശുചിത്വം ഉറപ്പാക്കുന്നതിനുള്ള ശുചിത്വ സാഗരം പരിപാടി നടപ്പിലാക്കി വരുന്നു. ജനപങ്കാളിത്തത്തോടെ കടൽ/കായൽ എന്നിവിടങ്ങളിൽ നിന്നും അജൈവ മാലിന്യം നീക്കം ചെയ്യുന്നതിനുള്ള കാമ്പയിനും വകുപ്പിന്റെ കൂടി പങ്കാളിത്തത്തോടെ സംഘടിപ്പിക്കുന്നു.

### വിദ്യാഭ്യാസ വകുപ്പ്

ശുചിത്വ-മാലിന്യ സംസ്കരണത്തിന് പുതിയ മനോഭാവവും ശീലവും ഉണ്ടായി വരണം. കുട്ടികളിലൂടെയുള്ള പ്രവർത്തനം അനിവാര്യം. സ്കൂൾ ക്യാമ്പസുകൾ മാലിന്യ രഹിതമാക്കൽ, മാലിന്യം ഉറവിടത്തിൽ തരംതിരിക്കലും സംസ്കരണവും, മാലിന്യത്തിന്റെ അളവ് കുറയ്ക്കൽ തുടങ്ങിയ വിഷയങ്ങളുമായി ബന്ധപ്പെടുത്തിയുള്ള പ്രവർത്തനങ്ങൾ വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ നടന്നുവരുന്നു. കൂടാതെ എൻ.എസ്.എസ്., എൻ.സി.സി, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സ്കൗട്ട്സ് & ഗൈഡ്സ് തുടങ്ങി വിദ്യാർത്ഥികളുടെ ക്യാമ്പസ് സംഘടനകളെ ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ സജീവമായി പങ്കാളികളാക്കാൻ വകുപ്പ് മുൻകൈയെടുക്കുന്നു.

### സി-ഡിറ്റ്

മനോഭാവമാറ്റവും ശീലവൽക്കരണവും ശുചിത്വ മാലിന്യ സംസ്കരണ പരിപാടിയിൽ മുഖ്യ ഘടകമാണ്. ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, മെറ്റീരിയൽ തയ്യാറാക്കൽ, നവമാധ്യമ കാമ്പയിൻ, ഡോക്യുമെന്റേഷൻ തുടങ്ങി ഐ.ഇ.സി., ബി.സി.സി. പ്രവർത്തനങ്ങളിൽ പ്രധാന പങ്കാളിത്തം വഹിക്കുന്നു.

### ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

ശുചിത്വ-മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് നടക്കുന്ന പ്രവർത്തനങ്ങൾ പത്ര-ദൃശ്യ മാധ്യമങ്ങളിലൂടെ ജനങ്ങളിലെത്തിക്കുന്നതിന് നേതൃത്വപരമായ പങ്ക് വഹിക്കുന്നു. സംസ്ഥാനജില്ലാതലത്തിൽ പ്രചാരണ ഏകോപന പ്രവർത്തനങ്ങൾക്ക് പ്രത്യേക ക്രമീകരണം വകുപ്പ് ഉണ്ടാക്കിയിട്ടുണ്ട്. മാധ്യമ ഏകോപനം ഫലപ്രദമായി സംഘടിപ്പിക്കാൻ നേതൃത്വം നൽകുന്നു.

### ഹരിതസഹായ സ്ഥാപനങ്ങൾ

കേരള സർക്കാരിന്റെ 15.07.2017 ലെ 2420/2017 ത.സ്വ.ഭ.വ നമ്പരായുള്ള ഉത്തരവനുസരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മാലിന്യ സംസ്കരണ സംവിധാനങ്ങൾക്ക് സാങ്കേതിക സഹായം നൽകുന്നതിന് ഹരിതസഹായ സ്ഥാപനങ്ങളെ നിയോഗിക്കാൻ തീരുമാനിച്ചിരുന്നു. ഇതു പ്രകാരം ഹരിതകേരളം മിഷന്റെ ഉപമിഷനായ ശുചിത്വ മിഷൻ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ച് പത്രപരസ്യം നൽകി ലഭിച്ച അപേക്ഷകളിൽ നിന്നും 51 ഹരിതസഹായ സ്ഥാപനങ്ങളെ തെരഞ്ഞെടുത്തു. ഈ സ്ഥാപനങ്ങൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതല നൽകിയിട്ടുണ്ടായിരുന്നു. ഹരിതസഹായസ്ഥാപനങ്ങളുടെസേവനത്തിന് നൽകേണ്ട കൺസൾട്ടൻസി ഫീസ്, പ്രവർത്തനവിലയിരുത്തൽ നടപടിക്രമങ്ങൾ എന്നിവ നിർണയിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഹരിതസഹായസ്ഥാപനങ്ങളുടെ പട്ടിക അനുബന്ധമായി നൽകിയിട്ടുണ്ട്.

## ശുചിത്വ – മാലിന്യ സംസ്കരണ ഉപമിഷൻ പ്രവർത്തനങ്ങൾ

നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായുള്ള ഹരിതകേരളം മിഷന്റെ ഉപദൗത്യങ്ങളിൽ ഒന്നാണ് ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷൻ. നിലവിലുള്ള മാലിന്യ സംസ്കരണ നിയമങ്ങൾ അനുസരിച്ച് ഒരു സാധാരണ പൗരന്റെ ഉത്തരവാദിത്തവും ചുമതലയും വ്യക്തമാക്കി അവബോധം സൃഷ്ടിക്കുക, ഉത്തരവാദിത്ത മാലിന്യ പരിപാലന രീതികൾ അവലംബിക്കുന്നതിനോട് പൗരന്മാരിൽ അനുകൂല മനോഭാവവും ശീലങ്ങളും

ഉണ്ടാക്കി സമൂഹത്തിലാകെ ഒരു പുതിയ മാലിന്യ സംസ്കാരം സൃഷ്ടിക്കുക, സങ്കീർണ്ണമായ മാലിന്യ പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും പരിഹാരം സാധ്യമാക്കുന്നതിനുമുള്ള സഹായം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുക, ശാസ്ത്രീയമായ മാലിന്യ പരിപാലനം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സുസ്ഥിരമാക്കുക എന്നിവയാണ് ശുചിത്വ-മാലിന്യ സംസ്കരണ ഉപമിഷൻ ലക്ഷ്യങ്ങൾ.

ഹരിതകേരളം മിഷനു കീഴിൽ പ്രവർത്തിക്കുന്ന ഈ ഉപമിഷന് പ്രത്യേകം കർമ്മസേന പ്രവർത്തിക്കുന്നുണ്ട്. ഈ കർമ്മസേന 10 തവണ യോഗം ചേർന്നിട്ടുണ്ട്.

സംസ്ഥാനതല കർമ്മസമിതിയിലെ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് ജില്ലാതലത്തിൽ ഏകോപന സമിതിക്കു രൂപം നൽകിയിട്ടുണ്ട്. ഹരിതകേരളം ജില്ലാ കോ-ഓർഡിനേറ്റർ കൺവീനറായി സംസ്ഥാന കർമ്മസേനയിലെ വകുപ്പുതല ജില്ലാ മേധാവികൾ അംഗങ്ങളായി പ്രവർത്തിക്കുന്നു. ഈ സമിതികൾ മാസത്തിൽ രണ്ട് തവണ യോഗം ചേരുന്നുണ്ട്. പ്രത്യേക സാഹചര്യങ്ങളിൽ ജില്ലാ ഏകോപന സമിതിയുടെ യോഗം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി നേരിട്ടു വിളിക്കുകയും വിലയിരുത്തൽ നടത്തുകയും ചെയ്തു വരുന്നു. ഫലപ്രദമായ ഏകോപനവും സമയബന്ധിതമായ നിർവഹണവും ഈ നടപടികൾ മൂലം സാധ്യമാവുകയാണ്.

## സ്മാർട്ട് ഗാർബേജ് ആപ്പ്

ഹരിതകേരളം മിഷൻ ഉപദൗത്യമായ ശുചിത്വ-മാലിന്യ സംസ്കരണ ഉപമിഷനു വേണ്ടി പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് പ്രകാരം മാലിന്യ ശേഖരണം, കയ്യൊഴിയൽ തുടങ്ങിയവയ്ക്കായി മൊബൈൽ ആപ്പ് മോണിറ്ററിംഗ് സംവിധാനം ഉണ്ടാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മാലിന്യത്തിന്റെ ഉത്ഭവസ്ഥാനം മുതൽ സംസ്കരണം വരെയുള്ള വിവിധ ഘട്ടങ്ങൾ വിലയിരുത്തുന്നതിനും തുടർ നടപടികൾ സ്വീകരിക്കുന്നതിനും സഹായകരമാവും എന്നതാണ് ഈ സോഫ്ട് വെയർ കൊണ്ടുദ്ദേശിക്കുന്നത്. അതനുസരിച്ച് കെൽട്രോണിന്റെ സഹായത്തോടെ മൊബൈൽ ആപ്പ് നിർമ്മിക്കുകയും സർക്കാരിൽനിന്നും ആയതിന് അനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഈ ആപ്പിന്റെ പ്രത്യേകതകൾ ചുവടെ ചേർക്കുന്നു.

മാലിന്യത്തിന്റെ ഉറവിടം മുതൽ സംസ്കരണംവരെ കൃത്യമായി വിലയിരുത്താനും ശേഖരിക്കുന്ന മാലിന്യത്തിന്റെ അളവും സ്വഭാവവും ഹരിതകർമ്മസേനയുടെ പ്രവർത്തനവും നൽകുന്ന സേവനത്തിന്റെ ഗുണമേന്മയും സമയ കൃത്യതയും തദ്ദേശ സ്വയംഭരണ സ്ഥാപന അദ്ധ്യക്ഷൻ, സെക്രട്ടറി മുതൽ സംസ്ഥാനതലം വരെ വിലയിരുത്താൻ കഴിയും. ഓരോ വീടിന്റേയും സ്ഥാപനത്തിന്റേയും മാലിന്യ സംസ്കരണ അവസ്ഥയും കൃത്യമായ വിലയിരുത്താം. ശേഖരിക്കുന്ന യൂസർഫീയുടെ ലഭ്യതയും സമാഹരിക്കുന്ന പണത്തിന്റെ വിവരവും യഥാസമയം ട്രാക്ക് ചെയ്യുന്നതിനും സുതാര്യതയും അക്കൗണ്ടബിലിറ്റിയും ഉറപ്പാക്കാനും കഴിയും. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് പൊതുജനങ്ങളുടെ പരാതിയും അതിനുള്ള പരിഹാര നടപടികളും അറിയാനും ഇതിൽ വ്യവസ്ഥയുണ്ട്. മാലിന്യ സംസ്കരണ സേവനങ്ങൾ ഏകോപിപ്പിക്കുന്നതും ഏകീകരിക്കുന്നതിനും സാധിക്കും. അനധികൃതമായി മാലിന്യം പൊതു നിരത്തിൽ തള്ളുന്നവരെ കണ്ടുപിടിക്കുന്നതിനും സഹായിക്കുന്ന ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സംവിധാനവുമായി ബന്ധിപ്പിക്കാൻ ഇതിൽ സൗകര്യമുണ്ട്.

ഈ ആപ്ലിക്കേഷൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനം അന്തിമഘട്ടത്തിലാണ്.

# 5
# ജലസംരക്ഷണം ഉപമിഷൻ

ജലസംരക്ഷണവും ജലസുരക്ഷയും മുൻനിർത്തി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽകഴിഞ്ഞ നാലുവർഷക്കാലത്തിനുള്ളിൽ സംസ്ഥാനത്താകെ 412 കി.മീ പുഴകളും 42,774 കി.മീ തോടുകളും പുനരുജ്ജീവിപ്പിച്ചു. 1,013 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നീർത്തടപ്ലാൻ തയ്യാറാക്കി. 105 ബ്ലോക്ക് തല നീർത്തട മാസ്റ്റർപ്ലാൻ തയ്യാറാക്കി. 60,116 ഏക്കർ വൃഷ്ടി പ്രദേശ പരിപാലനം നിർവഹിച്ചു.

വരട്ടാർ നദി പുനരുജ്ജീവനം സാധ്യമാക്കി, കാനാമ്പുഴ, കുട്ടമ്പേരൂർ പുഴ, കിള്ളിയാർ, കോലറയാർ, വടക്കേപുഴ, ചാലംകോട്തോട്, മുട്ടം പറപ്പ തോട്, കമ്പ്രയാർ, പെരുംതോട്, പൂനൂർ പുഴ, കൊട്ടാരക്കര പാണ്ടിവയൽതോട് തുടങ്ങി മലിനമായികിടന്ന ജലസ്രോതസ്സുകൾ ശുദ്ധീകരിച്ച് നീരൊഴുക്ക് സാധ്യമാക്കി. മീനച്ചിലാർ-മീനന്തറയാർ-കൊടൂരാർ പുനഃസംയോജനം സാധ്യമാക്കി. ഇതുവഴി 5200 ലധികം ഏക്കറിൽകൃഷി പുനരാരംഭിക്കാൻ കഴിഞ്ഞു.

62921 കിണറുകൾ റീചാർജ്ജ് ചെയ്തു; 23,158 കിണറുകൾ നിർമ്മിച്ചു; 13,942 കിണറുകൾ നവീകരിച്ചു; 18,883 കുളങ്ങൾ നിർമ്മിച്ചു; 25,241 കുളങ്ങൾ നവീകരിച്ചു. ഈ പ്രവർത്തനങ്ങളിലൂടെ 2,03,46,972 ഘന മീറ്റർ ജലസംഭരണശേഷി ഉറപ്പാക്കി. പ്രധാനമായും തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലാണ് ഈ പ്രവർത്തനങ്ങൾ നടന്നത്.

നീർച്ചാലുകളുടെ ജനകീയ വീണ്ടെടുപ്പ് ലക്ഷ്യമിട്ട് 2019 ഡിസംബറിൽ സംഘടിപ്പിച്ച 'ഇനി ഞാനൊഴുകട്ടെ' കാമ്പയിനിലൂടെ മാത്രം രണ്ടു ഘട്ടങ്ങളിലായി സംസ്ഥാനത്തെ 7,291 കി.മീ. ദൂരം നീർച്ചാലുകളും തോടുകളും ശുചീകരിച്ച് നീരൊഴുക്ക് സാധ്യമാക്കി. സംസ്ഥാനത്ത് ഇത്തവണ കാലവർഷത്തിൽ കോട്ടയം, ആലപ്പുഴ ഉൾപ്പെടെ വിവിധ ജില്ലകളിൽ പെയ്ത അതിതീവ്രമഴ കാരണമുണ്ടായ വെള്ളക്കെട്ടിന്റെ രൂക്ഷത കുറയ്ക്കാൻ ഇത് സഹായകമായി.



മത്സ്യക്കൃഷി, കുളം-കിണർ-തോട് റീചാർജ്ജിംഗ്, കുടിവെള്ളം തുടങ്ങിയ ആവശ്യങ്ങൾക്ക്, ഉപേക്ഷിക്കപ്പെട്ട പാറ ക്വാറികളിലെ ജലം ഉപയോഗിക്കാനുള്ള പദ്ധതി പല സ്ഥലങ്ങളിൽ ആവിഷ്ക്കരിച്ചിട്ടുണ്ട്. കുളങ്ങളിൽ

സ്കെയിലുകൾ സ്ഥാപിച്ച് ജലലഭ്യത കണക്കാക്കുന്നതിന് പ്രവർത്തനങ്ങൾ ആരംഭിച്ചു. കാട്ടാക്കട മണ്ഡലത്തിലെ 100 കുളങ്ങളിൽ ഇത് നടപ്പാക്കി. സംസ്ഥാനത്തെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ജലസുരക്ഷാ പ്ലാൻ ആവിഷ്കരിക്കുന്നതിനായി ജലബജറ്റ് തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. സി.ഡബ്ല്യു.ആർ.ഡി.എമ്മിന്റെ സഹായത്തോടെ ഇതിനായി തയ്യാറാക്കിയ മാർഗ്ഗരേഖ സർക്കാർ അംഗീകരിച്ചു. തുടർ പ്രവർത്തനങ്ങളുടെ ഭാഗമായി എല്ലാജില്ലകളിലും ഓരോ ബ്ലോക്കിൽ ജലബജറ്റ് തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ ആരംഭിച്ചു. ഇതിനായി തയ്യാറാക്കി സർക്കാർ അംഗീകരിച്ച മാർഗ നിർദ്ദേശമനുസരിച്ച് വയനാട് ജില്ലയിലെ കൽപ്പറ്റ ബ്ലോക്കിലെ മുട്ടിൽ പഞ്ചായത്തിൽ ഇതിന്റെ പ്രവർത്തനം പൈലറ്റ് അടിസ്ഥാനത്തിൽ നടന്നു വരുന്നു.

സംസ്ഥാനത്ത് ഏറ്റവും ജലക്ഷാമം അനുഭവിക്കുന്ന നാല് ജില്ലകളിൽ ബന്ധാരമാതൃകയിലുള്ള വേനൽക്കാല ജലസംഭരണികൾ നിർമ്മിക്കുന്നതിന് പ്രവർത്തനങ്ങൾ ആരംഭിച്ചു. തളിപ്പറമ്പ് നിയോജക മണ്ഡലത്തിൽ ബന്ധാരയുടെ നിർമ്മാണം പൂർത്തീകരിച്ച് ജലസംഭരണം സാധ്യമാക്കിയിട്ടുണ്ട്. കിഫ്ബിവഴി ഭവാനിപ്പുഴയിൽ 13, തൂതപ്പുഴയിൽ 6, ചന്ദ്രഗിരിയിൽ 9, അച്ചൻകോവിലാറിൽ 6, എന്നിങ്ങനെ 34 ബന്ധാരകൾക്ക് അനുമതിലഭ്യമായിട്ടുണ്ട്.

ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിലും ഒരു ഹയർ സെക്കണ്ടറി സ്കൂളിലെ കെമിസ്ട്രി ലാബിനോട് ചേർന്ന് തദ്ദേശീയർക്ക് കുടിവെള്ളത്തിന്റെ പ്രാഥമിക ഗുണനിലവാര പരിശോധനയ്ക്ക് ലാബുകൾ സ്ഥാപിക്കുന്ന പ്രവർത്തനം ആരംഭിച്ചു. 61 എം.എൽ.എ.മാരുടെയും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ഫണ്ട് ഉപയോഗിച്ച് 436 സ്കൂളുകളിൽ ഇതിന്റെ പ്രവർത്തനം പുരോഗമിക്കുന്നു. ധർമ്മടം നിയോജക മണ്ഡലത്തിൽ എട്ട് ലാബുകൾ സ്ഥാപിച്ചു. അഞ്ചരക്കണ്ടി ഹയർ സെക്കണ്ടറി സ്കൂളിലെ ജല ഗുണനിലവാര പരിശോധനാ ലാബ് 2020 സെപ്തംബർ 7 ന് ഉദ്ഘാടനം ചെയ്തുകൊണ്ട് മുഖ്യമന്ത്രി സംസ്ഥാനതലത്തിൽ പദ്ധതിക്ക് തുടക്കംകുറിച്ചു. കൂടാതെ പാലക്കാട് ജില്ലയിലെ ചിറ്റൂർ മണ്ഡലത്തിലെ 11 ഹയർ സെക്കണ്ടറി സ്കൂളുകളിലും ലാബുകൾസജ്ജമാക്കി.

## ജലസംരക്ഷണ പ്രവർത്തനങ്ങൾ ഭൗതികനേട്ടം – ഒറ്റനോട്ടത്തിൽ

| ക്രമ നം | വിവരം | 2017-18 | 2018-19 | 2019 -20 | 2020 -21 | ആകെ |
|---|---|---|---|---|---|---|
| 1 | പുനരുജ്ജീവിപ്പിച്ച പുഴകൾ | 47 | 155 | 188 | 22 | 412കി.മീ. |
| 2 | പുനരുജ്ജീവിപ്പിച്ച നീർച്ചാലുകൾ/തോടുകൾ | 1518 | 17302 | 18641 | 5313 | 42774 കി.മീ. |
| 3 | റീച്ചാർജ്ജ്ചെയ്തകിണറുകൾ | 18252 | 37109 | 6837 | 723 | 62921 |
| 4 | നിർമ്മിച്ച കിണറുകൾ | 10399 | 4601 | 7252 | 906 | 23158 |
| 5 | നവീകരിച്ച കുളങ്ങൾ | 4221 | 11529 | 9437 | 54 | 25241 |
| 6 | നിർമ്മിച്ച കുളങ്ങൾ | 98 | 13877 | 4651 | 257 | 18883 |
| 7 | നവീകരിച്ച കിണറുകൾ | - | 4625 | 9317 | - | 13942 |

## നീർത്തട പ്ലാനുകൾ

ഹരിതകേരളം മിഷൻ ജലഉപമിഷൻ പ്രവർത്തനങ്ങൾക്കുള്ള മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച പ്രകാരം സംസ്ഥാനത്തെ ആകെയുള്ള 1034 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 1013 ഇടത്ത് നീർത്തട പ്ലാനുകൾ തയ്യാറാക്കുകയും അവയെ ബ്ലോക്കടിസ്ഥാനത്തിൽ കൂട്ടിയോജിപ്പിച്ച് 105 നീർത്തടമാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുകയും ചെയ്തു. ഈ പ്ലാനുകളിൽ ഉൾപ്പെട്ട പ്രവൃത്തികൾ ഹരിതകേരളം പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും വകുപ്പുകളുടേയും നേതൃത്വത്തിൽ നിർവഹണം നടന്നുവരുന്നു.

**നീർത്തടപ്ലാൻതയ്യാറാക്കിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ**

| ക്രമ നം | ജില്ല | തദ്ദേശ സ്വയം ഭരണ സ്ഥാപന ങ്ങൾ | |
|---|---|---|---|
| | | ആകെ | നീർ ത്തട പ്ലാൻ തയ്യാറാ ക്കിയവ |
| | | എണ്ണം | എണ്ണം |
| 1 | തിരുവനന്തപുരം | 78 | 78 |
| 2 | കൊല്ലം | 73 | 73 |
| 3 | പത്തനംതിട്ട | 57 | 57 |
| 4 | ആലപ്പുഴ | 78 | 78 |
| 5 | കോട്ടയം | 77 | 77 |
| 6 | ഇടുക്കി | 54 | 54 |
| 7 | എറണാകുളം | 96 | 96 |
| 8 | തൃശൂർ | 94 | 89 |
| 9 | പാലക്കാട് | 95 | 95 |
| 10 | മലപ്പുറം | 106 | 106 |
| 11 | കോഴിക്കോട് | 78 | 68 |
| 12 | വയനാട് | 26 | 21 |
| 13 | കണ്ണൂർ | 81 | 80 |
| 14 | കാസർഗോഡ് | 41 | 41 |
| | **ആകെ** | **1034** | **1013** |

## കിള്ളിയാർ മിഷൻ

നെടുമങ്ങാട് താലൂക്കിലെ ആനാട് പനവൂർ പഞ്ചായത്തുകളുടെ അതിർത്തി പ്രദേശമായ കരിഞ്ഞാത്തി മൂലയിൽ നിന്നും ആരംഭിക്കുന്ന, കരമനയാറിന്റെ കൈവഴിയായി ഒരു ചെറു പുഴയാണ് കിള്ളിയാർ. മലിനീകരണവും കൈയ്യേറ്റവുമൊക്കെക്കൊണ്ട് നാശോന്മുഖമായിരുന്ന ഈ പുഴയെ വലിയ ജനകീയ ഇടപെടലിന്റെ ഭാഗമായി 2018 ൽ ശുചിയാക്കിയിരുന്നു. ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്, നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത്, കരകുളം, അരുവിക്കര, ആനാട്, പനവൂർ എന്നീ ഗ്രാമപഞ്ചായത്തുകൾ എന്നിവയുടെ നേതൃത്വത്തിൽ രൂപീകരിച്ച കിള്ളിയാർ മിഷൻ എന്ന ജനകീയ സമിതിയുടെ നേതൃത്വത്തിലാണ് ഈ മഹത് സംരംഭം യാഥാർത്ഥ്യമാക്കിയത്. വാമനപുരം എം.എൽ.എ. ആയ ശ്രീ. ഡി.കെ. മുരളി ചെയർമാനും അന്നത്തെ നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ബി. ബിജു കൺവീനറുമായി കിള്ളിയാർ മിഷൻ കീഴിൽ തദ്ദേശ സ്ഥാപനതല സമിതികളും 48 പ്രാദേശിക സമിതികളും രൂപീകരിച്ച് നടത്തിയ ചിട്ടയായ പ്രവർത്തനമാണ് ഈ വിജയത്തിന് കാരണമായത്. 2018 ഏപ്രിൽ 14ന് സംഘടിപ്പിച്ച ഏകദിന ശുചീകരണത്തിന്റെ ഭാഗമായ ഉത്ഭവസ്ഥാനം മുതൽ കരകുളം പഞ്ചായത്തിൽ നിന്നും തിരുവനന്തപുരം നഗരത്തിലേയ്ക്ക് പ്രവേശിക്കുന്ന വഴയില വരെയുള്ള 22 കിലോമീറ്റർ ദൂരം മാലിന്യമുക്തമാക്കി ശുചിയാക്കാൻ കഴിഞ്ഞിരുന്നു. 15000 ലേറെപ്പേരാണ് അന്ന് ഈ പ്രവർത്തനത്തിൽ പങ്കാളിയായത്.

ഈ പ്രവർത്തനത്തിനുശേഷവും പ്രാദേശിക സമിതികളുടെ നേതൃത്വത്തിൽ ചിട്ടയായ തുടർപ്രവർത്തനം സംഘടിപ്പിക്കാൻ കിള്ളിയാർ മിഷൻ സമിതിക്ക് കഴിഞ്ഞു. ഏകദിന ശുചീകരണത്തിന് തുടർന്നു നടന്ന പ്രവർത്തനങ്ങളുടെ ഭാഗമായി കിള്ളിയാറിലേയ്ക്കും കൈവഴികളിലേക്കും തുറന്നു വച്ചിരുന്ന 1200 മാലിന്യ കുഴലുകൾ അടപ്പിക്കാൻ ഈ സമിതികൾക്ക് സാധിച്ചു. തൊഴിലുറപ്പ് പദ്ധതി, ജലസേചനവകുപ്പ് എന്നിവയുടെ നേതൃത്വത്തിൽ പുഴയുടെ പാർശ്വസംരക്ഷണ പ്രവൃത്തികൾ നടത്തി. റവന്യൂ വകുപ്പിന്റെ സഹകരണത്തോടെ പുഴയുടെ രണ്ടുവശത്തുമുള്ള സർക്കാർ ഭൂമി അളന്ന് തിട്ടപ്പെടുത്തി അതിരുകല്ലുകൾ സ്ഥാപിക്കാൻ കഴിഞ്ഞിട്ടുണ്ട്. 21.9 ഏക്കർ ഭൂമി ഇത്തരത്തിൽ തിരിച്ചുപിടിക്കാൻ കഴിഞ്ഞിട്ടുണ്ട് എന്നത് വലിയ നേട്ടമാണ്.



| തദ്ദേശ സ്വയം ഭരണ സ്ഥാപനം | കൈയ്യേറ്റമൊഴിപ്പിച്ച് തിരിച്ചുപിടിച്ച ഭൂമി യുടെ വിസ്തീർണ്ണം |
|---|---|
| നെടുമങ്ങാട് മുനിസിപ്പാലിറ്റി | 10.5 ഏക്കർ |
| കരകുളം ഗ്രാമപഞ്ചായത്ത് | 6.4 ഏക്കർ |
| പനവൂർ ഗ്രാമപഞ്ചായത്ത് | 5 ഏക്കർ |
| ആനാട് ഗ്രാമപഞ്ചായത്ത് | സർവേ പുരോഗമിക്കുന്നു |
| അരുവിക്കര ഗ്രാമപഞ്ചായത്ത് | സർവേ പുരോഗമിക്കുന്നു |

## രണ്ടാം ഘട്ട ശുചീകരണം

ഒന്നാമത്തെ ശുചീകരണത്തിന് തുടർച്ച യായി പുഴയിലെ നീരൊഴുക്ക് സുഗമമാക്കാൻ കഴിഞ്ഞതുവഴി വലിയ പ്രളയത്തിന്റെ സമ യത്തുപോലും കരകവിയാതെ കിള്ളിയാർ ഒഴുകി എന്നത് ഈ പ്രവർത്തനത്തിന്റെ വിജയമായി വിലയിരുത്തപ്പെടുന്നു. ഇതിനെ തുടർന്നാണ് മുൻവർഷം നടന്നതിനേക്കാൾ



ആവേശത്തോടെ രണ്ടാം ഘട്ട ശുചീകരണം നടത്താൻ കിള്ളിയാർ മിഷൻ സമിതി തീരു മാനമെടുക്കുന്നത്. ഒന്നാംഘട്ട ശുചീകരണ ത്തിലെ പോലെ തന്നെ ചിട്ടയായ ആസൂത്രണ പ്രവർത്തനങ്ങൾ ഇതിനായും സംഘടിപ്പിക്ക പ്പെട്ടു. എല്ലാ പ്രാദേശിക സമിതികളും യോഗം ചേർന്ന് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു. ഇതിന്റെ പ്രചരണത്തിനായി ഒരു കലാജാഥയും സംഘടിപ്പിച്ചു. തുടർന്ന് 2019 ഫെബ്രുവരി മാസം 14-ാം തീയതി നടത്തിയ രണ്ടാംഘട്ട ശുചീകരണ പ്രവർത്തനങ്ങൾ മന്ത്രിമാരായ ഡോ.ടി.എം. തോമസ് ഐസ ക്ക്, ശ്രീ. കടകംപള്ളി സുരേന്ദ്രൻ, ശ്രീ. കെ. രാജു, ശ്രീ. വി.എസ്. സുനിൽകുമാർ, ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി എന്നിവർ വിവിധ സ്ഥലങ്ങളിൽ ഉദ്ഘാടനം ചെയ്തു. ഇവരെ കൂടാതെ എം.എൽ.എ.മാരായ ശ്രീ. ഡി. കെ.മുരളി, ശ്രീ.സി.ദിവാകരൻ, ജില്ലാപഞ്ചാ യത്ത് പ്രസിഡന്റായിരുന്ന ശ്രീ. വി.കെ.മധു, തിരുവനന്തപുരം കോർപ്പറേഷൻ മേയറായി രുന്ന ശ്രീ. ശ്രീകുമാർ, ഹരിതകേരളം എക്സി ക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ ഡോ. ടി. എൻ.സീമ, വിവിധ രാഷ്ട്രീയ നേതാക്കൾ എന്നിവരും വിവിധ സ്ഥലങ്ങളിൽ ശുചീക രണ പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്തു. 30000 പേരുടെ സന്നദ്ധ പ്രവർത്തനം സാധ്യ മാക്കിക്കൊണ്ടാണ് ഈ ശുചീകരണ പരി പാടി സംഘാടകർ വൻ വിജയമാക്കിയത്.

## പരിസ്ഥിതി ദിനത്തിൽ വൃക്ഷത്തൈ നടീൽ

പരിസ്ഥിതി ദിനമായ 2019 ജൂൺ അഞ്ചിന് പുഴയുടെ ഇരുകരകളിലും മുളംതൈകൾ നട്ടുപിടിപ്പിക്കുന്ന പ്രവർത്തനം നടത്തി. വൻ ജനകീയ പങ്കാളിത്തംകൊണ്ട് ഈ പരിപാടി യും ശ്രദ്ധേയമായിരുന്നു.

## ശുദ്ധമാകുന്ന ജലം

ശുചീകരണത്തിന് മുമ്പ് പുഴയിലെ മാലി ന്യത്തിന്റെ തോത് വളരെക്കൂടുതലായിരു ന്നു. കുളിക്കുവാനോ പുഴയിൽ ഒന്ന് ഇറങ്ങു വാനോ കഴിയാത്ത തരത്തിൽ മലിനമായ ജലമായിരുന്നു പുഴയിൽ ഒഴുകിയിരുന്നത്. വിവിധ ലാബുകളിൽ നടത്തിയ ജലപരിശോ ധനകളുടെ ഫലം ആശങ്കാജനകമായിരുന്നു. എന്നാൽ 2020 ഏപ്രിൽ മാസത്തിൽ ഭൂജല വകുപ്പ് ജലപരിശോധനാ വിഭാഗം നടത്തിയ പരിശോധനയിൽ ബാക്ടീരിയയുടെ അളവ് അഞ്ചിലൊന്നായി കുറഞ്ഞതായി കാണാൻ കഴിഞ്ഞു. കൂടാതെ മറ്റു രാസഘടകങ്ങൾ കുടിവെള്ളത്തിന്റെ അനുവദനീയ തോതി ലുള്ളതുമായിരുന്നു. ഇതിനായി ഉത്ഭവം മുതൽ വഴയില വരെ 22 കിലോമീറ്റർ ദൂര ത്തിൽ 12 സ്ഥലങ്ങളിൽ നിന്നും സാമ്പിളു കൾ ശേഖരിച്ച് പരിശോധിച്ചിരുന്നു. ഗുണനി ലവാരത്തിലെ ഈ വർദ്ധനവ് എല്ലായിടത്തും ദൃശ്യമായിരുന്നു. ഈ പരിശോധനാ ഫലം കിള്ളിയാർ മിഷന് നേതൃത്വം നൽകിയവർക്ക് ഏറെ സംതൃപ്തി നൽകുന്നതായിരുന്നു.

## മീനച്ചിലാർ, മീനന്തറയാർ, കൊടൂരാർ പുനസംയോജനം

കോട്ടയം ജില്ലയിൽ അയർക്കുന്നം, മണർകാട്, വിജയപുരം, കോട്ടയം മുനിസിപ്പാലിറ്റി എന്നീ പ്രദേശങ്ങളിൽ ഉൾപ്പെടുന്ന 1100 ലധികം ഏക്കർ വരുന്ന പാടശേഖരങ്ങളിൽ കൃഷിയിറക്കുന്നതിന് ആവശ്യമായ ജലം ലഭ്യമാക്കുന്നതിന് മീനച്ചിലാറിനേയും മീനന്തറയാറിനേയും യോജിപ്പിക്കുന്ന തോട് പുനരുജ്ജീവിപ്പിച്ച് നീരൊഴുക്ക് സാധ്യമാക്കുന്നതിനുള്ള പ്രത്യേക പദ്ധതിയാണിത്. കോട്ടയത്തിന്റെ കിഴക്ക് പശ്ചിമഘട്ടത്തിൽ നിന്നും ആരംഭിക്കുന്ന മീനച്ചിലാർ 78 കിലോമീറ്റർ ഒഴുകി വേമ്പനാട്ടു കായലിൽ പതിക്കുന്നു. കോട്ടയം ജില്ലയുടെ 66 ശതമാനത്തോളം ഭൂപ്രദേശം ഈ നദീതടത്തിന്റെ ഭാഗമാണ്. ആറുമാനൂരിൽ മീനച്ചിലാറിൽ നിന്നും ആരംഭിച്ച് അയർക്കുന്നം, മണർകാട്, വിജയപുരം പഞ്ചായത്തുകളിലൂടെ ഒഴുകി കോട്ടയം പട്ടണത്തിനു സമീപം തിരിച്ച് മീനച്ചിലാറിൽ തന്നെ ചേരുന്ന ഒരു പ്രധാന കൈവഴിയാണ് മീനന്തറയാർ. മീനച്ചിലാർ വേമ്പനാട് കായലിൽ പതിക്കുന്നതിന് തൊട്ടുമുൻപ് നദിയുമായി ചേർന്ന് മറ്റൊരു കൈ വഴിയാണ് കൊടൂരാർ.



വളരെ പ്രാചീനകാലം മുതൽ തന്നെ ചെറു നദികളും അരുവികളും മനുഷ്യ നിർമ്മിതമായ കനാലുകളും ഈ നദികളെ പരസ്പരം ബന്ധിപ്പിച്ചിരുന്നു. ഏകദേശം മൂവായിരം കിലോമീറ്ററിൽ അധികം നീളം വരുന്ന ജലസേചന ജലനിർഗമന ചാലുകളുടെ ശൃംഖല ഈ പ്രദേശത്ത് ഉണ്ടായിരുന്നതായാണ് കണക്കാക്കപ്പെടുന്നത്. ഇതിൽ ചില ചാലുകൾ കൊല്ലം-കൊച്ചി ജലപാതയുടെ പോലും ഭാഗമായിരുന്നു. ജലപാതകളുടെ പ്രാധാന്യം ഇല്ലാതായതും ഭൂ ഉപയോഗത്തിൽ വന്ന മാറ്റവും ഇവയിൽ പലതും നികന്നു പോകുന്നതിനും ശേഷിക്കുന്നവ വെള്ളക്കെട്ടുകളും മാലിന്യനിക്ഷേപ കേന്ദ്രങ്ങളും ആകുന്നതിനു കാരണമായി. ഇതിനു തുടർച്ചയായി നെൽകൃഷിയുടെ വിസ്തൃതി കുറയുകയും തണ്ണീർതടങ്ങൾ നികന്നു പോകുന്നതിനും കിണറുകളും കുളങ്ങളും മലിനപ്പെടുകയോ വറ്റിപ്പോകുകയോ ചെയ്യുന്നതിനും ഇടയായി. പരിസ്ഥിതിയുടെ സന്തുലിതാവസ്ഥയ്ക്ക് ഇത് വലിയ ആഘാതമുണ്ടാക്കി. ഒരു പരിധി വരെ ഇതൊക്കെ പകർച്ചവ്യാധികൾ പകരുന്നതിനും ജീവിതസാഹചര്യം കൂടുതൽ മോശമാകുന്നതിനും കാരണമായി.

ഈ സാഹചര്യത്തിലാണ് മീനച്ചിലാർ-മീനന്തറയാർ-കൊടൂരാർ സംയോജനത്തിനുള്ള ഒരു പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തനത്തെക്കുറിച്ചുള്ള ചിന്തകൾ ഉടലെടുക്കുന്നത്. നട്ടാശ്ശേരിത്തോട് വൃത്തിയാക്കൽ പ്രവർത്തനമാണ് ഈ പദ്ധതിക്ക് തുടക്കം സൃഷ്ടിച്ചത്. ഈ വീണ്ടെടുക്കൽ പ്രവർത്തനം വ്യാപിപ്പിക്കാൻ കഴിഞ്ഞാൽ മുഴുവൻ പ്രദേശത്തെയും സുസ്ഥിര വികസനത്തിന് വഴിയൊരുക്കും എന്ന ബോധമാണ് നദി പുനഃസംയോജനത്തിനുള്ള ജനകീയ സംരംഭത്തിനു തുടക്കമിട്ടത്. 2017 ആഗസ്റ്റ് 28 ന് ബഹു. ധനകാര്യമന്ത്രി ഡോ. ടി.എം. തോമസ് ഐസക് ഉദ്ഘാടനം ചെയ്ത ഈ ജനകീയ സംരംഭത്തിൽ പാരിസ്ഥിതിക-സാമൂഹിക മേഖലകളിൽ പ്രവർത്തിക്കുന്ന പതിനഞ്ചോളം സംഘടനകളും വിവിധ മേഖലകളിൽ നിന്നുമുള്ള വ്യക്തികളും രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക, സാമ്പത്തിക വേർതിരിവുകൾ ഒന്നുമില്ലാതെ പങ്കാളികളായി. അയർക്കുന്നം, മണർകാട്, പുതുപ്പള്ളി, വാകത്താനം, പനച്ചിക്കാട്, കുമരകം ഗ്രാമപഞ്ചായത്തുകളും കോട്ടയം മുനിസിപ്പാലിറ്റിയും ചേർന്നതാണ് ഈ ജനകീയ പരിപാടിയുടെ പദ്ധതിപ്രദേശം.



നിർവഹണത്തിനായി ഓരോ നീർച്ചാലിനു വേണ്ടിയും അല്ലെങ്കിൽ ഓരോ ചെറിയ പ്രദേശത്തിന് വേണ്ടിയും ഓരോ കമ്മിറ്റിക്ക് രൂപം കൊടുത്തു. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും സർക്കാരിന്റേയും ഇടപെടൽ സാധ്യമാക്കിക്കൊണ്ടും നേരത്തേ തയ്യാറാക്കിയിട്ടുള്ള പ്രവർത്തന പരിപാടിയിലെ സമയക്രമം പാലിച്ചുകൊണ്ടും ജലസ്രോതസ്സുകളുടെ സംരക്ഷണം, തരിശുനില കൃഷി, മാലിന്യ നിക്ഷേപം തടയൽ, ഗ്രാമീണ വിനോദസഞ്ചാര സാധ്യതകൾ വിപുലപ്പെടുത്തൽ എന്നിവയുടെ സംഘാടനമാണ് ഈ കമ്മിറ്റികളുടെ ഉത്തരവാദിത്വം.

പ്രവർത്തിനത്തിനാവശ്യമായ ധനസമാഹരണം സമ്പൂർണ്ണ സുതാര്യത ഉറപ്പാക്കിക്കൊണ്ട് അതത് പ്രദേശത്തുനിന്നും പ്രാദേശികമായി തന്നെ സ്വരൂപിക്കുന്ന രീതിയാണ് തുടർന്നു വരുന്നത്. ഇത്തരത്തിൽ 30ലധികം കമ്മിറ്റികൾ പദ്ധതിപ്രദേശത്ത് പ്രവർത്തിക്കുന്നു. ഈ കമ്മിറ്റികളുടെ പ്രവർത്തനങ്ങൾക്ക് ദിശാബോധം നൽകത്തക്ക രീതിയിൽ അവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ചു കൊണ്ടാണ് മുഖ്യ സംഘാടക സമിതിയുടെ പ്രവർത്തനം.

ഹരിതകേരളം മിഷൻ നേതൃത്വത്തിൽ സർക്കാർ വകുപ്പുകളുടേയും മറ്റ് ഏജൻസികളുടേയും ഏകോപനത്തോടെയുള്ള പ്രവർത്തനം തുടക്കം മുതൽ തന്നെ ഉറപ്പാക്കാൻ കഴിഞ്ഞിരുന്നു. ഹരിതകേരളം മിഷന്റെ ഭാഗമായി രൂപീകൃതമായ ജല ഉപമിഷനുമായി ബന്ധപ്പെട്ട ജില്ലാ സാങ്കേതിക സമിതിയും ജില്ലാ കളക്ടറുടെ നേതൃത്വത്തിലുള്ള കർമ സമിതിയും ഈ പ്രവർത്തനങ്ങൾക്ക് വലിയ പിന്തുണയായി. കൃഷി, ജലസേചനം, മൃഗ സംരക്ഷണം, ഗ്രാമവികസനം, റവന്യൂ, മണ്ണ് പര്യവേഷണ-മണ്ണ് സംരക്ഷണം, തദ്ദേശ സ്വയംഭരണം, വിദ്യാഭ്യാസം, ടൂറിസം, ആരോഗ്യം, ആസൂത്രണം, സഹകരണം, പോലീസ് എന്നീ സർക്കാർ വകുപ്പുകളും കാർഷിക സർവകലാശാല, കൃഷിവിജ്ഞാനകേന്ദ്രം, കുടുംബശ്രീ, ശുചിത്വമിഷൻ, ദേശീയ ഗ്രാമീണതൊഴിലുറപ്പു പദ്ധതി എന്നിവയും ഇത്തരത്തിൽ പദ്ധതിയുമായി സഹകരിച്ച് സജീവ പങ്കാളികളായി. ഇത്തരത്തിൽ വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ മാതൃകാപരമായി ഏകോപിപ്പിക്കുന്നതിനും അവർ തമ്മിലുള്ള പരസ്പര ആശയവിനിമയത്തിലൂടെ ആസൂത്രണവും നിർവഹണവും സാധ്യമാക്കുന്നതിനും സാധിച്ചുവെന്ന് എടുത്തുപറയേണ്ടതാണ്. വിവിധ വകുപ്പ് മേധാവികളുടെയും വിവിധ തട്ടിലുള്ള ഭരണാധികാരികളുടെയും ജന പ്രതിനിധികളുടെയും നേതൃത്വവും പങ്കാളിത്തവും പ്രവർത്തന വിജയത്തിന് സഹായകമായി.

## കോട്ടയത്ത് തിരിച്ചു പിടിച്ചത് 5200 ഏക്കർ

കഴിഞ്ഞ വർഷം വരെ 4500 ഏക്കർ തരിശുപാടം കൃഷിയിലേക്ക് തിരിച്ചെത്തി. ഇത്തവണ പുഞ്ച കൃഷിയിൽ 700 ഏക്കർ കൂടി ഒരുങ്ങുന്നതോടെ ഇത് 5200 ഏക്കർ ആകും. കാക്കൂർ ചെമ്പാവാലി, മൂഴിക്കുന്നു തുരുത്തുമേൽ, മുടിയൂർക്കര പുഞ്ച, മാങ്ങാനം മുണ്ടകപ്പാടം, ചാന്നാനിക്കാട് പാടം, തുരുവാതുക്കർ ഇളവനാക്കരി, തിരുവാർപ്പ് അകത്തു പാടം, കുമരകം മറ്റീത്ര ചാഴി വേലിക്കരി, വേളൂർ പൈനിപ്പാടം, കൊല്ലാട് കിഴക്കുപുറം, മുട്ടം കുരയ്ക്കലാർ, മണർകാട് വി.എം.കെ. പാടം തുടങ്ങിയ തരിശു പാടങ്ങൾ ഇത്തവണ കൃഷി യോഗ്യമായി വരികയാണ്. ജനകീയ കൂട്ടായ്മയുടെ നേതൃത്വത്തിൽ ആരംഭിച്ച മീനച്ചിലാർ-മീനന്തറയാർ-കൊടൂരാർ നദീ പുനഃസംയോജന പദ്ധതി സംസ്ഥാന സർക്കാരും ഹരിതകേരളം മിഷനും പിന്തുണച്ചതോടെയാണ് വലിയ ജനകീയ പദ്ധതിയായി മാറിയത്. ജലസേചന സൗകര്യം നിലച്ചതും കർഷകർ കൃഷി ഉപേക്ഷിച്ചതുമാണ് ജില്ലയിൽ തരിശുപാടങ്ങൾ വർദ്ധിപ്പിച്ചത്. നദീ പുനഃസംയോജന പദ്ധതിയിലൂടെ ജില്ലയുടെ സിരകളായിരുന്ന തോടുകൾ തെളിച്ചെടുത്തു. മീനച്ചിലാറ്റിൽ നിന്നും ലിഫ്റ്റ് ഇറിഗേഷനിലൂടെ മടയക്കൽ തോട്ടിലേയ്ക്ക് വെള്ളം എത്തിക്കുന്ന പദ്ധതിയും തുടങ്ങി. തോടുകൾ ഒഴുകി തുടങ്ങിയതോടെ പാടങ്ങളിലേയ്ക്കും വെള്ളം എത്തി. ആദ്യ വർഷം 1200 ഏക്കർ തരിശു പാടങ്ങൾ ഒരുക്കി കൃഷി ആരംഭിച്ചു. കൊടൂരാറിന്റെ തീരങ്ങളിൽ മാത്രം 2000 ഏക്കറാണ് തിരികെ പിടിച്ചത്. നെൽകൃഷി വ്യാപകമായെങ്കിലും ജില്ലയിലാകെ ഇനിയും 10,000 ഏക്കർ തരിശു നിലമുണ്ടെന്നാണ് കരുതുന്നത്.

## പ്രധാന നേട്ടങ്ങൾ

- 1500 കിലോമീറ്റർ നീളം നീർച്ചാലുകൾ പുനരുജ്ജീവിപ്പിച്ചു (അടിഞ്ഞുകൂടിയ മണ്ണും എക്കലും നീക്കം ചെയ്യുകയും വീതി കൂട്ടുകയും സംരക്ഷണം നടത്തുകയാണ് ചെയ്തത്. സമീപ കിണറുകളിലേയും കുളങ്ങളിലേയും ജലനിരപ്പിനെ ബാധിക്കാത്ത തരത്തിൽ ശാസ്ത്രീയ വിലയിരുത്തൽ നടത്തിയാണ് മണ്ണ് നീക്കം ചെയ്തത്)
- കോട്ടയം ജില്ലയിലെ 283 തോടുകൾ ഇതിനോടകം ആഴം കൂട്ടി വൃത്തിയാക്കി. 34 പഞ്ചായത്തുകളിലും നാല് നഗരസഭകളിലും നദീ സംയോജന പദ്ധതിയുടെ പ്രവർത്തനങ്ങൾ നടന്നു വരുന്നു.
- പുഴയോരത്ത് ഇരുപത്തിരണ്ടേക്കർ കയ്യേറ്റം ഒഴിപ്പിച്ചു.
- ഗ്രാമീണ വിനോദ സഞ്ചാര പദ്ധതികൾക്ക് രൂപം നൽകി.
- മലരിക്കൽ ഫെസ്റ്റ്, പടിയറക്കടവ് വാട്ടർ ടൂറിസം, അമ്പാട്ട് കടവ് ആമ്പൽഫെസ്റ്റ്, വാകത്താനം പൈതൃക മേള, കവണാറ്റിൻകര വെക്കേഷൻ ഹാർവെസ്റ്റ്, കടവോരം സായാഹ്ന വിശ്രമകേന്ദ്രം മുതലായവ കൂടുതൽ ജനങ്ങളെ ഈ ജനകീയ പരിപാടിയിലേക്ക് ആകർഷിക്കുന്നതിന് വഴിയൊരുക്കി.
- ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലുമായി 'എല്ലാവരും ജലാശയങ്ങളിലേക്ക്' എന്ന വിപുലമായ ജനകീയ കാമ്പയിൻ നടപ്പിലാക്കി.
- പദ്ധതിപ്രദേശത്തെ പ്രീ സ്കൂൾ മുതൽ സർവകലാശാല വരെയുള്ള വിദ്യാർത്ഥികൾക്ക് പരിസ്ഥിതി പുനഃസ്ഥാപനം, പരിസ്ഥിതി എന്നിവ സംബന്ധിച്ച പഠനത്തിനുള്ള പ്രായോഗിക വേദിയാക്കി.
- പദ്ധതി പ്രദേശത്തെ ജലസ്രോതസ്സുകൾ ജനകീയമായി ശുചിയാക്കി.

## കാനാമ്പുഴ പുഴ പുനരുജ്ജീവന പ്രവർത്തനങ്ങൾ

കണ്ണൂർ ജില്ലയിൽ 2017 ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ നടന്നുവരുന്ന ജനകീയ പുഴ പുനരുജ്ജീവന പ്രവർത്തനമാണിത്. കാനമ്പുഴ അതിജീവന സമിതി എന്ന ജനകീയ സമിതിയാണ് കാനാമ്പുഴ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചത്. മുണ്ടേരി ഗ്രാമപഞ്ചായത്തിലെ അയ്യപ്പൻ മലയിൽ നിന്നും ഉത്ഭവിച്ച് 10 കിലോമീറ്റർ ഒഴുകി അറബിക്കടലിൽ പതിക്കുന്ന ഈ പുഴയിൽ മലിനീകരണവും ചെളി നിറഞ്ഞതും കാരണം ഒഴുക്ക് നിലച്ച്, മഴക്കാലത്ത് മലിനവാഹിനിയായി ദുർഗന്ധം വഹിക്കുന്ന അവസ്ഥയായിരുന്നു കാനാമ്പുഴയുടേത്.

കണ്ണൂർ നിയോജകമണ്ഡലത്തിൽ നടന്ന 'കണ്ണൂർ കാലത്തിനൊപ്പം' എന്ന വികസന സെമിനാറിൽ വെച്ചാണ് കാനാമ്പുഴയുടെ അവസ്ഥ ചർച്ച ചെയ്ത് പരിഹരിക്കുന്നതിനുള്ള പരിപാടി തയ്യാറാക്കിയത്. 2017 മെയ് 14 ന് അയ്യായിരത്തിലധികം വോളന്റിയർമാർ ചേർന്ന് പുഴ ശുചീകരണം, വിപുലമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ, വിദഗ്ദരുടെ ശിൽപ്പശാലകൾ തുടങ്ങിയവ സംഘടിപ്പിച്ചതിന് ശേഷം അവയിലെ നിർദ്ദേശങ്ങൾ അടിസ്ഥാനമാക്കി ജലസേചന വകുപ്പ്, മണ്ണ് പര്യവേഷണ-മണ്ണ് സംരക്ഷണ വകുപ്പ്, നബാർഡ്, എം.എൽ.എ ആസ്തി വികസന ഫണ്ട് എന്നിവയിൽ പദ്ധതി സമർപ്പിച്ചു. ഈ പദ്ധതികൾ അംഗീകരിക്കുകയും അതനുസരിച്ചുള്ള വികസന പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു.

ജലസേചന വകുപ്പിന്റെ ഫണ്ട് ഉപയോഗപ്പെടുത്തി രണ്ട് തടയണകളുടെ (വി.സി.ബി.കൾ) പുനർനിർമ്മാണവും ഒരു തടയണയുടെ റിപ്പയറിങ്ങും പൂർത്തീകരിച്ചു. എളയാവൂർ വയലിൽ വയൽതിറ റോഡ് വി.സി.ബി., ചീപ്പാലം വി.സി.ബി. എന്നിവയാണ് പുനർനിർമ്മാണം നടത്തിയത്. ഇതിനിടയിലുള്ള മറ്റൊരു വി.സി.ബി. റിപ്പയർ ചെയ്ത് പ്രവർത്തന സജ്ജമാക്കി. ഈ വി.സി.ബി.കൾ പ്രവർത്തനസജ്ജമായതോടെ ഈ പ്രദേശത്തെ കൃഷിയിൽ ഗണ്യമായ പുരോഗതിയുണ്ടായി. നെല്ല്, പച്ചക്കറികൾ എന്നിവയുടെ കൃഷി വ്യാപനം ഗണ്യമായി വർദ്ധിച്ചു.

എം.എൽ.എ യുടെ ആസ്തി വികസന ഫണ്ടിൽനിന്നും 2018-19 സാമ്പത്തിക വർഷത്തിൽ അനുവദിച്ച 138 ലക്ഷം രൂപ, 2019-20 വർഷത്തിൽ അനുവദിച്ച 62 ലക്ഷം രൂപ എന്നിവ ഉപയോഗപ്പെടുത്തി ബണ്ട് കാനാമ്പുഴയിലെ ബണ്ട് പാലം മുതൽ ചീപ്പ് പാലം വരെയുള്ള ഭാഗത്തെ ചെളി നീക്കി ഒഴുക്ക് സുഗമമാക്കൽ, റയിൽ ബ്രിഡ്ജ് മുതൽ മണ്ടയൻ വയൽ വരെയുള്ള ഭാഗത്തെ പുഴയുടെ പാർശ്വ സംരക്ഷണ ഭിത്തി നിർമ്മാണം,



നടപ്പാത നിർമ്മാണം, നടപ്പാതയിൽ സോളാർ തെരുവ് വിളക്ക് സ്ഥാപിക്കൽ, പുഴയുടെ കരയിൽ കയർ ഭൂവസ്ത്രം വിരിച്ച് മണ്ണിടിയുന്നത് ഒഴിവാക്കൽ എന്നീ പ്രവൃത്തികൾ ആരംഭിച്ചു.

ജലസേചന വകുപ്പിന്റെ ഹരിതകേരളം ഫണ്ടിൽ നിന്നും അനുവദിച്ച 4.15 കോടി രൂപയുടെ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി. ചീപ്പ് പാലം മുതൽ തിലാനൂർ ശിശുമന്ദിരം വരെയുള്ള ഭാഗത്ത് ചെളി നീക്കി ഒഴുക്ക് സുഗമമാക്കൽ, പാർശ്വ സംരക്ഷണ ഭിത്തി നിർമ്മാണം, നടപ്പാത നിർമ്മാണം, നടപ്പാതയിൽ സോളാർ തെരുവ് വിളക്ക് സ്ഥാപിക്കൽ, പുഴയുടെ കരയിൽ കയർഭൂവസ്ത്രം വിരിച്ച് മണ്ണിടിയുന്നത് ഒഴിവാക്കൽ എന്നീ പ്രവൃത്തികളാണ് ഇവിടെ ആസൂത്രണം ചെയ്തിട്ടുള്ളത്.

നബാർഡ് ധനസഹായത്തോടെ നടപ്പാക്കുന്ന മണ്ണ്-ജലസംരക്ഷണ പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്. 1.82 കോടി രൂപയാണ് ഈ പദ്ധതികൾക്കായി അനുവദിച്ചിട്ടുള്ളത്. കാനാമ്പുഴയുടെ തീരങ്ങളിലുള്ള പ്രദേശത്ത് മഴക്കുഴി നിർമ്മാണം, സ്കൂളുകൾ, അംഗൻവാടികൾ തുടങ്ങിയ പൊതു സ്ഥാപനങ്ങളിൽ മഴവെള്ള സംഭരണികൾ നിർമ്മിക്കൽ, തീരങ്ങളിൽ മണ്ണൊലിപ്പ് തടയുന്നതിനുള്ള വിവിധ പ്രവൃത്തികൾ, ചേലേരിക്കുളം പുനരുജ്ജീവനം തുടങ്ങിയവയാണ് ഈ പദ്ധതിയിലൂടെ പൂർത്തിയാക്കുന്നത്.

കാനാമ്പുഴ ഏതാണ്ട് രണ്ട് കിലോമീറ്റർ ദൂരം മുണ്ടേരി ഗ്രാമപഞ്ചായത്തിലും ബാക്കി വരുന്ന എട്ട് കിലോമീറ്റർ ദൂരം കണ്ണൂർ കോർപ്പറേഷനിലുമാണ് ഒഴുകുന്നത്. കണ്ണൂർ എം.എൽ.എയും ബഹു. തുറമുഖ വകുപ്പ് മന്ത്രിയുമായ ശ്രീ. കടന്നപ്പള്ളി രാമചന്ദ്രന്റെയും, കണ്ണൂർ നഗരസഭ, മുണ്ടേരി ഗ്രാമപഞ്ചായത്ത് എന്നിവയുടെ നേതൃത്വവും ഈ പ്രവർത്തനങ്ങൾക്കുണ്ട്. വിവിധ സന്നദ്ധ സംഘടനകൾ, കർഷക സംഘടനകൾ തുടങ്ങിയവരുടെ പ്രാതിനിധ്യമുള്ള കാനാമ്പുഴ അതിജീവന സമിതി പുഴ പുനരുജ്ജീവന പ്രവർത്തനങ്ങൾക്കുള്ള പിന്തുണയും സഹായവും ലഭ്യമാക്കുന്നു.

## ജലസംഗമം 2019

ഹരിതകേരളം മിഷൻ രൂപീകൃതമായതിനുശേഷം ജലസ്രോതസ്സുകൾ ശുദ്ധീകരിക്കുന്നതിനും പുനരുജ്ജീവിപ്പിക്കുന്നതിനും വേണ്ടി നിരവധി പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. ഇവ ഓരോന്നും അവയുടെ സംഘാടനം, പ്രവർത്തനരീതി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും മറ്റ് ജനപ്രതിനിധികളുടേയും നേതൃത്വം, ജനകീയ പങ്കാളിത്തം, സർക്കാർ വകുപ്പുകളുടെ ഏകോപനത്തോടെയുള്ള പ്രവർത്തനം മുതലായവയിൽ തനതും ഒന്നിനൊന്ന് വ്യത്യസ്തവുമായ മാതൃകകളും ആണ്. ഇത്തരത്തിൽ ശുചിയായ പരിസരവും ശുദ്ധജലവും സുരക്ഷിത ഭക്ഷണവും ഉറപ്പാക്കുകയെന്ന ലക്ഷ്യപ്രാപ്തിക്കായി പ്രവർത്തിക്കുന്ന ഹരിതകേരളം മിഷന്റെ ഭാഗമായി അനവധി മാതൃകാ പ്രവർത്തനങ്ങൾ ഇതിനകം നടന്നു കഴിഞ്ഞിട്ടുണ്ട്. ഇതിന്റെ



ഭാഗമായി ജലസംരക്ഷണ രംഗത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും വിവിധ സർക്കാർ വകുപ്പുകളുടേയും ഏജൻസികളുടേയും നേതൃത്വത്തിൽ ജനകീയമായി ഏറ്റെടുത്ത് നടപ്പാക്കിയ അനവധി പ്രവർത്തനങ്ങൾ സമാനരീതിയിലുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താൻ തൽപരരായവരെ ഈ പ്രവർത്തനങ്ങൾ പരിചയപ്പെടുത്തുന്നതിനും, നടത്തിയ പ്രവർത്തനങ്ങൾ കൂടുതൽ ശാസ്ത്രീയമായ പരിപാലനം ഉറപ്പാക്കിക്കൊണ്ട് സ്ഥായിയായി നിലനിർത്തുന്നതിന് ആവശ്യമായ വിദഗ്ധ നിർദ്ദേശം ലഭ്യമാക്കുന്നതിനും വേണ്ടി 2019 മേയ് 29, 30, 31 തീയതികളിൽ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ജലസംഗമം 2019 സംഘടിപ്പിച്ചു.

## ജില്ലാ ജലസംഗമങ്ങൾ

ജില്ലകളിൽ നടന്ന മാതൃകാ ജലസംരക്ഷണ പ്രവർത്തനങ്ങൾ അവതരിപ്പിച്ച് ചർച്ച ചെയ്യുന്നതിനായി എല്ലാ ജില്ലകളിലും ജലസംഗമങ്ങൾ സംഘടിപ്പിച്ചു. മാതൃകാ പ്രവർത്തനങ്ങളോടൊപ്പം വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ നടന്ന പ്രവർത്തനങ്ങളുടെ വിശദവിവരങ്ങളും ഈ ജലസംഗമങ്ങളിൽ അവതരിപ്പിച്ച് ചർച്ചയ്ക്ക് വിധേയമാക്കി. തുടർന്ന് ജില്ലകളിൽ നടത്തേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച ആസൂത്രണവും നടന്നു.

## ദേശീയ ജലസംഗമം

ജനകീയമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടന്ന ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി പുനരുജ്ജീവിപ്പിച്ച ജലസ്രോതസ്സുകളെ സുസ്ഥിരമായി നിലനിർത്തുന്നത് ഒരു വലിയ വെല്ലുവിളിയാണ്. കൃത്യമായ ആസൂത്രണവും സാങ്കേതിക പിന്തുണയും സാധ്യമാക്കിക്കൊണ്ട് മാത്രമേ ഇത് ഉറപ്പാക്കാനാകൂ. ഇതിനായി ജില്ലാ ജലസംഗമങ്ങളെ തുടർന്ന് അവയിലെ മികച്ച അവതരണങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടും അവയോടുള്ള വിദഗ്ധരുടെ പ്രതികരണമാരാഞ്ഞുകൊണ്ടും മൂന്നുദിവസം നീണ്ടുനിൽക്കുന്ന ഒരു സംസ്ഥാന ജലസംഗമം നടത്തണമെന്ന് ബഹു. ജലവിഭവ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിലും തുടർന്ന് നടന്ന ജല ഉപമിഷൻ സംസ്ഥാന കർമ്മസമിതി യോഗത്തിലും തീരുമാനമെടുത്തു.

## സംഘാടക സമിതി

സംസ്ഥാന ജലസംഗമത്തിന്റെ വിജയകരമായ നടത്തിപ്പിനായി ബഹു. ജലവിഭവ വകുപ്പ് മന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടി ചെയർമാനായും ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ ജനറൽ കൺവീനറായും ഒരു സംഘാടക സമിതിയ്ക്ക് രൂപം കൊടുത്തിരുന്നു. കൂടാതെ വിവിധ സബ്കമ്മിറ്റികളും രൂപീകരിച്ചിരുന്നു.

## സന്ദർശന പരിപാടി

ജലസംഗമത്തിന്റെ ഭാഗമായി 2019 മേയ് മാസം 29-ാം തീയതി പ്രാദേശിക ജലസ്രോതസ്സുകളുടെ സംരക്ഷണം, പുഴപുനരുജ്ജീവനം, നഗര നീർച്ചാലുകളുടെ ശുദ്ധീകരണം എന്നിങ്ങനെ മൂന്ന് മേഖലകളിൽ മികവാർന്ന പ്രവർത്തനം നടത്തിയ തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട നിയോജക മണ്ഡലം, കോട്ടയം മീനച്ചിലാർ-മീനന്തറയാർ-കൊടൂരാർ പദ്ധതി പ്രദേശം, ആലപ്പുഴ ജില്ലയിലെ ആലപ്പുഴ മുനിസിപ്പാലിറ്റി, നെടുമുടി ഗ്രാമപഞ്ചായത്ത് പ്രദേശങ്ങൾ എന്നിവിടങ്ങളിലേക്ക് സന്ദർശന പരിപാടി സംഘടിപ്പിച്ചിരുന്നു. വിവിധ ഗവേഷണ സ്ഥാപനങ്ങളിൽ നിന്നുമുള്ള വിദഗ്ധർ തദ്ദേശ സ്വയംഭരണ സ്ഥാപന മേധാവികൾ തുടങ്ങിയവർ മൂന്ന് സംഘങ്ങളായി തിരിഞ്ഞ് ഈ സന്ദർശന പരിപാടിയിൽ പങ്കെടുത്തു.

## എക്സിബിഷൻ

2019 മെയ് 29 മുതൽ 31 വരെ ജലസംഗമത്തിന്റെ ഭാഗമായി ടാഗോർ തീയേറ്റർ പരിസരത്ത് വളരെ വിപുലമായ ഒരു പ്രദർശനവും സംഘടിപ്പിച്ചിരുന്നു. മെയ് 29 ന് രാവിലെ 11 മണിക്ക് ഹരിതകേരളം എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ ഡോ. ടി.എൻ. സീമയുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ. എ.സി. മൊയ്തീൻ പ്രദർശനം ഉദ്ഘാടനം ചെയ്തു. വിവിധ സർക്കാർ വകുപ്പുകളും ഏജൻസികളും ഈ പ്രദർശനത്തിൽ പങ്കാളികളായി.





## പ്രദർശനത്തിൽ പങ്കെടുത്തവർ

1. ഹരിതകേരളം മിഷൻ
2. പബ്ലിക് റിലേഷൻസ് വകുപ്പ്
3. ജലസേചന വകുപ്പ്
4. മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്
5. ഭൂജല വകുപ്പ്
6. കേരള വാട്ടർ അതോറിട്ടി
7. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
8. സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് & മാനേജ്മെന്റ് (സി.ഡബ്ല്യു.ആർ.ഡി.എം.)
9. കേരള കാർഷിക സർവ്വകലാശാല
10. ഫാം ഇൻഫർമേഷൻ ബ്യൂറോ
11. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർഷെഡ് ഡെവലപ്മെന്റ് & മാനേജ്മെന്റ് കേരള (ഐ.ഡബ്ല്യു.ഡി.എം.കെ.)
12. കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ്
13. ശുചിത്വ മിഷൻ
14. കാൻ ആലപ്പി
15. കാട്ടാക്കട ജലസമൃദ്ധി
16. തഴവ ഗ്രാമപഞ്ചായത്ത്
17. ചെങ്കൽ ഗ്രാമപഞ്ചായത്ത്
18. സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി (സി-ഡിറ്റ്)
19. മീനച്ചിലാർ-മീനന്തറയാർ-കൊടൂരാർ പുന സംയോജന പദ്ധതി
20. ബയോസ്റ്റാർട്ട്സ് വെഞ്ചേഴ്സ്
21. സെന്റ് തെരേസാസ് കോളേജ്, എറണാകുളം



## ജലസംഗമം ഉദ്ഘാടനം

മൂന്നു ദിവസമായി നടന്ന ജലസംഗമത്തിന്റെ ഉദ്ഘാടനം 2019 മെയ് മാസം 30-ാം തീയതി വൈകുന്നേരം മൂന്ന് മണിയ്ക്ക് ബഹു. കേരളാ മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ നിർവഹിച്ചു. ബഹു. ജലവിഭവ വകുപ്പ് മന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടി അധ്യക്ഷത വഹിച്ച യോഗത്തിൽ ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ. എ.സി. മൊയ്തീൻ ഹരിത കേരളം മിഷന്റെ ഭാഗമായി സംസ്ഥാനത്ത് നടന്ന പ്രധാനപ്പെട്ട ജലസംരക്ഷണ പ്രവർത്തനങ്ങൾ വിശദീകരിക്കുന്ന 'തെളിനീരിന്റെ വിജയഗാഥ' എന്ന പുസ്തകം ബഹു. എം.എൽ.എ. ശ്രീ. ജെയിംസ് മാത്യുവിന് നൽകി പ്രകാശനം നിർവഹിച്ചു. ഹരിതകേരളം മിഷൻ പ്രവർത്തനങ്ങൾ മോണിട്ടർ ചെയ്യുന്നതിനായി IIITMKയുടെ സഹായത്തോടെ തയ്യാറാക്കിയ ''ഹരിതദൃഷ്ടി'' എന്ന




സോഫ്ട് വെയറും മൊബൈൽ ആപ്ലിക്കേഷനും ബഹു. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്മന്ത്രി ശ്രീ. വി.എസ്. സുനിൽ കുമാർ ഉദ്ഘാടനം ചെയ്തു.

വെള്ളത്തിന്റെ വില തിരിച്ചറിയാനും അത് വേണ്ടവിധം സംരക്ഷിക്കാനും നമുക്ക് കഴിയണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ ജലസംഗമം ഉദ്ഘാടന പ്രസംഗത്തിൽ അഭിപ്രായപ്പെട്ടു. ജലസംരക്ഷണം സാധ്യമായാൽ കൃഷിയിൽ അത്ഭുതകരമായ മാറ്റമുണ്ടാക്കാനാകും. ജലസംരക്ഷണത്തിൽ ശാസ്ത്രീയമായ സമീപനമുണ്ടാകണം. കുട്ടികൾ മുതൽ ഇക്കാര്യത്തിൽ അവബോധം പൊതുബോധമായി വളർത്തണം. ജലസംരക്ഷണത്തിനായി ഇതുവരെ നടത്തിയ ചെറുതും വലുതുമായ പ്രവർത്തനങ്ങൾ മികച്ച ഫലമുണ്ടാക്കിയിട്ടുണ്ട്. ഒട്ടേറെ നദികൾ വീണ്ടെടുക്കാൻ നമുക്കു കഴിഞ്ഞു. പ്രളയകാലത്ത് ഈ നദികളിലൂടെ വെള്ളം ഒഴുകി നവകേരളത്തിൽ വെള്ളവും വായുവും എല്ലാം ശുദ്ധമായിരിക്കണമെന്നും അദ്ദേഹം പറഞ്ഞു.

സംസ്ഥാനത്ത് ഉപയോഗയോഗ്യമായ ജലത്തിന്റെ വളരെ കുറഞ്ഞ ശതമാനം മാത്രമാണ് നാം ഉപയോഗിക്കുന്നതെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച ജലവിഭവ വകുപ്പ് മന്ത്രി കെ.കൃഷ്ണൻകുട്ടി പറഞ്ഞു. കൃഷിക്ക് കൃത്യമായ ജലസേചനം നടത്തിയാൽ വിളയിൽ വലിയ കുതിച്ചുചാട്ടമുണ്ടാകും. കമ്മ്യൂണിറ്റി ഇറിഗേഷൻ ഉൾപ്പെടെയുള്ള സാധ്യതകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പരിഗണിക്കണമെന്ന് അദ്ദേഹം പറഞ്ഞു.

ജലസംരക്ഷണ പ്രവർത്തനങ്ങളിൽ പ്രധാനമാണ് മാലിന്യ സംസ്കരണവും ജലസ്രോതസ്സുകളിലെ മാലിന്യം നീക്കം ചെയ്യലുമെന്ന്



തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ. എ.സി. മൊയ്തീൻ പറഞ്ഞു. തദ്ദേശഭരണ സ്ഥാപനങ്ങൾ ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ നൽകണമെന്നും മാലിന്യപ്രശ്നം പരിഹരിക്കുക എന്നത് വികസന പ്രക്രിയയായി കാണണമെന്നും അദ്ദേഹം പറഞ്ഞു.



ജനകീയ കൂട്ടായ്മയിലൂടെ വീണ്ടെടുത്ത ജലസ്രോതസ്സുകളുടെ സംരക്ഷണത്തിൽ പ്രത്യേക ശ്രദ്ധ വയ്ക്കണമെന്ന് കൃഷിവകുപ്പ് മന്ത്രി ശ്രീ. വി.എസ്. സുനിൽകുമാർ പറഞ്ഞു. ഒഴുകിപ്പോകുന്ന ഉപരിതല ജലത്തെ പരമാവധി സംരക്ഷിച്ച് ഉപയോഗയോഗ്യമാക്കണം. നദികളിലെ മാലിന്യനിർമ്മാർജനത്തിന് മുമ്പ് അതിന്റെ കൈവഴികളിൽ പുനരുദ്ധാരണ പ്രവർത്തനം നടത്തണമെന്നും ശ്രീ. വി.എസ്. സുനിൽ കുമാർ പറഞ്ഞു.



ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, സന്നദ്ധ പ്രവർത്തകർ, എന്നിവരും ജലസംരക്ഷണ മേഖലയിൽ പ്രവർത്തിക്കുന്നവരും വിദഗ്ധരും ഉൾപ്പെടെ ശ്രദ്ധേയമായ പങ്കാളിത്തമായിരുന്നു ജലസംഗമത്തിൽ ഉണ്ടായിരുന്നത്. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും പ്രസിഡന്റ് ഉൾപ്പെടെ രണ്ട് വീതം ജനപ്രതിനിധികൾ, ജലസേചന വകുപ്പ്, ഭൂജലവകുപ്പ്, കൃഷി വകുപ്പ്, നഗര കാര്യവകുപ്പ്, മണ്ണ് സംരക്ഷണ മണ്ണ് പര്യവേഷണ വകുപ്പ്, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, വിവിധ നദീ സംരക്ഷണ സന്നദ്ധ സംഘടനകൾ എന്നിവിടങ്ങളിൽ നിന്നുള്ളവരാണ് പ്രധാനമായും ജലസംഗമത്തിന് എത്തിയത്. ജില്ലാ ടാസ്ക് ഫോഴ്സ് ടീം അംഗങ്ങളും പരിപാടിയിൽ പങ്കെടുത്തു.

## ഹരിതദൃഷ്ടി മൊബൈൽ ആപ്ലിക്കേഷൻ

ഹരിതകേരളം മിഷന്റെ പ്രവർത്തന പുരോഗതി രേഖപ്പെടുത്താനും വിലയിരുത്താനും സഹായിക്കുന്ന മൊബൈൽ ആപ്ലിക്കേഷൻ ഹരിതദൃഷ്ടി ജലസംഗമവേദിയിൽ പ്രകാശനംചെയ്തു. ഹരിതകേരളം മിഷന്റെ മൂന്ന് ഉപമിഷനുകളെ സംബന്ധിച്ച് ഫീൽഡ്തലത്തിലും ജില്ലാതലത്തിലുമുള്ള ഉദ്യോഗസ്ഥർ ജിയോടാഗ് ചെയ്ത് വിവരങ്ങൾ ഇതിലേക്ക് അപ്‌ലോഡ് ചെയ്യും.

കേരളത്തിലെ ജലസ്രോതസുകളുടെ ജലവിതാനവും ജലലഭ്യതയും കണക്കാക്കാൻ കഴിയുന്നുവെന്നത് ഈ ആപ്ലിക്കേഷന്റെ സവിശേഷതയാണ്. ഏതൊരാൾക്കും എല്ലാ ജലസ്രോതസുകളിലെയും ജലനില വില യിരുത്താൻ ഇതിലൂടെ സാധിക്കുന്നു. പ്രാരംഭ ഘട്ടത്തിൽ കാട്ടാക്കട നിയോജക മണ്ഡലത്തിലെ വിവരങ്ങളാണ് ഇതിലൂടെ ലഭ്യമാക്കിയിട്ടുള്ളത്. കാട്ടാക്കടയിലെ ഭൂരിഭാഗം കുളങ്ങളിലും ജലനിരപ്പ് രേഖപ്പെടുത്തുന്നതിനായി സ്കെയിലുകൾ സ്ഥാപിച്ചു തുടങ്ങി. ക്രമേണ മറ്റു ജില്ലകളിലേക്കും ഇത് വ്യാപിപ്പിക്കും. ജല ഉറവകളുടെ പരിപാലനത്തിനു പുറമേ കൃഷി, മാലിന്യ സംസ്കരണം എന്നിവയുടെ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനും ഇതിലൂടെ സാധിക്കും. IIITMK യാണ് ഹരിതദൃഷ്ടി മൊബൈൽ ആപ്പ് രൂപകൽപ്പന ചെയ്തിട്ടുള്ളത്.

## വിദഗ്ധരുടെ പങ്കാളിത്തം

സംസ്ഥാനത്തു നടന്ന മാതൃകാ പ്രവർത്തനങ്ങൾ വിലയിരുത്തികൊണ്ടും അവയെ ശാസ്ത്രീയമായ രീതിയിൽ പരിപാലിച്ച് സ്ഥായിയായി നിലനിർത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിക്കൊണ്ടും രാജ്യത്തെ വിവിധ ഗവേഷണ സ്ഥാപനങ്ങളിൽ നിന്നുമുള്ള 23 വിദഗ്ധർ ജലസംഗമത്തിൽ ആദ്യാവസാനം പങ്കെടുത്തു. ഓരോരുത്തരും ഈ രംഗത്ത് നടത്തിയ ഇടപെടലുകളിലെ അനുഭവങ്ങളും വിവിധ സെഷനുകളിൽ അവർ പങ്കുവച്ചു.

## ജലസംഗമത്തിൽ പങ്കെടുത്ത വിദഗ്ധർ

| ക്രമനമ്പർ | പേര് | സ്ഥാപനം |
|---|---|---|
| 1 | ഡോ. മനോജ് കെ ജെയ്ൻ | ഐ.ഐ.ടി. റൂർക്കി |
| 2 | ഡോ. വിനോദ് താരെ | ഐ.ഐ.ടി. കാൺപൂർ |
| 3 | ഡോ.ആതിര പി. | ഐ.ഐ.ടി പാലക്കാട് |
| 4 | ഡോ. എൻ.സി.നാരായണൻ | ഐ.ഐ.ടി ബോംബെ |
| 5 | ഡോ. ടി. എൽദോ | ഐ.ഐ.ടി ബോംബെ |
| 6 | ഡോ. സന്തോഷ് തമ്പി | എൻ.ഐ.ടി കോഴിക്കോട് |
| 7 | ജോയ് കെ.ജെ. | സൊസൈറ്റി ഫോർ പ്രൊമോട്ടിംഗ് ഇക്കോസിസ്റ്റം മാനേജ്മെന്റ് |
| 8 | അശുതോഷ് ഭട്ട് | ഗ്രാമവികാസ് |
| 9 | രാജീവ് സിംങ്ങാൻ | കേന്ദ്രജല കമ്മീഷൻ |
| 10 | പങ്കജ് കുമാർ ഷർമ | കേന്ദ്രജല കമ്മീഷൻ |
| 11 | ഡോ.നീനാ ഐസക് | സി.ഡബ്ല്യു.പി.ആർ.എസ്., പൂനെ |
| 12 | മധുലിക ചൗധരി | എൻവയോൺമെന്റൽ ആക്ടിവിസ്റ്റ് |
| 13 | പ്രദീപ് കുമാർ | ബയോസ്റ്റാർട്ട്സ് വെഞ്ചേഴ്സ് |
| 14 | ഡോ. സുജ ആർ. | ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, ബാർട്ടൺ ഹിൽ |
| 15 | ആർ. രാമകുമാർ | സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, തിരുവനന്തപുരം |
| 16 | ജേക്കബ് ജോൺ | അസിം പ്രേംജി ഫിലാന്ത്രോപ്പിക് ഇനിഷിയേറ്റീവ്സ് |
| 17 | ഡോ. അനിത എ.ബി. | സി.ഡബ്ല്യു.ആർ.ഡി.എം. |
| 18 | ഡോ.ദിനേഷൻ വി.പി. | സി.ഡബ്ല്യു.ആർ.ഡി.എം. |
| 19 | വി കുഞ്ഞമ്പു | കേന്ദ്രഭൂജല ബോർഡ് |
| 20 | ഡോ. പി.എസ്. ഹരികുമാർ | സി.ഡബ്ല്യു.ആർ.ഡി.എം. |
| 21 | സുനിൽകുമാർ | കേന്ദ്ര ജല കമ്മീഷൻ |
| 22 | പദ്മകുമാർ | കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരം |
| 23 | ബിനോയ് ഏലിയാസ് | മാർ അത്തനേഷ്യസ് കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കോതമംഗലം |

## സമാന്തര സെഷനുകൾ

ഹരിതകേരളം മിഷന്റെ ഭാഗമായി ജലസംരക്ഷണവുമായി ബന്ധപ്പെട്ട് നിരവധി പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. ഇതിൽ തെരഞ്ഞെടുത്ത 55 പ്രവർത്തനങ്ങൾ സംബന്ധിച്ച് മൂന്ന് സമാന്തര സെഷനുകളിലായി അവയ്ക്ക് നേതൃത്വം വഹിച്ചവർ തന്നെ അവതരണം നടത്തി. വൻ ജനകീയ പങ്കാളിത്തത്തോടെ നടന്ന ഈ പ്രവർത്തനങ്ങളുടെ അവതരണങ്ങൾ സെഷനുകളിൽ പങ്കെടുത്തവർക്ക് ആവേശം നൽകുന്നതായിരുന്നു. സെഷനുകളിൽ പങ്കെടുത്ത വിദഗ്ധർ അവതരണങ്ങളോട് പ്രതികരിച്ച് സംസാരിച്ചു.








### സെഷൻ 1

#### നദീപുനരുജ്ജീവനവും സുസ്ഥിരതാ വെല്ലുവിളികളും

ഹരിതകേരളം മിഷന്റെ ഭാഗമായി നടന്നിട്ടുള്ള മാതൃകാ പുഴപുനരുജ്ജീവന പ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള 20 അവതരണങ്ങൾ ആണ് ഈ സെഷനിൽ നടന്നത്.

#### അവതരണങ്ങൾ

| ക്രമ നമ്പർ | വിഷയം | ജില്ല | അവതാരക/ൻ |
|---|---|---|---|
| 1 | ആദിപമ്പ വരട്ടാർ പുനരുജ്ജീ വനം | പത്തനംതിട്ട | രാജേഷ് ആർ., ജില്ലാ കോർഡിനേറ്റർ, ഹരിതകേരളം മിഷൻ, പത്തനംതിട്ട |
| 2 | മീനച്ചിലാർ-മീനന്തറയാർ-കൊടൂ രാർ പുനർസംയോജനം | കോട്ടയം | അഡ്വ. അനിൽകുമാർ, കോർഡിനേറ്റർ, ജനകീയ സമിതി |
| 3 | കാനാമ്പുഴ അതിജീവനം | കണ്ണൂർ | എൻ. ചന്ദ്രൻ, കൺവീനർ, കാനാമ്പുഴ അതിജീവന സമിതി |
| 4 | പാണ്ടിവയൽ തോട് പുനരുജ്ജീ വനം | കൊല്ലം | എം. മുകേഷ്, വൈസ്ചെയർമാൻ, കൊട്ടാരക്കര മുനിസിപ്പാലിറ്റി |
| 5 | കിള്ളിയാർ പുനരുജ്ജീവനം | തിരുവനന്തപുരം | ബി. ബിജു, പ്രസിഡന്റ്, നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത്, തിരുവനന്തപുരം |
| 6 | കബനി നദി പുനരുജ്ജീ വനം | വയനാട് | ബിന്ദു പ്രകാശ്, പ്രസിഡന്റ്, പുൽപ്പള്ളി ഗ്രാമപഞ്ചായത്ത് |
| 7 | മംഗലം നദീ തടത്തിൽ നടപ്പാ ക്കേണ്ട പ്രവൃത്തികളുടെ മുൻഗണനയും നിർവഹണ രീതിയും നിശ്ച യിക്കുന്നതിനുള്ള നദീതടതല ആസൂത്രണം | പാലക്കാട് | ആർ.രുഗ്മിണി, അസിസ്റ്റന്റ് ഡയറക്ടർ, ലാൻഡ് യൂസ് ബോർഡ്, തൃശൂർ |
| 8 | ജലസുരക്ഷ-പാറമടകളിലെ ജലവിനിയോഗ സാധ്യതകൾ- നെടുംകുന്നം പഞ്ചായത്ത് | കോട്ടയം | ജോ ജോസഫ്, മെമ്പർ, നെടുംകുന്നം ഗ്രാമ പഞ്ചായത്ത് ആർ.സുശീല അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 9 | ചെങ്കൽ ഗ്രാമപഞ്ചായത്ത് | തിരുവനന്തപുരം | ചന്ദ്രലാൽ സി.വി., സെക്രട്ടറി, ചെങ്കൽ ഗ്രാമപഞ്ചായത്ത് |
| 10 | തേജസ്വിനി നദിയുടെ കൈവഴി യായ പതിക്കാൽപുഴയുടെ പുനരുജ്ജീവനം | കാസർഗോഡ് | മാധവൻ മണിയറ, പ്രസിഡന്റ്, ചെറുവത്തൂർ ഗ്രാമപഞ്ചാ യത്ത് |
| 11 | മാമ്പുഴയുടെ പുനരുജ്ജീവനം | കോഴിക്കോട് | ബാബു പാറശ്ശേരി, പ്രസിഡന്റ്, കോഴിക്കോട് ജില്ലാപഞ്ചായത്ത് |
| 12 | ഇലന്തൂർ കോഴിത്തോട് പുനരു ജ്ജീവനം | പത്തനംതിട്ട | എം.ബി. സത്യൻ, പ്രസിഡന്റ്, ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് |

| | | | |
|---|---|---|---|
| 13 | പെരുംതോട് - വലിയതോട് പുനരുജ്ജീവനം | തൃശൂർ | ശ്രുതി ജോസഫ്, ഓവർസിയർ, ഇടവിലങ്ങ് ഗ്രാമപഞ്ചായത്ത് |
| 14 | അട്ടപ്പള്ളം ആനവച്ചാൽ തോട്- കുമളി ഗ്രാമപഞ്ചായത്ത് | ഇടുക്കി | ഷീബ സുരേഷ്, പ്രസിഡന്റ്, കുമളി ഗ്രാമപഞ്ചായത്ത് |
| 15 | കരിപ്പയിൽ തോട് പുനരുജ്ജീവനം | ആലപ്പുഴ | പ്രഭാമധു, പ്രസിഡന്റ്, കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത് |
| 16 | വട്ടക്കായൽ നെൽകൃഷി | കൊല്ലം | അമ്പിളി കുട്ടൻ, മുൻ പ്രസിഡന്റ്, തഴവ ഗ്രാമപഞ്ചായത്ത് |
| 17 | സുന്ദരം-സുസ്ഥിരം-ഹരിതാഭം കാലാവസ്ഥ വ്യതിയാനം പരിഗണിച്ചുകൊണ്ടുള്ള ജനകീയ ഇടപെടൽ | കോഴിക്കോട് | എം. മനോജ്കുമാർ, പ്രസിഡന്റ്, കോഴിക്കോട് ബ്ലോക്ക്പഞ്ചായത്ത് |
| 18 | പ്രളയാനന്തര നെൽകൃഷി പുനർസ്ഥാപനം | കോട്ടയം | ജോസഫ് റെഫിൻ ജെഫ്രി, കൃഷി ഓഫീസർ, കോട്ടയം ജില്ല |
| 19 | ജലായനം | പാലക്കാട് | പ്രതീഷ്, അസിസ്റ്റന്റ് പ്രൊഫസർ, കൊമേർസ്,എൻ.എസ്.എസ്. യൂണിറ്റ്, ചിറ്റൂർ |
| 20 | കുട്ടനാടൻ നെൽകൃഷി പുനരുജ്ജീവനം | ആലപ്പുഴ | സുമേഷ് കുമാർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പുന്നയൂർ |







## വിദഗ്ധ അവതരണങ്ങൾ

| ക്രമനമ്പർ | വിഷയം | അവതാരക/ൻ |
|---|---|---|
| 1 | മഹാനദീ ഡെൽറ്റയുടെ നദികളുടെ പുനരുജ്ജീവനം, ഒഡീഷ | ഡോ.നീന ഐസക്, ശാസ്ത്രജ്ഞ, സി.ഡബ്ല്യു.പി.ആർ.എസ്., പൂനെ |
| 2 | ഭാരതപ്പുഴ നദീതടത്തിലെ ജലവിഭവ പരിപാലനം | ഡോ. ആതിര.പി., അസി. പ്രൊഫസർ, ഐ.ഐ.ടി., പാലക്കാട് |
| 3 | പുഴപുനരുജ്ജീവനത്തിനുള്ള പരിപാലന നിർവഹണ പ്ലാൻ തയ്യാറാക്കേണ്ടതിന്റെ ആവശ്യകത | ഡോ. ദിനേശൻ വി.പി., ഹെഡ് & സീനിയർ പ്രിൻസിപ്പൽ സയന്റിസ്റ്റ്, സി.ഡബ്ല്യു.ആർ.ഡി.എം. |
| 4 | ജലസംരക്ഷണത്തിൽ വ്യവസായത്തിന്റെ പങ്ക് | ശ്രീ. രാജീവ് സിങ്ങ്ഗാൾ, ഡയറക്ടർ, ഡി.എസ്.എം., സെൻട്രൽ വാട്ടർ കമ്മീഷൻ |
| 5 | ചാലക്കുടി നദീതടത്തിലെ പാരിസ്ഥിതിക നീരൊഴുക്ക് മോഡലിംഗ് | ശ്രീ. സുധീർ പടിക്കൽ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജോയിന്റ് വാട്ടർ റെഗുലേഷൻ ഡിവിഷൻ |
| 6 | ആക്കുളം | ഡോ.പത്മകുമാർ, കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരം |

## സെഷൻ 2

## കേരളത്തിന്റെ ജലസുരക്ഷയും പ്രാദേശിക സ്രോതസ്സുകളും

നമ്മുടെ നദികളെ കൂടുതൽ കാലം നീരൊഴുക്കുള്ളതായി നിലനിർത്തുന്നതിന് അതിന്റെ വൃഷ്ടിപ്രദേശ പരിപാലനം വളരെ പ്രധാനമാണ്. പെയ്തു കിട്ടുന്ന ജലം പരമാവധി മണ്ണിലേയ്ക്ക് താഴ്ത്തിക്കൊണ്ട് മാത്രമേ ഇത് സാധ്യമാക്കാനാകൂ. പരമാവധി ശുദ്ധജലം ശേഖരിച്ച് നിർത്താൻ പ്രാപ്തമായ നമ്മുടെ കുളങ്ങൾ ഉൾപ്പെടെയുള്ള ജലസ്രോതസ്സുകൾ ശുചീകരിച്ചു പുനരുജ്ജീവിപ്പിക്കണം. ഈ ലക്ഷ്യങ്ങൾക്ക് അനുസരണമായി നടന്ന 25 മാതൃകാ പ്രവർത്തനങ്ങൾ ആണ് ഈ സെഷനിൽ അവതരിപ്പിച്ചത്.

### അവതരണങ്ങൾ

| ക്രമനമ്പർ | വിഷയം | ജില്ല | അവതാരക/ൻ |
|---|---|---|---|
| 1 | വറ്റാത്ത ഉറവയ്ക്കായി ജലസമൃദ്ധി, കാട്ടാക്കട | തിരുവനന്തപുരം | ഐ.ബി.സതീഷ് എം.എൽ.എ. |
| 2 | മാറഞ്ചേരി ഗ്രാമപഞ്ചായത്ത് ഹരിതവത്കരണം | മലപ്പുറം | അഡ്വ. ഇ. സിന്ധു |
| 3 | മലപ്പുറം, മൈലാടി ക്വാറി | മലപ്പുറം | സെലീന, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് |
| 4 | ജലാമൃത്-ചിറയിൻകീഴ് ബ്ലോക്ക് | തിരുവനന്തപുരം | സെക്രട്ടറി, ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത് |
| 5 | ജലസംരക്ഷണ പ്രവർത്തനങ്ങൾ, കുറുമാത്തൂർ | കണ്ണൂർ | ഐ.വി. നാരായണൻ, പ്രസിഡന്റ് കുറുമാത്തൂർ ഗ്രാമപഞ്ചായത്ത് |
| 6 | ജലസംരക്ഷണ പ്രവർത്തനങ്ങൾ-തളിപ്പറമ്പ | കണ്ണൂർ | ജെയിംസ് മാത്യു എം.എൽ.എ. |
| 7 | ചെലവുകുറഞ്ഞ ജലസംഭരണി | ഇടുക്കി | ജോൺസൺ, അഗ്രികൾച്ചർ ഓഫീസർ |
| 8 | ജലസംരക്ഷണം, വെള്ളിയാമറ്റം | ഇടുക്കി | സമദ്, സെക്രട്ടറി, വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത് |
| 9 | ജലം സുലഭം | കണ്ണൂർ | കെ.വി.സുമേഷ്, പ്രസിഡന്റ്, കണ്ണൂർ ജില്ലാ പഞ്ചായത്ത് |
| 10 | 100 കുളം പ്രോജക്ട് | എറണാകുളം | സുജിത്കരുൺ, ജില്ലാ കോർഡിനേറ്റർ, ഹരിതകേരളം മിഷൻ, എറണാകുളം |
| 11 | ജലശ്രീ-ജലസുരക്ഷ പ്രോജക്ട് | തിരുവനന്തപുരം | റോയ് മാത്യു, സോയിൽ കൺസർവേഷൻ ഓഫീസർ |
| 12 | കിനാനൂർ കരിന്തളം ഗ്രാമപഞ്ചായത്ത് | കാസർഗോഡ് | വിധുബാല, പ്രസിഡന്റ്, കിനാനൂർ കരിന്തളം ഗ്രാമപഞ്ചായത്ത് |
| 13 | ചീമേനിയിലെ ജലസംരക്ഷണ പ്രവർത്തനങ്ങൾ | കാസർഗോഡ് | പി.അജയകുമാർ, ജയിൽ സൂപ്രണ്ട്, ചീമേനി |
| 14 | പീലിക്കോട് ഗ്രാമപഞ്ചായത്തിലെ ഇടപെടലുകൾ | കാസർഗോഡ് | ടി.വി.ശ്രീധരൻ, പ്രസിഡന്റ്, പീലിക്കോട് ഗ്രാമപഞ്ചായത്ത് |
| 15 | മടിക്കൈ ഗ്രാമപഞ്ചായത്ത് | കാസർഗോഡ് | ശ്രീകാന്ത്, യുഡിസി, മടിക്കൈ ഗ്രാമപഞ്ചായത്ത് |

| | | | |
|---|---|---|---|
| 16 | ഊർക്കാട്ടിരിയിലെ ജലസംരക്ഷണ പ്രവർത്തനങ്ങൾ | മലപ്പുറം | എൻ.കെ.ഷൗക്കത്ത് അലി, പ്രസിഡന്റ്, ഊർക്കാട്ടിരി ഗ്രാമപഞ്ചായത്ത് |
| 17 | കവിയൂർപുഞ്ച | പത്തനംതിട്ട | സുബിൻ, ജില്ലാപഞ്ചായത്ത് മെമ്പർ,പത്തനംതിട്ട |
| 18 | പെരിനാട് ഗ്രാമപഞ്ചായത്ത് | കൊല്ലം | എൽ. അനിൽ, പ്രസിഡന്റ്, പെരിനാട് ഗ്രാമപഞ്ചായത്ത് |
| 19 | കരിംതോടുകര ഏലാകുളം പുനരുജ്ജീവനം-ചടയമംഗലം പഞ്ചായത്ത് | കൊല്ലം | സുധികുമാർ, സോയിൽ കൺസർവേഷൻ, ഓഫീസർ |
| 20 | മഴവെള്ള സംഭരണി- തുരുത്തിക്കര മോഡൽ | എറണാകുളം | പി.കെ. തങ്കച്ചൻ, കൺവീനർ, റൂറൽ സയൻസ് ആന്റ് ടെക്നോളജി സെന്റർ |
| 21 | മഴവെള്ള സംഭരണം-ഉറവപ്പാറ | ഇടുക്കി | ബിജി, എയർപോട്ട് ഓഫീസർ |
| 22 | ജലസംരക്ഷണം-മുരിയാട് പഞ്ചായത്ത് | തൃശൂർ | സരള വിക്രമൻ, പ്രസിഡന്റ്, മുരിയാട് ഗ്രാമപഞ്ചായത്ത് |
| 23 | പായം ഗ്രാമപഞ്ചായത്ത് | കണ്ണൂർ | എൻ. അശോകൻ, പ്രസിഡന്റ്, പായം ഗ്രാമപഞ്ചായത്ത് |
| 24 | ജലസംരക്ഷണം, മുട്ടിക്കുളങ്ങര | പാലക്കാട് | സജി, അസിസ്റ്റന്റ് കമാന്റർ (റിട്ട.) പാലക്കാട് |
| 25 | ഇലവീഴാപൂഞ്ചിറ | കോട്ടയം | ബാജി ചന്ദ്രൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |







### വിദഗ്ധ അവതരണങ്ങൾ

| ക്രമ നമ്പർ | വിഷയം | അവതാരക/ൻ |
|---|---|---|
| 1 | ജലസുരക്ഷയുള്ള സംയോജിത ജലവിഭവ പരിപാലനം | ഡോ. മനോജ് കെ ജെയ്ൻ, എച്ച്.ഒ.ഡി., ഹൈഡ്രോളജി, ഐ.ഐ.റ്റി. റൂർക്ക |
| 2 | കാസർഗോഡ് ജില്ലയ്ക്കുള്ള വരൾച്ചാ പ്രതിരോധ മാർഗ്ഗങ്ങൾ | ഡോ. സജിത്ത് ബാബു ഐ.എ.എസ്., ഡിസ്ട്രിക് കളക്ടർ, കാസർഗോഡ് |
| 3 | ജലസുരക്ഷാ പ്ലാനിന് പ്രാദേശിക ജലസ്രോതസ്സുകൾ | ഡോ. ടി.എൽദോ, ഐ.ഐ.റ്റി. ബോംബെ |
| 4 | ജലവിഭവ സുസ്ഥിരതാ പരിപാടി | അശുതോഷ് ബട്ട്, ഗ്രാമ് വികാസ് |
| 5 | ജലവിഭവ മേഖലയിലെ വെല്ലുവിളികളും മുന്നോട്ടുള്ള പ്രയാണവും | സുനിൽ കുമാർ, ഡയറക്ടർ, ബിപി, ഡിറ്റിഇ, കേന്ദ്ര ജല കമ്മീഷൻ |

| | | |
|---|---|---|
| 6 | പ്രാദേശിക ജലസ്രോതസ്സുകളുമായിട്ടുള്ള എം.വി.ഐ.പി. കനാലുകളുടെ സംയോജനം | ജയ പി. നായർ, സൂപ്രണ്ട് എഞ്ചിനീയർ, എം.വി.ഐ.പി. പ്രോജക്ട് സർക്കിൾ, മൂവാറ്റുപുഴ |
| 7 | പ്രാദേശിക ജലസ്രോതസ്സുകളും സുസ്ഥിരതാ വെല്ലുവിളികളും | ജോയ് കെ.ജെ., സൊസൈറ്റി ഫോർ പ്രൊമോട്ടിംഗ് ഇക്കോസിസ്റ്റം മാനേജ്മെന്റ് |

## സെഷൻ 3

## നഗരനീർച്ചാലുകളുടെ ശൃംഖലയും മലിനജല പരിപാലനവും

നഗരങ്ങളിലെ നദി-കനാൽ ശൃംഖലകൾ വളരെയധികം മലിനീകരിക്കപ്പെട്ട അവസ്ഥയിലാണ്. ഹരിതകേരളം മിഷന്റെ പ്രവർത്തനങ്ങളിലൂടെയും മറ്റും ഇവ ശുദ്ധീകരിച്ച് നിലനിർത്തേണ്ട ആവശ്യം ജനങ്ങൾക്ക് ബോധ്യപ്പെട്ടിട്ടുണ്ട്. അതിന്റെ ഭാഗമായി പലസ്ഥലങ്ങളിലും അവർ മുന്നിട്ടിറങ്ങി ഇത്തരം പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നുണ്ട്. ചെലവുകുറഞ്ഞ മാലിന്യ സംസ്കരണ രീതികൾ ആവിഷ്കരിച്ചുകൊണ്ട് ഇവയെ സുസ്ഥിരമായി നിലനിർത്തുന്നതിന് ശാസ്ത്രീയമായ ഇടപെടലുകൾ ആവശ്യമുണ്ട്. ഇത്തരത്തിൽ സംസ്ഥാനത്ത് നടന്നിട്ടുള്ള മാതൃകാ പ്രവർത്തനങ്ങൾ പരിചയപ്പെടുത്തുന്ന 10 അവതരണങ്ങൾ ഈ സെഷനിൽ നടന്നു.

### അവതരണങ്ങൾ

| ക്രമനമ്പർ | വിഷയം | ജില്ല | അവതാരക/ൻ |
|---|---|---|---|
| 1 | ആലപ്പുഴ കനാൽ പുനരുജ്ജീവനം-കാഴ്ചപ്പാടും പശ്ചാത്തലവും | ആലപ്പുഴ | ഡോ.എൻ.സി. നാരായണൻ, ഐ.ഐ.ടി. ബോംബെ |
| 2 | കനാൽ നവീകരണവുമായി ബന്ധപ്പെട്ട കാര്യക്ഷമത പരിപോഷണം | ആലപ്പുഴ | പി.ജയരാജ്, കില |
| 3 | ജനകീയ പങ്കാളിത്തവും സ്ഥാപനവത്കരണവും | ആലപ്പുഴ | എം.ആർ. പ്രേം, മുനിസിപ്പൽ കൗൺസിലർ, ആലപ്പുഴ രോഹിത്ത് ജോസഫ്, ടീം ക്യാൻ ആലപ്പി |
| 4 | പെരുവൻമാട് കനാൽ-ഫറോക്ക് മുനിസിപ്പാലറ്റി | കോഴിക്കോട് | സജീഷ്, ജൂനിയർ, ഹെൽത്ത് ഇൻസ്പെക്ടർ |
| 5 | ജലസംരക്ഷണ ഇടപെടലുകൾ-പൊന്നാനി മുനിസിപ്പാലിറ്റി | മലപ്പുറം | സി.പി.മുഹമ്മദ് കുഞ്ഞ്, ചെയർമാൻ, പൊന്നാനി മുനിസിപ്പൽ |
| 6 | വടകരയിലെ പ്രാദേശിക ജലസ്രോതസ്സുകളുടെ പുനരുജ്ജീവനം | കോഴിക്കോട് | മണലിൽ മോഹൻ, ഹരിയാലി, ഹരിതസഹായ സ്ഥാപനം, വടകര |
| 7 | കൊയിലാണ്ടി മുനിസിപ്പാലിറ്റി | കോഴിക്കോട് | പ്രസാദ് കെ.എം., ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ |
| 8 | വലിയതോട് പുനരുജ്ജീവനം, മലപ്പുറം നഗരസഭ | മലപ്പുറം | കൃഷ്ണകുമാർ, സെക്രട്ടറി, മലപ്പുറം നഗരസഭ |
| 9 | ഓപ്പറേഷൻ കനോലികനാൽ | കോഴിക്കോട് | ബിജു ഫ്രാൻസിസ്, സെക്രട്ടറി, കോഴിക്കോട് കോർപ്പറേഷൻ |
| 10 | കോണോത്തുപുഴ പുനരുജ്ജീവനം | എറണാകുളം | ബാജിചന്ദ്രൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജലസേചന വകുപ്പ് |







വിദഗ്ധ അവതരണങ്ങൾ

| ക്രമനമ്പർ | വിഷയം | അവതാരക/ൻ |
|---|---|---|
| 1 | ആക്കുളത്തിന്റെയും അതിന്റെ നീർത്തടത്തിന്റെയും പുനരുജ്ജീവനം | ഡോ.സുജ.ആർ<br>അസോസിയേറ്റ് പ്രൊഫസർ, ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, ബാർട്ടൻഹിൽ |
| 2 | ജലസുരക്ഷയ്ക്കും ജലപരിപാലനത്തിനുമുള്ള ബയോ എഞ്ചിനീയറിംഗ് പരിഹാരമാർഗ്ഗങ്ങൾ | ശ്രീ.പ്രദീപ്കുമാർ<br>ഗ്രേവാട്ടർ ട്രീറ്റ്മെന്റ് എക്സ്പേർട്ട്, ബയോസ്റ്റാർട്ട് വെഞ്ചേഴ്സ് |
| 3 | ജലഗുണനിലവാരവും ആരോഗ്യവും | ഡോ.ദീപു, ശാസ്ത്രജ്ഞൻ, സി.ഡബ്ല്യു.ആർ.ഡി.എം. |
| 4 | ജലഗുണനിലവാര മോണിട്ടറിംഗ് ശൃംഖലയും കേന്ദ്രജലകമ്മീഷന്റെ പങ്കും | ശ്രീ. പങ്കജ് കുമാർ ശർമ്മ<br>ഡയറക്ടർ, ആർ.ഡി.2, കേന്ദ്രജല കമ്മീഷൻ |
| 5 | സംയോജിത തണ്ണീർതട പരിപാലന സംവിധാനം | മധുലിക ചൗധരി, ദ്രുവംഷ് സംഘടന, |
| 6 | പ്ലേയിംഗ് വിത്ത് വാട്ടർ ആന്റ് വാട്ടർ ബോഡീസ് ഫോർ ലൈഫ് ആന്റ് ഫോർ ബിസിനസ്സ് | ഡോ. വിനോദ് താരേ, പ്രൊഫസർ, ഐ.ഐ.ടി. കാൺപൂർ |

## പ്ലീനറി സെഷൻ

31.05.2019 രാവിലെ 10 മണി മുതൽ ബഹു. ജലവിഭവ വകുപ്പ് മന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടിയുടെ അധ്യക്ഷതയിൽ നടന്ന പ്ലീനറി സെഷൻ ബഹു. ധനകാര്യ മന്ത്രി ഡോ. ടി.എം.തോമസ് ഐസക് ഉദ്ഘാടനം ചെയ്തു. ജലസംരക്ഷണം സംബന്ധിച്ച അവബോധം വളരാൻ ജല ഗ്രാമസഭകൾ ആലോചിക്കേണ്ടതുണ്ടെന്നും മന്ത്രി ഡോ. ടി.എം. തോമസ് ഐസക് പറഞ്ഞു. ശ്രദ്ധയോടെയുള്ള സെപ്റ്റേജ് മാലിന്യങ്ങളുടെ സംസ്കരണവും പ്രധാനപ്പെട്ടതാണ്. കുടുംബങ്ങളിൽ അവബോധമെത്തിക്കാൻ സ്കൂൾ കുട്ടികൾ നല്ല ഉപാധികളാണ്. ഹരിതകേരളവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് ഏകോപിപ്പിക്കാൻ കഴിയുന്ന സർക്കാർ പദ്ധതികളും വകുപ്പുകളുമായി ചേർന്ന് പ്രവർത്തിക്കണം. തുടർപദ്ധതികൾക്ക് കൃത്യമായ ചട്ടക്കൂടും പദ്ധതിയും വേണം. ഓരോ ജനപ്രതിനിധിയും ഓർത്തി



  

രിക്കാൻ കഴിയുംവിധം ഒരു നീർച്ചാലെങ്കിലും നവീകരിക്കാൻ മുൻകൈയെടുക്കണം. പഞ്ചായത്തുകളുടെ പ്ലാനിൽ ഇവ ഉൾപ്പെടുത്താൻ നടപടികൾ വേണമെന്നും അദ്ദേഹം പറഞ്ഞു.

കൃഷി വർധിപ്പിക്കാൻ കൃത്യമായ ജലസേചനം ഉറപ്പാക്കാൻ പഞ്ചായത്തുതലം മുതൽ ആസൂത്രണം വേണമെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച ജലവിഭവമന്ത്രി കെ. കൃഷ്ണൻകുട്ടി അഭിപ്രായപ്പെട്ടു. ജലസേചനത്തിനുള്ള ജലത്തിന്റെ കുറവ് എവിടെ, എങ്ങനെ പരിഹരിക്കാം തുടങ്ങിയവ ഇത്തരത്തിൽ കണ്ടെത്താനാകും. കമ്യൂണിറ്റി ഇറിഗേഷനിലൂടെയും ഡ്രിപ് ഇറിഗേഷനിലൂടെയും വിള പരമാവധി മെച്ചപ്പെടുത്താനാകും. കുളങ്ങൾ തമ്മിൽ ചെറിയലിങ്ക് നൽകാനായാൽ വെള്ളം കുറവുള്ളവയിൽ വെള്ളമെത്തിക്കാനും ഭൂഗർഭജല വിതാനം ഉയർത്താനും സഹായമാകുമെന്നും അദ്ദേഹം പറഞ്ഞു.

നദീ പുനരുജ്ജീവനവും സുസ്ഥിരതാ വെല്ലുവിളികളും എന്ന സെഷനിലെ അവതരണങ്ങൾ സി.ഡബ്ല്യു.ആർ.ഡി.എം.ലെ ഡോ. ദിനേശൻ വി.പി.യും കേരളത്തിന്റെ ജലസുരക്ഷയും പ്രാദേശിക സ്രോതസ്സുകളും എന്ന സെഷനിലെ അവതരണങ്ങൾ ജലസേചന വകുപ്പ് ചീഫ് എഞ്ചിനീയർ ശ്രീ. ഷംസുദ്ദീൻ കെ.എച്ചും നഗരനീർച്ചാലുകളുടെ ശൃംഖലയും മലിനജല പരിപാലനവും എന്ന സെഷനിലെ അവതരണങ്ങൾ മുംബൈ ഐ.ഐ.ടി.യിലെ പ്രൊഫസർ ശ്രീ. എൻ.സി. നാരായണനും ക്രോഡീകരിച്ചുകൊണ്ട് സംസാരിച്ചു. ഈ അവതരണങ്ങളുടേയും 30.05.2019 ന് നടന്ന വിദഗ്ധരുടെ യോഗത്തിലെ ചർച്ചയുടേയും അടിസ്ഥാനത്തിൽ ഭാവിപ്രവർത്തനത്തിനുവേണ്ട നിർദ്ദേശങ്ങൾ ബഹു. ധനകാര്യ മന്ത്രി ഡോ. തോമസ് ഐസക് നൽകി.

## ജലസംഗമത്തിന്റെ ഭാഗമായി ഉയർന്നു വന്ന ഭാവി പ്രവർത്തന നിർദ്ദേശങ്ങൾ

### 1. നദീ പുനരുജ്ജീവനവും സുസ്ഥിര ജലലഭ്യതയും

മഴയിലൂടെ മാത്രം ശുദ്ധജലം ലഭിക്കുന്ന പ്രദേശമാണ് കേരളം. വർഷത്തിൽ പകുതിയിൽ താഴെ ദിവസങ്ങളിലായി മാത്രം ലഭിക്കുന്ന മഴ നൽകുന്ന ജലം ശേഖരിച്ചു നിർത്തുകയും മെല്ലെമാത്രം വിട്ടുകൊടുക്കുകയും ചെയ്യുന്ന കാടുകളും കുളങ്ങളും ചിറകളും തണ്ണീർതടങ്ങളും പുഴകളുമെല്ലാം പരസ്പരാശ്രിതമായി നിലനിൽക്കുന്ന ഭൗമസവിശേഷതയാണ് കേരളത്തിന്റെ ജലസുരക്ഷയുടെ അടിസ്ഥാനം. അതുകൊണ്ടുതന്നെ ഓരോ സ്വാഭാവിക ജലശേഖരങ്ങളുടേയും സംരക്ഷണം സുപ്രധാനമാണ്.

44 നദികളും അവയുടെ കൈവഴികളുമായി സംസ്ഥാനത്തുടനീളം നീർച്ചാലുകളാൽ സമ്പന്നമാണു കേരളം. നമ്മുടെ പ്രധാന നദികൾ ഹൈഡ്രോളജീയമായ തരംതിരിവിൽ പൊതുവെ 5വേ, 6വേ, 7വേ, 8വേ ഓർഡർ നീർച്ചാലുകളാണ്. നമ്മുടെ പ്രധാന ജലസംഭരണികൾ ഇത്തരം വലിയ നദികളിലാണ്. എന്നാൽ ഈ പ്രധാന നദികളിലേക്ക് വന്നു ചേരുന്ന ചെറു നദികളും തോടുകളും വലിയ തോതിലുള്ള അപചയം നേരിടുന്ന സ്ഥിതിയാണുള്ളത്.

### നിലവിലുള്ള വെല്ലുവിളികൾ

പുനരുജ്ജീവിപ്പിച്ച തോടുകളും നദികളും വീണ്ടും പഴയ അപചയത്തിലേയ്ക്കു മടങ്ങിപ്പോകുന്നു എന്നതു തന്നെയാണ് നദീ പുനരുജ്ജീവന പദ്ധതികൾ നേരിടുന്ന ഏറ്റവും പ്രധാന പ്രശ്നം. ആദ്യനേട്ടവും മാതൃകയുമായിരുന്ന വരട്ടാർ തന്നെ വീണ്ടും മണ്ണടിഞ്ഞും ഒഴുക്കുനിലച്ചും പോകുന്ന സ്ഥിതിയിലാണുള്ളത്. വലിയ ജനപങ്കാളിത്തത്തോടെ

ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയ പുഴകൾ വീണ്ടും മലിനമാക്കപ്പെടുന്നു. ഉത്സവച്ഛായയോടെ ഒറ്റത്തവണ നടപ്പാക്കപ്പെടുന്ന ശുചീകരണ-പുനരുജ്ജീവന പദ്ധതികൾക്ക് ഉപരിയായി നദീ സംരക്ഷണം അഥവാ ഏതൊരു ജലശേഖര സംരക്ഷണവും സുസ്ഥിരതയുള്ള പ്രവർത്തനമാകേണ്ടതുണ്ട്.

### ജലമേഖലാ ഉപമിഷൻ മുന്നോട്ടു വയ്ക്കുന്ന പ്രവർത്തനങ്ങൾ

1. നദീ പുനരുജ്ജീവനം എന്നാൽ മുഴുവൻ നദീതടവും (ഏത് ഓഡറിലുള്ള നദിയായാലും) ഉൾപ്പെടുത്തിയുള്ളതും ശാസ്ത്രീയവുമാകണം.
2. തുടക്കത്തിൽ ഒരു ഭാഗത്തുമാത്രമായി ആണ് പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതെങ്കിൽ തുടർന്ന് അത് മുഴുവൻ നദീതടത്തിലും വ്യാപിപ്പിക്കണം.
3. നദീതടത്തിനകത്തു വരുന്ന ചെറുചാലുകളുടേയും തോടുകളുടേയും വിശദാംശങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ ശേഖരിക്കണം.
4. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിലും വരുന്ന ഭാഗങ്ങളിൽ വീടുകൾ, സ്ഥാപനങ്ങൾ മറ്റുസ്ഥലങ്ങൾ എന്നിവയിൽ നിന്നും പുറത്തേയ്ക്ക് വരുന്ന എല്ലാ മാലിന്യങ്ങളും തിട്ടപ്പെടുത്തണം.
5. ഇവയ്ക്കോരോന്നിനുമുള്ള വികേന്ദ്രീകൃതമോ കേന്ദ്രീകൃതമോ ആയ സംസ്കരണ സംവിധാനങ്ങൾ ഉറപ്പ് വരുത്തണം.
6. നീർച്ചാലുകളിലേയ്ക്ക് സുരക്ഷിതമായ ജലം (recycled/treated water)മാത്രമേ ഒഴുകിയെത്തുന്നുള്ളൂവെന്ന് ഉറപ്പാക്കണം
7. മുൻപ് നിലനിന്നിരുന്ന ചാലുകളുടെ ശൃംഖല (network of drains)പുനഃസ്ഥാപിക്കണം
8. പൂർണമായും തടസ്സപ്പെട്ട ചാലുകൾ വീണ്ടെടുക്കാൻ സാധിച്ചില്ലെങ്കിൽ ബൈപാസ് ചെയ്ത്, നെറ്റ്‌വർക്ക് പൂർത്തിയാക്കി ഒഴുക്ക് പുനഃസ്ഥാപിക്കുന്നതിനുള്ള നിർമ്മിതികൾ ഏറ്റെടുക്കണം.
9. ഏറ്റെടുക്കുന്ന നദിയുടെ/കൈത്തോടിന്റെ ഹൈഡ്രോളജീയ സവിശേഷതകൾ പരിഗണിച്ച് വിവിധ സാങ്കേതിക ഇടപെടലുകൾ നടത്തണം.
10. വിവിധ ആവശ്യങ്ങൾക്ക് വേണ്ടി വരുന്ന വെള്ളത്തിന്റെ (നീർച്ചാലിൽ വേനൽക്കാലത്തും ചുരുങ്ങിയ നീരൊഴുക്കെങ്കിലും നിലനിർത്തുന്നതുൾപ്പെടെ) ആകെ അളവ് തിട്ടപ്പെടുത്തുകയും ആ നദീതടത്തിൽ മഴയിലൂടെയും വിവിധ ജല സംഭരണികളിലൂടെയും (കിണറുകൾ, കുളങ്ങൾ, ചെക്ക്ഡാമുകൾ, etc) ലഭ്യമായ വെള്ളത്തിന്റെ അളവുമായി താരതമ്യപ്പെടുത്തി ഓരോ കാലയളവിലുള്ള വെള്ളത്തിന്റെ കുറവ് കണ്ടെത്തണം.
11. അത് പരിഹരിക്കുന്നതിനാവശ്യമായ പുതിയ കിണറുകൾ, കുളങ്ങൾ, നിലവിലുള്ളവയുടെ പുനരുജ്ജീവനം, സംരക്ഷിക്കൽ, മറ്റു സംഭരണികൾക്കുള്ള (ബന്ധാര പോലുള്ള) സാധ്യതകൾ തുടങ്ങിയവ ആസൂത്രണം ചെയ്ത് നടപ്പാക്കണം.
12. ഒരു നദീതടത്തിലെ ജലലഭ്യത വർധിപ്പിക്കുന്നതിനും ജലനഷ്ടം കുറക്കുന്നതിനുമാവശ്യമായ വിവിധങ്ങളായ ആവാഹകപ്രദേശ സംരക്ഷണ പദ്ധതികൾ (catchment area treatment plans) പ്രദേശത്തിന്റെ പ്രത്യേകതക്കനുസരിച്ച് ഏറ്റെടുക്കുകയും നിലനിർത്തുകയും ചെയ്യണം.
13. പ്രദേശത്തെ ജനങ്ങളെയാകെ ഈ പ്രവർത്തനങ്ങളിൽ അണിനിരത്തുകയും അവരുടെ സ്വന്തം സ്ഥലത്തും വീടുകളിലും മഴവെള്ളക്കൊയ്ത്ത് (Rain water harvesting) ഉൾപ്പെടെയുള്ള ജലസംരക്ഷണ നടപടികൾ ഏറ്റെടുപ്പിക്കുകയും ചെയ്യണം.
14. പ്രദേശത്തിന്റെ ജല ലഭ്യതക്കനുസരിച്ചുള്ള ജലവിനിയോഗ സംസ്കാരത്തെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിച്ച് നടപ്പാക്കണം.
15. ജലലഭ്യതക്കനുസരിച്ച് കാർഷിക പ്രവർത്തനങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തണം.
16. സംരക്ഷിക്കപ്പെടുന്ന ഓരോ നീർച്ചാലിന്റെയും ബേസിനകത്തുള്ള സ്രോതസുകളും വെള്ളത്തിന്റെ ഉപയോഗത്തെ അടിസ്ഥാനപ്പെടുത്തി സംരക്ഷിക്കുന്നതിനുള്ള ഉത്തരവാദിത്വം പ്രദേശത്തെ ജനങ്ങൾക്ക് ഏൽപ്പിച്ചു നൽകണം.
17. മത്സ്യകൃഷി, വ്യവസായാവശ്യം, നീന്തൽ, വിനോദസഞ്ചാരം, നെൽകൃഷി, പറമ്പുകൃഷി, കന്നുകാലി വളർത്തൽ, കുടിവെള്ളം തുടങ്ങി വ്യത്യസ്ത ആവശ്യങ്ങൾക്കനുസൃതമായ സംരക്ഷണ പ്ലാനുകൾ ഉണ്ടാക്കണം.

## 2. കേരളത്തിന്റെ ജലസുരക്ഷയും പ്രാദേശിക സ്രോതസുകളും

580 കി.മീ. നീളത്തിൽ സമുദ്രതീരവും പരമാവധി 120 കി.മീ. വരെ മാത്രം വീതിയുമുള്ള ഭൂപ്രദേശമാണ് കേരളം. പടിഞ്ഞാറേയ്ക്കു ഏറെ ചരിഞ്ഞ ഈ ഭൂപ്രകൃതിയും ആറ് മാസത്തിൽ കുറഞ്ഞ കാലയളവിൽ മാത്രം ലഭിക്കുന്ന മഴയെ മാത്രം ആശ്രയിച്ചുള്ള ജലലഭ്യതയും, പെയ്യുന്ന മഴ ശേഖരിച്ചു സൂക്ഷിച്ചില്ലെങ്കിൽ വളരെ വേഗം കടലിലേക്ക് ഒഴുകി ഒഴിഞ്ഞു പോകുന്ന സവിശേഷ സാഹചര്യമൊരുക്കുന്നു. ഇത് വേനൽക്കാല ജലക്ഷാമമായാണ് പ്രതിഫലിക്കുന്നത്. ലഭ്യമായ എല്ലാ ജലസ്രോതസുകളുടേയും സംരക്ഷണത്തിലൂടെ മാത്രമേ ഈ പ്രതിസന്ധി മറികടക്കാനാകൂ.

44 നദികളും അസംഖ്യം തോടുകളും അരുവികളും നിരവധി തടാകങ്ങളും കായലും കടലും 40,000-ലധികം പൊതുകുളങ്ങളും 66 ലക്ഷത്തിലധികം സ്വകാര്യ കിണറുകളും കുളങ്ങളും 53 ജലസംഭരണികളും 6000 കിലോമീറ്ററിലധികം ജലസേചന-ലിഫ്റ്റ് ഇറിഗേഷൻ കനാലുകളും കേരളത്തിലുണ്ട്. ഭൂവിനിയോഗത്തിൽ വന്ന മാറ്റം, കാലാവസ്ഥയിലെ വ്യതിയാനം, അതിവേഗത്തിൽ സംഭവിക്കുന്ന നഗരവത്ക്കരണം, ജീവിതചര്യയിലും കൃഷിരീതിയിലും ഉണ്ടായ മാറ്റം എന്നിവയെല്ലാം നമ്മുടെ ജലസ്രോതസ്സുകളെ വളരെയധികം പരിമിതപ്പെടുത്തുകയും ഇല്ലാതാക്കുകയും ചെയ്തുകൊണ്ടിരുന്നു.

തോടുകളുടേയും നദികളുടേയും ഓരങ്ങളിൽ വികസിച്ചുവരുന്ന ഒട്ടനവധി ചെറുപട്ടണങ്ങളും നഗരവത്ക്കരണവും നമ്മുടെ തോടുകളിലേക്ക് വലിച്ചെറിയുന്ന മാലിന്യങ്ങളും ഒഴുക്കിവിടുന്ന മലിനജലവുമാണ് തോടുകളുടേയും നദികളുടേയും സ്ഥായിയായ നിലനിൽപ്പിനെ ചോദ്യം ചെയ്യുന്ന ഏറ്റവും വലിയ വെല്ലുവിളി. ആശുപത്രികൾ, ചെറുതും വലുതുമായ ഹോട്ടലുകളും റെസ്റ്റോറന്റുകളും, വാഹന റിപ്പയർ വർക്ക്ഷോപ്പുകളും പ്രാർത്ഥനാലയങ്ങളും ധ്യാനകേന്ദ്രങ്ങളും ഒക്കെയായി ഖര-ജല മാലിന്യങ്ങൾ തോടുകളിലേക്കും നദികളിലേക്കും പലപ്പോഴും ആവശ്യത്തിന് സംസ്കരണമില്ലാതെ ഒഴുക്കിവിടുന്നതും കാണാം. നഗരവത്ക്കരണത്തിന്റെ ഭാഗമായി വീടുകളിൽ സ്ഥാപിച്ചിട്ടുള്ള സെപ്റ്റിക്ടാങ്കുകൾ ഇടയ്ക്കിടക്ക് ശൂന്യമാക്കുന്നതിനായി വിസർജ്യമാലിന്യങ്ങൾ പുറത്തെടുത്ത് തള്ളുന്നതും നമ്മുടെ തോടുകളിലേക്കും നദികളിലേക്കും തന്നെയാണ്. ഒഴുക്കുള്ള മാസങ്ങളിൽ ഇതൊന്നും ശ്രദ്ധിക്കപ്പെടാതെ പോകുമെങ്കിലും ഒഴുക്കില്ലാത്ത/നീരൊഴുക്ക് കുറവുള്ള മാസങ്ങളിൽ ഖര-ജല മാലിന്യങ്ങളുടെ ഗാഢത വർദ്ധിക്കുകയും അവ കെട്ടിനിൽക്കുകയും പകർച്ചവ്യാധികൾ പെരുകുന്നതിനു കാരണമാകുകയും ചെയ്യുന്നു.

### ജലസുരക്ഷാ പ്രവർത്തന പരിപാടി

1. വരൾച്ചാ മുന്നൊരുക്കത്തിലെ പ്രധാന ഘടകം വെള്ളത്തിന്റെ ലഭ്യത ഉറപ്പാക്കൽ തന്നെയാണ്. വേനൽക്കാലത്തേയ്ക്ക് ഉപയോഗയോഗ്യമായ ജലസ്രോതസ്സുകൾ ഏതൊക്കെയെന്നു നിർണ്ണയിക്കുകയും അവ സംരക്ഷിക്കുകയും വേണം. ഓരോ പ്രാദേശിക ജലസ്രോതസിനേയും ജനപങ്കാളിത്തത്തോടെ പഠിക്കുകയും ഇവയിൽ വേനൽക്കാലത്ത് ജലലഭ്യതയുള്ളതും വരണ്ടു പോകുന്നതും ഉപയോഗശൂന്യമായതും തിരിച്ചറിയുകയും വേണം.
   - ഉപയോഗ ശൂന്യമായത് വൃത്തിയാക്കി അനുയോജ്യമായി ഉപയോഗിക്കണം.
   - ജലലഭ്യതയുള്ള സ്രോതസുകളിൽ നിന്നും ഇല്ലാത്ത സ്രോതസുകളിലേക്കും പ്രദേശങ്ങളിലേക്കും ജലമെത്തിക്കണം.
   - വരണ്ടു പോകുന്ന സ്രോതസുകളിലെ ജലലഭ്യത കൂട്ടുന്നതിനുള്ള മഴവെള്ള സംഭരണമുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കണം. ഇവയെല്ലാമടങ്ങുന്ന സമഗ്ര പ്രവർത്തനമാണ് ജലസുരക്ഷ ഉറപ്പാക്കാനാവശ്യം.
2. പൊതുകിണറുകൾ, കുളങ്ങൾ, ചിറകൾ തുടങ്ങിയവയിലെ വെള്ളത്തിന്റെ ലഭ്യത കണക്കാക്കി നാട്ടറിവിലൂടെ വേനൽ മാസങ്ങളിൽ ഉണ്ടാകാവുന്ന വെള്ളം തിട്ടപ്പെടുത്തണം. ഇങ്ങനെ ഓരോ പ്രദേശത്തെയും ജലലഭ്യത മനസ്സിലാക്കുകയും ആ പ്രദേശത്തെ ജലാവശ്യവുമായി താരതമ്യം ചെയ്ത് ഗ്യാപ് കണ്ടെത്തി അത് നികത്താനുള്ള നടപടികൾ ആസൂത്രണം ചെയ്യുകയുമാണു വേണ്ടത്. ടാങ്കറുകളിലൂടെയുള്ള ജലവിതരണത്തിന് യോജിച്ച സ്രോതസ്സുകളും ലഭ്യമാക്കാവുന്ന അളവും ഇങ്ങനെ കണ്ടെത്താം. അതിലൂടെ

വേഗത്തിലും ഏറ്റവും കുറഞ്ഞ ചെലവിലും ഏറ്റവും ഫലപ്രദമായി ജലലഭ്യത എല്ലായിടത്തും ഉറപ്പാക്കാനാകും.

3. സ്ഥിരമായി ജല വിതരണമുള്ള ഇറിഗേഷൻ കനാലുകൾ, ഉപേക്ഷിക്കപ്പെട്ട പാറമടക്കുളങ്ങൾ, മറ്റു വലിയ ജല സംഭരണികൾ (വലിയ കുളങ്ങൾ, ചെക്ക് ഡാമുകൾ, etc). ഇവയൊക്കെ പഠനവിധേയമാക്കുകയും വേനലിലെ ജലലഭ്യത ഉയർത്തുന്നതിനുള്ള സ്രോതസുകളായി ഉപയോഗപ്പെടുത്തുകയും വേണം.
4. വടക്കു-കിഴക്കൻ മൺസൂൺ (തുലാവർഷം) കഴിയുമ്പോൾ മുതൽ ഓരോ മഴയിലും ലഭിക്കുന്ന വെള്ളം കിണറുകളിലും കുളങ്ങളിലും എത്തുന്നതിനുള്ള മാർഗ്ഗങ്ങൾ ശാസ്ത്രീയമായും ലളിതമായും നടപ്പാക്കേണ്ടതുണ്ട്. കിണറുള്ള ടെറസ് വീടുകളിൽ മേൽക്കൂരയിലും മുറ്റത്തും പെയ്യുന്ന മഴ കിണറിനടുത്ത് എത്തിക്കാനും ഒരു ഫിൽട്ടർ സംവിധാനത്തിലൂടെ കിണറിലേക്കിറക്കാനുമുള്ള നടപടികൾ എടുക്കണം.
5. കുളങ്ങളിലേക്കു വെള്ളമെത്തുന്ന എല്ലാ ചാലുകളും തടസ്സങ്ങൾ മാറ്റി കുളത്തിലേക്കു തുറന്നു വയ്ക്കുകയും അതോടൊപ്പം തന്നെ മാലിന്യങ്ങളും മണ്ണും കുളത്തിലേക്ക് എത്തുന്നില്ലാ എന്നത് ഉറപ്പാക്കുകയും വേണം.
6. ഓരോ പറമ്പിലും വീഴുന്ന വെള്ളം പുറത്തേക്കൊഴുക്കി കളയാതെ അവിടെ തന്നെ താഴ്ത്തുകയോ കിണറോ കുളമോ ഉള്ള ഇടങ്ങളിലേക്ക് തിരിച്ചുവിടുകയോ ചെയ്യണം.
7. ക്വാറികളിലെ വെള്ളം പരിശോധിക്കുകയും അളവെടുക്കുകയും ചെയ്ത് അവിടെ നിന്നു ജലം തൊട്ടടുത്ത പൊതു കുളങ്ങളിലേക്കെത്തിച്ച് ഉപയോഗയോഗ്യമാക്കാനാകും. ടാങ്കറുകൾക്കുള്ള വറ്റാത്ത സ്രോതസായി ഇവയെ ഉപയോഗിക്കാം. സാങ്കേതിക പഠനത്തിന്റെ അടിസ്ഥാനത്തിൽ ഇവയെ ജലദൗർലഭ്യമേഖലകളുമായും സ്രോതസുകളുമായും ലിങ്ക് ചെയ്യുന്നതിനുള്ള നടപടികളാണ് ആവിഷ്ക്കരിക്കേണ്ടത്.
8. വേനൽക്കാല ജലസ്രോതസ്സുകളാകാവുന്ന എല്ലാ ജലശേഖരങ്ങളുടേയും ശുചീകരണവും സംരക്ഷണവും അവയിൽ മാലിന്യങ്ങൾ കലരുന്നതു തടയാനുള്ള നടപടികളും ഉടനുണ്ടാകണം. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഇതു പൊതു കാമ്പയിൻ എന്ന നിലയിൽ ജനപങ്കാളിത്തത്തോടെ നടത്തുകയും നിയമാനുസൃതമായ ജലസ്രോതസ്സ് മലിനീകരണ നിയന്ത്രണം കർശനമാക്കുകയും വേണം.
9. ജലലഭ്യത ഉറപ്പാക്കുന്ന സ്രോതസുകൾക്ക് ഉടമസ്ഥരുടെയും ഉപയോഗത്തിന്റെയും അടിസ്ഥാനത്തിൽ ജനകീയ മേൽനോട്ട കമ്മിറ്റികൾ രൂപീകരിക്കുകയും ആസൂത്രിതമായ ജലസ്രോതസ് സംരക്ഷണവും ജലവിനിയോഗവും ഉറപ്പാക്കുകയുമാണ് വേണ്ടത്.

**ജനകീയ സമിതികളുടെ ഉത്തരവാദിത്തത്തിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്താവുന്നതാണ്.**

- വെള്ളത്തിന്റെ ആവർത്തന ആവശ്യമനുസരിച്ച് വെള്ളം നൽകേണ്ട ഇടവേളകളും അളവും തീരുമാനിക്കൽ.
- കൃഷിയുൾപ്പെടെയുള്ള വരുമാന മാർഗ്ഗങ്ങൾ വർധിപ്പിക്കുന്നതിനും വൈവിധ്യവൽക്കരിക്കുന്നതിനും വിദഗ്ധരുടെ സഹായത്തോടെയുള്ള ശ്രമങ്ങൾ.
- വെള്ളത്തിന്റെ ലഭ്യതയനുസരിച്ച് കൃഷി രീതിയിൽ വരുത്തേണ്ട മാറ്റങ്ങൾ തുള്ളിനന, പകരം വിളകൾ തുടങ്ങിയ.
- ഒരു പ്രദേശത്തിന്റെയോ നീർത്തടത്തിന്റെയോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയോ ജലസുരക്ഷാപദ്ധതിയുമായി ബന്ധപ്പെടുത്തി ഇടപെടലുകൾ നടത്തൽ.
- പുതിയ കിണറുകളും കുളങ്ങളും നിർമ്മിക്കൽ.

## 3. മലിന ജല സംസ്കരണവും നഗരപ്രദേശ നീർച്ചാലുകളുടെ വീണ്ടെടുപ്പും

(Rejuvenation of city rivulets and grey water treatment)

മാലിന്യസംസ്കരണത്തിന്റെ പ്രാധാന്യവും അതിലുണ്ടാകുന്ന പോരായ്മകൾ നമ്മുടെ പരിസരത്തിന് ഏൽപ്പിക്കുന്ന ആഘാതവും ഏറ്റവും വ്യക്തമായി ഉയർത്തിക്കാട്ടുന്ന ഉദാഹരണങ്ങളാണ് നഗരപ്രദേശ നീർച്ചാലുകൾ. അതിവിദൂരമൊന്നുമല്ലാത്ത ഒരു ഭൂതകാലത്ത് തെളിനീരൊഴുകിയിരുന്ന

കൈത്തോടുകളാണ് ഇന്നു നമ്മുടെ ഏതൊരു നഗരപ്രദേശത്തും കാണാവുന്ന ദുർഗന്ധം വമിക്കുന്ന മാലിന്യ വാഹികൾ ഓരോന്നും. ആസൂത്രിതമല്ലാതെ നടന്നതും നടന്നുവരുന്നതുമായ നഗരവത്ക്കരണവും മാലിന്യ നിർമ്മാർജ്ജന സൗകര്യങ്ങളുടെ കുറവുമാണ് നഗരപ്രദേശ നീർച്ചാലുകളെ ഓടകളാക്കി മാറ്റിയത്. ഇന്ന് അവയൊക്കെ ജനജീവിതത്തെ ദുസ്സഹമാക്കുന്ന ദുർഗന്ധ വാഹികളും കൊതുകുവളർത്തൽ കേന്ദ്രങ്ങളുമായി പരിണമിച്ചിരിക്കുന്നു.

## പ്രശ്നങ്ങൾ

നഗരപ്രദേശ നീർച്ചാലുകളുടെ ഇന്നത്തെ ദുരവസ്ഥയുടെ കാരണങ്ങൾ പരിശോധിച്ചാൽ ചെന്നെത്തുക താഴെപ്പറയുന്നവയിലായിരിക്കും.

- ഖരമാലിന്യങ്ങൾ, പ്രത്യേകിച്ചും പ്ലാസ്റ്റിക്ക്, അടിഞ്ഞുകൂടി ഒഴുക്ക് തടസ്സപ്പെട്ടിരിക്കുന്നു.
- ചേറടിഞ്ഞും പാഴ്ചെടികൾ വളർന്നും രൂപപ്പെടുന്ന തുരുത്തുകൾ മൂലം വെള്ളം കെട്ടിനിന്നു കൊതുകുവളരുന്നു.
- ചീഞ്ഞളിയുന്ന ജൈവമാലിന്യം ദുർഗന്ധമുണ്ടാക്കുന്നു.
- സമീപത്തുള്ള വീടുകളും സ്ഥാപനങ്ങളും വിസർജ്ജ്യമാലിന്യം അടക്കമുള്ള ദ്രവമാലിന്യം ഒഴുക്കുന്നതിനാൽ ജലഗുണനിലവാരം അങ്ങേയറ്റം മോശമായിരിക്കുന്നു.
- കാഴ്ചയിൽ അറപ്പുളവാക്കുക മാത്രമല്ല, മഴക്കാലത്ത് കരകവിഞ്ഞൊഴുകി സമീപ പ്രദേശത്തെ മലിനീകരിക്കുക കൂടി ചെയ്യുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശത്തെ മാലിന്യമുക്തമാക്കുന്നതിനു ശ്രമിക്കുന്നവർക്ക് അവിടത്തെ നീർച്ചാലുകളുടെ വീണ്ടെടുപ്പ് കൂടി ഏറ്റെടുക്കാതിരിക്കാനാവില്ല.

## പ്രവർത്തന പദ്ധതി സാദ്ധ്യതകൾ

മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ തുടർച്ചയായി മാത്രമേ നഗരപ്രദേശ നീർച്ചാലുകളുടെ പുനരുജ്ജീവനം സാദ്ധ്യമാകൂ എന്നതു വ്യക്തമാണല്ലോ. അതുകൊണ്ടു തന്നെ നീർച്ചാലുകളുടെ ആവാഹക പ്രദേശമായി വരുന്ന പ്രദേശത്ത് മാലിന്യ പരിപാലനം ചിട്ടപ്പെടുത്തുകയാകണം പ്രവർത്തന പദ്ധതിയിലെ ആദ്യപടി.

1. മാലിന്യങ്ങൾ വലിച്ചെറിയപ്പെടുന്നില്ല എന്നത് ഉറപ്പാക്കണം. ഇതിനായി ജൈവ മാലിന്യത്തിന്റെ പൂർണ്ണമായ സംസ്കരണവും ജൈവവളമാക്കി മാറ്റലും (ഉറവിടത്തിൽ തന്നെയോ അതിനോട് ഏറ്റവുമടുത്തുള്ള സാമൂഹിക സംവിധാനത്തിലോ). അജൈവ മാലിന്യത്തിന്റെ ശേഖരണവും സുരക്ഷിതമായ നീക്കം ചെയ്യലും.
2. ജൈവ-അജൈവ മാലിന്യങ്ങളുടെ സംസ്കരണ സംവിധാനങ്ങളുറപ്പാക്കികഴിഞ്ഞാൽ, മാലിന്യം പൊതുസ്ഥലത്ത് ഉപേക്ഷിക്കുന്നവർക്ക് എതിരെ കർശനമായ നിയമനടപടികൾ സ്വീകരിക്കണം.
3. നീർച്ചാലിന്റെ തുടക്കം മുതൽ അവസാനം വരെയുള്ള ഇരുകരയിലും നടത്തുന്ന വിപുലമായ ജനകീയ അവബോധന പ്രക്രിയയിലൂടെ, നീർച്ചാലിലേക്കു തുറന്നിരിക്കുന്ന എല്ലാ മാലിന്യവാഹികളും (വിസർജ്ജ്യ മാലിന്യക്കുഴലുകളും മലിന ജലവാഹികളും എല്ലാം) നീക്കംചെയ്യണം.
4. സെപ്റ്റിക് ടാങ്കുകളും സോക്കേജ് പിറ്റുകളും (വലിയ സ്ഥാപനങ്ങൾ STPയും) ഉപയോഗിക്കുന്നു എന്ന് ഉറപ്പാക്കണം. ആവശ്യ സ്ഥലങ്ങളിൽ കമ്മ്യൂണിറ്റി സെപ്റ്റിക് ടാങ്കുകൾ ഉറപ്പാക്കണം.
5. മലിനജല സംസ്കരണത്തിന് വിജയകരമായ പല ആഗോളതല മാതൃകകളും ലഭ്യമാണ്. അവയുടെ ചുവടുപിടിച്ചും സ്വതന്ത്രമായും വിവിധ മാതൃകകൾ പലയിടത്തായി പരീക്ഷിക്കപ്പെടുന്നുമുണ്ട്. ആലപ്പുഴയിൽ IIT മുംബൈയുടെ സഹകരണത്തോടെ നടപ്പാക്കപ്പെടുന്ന CAN ALEPPY കാമ്പയിനും എറണാകുളത്ത് അമൃതയിൽ വിദേശ സാങ്കേതിക വിദ്യാ സഹായത്തോടെ നടക്കുന്ന പ്രവർത്തനവുമൊക്കെ ഇതിനുദാഹരണമാണ്. പലയിടത്തായി നടക്കുന്ന ഈ പ്രവർത്തനങ്ങൾ നിരീക്ഷിച്ചും വിദഗ്ദ്ധ സഹായത്തോടെ പരുവപ്പെടുത്തിയും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ചുമതലയിൽ നടപ്പാക്കാവുന്ന off-the-shelf സാങ്കേതിക വിദ്യയാക്കി ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ വകുപ്പ് തലത്തിലും ഉണ്ടാകണം.
6. ഖരമാലിന്യങ്ങൾ പൂർണ്ണമായും അരിച്ചു മാറ്റുകയും ഒരു നിശ്ചിതഗുണനിലവാരം വരെ സംസ്കരിക്കുകയും ചെയ്ത തെളിഞ്ഞ വെള്ളം മാത്രം നീർച്ചാലിലേക്ക് ഒഴു

ക്കാൻ അനുവദിക്കണം.

7. നീർച്ചാലിന്റെ മുഴുവൻ ദൈർഘ്യത്തിലും നിലവിലുള്ള മാലിന്യവും കാട്ടുചെടികളും ചേറടിഞ്ഞുകൂടിയ തുരുത്തുകളും നീക്കം ചെയ്യണം.
8. പാർശ്വസംരക്ഷണം ഉറപ്പാക്കണം. ആവശ്യമായ ഇടങ്ങളിൽ കയർഭൂവസ്ത്രം (geo-textile) ഉപയോഗിച്ചു സംരക്ഷണം ഉറപ്പാക്കണം.
9. ഇരുകരയിലുമുള്ള തദ്ദേശവാസികളുടെ, പ്രത്യേകിച്ചും പ്രാദേശിക കൂട്ടായ്മകളുടെ (ക്ലബ്ബുകൾ, വായനശാലകൾ, റസിഡന്റ്സ് അസോസിയേഷനുകൾ) പങ്കാളിത്തത്തോടെ നീർച്ചാൽ സംരക്ഷണ സമിതികൾ രൂപീകരിക്കണം.
10. ശുചീകരിച്ച അരുവിയുടെ ഇരുകരകളിലും തണൽമരങ്ങളും പൂന്തോട്ടങ്ങളും നടപ്പാതകളും സൈക്കിൾ പാതകളും ഒരുക്കി അവ പ്രഭാതനടത്തത്തിനും സായാഹ്ന കൂട്ടായ്മകൾക്കുമുള്ള പൊതു ഇടങ്ങളാക്കണം.
11. തുടർന്നുള്ള കാലത്ത് വേനലിൽ നീരൊഴുക്കു തീരെക്കുറയുന്നുവെങ്കിൽ മഴവെള്ള സംഭരണത്തിലൂടെയും മറ്റു വലിയ ജലശേഖരങ്ങളുമായി ബന്ധിപ്പിച്ചും പാരിസ്ഥിതിക സുരക്ഷിതമായ ഒഴുക്ക് ഉറപ്പാക്കുന്ന നടപടികളുമാകാം.

## ഇനി ഞാനൊഴുകട്ടെ

ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് സാമാന്യം നല്ല മഴ ലഭിക്കുന്ന കേരളത്തിൽ, നീർച്ചാലുകളുടെ ശൃംഖല ജലമേഖലയിൽ പ്രധാനപ്പെട്ടതാണ്. ഭൂമിശാസ്ത്രപരമായി ഉയർന്ന പ്രദേശം, സമതലം തീരപ്രദേശം എന്നിങ്ങനെ കണക്കാക്കാവുന്ന കേരളത്തിൽ എല്ലാ പ്രദേശങ്ങളിലും ജലനിർഗ്ഗമനം സാധ്യമാക്കുന്നത് ഇത്തരം നീർച്ചാലുകളുടെ ശൃംഖലയിലൂടെയാണ്. തുടർച്ചയായ രണ്ടു വർഷകാലത്തിലൂടെ നല്ല മഴ ലഭിക്കുന്ന കേരളത്തിൽ ഡിസംബർ മുതൽ ജൂൺവരെവരണ്ടകാലാവസ്ഥയാണ്. സംസ്ഥാനത്ത് ലഭിക്കുന്ന മഴയിലെ സ്ഥല കാല വ്യതിയാനവും കേരളത്തിന്റെ പ്രത്യേകതയാണ്.

ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ വികസന സൂചികകളിൽ കേരളം എപ്പോഴും മുമ്പിലാണ്. അതിനാൽ തന്നെ സംസ്ഥാന നഗര-ഗ്രാമ പ്രദേശങ്ങൾ തമ്മിൽ വലിയ വേർതിരിവില്ല. കേരളത്തിലെ ചെറുപട്ടണങ്ങൾ പോലും വികസനത്തിന് സ്ഥലം ലഭ്യമല്ലാത്ത അവസ്ഥയിലാണ്. ഭൂലഭ്യതയിലെ കുറവു പലപ്പോഴും ബാധിക്കുക ജലസ്രോതസ്സുകളെയാണ്. മൂന്നാം നിര ചാലുകൾ ഉൾപ്പെടെ മൂടിപ്പോവുകയും വഴിതിരിച്ചു വിടുകയും, മാലിന്യങ്ങൾ



അടിഞ്ഞ് ഒഴുക്ക് നിലച്ചു പോവുകയും ചെയ്യുന്ന അവസ്ഥയുണ്ട്. സംസ്ഥാനത്തെ പട്ടണങ്ങളിൽ ഖര, ദ്രവ മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്ന രീതിയിൽ ഗുണപരമായ മാറ്റം ഉണ്ടാകേണ്ടിയിരിക്കുന്നു.

വേനൽക്കാലത്ത് വരൾച്ചയും ടാങ്കർ ലോറികൾ വഴിയുള്ള ജലവിതരണവും കേരളത്തിൽ സാധാരണമാണ്. കേരളത്തിലെ 65% ൽ അധികം ആളുകൾ കിണറുകളെയാണ് ശുദ്ധജലത്തിന് ആശ്രയിക്കുന്നത്. നീർച്ചാലുകളുടെ നഷ്ടം ജലലഭ്യതയെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ഭൂജല ഉപയോഗം വാർഷിക റീച്ചാർജിന്റെ 50% മാത്രമാണെങ്കിലും പല ബ്ലോക്കുകളും അമിത ജല ഉപയോഗം രേഖപ്പെടുത്തിയിട്ടുണ്ട്.

ലോകത്തെ മറ്റ് വികസ്വര രാജ്യങ്ങളിലെ പോലെ ഇന്ത്യയിലും പ്രത്യേകിച്ച് കേരളത്തിലും ജലജന്യ രോഗങ്ങൾ എല്ലാവർഷവും ഉണ്ടാകാറുണ്ട്. കിണറുകളിൽ ജലം എത്തിക്കുന്ന ജലഭൃത(aquifer)ങ്ങളുടെ സ്രോതസ്സ് പ്രധാനമായും നീർച്ചാലുകൾ ആണ്. ഒഴുക്ക് നിലച്ച് മാലിന്യങ്ങൾ നിറഞ്ഞ ഈ നീർച്ചാലുകൾ ഇത്തരത്തിൽ ജലജന്യ രോഗങ്ങൾ വ്യാപിക്കുന്നതിന് കാരണമാകുന്നു.

നദിയുടെ ആവാസ വ്യവസ്ഥ ജലചക്രത്തിന്റെ ഭാഗമാണ്. ഒഴുകുന്ന നദി ആരോഗ്യകരമായ ഒരു ആവാസ വ്യവസ്ഥയുടെ ലക്ഷണമാണ്. കേരളത്തിലെ നീർച്ചാലുക



ളുടെ ശൃംഖല ഏറ്റവും ഫലപ്രദമായി ഉപയോഗിച്ചിരുന്നത് സംസ്ഥാനത്തെ പരമ്പരാഗത കർഷകരാണ്. എന്നാൽ ഭൂവിനിയോഗത്തിൽ ഉണ്ടായ മാറ്റത്തിന്റെ ഫലമായി ഇത്തരം നീർച്ചാലുകൾ മൂടിപ്പോവുകയോ വഴിതിരിച്ചു വിടുകയോ ചെയ്തിട്ടുണ്ട്. പ്രാദേശിക സ്രോതസ്സുകളിൽ ജലലഭ്യതക്കുറവിനും ജലത്തിന്റെ ഗുണനിലവാരത്തിലുണ്ടാകുന്ന പ്രശ്നങ്ങൾക്കും പ്രധാന കാരണം നീർച്ചാലുകളുടെ ശൃംഖല നഷ്ടപ്പെടുന്നതാണ്. ജല നിർഗമന മാർഗ്ഗങ്ങൾ നഷ്ടപ്പെടുന്നതും അവയുടെ വാഹകശേഷി കുറയുന്നതും പ്രാദേശികമായി വെള്ളപ്പൊക്കത്തിനു കാരണമാകുന്നുണ്ട്. കേരളത്തിന്റെ മലനിരകളിൽ നിന്നുള്ള സൂക്ഷ്മ നീർച്ചാലുകൾ ഇല്ലാതാകുന്നത് മണ്ണിടിച്ചിലിനും ഉരുൾപ്പൊട്ടലിനും സഹായകരമായ സ്ഥിതി സൃഷ്ടിക്കുന്നു. മലനിരകളിൽ മണ്ണിന്റെ ഘനം കുറവുള്ള പ്രദേശങ്ങളിൽ ഇത്തരത്തിലുള്ള മണ്ണിടിച്ചിലിന് സാധ്യത കൂടുതലാണ്.

സംസ്ഥാനത്തെ ഓരോ ജില്ലയിലെയും നീർച്ചാലുകളുടെ നീളം പരിശോധിച്ചാൽ ഇവയുടെ ശൃംഖല എത്രമാത്രം പ്രാധാന്യമർഹിക്കുന്നതാണെന്ന് ബോധ്യപ്പെടും.

സംസ്ഥാനത്തെ മലനിരകളിൽ നിന്നുള്ള ജലനിർഗമനം സുഗമമാക്കുന്നതിന് നീർച്ചാലുകൾ പ്രധാനപ്പെട്ടതാണ്. ഹരിതകേരളം മിഷന്റെ 'ഇനി ഞാനൊഴുകട്ടെ' എന്ന കാമ്പയിൻ ആരംഭിക്കുന്നത് ഈ പശ്ചാത്തലത്തിലാണ്. കേരളത്തിൽ ഏറ്റവും അധികം നീർച്ചാലുകളുടെ ശൃംഖലയുള്ള ജില്ലകളിലാണ് 2018 ലും 2019 ലും വെള്ളപ്പൊക്കക്കെടുതികൾ വ്യാപകമായി സംഭവിച്ചത് എന്നത് ശ്രദ്ധേയമാണ്. ഒരു നദീതടത്തിൽ അണക്കെട്ടു നിർമ്മിച്ചു ശേഖരിക്കാവുന്നത്ര ജലം നദീതടത്തിലെ നീർച്ചാലുകൾക്ക് ഉൾക്കൊള്ളാനാകും. എന്നാൽ ഇതിനനുഗുണമായ വിധം ഇവയുടെ പരിപാലനം കുറ്റമറ്റതാക്കേണ്ടിയിരിക്കുന്നു. നീർച്ചാലുകളോടൊപ്പം തണ്ണീർത്തടങ്ങൾ, നെൽപ്പാടങ്ങൾ തുടങ്ങി വെള്ളം ശേഖരിച്ചു നിർത്താവുന്ന പ്രദേശങ്ങളും വീണ്ടെടുക്കേണ്ടിയിരിക്കുന്നു. തണ്ണീർത്തടങ്ങളും നെൽപ്പാടങ്ങളും ചതുപ്പുകളും ജലസാന്നിദ്ധ്യം ഉറപ്പാക്കുന്നതോടൊപ്പം റീചാർജിംഗിനു സഹായകരവുമാണ്.

നീർച്ചാലുകളുടെ പുനരുദ്ധാരണം ബന്ധപ്പെട്ട എല്ലാവരുടെയും പങ്കാളിത്തത്തോടെ മാത്രമേ സാധ്യമാകൂ. ജലമേഖലയിലെ സർക്കാർ, സർക്കാരിതര സ്ഥാപനങ്ങളുടെയും കൂട്ടായ്മകളുടെയും സംയോജിച്ചുള്ള പ്രവർത്തനം സാധ്യമാക്കുകയാണ് ഹരിതകേരളം മിഷന്റെ ലക്ഷ്യം. ഈ കാഴ്ചപ്പാടോടു കൂടിയാണ് പുഴ പുനരുജ്ജീവനത്തിനായി മിഷൻ ഒരു മാർഗ്ഗരേഖ തയ്യാറാക്കിയത്.

ഇനി ഞാനൊഴുകട്ടെ കാമ്പയിന്റെ ഭാഗമായി ഒരു തദ്ദേശ ഭരണ സ്ഥാപന പ്രദേശത്തെ ഏറ്റവും നീളം കൂടിയ നീർച്ചാലും അതിന്റെ ഉപനീർച്ചാലുകളുമാണ് പുനരുജ്ജീവനത്തിനായി തെരഞ്ഞെടുത്തത്.

ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനം പുനരുജ്ജീവിപ്പിക്കുന്ന നീർച്ചാലിന്റെ തുടർന്നുള്ള ഭാഗം അടുത്തുള്ള തദ്ദേശ ഭരണ സ്ഥാപനവും ഏറ്റെടുക്കേണ്ടതുണ്ട്. ഇത്തരത്തിൽ തുടർച്ച സാധ്യമാവുന്ന രീതിയാണ് അവലംബിച്ചത്.

ബഹു. തദ്ദേശ ഭരണ മന്ത്രിയും ജലവിഭവ മന്ത്രിയും സംയുക്തയോഗം വിളിച്ച് ഉദ്യോഗസ്ഥരെ കാമ്പയിനു സജ്ജരാക്കി. യന്ത്ര

സഹായത്തോടെ നീർച്ചാലുകൾ വൃത്തിയാക്കുന്നതിനായി പണം ഉപയോഗിക്കുന്നതിന് തദ്ദേശ ഭരണ വകുപ്പ് പ്രത്യേക അനുമതി നൽകുകയുണ്ടായി.

2019 ഡിസംബർ 14 മുതൽ 22 വരെയാണ് ഇതിന്റെ ഒന്നാംഘട്ടം ഉദ്ദേശിച്ചിരുന്നത്. എന്നാൽ മിക്ക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഒന്നിൽ കൂടുതൽ ചാലുകൾ ഏറ്റെടുക്കുകയും പദ്ധതി മുമ്പോട്ടു കൊണ്ടുപോകുകയും ചെയ്തു. പ്രമുഖ വ്യക്തികൾ എല്ലാ പ്രദേശത്തും ഇതിനു നേതൃത്വം നൽകി. മന്ത്രിമാർ, എം.എൽ.എ.മാർ തദ്ദേശ ഭരണ സ്ഥാപന അധ്യക്ഷൻമാരും അംഗങ്ങളും ജില്ലാ കളക്ടർമാർ തുടങ്ങിയവർ ഇതിൽ സജീവ പങ്കാളികളായി.

ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി തയ്യാറാക്കി നൽകിയിരുന്ന നീർത്തട മാപ്പുകൾ, നീർചാലുകൾ തിരഞ്ഞെടുക്കുന്നതിന് ഏറെ സഹായകരമായി. ഒന്നാംഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി നമ്മുടെ സംസ്ഥാനത്ത് 820 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ 914 നീർച്ചാലുകളിലെ 2034.60 കിലോമീറ്റർ നീളം നീർച്ചാലുകൾ ജനകീയമായി പുനരുജ്ജീവിപ്പിക്കാൻ കഴിഞ്ഞു. 160805 പേരുടെ സന്നദ്ധ സേവനം ഇതിനായി ലഭ്യമായി എന്നത് എടുത്തു പറയേണ്ട കാര്യമാണ്.

**ഇനി ഞാനൊഴുകട്ടെ കാമ്പയിന്റെ ഒന്നാം ഘട്ടത്തിന്റെ ഭാഗമായി പുനരുജ്ജീവിപ്പിച്ച നീർച്ചാലുകൾ**

| ക്രമനം | ജില്ല | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ | | | പുനരുജ്ജീവിപ്പിച്ച നീർച്ചാലുകൾ | | പങ്കാളിത്തം |
|---|---|---|---|---|---|---|---|
| | | ആകെ | പ്രവർത്തന മേറ്റെടുത്തവ | | | | |
| | | എണ്ണം | എണ്ണം | (%) | എണ്ണം | നീളം (കി.മീ.) | |
| 1 | തിരുവനന്തപുരം | 78 | 78 | 100.00 | 100 | 167.5 | 23783 |
| 2 | കൊല്ലം | 73 | 73 | 100.00 | 73 | 292.87 | 27827 |
| 3 | പത്തനംതിട്ട | 57 | 57 | 100.00 | 61 | 179.15 | 14959 |
| 4 | ആലപ്പുഴ | 78 | 40 | 51.28 | 45 | 47.23 | 4444 |
| 5 | കോട്ടയം | 77 | 71 | 92.21 | 92 | 186.25 | 8575 |
| 6 | ഇടുക്കി | 54 | 36 | 66.67 | 38 | 117.5 | 6039 |
| 7 | എറണാകുളം | 96 | 41 | 42.71 | 50 | 52.45 | 3309 |
| 8 | തൃശൂർ | 94 | 80 | 85.11 | 80 | 81.37 | 9846 |
| 9 | പാലക്കാട് | 95 | 85 | 89.47 | 99 | 291.27 | 18126 |
| 10 | മലപ്പുറം | 106 | 46 | 43.40 | 48 | 71.83 | 5100 |
| 11 | കോഴിക്കോട് | 78 | 75 | 96.15 | 89 | 199.64 | 23810 |
| 12 | വയനാട് | 26 | 26 | 100.00 | 27 | 54.15 | 3226 |
| 13 | കണ്ണൂർ | 81 | 80 | 98.77 | 79 | 208.63 | 6129 |
| 14 | കാസർഗോഡ് | 41 | 32 | 78.05 | 33 | 84.76 | 5632 |
| | **ആകെ** | **1034** | **820** | **79.30** | **914** | **2034.60** | **160805** |

## ഇനി ഞാനൊഴുകട്ടെ – രണ്ടാം ഘട്ടം

ഇനി ഞാനൊഴുകട്ടെ കാമ്പയിന്റെ രണ്ടാം ഘട്ടവും വിപുലമായി സംഘടിപ്പിക്കുവാൻ കഴിഞ്ഞു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പ്രധാനമായും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായിട്ടാണ് ഈ പ്രവർത്തനങ്ങൾ സംഘടിപ്പിക്കപ്പെടുന്നത്. ഇതുകൂടാതെ ജലസേചന വകുപ്പ്, മണ്ണ് സംരക്ഷണ-മണ്ണ് പര്യവേഷണ വകുപ്പ് മുതലായവയുടെ നേതൃത്വത്തിലും പ്രവർത്തനങ്ങൾ സംഘടിപ്പിക്കപ്പെട്ടിട്ടുണ്ട്. ഇനി ഞാനൊഴുകട്ടെ കാമ്പയിന്റെ ഭാഗമായിട്ടുള്ള പ്രവർത്തനങ്ങൾ ഇപ്പോഴും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടന്നു വരികയാണ്.




നീർച്ചാൽ പുനരുജ്ജീവനത്തിന് മുമ്പും ശേഷവും

ഇനി ഞാനൊഴുകട്ടെ കാമ്പയിന്റെ രണ്ടാം ഘട്ടത്തിന്റെ ഭാഗമായി നാളിതുവരെ 752 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 5256 കിലോമീറ്റർ നീളത്തിൽ 4438 നീർച്ചാലുകൾ പുനരുജ്ജീവിപ്പിക്കപ്പെട്ടിട്ടുണ്ട്. ഒന്നാം ഘട്ടത്തിൽ ഏറ്റെടുത്ത നീർച്ചാലുകളിൽ ഉൾപ്പെടെ കയർ ഭൂവസ്ത്രം കൊണ്ടുള്ള പാർശ്വ സംരക്ഷണ പ്രവർത്തനങ്ങളും ഇതിന്റെ ഭാഗമായി ഏറ്റെടുത്തിട്ടുണ്ട്.

**ഇനി ഞാനൊഴുകട്ടെ കാമ്പയിന്റെ രണ്ടാം ഘട്ടത്തിന്റെ ഭാഗമായി പുനരുജ്ജീവിപ്പിച്ച നീർച്ചാലുകൾ**

| ക്രമ നമ്പർ | ജില്ല | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ | | നീർച്ചാലുകൾ | |
|---|---|---|---|---|---|
| | | ആകെ | പ്രവർത്തനം നടന്നവ | എണ്ണം | നീളം (കി.മീ.) |
| 1 | തിരുവനന്തപുരം | 78 | 66 | 749 | 836.831 |
| 2 | കൊല്ലം | 73 | 73 | 73 | 201.400 |
| 3 | പത്തനംതിട്ട | 57 | 36 | 174 | 183.883 |
| 4 | ആലപ്പുഴ | 78 | 37 | 655 | 321.225 |
| 5 | കോട്ടയം | 77 | 41 | 177 | 231.600 |
| 6 | ഇടുക്കി | 54 | 43 | 346 | 478.870 |
| 7 | എറണാകുളം | 96 | 94 | 955 | 914.762 |
| 8 | തൃശൂർ | 94 | 65 | 73 | 97.853 |
| 9 | പാലക്കാട് | 95 | 35 | 59 | 96.551 |
| 10 | മലപ്പുറം | 106 | 72 | 72 | 666.590 |
| 11 | കോഴിക്കോട് | 78 | 74 | 456 | 455.665 |
| 12 | വയനാട് | 26 | 26 | 249 | 355.666 |
| 13 | കണ്ണൂർ | 81 | 57 | 180 | 232.766 |
| 14 | കാസർഗോഡ് | 41 | 33 | 220 | 182.433 |
| | **ആകെ** | **1034** | **752** | **4438** | **5256.095** |

# ജലഗുണനിലവാര നിർണ്ണയ ലാബുകൾ

നമ്മുടെ സംസ്ഥാനത്ത് ഭൂരിപക്ഷം ജനങ്ങളും കുടിവെള്ളത്തിനായി ഭൂജലത്തെയാണ് ആശ്രയിക്കുന്നത്. തുറന്ന കിണറുകളാണ് ഇതിന്റെ ഏറ്റവും പ്രധാന സ്രോതസ്സ്. കേരളത്തിൽ 65 ശതമാനം കുടുംബങ്ങളും ഇത്തരത്തിൽ കുടിവെള്ളത്തിനായി കിണറുകളെയാണ് ആശ്രയിക്കുന്നത്. എന്നാൽ ശുദ്ധജലം ലഭ്യമായിരുന്ന ഭൂജല സ്രോതസ്സ് അനുദിനം മലിനമായിക്കൊണ്ടിരിക്കുകയാണ്. കൂടാതെ ഭൂവിനിയോഗത്തിൽ വന്നമാറ്റം, അശാസ്ത്രീയമായ ഇടപെടലുകൾ മൂലം ഭൂപ്രകൃതിയിൽ വന്നമാറ്റം മുതലായവ ജലത്തിന്റെ ലഭ്യതയിലും ഗുണനിലവാരത്തിലും വലിയ തോതിൽ കുറവുണ്ടാക്കി.

മലിനജലത്തിന്റെ ഉപയോഗമാണ് ജലജന്യരോഗങ്ങളുടെ വ്യാപനത്തിന് മുഖ്യകാരണം. വിവിധ കാരണങ്ങൾകൊണ്ട് നമ്മുടെ കിണറുകൾ മലിനപ്പെടുന്നുണ്ട്. ഇവയിലെ ജലലഭ്യതയുറപ്പാക്കുന്ന സമീപ ജലസ്രോതസ്സുകളായ കുളങ്ങളും, നീർച്ചാലുകളും, പുഴകളുമൊക്കെ മലിനപ്പെടുന്നത് കിണർ വെള്ളം മലിനമാകാൻ കാരണമാകുന്നു. കൂടാതെ ഉയർന്ന ഭൂജല നിരപ്പ് ഉള്ള നമ്മുടെ സംസ്ഥാനത്ത് കുഴി കക്കൂസുകളുടെ സാമീപ്യം കിണർ ജലം മലിനമാകുന്നതിന് കാരണമാകുന്നുണ്ട്.

ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി നിരവധി പുഴകളും, നീർച്ചാലുകളും, കുളങ്ങളും മാലിന്യമുക്തമാക്കി പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുടേയും ഏജൻസികളുടേയും പ്രവർത്തനം ഏകോപിപ്പിച്ച് കൊണ്ടാണ് ഈ







പ്രവർത്തനങ്ങൾ സംഘടിപ്പിക്കപ്പെട്ടത്. ഭൂജലഗുണനിലവാരം വർദ്ധിക്കുന്നതിന് ഈ പ്രവർത്തനങ്ങൾ വലിയ തോതിൽ കാരണമായിട്ടുണ്ട്.

ജലജന്യ രോഗങ്ങളെക്കുറിച്ചും അതിനു കാരണമായേക്കാവുന്ന മലിനജലത്തെക്കുറിച്ചും ഏറെ ആശങ്കയുള്ളവരാണ് നമ്മൾ. ഈ ആശങ്കയകറ്റി ജനങ്ങൾക്ക് ശുദ്ധമായ കുടിവെള്ളത്തിന്റെ ലഭ്യത ഉറപ്പാക്കുക എന്നതും വളരെ പ്രധാനപ്പെട്ടതാണ്. നാം ഉപയോഗിക്കുന്ന കുടിവെള്ളം സുരക്ഷിതമാണ് എന്ന് ഉറപ്പിക്കുകയാണ് ഇതിൽ മുഖ്യമായും വേണ്ടത്. എന്നാൽ ഇത്തരത്തിൽ ഉപയോഗിക്കുന്ന കുടിവെള്ളം പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങൾ വളരെക്കുറവും, ഉള്ളവതന്നെ സംസ്ഥാന ജില്ലാ കേന്ദ്രങ്ങളിലുമാണ് ഉള്ളത്. ഭൂരിപക്ഷം ജനങ്ങൾക്കും അതുകൊണ്ട്തന്നെ ഈ ലാബുകൾ അപ്രാപ്യവുമാണ്. ഇവിടെയാണ് പ്രാദേശിക ജലഗുണനിലവാര നിർണയ ലാബുകളുടെ പ്രസക്തി. ഈ സാഹചര്യത്തിലാണ് ഹരിതകേരളം മിഷൻ സംസ്ഥാന യോഗത്തിൽ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഓരോ ഹയർസെക്കൻഡറി സ്കൂളുകളിൽ ഓരോ പ്രാഥമിക ജലഗുണനിലവാര നിർണയ ലാബുകൾ സ്ഥാപിക്കുന്നതിന് തീരുമാനമെടുത്തത്. അടിസ്ഥാന പരിശോധനകൾ മാത്രമാണ് ഇവിടെ നടത്തുക. ആദ്യഘട്ടത്തിൽ വിദ്യാർത്ഥികളും തുടർന്ന്

പൊതുജനങ്ങളും കൊണ്ടുവരുന്ന സാമ്പി ളുകളായിരിക്കും ഇവിടെ പരിശോധിക്കാൻ സൗകര്യമൊരുക്കുക. അതത് സ്കൂളുകളിലെ രസതന്ത്രാധ്യാപകരുടെയും വിദ്യാർത്ഥികളു ടേയും നേതൃത്വത്തിലായിരിക്കും ഇവ പ രിശോധനകൾ നടത്തുക. ഇവരെ പരിശോ ധനാ ഉപകരണങ്ങൾ പരിചയപ്പെടുത്തു ന്നതിനും പരിശോധനാ രീതികൾ പരിശീ ലിപ്പിക്കുന്നതിനുമായി ഒരു വീഡിയോ ട്യൂട്ടോറിയൽ തയ്യാറാക്കിയിട്ടുണ്ട്. അതോ ടൊപ്പം തന്നെ ലാബുകളുടെ പ്രവർത്തന ങ്ങൾക്ക് സഹായകരമായ രീതിയിൽ ഒരു പ്രവർത്തന മാന്വലും ജലഗുണനിലവാര നിർണയ ലാബുകളെ സംബന്ധിച്ച ഒരു കൈപ്പുസ്തകവും ഇതോടൊപ്പം തയ്യാറാ ക്കിയിട്ടുണ്ട്. പരിശോധനാ ഫലത്തോടൊപ്പം പ്രസ്തുത വെള്ളത്തിനുള്ള പ്രശ്നങ്ങൾ പരിഹരിച്ച് അത് എങ്ങനെ സുരക്ഷിത കുടി വെള്ളമായി ഉപയോഗിക്കാം, അതിനായി എന്തൊക്കെയാണ് ചെയ്യേണ്ടത് തുടങ്ങിയ വിവരങ്ങളും കൂടി ലഭ്യമാക്കും. അധിക വിശദ പരിശോധന ആവശ്യമുള്ള സാമ്പിളു കൾ കൂടുതൽ സംവിധാനങ്ങൾ ഉള്ള ജില്ലാ-സംസ്ഥാന ലാബുകളിലേക്ക് റഫർ ചെയ്യും.

ഈ ലാബുകൾ സ്ഥാപിക്കുന്നതിനുള്ള ധനസ്രോതസ്സായി പ്രധാനമായും ജനപ്രതി നിധികളുടെ പ്രാദേശിക വികസന ഫണ്ടാണ് ഉപയോഗിക്കുന്നത്. ഇതിനായി എം.എൽ. എ.മാരുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും ധനം വിനിയോഗിക്കുന്നതിന് അനു മതി നൽകിക്കൊണ്ട് സർക്കാർ ഉത്തരവ് പുറ പ്പെടുവിച്ചിട്ടുണ്ട് (സ.ഉ.(സാധാ.) നം.831/2020/ ധന. തീയതി 29.01.2020). ഇതുകൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം, ഈ രംഗത്ത് നടപ്പിലാക്കുന്ന മറ്റു പദ്ധതികളിൽ നിന്നുള്ള വിഹിതം എന്നിവ യും ഉപയോഗിക്കുന്നുണ്ട്. എം.എൽ.എ.മാ രുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപന വികസന ഫണ്ടിൽ നിന്നുമൊക്കെ ഫണ്ട് ലഭ്യമാക്കി ക്കൊണ്ട് സംസ്ഥാനത്താകെ ഇത്തരത്തിൽ 436 ലാബുകൾ തുടങ്ങുന്നതിന് ഇതിനകം തന്നെ തീരുമാനമെടുത്തിട്ടുണ്ട്. ശേഷിക്കു ന്നവ കൂടി ആരംഭിക്കാനുള്ള പ്രവർത്തനം പുരോഗമിക്കുന്നു.

ഇത്തരത്തിൽ നമ്മുടെ സംസ്ഥാനത്ത് ഗുണനിലവാരമുള്ള സുരക്ഷിത കുടിവെള്ളം ഉറപ്പാക്കുന്നതിന് ഈ ലാബുകൾ ഏറെ സഹായിക്കും. തങ്ങൾ ഉപയോഗിക്കുന്ന കുടിവെള്ളം സുരക്ഷിതമാണോ എന്ന ആശങ്ക ഒഴിവാക്കുകയെന്നത് ഏറെ പ്രധാന മാണ്. കുടിവെള്ള നിലവാരത്തിന്റെ കാര്യ ത്തിൽ ഗുരുതര പ്രശ്നങ്ങൾ നേരിടുന്ന പ്രദേശങ്ങൾ തിരിച്ചറിയുന്നതിനും അവയ്ക്ക് പ്രാദേശികമായി പരിഹാരങ്ങൾ കണ്ടെത്തു ന്നതിനും ഈ ലാബുകൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും ആരോഗ്യ പ്രവർ ത്തകർക്കും സഹായകരമാവും.

**ജല ഗുണനിലവാര നിർണ്ണയലാബ്**

| ക്രമ നം | ജില്ല | ഫണ്ട് സ്രോതസ്സ് | | | | തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ | |
|---|---|---|---|---|---|---|---|
| | | എം.എൽ.എ | | മറ്റ് സ്രോതസ്സുകൾ | | ആകെ | തീരുമാനിക്കപ്പെട്ടത് |
| | | സന്നദ്ധത അറിയിച്ചവർ | സ്കൂൾ എണ്ണം | സ്രോതസ്സ് | എണ്ണം | എണ്ണം | എണ്ണം |
| 1 | തിരുവനന്തപുരം | 5 | 26 | | | 78 | 26 |
| 2 | കൊല്ലം | 6 | 54 | ബ്ലോക്ക്, ഗ്രാമ പഞ്ചായത്ത് | 10 | 73 | 64 |
| 3 | പത്തനംതിട്ട | 4 | 4 | ജില്ലാ പഞ്ചായത്ത് | 53 | 57 | 57 |

| | | | | | | | |
|---|---|---|---|---|---|---|---|
| 4 | ആലപ്പുഴ | 1 | 3 | | | 78 | 3 |
| 5 | കോട്ടയം | 7 | 28 | | | 77 | 28 |
| 6 | ഇടുക്കി | 5 | 39 | | | 54 | 39 |
| 7 | എറണാകുളം | 3 | 16 | | | 96 | 16 |
| 8 | തൃശൂർ | 7 | 44 | | | 94 | 44 |
| 9 | പാലക്കാട് | 2 | 21 | | | 95 | 21 |
| 10 | മലപ്പുറം | 7 | 16 | | | 106 | 16 |
| 11 | കോഴിക്കോട് | 8 | 41 | | | 78 | 41 |
| 12 | വയനാട് | 3 | 26 | | | 26 | 26 |
| 13 | കണ്ണൂർ | 3 | 14 | | | 81 | 14 |
| 14 | കാസർഗോഡ് | | | കാസർഗോഡ് പാക്കേജ് | 41 | 41 | 41 |
| | **ആകെ** | **61** | **332** | | **104** | **1034** | **436** |

## ജലഗുണതാ പരിശോധനാ ലാബ് ഉദ്ഘാടനം

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ഹയർസെക്കണ്ടറി സ്കൂളുകളിൽ ആരംഭിക്കുന്ന ജലഗുണതാ പരിശോധനാ ലാബുകളുടെ സംസ്ഥാനതല ഉദ്ഘാടനം 2020 സെപ്റ്റംബർ 7ന് അഞ്ചരക്കണ്ടി ഹയർസെക്കണ്ടറി സ്കൂളിൽ ഓൺലൈനായി ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നിർവഹിച്ചു. വീടുകളിലെ കിണർജലം ശുദ്ധമാണെന്ന ധാരണയാണു പൊതുവായി ആളുകൾക്കുള്ളതെന്നും അത് ശുദ്ധമാണോയെന്നത് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടത് ആവശ്യമാണെന്നും മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.

ചടങ്ങിൽ ജലവിഭവ മന്ത്രി കെ. കൃഷ്ണൻകുട്ടി ജലപരിശോധന കൈപുസ്തകം പ്രകാശനം ചെയ്തു. വിദ്യാഭ്യാസ മന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് അധ്യക്ഷത വഹിച്ചു. ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ ഡോ. ടി.എൻ. സീമ, പൊതു വിദ്യാഭ്യാസ ഡയറക്ടർ കെ. ജീവൻബാബു, കെ.ഐ.ഐ.ഡി.സി. മാനേജിംഗ് ഡയറക്ടർ എൻ. പ്രശാന്ത് എന്നിവർ ചടങ്ങിൽ ഓൺലൈനായി പങ്കെടുത്തു.

### വിപുലമായ വിവരശേഖരണം

IIITMK യുടെ സഹകരണത്തോടെ ജലഗുണനിലവാര പരിശോധന റിസൾട്ടുകൾ ക്രോഡീകരിച്ച് ശേഖരിക്കുന്നതിനുമായി ഒരു സോഫ്റ്റ്വെയർ തയ്യാറാക്കിയിട്ടുണ്ട്. റിസൾട്ടുകൾ സംബന്ധിച്ച വിവരങ്ങൾ തദ്ദേശ സ്ഥാപനങ്ങൾക്കും ആരോഗ്യ പ്രവർത്തകർക്കും സമയാസമയം ലഭ്യമാക്കുന്നതിന് ഇത് സഹായിക്കും. മാത്രമല്ല ഒരു പ്രദേശത്തെ പരിശോധനാ ഫലങ്ങളുടെ വിശകലനത്തിനും അപഗ്രഥനത്തിനും ഇത് ഉപകാരപ്രദമാകും. തുടർ നടപടികൾ ഇതനുസരിച്ച് ആസൂത്രണം ചെയ്യുന്നതിനും ഈ വിവരശേഖരണ സംവിധാനം പ്രയോജനപ്പെടുത്താവുന്നതാണ്.

## ജല ബജറ്റിലൂടെ ജലസുരക്ഷാ പ്ലാനിലേയ്ക്ക്

ഭൂമുഖത്തെ ശുദ്ധജലത്തിന്റെ ലഭ്യത പരിമിതമാണ് എന്ന കാര്യം നമുക്കേവർക്കും അറിവുള്ളതാണല്ലോ. കേരളത്തിൽ നമുക്ക് ആവശ്യത്തിന് മഴ ലഭ്യമാകുന്നുണ്ടെങ്കിലും ഇതിന്റെ സ്ഥലകാല വ്യതിയാനം പലപ്പോഴും മഴക്കാലത്ത് വെള്ളപ്പൊക്കവും വേനൽക്കാലത്ത് വരൾച്ചയും സൃഷ്ടിക്കുന്ന അവസ്ഥയുണ്ട്. നമ്മുടെ ഭൂമിയിൽ പെയ്തു വീഴുന്ന ജലം പരമാവധി ഭൂജലമായും ഉപരിതല ജലസ്രോതസ്സുകളിലും ജലസംഭരണികളിലും സംരക്ഷിച്ച് നിർത്തുകയാണ് ഇത് പരിഹരിക്കുന്നതിനുള്ള ഒരു മാർഗ്ഗം. അതോടൊപ്പം

നമ്മുടെ ജലസ്രോതസ്സുകളിൽ ലഭ്യമായ ജലം മലിനമാകാതെ ഉപയോഗക്ഷമമായി നിലനിർത്തേണ്ടതുമുണ്ട്. ഇതിനായി ഹരിത കേരളം മിഷന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി നീർച്ചാലുകളുടെ ജനകീയ പുനരുജ്ജീവന പ്രവർത്തനങ്ങൾ സംസ്ഥാന വ്യാപകമായി ഏറ്റെടുക്കുവാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്.

ജലബജറ്റിനായി ഓരോ പ്രദേശത്തും ലഭ്യമായ ജലത്തിന്റെ അളവും വിവിധ ആവശ്യങ്ങൾക്ക് ആവശ്യമുള്ള ജലത്തിന്റെ അളവും കണക്കാക്കുകയാണ് ആദ്യം വേണ്ടത്. ലഭ്യമായ ജലത്തിന്റെ അളവ് ആവശ്യമുള്ളതിനേക്കാൾ കുറവാണെങ്കിൽ അതിനനുസരിച്ച് ജലത്തിന്റെ ലഭ്യത വർദ്ധിപ്പിക്കുന്നതിനും ഉപയോഗം ക്രമപ്പെടുത്തുന്നതിനുമുള്ള ഇടപെടലുകൾ ആവശ്യമാണ്. ഇത്തരത്തിൽ ശാസ്ത്രീയ അടിത്തറയോടുകൂടിയ ഒരു ജനകീയ പ്രവർത്തനമാണ് ജലബജറ്റിംഗ് പ്രവർത്തനത്തിലൂടെ നടത്താൻ ഹരിതകേരളം മിഷൻ ലക്ഷ്യമിടുന്നത്. ഓരോ പ്രദേശത്തും നമുക്ക് ആവശ്യമുള്ള ജലം ലഭ്യമാകുന്നത് പുഴകൾ, തോടുകൾ, കുളങ്ങൾ, കിണറുകൾ തുടങ്ങിയ ജലസ്രോതസ്സുകളിൽ നിന്നാണ്. പെയ്തുകിട്ടുന്ന ജലം എത്രമാത്രം കാര്യക്ഷമമായി നമുക്ക് ഇവയിൽ സംഭരിച്ചു നിർത്താൻ കഴിയും എന്നതിനെ ആശ്രയിച്ചാണ് ആ പ്രദേശത്തെ ജല ലഭ്യത ഉറപ്പാക്കാൻ കഴിയുക. കൃഷി, മൃഗസംരക്ഷണം, ഗാർഹികം, വ്യാവസായികം തുടങ്ങി വിവിധ ആവശ്യങ്ങൾക്ക് നമുക്ക് ജലം ആവശ്യമാണ്. നമുക്ക് ആവശ്യമുള്ള ജലത്തിന്റെ അളവ് കണക്കാക്കുമ്പോൾ ഈ ഓരോ മേഖലയിലും നമുക്ക് എന്തുമാത്രം ജലം നിലവിൽ ആവശ്യമുണ്ട് എന്നും ഭാവിയിൽ അവയിൽ വരാവുന്ന വ്യതിയാനം എന്തെന്നും, നീർച്ചാലുകളിലെ പാരിസ്ഥിതിക നീരൊഴുക്ക് ഉറപ്പാക്കുന്നതിന് വേണ്ട ജലത്തിന്റെ അളവ് എത്ര എന്നുമൊക്കെ പരിഗണിക്കേണ്ടതുണ്ട്. ഓരോ പ്രദേശത്തും നാണ്യവിളകൾക്ക് ഉൾപ്പെടെ കൃത്യമായ ജലസേചനം നൽകി ഉൽപ്പാദനം വർദ്ധിപ്പിക്കുകയും തരിശു നിലങ്ങളിൽ പുതുതായി കൃഷി ആരംഭിക്കുകയും ചെയ്യേണ്ടതാണ്. ഇതിനായും അധികമായി ജലം ആവശ്യമായിവരും നമുക്ക് മഴക്കാലത്ത് എല്ലാ ആവശ്യങ്ങൾക്കും വേണ്ടി വരുന്ന ജലത്തിന്റെ അളവിനേക്കാൾ ജലം ലഭ്യമാകയാൽ വേനൽക്കാല ആവശ്യങ്ങളും ജല ലഭ്യതയുമാണ് പ്രധാനമായും ഈ ജലബജറ്റ് തയ്യാറാക്കൽ പ്രക്രിയയിൽ പരിഗണിക്കുന്നത്. ഇത്തരത്തിൽ ജലബജറ്റ് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും തയ്യാറാക്കാനുള്ള നടപടികൾക്ക് ആണ് തുടക്കം കുറിക്കുന്നത്.

നമ്മുടെ സംസ്ഥാനത്ത് ഈ മേഖലയിൽ പ്രവർത്തിക്കുന്ന CWRDM പോലെയുള്ള സ്ഥാപനങ്ങൾ, എഞ്ചിനീയറിംഗ് കോളേജുകൾ, മറ്റു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഈ മേഖലയിൽ പ്രവൃത്തിയ്ക്കുന്ന സർക്കാരിതര സ്ഥാപനങ്ങൾ എന്നിവയുടെയൊക്കെ സാങ്കേതിക വൈദഗ്ധ്യം ഈ പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കണം.

മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന ഹരിതകേരളം മിഷൻ സംസ്ഥാന യോഗത്തിൽ ജലബജറ്റ് തയ്യാറാക്കുന്നത് സംബന്ധിച്ച് തീരുമാനമെടുത്തിരുന്നു. ഇത് പ്രകാരം എല്ലാ ജില്ലയിലേയും ഒരു ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് ഇത്തരത്തിൽ ആദ്യഘട്ടമായി ജലബജറ്റ് തയ്യാറാക്കുവാൻ തീരുമാനിച്ചു. ജലബജറ്റ് എങ്ങനെ തയ്യാറാക്കാം എന്നത് സംബന്ധിച്ച് ഒരു പ്രവർത്തന പരിപാടി തയ്യാറാക്കുന്നതിനുവേണ്ടി CWRDM നെ കൂടി ഉൾപ്പെടുത്തി ഒരു കമ്മിറ്റിക്ക് സർക്കാർ രൂപം കൊടുത്തിരുന്നു. പ്രസ്തുത കമ്മിറ്റി തയ്യാറാക്കി നൽകിയ മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. ഇതനുസരിച്ച് പരീക്ഷണാടിസ്ഥാനത്തിൽ വയനാട് കൽപ്പറ്റ ബ്ലോക്കിലെ മുട്ടിൽ പഞ്ചായത്തിൽ ജലബജറ്റ് തയ്യാറാക്കുന്ന പ്രവർത്തനം പുരോഗമിക്കുകയാണ്.

## ബണ്ഡാരകൾ

കഴിഞ്ഞ 150 വർഷത്തിലേറെയായി നമ്മുടെ സംസ്ഥാനത്ത് മഴയുടെ ലഭ്യതയിൽ ഗണ്യമായ മാറ്റം ഉണ്ടായിട്ടില്ലെങ്കിലും പുഴകളിലെ വേനൽക്കാല നീരൊഴുക്കിൽ ഗണ്യമായ കുറവ് ഉണ്ടായിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്ത് ഭൂവിനിയോഗത്തിൽ വന്നമാറ്റമാണ് ഇതിന്റെ പ്രധാന കാരണം. ഇത് മഴ പെയ്തുകിട്ടുന്ന ജലം ഭൂമിക്കടിയിലേയ്ക്ക് ഊർന്നിറങ്ങുന്നതിനെ തടസ്സപ്പെടുത്തി. പെയ്തുകിട്ടുന്ന ജലം പുഴകളിലൂടെ ഒഴുകി വേഗത്തിൽ കടലിലെത്തുന്നതിനും വേനൽക്കാലത്ത് പുഴകൾ വറ്റിവരളുന്നതിനും കാരണമായി. ഇതിന് പരിഹാരമായി വർഷകാലത്തെ പുഴകളിലെ

ഒഴുക്ക് തടസ്സപ്പെടുത്താതെ തന്നെ വേനൽക്കാലത്ത് പുഴകൾക്കുള്ളിൽ ജലംസംഭരിച്ചു നിർത്തുന്നതിനുള്ള സംഭരണികൾ നിർമ്മിക്കേണ്ടതുണ്ട്. ഇതിന് ഏറ്റവും അനുയോജ്യമായ നിർമ്മിതിയാണ് ഗോവൻ മാതൃകയിലുള്ള ബന്ധാരകൾ, ബന്ധാരകളിൽ വേനൽക്കാലത്ത് ജലംസംഭരിച്ചു നിർത്താനും മഴക്കാലത്തിന് തൊട്ടുമുമ്പ് ഷട്ടറുകൾ എടുത്തുമാറ്റി പുഴകളിലെ മഴക്കാല നീരൊഴുക്ക് തടസ്സമില്ലാതെ ഉറപ്പാക്കാനും കഴിയും. അതോടൊപ്പം തന്നെ വേനൽക്കാലത്ത് നീരൊഴുക്ക് കുറയുന്ന അവസരത്തിൽ ഏതാനും ഷട്ടറുകൾ മാറ്റി നീരൊഴുക്ക് കൂട്ടാനും കഴിയും. ഇത്തരത്തിൽ സംഭരണികളിൽ ജലംസംഭരിച്ചു നിർത്തുന്നത് ആ പ്രദേശത്തെ ഭൂജല പരിപോഷണത്തിനും അതുവഴി ഭൂജലനിരപ്പ് ഉയരുന്നതിനും കാരണമാകും. അതുകൊണ്ട്തന്നെ സംസ്ഥാനത്തെ വേനൽക്കാല ജലലഭ്യതയിലെ കുറവ് പരിഹരിക്കുന്നതിനും ഭൂജല റീചാർജ്ജിംഗിനും ഇത്തരം ഉപരിതല ജലസംഭരണികളും ആവശ്യമാണ്. ഹരിതകേരളം മിഷന്റെ ടാസ്ക്ഫോഴ്സ് തീരുമാനപ്രകാരം രൂപീകരിച്ച സാങ്കേതികസമിതി, വേനൽക്കാലത്ത് ജലസംഭരണം സാധ്യമാക്കുന്നതിന്, മഴക്കാലത്ത് പുഴയിലെ ഒഴുക്കിനെ തടസ്സപ്പെടുത്താത്ത ബന്ധാര മാതൃകയിലുള്ള നിർമ്മിതികൾ ശുപാർശ ചെയ്യുകയുണ്ടായി. ഇത് പ്രകാരം സംസ്ഥാനത്ത് ഏറ്റവും ജലക്ഷാമം അനുഭവിക്കുന്ന നാല് ജില്ലകളിൽ ബന്ധാരമാതൃകയിലുള്ള വേനൽക്കാല ജലസംഭരണികൾ നിർമ്മിക്കുന്നതിന് കിഫ്ബിവഴി പണം കണ്ടെത്തുന്നതിന് സർക്കാർ അനുമതി നൽകി. ഇതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

**ബന്ധാരകളുടെ നിർമ്മാണം**

| പുഴ | എണ്ണം |
|---|---|
| ഭവാനി | 13 |
| തൂത | 6 |
| ചന്ദ്രഗിരി | 9 |
| അച്ചൻകോവിൽ | 6 |
| **ആകെ** | **34** |

## മാപ്പത്തോൺ പ്രവർത്തനം

കേരളത്തിന്റെ ഭൂപ്രകൃതിയും വ്യത്യസ്ത ഭൂപ്രദേശങ്ങളിലെ മണ്ണിന്റെ പ്രത്യേകതകളും പരിഗണിച്ചാൽ വെള്ളപ്പൊക്കവും മണ്ണിടിച്ചിലും നിയന്ത്രിക്കുന്നതിന് നീർച്ചാലുകളുടെ ശൃംഖല വലിയ പങ്കാണ് വഹിക്കുന്നത്. നമ്മുടെ നദികളും അതിന്റെ കൈവഴികളായ നീർച്ചാലുകളും ഉൾപ്പെട്ടതാണ് ഈ ശൃംഖല. പ്രാദേശിക തലത്തിൽ വെള്ളപ്പൊക്കം മൂലമുള്ള നാശനഷ്ടങ്ങൾ കുറയ്ക്കുന്നതിന് നീർച്ചാലുകളും പ്രാദേശിക ജലസംഭരണികളും പുനരുജ്ജീവിപ്പിക്കേണ്ടതുണ്ട്. ഇതോടൊപ്പം വേനൽക്കാലത്ത് ജലക്ഷാമം പരിഹരിക്കുന്നതിനും ജലജന്യ രോഗങ്ങൾ നിയന്ത്രിക്കുന്നതിനും ഇത്തരം പ്രാദേശിക സ്രോതസ്സുകളുടെ പുനരുജ്ജീവനം സഹായിക്കും. ഹരിതകേരളം മിഷൻ ജലസുരക്ഷാ പ്ലാനിന്റെ ഭാഗമായി സംസ്ഥാനത്തെ നദികളും നീർച്ചാലുകളും പുനരുജ്ജീവിപ്പിക്കുന്നതിനായി 'എല്ലാവരും ജലാശയങ്ങളിലേക്ക്' എന്ന കാമ്പയിൻ 2018 ലും തുടർന്ന് 'ഇനി ഞാനൊഴുകട്ടെ' എന്ന കാമ്പയിൻ 2019 ലും തദ്ദേശ ഭരണ സ്ഥാപനതലത്തിൽ സംഘടിപ്പിച്ചു. വലിയ ജനപങ്കാളിത്തത്തോടെ സംഘടിപ്പിക്കപ്പെട്ട ഈ കാമ്പയിനുകളിലൂടെ 7291 കി.മീ. നീർച്ചാലുകളുടെ പുനരുജ്ജീവനം സാധ്യമായി.

സംസ്ഥാനത്തുണ്ടായ തുടർച്ചയായ പ്രളയങ്ങൾ കൃത്യതയുള്ള മാപ്പിംഗിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നതായിരുന്നു. ഇതിനെ തുടർന്നാണ് സംസ്ഥാന ഐ.ടി. മിഷൻ രൂപം കൊടുത്ത ജനകീയ മാപ്പിംഗ് പദ്ധതി മാപ്പത്തോൺ ആരംഭിച്ചത്. ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനാണ് പദ്ധതി ഉദ്ഘാടനം ചെയ്തത്. ഒരു പ്രദേശത്തു താമസിക്കുന്ന ജനങ്ങൾക്ക് അവിടെയുള്ള ചെറിയ സവിശേഷതകൾപോലും ഭൂപടത്തിലൂടെ കൃത്യമായി അറിയാനാകും എന്നതാണ് ഇതിന്റെ പ്രത്യേകത. ഓരോ പ്രദേശത്തിന്റെയും പ്രത്യേകതകൾ മനസ്സിലാക്കി വിഭവ ഭൂപടം ഏറ്റവും സ്പഷ്ടതയുള്ള ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ തയ്യാറാക്കുന്ന പദ്ധതിയാണ് മാപ്പത്തോൺ.

ഹരിതകേരളം മിഷന്റെ ലക്ഷ്യമായ മികച്ച സാങ്കേതിക വിദ്യ പ്രാദേശിക തല ആസൂത്രണത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുക എന്നത് പ്രാവർത്തിക

മാക്കുന്നതിനാണ് മാപ്പത്തോൺ ഉപയോഗിച്ച് നീർച്ചാലുകളുടെ മാപ്പിംഗ് നടത്തിയത്.

നീർച്ചാലുകളുടെ മാപ്പുകൾ നിർമ്മിക്കുന്ന പ്രവർത്തനം ഹരിതകേരളം മിഷനിലെ റിസോഴ്സ് പേഴ്സൺമാരും, യംഗ് പ്രൊഫഷണലുകളുമാണ് നിർവഹിക്കുന്നത്. കേരള സ്റ്റേറ്റ് ഐ.ടി. മിഷന്റെയും ഹരിതകേരളം മിഷന്റെയും സംയുക്താഭിമുഖ്യത്തിലാണ് ഈ പ്രവർത്തനം സംഘടിപ്പിക്കുന്നത്. ഉപഗ്രഹ ചിത്രങ്ങൾ ഉപയോഗിച്ച് കേരളത്തിലെ എല്ലാ ശ്രേണിയിലുംപെട്ട നീർച്ചാലുകളുടെ വ്യത്യസ്തവും കൃത്യതയുമുള്ള മാപ്പുകൾ നിർമ്മിക്കുന്ന പ്രവർത്തനമാണ് നടന്നുവരുന്നത്. ലഭ്യമായ ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ ഓപ്പൺ സ്ട്രീറ്റ് മാപ്പ് സങ്കേതം പ്രയോജനപ്പെടുത്തി നീർച്ചാലുകൾ അടയാളപ്പെടുത്തുകയാണ് ചെയ്യുന്നത്. ഈ പ്രവർത്തനം ചെയ്യുന്നതിന് സഹായകരമായ രീതിയിൽ ഒരു റഫ് സ്കെച്ച് കൂടി ഐ.ടി. മിഷൻ തയ്യാറാക്കി നൽകിയിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾ നടത്തുന്നതിന് മുന്നോടിയായി ഇതിൽ പങ്കെടുക്കുന്നവർക്ക് വേണ്ട പരിശീലനം ഐ.ടി.മിഷന്റെ സഹായത്തോടെ ഓൺലൈനായി സംഘടിപ്പിച്ചു. വീഡിയോ കോൺഫറൻസിംഗും വീഡിയോ ലക്ച്ചറിംഗും ഇതിനായി ഉപയോഗിച്ചു. ഓൺലൈനായി സംശയ നിവൃത്തി വരുത്തുന്നതിനുള്ള പ്രവർത്തനങ്ങളും നടത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരുടെ ഒരു വാട്ട്സ്ആപ്പ് ഗ്രൂപ്പ് രൂപീകരിച്ചും സംശയ നിവാരണവും മോണിട്ടറിംഗും നടത്തി വരുന്നു. ഐ.ടി. മിഷനിലെ സാങ്കേതിക വിദഗ്ധർ മുഴുവൻ സമയവും സംശയനിവൃത്തി നൽകുന്നതിന് സന്നദ്ധരായുണ്ട്. ഈ പ്രവർത്തനങ്ങൾ പരിശോധിച്ച് ഉണ്ടായിരുന്ന പിശകുകൾ കണ്ടെത്തി അവ എങ്ങനെ തിരുത്താം എന്ന് വിശദീകരിക്കുന്ന രണ്ട് വീഡിയോകളും തയ്യാറാക്കി നൽകി. നീർച്ചാലുകളുടെ മാപ്പിംഗ് പ്രവർത്തനത്തോടൊപ്പം കുളങ്ങളുടേയും ക്വാറികളുടേയും മാപ്പിംഗും നീർച്ചാലുകളിൽ നിലവിലുള്ള നിർമ്മിതികൾ അടയാളപ്പെടുത്തുന്ന പ്രവർത്തനവും ഈ പദ്ധതിയുടെ ഭാഗമായി ചെയ്യുന്നുണ്ട്. ഹരിതകേരളം മിഷൻ നീർച്ചാലുകളുടെ പുനരുജ്ജീവനത്തിനായി രൂപം കൊടുത്ത് ആരംഭിച്ചിട്ടുള്ള 'ഇനി ഞാനൊഴുകട്ടെ' എന്ന പ്രവർത്തനം ശാസ്ത്രീയമായി ആസൂത്രണം ചെയ്യുന്നതിനും സ്ഥായിയായി നിലനിൽക്കത്തക്ക വിധത്തിൽ ശൃംഖലകൾ പൂർണ്ണമായും പുനരുജ്ജീവിപ്പിക്കുന്നതിനും ഈ ഭൂപടങ്ങൾ സഹായിക്കും. കൂടാതെ ഉപേക്ഷിക്കപ്പെട്ട ക്വാറികളിൽ നിന്നും ജലസേചന കനാലുകളിൽ നിന്നും കുളങ്ങളും കിണറുകളും റീചാർജ്ജ് ചെയ്യൽ, കുളങ്ങളുടെ പുനരുജ്ജീവനം മുതലായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും ഈ മാപ്പ് സഹായിക്കും.

**ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി മാപ്പത്തോണിൽ അടയാളപ്പെടുത്തിയ നീർച്ചാലുകളുടെ വിവരം**

| നം. | ജില്ല | നീളം (കിലോമീറ്റർ) |
|---|---|---|
| 1 | തിരുവനന്തപുരം | 862.512 |
| 2 | കൊല്ലം | 2108.698 |
| 3 | പത്തനംതിട്ട | 1197.908 |
| 4 | ആലപ്പുഴ | 1061.157 |
| 5 | കോട്ടയം | 1639.181 |
| 6 | ഇടുക്കി | 5142.056 |
| 7 | എറണാകുളം | 2306.919 |
| 8 | തൃശൂർ | 2058.416 |
| 9 | പാലക്കാട് | 1960.028 |
| 10 | മലപ്പുറം | 1638.356 |
| 11 | കോഴിക്കോട് | 1643.285 |
| 12 | വയനാട് | 1107.346 |
| 13 | കണ്ണൂർ | 2061.025 |
| 14 | കാസർഗോഡ് | 1161.918 |
| 15 | മാഹി | 0.848 |
| | **ആകെ** | **25949.653** |

## ജലസ്രോതസ്സുകളിലെ ജലലഭ്യതാ നിർണ്ണയം

ഹരിതകേരളം മിഷൻ മുന്നോട്ട് വയ്ക്കുന്ന പ്രവർത്തനങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് ജലസ്രോതസ്സുകളുടെ പുനരുജ്ജീവനം. നഗരവൽക്കരണത്തിന്റെ ഭാഗമായി ഉണ്ടാകുന്ന നിർമ്മിതികളുടെ ബാഹുല്യം വീണ്ടുവിചാരമില്ലാതെ മാലിന്യങ്ങൾ വലിച്ചെറിയുന്നതും, ഒഴുക്കി വിടുന്നതും നമ്മുടെ ജലസ്രോതസ്സുകൾ ഭീതിജനകമായ രീതിയിൽ മലിനപ്പെടുന്നതിന് കാരണമായി. നമ്മുടെ സംസ്ഥാനത്തെ കൃഷിയുമായി ബന്ധപ്പെട്ട

ജല ആവശ്യങ്ങൾക്ക് കുളങ്ങളെയാണ് വലിയ തോതിൽ ആശ്രയിക്കുന്നത്. മഴയുടെ ലഭ്യതയിൽ കുറവ് ഒന്നും വന്നിട്ടില്ലെങ്കിലും നമ്മുടെ കുളങ്ങളിൽ ഏറിയ പങ്കും മലിനപ്പെടുകയും മണ്ണടിഞ്ഞ് ജലവാഹക ശേഷി കുറയുകയും ചെയ്തിട്ടുണ്ട്. ഇത് പെയ്ത് കിട്ടുന്ന ജലം ഫലപ്രദമായി ഇവയിൽ ശേഖരിക്കുന്നതിന് തടസ്സമാകുന്നു. ഹരിത കേരളം മിഷന്റെ ഭാഗമായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുടേയും ഏജൻസികളുടേയും സഹായത്തോടെ നിരവധി ജല സ്രോതസ്സുകൾ മാലിന്യ മുക്തമാക്കി പുനരുജ്ജീവിപ്പിക്കുവാനും ശുദ്ധജല സംഭരണം ഉറപ്പാക്കുവാനും സാധിച്ചിട്ടുണ്ട്. ശേഷിക്കുന്നവ കൂടി പൂർണ്ണമായും പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് രൂപം നൽകേണ്ടതായുമുണ്ട്. ജലസ്രോതസ്സുകളിലെ ജലനിരപ്പ് വർദ്ധിക്കുന്നത് ആ പ്രദേശത്തെ ഭൂജല നിരപ്പ് വർദ്ധിക്കുന്നതിന് കാരണമാകും. അതുപോലെ തന്നെ ജല സ്രോതസ്സുകളിലെ ജലഗുണനിലവാര വർദ്ധനവ് ഭൂജല ഗുണനിലവാരം വർദ്ധിപ്പിക്കും.

കേരളത്തിലെ കാലാവസ്ഥയിലുണ്ടാകുന്ന സമകാലിക വർദ്ധിത വ്യതിയാനം ജലസംരക്ഷണത്തിന്റേയും ജലത്തിന്റെ വിവേകപൂർണ്ണമായ വിനിയോഗത്തിന്റേയും പ്രാധാന്യം വർദ്ധിപ്പിക്കുന്നു. ഇത് സാധ്യമാകണമെങ്കിൽ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റേയും പരിധിക്കുള്ളിൽ വരുന്ന ജല സ്രോതസ്സുകളിലെ ഓരോ സമയത്തേയും ജലലഭ്യത എത്രയെന്ന് കണക്കാക്കുകയും അത്തരത്തിൽ ലഭ്യമായ ജലം കൃത്യമായ ആസൂത്രണത്തിലൂടെ ഫലപ്രദമായും ശാസ്ത്രീയമായും വിനിയോഗിക്കുകയും ചെയ്യേണ്ടതുണ്ട്. ലഭ്യമായ ജലത്തിന്റെ അളവിനനുസരിച്ച് കൃഷി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതും അത്യാവശ്യമാണ്.

ഇതിന് സഹായകമായ രീതിയിൽ എല്ലാ ജലസ്രോതസ്സുകളിലും ജലലഭ്യതാ നിർണ്ണയ സ്കെയിലുകൾ സ്ഥാപിക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന ഹരിതകേരളം മിഷൻ സംസ്ഥാന യോഗത്തിൽ തീരുമാനമെടുത്തിരുന്നു. തുടർന്നു നടന്ന ജല സംരക്ഷണ ഉപമിഷൻ കർമ്മ സമിതി യോഗത്തിൽ ഇതിനു വേണ്ട തുടർ തീരുമാനങ്ങളെടുത്ത് പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഒരു ജില്ലയിലെ ഒരു ബ്ലോക്ക് പ്രദേശത്തെ മുഴുവൻ വലിയ കുളങ്ങളിലും ഇത്തരത്തിൽ സ്കെയിലുകൾ സ്ഥാപിക്കുന്നതിനായിട്ടാണ് തീരുമാനമെടുത്തിട്ടുള്ളത്. ഇത് പ്രകാരം തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട അസംബ്ലി നിയോജക മണ്ഡലത്തിലെ (നേമം ബ്ലോക്ക് പഞ്ചായത്ത്) 100 കുളങ്ങളിൽ ഇതിനകം സ്കെയിലുകൾ സ്ഥാപിച്ചുകഴിഞ്ഞു.

## വറ്റാത്ത ഉറവയ്ക്കായി ജലസമൃദ്ധി

ഹരിതകേരളമെന്ന അനിവാര്യതയുടെ അരികുചേർന്നുള്ള നടത്തമായിരുന്നു ജല സമൃദ്ധി. കാട്ടാക്കട മണ്ഡലത്തിലെ 6 പഞ്ചായത്തുകളിലെ 122 വാർഡുകളിലായി നടപ്പാക്കി വരുന്ന ജലസമൃദ്ധി പദ്ധതി മാതൃക കൊണ്ടൊരു സന്ദേശമാണ്. 2016-ൽ ബഹു. എം.എൽ.എ. ശ്രീ. ഐ.ബി. സതീഷിന്റെ നേതൃത്വത്തിൽ കാട്ടാക്കട മണ്ഡലത്തിലെ ജനപ്രതിനിധികൾ യോഗം ചേർന്ന് ഈ പരിപാടിയെക്കുറിച്ച് ആദ്യ ആലോചന നടത്തി. തുടർന്ന് പല തലത്തിൽ ആലോചനകൾ, സംവാദങ്ങൾ, പഠനങ്ങൾ, ഗവേഷണ തുല്യമായ നിരീക്ഷണങ്ങൾ, നീർത്തട പഠന യാത്രകൾ എന്നിവയിലൂടെ രൂപം നൽകി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടന്നുവരുന്ന പദ്ധതിയാണ് വറ്റാത്ത ഉറവയ്ക്കായ് ജലസമൃദ്ധി. ഇതിന്റെ ഭാഗമായി കുളങ്ങളുടെ സംരക്ഷണം, നീർച്ചാലുകളുടെ വീണ്ടെടുപ്പ്, ജനകീയ ശുചീകരണ പരിപാടികൾ, പൊതുസ്ഥാപനങ്ങളിലെ കിണർ റീചാർജിംഗ്, പാറക്വാറിയിലെ ജലം ഉപയോഗിച്ചുള്ള റീചാർജിംഗ്, കുളം നിർമ്മാണം മുതലായ നിരവധി പ്രവർത്തനങ്ങൾ മുൻ വർഷങ്ങളിൽ വിജയകരമായി നടപ്പിലാക്കിയിരുന്നു.

## കുളങ്ങളിലെ മത്സ്യകൃഷി

കാട്ടാക്കട ജലസമൃദ്ധി പദ്ധതിയുടെ ഭാഗമായി നിരവധി കുളങ്ങൾ നവീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ നവീകരിച്ച കുളങ്ങൾ അതേപടി നിലനിർത്തുന്നതിന് അവയ്ക്ക് ഒരു തുടരുപയോഗം ഉറപ്പുവരുത്തേണ്ടതുണ്ട്. മറ്റു പയോഗങ്ങൾക്കൊപ്പം മത്സ്യകൃഷിക്കായും നമുക്ക് ഇവയെ ഉപയോഗിക്കാൻ കഴിയും.

ഇത്തരത്തിൽ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി ഫിഷറീസ് വകുപ്പിന്റെ സഹായത്തോടെ നിയോജകമണ്ഡലത്തിലെ കുളങ്ങളിൽ മത്സ്യകൃഷി ചെയ്തു വരുന്നു. തുടക്കത്തിൽ മണ്ഡലത്തിലെ 6 കുളങ്ങളിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കി വിജയം കൈവരിച്ച ഉൾനാടൻ മത്സ്യകൃഷി 42 കുളങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുവാൻ സാധിച്ചു. 2018-19 വർഷത്തിൽ 6 കുളങ്ങളിൽ നിന്നും 5390 കിലോ മത്സ്യം വിളവെടുത്തു. ഇതിന്റെ വിൽപനയിലൂടെ 10,78,000 രൂപ ലഭിച്ചു. ഭൂഗർഭ ജലവിതാനം നിലനിർത്തുവാനും കുളങ്ങളുടെ സംരക്ഷണത്തിനും മത്സ്യകൃഷി ഫലപ്രദമാണ്. ഓരോ കുളത്തിന് സമീപത്തും താമസിക്കുന്ന അഞ്ച് മുതൽ 10 വരെ അംഗങ്ങൾ ചേർന്ന് രൂപീകരിച്ച സ്വയംസഹായ സംഘങ്ങളാണ് മത്സ്യകൃഷി നടത്തുന്നത്. പഞ്ചായത്ത് കുളങ്ങൾ പാട്ടത്തിന് നൽകി പഞ്ചായത്ത് പദ്ധതിയ്ക്ക് പിന്തുണ ലഭ്യമാക്കുന്നു.

## കുളങ്ങളിലെ ജലലഭ്യത നിർണ്ണയ സ്കെയിലുകൾ

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ മണ്ഡലത്തിലെ പ്രധാനപ്പെട്ട 100 കുളങ്ങളിലെ ജലലഭ്യത അതത് സമയങ്ങളിൽ അറിയുന്നതിന് സഹായിക്കുന്നതരത്തിൽ ജലലഭ്യത നിർണ്ണയ സ്കെയിലുകളും ബോർഡുകളും സ്ഥാപിച്ചു. അതത് പ്രദേശത്തെ കുട്ടികളുടെ സഹകരണത്തോടെ ഇവയുടെ ജലനിരപ്പ് സ്ഥിരമായി നിരീക്ഷിച്ച് രേഖപ്പെടുത്തുന്ന പ്രവർത്തനം നടന്നുവരുന്നു.



മഴക്കാലത്ത് റോഡിലെ ഓടയിലൂടെ പാഴാകുന്ന ജലം കെട്ടി നിർത്തി ഭൂമിയിലേക്ക് ഇറക്കി ജലസമൃദ്ധമാക്കുന്ന പുതിയ മാതൃകയ്ക്കാണ് മാറനെല്ലൂർ പഞ്ചായത്ത് കരിങ്ങൽ വാർഡിലെ പൂവൻവിളയിൽ തുടക്കമായത്. കരിങ്ങൽ വാർഡിലെ പൂവൻവിളയിൽ റോഡിൽ വെള്ളക്കെട്ട് ഉണ്ടാകുന്ന സ്ഥലത്ത് റോഡിന്റെ ഓരത്തു മൂന്ന് മീറ്റർ നീളവും 1.5 മീറ്റർ വീതിയും ആഴവുമുള്ള കുഴിയെടുത്ത് വശങ്ങൾ ബലപ്പെടുത്തി, ജലം സംരക്ഷിക്കുകയാണ്. ഓടയിലൂടെ ഒഴുകി പാഴാകേണ്ട 6000 ലിറ്റർ ജലം ഇങ്ങനെ ഇവിടെ സംഭരിക്കാം. മരാമത്ത് വകുപ്പ് കൂടി ഈ ആശയത്തോട് യോജിച്ചപ്പോൾ പദ്ധതി യാഥാർത്ഥ്യമായി. ജലം സംരക്ഷിക്കുന്ന കുഴി സ്ലാബിട്ട് മൂടുകയും ചെയ്തു.

മണ്ഡലത്തിലെ ഉയർന്നതും കുടിവെള്ളം ലഭ്യമാക്കുവാൻ മറ്റ് സംവിധാനങ്ങൾ ഇല്ലാത്തതുമായ പ്രദേശങ്ങളിൽ ഭൂജല വകുപ്പിന്റെ സഹായത്തോടെ ചെറുകിട കുടിവെള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇത്തരം 7 പദ്ധതികൾക്ക് 2018-19 ൽ ആരംഭിച്ചു.

വറ്റാത്ത ഉറവയ്ക്കായി ജലസമൃദ്ധി പദ്ധതിയുടെ ഒരു പ്രധാന നാഴികകല്ലാണ് നിയോജകമണ്ഡലത്തിലെ സർക്കാർ/എയ്ഡഡ് സ്കൂളുകളെ ഹരിത വിദ്യാലയമായി രൂപാന്തരപ്പെടുത്തുകയെന്നത്. ഹരിതകേരളം മിഷൻ വിഭാവനം ചെയ്യുന്ന 'വൃത്തി-വെള്ളം-വിളവ്' എന്നീ ആശയങ്ങളെ അടിസ്ഥാനമാക്കി സംസ്ഥാനത്ത് ആദ്യമായിട്ടാണ് ഒരു നിയോജക മണ്ഡലത്തിലെ എല്ലാ സ്കൂളുകളും ഹരിത വിദ്യാലയങ്ങളാകുന്നത്. ഹരിത വിദ്യാലയം എന്ന സങ്കൽപ്പം ഹരിത കേരളം മിഷൻ, കൃഷിവകുപ്പ്, ശുചിത്വ മിഷൻ, സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവരുടെ സഹായത്തോടെയാണ് യാഥാർത്ഥ്യമാക്കുന്നത്. ഇതിനായി സാങ്കേതിക മേൽനോട്ടം വഹിക്കുന്നത് ഹരിതകേരളം മിഷനും പദ്ധതി ഏകോപിപ്പിക്കുന്നത് സംസ്ഥാന ഭൂവിനിയോഗ ബോർഡുമാണ്.

ആമച്ചൽ ഏലായിൽ നെൽകൃഷി പുനരാരംഭിക്കണമെന്ന നാട്ടുകാരുടെയും കർഷകരുടെയും ആഗ്രഹത്തിന്റെ അടിസ്ഥാനത്തിൽ 20 ഹെക്ടർ വരുന്ന ആമച്ചൽ ഏലായിൽ നെൽ കൃഷിക്കായി ജലം എത്തിക്കാ



നുള്ള വഴികളെ പറ്റിയുള്ള പഠനങ്ങൾ നടത്തി. ഇതിന്റെ ഭാഗമായി ജലസേചന വകുപ്പിന്റെ സഹായത്തോടെ ലിഫ്റ്റ് ഇറിഗേഷൻ സാങ്കേതികത്വം ഉപയോഗപ്പെടുത്തി നെയ്യാറിൽ നിന്നും ജലം ആമച്ചൽ പായിത്തല കുളത്തിൽ എത്തിച്ച് ജലസേചനം ഒരുക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കി, 93 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമാക്കി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ പള്ളിച്ചൽ പഞ്ചായത്തിലെ കണ്ണംകോട് വാർഡിൽ പറമ്പിൽകോണം കുളം കേന്ദ്രമായി മൂന്നര ഏക്കർ വരുന്ന സ്ഥലത്ത് സംയോജിത കൃഷിയുടെ തുടക്കമിട്ടു.

വറ്റാത്ത ഉറവയ്ക്കായി ജലസമൃദ്ധി പദ്ധതിയുടെ ഭാഗമായി ഹരിതകേരളം മിഷനുമായി സഹകരിച്ച് ട്രിനിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗിന്റെ നേതൃത്വത്തിൽ കടുവാക്കുഴി - അന്തിയൂർക്കോണം തോടിൽ ശാസ്ത്രീയ പഠനം നടത്തി. ഓരോ 50 മീറ്റർ ഇടവേളകളിലും തോടിന്റെ വിവിധ അളവുകൾ രേഖപ്പെടുത്തിയാണ് പഠനം പൂർത്തിയാക്കിയത്. റിപ്പോർട്ടിലെ ശുപാർശകളുടെ അടിസ്ഥാനത്തിൽ വിവിധ പ്രവർത്തനങ്ങൾ നടത്തി തോടിന്റെ ജലസംഭരണശേഷി വർദ്ധിപ്പിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചു.

ക്രിസ്തുമസ് വേനൽ അവധിക്കാല എൻ.എസ്.എസ് ക്യാമ്പ് മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ കാർഷിക-ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കി. എൻ.എസ്.എസ്. വോളന്റിയേഴ്സ്, ക്യാമ്പിനു ചുറ്റുമുള്ള പ്രദേശങ്ങളിൽ വീട്ടുകാരോടൊപ്പം സഹകരിച്ച് വൃക്ഷ തൈകൾ നട്ടും, വൃക്ഷങ്ങൾക്ക് തടമെടുത്തും, മഴക്കുഴികൾ നിർമ്മിച്ചും ജല കാർഷിക സംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുത്തു. കൈതോടുകൾ നവീകരിച്ചതിനോടൊപ്പം തോടിൽ ജലം തടഞ്ഞു നിർത്തുവാൻ കഴിയുന്ന ചെറിയ തടയണകൾ നിർമ്മിക്കുകയും ജലസ്രോതസ്സിന്റെ വൃഷ്ടി പ്രദേശങ്ങളിൽ ജലം സംഭരിക്കുവാൻ കഴിയുന്ന സംവിധാനങ്ങൾ നടപ്പിലാക്കുകയും ചെയ്തു. ഒറ്റതവണ പ്രവൃത്തിയായി അവസാനിപ്പിക്കാതെ വിദ്യാർത്ഥികൾ തന്നെ ഇതിന്റെ തുടർപ്രവർത്തനം ഏറ്റെടുത്ത് നടത്തി വരുന്നു.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിച്ച് നിയോജകമണ്ഡലത്തിലെ 30 കേന്ദ്രങ്ങളിൽ 'മന്ത്രങ്ങളില്ലാതെ മനസ്സുണർത്തുന്നവർ' എന്ന പേരിൽ ഒരു കലാജാഥ പര്യടനം നടത്തി. വിവിധ കോളേജുകളിൽ നിന്നും തിരഞ്ഞെടുത്ത കലാകാരൻമാരാണ് ഇതിൽ അഭിനയിച്ചത്. എല്ലാ കേന്ദ്രങ്ങളിലും കലാജാഥ കാണുന്നതിനും ജലപ്രതിജ്ഞ എടുക്കുന്നതിനും നല്ല ജനപങ്കാളിത്തമായിരുന്നു.

### ജലനിരപ്പ് ഉയരുന്നത് ശുഭസൂചകം

കേന്ദ്ര ഭൂജല ബോർഡിലും സംസ്ഥാന ഭൂജല വകുപ്പിലും ലഭ്യമായ കണക്കുകൾ പരിശോധിക്കുമ്പോൾ നേമം ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്ന രണ്ട് തുറന്ന കിണറുകളിലും മൂന്ന് നിരീക്ഷണ കുഴൽ കിണറുകളിലും ജനുവരി മാസത്തെ ജല നിരപ്പ് മുൻ വർഷങ്ങളെ അപേക്ഷിച്ച് 2019 ൽ ഉയർന്നതായി കാണുന്നു. ജലസമൃദ്ധി പദ്ധതിയുടെ ഭാഗമായി കഴിഞ്ഞ 2 വർഷക്കാലം നടപ്പിലാക്കിയ ജലസംരക്ഷണ പ്രവർത്തനങ്ങൾ പ്രദേശത്തെ ഭൂഗർഭജല നിരപ്പ് ഉയർത്തുവാൻ സഹായിച്ചിട്ടുണ്ടെന്ന് ഇതിൽ നിന്നും മനസ്സിലാകുന്നതാണ്.

**കേന്ദ്ര ഭൂജല ബോർഡ്**

| കിണർ | ജലനിരപ്പ് (meter below ground level) | | | |
|---|---|---|---|---|
| | ജനു.2016 | ജനു.2017 | ജനു.2018 | ജനു. 2019 |
| കാട്ടാക്കട | 3.65 | 4.14 | 3.90 | 3.52 |
| കണ്ടല | 9.88 | 14.05 | 10.00 | 9.90 |

| | | | | |
|---|---|---|---|---|
| വിളപ്പിൽശാല | 7.15 | 9.60 | 8.01 | 7.52 |
| കുഴൽ കിണർ | | | | |
| വിളപ്പിൽശാല | 6.73 | 8.90 | 8.33 | 7.63 |

## സംസ്ഥാന ഭൂജല വകുപ്പ്

| കുഴൽകിണർ | ജലനിരപ്പ് (meter below ground level) | | |
|---|---|---|---|
| | ഫെബ്രു.2017 | ഫെബ്രു.2018 | ഫെബ്രു.2019 |
| മലയിൻകീഴ് | 9.65 | 7.85 | 7.48 |
| മാറനല്ലൂർ | 9.43 | 7.83 | 7.31 |
| വിളപ്പിൽ | 16.71 | 15.27 | 15.38 |
| കിണർ | | | |
| മലയിൻകീഴ് | 11.58 | 11.69 | 10.22 |

ഇത് കൂടാതെ ആർട്ടിഫിഷ്യൽ റീചാർജിംഗ് നടപ്പിലാക്കിയ സ്കൂളുകളുടെയും പൊതു സ്ഥാപനങ്ങളുടെയും പരിസര പ്രദേശത്തെ കിണറുകളിലും ജലലഭ്യതയിൽ വന്നിട്ടുള്ള പ്രകടമായ പുരോഗതി പദ്ധതിയുടെ വിജയത്തോടൊപ്പം ജനങ്ങളിൽ വിശ്വാസ്യത വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്. മുൻ വർഷങ്ങളിൽ നവംബർ-ഡിസംബർ മാസം മുതൽ വറ്റുമായിരുന്ന ഈ കിണറുകളിൽ മാർച്ച്മാസത്തിൽ പോലും ജലലഭ്യത സാമാന്യം നല്ല നിലയിൽ തന്നെ ഉണ്ട്.

നിയോജകമണ്ഡലത്തിന്റെ മദ്ധ്യഭാഗത്തുള്ള ചെറുനീർത്തടത്തിലെ പ്രധാന തോടായ കടുവാക്കുഴി- കൊല്ലോട്-കല്ലുവരമ്പ് തോട് (6 കിലോമീറ്റർ) നീർത്തട നടത്തം സംഘടിപ്പിക്കുകയും തുടർന്ന് തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി നവീകരിച്ച് 53 ചെറു തടയണകൾ നിർമ്മിച്ച് ജലസംരക്ഷണം നടത്തിയതിന്റെ ഫലമായി മെയ് മാസത്തിലും തോടിൽ ജലം ലഭിക്കുന്നുണ്ട്.

### ജലപാർലമെന്റ്

കാട്ടാക്കട മണ്ഡലത്തിലെ വറ്റാത്ത ഉറവയ്ക്കായി ജല സമൃദ്ധി പദ്ധതിയുടെ ഭാഗമായി 2019 ആഗസ്റ്റ് 28ന് കിള്ളിയിൽ വിദ്യാർത്ഥി ജലപാർലമെന്റ് സംഘടിപ്പിച്ചു. ഹരിതകേരളം മിഷനും, മണ്ണ് സംരക്ഷണ വകുപ്പിന് കീഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ വാട്ടർ ഷെഡ് ഡവലപ്മെന്റ് ആന്റ് മാനേജ്മെന്റും സംയുക്തമായാണ് പരിപാടി സംഘടിപ്പിച്ചത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ സർക്കാർ വകുപ്പുകൾ, ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങൾ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ്, ശുചിത്വ മിഷൻ, സാക്ഷരതാ മിഷൻ എന്നിവയുടെ സഹകരണത്തോടെയായിരുന്നു പരിപാടി. തിരുവനന്തപുരം



ജില്ലയിൽ നിന്നുള്ള 500 ഓളം വിദ്യാർത്ഥികൾ പങ്കെടുത്ത പരിപാടി വിദ്യാഭ്യാസ മന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് ഉദ്ഘാടനം ചെയ്തു. ഐ.ബി. സതീഷ് എം.എൽ.എ., ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ ഡോ. ടി.എൻ. സീമ, ഉന്നത ഉദ്യോഗസ്ഥർ, ജലവിഭവ പരിപാലന രംഗത്തെ വിദഗ്ദ്ധർ എന്നിവർ പങ്കെടുത്തു. രാജ്യത്തെ പരമോന്നത നിയമ നിർമ്മാണ സഭയെ അനുസരിപ്പിക്കുന്ന വിധത്തിൽ വിദ്യാർത്ഥികൾ നേതൃത്വം നൽകുന്ന വിവിധ സെഷനുകളായിട്ടാണ് ജലപാർലമെന്റ് ക്രമീകരിച്ചത്. ജല സംരക്ഷണം, ജല സംഭരണം, ജല വിനിയോഗം തുടങ്ങിയവയായിരുന്നു പ്രതിപാദന വിഷയങ്ങൾ.

# 6
# കൃഷി ഉപമിഷൻ

ഹരിതകേരളം മിഷന്റെ ഭാഗമായുള്ള കൃഷി ഉപമിഷൻ (സുജലം-സുഫലം) പ്രധാനമായും നാല് കാമ്പയിനുകളാണ് 2019-2020 കാലയളവിൽ നടപ്പിലാക്കിയത്. ഇതിൽ കാർഷിക രംഗത്തെ വികസനവുമായി ബന്ധപ്പെട്ട് തരിശ് രഹിതഗ്രാമം, ഹരിതസമൃദ്ധി വാർഡ് എന്നീ രണ്ട് കാമ്പയിനുകളുടേയും ഫീൽഡ് തല നിർവഹണത്തിന് നേതൃത്വം നൽകിയത് കാർഷിക വികസന കർഷക ക്ഷേമ വകുപ്പാണ്. ഇതു കൂടാതെ തിരുവിതാംകൂർ ദേവസ്വം ബോർഡുമായി സഹകരിച്ചു കൊണ്ട് ദേവസ്വത്തിന്റെ പരിധിയിൽ വരുന്ന തരിശ് ഭൂമിയിൽ കൃഷി ഉൾപ്പെടെയുള്ള ഹരിതവൽക്കരണ പ്രവർത്തനങ്ങൾക്കായി ദേവ ഹരിതം കാമ്പയിനും വ്യവസായ വകുപ്പിനു കീഴിൽ വരുന്ന സ്ഥാപനങ്ങളുടെ കൃഷി യോഗ്യമായ ഭൂമിയിൽ പച്ചക്കറി ഉൾപ്പെടെ വിവിധയിനം കൃഷിയും ആരംഭിച്ചു. ഈ പ്രവർത്തനങ്ങളിലും ആവശ്യമായ സാങ്കേതിക-സാമ്പത്തിക സഹായം നൽകിയത് കാർഷിക വികസന കർഷക ക്ഷേമ വകുപ്പു മുഖേനയാണ്.

നടപ്പു കാലയളവിൽ ഹരിതകേരളം മിഷനുമായി സഹകരിച്ച് സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട ഐ.ടി.ഐകൾ ഹരിത ഐ.ടി.ഐ. കാമ്പസുകൾ ആക്കുന്ന പ്രവർത്തനം തൊഴിൽ നൈപുണ്യ വകുപ്പുമായി ചേർന്ന് നടപ്പിലാക്കി.

ഹരിതകേരളം മിഷൻ 2019 ജൂൺ 5 ന് ലോക പരിസ്ഥിതി ദിനത്തിൽ ആരംഭിച്ച പ്രത്യേക പരിസ്ഥിതി പുനസ്ഥാപന പരിപാടിയാണ് പച്ചത്തുരുത്ത്. സാമൂഹ്യ വനവൽക്കരണവകുപ്പും തൊഴിലുറപ്പ് പദ്ധതിയും പച്ചത്തുരുത്ത് പദ്ധതി നടപ്പിലാക്കുന്നതിൽ സഹകരിച്ചു.

## പ്രവർത്തനങ്ങൾ

### തരിശ് രഹിത ഗ്രാമം

നെൽക്കൃഷി വിസ്തൃതി വ്യാപനം, പച്ചക്കറി കൃഷിയിൽ സ്വയംപര്യാപ്തത എന്നീ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനും കൃഷി യോഗ്യമായ പാടങ്ങളിലേയും കര ഭൂമിയിലേയും



തരിശ് ഭൂമി കണ്ടെത്തി അവയിൽ അനുയോജ്യമായ വിള കൃഷി ചെയ്ത് ഭക്ഷ്യോൽപ്പാദനം പരമാവധി വർദ്ധിപ്പിക്കുകയും ചെയ്യുക എന്നതാണ് ഈ കാമ്പയിന്റെ ലക്ഷ്യം. ആരംഭിച്ച സമയത്ത് സംസ്ഥാനത്തെ വികസന ബ്ലോക്കുകളിൽ ചുരുങ്ങിയത് ഒരു ഗ്രാമപഞ്ചായത്തെങ്കിലും തരിശ് രഹിതമായി പ്രഖ്യാപിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. ഹരിത കേരളം മിഷന്റെ മറ്റു കാമ്പയിനുകളിൽ എന്ന പോലെ കാർഷിക രംഗത്ത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടേയും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഉൾപ്പെടെയുള്ള മറ്റ് ഏജൻസികളുടേയും ഏകോപനത്തോടെ കാർഷിക വികസന കർഷക ക്ഷേമ വകുപ്പാണ് ഈ കാമ്പയിന്റെ പ്രാദേശിക നിർവഹണത്തിന് നേതൃത്വം നൽകുന്നത്. സുഭിക്ഷ കേരളം പദ്ധതി വന്നതോടുകൂടി ഈ കാമ്പയിന് കൂടുതൽ പ്രസക്തിയേറി.

ഒരു ഗ്രാമ പഞ്ചായത്തിലെ ഓരോ വാർഡിലേയും പാടങ്ങളും കരഭൂമിയും ഉൾപ്പെടെയുള്ള തരിശ് ഭൂമി എത്രയെന്ന് ജനപങ്കാളിത്തത്തോടെ നിർണ്ണയിക്കുകയും അതിൽ വിവിധ കാരണങ്ങൾ കൊണ്ട് കൃഷി ചെയ്യാൻ സാധിക്കാത്ത ഭൂമി തിട്ടപ്പെടുത്തി ബാക്കി വരുന്ന തരിശ് ഭൂമി കൃഷി യോഗ്യമാക്കി അവിടെ അനുയോജ്യമായ വിളകൾ കൃഷി ചെയ്യുന്നതിനാണ് ഈ കാമ്പയിൻ ഊന്നൽ നൽകുന്നത്. 2020 ഡിസംബർ വരെ സംസ്ഥാനത്ത് ഒട്ടാകെ 87 ഗ്രാമപഞ്ചായത്തുകളെ തരിശ് രഹിത ഗ്രാമങ്ങളായി പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിലൂടെ 18066.96 ഏക്കർ സ്ഥലത്ത് നെല്ലും മറ്റു വിളകളും കൃഷി ചെയ്തിട്ടുണ്ട്.

**തരിശ് രഹിത ഗ്രാമം**

| നം. | ജില്ല | തരിശുരഹിത പ്രഖ്യാപനം നടത്തിയ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ എണ്ണം | ആകെ കണ്ടെത്തിയ തരിശുഭൂമി (ഏക്കർ) | കൃഷിയോഗ്യമാക്കിയ ഭൂമി (ഏക്കർ) |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 14 | 828.14 | 802.19 |
| 2 | കൊല്ലം | 12 | 734.16 | 718 |
| 3 | പത്തനംതിട്ട | 3 | 305.575 | 236.389 |
| 4 | ആലപ്പുഴ | 2 | 375.75 | 375.75 |
| 5 | കോട്ടയം | 3 | 200 | 180 |
| 6 | ഇടുക്കി | 2 | 69 | 54 |
| 7 | എറണാകുളം | 1 | 110 | 70 |
| 8 | തൃശൂർ | 5 | 22030 | 13212.5 |
| 9 | പാലക്കാട് | 8 | 112.8 | 112.8 |
| 10 | മലപ്പുറം | പ്രഖ്യാപനം നടന്നിട്ടില്ല | | |
| 11 | കോഴിക്കോട് | പ്രഖ്യാപനം നടന്നിട്ടില്ല | | |
| 12 | വയനാട് | 4 | 340.52 | 331.52 |
| 13 | കണ്ണൂർ | 15 | 1019.91 | 989.84 |
| 14 | കാസർഗോഡ് | 18 | 1906.09 | 1701.93 |
| | **ആകെ** | **87** | **27297.785** | **18066.919** |

18 തരിശ് രഹിത ഗ്രാമങ്ങൾ കാസർഗോഡ് ജില്ലയിൽ പ്രഖ്യാപിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല നിയമസഭാ മണ്ഡലത്തിലെ എട്ട് ഗ്രാമപഞ്ചായത്തുകളേയും മേൽപ്പറഞ്ഞ കാമ്പയിനിലൂടെ ബഹു. എം.എൽ.എ.യുടെ നേതൃത്വത്തിൽ നടത്തിയ പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്തെ ആദ്യ തരിശ് രഹിത മണ്ഡലമായി പ്രഖ്യാപിച്ചു. തിരുവനന്തപുരം ജില്ലയിലെ ചെങ്കൽ പഞ്ചായത്തിനെയാണ് സംസ്ഥാനത്തെ ആദ്യ തരിശ് രഹിത പഞ്ചായത്തായി പ്രഖ്യാപിച്ചത്.

## ഹരിത സമൃദ്ധി വാർഡ്

പച്ചക്കറി കൃഷിയിൽ സംസ്ഥാനത്തിന് സ്വയംപര്യാപ്തത എന്ന ലക്ഷ്യം കൈവരിക്കണമെങ്കിൽ വാണിജ്യാടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷിക്ക് പുറമേ ഓരോ വീട്ടിലും ലഭ്യമായ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യേണ്ടത് അനിവാര്യമായ ഘടകമാണ്.

കാർഷിക വകുപ്പിന്റെ നേതൃത്വത്തിൽ ഓണത്തിന് ഒരു മുറം പച്ചക്കറി, ജീവനി എന്നിങ്ങനെ ഇതുമായി ബന്ധപ്പെട്ട നിരവധി പരിപാടികൾ വിജയകരമായി നടപ്പിലാക്കിയിട്ടുണ്ട്. ജനങ്ങളിൽ പച്ചക്കറി കൃഷിക്ക് വേണ്ട അവബോധം സൃഷ്ടിക്കുന്നതിനായി കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ തുടങ്ങി വിവിധ ഏജൻസികളുടെ ഏകോപനത്തിന്റെ ഫലമായിട്ടാണ് ഹരിതസമൃദ്ധി വാർഡ് എന്ന നേട്ടം കൈവരിക്കുന്നത്. സംസ്ഥാനത്തെ കൃഷി ഭവനുകളുടെ പരിധിയിലുള്ള ഒരു വാർഡിലെ എങ്കിലും മുഴുവൻ വീടുകളിലും ലഭ്യമായ സ്ഥലത്ത് അനുയോജ്യമായ രീതിയിൽ പച്ചക്കറി തൈകൾ നട്ടു വളർത്തുക എന്നതാണ് ഈ കാമ്പയിന്റെ ലക്ഷ്യം. പൂർണ്ണ ജനപങ്കാളിത്തത്തോടെ സന്നദ്ധ സേവകരുടെ സഹായത്തോടു കൂടിയാണ് പല വാർഡുകളിലും ഈ നേട്ടം കൈവരിക്കാനായത്. 1000 ഹരിത സമൃദ്ധി വാർഡുകൾ എന്നതായിരുന്നു ആരംഭ ഘട്ടത്തിലെ ലക്ഷ്യം. എന്നാൽ ഇതിനകം സംസ്ഥാനത്തെ 1344 വാർഡുകൾ ഹരിതസമൃദ്ധി വാർഡുകളായി പ്രഖ്യാപിച്ചിട്ടുണ്ട്. ഇനിയും കൂടുതൽ വാർഡുകൾ പ്രഖ്യാപനത്തിലേക്ക് അടുത്തുകൊണ്ടിരിക്കുന്നു. ഇതിന്റെ ഭാഗമായി 433428 വീടുകളിലേക്ക് 2489562 പച്ചക്കറി തൈകൾ വിതരണം ചെയ്തിട്ടുണ്ട്.

**ഹരിതസമൃദ്ധി വാർഡ്**

| ക്രമ നം | ജില്ല | പ്രഖ്യാപനം നടത്തിയ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ എണ്ണം | പ്രഖ്യാപനം നടത്തിയ വാർഡുകളുടെ എണ്ണം | ഹരിതസമൃദ്ധി പ്രഖ്യാപനം നടത്തിയ വാർഡുകളിലെ ആകെ വീടുകളുടെ എണ്ണം | ആകെ വിതരണം ചെയ്ത തൈകളുടെ എണ്ണം |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 24 | 321 | 171231 | 235770 |
| 2 | കൊല്ലം | 0 | 400 | 0 | 0 |
| 3 | പത്തനംതിട്ട | 57 | 108 | 43834 | 196070 |
| 4 | ആലപ്പുഴ | 0 | 0 | 0 | 0 |
| 5 | കോട്ടയം | 22 | 115 | 53424 | 281493 |
| 6 | ഇടുക്കി | 6 | 6 | 2818 | 6025 |
| 7 | എറണാകുളം | 14 | 73 | 24090 | 5900 |
| 8 | തൃശൂർ | 20 | 20 | 6995 | 34180 |
| 9 | പാലക്കാട് | 0 | 29 | 0 | 0 |
| 10 | മലപ്പുറം | 6 | 26 | 12358 | 31025 |
| 11 | കോഴിക്കോട് | 19 | 37 | 26967 | 342612 |
| 12 | വയനാട് | 26 | 142 | 65229 | 1290894 |
| 13 | കണ്ണൂർ | 14 | 24 | 10790 | 35275 |
| 14 | കാസർഗോഡ് | 41 | 43 | 15692 | 30318 |
| | **ആകെ** | **249** | **1344** | **433428** | **2489562** |

## സംസ്ഥാനത്തെ ആദ്യ ഹരിത സമൃദ്ധി ബ്ലോക്കായി മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്



സംസ്ഥാനത്തെ ആദ്യത്തെ സമ്പൂർണ്ണ ഹരിതസമൃദ്ധി ബ്ലോക്ക് പഞ്ചായത്ത് എന്ന നേട്ടം കോട്ടയം ജില്ലയിലെ മാടപ്പള്ളിക്ക്. ഇതുസംബന്ധിച്ച പ്രഖ്യാപനവും നടന്നു. ഹരിതകേരളം മിഷന്റെയും കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെയും ഹരിത സഹായ സ്ഥാപനമായ സോഷ്യോ ഇക്കണോമിക് യൂണിറ്റിന്റെയും സഹക രണത്തോടെ സംഘടിപ്പിച്ച 'വൃത്തി യാക്കാം വിത്തിറക്കാം' ഹരിത കാമ്പയി നിലൂടെയാണ് മാടപ്പള്ളി ബ്ലോക്ക് പഞ്ചാ യത്തിനും ബ്ലോക്ക് പരിധിയിലുള്ള തൃക്കൊടിത്താനം, വാഴപ്പള്ളി, വാകത്താ നം, പായിപ്പാട്, മാടപ്പള്ളി ഗ്രാമപഞ്ചായ ത്തുകൾക്കും ഈ നേട്ടം കൈവരി ക്കാൻ സാധിച്ചത്. ശുചിത്വ മിഷനും കുടുംബശ്രീയും പദ്ധതിയിൽ പങ്കാളിക ളായി. കാമ്പയിൻ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ മികച്ച പഞ്ചായത്തും, സി.ഡി.എസുമായി തിരഞ്ഞെടുത്ത തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിനുള്ള ഉപഹാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജില്ലാ കൃഷി ഓഫീസറിൽ നിന്നും ഏറ്റു വാങ്ങി. മാടപ്പള്ളി ബ്ലോക്കിന് കീഴിലുള്ള അഞ്ച് ഗ്രാമപഞ്ചായത്തുകളിലും പ്രവർ ത്തിക്കുന്ന ഹരിതകർമസേനയുടെ ഹരിത സേവ കേന്ദ്രം പ്രഖ്യാപനവും നടന്നു. പദ്ധതിയുടെ ഭാഗമായി ബ്ലോക്ക് പഞ്ചായത്തിലെ എല്ലാ വീടുകളിലും ഏതെ ങ്കിലും രണ്ടു പച്ചക്കറിയിനങ്ങളെങ്കിലും കൃഷി ചെയ്യുന്നുണ്ട്. പൂട്ടിക്കിടക്കുന്നതും താമസമില്ലാത്തതും കൃഷിസാധ്യമല്ലാ ത്തുമായ വീടുകളെ ഒഴിവാക്കിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിലെ 48433 വീടുക ളിൽ 41380 വീടുകളിലും കൃഷി ചെയ്യു ന്നുണ്ട്. തൃക്കൊടിത്താനം-8969, പായി പ്പാട്-6192, വാഴപ്പള്ളി-8644, വാകത്താനം -9028, മാടപ്പള്ളി-8547 എന്നിങ്ങനെയാണ് ഗ്രാമപഞ്ചായത്തുകളിൽ കൃഷി ചെയ്യുന്ന വീടുകളുടെ എണ്ണം. ഹരിതകേരളം മിഷൻ കോട്ടയം ജില്ലാ കോ-ഓർഡിനേ റ്റർ പി. രമേഷ്, ശുചിത്വ മിഷൻ അസി. കോ-ഓർഡിനേറ്റർ ഷാജി ജേക്കബ്, മാടപ്പള്ളി ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ എം.ഇ. ഷാജി, ബ്ലോക്ക് കൃഷി അസിസ്റ്റന്റ് ഡയറക്ടർ മീനു ചാക്കോ എന്നിവർ ഗ്രാമപഞ്ചായത്തുകൾക്കുള്ള അംഗീകാരപത്രം വിതരണം ചെയ്തു.

### ദേവഹരിതം

തിരുവിതാംകൂർ ദേവസ്വം ബോർഡാണ് തങ്ങളുടെ അധികാര പരിധിയിലുള്ള ക്ഷേത്ര ങ്ങളുടെ വകയായി ഏകദേശം 3000 ഏക്ക റോളം ഭൂമിയുണ്ടെന്നും ഇതിൽ കൃഷിക്ക് അനുയോജ്യമായ തരിശ് ഭൂമിയിൽ കാർഷിക വിളകൾ ഉൾപ്പെടെയുള്ള ചെടികൾ നട്ട് ഹരി താഭമാക്കുന്നതിനായി നിർദ്ദേശം മുന്നോട്ടു വച്ചത്. ഇതിന്റെ തുടർച്ചയായി ഈ കാമ്പ യിന് 'ദേവഹരിതം' എന്ന പേര് നൽകുകയും ദേവസ്വം ബോർഡിലെ വിവിധ തലത്തിലുള്ള ഉദ്യോഗസ്ഥർ, ക്ഷേത്ര ഉപദേശക സമിതി കൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലു റപ്പ് പദ്ധതി, സാമൂഹ്യ വനവൽക്കരണ വകു പ്പ്, സഹകരണ സംഘങ്ങൾ എന്നിവയുടെ സഹായത്തോടെ ഈ പദ്ധതി നടപ്പിലാക്കി വരികയാണ്.

ദേവഹരിതത്തിന്റെ ഭാഗമായി പച്ചക്കറി, കരനെല്ല്, വാഴ, തെങ്ങ്, എള്ള് തുടങ്ങിയ കാർ ഷിക വിളകളും ക്ഷേത്ര ആവശ്യങ്ങൾക്കുള്ള പൂജാ പുഷ്പങ്ങൾ, നിവേദ്യ ചെടികൾ എന്നി വയുടെ കൃഷിയും ചെയ്യുന്നു.

ഇതിനോടൊപ്പം ഹരിതകേരളം മിഷന്റെ പച്ചത്തുരുത്ത് പരിപാടിയുടെ ഭാഗമായി

നക്ഷത്രവനങ്ങളും ക്ഷേത്ര ഭൂമിയിൽ മറ്റു വൃക്ഷങ്ങളും ഫലവൃക്ഷങ്ങളും നടുന്ന പരിപാടിയും ആരംഭിച്ചിട്ടുണ്ട്.

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പരിധിയിലുള്ള ക്ഷേത്രങ്ങളെ ഉദ്ദേശിച്ചാണ് ദേവഹരിതം ആരംഭിച്ചതെങ്കിലും മലബാർ ദേവസ്വത്തിന്റേയും കാടാമ്പുഴ ഉൾപ്പെടെയുള്ള മറ്റു ദേവസ്വങ്ങളുടേയും ഭൂമിയിലും ദേവഹരിതം പദ്ധതി വ്യാപിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇനിയും കൂടുതൽ സ്ഥലങ്ങളിലേക്ക് പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു.

## മേജർ പത്തിയൂർ ശ്രീ മഹാ ദുർഗ്ഗാ ക്ഷേത്രത്തിലെ ദേവഹരിതം പദ്ധതി

ആലപ്പുഴ ജില്ലയിൽ ദേവഹരിതം പദ്ധതി ഏറ്റവും വിജയകരമായി നടപ്പിലാക്കിയത് തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള മേജർ പത്തിയൂർ ശ്രീ മഹാ ദുർഗ്ഗാ ക്ഷേത്രത്തിലാണ്. ക്ഷേത്ര വളപ്പിലും ഉത്സവപ്പറമ്പിലുമായി രണ്ടര ഏക്കർ സ്ഥലത്ത് ഇറക്കിയ കരനെൽകൃഷി നൂറുമേനി വിളവ് ലഭിച്ചു. ഹരിത കേരളം മിഷൻ, പത്തിയൂർ കൃഷിഭവൻ എന്നിവയുടെ സഹകരണത്തിൽ ക്ഷേത്ര ഉപദേശക സമിതിയും ക്ഷേത്ര ജീവനക്കാരും നാട്ടുകാരും ചേർന്നാണ് ദേവഹരിതം പദ്ധതി നടപ്പാക്കിയത്.

2020 ജൂലൈ 04ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് അഡ്വ. എൻ വാസു ആണ് വിത്തിടീൽ ഉദ്ഘാടനം ചെയ്തത്. കേരള കാർഷിക സർവ്വകലാശാലയുടെ കായംകുളം ഓണാട്ടുകര മേഖലാ കാർഷിക ഗവേഷണ കേന്ദ്രത്തിൽ ഉൽപാദിപ്പിച്ച അത്യുൽപ്പാദന ശേഷിയുള്ള 'ഭാഗ്യ' നെൽവിത്ത് ആണ് ഇവിടെ വിതച്ചത്. ഇതിനായി നിലമൊരുക്കൽ മുതൽ കൊയ്ത്തു വരെയുള്ള എല്ലാ പ്രവർത്തികളും ഹരിതകേരളം മിഷന്റെ ഇടപെടലിലൂടെ തൊഴിലുറപ്പു പദ്ധതി പ്രയോജനപ്പെടുത്തിയാണ് നടപ്പിലാക്കിയത്. നെൽകൃഷിയോടൊപ്പം മഞ്ഞൾ





കൃഷിയും ചെയ്തിരുന്നു. വേപ്പിൻ പിണ്ണാക്ക് പോലുള്ള ജൈവവളങ്ങളും ശാസ്ത്രീയമായ പോഷകമൂലകങ്ങൾ ലഭ്യമാക്കുന്ന രീതിയിൽ കൃത്യമായ അളവിൽ രാസവളങ്ങൾ ഉൾപ്പെടുത്തി സംയോജിത വളപ്രയോഗമാണ് നടത്തിയത്. കൃഷിയെ ശത്രുകീടങ്ങളിൽ നിന്ന് സംരക്ഷിക്കുന്ന മിത്രകീടങ്ങളെ സംരക്ഷിച്ചും മാരക വിഷമുള്ള കുമിൾനാശിനികളും കീടനാശിനികളും പൂർണ്ണമായി ഒഴിവാക്കിയും സംയോജിത കീട-രോഗ നിയന്ത്രണ മാർഗ്ഗങ്ങളാണ് സ്വീകരിച്ചത്. ഇത്തവണ നല്ല മഴ ലഭിച്ചതും കരനെൽ കൃഷിക്ക് ഏറെ സഹായകമായിരുന്നു.

ഹരിതകേരളം ആലപ്പുഴ ജില്ലാ മിഷന്റെ ഇടപെടലിലൂടെയാണ് മേജർ പത്തിയൂർ ശ്രീ മഹാ ദുർഗ്ഗാ ക്ഷേത്രത്തിലെ കരനെൽ കൃഷി വിജയത്തിൽ എത്തിച്ചത്.

കരനെൽ കൃഷിയുടെ കൊയ്ത്തുത്സവം 2020 ഒക്ടോബർ 16 ലോക ഭക്ഷ്യ ദിനത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് അഡ്വ. എൻ. വാസു ഉദ്ഘാടനം ചെയ്തു.

ദേവഹരിതം പദ്ധതിയിലൂടെ കരനെൽകൃഷി വിളവെടുപ്പു നടത്തിയ ഉത്സവപ്പറമ്പിൽ ഇപ്പോൾ ഓണാട്ടുകരയുടെ മുഖമുദ്രയായ എള്ള് കൃഷി ചെയ്യുന്നതിനായി നിലമൊരുക്കൽ നടന്നുകൊണ്ടിരിക്കുകയാണ്.

ദേവഹരിതം

| ക്രമ നമ്പർ | ജില്ല | ദേവഹരിതം പദ്ധതിക്കായി തിരഞ്ഞെടുത്ത ക്ഷേത്രങ്ങളുടെ എണ്ണം | ആകെ കണ്ടെത്തിയ തരിശു ഭൂമി (ഏക്കർ) | കൃഷിയോഗ്യമാക്കിയ ഭൂമി (ഏക്കർ) |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 8 | 6.17 | 4.67 |
| 2 | കൊല്ലം | 14 | 42.3 | 41.3 |
| 3 | പത്തനംതിട്ട | 6 | 12.8 | 7.8 |
| 4 | ആലപ്പുഴ | 8 | 30.7 | 30.7 |
| 5 | കോട്ടയം | 1 | 0.04 | 0.04 |
| 6 | എറണാകുളം | 2 | 2 | 2 |
| 7 | തൃശൂർ | 1 | 1.25 | 1.25 |
| 8 | മലപ്പുറം | 4 | 7.3 | 7.3 |
| 9 | കോഴിക്കോട് | 1 | 1.5 | 0 |
| 10 | കണ്ണൂർ | 10 | 10.43 | 9.73 |
| 11 | കാസർഗോഡ് | 20 | 23.05 | 4.82 |
| | **ആകെ** | **75** | **137.54** | **109.61** |

## വ്യവസായ സ്ഥാപനങ്ങളിലെ കൃഷി

വ്യവസായ വകുപ്പിന്റെ മുൻകൈയിലാണ് വകുപ്പിന്റെ കീഴിലുള്ള പൊതു മേഖലാ സ്ഥാപനങ്ങളിലെ തരിശ് ഭൂമിയിൽ കൃഷി നടത്തുന്നതിനുള്ള കാമ്പയിൻ വിഭാവനം ചെയ്തത്. വ്യവസായ വകുപ്പിൽ നിന്നും കൃഷിക്ക് അനുയോജ്യമായ തരിശ് ഭൂമി ലഭ്യമായ സ്ഥാപനങ്ങളുടെ പട്ടിക ഹരിതകേരളം മിഷൻ ലഭ്യമാക്കിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർമാർ, പ്രാദേശിക തലത്തിൽ ഈ സ്ഥാപനങ്ങളുടെ മേധാവികളുടേയും കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, തൊഴിലുറപ്പ് പദ്ധതി, സഹകരണ സംഘങ്ങൾ, ട്രേഡ് യൂണിയൻ പ്രതിനിധി എന്നിവരുടെ സംയുക്ത യോഗം വിളിച്ചു ചേർത്ത് പരിപാടിയുടെ നടത്തിപ്പിനാവശ്യമായ വിശദാംശങ്ങൾ ആസൂത്രണം ചെയ്തു. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഉദ്യോഗസ്ഥരാണ് പദ്ധതി നിർവഹണത്തിന് നേതൃത്വം നൽകുന്നത്. വകുപ്പിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും പദ്ധതികളുടെ ഭാഗമായുള്ള സഹായങ്ങൾ ഈ കൃഷിക്ക് ലഭ്യമാക്കുന്നതിന് ഇതിലൂടെ സാധിച്ചിട്ടുണ്ട്. നിലവിൽ 39 സ്ഥാപനങ്ങളിലായി 119.55 ഏക്കർ സ്ഥലത്ത് കൃഷി കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്.





## ട്രാവൻകൂർ ടൈറ്റാനിയം ചൊരി മണലിലെ വിജയഗാഥ

തിരുവനന്തപുരം ജില്ലയിലെ വ്യവസായ സ്ഥാപനങ്ങളിൽ പ്രധാനപ്പെട്ട ഒരു പൊതുമേഖലാ വ്യവസായ സ്ഥാപനമാണ് തിരുവനന്തപുരം വേളിയിൽ പ്രവർത്തിക്കുന്ന ട്രാവൻകൂർ ടൈറ്റാനിയം പ്രൊഡക്ട് ലിമിറ്റഡ് കമ്പനി. ഏകദേശം 86 ഏക്കറിലായി കിടക്കുന്ന മണൽ



പ്രദേശമാണ് ഇവിടം. ഹരിതകേരളം മിഷന്റെ വ്യവസായ സ്ഥാപനങ്ങളിലെ കൃഷി വ്യാപിപ്പിക്കൽ കാമ്പയിന്റെ ഭാഗമായി ട്രാവൻകൂർ ടൈറ്റാനിയത്തിലും ഹരിതകേരളം മിഷനും കൃഷി വകുപ്പുമായി ചേർന്ന് സംയോജിത കൃഷി പ്രവർത്തനങ്ങൾ ആരംഭിക്കാൻ തീരുമാനിച്ചു. അതനുസരിച്ച് പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തി പ്രോജക്ട് തയ്യാറാക്കുന്നതിന് വേണ്ടി ടൈറ്റാനിയത്തിൽ ചെയർമാന്റെ അധ്യക്ഷതയിൽ മൂന്ന് യോഗങ്ങൾ നടത്തുകയുണ്ടായി ഈ യോഗങ്ങളിലെ ചർച്ചകളുടെയും തീരുമാനങ്ങളുടെയും അടിസ്ഥാനത്തിൽ വിശദമായ പദ്ധതി തയ്യാറാക്കി കൃഷി വകുപ്പ് ഉദ്യോഗസ്ഥരുടെ സാങ്കേതിക മേൽനോട്ടത്തിൽ ടൈറ്റാനിയം ജീവനക്കാരുടെ നേതൃത്വത്തിൽ കൃഷി ആരംഭിച്ചു. ആദ്യം രണ്ടര ഏക്കറിൽ ആരംഭിച്ച കൃഷി ഇപ്പോൾ 10 ഏക്കറിൽ വ്യാപിച്ചു നിൽക്കുന്നു.

കൃഷിക്ക് തീരെ അനുയോജ്യമല്ലാത്ത മണൽ മണ്ണിൽ വളരെയധികം ജൈവവളം ചേർത്താൽ മാത്രമേ കൃഷിക്ക് അനുയോജ്യമാവുകയുള്ളൂ. ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ തിരുവനന്തപുരം കോർപ്പറേഷനുമായി ബന്ധപ്പെട്ട് കോർപ്പറേഷന്റെ തുമ്പൂർമുഴി യൂണിറ്റുകളിൽ തയ്യാറാക്കുന്ന കമ്പോസ്റ്റ് വളം ടൈറ്റാനിയത്തിന് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു. അതു പ്രകാരം 50 ലോഡ് കമ്പോസ്റ്റാണ് തിരുവനന്തപുരം കോർപ്പറേഷനിൽ നിന്നും ടൈറ്റാനിയത്തിന് നൽകിയത്. ഈ കമ്പോസ്റ്റ് ഉപയോഗിച്ചാണ് ടൈറ്റാനിയത്തിലെ മണൽ പരുവപ്പെടുത്തി കൃഷിക്ക് ഉപയോഗയോഗ്യമാക്കിയത്.

കൃഷി വകുപ്പിന്റെ വിവിധ പദ്ധതികളുടെ ധനസഹായവും സാങ്കേതിക സഹായവും കൂടി ഉറപ്പാക്കിയപ്പോൾ ഏകദേശം 10 ഏക്കർ സ്ഥലത്ത് കരനെല്ല്, വാഴ, പച്ചക്കറി, ചേന, ചേമ്പ്, മഞ്ഞൾ, കൂവ, ഫലവൃക്ഷങ്ങൾ, മുരിങ്ങ തുടങ്ങിയവ ഉൾപ്പെടെ വളരെ നല്ല രീതിയിൽ കൃഷി ചെയ്ത് വിളവെടുക്കാൻ സാധിച്ചു. കൂടാതെ ടൈറ്റാനിയത്തിലെ തൊഴിലാളികൾ തന്നെ നിർമ്മിച്ച 2 പടുതാകുളങ്ങളിൽ 6000 ത്തോളം കട്‌ല, രോഹു, ഗിഫ്റ്റ്



തിലാപ്പിയ, ആസ്സാം വാള തുടങ്ങിയ മത്സ്യ ഇനങ്ങൾ കൃഷി ചെയ്തു വരുന്നു. തിരുവനന്തപുരത്തെ ചൊരിമണൽ പ്രദേശത്ത് കാർഷിക വിപ്ലവം തീർത്ത ടൈറ്റാനിയം മാതൃക എല്ലാവരേയും അദ്ഭുതപ്പെടുത്തുന്നു; കേരളത്തിന്റെ അഭിമാനമായി മാറിയിരിക്കുന്നു.

വ്യവസായ സ്ഥാപനങ്ങളിലെ കൃഷി

| ക്രമനമ്പർ | ജില്ല | വ്യവസായ സ്ഥാപനങ്ങളിലെ കൃഷി പദ്ധതിക്കായി തിരഞ്ഞെടുത്ത വ്യവസായ സ്ഥാപനങ്ങളുടെ എണ്ണം | ആകെ കണ്ടെത്തിയ തരിശു ഭൂമി (ഏക്കർ) | കൃഷിയോഗ്യമാക്കിയ ഭൂമി (ഏക്കർ) |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 7 | 12.45 | 12.45 |
| 2 | കൊല്ലം | 8 | 42.75 | 42.75 |
| 3 | ആലപ്പുഴ | 3 | 10.1 | 10.1 |
| 4 | കോട്ടയം | 1 | 7 | 7 |
| 5 | എറണാകുളം | 5 | 9 | 9 |
| 6 | തൃശൂർ | 4 | 15 | 11.7 |
| 7 | മലപ്പുറം | 4 | 7.05 | 7.05 |
| 8 | കോഴിക്കോട് | 4 | 16 | 7.5 |
| 9 | കണ്ണൂർ | 3 | 16 | 12 |
| | **ആകെ** | **39** | **135.35** | **119.55** |

## പച്ചത്തുരുത്ത്

2019 ജൂൺ അഞ്ച് ലോക പരിസ്ഥിതി ദിനത്തിലാണ് തിരുവനന്തപുരം ജില്ലയിലെ പോത്തൻകോട് ഗ്രാമപഞ്ചായത്ത് വേങ്ങോട് കുടുംബാരോഗ്യ കേന്ദ്രത്തിനോട് ചേർന്നു കിടക്കുന്ന അഞ്ച് സെന്റ് സ്ഥലത്ത് നീർമാതളത്തിന്റെ തൈ നട്ടുകൊണ്ടാണ് ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ പച്ചത്തുരുത്ത് പദ്ധതിക്ക് ആരംഭം കുറിച്ചത്.

ഇതിനു മുമ്പ് തന്നെ കണ്ണൂർ ജില്ലയിലെ ഉദയഗിരി, കാസർഗോഡ് ജില്ലയിലെ കരീംസ് ഫോറസ്റ്റ്, കണ്ടൽ പ്രചാരകനായ നീലേശ്വരത്തെ ദിവാകരൻ തുടങ്ങിയവർ നടത്തിയ വനവൽക്കരണ പരിപാടികളിൽ നിന്നും പ്രചോദനം ഉൾക്കൊണ്ടാണ് ഹരിതകേരളം മിഷൻ പച്ചത്തുരുത്ത് കാമ്പയിൻ ആവിഷ്കരിക്കുന്നത്. കാലാവസ്ഥയ്ക്കുണ്ടായ വ്യതിയാനങ്ങളെ കേരളത്തിലെ നിലവിലെ സാഹചര്യങ്ങൾക്ക് അനുയോജ്യമായ രീതിയിൽ പ്രതിരോധിക്കുന്ന ഇടപെടലാണ് പച്ചത്തുരുത്തുകൾ. ഭൂലഭ്യത തുലോം പരിമിതമായ കേരളത്തിൽ ഫലപ്രദമായ വൃക്ഷവൽക്കരണത്തിന്റെ ഉപാധിയാണ് പച്ചത്തുരുത്തുകൾ. ഭൂലഭ്യത എത്ര ചെറുതാണെങ്കിലും അതിൽ വൃക്ഷങ്ങളും കുറ്റിച്ചെടികളും ഉൾപ്പെടെയുള്ള വിവിധയിനം സസ്യങ്ങൾ നട്ടുവളർത്തിയുള്ള ചെറുവനത്തിന്റെ സൃഷ്ടിയാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്. ഇതിന്റെ സംരക്ഷണത്തിനായി ചെടികൾ കൊണ്ടുതന്നെയുള്ള ജൈവവേലിയുടെ സൃഷ്ടിയാണ് മറ്റൊരു പ്രത്യേകത. നിലവിലുള്ള കാവുകളുടേയും കണ്ടൽക്കാടുകളുടേയും സംരക്ഷണവും വിസ്തൃതി വ്യാപനവും പച്ചത്തുരുത്ത് കാമ്പയിന്റെ ഭാഗമാണ്. കൂടാതെ തുടർ പരിപാല





തിരുവനന്തപുരം ജില്ലയിലെ പോത്തൻകോട് ഗ്രാമപഞ്ചായത്തിലെ വേങ്ങോട് പച്ചത്തുരുത്ത് അന്നും ഇന്നും

നവും സംരക്ഷണവും ഉറപ്പുവരുത്തുന്നതിനും സാമൂഹിക ഉത്തരവാദിത്വം ഉറപ്പാക്കുന്നതിനും പച്ചത്തുരുത്തിന്റെ സംരക്ഷണത്തിനായി സംഘാടക സമിതികളും വിഭാവനം ചെയ്തിട്ടുണ്ട്.

ഗ്രാമങ്ങളിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വഴിയും നഗരസഭകളിൽ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി വഴിയുമാണ് ബഹുഭൂരിപക്ഷം പച്ചത്തുരുത്തുകളും തയ്യാറാക്കിയിട്ടുള്ളത്. ഇവയിൽ മിക്കവാറും എല്ലാം തന്നെ പൊതു സ്ഥലങ്ങളിലാണ് രൂപപ്പെടുത്തിയിട്ടുള്ളത്. ചുരുക്കം ചില സ്വകാര്യ വ്യക്തികളും പച്ചത്തുരുത്ത് സ്ഥാപിക്കുന്നതിന് മുന്നോട്ട് വന്നിട്ടുണ്ട്. ഒരു വർഷം കൊണ്ട് 1000 പച്ചത്തുരുത്ത് എന്ന ലക്ഷ്യം ഇപ്പോൾ 1686 ൽ എത്തിനിൽക്കുകയാണ്. ബഹു. മുഖ്യമന്ത്രി 2020 ഒക്ടോബർ 15 ന് 1000 പച്ചത്തുരുത്ത് പൂർത്തീകരണം നെടുമങ്ങാട് ബ്ലോക്കിൽ 1261-ാമത്തെ പച്ചത്തുരുത്ത് ഉദ്ഘാടനം ചെയ്തുകൊണ്ട് പ്രഖ്യാപിച്ചു.


കള്ളിക്കാട് നെയ്യാർ ഡാം പച്ചത്തുരുത്ത്

## പച്ചത്തുരുത്ത്

| ക്രമ നമ്പർ | ജില്ല | തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ എണ്ണം | പച്ചത്തുരുത്തിന്റെ എണ്ണം | വിസ്തൃതി (ഏക്കർ) | നട്ട വൃക്ഷങ്ങളുടെ എണ്ണം |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 79 | 279 | 37.539 | 12280 |
| 2 | കൊല്ലം | 55 | 130 | 25.61 | 11219 |
| 3 | പത്തനംതിട്ട | 44 | 101 | 18.376 | 5367 |
| 4 | ആലപ്പുഴ | 33 | 52 | 15.37 | 8144 |
| 5 | കോട്ടയം | 65 | 130 | 21.7155 | 10306 |
| 6 | ഇടുക്കി | 23 | 32 | 9.609 | 5196 |
| 7 | എറണാകുളം | 26 | 38 | 6.07 | 1706 |
| 8 | തൃശൂർ | 62 | 93 | 17.93 | 5905 |
| 9 | പാലക്കാട് | 43 | 45 | 72.07 | 20194 |
| 10 | മലപ്പുറം | 55 | 79 | 63.25 | 39274 |
| 11 | കോഴിക്കോട് | 71 | 155 | 34.564 | 14004 |
| 12 | വയനാട് | 26 | 59 | 20.195 | 10060 |
| 13 | കണ്ണൂർ | 36 | 62 | 72.3 | 16722 |
| 14 | കാസർഗോഡ് | 40 | 431 | 114.775 | 41884 |
| | **ആകെ** | **658** | **1686** | **529.3735** | **202261** |

## ഓർമ്മത്തുരുത്ത്

കാലവധി കഴിഞ്ഞ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ ആ ഭരണ സമിതിയുടെ ഓർമ്മയ്ക്കായി ഒരു സ്ഥലത്ത് വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ച് ഒരു പച്ചത്തുരുത്ത് നിർമ്മിക്കാൻ ഹരിതകേരളം മിഷൻ നിർദ്ദേശം നൽകിയിരുന്നു. അതുപ്രകാരം കാലാവധി കഴിഞ്ഞ 68 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലായി 422 പച്ചത്തുരുത്തുകളാണ് പുതുതായി നട്ടുപിടിപ്പിച്ചത്.

## ഹരിത ഐ.ടി.ഐ. ക്യാമ്പസുകൾ

ഹരിതകേരളം മിഷന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളായ വെള്ളം, വൃത്തി, വിളവ് എന്നിവയിൽ അധിഷ്ഠിതമായ പ്രവർത്തനങ്ങൾ നടപ്പിലാക്കി കേരളത്തിലെ മുഴുവൻ ഐ.ടി.ഐ. ക്യാമ്പസുകളേയും ഹരിത ക്യാമ്പസുകളാക്കി മാറ്റുന്ന പ്രവർത്തനം തൊഴിൽ നൈപുണ്യ വകുപ്പും ഹരിത കേരളം മിഷനും ചേർന്ന് നടപ്പിലാക്കി. ഇതിന്റെ ഭാഗമായി ആദ്യഘട്ടമായി ഒരു കോടി രൂപ തൊഴിൽ നൈപുണ്യ വകുപ്പ് ഐ.ടി.ഐ.കൾക്ക് അനുവദിച്ചിരുന്നു. അതുപയോഗിച്ച് കേരളത്തിലെ 11 സർക്കാർ ഐ.ടി.ഐ. ക്യാമ്പസുകളിൽ മാലിന്യ സംസ്കരണം, ജലസംരക്ഷണം, കൃഷി, ഊർജ്ജ സംരക്ഷണം മേഖലകളിൽ പ്രവർത്തനങ്ങൾ പൂർത്തിയാക്കി ഹരിത ക്യാമ്പസുകളായി ബഹു. തൊഴിൽ വകുപ്പ് മന്ത്രി പ്രഖ്യാപിക്കുകയുണ്ടായി. ഈ ഓരോ മേഖലയിലേക്കും പ്രവർത്തനങ്ങൾക്കാവശ്യമായ പരിശീലനം, സാങ്കേതിക സഹായം, വിവിധ വകുപ്പുകളുടേയും ഏജൻസികളുടേയും ഏകോപനം തുടങ്ങിയവ ഹരിതകേരളം മിഷനാണ് നിർവഹിച്ചത്.

**11 ഹരിത ക്യാമ്പസുകളിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ**

| ക്രമ നമ്പർ | ജില്ല | ഐ.ടി.ഐ. യുടെ പേര് | പ്രവർത്തനങ്ങൾ | സാങ്കേതിക നിർവഹണ ഏജൻസി |
|---|---|---|---|---|
| 1 | തിരുവനന്തപുരം | കഴക്കൂട്ടം വനിത ഐ.ടി.ഐ | ഹരിതോദ്യാനം, മാലിന്യ സംസ്കരണം, മലിന ജല സംസ്കരണം, ജൈവ കൃഷി, പ്ലാസ്റ്റിക് മാലിന്യ ശേഖരണം, ഊർജ്ജ സംരക്ഷണം. | കോസ്റ്റ് ഫോർഡ് |
| 2 | കൊല്ലം | ഐ.ടി.ഐ. ചന്ദനത്തോപ്പ് | കുളം നിർമ്മാണം, പച്ചത്തുരുത്ത്, കൃഷിക്കായി പമ്പ് സെറ്റുകൾ, സെഗ്രിഗേഷൻ ബോക്സ്, ഗ്രീൻ പ്രോട്ടോക്കോൾ | ഐ.ആർ.ടി.സി. |
| 3 | പത്തനംതിട്ട | ഐ.ടി.ഐ. ചെന്നീർക്കര | കൃഷി, ഉദ്യാനം, കമ്പോസ്റ്റ് പിറ്റ് നിർമ്മാണം, വേസ്റ്റ് ബിൻ, എനർജി ഓഡിറ്റ് | ഐ.ആർ.ടി.സി. |
| 4 | ഇടുക്കി | ഐ.ടി.ഐ. കട്ടപ്പന | കൃഷി, മഴ മറ | കോസ്റ്റ് ഫോർഡ് |
| 5 | തൃശൂർ | ഐ.ടി.ഐ. ചാലക്കുടി | മഴവെള്ള സംരക്ഷണം, മലിന ജലത്തിന്റെ പുനരുപയോഗം, ജൈവമാലിന്യ സംസ്കരണത്തിന് കമ്പോസ്റ്റ് സ്ഥാപിക്കുന്നത്, പ്രകൃതി സൗഹൃദ സഞ്ചി/പേന നിർമ്മാണ യൂണിറ്റ്, മാതൃകാ കൃഷിത്തോട്ടം, ജൈവ വളം, ജീവാമൃതം, ജൈവ കീടനാശിനി എന്നിവയുടെ ഉൽപ്പാദനം, ജൈവ പന്തൽ നിർമ്മാണം, പുൽത്തകിടി നിർമ്മാണം | കോസ്റ്റ് ഫോർഡ് |
| 6 | പാലക്കാട് | ഐ.ടി.ഐ. മലമ്പുഴ | ഗാർഡനിംഗ്, അഗ്രികൾച്ചർ ഫാമിംഗ്, ഫലവൃക്ഷതൈകൾ നടീൽ, എനർജി ഓഡിറ്റ്, ഫിഷ് കൾച്ചർ, വേസ്റ്റ് മാനേജ്മെന്റ് ആന്റ് മെറ്റീരിയൽ കളക്ഷൻ | ഐ.ആർ. ടി.സി. |
| 7 | പാലക്കാട് | ഐ.ടി.ഐ. വാണിയംകുളം | മഴവെള്ള സംഭരണി, ബയോഡൈവേഴ്സിറ്റി പാർക്ക്, waste segregatrim bin, നാപ്കിൻ വെൻഡിംഗ് മെഷീൻ, ഖര മാലിന്യ സംസ്കരണം | ഐ.ആർ. ടി.സി. |

| | | | | |
|---|---|---|---|---|
| 8 | കോഴി ക്കോട് | ഐ.ടി.ഐ. കോഴിക്കോട് | അക്വാപോണിക്സ്, ബയോഗ്യാസ് പ്ലാന്റ്, ബയോഡൈവേഴ്സിറ്റി പാർക്ക്, മഴവെള്ള സംഭരണം, കിണർ റീ ചാർജ്ജിംഗ്, തുമ്പൂർ മൂഴി പ്ലാന്റ് | ഐ.ആർ. ടി.സി. |
| 9 | വയനാട് | ഐ.ടി.ഐ. കൽപ്പറ്റ | തുമ്പൂർ മൂഴി എയ്റോബിക് ബിൻ, മിനി എം.സി.എഫ്., നാപ്കിൻ വെൻഡിംഗ് & ഇൻസിനേറ്റർ, ഉദ്യാന നവീകരണം, കിണർ നിർമ്മാണവും റീചാർജ്ജിംഗും | കോസ്റ്റ് ഫോർഡ് |
| 10 | മലപ്പുറം | ഐ.ടി.ഐ. അരീക്കോട് | മഴവെള്ള സംഭരണി, അക്വാപോണിക്സ്, കുളം, പച്ചത്തുരുത്ത്, ഔഷധോദ്യാനം, ബയോഗ്യാസ് പ്ലാന്റ്, ഇൻസിനേറ്റർ, എം.സി.എഫ്., പൂന്തോട്ട നിർമ്മാണം | കോസ്റ്റ് ഫോർഡ് |
| 11 | കാസർ ഗോഡ് | ഐ.ടി.ഐ. പുല്ലൂർ | ഗ്രോബാഗ് ജൈവ കൃഷി, ഡ്രിപ്പ് ഇറിഗേഷൻ, മാലിന്യ സംസ്കരണം, ഫല വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കൽ ഗാർഡനിംഗ്, ബോധവത്കരണ പ്രവർത്തനങ്ങൾ, പ്ലാസ്റ്റിക് മാലിന്യ സംഭരണം. | ഐ.ആർ. ടി.സി., നിർമ്മിതി |

# 7
# ശേഷി വികസനം, വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ

ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളുടെ ആസൂത്രണം, നിർവഹണം, പ്രചാരണം, വിവരശേഖരണം തുടങ്ങി വിവിധ മേഖലകളിൽ ആവശ്യാനുസരണം വിവര വിജ്ഞാന വിനിമയ പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്താൻ കഴിഞ്ഞു. ആശയ വിനിമയം, ബോധവൽക്കരണം, പരിശീലനം, അഭിപ്രായ രൂപീകരണം തുടങ്ങിയ വിവിധ സന്ദർഭങ്ങളിൽ ഓൺലൈൻ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുകയുണ്ടായി.

### പ്രധാന പരിശീലനങ്ങൾ

ഹരിതകേരളം മിഷന്റെയും കിലയുടെയും സംയുക്ത ആഭിമുഖ്യത്തിലാണ് പരിശീലന പരിപാടികൾ നടത്തിയത്. ഹരിതനിയമ ബോധവൽക്കരണ കാമ്പയിൻ, ഹരിത ഓഡിറ്റ്, ഗ്രീൻ പ്രോട്ടോക്കോൾ എന്നിവയുമായി ബന്ധപ്പെട്ട് ശ്രദ്ധേയമായ പരിശീലനങ്ങൾ നടന്നു. ഹരിതനിയമ ബോധവൽക്കരണ കാമ്പയിനുമായി ബന്ധപ്പെട്ട് നിരവധി പരിശീലനങ്ങളാണ് സംഘടിപ്പിച്ചത്. ഇതിന്റെ



ഭാഗമായി സംസ്ഥാന ഫാക്കൽറ്റിമാർ, എൻ.സി.സി. പ്രോഗ്രാം ഓഫീസർമാർ, എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർമാർ, ഭാരത് സ്കൗട്ട്സ് & ഗൈഡ്സ് കോ-ഓർഡിനേറ്റർമാർ, അധ്യാപക പ്രതിനിധികൾ എന്നിവർക്കാണ് പ്രധാനമായും പരിശീലനം നൽകിയത്. കൃഷി ഉപമിഷൻ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നടത്തിയ പ്രധാന പരിശീലനങ്ങളാണ് സംസ്ഥാന റിസോഴ്സ് പേഴ്സൺമാർക്കുള്ള സുജലം-സുഫലം മാർഗ്ഗരേഖ പരിശീലനം, പച്ചത്തുരുത്ത് മാപ്പത്തോണിൽ രേഖപ്പെടുത്തുന്നതിനായുള്ള പരിശീലനം എന്നിവ. കൂടാതെ ഐ.ഐ.ഐ.ടി.എം.കെ. വികസിപ്പിച്ച ഹരിത ദൃഷ്ടി മൊബൈൽ ആപ്ലിക്കേഷനുമായി ബന്ധപ്പെട്ട് ഫാക്കൽറ്റിമാർക്കുള്ള സംസ്ഥാന തല പരിശീലനവും സംഘടിപ്പിച്ചു. 2019-20 കാലഘട്ടത്തിൽ സംഘടിപ്പിച്ച പ്രധാന പരിശീലനങ്ങൾ ചുവടെ ചേർക്കുന്നു.

**പ്രധാന പരിശീലനങ്ങൾ**

| ക്രമ നം | പരിശീലനം | തീയതി | സ്ഥലം |
|---|---|---|---|
| 1 | സുജലം -സുഫലം മാർഗ്ഗരേഖ പരിശീലനം | 2019 ഫെബ്രുവരി 01, 02 | വിവിധ കേന്ദ്രങ്ങൾ |
| 2 | ഹരിതനിയമ ബോധവൽക്കരണം-ഫാക്കൽട്ടി പരിശീലനം | 2019 ഫെബ്രുവരി 06, 07, 13, 14 | കില, തൃശൂർ |
| 3 | ഹരിതനിയമ ബോധവൽക്കരണ കാമ്പയിൻ-ഫാക്കൽട്ടിമാർക്കുള്ള ഒന്നാംഘട്ട പരിശീലനം | 2019 ഫെബ്രുവരി 12, 13 | കില, തൃശൂർ |
| 4 | കുട്ടികളുടെ അവധിക്കാല പരിശീലന ക്യാമ്പ് | 2019 ഏപ്രിൽ 3, 4 | കെ.എസ്.ഐ.എച്ച്. എഫ്.ഡബ്ല്യു., തൈക്കാട് |
| 5 | കുട്ടികളുടെ അവധിക്കാല പരിശീലന കാമ്പുമായി ബന്ധപ്പെട്ട് റിസോഴ്സ് പേഴ്സൺമാർക്കായുള്ള പരിശീലനം | 2019 ഏപ്രിൽ 10, 11 | കെ.എസ്.ഐ.എച്ച്. എഫ്.ഡബ്ല്യു, തൈക്കാട് |
| 6 | ഹരിതകേരളം മിഷൻ യംഗ് പ്രൊഫഷണൽമാർക്കുള്ള പരിശീലനം | 2019 ജൂൺ 18, 19 | കരകുളം ഗ്രാമീണ പഠനകേന്ദ്രം |
| 7 | ഹരിതനിയമ ബോധവൽക്കരണ കാമ്പയിനുമായി ബന്ധപ്പെട്ട് ഫാക്കൽറ്റിമാർക്കുള്ള രണ്ടാംഘട്ട പരിശീലനം | 2019 ജൂലൈ 29, 30 | റീജിയണൽ ടെലികോം ട്രെയ്നിംഗ് സെന്റർ, കൈമനം തിരുവനന്തപുരം |
| 8 | ഹരിതദൃഷ്ടി മൊബൈൽ ആപ്ലിക്കേഷൻ ഫാക്കൽറ്റി പരിശീലനം | 2019 ഓഗസ്റ്റ് 29 | IIITMK, ടെക്നോപാർക്ക് |
| 9 | ഹരിതദൃഷ്ടി മൊബൈൽ ആപ്ലിക്കേഷൻ സംസ്ഥാനതല പരിശീലനം | 2019 സെപ്തംബർ 25, 26, 27 | കില, തൃശൂർ |
| 10 | ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കിയ സ്ഥാപനങ്ങളിൽ ഹരിതഓഡിറ്റ് നടത്തുന്നതിനായി രൂപീകരിച്ച സ്ക്വാഡുകളിലെ അംഗങ്ങൾക്കായുള്ള പരിശീലനം | 2020 ഫെബ്രുവരി 26 | ഐ.എം.ജി., തിരുവനന്തപുരം |
| 11 | യംഗ് പ്രൊഫഷണൽമാർക്കുള്ള ഓൺലൈൻ പരിശീലനം | 2020 മെയ് 28, 29 | സി-ഡിറ്റ്, തിരുവനന്തപുരം |

| | | | |
|---|---|---|---|
| 12 | പച്ചത്തുരുത്ത് മാപ്പത്തോണിൽ രേഖപ്പെടു ത്തുന്നതിനുള്ള മൊബൈൽ ആപ്ലിക്കേഷൻ ഓൺലൈൻ പരിശീലനം | 2020 സെപ്തംബർ 30 | ഓൺലൈൻ |
| 13 | ഐ.ടി.ഐ. പ്രിൻസിപ്പൽമാർക്കും നോഡൽ ഓഫീസർമാർക്കുമായി നടത്തിയ ഉദ്യാന പരിശീലനം (ഓൺലൈൻ) | 2020 ഒക്ടോബർ 8 | ഓൺലൈൻ |
| 14 | സർക്കാർ ഓഫീസുകളിൽ ഹരിതഓഡിറ്റ് നടത്തുന്നതുമായി ബന്ധപ്പെട്ട് ജില്ലാ മിഷൻ കോർഡിനേറ്റർമാരുടെയും റിസോഴ്സ് പേഴ്സൺമാരുടെയും ഓൺലൈൻ അർദ്ധ ദിന പരിശീലന പരിപാടി | 2020 ഡിസംബർ 31 | ഓൺലൈൻ |

**ഹരിതനിയമ കാമ്പയിൻ സംസ്ഥാനതല പരിശീലനങ്ങൾ**

| | | | |
|---|---|---|---|
| 1 | സംസ്ഥാനത്തെ സ്കൂളുകളിലും കോളേജു കളിലും എൻ.സി.സി. യൂണിറ്റുകൾ വഴി നടത്തുന്ന പ്രവർത്തനങ്ങളെ അധികരിച്ച് എൻസി.സി. പ്രോഗ്രാം ഓഫീസർമാർക്കുള്ള പരിശീലനം | 2019 ഓഗസ്റ്റ് 2 | അനർട്ട് കോൺഫറൻസ് ഹാൾ, തിരുവനന്തപുരം |
| 2 | സംസ്ഥാനത്തെ സ്കൂളുകളിലും കോളേജു കളിലും എൻ.എസ്.എസ് യൂണിറ്റുകൾ വഴി നടത്തുന്ന പ്രവർത്തനങ്ങളെ അധികരിച്ച് എൻ.എസ്.എസ് പ്രോഗ്രാം ഓഫീസർമാർക്കുള്ള പരിശീലനം | 2019 ഓഗസ്റ്റ് 3 | മഹാത്മാഗാന്ധി സർവകലാശാല, കോട്ടയം |
| 3 | സംസ്ഥാനത്തെ സ്കൂളുകളിലും കോളേജു കളിലും ഭാരത് സ്കൗട്ട്സ് & ഗൈഡ്സ് യൂണിറ്റുകൾ വഴി നടത്തുന്ന പ്രവർത്ത നങ്ങളെ അധികരിച്ച് എല്ലാ വിദ്യാഭ്യാസ ജില്ലയിലെയും കോർഡിനേറ്റർമാർക്കും അധ്യാപക പ്രതിനിധികൾക്കുമുള്ള പരിശീലനം | 2019 ഓഗസ്റ്റ് 5 | കില, തൃശൂർ |

**പ്രധാന ശിൽപ്പശാലകൾ**

| നം | ശിൽപ്പശാല | തീയതി | സ്ഥലം |
|---|---|---|---|
| 1 | ഹരിതനിയമ സാക്ഷരതാ പരിപാടിയുടെ ജില്ലാ തല പരിശീലകർക്ക് പരിശീലനം നൽകുന്നതിനുള്ള മൊഡ്യൂൾ തയ്യാറാക്കുന്നതിനായി ഏകദിന മൊഡ്യൂൾ ശിൽപ്പശാല | 2019 ജനുവരി 1 | കില, തിരുവനന്തപുരം |
| 2 | ഹരിതകേരളം മിഷൻ റിസോഴ്സ് പേഴ്സൺമാർക്കുള്ള ദ്വിദിന ശിൽപ്പശാല | 2019 ജനുവരി 15, 16 | ഐ.എം.ജി., തിരുവനന്തപുരം |
| 3 | ജില്ലാ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനായി സംസ്ഥാനതല ശിൽപ്പശാല | 2019 ഏപ്രിൽ 2, 3 | എസ്.എച്ച്.എസ്. ആർ.സി., തൈക്കാട് തിരുവനന്തപുരം |

| | | | |
|---|---|---|---|
| 4 | ഐ.ടി.ഐ. ഹരിതക്യാമ്പസ് ശിൽപ്പശാല | 2019 ഓഗസ്റ്റ് 20 | അനർട്ട് കോൺഫറൻസ് ഹാൾ<br>തിരുവനന്തപുരം |
| 5 | സുജലം സുഫലം സഹകരണ ബാങ്കുകളുടെ ശിൽപ്പശാല | 2019 നവംബർ 27, 28 | ഐ.എം.ജി.<br>തിരുവനന്തപുരം |

കോവിഡ് 19 വ്യാപനം 2020 ലെ വിവിധ പരിശീലന പരിപാടികൾക്കും ശിൽപ്പശാലകൾക്കും തടസ്സം സൃഷ്ടിച്ചുവെങ്കിലും ഓൺലൈനായി ഇവ മികച്ച രീതിയിൽ സംഘടിപ്പിക്കുവാൻ കഴിഞ്ഞു.

2020 ലെ കോവിഡ് പശ്ചാത്തലത്തിൽ ഹരിതകേരളം മിഷൻ പ്രവർത്തനങ്ങൾ പ്രചരിപ്പിക്കുന്നതിനായി നിരവധി ഫേസ്ബുക്ക് ലൈവുകൾ സംഘടിപ്പിക്കുകയും അവ ഏറെ ശ്രദ്ധയാകർഷിക്കുകയും  ചെയ്തു. അവ ചുവടെ ചേർക്കുന്നു.

## ഹരിതകർമ്മസേന  ഫേസ്ബുക്ക് ലൈവ്

മാലിന്യ സംസ്കരണത്തിലെ മുഖ്യകണ്ണിയായി മാതൃകാപരമായി പ്രവർത്തിക്കുന്ന നിരവധി ഹരിതകർമ്മസേനകൾ സംസ്ഥാനത്തുണ്ട്. സംരംഭത്തിന്റേയും സേവനത്തിന്റേയും വരുമാനത്തിന്റേയും കാര്യത്തിൽ ഏറെ ശ്രദ്ധേയമായ ഹരിതകർമ്മസേനകൾ നമുക്ക് വഴി കാട്ടുന്നവയായി രംഗത്തുണ്ട്. 2020 ജൂലൈ നാല് മുതൽ എല്ലാ ചൊവ്വ-വ്യാഴാഴ്ചകളിലും രണ്ട് ഹരിതകർമ്മസേന ഗ്രൂപ്പുകളുടെ വീതം ഫേസ്ബുക്ക് ലൈവ് നടന്നു. 26 ഹരിതകർമ്മസേനകൾ ലൈവിൽ പങ്കെടുത്തു. മനോഭാവമാറ്റത്തിനും ശീലവൽക്കരണത്തിനും സമഗ്ര-മാലിന്യ സംസ്കരണ സംവിധാനം വളർത്തുന്നതിലും ഹരിതകർമ്മസേനകൾ നൽകുന്ന നൂതനങ്ങളായ ആശയങ്ങൾ ഹരിതകർമ്മസേനയുടെ അവതരണങ്ങളിലുണ്ടായിരുന്നു. ഇത് മറ്റ് ഹരിതകർമ്മസേനകളുടെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിന് സഹായകരമായി.

### കോവിഡ് കാലത്തും സജീവമായ ഹരിതകർമ്മസേനകൾ ഫേസ്ബുക്ക് ലൈവ് – 2020

| നം | പങ്കെടുത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ | തീയതി |
|---|---|---|
| 1 | വടകര നഗരസഭ-കോഴിക്കോട്<br>തുമ്പമൺ ഗ്രാമപഞ്ചായത്ത്-പത്തനംതിട്ട | ആഗസ്ത് 4, ചൊവ്വ |
| 2 | എരിഞ്ഞോളി ഗ്രാമപഞ്ചായത്ത്-കണ്ണൂർ<br>കുന്ദംകുളം നഗരസഭ-തൃശ്ശൂർ | ആഗസ്ത് 6, വ്യാഴം |
| 3 | ആന്തൂർ നഗരസഭ-കണ്ണൂർ<br>ബേഡുടുക്ക ഗ്രാമപഞ്ചായത്ത്-കാസർഗോഡ് | ആഗസ്ത് 11, ചൊവ്വ |
| 4 | കരുളായി ഗ്രാമപഞ്ചായത്ത്-മലപ്പുറം<br>പുതുപരിയാരം ഗ്രാമപഞ്ചായത്ത്-പാലക്കാട് | ആഗസ്ത് 13, വ്യാഴം |
| 5 | മുട്ടിൽ ഗ്രാമപഞ്ചായത്ത്-വയനാട്<br>ചോറ്റാനിക്കര ഗ്രാമപഞ്ചായത്ത്-എറണാകുളം | ആഗസ്ത് 18, ചൊവ്വ |
| 6 | തളിപറമ്പ നഗരസഭ-കണ്ണൂർ<br>കുമളി ഗ്രാമപഞ്ചായത്ത്-ഇടുക്കി | ആഗസ്ത് 20, വ്യാഴം |
| 7 | വാകത്താനം ഗ്രാമപഞ്ചായത്ത്-കോട്ടയം<br>ക്ലാപ്പന ഗ്രാമപഞ്ചായത്ത്-കൊല്ലം | ആഗസ്ത് 25, ചൊവ്വ |
| 8 | വക്കം ഗ്രാമപഞ്ചായത്ത്-തിരുവനന്തപുരം<br>നീലേശ്വരം നഗരസഭ-കാസർഗോഡ് | ആഗസ്ത് 27, വ്യാഴം |

**ഫേസ്ബുക്ക് വഴി ലൈവായി സംഘടിപ്പിച്ച മറ്റ് പ്രധാന പരിപാടികൾ**

| | | |
|---|---|---|
| 1 | കോവിഡ് കാലത്തെ കൃഷി | 06.04.2020 |
| 2 | കോവിഡ് കാലത്തെ ഗാർഹിക മാലിന്യ സംസ്കരണം | 13.04.2020 |
| 3 | ജലസംരക്ഷണം നാട്ടിലും വീട്ടിലും | 20.04.2020 |
| 4 | കിഴങ്ങുവിളകളുടെ കൃഷി രീതി | 27.04.2020 |
| 5 | സംയോജിത കൃഷിരീതികൾ | 07.05.2020 |
| 6 | വീട്ടുവളപ്പിലെ പച്ചക്കറി കൃഷി | 09.05.2020 |
| 7 | പച്ചത്തുരുത്തും ജൈവവൈവിധ്യവും | 05.06.2020 |
| 8 | തെങ്ങിനൊപ്പം മറ്റുവിളകളുടേയും കൃഷി | 16.06.2020 |
| 9 | മാലിന്യ ശേഖരണം-സംസ്കരണ രംഗത്തെ അറിയേണ്ട കാര്യങ്ങൾ | 02.07.2020 |
| 10 | വടക്കേക്കര ഗ്രാമപഞ്ചായത്ത് തരിശുരഹിത പ്രഖ്യാപനം | 09.08.2020 |
| 11 | മട്ടന്നൂർ നഗരസഭ തരിശുരഹിത ശുചിത്വ നഗരസഭ പ്രഖ്യാപനം | 15.08.2020 |
| 12 | തദ്ദേശ സ്ഥാപനങ്ങളിലെ അധ്യക്ഷരുടെ വീഡിയോ കോൺഫറൻസ് | 22.08.2020 |
| 13 | മീനച്ചിലാർ മീനന്തറയാർ കൊടൂരാർ പുനർസംയോജനം - തോമസ് ഐസക്ക് | 04.09.2020 |
| 14 | ജലഗുണനിലവാര പരിശോധനാ ലാബ് - സംസ്ഥാനതല ഉദ്ഘാടനം | 07.09.2020 |
| 15 | പച്ചത്തുരുത്തുകൾ ഏറ്റവും കൂടുതൽ നിർമ്മിച്ച പഞ്ചായത്തായി കരവാരം ഗ്രാമപഞ്ചായത്ത് | 11.09.2020 |
| 16 | തരിശുരഹരിത ശുചിത്വ ധർമ്മടം പദ്ധതി ഉദ്ഘാടനം | 14.09.2020 |
| 17 | ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത് ശുചിത്വ പദവി പ്രഖ്യാപനം | 16.09.2020 |
| 18 | ടീൻ ഫോർ ഗ്രീൻ കാമ്പയിൻ ഉദ്ഘാടനം - വയനാട് | 17.09.2020 |
| 19 | തഴവ ഗ്രാമപഞ്ചായത്ത് ശുചിത്വ പദവി പ്രഖ്യാപനം | 19.09.2020 |
| 20 | പത്തിയൂർ ഗ്രാമപഞ്ചായത്ത് തരിശുരഹിത പഞ്ചായത്ത് പ്രഖ്യാപനം | 25.09.2020 |

സംസ്ഥാനത്ത് നടപ്പാക്കിയ പച്ചത്തുരുത്തു പദ്ധതിയിൽ മാതൃകാപരമായ പ്രവർത്തനം നടത്തിയവരെ ഉൾപ്പെടുത്തി ഫേസ്ബുക്ക് പരമ്പര സംഘടിപ്പിച്ചു. അവ സംബന്ധിച്ച് വിവരം ചുവടെ ചേർക്കുന്നു.

**പച്ചത്തുരുത്ത് : ഫേസ്ബുക്ക് ലൈവ് 2020**

| | | |
|---|---|---|
| 1 | മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത്-ആലപ്പുഴ<br>പെരിനാട് ഗ്രാമപഞ്ചായത്ത്-കൊല്ലം | സെപ്റ്റംബർ 3, വ്യാഴം |
| 2 | തൃക്കലങ്ങോട് ഗ്രാമപഞ്ചായത്ത്-മലപ്പുറം<br>പൂഞ്ഞാർ ഗ്രാമപഞ്ചായത്ത്-കോട്ടയം | സെപ്റ്റംബർ 8, ചൊവ്വ |
| 3 | കണ്ണപുരം ഗ്രാമപഞ്ചായത്ത്-കണ്ണൂർ<br>ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത്-കൊല്ലം | സെപ്റ്റംബർ 11, വെള്ളി |
| 4 | പുൽപ്പള്ളി ഗ്രാമപഞ്ചായത്ത്-വയനാട്<br>അഴിയൂർ ഗ്രാമപഞ്ചായത്ത്-കോഴിക്കോട് | സെപ്റ്റംബർ 15, ചൊവ്വ |
| 5 | ഏലൂർ നഗരസഭ-എറണാകുളം<br>മലപ്പുറം നഗരസഭ | സെപ്റ്റംബർ 17, വെള്ളി |

| | | |
|---|---|---|
| 6 | പാറശാല ഗ്രാമപഞ്ചായത്ത്-തിരുവനന്തപുരം<br>ഏലപ്പാറ ഗ്രാമപഞ്ചായത്ത്-ഇടുക്കി | സെപ്റ്റംബർ 22, ചൊവ്വ |
| 7 | പൂതക്കുളം ഗ്രാമപഞ്ചായത്ത്-കൊല്ലം<br>മണലൂർ ഗ്രാമപഞ്ചായത്ത്-തൃശ്ശൂർ | സെപ്റ്റംബർ 24, വ്യാഴം |
| 8 | ആര്യാട് ഗ്രാമപഞ്ചായത്ത്-ആലപ്പുഴ<br>കുളനട ഗ്രാമപഞ്ചായത്ത്-പത്തനംതിട്ട | സെപ്റ്റംബർ 29, ചൊവ്വ |
| 9 | കരവാരം ഗ്രാമപഞ്ചായത്ത്-തിരുവനന്തപുരം | ഒക്ടോബർ 1, വ്യാഴം |

### ദേശീയ വെബിനാർ പരമ്പര

കോവിഡ് പശ്ചാത്തലത്തിൽ നടന്ന ദേശീയ വെബിനാർ പരമ്പരയിൽ ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളും ഇടം നേടിയെന്നതും ശ്രദ്ധേയമാണ്. ഈ ദേശീയ വെബിനാറിൽ കൃഷി, ജലസംരക്ഷണം, ശുചിത്വ-മാലിന്യ സംസ്കരണം, പച്ചത്തുരുത്ത്-പരിസ്ഥിതി പുനഃസ്ഥാപനം എന്നിവയുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മികച്ച പ്രവർത്തനങ്ങളാണ് ഉൾപ്പെടുത്തിയത്.

### വെബിനാർ പരമ്പര – അവതരണങ്ങൾ

| ക്രമ നം | വിഷയം | വെബിനാറിൽ അവതരണം നടത്തിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ | തീയതി |
|---|---|---|---|
| 1 | **കൃഷി**<br>സുസ്ഥിര വികസനത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ | 1. തില്ലങ്കേരി ഗ്രാമപഞ്ചായത്ത്, കണ്ണൂർ<br>2. പൂതക്കുളം ഗ്രാമപഞ്ചായത്ത്, കൊല്ലം<br>3. കുന്നന്താനം ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട<br>4. നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത്, തിരുവനന്തപുരം<br>5. കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റി, കാസർഗോഡ്<br>6. ചെങ്കൽ ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം | 2020 ജൂലൈ 4 |
| 2 | **പച്ചത്തുരുത്ത് -**<br>പരിസ്ഥിതി പുനസ്ഥാപനത്തിലെ ഇടപെടലുകൾ | 1. തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്ത്, കാസർഗോഡ്<br>2. ഉദയഗിരി ഗ്രാമപഞ്ചായത്ത്, കണ്ണൂർ<br>3. മീനങ്ങാടി ഗ്രാമപഞ്ചായത്ത്, വയനാട്<br>4. വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത്, ഇടുക്കി<br>5. കുമരകം ഗ്രാമപഞ്ചായത്ത്, കോട്ടയം | 2020 ഒക്ടോബർ 17 |
| 3 | **ജലസംരക്ഷണം-**<br>ജല സംരക്ഷണ മേഖലയിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഇടപെടൽ | 1. പായം ഗ്രാമപഞ്ചായത്ത്, കണ്ണൂർ<br>2. തോളൂർ ഗ്രാമപഞ്ചായത്ത്, തൃശൂർ<br>3. പൂഞ്ഞാർ ഗ്രാമപഞ്ചായത്ത്, കോട്ടയം<br>4. വെളിയം ഗ്രാമപഞ്ചായത്ത്, കൊല്ലം<br>5. കരകുളം ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം<br>6. മലപ്പുറം ബ്ലോക്ക് പഞ്ചായത്ത്<br>7. പത്തനംതിട്ട ജില്ലാപഞ്ചായത്ത് | 2020 ജൂലൈ 11 |
| 4 | **ജലസംരക്ഷണം-**<br>കാട്ടാക്കട നിയോജക മണ്ഡലത്തിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നൂതന ജലസംരക്ഷണ പ്രവർത്തനങ്ങൾ | 1. പള്ളിച്ചൽ ഗ്രാമപഞ്ചായത്ത്<br>2. മാറനല്ലൂർ ഗ്രാമപഞ്ചായത്ത്<br>3. മലയിൻകീഴ് ഗ്രാമപഞ്ചായത്ത്<br>4. കാട്ടാക്കട ഗ്രാമപഞ്ചായത്ത്<br>5. വിളവൂർക്കൽ ഗ്രാമപഞ്ചായത്ത്<br>6. വിളപ്പിൽ ഗ്രാമപഞ്ചായത്ത്<br>7. നേമം ബ്ലോക്ക്പഞ്ചായത്ത്<br>8. വെള്ളനാട് ബ്ലോക്ക് പഞ്ചായത്ത് | 2020 ജൂലൈ 25 |

| | | | |
|---|---|---|---|
| 5 | **ശുചിത്വ-മാലിന്യ സംസ്കരണം** ജൈവ മാലിന്യ സംസ്കരണവും തദ്ദേശ സ്വയം ഭരണ സ്ഥാപന ങ്ങളും | 1. കുന്നംകുളം മുനിസിപ്പാലിറ്റി, തൃശൂർ<br>2. ഏറാമല ഗ്രാമപഞ്ചായത്ത്, കോഴിക്കോട്<br>3. കോതമംഗലം മുനിസിപ്പാലിറ്റി, എറണാകുളം<br>4. ഞീഴൂർ ഗ്രാമപഞ്ചായത്ത്, കോട്ടയം<br>5. ആലപ്പുഴ മുനിസിപ്പാലിറ്റി, ആലപ്പുഴ<br>6. പുനലൂർ മുനിസിപ്പാലിറ്റി, കൊല്ലം<br>7. ആറ്റിങ്ങൽ മുനിസിപ്പാലിറ്റി, തിരുവനന്തപുരം | 2020 ഓഗസ്റ്റ് 1 |
| 6 | **ശുചിത്വ-മാലിന്യ സംസ്കരണം-** അജൈവ മാലിന്യ സംസ്കരണവും തദ്ദേശ സ്വയം ഭരണ സ്ഥാപന ങ്ങളും | 1. തളിപ്പറമ്പ് മുനിസിപ്പാലിറ്റി, കണ്ണൂർ<br>2. വടകര മുനിസിപ്പാലിറ്റി, കോഴിക്കോട്<br>3. കരുളായി ഗ്രാമപഞ്ചായത്ത്, മലപ്പുറം<br>4. ആലക്കോട് ഗ്രാമപഞ്ചായത്ത്, ഇടുക്കി<br>5. ആര്യാട് ഗ്രാമപഞ്ചായത്ത്, ആലപ്പുഴ<br>6. തുമ്പമൺ ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട<br>7. കടയ്ക്കൽ ഗ്രാമപഞ്ചായത്ത്, കൊല്ലം | 2020 ഓഗസ്റ്റ് 15 |
| 7 | **ശുചിത്വ മാലിന്യ സംസ്കരണം-** പെരുമാറ്റവ്യതി യാനത്തിലൂടെ മാലിന്യം കുറ യ്ക്കൽ : തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഗ്രീൻ പ്രോട്ടോ ക്കോൾ അനുഭവ ങ്ങൾ | 1. നീലേശ്വരം മുനിസിപ്പാലിറ്റി, കാസർഗോഡ്<br>2. പടിയൂർ കല്യാട് ഗ്രാമപഞ്ചായത്ത്, കണ്ണൂർ<br>3. ശ്രീകൃഷ്ണപുരം ബ്ലോക്ക്പഞ്ചായത്ത്, പാലക്കാട്<br>4. ആമ്പല്ലൂർ ഗ്രാമപഞ്ചായത്ത്, എറണാകുളം<br>5. ചെന്നീർക്കര ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട<br>6. പെരിനാട് ഗ്രാമപഞ്ചായത്ത്, കൊല്ലം<br>7. തിരുവനന്തപുരം കോർപ്പറേഷൻ | 2020 ഓഗസ്റ്റ് 22 |

## കോവിഡ് കാലത്തെ വിവര വിജ്ഞാന വിനിമയ പ്രവർത്തനങ്ങൾ

സംസ്ഥാനത്ത് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ലോക്ഡൗൺ കാലത്തും വിവിധ വിഷയങ്ങളെ അധിക രിച്ച് ഹരിതകേരളം മിഷന്റെ നേതൃത്വ ത്തിൽ ശ്രദ്ധേയമായ വിവര വിജ്ഞാന വി നിമയ പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. അച്ചടി- ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾക്കു പുറമേ സാമൂഹ്യ മാധ്യമങ്ങളും ഫലപ്രദമായി ഇത്ത രം പ്രചാരണ പ്രവർത്തനങ്ങൾക്ക് പ്രയോ ജനപ്പെടുത്തി. കോവിഡ്ബാധ റിപ്പോർട്ട് ചെയ്ത ദിവസങ്ങളിൽ തന്നെ ബോധവത്കര ണം ലക്ഷ്യമിട്ട് ബ്രേക്ക് ദ ചെയിൻ കാമ്പയി നിന്റെ സന്ദേശങ്ങൾ ഉൾപ്പെടുത്തിയും പ്രചാ രണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു.

വാട്സാപ്പ്, ഇ-മെയിലുകൾ, ഫേസ്ബുക്ക്, വെബ്സൈറ്റ് എന്നിവയാണ് സാമൂഹ്യ മാധ്യ മങ്ങളിൽ പ്രധാനമായും ഉപയോഗിച്ചത്. സാ മൂഹിക അകലം, സാനിറ്റൈസർ ഉപയോഗം, ഹാൻഡ്വാഷും സോപ്പും ഉപയോഗിച്ചുള്ള കൈ കഴുകൽ രീതി, മാസ്ക് ഉപയോഗം, മാസ്ക് നിർമ്മാണം, കോവിഡ്ബാധയുണ്ടാ കാനുള്ള സാധ്യതകൾ, കോവിഡ് മാലിന്യ സംസ്കരണത്തിനുള്ള പൊതുനിർദ്ദേശങ്ങൾ, ലോക്ഡൗൺ കാലം ക്രിയാത്മകമാക്കാനുള്ള പൊതു നിർദ്ദേശം, കോവിഡ് കാലത്ത് പച്ച ക്കറി കൃഷിയിലേർപ്പെടാനുള്ള പ്രചാരണം, ലോക്ഡൗൺ കാലത്ത് വീടുകളിൽ തൈ നടീൽ, മൈക്രോഗ്രീൻ കൃഷിരീതി, ജൈവ കീടനാശിനി നിർമ്മാണം, പാഴ്തുണികളിൽ നിന്നും ഗ്രോബാഗ് നിർമ്മാണം, ലോക്ഡൗൺ കാലത്ത് ജലമിതവിനിയോഗം തുടങ്ങി വൈ വിധ്യമാർന്ന വിഷയങ്ങളിലാണ് ഹരിതകേ രളം മിഷൻ വിവര വിജ്ഞാന വിനിമയ പ്രവർ ത്തനങ്ങൾ നടത്തിയത്. പത്രക്കുറിപ്പുകൾ, ദൃശ്യ ശ്രവ്യ അച്ചടി മാധ്യമങ്ങളിലൂടെയും പബ്ലിക് റിലേഷൻസ് വകുപ്പുവഴിയുള്ള വാർ ത്താവ്യാപനം, ഫേസ്ബുക്ക് പോസ്റ്ററുകൾ, വാട്സാപ്പ് പോസ്റ്ററുകൾ, ഫേസ്ബുക്ക് ലൈവ്, ചെറു വീഡിയോകൾ, ട്രോളുകൾ, മോഷൻ പോസ്റ്ററുകൾ, ബാനറുകൾ, അനി

മേഷനുകൾ, ചോദ്യോത്തര രൂപത്തിലുള്ള ഓഡിയോ ഫയൽ, അതിന്റെ അക്ഷരരൂപം തുടങ്ങിയവയാണ് ഐ.ഇ.സി. പ്രവർത്തനങ്ങൾക്കായി ഉപയോഗിച്ചത്.

ഹരിതകേരളം മിഷന്റെ സംസ്ഥാന ഓഫീസ് കേന്ദ്രീകരിച്ച് കേന്ദ്രീകൃത സംവിധാനത്തിലൂടെയാണ് പ്രധാനമായും ഐ.ഇ.സി. പ്രവർത്തനങ്ങൾ നിർവഹിച്ചത്. എല്ലാ ജില്ലകളിലും പ്രാദേശികമായും ജില്ലാ മിഷന്റെ നേതൃത്വത്തിൽ ഐ.ഇ.സി. പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. കേന്ദ്രീകൃത സംവിധാനത്തിലൂടെയുള്ള പ്രചാരണ പ്രവർത്തനങ്ങൾക്ക് സി-ഡിറ്റിന്റെ സേവനം പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

ആകാശവാണി, എഫ്.എം. റേഡിയോ നിലയങ്ങൾ, ദൂരദർശൻ, സ്വകാര്യ വാർത്താ ചാനലുകൾ എന്നിവയിൽ ഹരിതകേരളം മിഷന്റെ കോവിഡ് പ്രതിരോധ-ജാഗ്രതാ ക്കാലത്തെ പ്രവർത്തനങ്ങൾ സംബന്ധിച്ച വാർത്തകളും റേഡിയോയിലൂടെ പ്രത്യേക പരിപാടിയും വരികയുണ്ടായി.

കോവിഡ് കാലത്ത് വീട്ടുവളപ്പിൽ പച്ചക്കറി കൃഷി, ഗാർഹിക മാലിന്യ സംസ്കരണം, ജലസംരക്ഷണം, കിഴങ്ങുവർഗ്ഗ വിളകളുടെ കൃഷി, സംയോജിത പച്ചക്കറി കൃഷി, എന്നീ വിഷയങ്ങൾ അധികരിച്ച് അതാത് മേഖലകളിലെ വിദഗ്ധരെ പങ്കെടുപ്പിച്ച് ഫേസ്ബുക്ക് ലൈവ് സംഘടിപ്പിച്ചു. ഈ പരിപാടിക്ക് വൻ പ്രതികരണമാണ് ലഭിച്ചത്.

## ശാസ്ത്രീയ മാലിന്യ പരിപാലനത്തിൽ പുതിയ മനോഭാവവും ശീലവും വളർത്താൻ നടന്ന വിവര–വിജ്ഞാന–വ്യാപന പരിപാടികൾ

പൊതുജനങ്ങളിൽ ഒരു പുതിയ ശുചിത്വ സംസ്കാരവും ശീലവും വളർത്തിയെടുക്കാൻ കഴിഞ്ഞു എന്നുള്ളതാണ് ഹരിതകേരളം മിഷന്റെ പ്രധാന നേട്ടങ്ങളിൽ ഒന്ന്. നഗരപ്രദേശങ്ങളിൽ മാത്രം ദിനംപ്രതി നടക്കുന്ന പ്രക്രിയയിൽ നിന്നും സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കും ശാസ്ത്രീയ മാലിന്യ സംസ്കരണത്തിന്റെ സന്ദേശങ്ങൾ ഇന്ന് എത്തിച്ചേർന്നു. വീട്ടിലെ സകല മാലിന്യങ്ങളും ഒരു കവറിൽ കെട്ടി ശേഖരണത്തിന് വരുന്ന ആളുകളുടെ കൈയിൽ കൊടുത്തു വിടുകയും അവർ അത് നിക്ഷേപ കേന്ദ്രങ്ങളിൽ കൊണ്ട് പോയി തള്ളുകയും ചെയ്തിരുന്ന അശാസ്ത്രീയ രീതിയിൽ മാറ്റം വന്നു തുടങ്ങി. ഉപയോഗ ശൂന്യമായ വസ്തുക്കൾ ഉറവിടത്തിൽ തന്നെ അതിന്റെ ഇനം അനുസരിച്ചു പ്രത്യേകം സൂക്ഷിക്കണമെന്ന ഒരു പൊതുബോധം ജനങ്ങളിൽ വളർത്തിയെടുക്കാൻ ഇക്കാലയളവിൽ കഴിഞ്ഞു. അങ്ങനെ ഇനം അനുസരിച്ചു തരം തിരിച്ചാൽ അവ മാലിന്യങ്ങൾ അല്ല മറിച്ചു മറ്റു പല ആവശ്യങ്ങൾക്കും (പുനഃചംക്രമണത്തിന്, റോഡ് ടാറിങ്ങിന്, കൽക്കരി പോലുള്ളവയ്ക്കു പകരമായി ഇന്ധന ആവശ്യങ്ങൾക്ക്) ഉപയോഗപ്പെടുത്താൻ കഴിയുമെന്നും മനസ്സിലാക്കി അതിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്താൻ ഇന്ന് നമുക്ക് കഴിയുന്നുണ്ട്.

## വാർഷിക ശുചീകരണ പ്രവർത്തനങ്ങൾ സാമൂഹിക പങ്കാളിത്തത്തിൽ

ഹരിതകേരളം മിഷൻ പ്രവർത്തനങ്ങൾ വിഭാവനം ചെയ്ത രീതിയിൽ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പാഴ്വസ്തു ശേഖരണ പരിപാലന പ്രവർത്തനങ്ങൾ ആരംഭി ക്കുന്നതിന് ആവശ്യമായ അടിസ്ഥാന ഭൗതികസൗകര്യങ്ങൾ സ്ഥാപിതമാകുന്നതിനുള്ള കാല താമസം മറ്റ് പ്രശ്നങ്ങൾക്ക് ഇടയാക്കാതിരിക്കുന്നതിന് പങ്കാളിത്ത പ്രവർത്തനങ്ങളിലൂടെ മാത്രം സാധ്യമായ ഒന്നാണ് മാലിന്യപരിപാലനം എന്ന് ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനുമായി ഓരോ വർഷവും ബഹുജന പങ്കാളിത്തത്തോടെ



യുള്ള ശുചീകരണ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നടന്നു. ഈ ജനകീയ ശുചീകരണ പരിപാടി ഒരു പ്രവർത്തനാധിഷ്ഠിത വിദ്യാഭ്യാസ പരിപാടി കൂടി ആയിരുന്നു. 2019, 2020 വർഷങ്ങളിലും ശുചീകരണ പ്രവർത്തനങ്ങൾ, ശാസ്ത്രീയ മാലിന്യ പരിപാലനത്തിന്റെ ആവശ്യകതയെകുറിച്ച് ജനങ്ങളിൽ അവബോധമുണ്ടാക്കുന്നതിന് സഹായക മായിട്ടുണ്ട്. ഇതിലൂടെ 9839.8 ടൺ മാലിന്യം സമാഹരിച്ച് സംസ്കരണത്തിനായി കൈമാറി.

## വിദ്യാർത്ഥികളിൽ ശാസ്ത്രീയ മാലിന്യ പരിപാലനത്തിന് അനുരൂപമായി സ്വഭാവ രൂപീകരണം – പെൻസിൽ ക്യാമ്പ് 2019

മാലിന്യ സംസ്കരണത്തിൽ മാലിന്യത്തിന്റെ അളവ് കുറയ്ക്കൽ, ഉറവിടത്തിൽ തരംതിരിക്കൽ, ജൈവമാലിന്യം ഉറവിടത്തിൽ സംസ്കരിക്കൽ എന്നീ ജീവിതശൈലി സമൂഹത്തിന്റെ പൊതു ബോധമാക്കുന്നതിൽ മുഖ്യശക്തിയായി കുട്ടികൾക്ക് പ്രവർത്തിക്കാൻ കഴിയുമെന്ന് മുൻ വർഷത്തെ അനുഭവങ്ങളിൽ നിന്ന് 'പെൻസിൽ 2019' എന്ന കുട്ടികൾക്കായുള്ള അവധിക്കാല ക്യാമ്പുകൾ സംഘടിപ്പിച്ചു.

പെൻസിൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് 4100 റിസോഴ്സ് പേഴ്സൺമാരെ സംസ്ഥാനതലത്തിൽ പരിശീലിപ്പിച്ചു. തുടർന്ന് ഓരോ പഞ്ചായത്ത്/നഗരസഭയിലേക്കുമായി 2000 റിസോഴ്സ് പേഴ്സൺമാരെ പരിശീലിപ്പിച്ചു. ഈ ക്യാമ്പുകളിൽ ഉപയോഗിക്കുന്നതിനും തുടർന്ന് കുട്ടികൾക്ക് തുടർ പ്രവർത്തനത്തിനായി പ്രയോജനപ്പെടുത്താനുമായി ഹരിതനിയമങ്ങൾ സംബന്ധിച്ച് ഒരു കാർട്ടൂൺ പുസ്തകവും തയ്യാറാക്കി നൽകിയിരുന്നു. തുടർന്ന് 12000 ക്യാമ്പുകൾ വാർഡുതലത്തിൽ സംഘടിപ്പിച്ചു. ആറ് ലക്ഷം കുട്ടികൾ ഈ ക്യാമ്പുകളിൽ പങ്കെടുത്തു. കിലയുടെ നേതൃത്വത്തിലാണ് പരിശീലന ക്ലാസ്സുകൾ സംഘടിപ്പിച്ചത്. ആരോഗ്യവകുപ്പ്, ശുചിത്വ മിഷൻ, കുടുംബശ്രീ മിഷൻ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ഏകോപനത്തിലൂടെയാണ് പെൻസിൽ ക്യാമ്പ് ഹരിതകേരളം മിഷൻ സംഘടിപ്പിച്ചത്.

## ക്ലീൻ ക്യാമ്പസ് ഗ്രീൻ ക്യാമ്പസ്

സംസ്ഥാനത്ത് നാഷണൽ സർവ്വീസ് സ്കീം യൂണിറ്റുകൾ പ്രവർത്തിക്കുന്ന 1828 ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി, സ്കൂൾ, കോളേജ് ക്യാമ്പസുകളെ ഹരിതചട്ടപാലനത്തിന്റെയും ശാസ്ത്രീയമായ രീതിയിൽ ഉറവിട ജൈവമാലിന്യ സംസ്കരണ ത്തിന്റേയും അജൈവമാലിന്യങ്ങൾ തരംതിരിച്ച് സൂക്ഷിച്ച് പുനഃചംക്രമണത്തിനായി കൈമാറുകയും ചെയ്യുന്ന ശാസ്ത്രീയ മാലിന്യ പരിപാലനത്തിന്റേയും പാതയിൽ എത്തിക്കുന്നതിനായി നാഷണൽ സർവ്വീസ് സ്കീമിന്റെ സഹകരണത്തോടെ ക്ലീൻ ക്യാമ്പസ് ഗ്രീൻ ക്യാമ്പസ് പരിപാടിയ്ക്ക് തുടക്കം കുറിച്ചു. 2018 ഒക്ടോബർ രണ്ടിന് ആരംഭിച്ച പരിപാടിയ്ക്ക് മുന്നോടിയായി നാഷണൽ സർവീസ് സ്കീമിലെ 1800 പ്രോഗ്രാം ഓഫീസർമാർക്ക് കില വഴി പരിശീലനം നൽകിയിരുന്നു.

പരിപാടിയുടെ ഭാഗമായി മാലിന്യകൂനകൾ നീക്കം ചെയ്ത് പൂന്തോട്ടമാക്കി മാറ്റുക, ജലസ്രോതസുകൾ ശുചീകരിക്കുക, ആവശ്യമുള്ളയിടങ്ങളിൽ കമ്പോസ്റ്റ് കുഴികൾ സജ്ജമാക്കുക, വിവിധ ഉപാധികൾ ഉപയോഗിച്ചുള്ള ജൈവമാലിന്യ സംസ്കരണ രീതികൾ പൊതുജനങ്ങളെ പരിചയപ്പെടുത്തുക, മറ്റ് പ്രചരണ പ്രവർത്തനങ്ങൾ എന്നിവ കൂടാതെ ദത്തെടുത്ത ഗ്രാമങ്ങളിൽ പ്രത്യേക ക്യാമ്പുകൾ സംഘടിപ്പിച്ച് ജനങ്ങളെ ഈ രീതികളൊക്കെയും പരിചയപ്പെടുത്തുക തുടങ്ങിയവയൊക്കെ പരിപാടിയുടെ ഭാഗമായി നടന്നു

## കളക്ടേഴ്സ് @ സ്കൂൾ

വിദ്യാർത്ഥികളിൽ വൃത്തിയുടേയും ശുചിത്വത്തിന്റേയും സംസ്കാരം രൂപപ്പെടുത്തുന്നതിനും മാലിന്യം തരംതിരിച്ച് സംസ്കരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതിനുമായി കളക്ടേഴ്സ് @ സ്കൂൾ എന്ന പദ്ധതി സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളിൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. മാലിന്യം രൂപപ്പെടുന്നതിന്റെ അളവ് കുറയ്ക്കുന്നതിനും വിദ്യാർത്ഥികളുടെ ഇടപെടലിലൂടെ മാലിന്യം തരംതിരിച്ച് സൂക്ഷിച്ച് കൈമാറേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച സന്ദേശങ്ങൾ വീടുകളിൽ എത്തിക്കുന്നതിനും കളക്ടേഴ്സ് @

സ്കൂൾ പദ്ധതിയിലൂടെ കഴിഞ്ഞിട്ടുണ്ട്. ഹരിതകേരളം മിഷന്റെ ശുചിത്വ-മാലിന്യ സംസ്ക്കരണ പ്രവർത്തനങ്ങൾക്ക് സഹായകരമാകത്തക്ക രീതിയിൽ വിദ്യാർത്ഥികളിലൂടെ വീടുകളിലേയ്ക്കും വീടുകളിൽ നിന്ന് സമൂഹത്തിലേയ്ക്കും ശുചിത്വ സംസ്കാരം പ്രചരിപ്പിക്കുന്നതിനും പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. കളക്ടേഴ്സ്@സ്കൂൾ പദ്ധതിയുടെ ഭാഗമായി 238 വിദ്യാലയങ്ങളിൽ ബിന്നുകൾ സ്ഥാപിച്ച് പ്രവർത്തിച്ച് വരുന്നു. 2019-20 സാമ്പത്തിക വർഷത്തിലേയ്ക്ക് 3459 യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കി.

### കലാജാഥ

കുടുംബശ്രീ മിഷന്റെ കലാസംഘടനയായ 'രംഗശ്രീ' വഴി നമ്മുടെ നാട്ടിൽ വീടുകളിലും സ്ഥാപനങ്ങളിലും ഉണ്ടാവുന്ന മാലിന്യങ്ങൾ ശാസ്ത്രീയമായ രീതിയിൽ കൈകാര്യംചെയ്യേണ്ട രീതികളെകുറിച്ച് പൊതുജനങ്ങളിൽ അവബോധം ജനിപ്പിക്കുന്നതിനും ഉറവിടങ്ങളിൽ മാലിന്യം തരംതിരിച്ച് ജൈവമാലിന്യങ്ങൾ കമ്പോസ്റ്റാക്കുകയും, അജൈവമാലിന്യങ്ങൾ ഹരിതകർമ്മസേനയ്ക്കോ പാഴ്വസ്തു വ്യാപാരികൾക്കോ കൈമാറുകയും ചെയ്യുക എന്ന സംസ്ഥാനത്തിന്റെ മാലിന്യ സംസ്കരണ നയം ജനങ്ങളിലേയ്ക്ക് എത്തിച്ച് മാലിന്യ സംസ്കരണം കൂടുതൽ കാര്യക്ഷമമാക്കുക എന്ന ഉദ്ദേശ്യത്തോടെ ശുചിത്വമിഷൻ കുടംബശ്രീ മിഷന് കീഴിലുള്ള 'രംഗശ്രീ' കലാസമിതിയുടെ സഹകരണത്തോടെ സംസ്ഥാനത്തെ മുഴുവൻ മുനിസിപ്പാലിറ്റികളിലും ആറ് വീതവും കോർപ്പറേഷനുകളിൽ 20 വീതവും എന്ന കണക്കിൽ ആകെ സംസ്ഥാനത്തെ നഗര പ്രദേശങ്ങളിൽ 642 കേന്ദ്രങ്ങളിൽ തെരുവ് നാടകങ്ങൾ അവതരിപ്പിച്ചു.

### വിവര – വിജ്ഞാന – വ്യാപന പ്രവർത്തനങ്ങൾ ബഹുജന മാധ്യമങ്ങൾ വഴി

ശാസ്ത്രീയ മാലിന്യ പരിപാലനം, ഉറവിട സ്ഥാനങ്ങളിൽ തന്നെ മാലിന്യങ്ങളുടെ തരംതിരിവ് ഉറപ്പാക്കുക, ഉപഭോഗം കുറച്ചും, വസ്തുക്കൾ ആവർത്തിച്ച് ഉപയോഗിച്ചും പുനഃചംക്രമണ യോഗ്യമായവ പ്രത്യേകം തരംതിരിച്ച് നൽകിയും മാലിന്യോൽപ്പാദനത്തിന്റെ അളവ് കുറയ്ക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി പലവിധ മാർഗ്ഗങ്ങളിലൂടെയും, മാധ്യമങ്ങളിലൂടെയും വ്യാപകമായ പ്രചരണ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്. ആകാശവാണി, എഫ്.എം. റേഡിയോ ചാനലുകൾ, പ്രാദേശിക ടെലിവിഷൻ ചാനലുകൾ, റയിൽവേ സ്റ്റേഷനുകളിലെ പബ്ലിക് അനൗൺസ്മെന്റ് സംവിധാനം, റയിൽവേ സ്റ്റേഷനുകളിലെ ഡിജിറ്റൽ ഡിസ്പ്ലേ സംവിധാനങ്ങൾ, വീഡിയോ പ്രദർശനങ്ങൾ, ബോധവത്ക്കരണ ക്ലാസുകൾ തുടങ്ങിയ പ്രചരണ ഉപാധികളുടെ സാധ്യതകളാണ് ഹരിതകേരളം മിഷനും ശുചിത്വമിഷനും പ്രയോജനപ്പെടുത്തിയിട്ടുള്ളത്.

### ആകാശവാണി വഴിയുള്ള സ്പോൺസേർഡ് പരിപാടി

സംസ്ഥാനത്ത് തദ്ദേശസ്ഥാപനങ്ങൾ നടപ്പിലാക്കി വരുന്ന മാലിന്യ സംസ്കരണത്തിലെ വിജയമാതൃകകൾ പൊതുജനങ്ങളുടേയും മറ്റു തദ്ദേശസ്ഥാപനതല പ്രതിനിധികൾക്കും പരിചയപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെ ശുചിത്വമിഷൻ ആകാശവാണിയിലൂടെ പ്രക്ഷേപണം ചെയ്ത 15 മിനിട്ട് ദൈർഘ്യമുള്ള പരിപാടിയാണ് 'എന്റെ മാലിന്യം എന്റെ ഉത്തരവാദിത്തം'. ആഴ്ചയിൽ മൂന്ന് ദിവസം പ്രക്ഷേപണം ചെയ്ത പരിപാടി 2018 നവംബർ മാസം മുതൽ 2019 ഫെബ്രുവരി ആദ്യവാരം വരെ നീണ്ടു നിന്നു. തിങ്കൾ, ബുധൻ, വെള്ളി ദിവസങ്ങളിൽ രാവിലെ 9 മുതൽ 9.15 വരെ ആയിരുന്നു പ്രക്ഷേപണം. മാലിന്യ പരിപാലനത്തിന്റെ ഭാഗമായി തദ്ദേശസ്ഥാപനങ്ങൾ പിന്തുടരുന്ന വിഭവ പരിപാലന മാർഗ്ഗങ്ങളായ ഹരിതചട്ട പാലനം, പുനഃചംക്രമണത്തിനായി മെറ്റീരിയൽ കളക്ഷൻ കേന്ദ്രങ്ങൾ, റിസോഴ്സ് റിക്കവറി കേന്ദ്രങ്ങൾ ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ തുടങ്ങിയവ ഈ പരിപാടിയിലൂടെ ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിന് സാധിച്ചു.

### ഏകോപയോഗ പ്ലാസ്റ്റിക് വസ്തുക്കളുടെ ഉപയോഗം നിരുൽസാഹപ്പെടുത്തുന്നതിനായുള്ള പ്രചരണം

ഏകോപയോഗ പ്ലാസ്റ്റിക് വസ്തുക്കളുടെ ഉപയോഗം മനുഷ്യനും പ്രകൃതിക്കും ജീവ

ജാലങ്ങൾക്കും ഉണ്ടാക്കുന്ന പ്രതിസന്ധിയെ കുറിച്ച് ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനും 2017 മുതൽ ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ (ഓണത്തോടനുബന്ധിച്ച്) എഫ്.എം. ചാനലുകൾ വഴിയും ശബരിമല ഉത്സവകാലത്തും ആറ്റുകാൽ പൊങ്കാലയോട് അനുബന്ധിച്ചും, എഫ്.എം. ചാനലുകൾ, റയിൽവേ സ്റ്റേഷനുകളിലെ അനൗൺസ്മെന്റ് സംവിധാനങ്ങളിലൂടെയും ഓഡിയോ ജിംഗിളുകൾ വഴിയുള്ള പ്രചരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു. പുറമേ റയിൽവേ സ്റ്റേഷനുകളിലെ ഡിജിറ്റൽ ഡിസ്പ്ലേ ബോർഡുകൾ വഴിയും ജനശതാബ്ദി, വേണാട് എന്നീ ട്രെയിനുകളുടെ കോച്ചുകളുടെ ഉൾവശം പരസ്യബോർഡുകൾ സ്ഥാപിച്ചും പ്രചരണം നടത്തി.

### ആറ്റുകാൽ പൊങ്കാല – റേഡിയോ ജിംഗിൾ പ്രചരണം

ജനലക്ഷങ്ങൾ പങ്കെടുക്കുന്ന ആറ്റുകാൽ പൊങ്കാല മഹോത്സവത്തിൽ ഹരിതചട്ട പാലനം ഉറപ്പാക്കുക എന്ന ഉദ്ദേശലക്ഷ്യത്തോടെ സംസ്ഥാനത്തെ പ്രധാനപ്പെട്ട അഞ്ച് എഫ്.എം ചാനലുകൾ വഴി 2019 മാർച്ച് 11 മുതൽ 20 വരെ 30 സെക്കന്റ് ദൈർഘ്യമുള്ള ഹരിതസന്ദേശങ്ങൾ ദിവസേന 10 തവണകളായി നൽകി. പ്ലാസ്റ്റിക് ക്യാരിബാഗുകൾ, കുപ്പികൾ, ഡിസ്പോസബിൾ ഗ്ലാസുകൾ, പ്ലേറ്റുകൾ തുടങ്ങിയവയുടെ ഉപയോഗം നിയന്ത്രിക്കുന്നതിന് ആളുകൾക്ക് പ്രേരണ നൽകുന്നതിനായിട്ടുള്ള മൂന്ന് ഓഡിയോ ജിംഗിളുകളാണ് ഇതിനായി തയ്യാറാക്കിയിരുന്നത്. ഈ പ്രചരണ പരിപാടി കൂടുതൽ ജനശ്രദ്ധ ആകർഷിക്കുന്നതിനായി എഫ്.എം. ചാനലുകളിലെ അവതാരകർ ഈ ദിവസങ്ങളിൽ ഹരിതചട്ടപാലനം മുഖ്യ ആശയമായി സംവദിക്കുകയും ആറ്റുകാൽ പൊങ്കാലയിൽ ഹരിതചട്ടപാലനം ഉറപ്പാക്കുന്നതിന് സഹായകരമായ സമീപനം സ്വീകരിക്കുകയും ചെയ്തു.

### റയിൽവേ സ്റ്റേഷനുകളിലെ പബ്ലിക് അനൗൺസ്മെന്റ് സംവിധാനം വഴി ഹരിതചട്ട പാലന പ്രചരണം

സംസ്ഥാനത്തിന്റെ വിവിധ പ്രദേശങ്ങളിൽ നിന്നും സംസ്ഥാന തലസ്ഥാനത്തേയ്ക്ക് എത്തിച്ചേരുന്ന ജനലക്ഷങ്ങളിലേയ്ക്ക് ഹരിതചട്ടപാലനത്തിന്റെ സന്ദേശങ്ങൾ എത്തിക്കുന്നതിനും അതുവഴി ഡിസ്പോസബിൾ വസ്തുക്കൾ ഒഴിവാക്കി പ്രകൃതി സൗഹാർദ്ദ രീതിയിൽ പൊങ്കാല ഉൾപ്പെടെയുള്ള ആഘോഷ അനുഷ്ഠാനം ഉറപ്പാക്കുന്നതിനായി റയിൽവേ സ്റ്റേഷനുകളിലെ പബ്ലിക് അനൗൺസ്മെന്റ് സംവിധാനം വഴി ഹരിത സന്ദേശങ്ങൾ പ്രചരിപ്പിച്ചു. ഇതിനായി എഫ്.എം. ചാനലുകൾ വഴി പ്രചരിപ്പിച്ച ഓഡിയോ ജിംഗിളുകളുടെ ചെറു രൂപങ്ങൾ തയ്യാറാക്കി അവ ഉപയോഗപ്പെടുത്തി. 2016 മുതൽ എല്ലാ വർഷവും മാർച്ച് മാസങ്ങളിൽ തിരുവനന്തപുരം മുതൽ കോട്ടയം വരെയുള്ള പ്രധാന റയിൽവേ സ്റ്റേഷനുകളിൽ ഓരോ പബ്ലിക് അനൗൺസ്മെന്റിനൊപ്പവും ഹരിതസന്ദേശങ്ങളും പ്രചരിപ്പിക്കുകയുണ്ടായി.

### റയിൽവേ സ്റ്റേഷനുകളിലെ ഡിജിറ്റൽ ഡിസ്പ്ലേ സംവിധാനങ്ങളിലൂടെ ഹരിതചട്ട പാലന പ്രചരണം

ആചാരാനുഷ്ഠാനങ്ങളും, ആഘോഷങ്ങളും പരിസ്ഥിതി സൗഹൃദമാക്കണമെന്ന ആഹ്വാനത്തോടെ ശബരിമല തീർത്ഥാടന കാലത്ത് തീർത്ഥാടകർ ഡിസ്പോസബിൾ വസ്തുക്കൾ ഒഴിവാക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് സംസ്ഥാനത്തെ പ്രധാനപ്പെട്ട 16 റയിൽവേ സ്റ്റേഷനുകളിൽ ഹരിതചട്ട പാലനം സംബന്ധിച്ച് സ്ലൈഡ് പ്രദർശനം ഒരു മാസത്തേയ്ക്ക് നടത്തി. റയിൽവേ സ്റ്റേഷനു കളിൽ പരസ്യങ്ങൾ പ്രദർശിപ്പിക്കുന്നതിനായി സ്ഥാപിച്ചിട്ടുള്ള ഡിജിറ്റൽ ഡിസ്പ്ലേ ബോർഡുകളിൽ ഒരോ 10 മിനിട്ട് ഇടവേളകളിലും 10 സെക്കന്റ് ദൈർഘ്യമുള്ള ഹരിത സന്ദേശങ്ങളാണ് പ്രദർശിപ്പിച്ചത്.

### റയിൽവേ സ്റ്റേഷനുകളിലെ ടെലിവിഷൻ വഴി ഹരിതചട്ടപാലന പ്രചരണം

ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ റയിൽവേ സ്റ്റേഷനുകളിൽ സ്ഥാപിച്ചിട്ടുള്ള ടെലിവിഷനുകൾ വഴി ശബരിമല തീർത്ഥാടന കാലത്ത് തീർത്ഥാടകർ പ്ലാസ്റ്റിക്കും, മറ്റു ഡിസ്പോസബിൾ വസ്തുക്കളും ഉപേക്ഷിക്കണമെന്ന് ആഹ്വാനം ചെയ്തുകൊണ്ടുള്ള വീഡിയോകൾ പ്രദർശിപ്പിക്കുന്നത് സംബന്ധിച്ച് റയിൽവേ ഡിവിഷണൽ

കൊമേഴ്സ്യൽ മാനേജരുമായി ചർച്ച നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ ഒരു മിനിട്ട് ദൈർഘ്യമുള്ള വീഡിയോ സി-ഡിറ്റിന്റെ സഹായത്തോടെ മലയാളം, തമിഴ് എന്നീ ഭാഷകളിൽ നിർമ്മിച്ച് കേരളത്തിലേയും തമിഴ് നാട്ടിലേയും റയിൽവേ സ്റ്റേഷനുകളിലെ ടെലിവിഷൻ സ്ക്രീനുകളിൽ 2018 മുതൽ തീർത്ഥാടന കാലത്ത് പ്രദർശിപ്പിച്ചു വരുന്നു.

## വിവര – വിജ്ഞാന – വ്യാപന പ്രവർത്തനത്തിന്റെ ഭാഗമായി ലഘുചിത്രങ്ങളുടെ നിർമ്മാണം

ശുചിത്വ മാലിന്യ സംസ്കരണം, ജല സംരക്ഷണം, കൃഷി വ്യാപനം, ഗ്രീൻ പ്രോട്ടോക്കോൾ, പച്ചത്തുരുത്ത് തുടങ്ങിയ വിഷയങ്ങളെ അധികരിച്ച് ഹ്രസ്വ വീഡിയോകൾ നിർമ്മിച്ച് വിവിധ സാമൂഹിക മാധ്യമങ്ങളിലൂടെയും ഹരിതകേരളം മിഷന്റെ വെബ്സൈറ്റിലും ഔദ്യോഗിക യൂട്യൂബ് ചാനലിലും ഫേസ്ബുക്ക് പേജ് വഴിയും പൊതുജനങ്ങളുടെ അറിവിലേയ്ക്കായി ലഭ്യമാക്കി.

**വീഡിയോകൾ**

1. എന്റെ മാലിന്യം എന്റെ ഉത്തരവാദിത്തം
2. ഗ്രീൻപ്രോട്ടോക്കോൾ പാലിച്ച കൊല്ലം ഓച്ചിറ പരബ്രഹ്മ ക്ഷേത്രത്തിലെ ഉത്സവം
3. ഗ്രീൻപ്രോട്ടോക്കോൾ നടപ്പിലാക്കിയ കൊല്ലത്തെ പ്രസിഡന്റ് ട്രോഫി വള്ളം കളി
4. ആരോഗ്യമുള്ള നാടിന് വൃത്തിയുള്ള വീട് ചലഞ്ച്
5. ആരോഗ്യമുള്ള നാടിന് വൃത്തിയുള്ള വീട് ചലഞ്ച് - അനിമേഷൻ വീഡിയോ
6. പാഴായി പോകുന്ന കടലാസുകളിൽ നിന്നും നോട്ടുബുക്ക് ഉണ്ടാക്കാം
7. പാന്റ്സിൽ നിന്നും ഗ്രോബാഗ് നിർമ്മിക്കാം
8. മാസ്കിനെ കുറിച്ച് അറിയേണ്ടതെല്ലാം
9. ലോകാരോഗ്യദിനത്തിൽ വളരെ പ്രധാനപ്പെട്ട ഒരു സന്ദേശം
10. നമുക്കും തുണികൊണ്ടുള്ള മാസ്ക് നിർമ്മിക്കാം
11. ഹരിതഅവാർഡ് –110 വീഡിയോകൾ
12. ഹരിതനഗരി: തിരുവനന്തപുരം കോർപ്പറേഷൻ
13. ശുചിത്വ സംഗമം:ഒരു നിശബ്ദ വിപ്ലവം കേരളത്തിൽ അലയടിക്കുമ്പോൾ - ഡോ. ടി.എം.തോമസ് ഐസക്
14. ശുചിത്വസംഗമം 2020 മുഖ്യമന്ത്രിയുടെ ഉദ്ഘാടന പ്രഭാഷണം
15. പഴയ തുണിയിൽ നിന്നും നിർമ്മിക്കാം മനോഹരങ്ങളായ ബാഗുകൾ, സഞ്ചികൾ, പണസഞ്ചികൾ
16. പ്ലാസ്റ്റിക് കുപ്പിയിൽ നിന്നും ചെരുപ്പ് നിർമ്മിക്കാം
17. പഴയ വസ്ത്രങ്ങളിൽ നിന്നും മൂല്യ വർദ്ധിത വസ്തുക്കൾ നിർമ്മിക്കാം
18. നാടാകെ മാലിന്യങ്ങൾ കൂടി കൂടി വരുമ്പോൾ പെൻസിൽ ശില്പശാല ഗാനം
19. പെൻസിൽ കുട്ടികളുടെ അവധിക്കാല ക്യാമ്പുകൾ signature song
20. പഴയ കോട്ടൺ സാരി ഉപയോഗിച്ച് തോരണം നിർമ്മിക്കാം
21. പഴയ കോട്ടൺ സാരി ഉപയോഗിച്ച് ചവറ്റുകുട്ട നിർമ്മിക്കാം
22. ഉപയോഗം കഴിഞ്ഞ പ്ലാസ്റ്റിക് കുപ്പിയിൽ നിന്നും മൂല്യവർദ്ധിത വസ്തുക്കൾ നിർമ്മിക്കാം
23. ഈ ലോകസഭാ തെരഞ്ഞെടുപ്പിനെ കുറിച്ച് ഗോപിനാഥ് മുതുകാടിന് പറയാനുള്ളത്
24. കേരളം ഹരിത തെരഞ്ഞെടുപ്പിനോടൊപ്പം
25. അഴകേറുന്ന പെരിന്തൽമണ്ണ
26. മട്ടന്നൂർ നഗരസഭ - കണ്ണൂർ ജില്ല
27. മാലിന്യങ്ങൾ കത്തിക്കുന്നതിനും വലിച്ചെറിയുന്നതിനും എതിരായ സന്ദേശങ്ങൾ
28. സംസ്ഥാനത്ത് പിന്തുടരുന്ന വികേന്ദ്രീകൃത മാലിന്യ സംസ്കരണ രീതികളെ കുറിച്ചുള്ള തിരുവനന്തപുരം, ആലപ്പുഴ നഗരസഭകളിലെ മാതൃകകളെ ദേശീയ തലത്തിൽ ഉയർത്തി കാണിക്കുന്നതിനായി നിർമ്മിച്ച 10 മിനിട്ട് ദൈർഘ്യമുള്ള വീഡിയോ.
29. പ്രളയത്തിന് ശേഷം വീടുകളിലേക്ക് തിരികെ എത്തുന്നവർ പാലിക്കേണ്ട മുൻകരുതലുകൾ, മാലിന്യ സംസ്കരണ രീതികൾ തുടങ്ങിയവ പ്രതിപാദിക്കുന്ന വീഡിയോകൾ–10 എണ്ണം.
30. കോവിഡ് കാലത്തെ മാതൃകാപ്രവർത്തന വീഡിയോകൾ.
31. പച്ചത്തുരുത്ത് - 17 വീഡിയോകൾ

32. ഇനി ഞാനൊഴുകട്ടെ-14 വീഡിയോകൾ
33. ജൈവകൃഷിക്കാവശ്യമായ ജൈവവളം, ജൈവകീടനാശിനി തുടങ്ങിയവയെക്കുറിച്ച് - 11 വീഡിയോകൾ.
34. ഹരിതഭവനത്തിലെ മാലിന്യ സംസ്കരണം, കൃഷി, ജലസംരക്ഷണം.

## അനിമേഷൻ വീഡിയോകൾ – ഹരിത ഇലക്ഷൻ

1. വാട്ടർ ഡിസ്പെൻസറും സ്റ്റീൽ ഗ്ലാസ്സും ഉപയോഗിക്കാം. ഡിസ്പോസബിൾ വസ്തുക്കൾ ഒഴിവാക്കാം.
2. ഹരിത ഇലക്ഷനുമായി ബന്ധപ്പെട്ട സംശയങ്ങൾ നിവാരണം ചെയ്യാൻ ഹരിത കേരളം മിഷൻ
3. ഈ തെരഞ്ഞെടുപ്പിൽ പ്രചാരണത്തിനായി പരിസ്ഥിതി സൗഹൃദ വസ്തുക്കൾ ഉപയോഗിക്കാം
4. ഈ ഇലക്ഷനിൽ ഹരിത സന്ദേശമടങ്ങിയ നോട്ടീസുകൾ നൽകാം
5. ഹരിത പ്രചാരണ വാഹനങ്ങളിലാവട്ടെ ഇത്തവണത്തെ ഇലക്ഷൻ പ്രചാരണം
6. ഹരിത ഇലക്ഷനിൽ സ്ഥാനാർത്ഥിയെ എങ്ങനെ സ്വീകരിക്കാം?
7. തുള്ളികൾ-5 എണ്ണം

## വിവര – വിജ്ഞാന – വ്യാപനത്തിനായി അച്ചടിച്ച് പുറത്തിറക്കിയ പ്രസിദ്ധീകരണങ്ങൾ

1. ഹരിത കേരളം പ്രാദേശിക ശുചിത്വ മാതൃകകൾ
2. വായുവും വെള്ളവും മണ്ണും മലിനമാക്കുന്നവർക്കെതിരെ നമുക്ക് കൈകോർക്കാം - കുട്ടികൾക്കായുള്ള കൈപുസ്തകം
3. ഹരിത തെരഞ്ഞെടുപ്പ് 2019 പ്ലാസ്റ്റിക് വിമുക്ത തെരഞ്ഞെടുപ്പ് ഹരിതചട്ടപാലനം സംശയങ്ങളും മറുപടികളും
4. Green Election-Hand book
5. ഹരിത നിയമങ്ങൾ
6. ഹരിതോത്സവം
7. സമഗ്ര മാലിന്യ സംസ്കരണം തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ അനുഭവങ്ങളിലൂടെ പരിശീലന സഹായി
8. ശുചിത്വസംഗമം -പുസ്തകം
9. ഹരിതസമൃദ്ധമാക്കാം നാടും നഗരവും തദ്ദേശ സ്വയംഭരണ സ്ഥാപന ജനപ്രതിനിധികളുടെ നേതൃത്വത്തിൽ ഏറ്റെടുക്കാവുന്ന ഹരിതകേരളം മിഷൻ പ്രവർത്തനങ്ങൾ
10. ജനകീയ ജലഗുണനിലവാര പരിശോധന
11. സർക്കാർ ഉത്തരവുകളും സർക്കുലറുകളും
12. ഹരിത തിരഞ്ഞെടുപ്പ് 2020 ഹരിതചട്ടപാലനം: സംശയങ്ങളും മറുപടികളും
13. അതിജീവനത്തിന്റെ ആയിരം പച്ചത്തുരുത്തുകൾ റിപ്പോർട്ട്
14. ഇനി ഞാനൊഴുകട്ടെ പ്രവർത്തന റിപ്പോർട്ട് (രണ്ടാം ഘട്ടം)
15. POST FLOOD PAMPA RIVER MORPHOLOGY AND THE GROUNDWATER SCENARIO OF THE SELECTED WATERSHEDS
16. Now, let me flow
17. ഹരിതകേരളം മിഷൻ രണ്ടു വർഷത്തെ പ്രവർത്തനങ്ങളുടെ സംക്ഷിപ്ത റിപ്പോർട്ട്
18. ജലസംഗമം 2019 റിപ്പോർട്ട്
19. പച്ചത്തുരുത്ത് കൈപ്പുസ്തകം
20. ഹരിതകേരളം മിഷൻ വാർഷിക റിപ്പോർട്ട് 2018
21. ഹരിതകേരളം മിഷൻ തെളിനീരിന്റെ വിജയഗാഥ ജനകീയ ജലസംരക്ഷണ അനുഭവങ്ങൾ.
22. ഹരിതകേരളം മിഷൻ ജില്ലാ റിപ്പോർട്ടുകൾ - 14 എണ്ണം

- ഹരിത ഓഫീസ് മാർഗ്ഗരേഖ കൈപുസ്തകം - സർക്കാർ ഓഫീസുകളിലെ ഹരിത ചട്ടപാലനത്തിന്റെ ചുമതലയുള്ള നോഡൽ ഓഫീസർമാർക്ക് പരിശീലനം നൽകുന്ന തിനായി 56 പേജുള്ള കൈപുസ്തകത്തിന്റെ 27500 കോപ്പികൾ പ്രസിദ്ധീകരിച്ചു.
- സർക്കാർ ഓഫീസുകൾ, സ്ഥാപനങ്ങൾ, മറ്റു പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിൽ ഹരിതചട്ടപാലന നിർദ്ദേശങ്ങൾ പിന്തുടരേണ്ടതും ഉപേക്ഷിക്കേണ്ടതുമായ ശീലങ്ങളെക്കുറിച്ചുള്ള ഹോർഡിംഗുകൾ, ബോർഡുകൾ, പോസ്റ്ററുകൾ എന്നിവ തയ്യാറാക്കുന്നതിനുള്ള ക്രിയേറ്റീവ് ഡിസൈൻ തയ്യാറാക്കി ലഭ്യമാക്കി. ഇത് സംസ്ഥാനത്തെ ധാരാളം ഓഫീസുകൾ, ആശുപത്രികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പരിശീലന കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ ഇപ്പോൾ പൊതുജനങ്ങൾക്ക് കാണത്തക്കരീതിയിൽ പ്രദർശിപ്പിച്ചിട്ടുമുണ്ട്.
- ഹരിതചട്ടപാലനത്തിൽ പിന്തുടരേണ്ടതും

ഉപേക്ഷിക്കേണ്ടതുമായ ശീലങ്ങളെ കുറിച്ചുള്ള നാല് പേജ് ബ്രോഷർ 5000 കോപ്പി തയ്യാറാക്കി സംസ്ഥാനത്തെ വിവിധ ഓഫീസുകളിൽ ഉദ്യോഗസ്ഥർക്ക് നൽകുന്നതിനും നോട്ടീസ് ബോർഡുകളിൽ പ്രദർശിപ്പിക്കുന്നതിനുമായി ലഭ്യമാക്കി.

## സോഷ്യൽ മീഡിയ വഴിയുള്ള പ്രചരണം

സാമൂഹ്യ മാധ്യമങ്ങൾക്ക് സമൂഹത്തിൽ കൂടിവരുന്ന പ്രാധാന്യവും സ്വാധീനവും കണക്കിലെടുത്ത് ഹരിതകേരളം മിഷന്റേയും ശുചിത്വമിഷന്റെയും ഫേസ്ബുക്ക് പേജ് വഴിയുള്ള സന്ദേശപ്രചരണങ്ങൾ കാര്യക്ഷമമാക്കുന്നതിന് സർക്കാർ സ്ഥാപനമായ സി-ഡിറ്റുമായി സഹകരിച്ച് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. ഈ മേഖലയിൽ ഓരോ ദിവസവും നടക്കുന്ന പുരോഗതികൾ സംബന്ധിച്ചും ആശയ പ്രചരണത്തിന് ഉപകരിക്കുന്ന പോസ്റ്ററുകൾ, വീഡിയോകൾ, കാർട്ടൂണുകൾ, ട്രോളുകൾ തുടങ്ങിയവ തയ്യാറാക്കി നിരന്തരമായി ഫേസ്ബുക്ക് പേജ് വഴി പ്രചരിപ്പിക്കുന്നു. ഫേസ്ബുക്ക് പേജിലെ പല പോസ്റ്ററുകളും വ്യാപകമായി ഷെയർ ചെയ്യപ്പെടുന്നുവെന്നും പേജിലെ പോസ്റ്ററുകൾ ജനശ്രദ്ധ ആകർഷിക്കുകയും ചെയ്യുന്നുണ്ട്. ഹരിതകേരളം മിഷന്റെ ഫേസ്ബുക്ക് പേജ് 97,153 അംഗങ്ങൾ പിൻതുടരുന്നുണ്ട്. സമൂഹ മാധ്യമത്തിലെ പുതിയ ട്രെന്റ് ആയ ട്രോൾ കാമ്പയിനിൽ പങ്കുചേർന്ന് ആകർഷകമായ ട്രോളുകൾ തയ്യാറാക്കി ഫേസ്ബുക്ക് പേജ് വഴി പ്രചരിപ്പിക്കുന്നതിന് ഹരിതകേരളം മിഷന്റേയും ശുചിത്വമിഷന്റെയും സന്ദേശങ്ങൾക്ക് വളരെയധികം ജനശ്രദ്ധ ലഭിക്കുന്നതിന് ഇടയാക്കിയിട്ടുണ്ട്. ഇത്തരം പല ട്രോളുകൾ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ വളരെയധികം ഷെയർ ചെയ്യപ്പെടുകയും പത്രമാധ്യമങ്ങൾ ഉൾപ്പെടെയുള്ളവ അവ സംബന്ധിച്ച് പ്രത്യേക റിപ്പോർട്ട് തയ്യാറാക്കി പ്രസിദ്ധീകരിക്കുകയും ചെയതത് ശാസ്ത്രീയ മാലിന്യ സംസ്കരണത്തിൽ ജനങ്ങളുടെ ഉത്തരവാദിത്തം സംബന്ധിച്ച് ആശയം പ്രചരിപ്പിക്കുന്നതിന് സഹായകകരമായി.

## ഇതര വിവര – വിജ്ഞാന – വ്യാപന പ്രവർത്തനങ്ങൾ

സർക്കാരിന്റെ 1000 ദിനാഘോഷ പരിപാടിയുടെ ഭാഗമായും ഹരിതകേരളം മിഷന്റെ വാർഷികാഘോഷങ്ങളുടെ ഭാഗമായും പ്രാദേശികമായി നടക്കുന്ന പല പരിപാടികളുടേയും ഭാഗമായി ചേർന്നും ജില്ലാ ശുചിത്വമിഷനുകൾ എക്സിബിഷനുകൾ സംഘടിപ്പിച്ചു. ഇതിൽ ശുചിത്വ-മാലിന്യ സംസ്കരണ രംഗത്ത് സംസ്ഥാനത്ത് ഉണ്ടായിട്ടുള്ള പുരോഗതി സംബന്ധിച്ച വിവരങ്ങളും ജനങ്ങൾ പിന്തുടരേണ്ട ശാസ്ത്രീയ രീതികൾ സംബന്ധിച്ച വിവരങ്ങളും ഉറവിട മാലിന്യ സംസ്കരണ മാർഗങ്ങളെക്കുറിച്ചുള്ള പ്രദർശനങ്ങളും ഉൾപ്പെടുത്തിയിരുന്നു.

# 8
# പ്രവർത്തനങ്ങൾ ജില്ലകളിലൂടെ

## തിരുവനന്തപുരം

ജില്ലയിലെ 78 തദ്ദേശ സ്ഥാപനങ്ങളിലായി 10,68,574 വീടുകളും 10,585 സ്ഥാപനങ്ങളും 99150 വ്യാപാര സ്ഥാപനങ്ങളുമാണുള്ളത്. വീടുകളിൽനിന്നും 200456 ടൺ ജൈവ മാലിന്യവും 19259 ടൺ അജൈവ മാലിന്യവും സ്ഥാപനങ്ങളിൽ നിന്നും 98000 ടൺ ജൈവമാലിന്യവും 48600 ടൺ അജൈവ മാലിന്യവും പ്രതിമാസം ഉൽപ്പാദിപ്പിക്കുന്നുണ്ട്. 78 തദ്ദേശ ഭരണ സ്ഥാപനങ്ങളിലും ജൈവമാലിന്യ സംസ്കരണം 50 ശതമാനത്തിനും 80 ശതമാനത്തിനും ഇടയ്ക്ക് നടക്കുന്നു. സ്വന്തമായി ജൈവമാലിന്യ സംസ്കരണ സംവിധാനങ്ങൾ ഇല്ലാത്ത കുടുംബങ്ങൾക്ക് ബയോ ഡൈജസ്റ്റർ പോട്ട്, ബയോകമ്പോസ്റ്റർ, പൈപ്പ് കമ്പോസ്റ്റ്, ബയോഗ്യാസ് പ്ലാന്റ്, കിച്ചൺ ബിൻ, റിംഗ് കമ്പോസ്റ്റ് എന്നിവ നൽകുന്നു. സ്ഥല പരിമിതിമൂലം ഇത്തരം സംവിധാനങ്ങൾ ഉപയോഗിക്കാൻ കഴിയാത്തവർക്കും ഹോട്ടലുകൾ, ചന്തകൾ, അറവുശാലകൾ എന്നിവയിലുമുള്ള ജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുമായി തുമ്പൂർമൂഴി, ബയോഗ്യാസ് പ്ലാന്റ്, വിൻഡ്രോ കമ്പോസ്റ്റിംഗ് സംവിധാനങ്ങളും നടപ്പിലാക്കിയിട്ടുണ്ട്. പൊതുഖര-മാലിന്യ സംസ്കരണത്തിനായി 532 തുമ്പൂർമൂഴി യൂണിറ്റുകളും 83 ബയോഗ്യാസ് പ്ലാന്റുകളും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ പുതുതായി 84 തുമ്പൂർമൂഴി യൂണിറ്റുകളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.



എല്ലാ തദ്ദേശ സ്ഥാപനങ്ങളുടെയും പരിധിയിലുണ്ടായിരുന്ന 90 ശതമാനത്തിലേറെ മാലിന്യ കൂമ്പാരങ്ങൾ മാറ്റുന്നതിനും തൊഴിലുറപ്പു പദ്ധതിയിലൂടെയും അയ്യൻകാളി തൊഴിലുറപ്പിലൂടെയും ജലാശങ്ങളിലെ മാലിന്യം നീക്കി തെളിനീർ ഒഴുക്കുന്നതിനും സാധിച്ചിട്ടുണ്ട്.

അജൈവ മാലിന്യങ്ങൾ ശേഖരിച്ച് സൂക്ഷിക്കുന്നതിനായി 62 സ്ഥിരം എം.സി.എഫുകളും 13 താൽക്കാലിക എം.സി.എഫുകളും 54 മിനി എം.സി.എഫുകളും പ്രവർത്തിക്കുന്നുണ്ട്. എം.സി.എഫുകളിൽ നിന്നും തരംതിരിച്ച അജൈവ മാലിന്യങ്ങൾ ഷ്രഡിംഗും ബെയിലിംഗും നടത്തി ക്ലീൻ കേരള കമ്പനിക്ക് കൈമാറുന്നതിനായി 10 ആർ.ആർ.എഫുകളും പ്രവർത്തിക്കുന്നുണ്ട്.

കരകുളം ഗ്രാമ പഞ്ചായത്തിലും വർക്കല നഗരസഭയിലും തിരുവനന്തപുരം കോർപ്പ

റേഷനിലും കലണ്ടർ അനുസരിച്ചാണ് അജൈവ വസ്തുക്കളുടെ ശേഖരണം നടക്കുന്നത്. മറ്റു തദ്ദേശഭരണ സ്ഥാപനങ്ങളിലും കലണ്ടർ സിസ്റ്റം നടപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം കോർപ്പറേഷനിൽ നാല് ഡ്രൈ വേസ്ററ് കളക്ഷൻ ഹബ്ബുകളും പ്രവർത്തിക്കുന്നു. വർക്കല നഗരസഭയിൽ നിന്നും 86 ടൺ പ്ലാസ്റ്റിക് അജൈവ വസ്തുക്കളും 36 ടൺ കുപ്പിച്ചില്ലും ഗ്ലാസും 26 ടൺ പേപ്പറും പുന:ചംക്രമണത്തിന് കൈമാറാൻ കഴിഞ്ഞു. തിരുവനന്തപുരം കോർപ്പറേഷനിൽ നിന്നും 350 ടൺ പ്ലാസ്റ്റിക്, 460 ടൺ ചില്ലുമാലിന്യം, 22


ഡ്രൈ വേസ്റ്റ് കളക്ഷൻ ഹബ്ബ്

ടൺ ഇ- മാലിന്യം, 128 ടൺ പഴയചെരുപ്പും ബാഗും, എട്ട് ടൺ റബർ മാലിന്യം, അഞ്ച് ടൺ തുണി മാലിന്യം, 0.5 ടൺ മരുന്ന് സ്ട്രിപ്പുകൾ എന്നിവ ശേഖരിച്ച് പുനരുപയോഗത്തിനും പുനഃചംക്രമണത്തിനുമായി കൈമാറിയിട്ടുണ്ട്.

ക്ലീൻ കേരള കമ്പനിയുടെയും സ്വകാര്യ സ്ഥാപനങ്ങളുടെയും സ്ക്രാപ്പ് ഡീലർമാരുടെയും സഹകരണത്തോടെ എം.സി.എഫുകളിലും ആർ.ആർ.എഫുകളിലും ശേഖരിച്ചു വയ്ക്കുന്ന ഷ്രെഡ്ഡ് ചെയ്തതും ബെയിൽ ചെയ്തതും തരംതിരിച്ചതും തരംതിരിക്കാത്തതുമായ അജൈവ മാലിന്യങ്ങൾ കൈമാറ്റം ചെയ്യുന്നു.

ഹരിതകർമ്മസേന അംഗങ്ങൾക്ക് വാർഡുകളിൽ ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ സൂക്ഷിച്ചുവയ്ക്കുന്നതിനായി വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി 1232 മിനി എം.സി.എഫുകളുടെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

78 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലായി 2634 ഹരിതകർമ്മ സേന അംഗങ്ങൾ പ്രവർത്തിക്കുന്നുണ്ട്. മേൽപ്പറഞ്ഞ പ്രവർത്തനങ്ങളെല്ലാം തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ ചെയ്യുന്നത് ഹരിത കർമ്മസേന അംഗങ്ങളാണ്. ഹരിതകർമ്മസേന അംഗങ്ങൾക്ക് യൂസർ ഫീയിൽനിന്ന് കിട്ടുന്ന വരുമാനത്തിനു പുറമെ അധികവരുമാനം ലഭ്യമാക്കുന്നതിനായി കുടുംബശ്രീയുമായി ചേർന്നുകൊണ്ട് സംരംഭ ഗ്രൂപ്പുകൾ ആരംഭിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങളും നടക്കുന്നു. ചെമ്മരുതി പഞ്ചായത്തിൽ കോഫീഹൗസും, ചെറുന്നിയൂർ പഞ്ചായത്തിലെ കാറ്ററിംഗ് യൂണിറ്റും കൂടാതെ ബദൽ ഉൽപ്പന്നങ്ങളായ തുണിസഞ്ചി, പേപ്പർ ബാഗ്, മാസ്ക്ക് എന്നിവ നിർമ്മിക്കുന്ന യൂണിറ്റുകളും ലോഷൻ, സോപ്പ്, പലഹാരങ്ങൾ എന്നിവ നിർമ്മിക്കുന്നതിനുള്ള യൂണിറ്റുകളും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

### ഹരിതകർമ്മസേനയുടെ കഫറ്റേരിയ

ചെമ്മരുതി ഗ്രാമപഞ്ചായത്തിലെ കുടുംബാരോഗ്യകേന്ദ്രത്തിലെ കോമ്പൗണ്ടിലാണ് ഹരിതകർമ്മസേനയുടെ കഫറ്റേരിയ പ്രവർത്തിക്കുന്നത്. വൃത്തിയുള്ളതും ആരോഗ്യദായകവുമായ ഭക്ഷണം വിതരണം ചെയ്തുകൊണ്ട് ഹരിതകർമ്മസേനയുടെ കഫറ്റേരിയ ആശുപത്രി ജീവനക്കാർക്കും രോഗികൾക്കും കൂട്ടിരിപ്പുകാരുടേയും ജനഹൃദയങ്ങളിൽ ഇടം പിടിച്ചു കഴിഞ്ഞു. 17 ഹരിതകർമ്മസേന കുടുംബങ്ങൾക്ക് ഇതുവഴി സ്ഥിരവരുമാനം ഉറപ്പാക്കാൻ കഴിഞ്ഞു. ഗ്രാമപഞ്ചായത്തിന്റേയും കേരള ഗ്രാമീണ ബാങ്കിന്റേയും നടയറ ശാഖയുടേയും സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കിയത്.

ജില്ലയിലെ 78 തദ്ദേശഭരണ സ്ഥാപനങ്ങളിലും അവയുടെ പരിധിയിലുള്ള എല്ലാ സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, ഓഡിറ്റോറിയങ്ങൾ എന്നിവയിലും ഇവിടെ നടക്കുന്ന പൊതു പരിപാടികളിലും എല്ലാം ഹരിതചട്ടം നടപ്പിലാക്കുന്നതിനാവശ്യമായ ബോധവൽക്കരണവും പരിശീലനങ്ങളും നൽകുകയും തുടർപ്രവർത്തനങ്ങൾ നടത്തുകയും ചെയ്തതിന്റെ ഭാഗമായി ഇവിടെയെല്ലാം ഹരിതചട്ടം നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. 2015 ആറ്റുകാൽ പൊങ്കാല കഴിയുമ്പോൾ 450 ടൺ ജൈവമാലിന്യം ഉണ്ടായിരുന്നത് ഫലപ്രദമായി ഗ്രീൻപ്രോട്ടോ

## ജൈവമാലിന്യ സംസ്കരണ രംഗത്തെ ഒരു നൂതന ആശയം

ആറ്റിങ്ങൽ നഗരസഭയിൽ തലമുടിയിൽനിന്നും ചെടികൾക്കുള്ള ടോണിക് നിർമ്മിക്കുന്നതിനായി ഹ്യൂമൺ ഹെയർ കൺവെർട്ടിംഗ് യൂണിറ്റ് പദ്ധതി പൈലറ്റ് പ്രോജക്ട് നടപ്പിലാക്കുന്നതിനുള്ള ആദ്യ ഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. പ്രതിദിനം 50 മുതൽ 100 കിലോ വരെ മുടി സംസ്കരിച്ച് ജൈവവളവും ജൈവകീടനാശിനിയും ഉണ്ടാക്കുന്നതാണ് പദ്ധതി.

ക്കോൾ നടപ്പിലാക്കിയതുമൂലം 2019-ൽ 65 ടണിലേക്ക് ജൈവമാലിന്യത്തിന്റെ തോത് കുറഞ്ഞു, വർക്കല ശിവഗിരി തീർത്ഥാടനം, വാവുബലി, ബീമാപള്ളി ഉറൂസ്, വെട്ടുകാട് പള്ളിതിരുനാൾ തുടങ്ങിയ പ്രധാന ആഘോഷങ്ങളിലും ഹരിതചട്ടം നടപ്പിലാക്കിയതുവഴി ജൈവമാലിന്യത്തിന്റെ അളവ് ഗണ്യമായി കുറയ്ക്കാൻ കഴിഞ്ഞു. കുടുംബശ്രീ യൂണിറ്റുകൾ വഴി സ്റ്റീൽ പ്ലേറ്റുകളും ഗ്ലാസുകളും നൽകിക്കൊണ്ട് വിവാഹം പോലുള്ള ചടങ്ങുകളിൽ ഡിഡ്പോസബിൾ വസ്തുക്കളുടെ ഉപയോഗം കുറയ്ക്കുന്നതിനും അതിലൂടെ വരുമാനം ലഭ്യമാക്കുന്നതിനും സാധിച്ചിട്ടുണ്ട്.

പൊതുസ്ഥലങ്ങളിലും ജലാശയങ്ങളിലും മാലിന്യം വലിച്ചെറിയുകയും കത്തിക്കുകയും ചെയ്യുന്നവർക്കെതിരെയും നിരോധിത പ്ലാസ്റ്റിക് കൈവശം വയ്ക്കുന്നതിനെതിരെയും നിയമനടപടികൾ സ്വീകരിക്കുന്നതിൽ കരകുളം ഗ്രാമപഞ്ചായത്ത് മാതൃകയാണ്. തദ്ദേശ സ്ഥാപനങ്ങൾ നോട്ടീസ് നൽകുകയും തദ്ദേശഭരണ സ്ഥാപനങ്ങൾ നിയമനടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. 450 മാലിന്യ പൈപ്പുകൾ അടയ്ക്കുകയും മലിന ജലം ഒഴുക്കിവിട്ടതിനെതിരെ 37 കേസുകൾ രജിസ്റ്റർ ചെയ്യുകയും 1,20,000 രൂപ പിഴയായി ഈടാക്കുകയും ചെയ്തു. ജില്ലയിൽ ആകമാനം നിയമലംഘനങ്ങൾക്കെതിരെ 3105 കേസുകൾ രജിസ്റ്റർ ചെയ്യുകയും 2811 കേസുകളിലായി 22,44,966 രൂപ പിഴ ഈടാക്കുകയും ചെയ്തു.

ജില്ലയിലെ 28 തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഹരിതകർമ്മസേന വഴിശേഖരിച്ച പ്ലാസ്റ്റിക് മാലിന്യം ആർ.ആർ.എഫ്‌വഴി സംസ്കരിച്ച് റോഡ് ടാറിംഗിനായി ഉപയോഗിച്ചു. ഇത്തരത്തിൽ 27528.707 കിലോ പ്ലാസ്റ്റിക് ഉപയോഗിച്ച് 67.701 കിലോമീറ്റർ ദൂരം ടാർചെയ്തു.

തദ്ദേശ ഭരണസ്ഥാപനങ്ങളുടെ ശുചിത്വ പദവി നിർണ്ണയം സംബന്ധിച്ചു നടത്തിയ വിലയിരുത്തൽ പ്രകാരം നിശ്ചിത ഗ്രേഡ് മാർക്ക് ലഭിച്ച 47 ഗ്രാമപഞ്ചായത്തുകൾക്കും നാല് നഗരസഭകൾക്കും ഒരു കോർപ്പറേഷനും ഉൾപ്പെടെ 52 തദ്ദേശഭരണ സ്ഥാപനങ്ങൾ ജില്ലയിൽ നിന്നും ശുചിത്വപദവിക്ക് അർഹത നേടി.

## സംസ്ഥാനത്തെ ആദ്യ തരിശുരഹിത മണ്ഡലമെന്ന ഖ്യാതി പാറശ്ശാലക്ക് സ്വന്തം

സംസ്ഥാനത്തെ ആദ്യ തരിശുരഹിത മണ്ഡലമായി പാറശ്ശാലയെ പ്രഖ്യാപിച്ചു. മുഖ്യമന്ത്രി പിണറായി വിജയനാണ് പ്രഖ്യാപനം നടത്തിയത്. ഹരിതകേരളം മിഷന്റെ ഭാഗമായി പാറശ്ശാല മണ്ഡലത്തിൽ നടപ്പിലാക്കിയ സമ്പൂർണ തരിശുനിർമാർജന ജൈവ കാർഷിക കർമ്മ പദ്ധതിയായ 'തളിരി'ന്റെ സമ്പൂർണ വിജയ പ്രഖ്യാപനമാണ് മുഖ്യമന്ത്രി



നിർവഹിച്ചത്. സംസ്ഥാനം മുഴുവൻ തരിശുരഹിതമാക്കുക എന്നതിന്റെ ആദ്യ വിജയമാണ് പാറശ്ശാല നിയോജകമണ്ഡലത്തിലേതെന്ന് മുഖ്യമന്ത്രി പറഞ്ഞു.

മണ്ഡലത്തിലെ ഒൻപത് ഗ്രാമപഞ്ചായത്തുകളിൽ വിശദമായ സർവെ നടത്തി കണ്ടെത്തിയ മുഴുവൻ തരിശുഭൂമിയും കൃഷിഭൂമിയാക്കുവാൻ പദ്ധതിവഴി സാധ്യമായി. വിവിധ സർക്കാർ വകുപ്പുകളുടെ കൃത്യമായ ആസൂത്രണത്തിലൂടെയാണ് പദ്ധതി വിജയകരമായി മണ്ഡലത്തിൽ നടപ്പാക്കാനായത്.

## വഞ്ചിയൂർ കോടതി വളപ്പിൽ ശലഭോദ്യാനം ഒരുങ്ങി

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ വഞ്ചിയൂർ കോടതി വളപ്പിൽ ബാർ അസോസിയേഷൻ ഓഫീസിന് സമീപം പച്ചത്തുരുത്തിനായി കണ്ടെത്തിയ 12 സെന്റ് സ്ഥലത്തിൽ ആദ്യഘട്ടം ഒന്നരസെന്റ് സ്ഥലത്ത് നിർമ്മിച്ച ശലഭോദ്യാനത്തിന്റെ ഉദ്ഘാടനം 2020 ഒക്ടോബർ രണ്ടിന് ഹരിതകേരളം സംസ്ഥാന മിഷൻ കൃഷി ടെക്നിക്കൽ ഓഫീസർ ശ്രീമതി ഹരിപ്രിയാദേവി തെറ്റി തൈ നട്ട് നിർവഹിച്ചു.



പ്രസ്തുത പരിപാടിയിൽ മുഖ്യാതിഥിയായി ജില്ലാ ഗവൺമെന്റ് പ്ലീഡർ ആൻറ് പബ്ലിക്ക് പ്രോസിക്യൂട്ടർ അഡ്വ. എ.എ. ഹക്കീം പങ്കെടുത്തു. ബാർ അസോസിയേഷൻ പ്രസിഡന്റ് അഡ്വ. എസ്.എസ്. ബാലു ആനയറ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ അസോസിയേഷൻ സെക്രട്ടറി അഡ്വ. ജി. മുരളീധരൻ സ്വാഗതവും ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ ശ്രീ. ഡി. ഹുമയൂൺ പദ്ധതി വിശദീകരണവും അഡ്വ. വിജു വി.ആർ. (മെമ്പർ, ജില്ലാ ഉപഭോക്തൃ തർക്കപരിഹാര കമ്മീഷൻ) ശ്രീമതി മനീഷ (അയ്യൻകാളി തൊഴിലുറപ്പ് ഓവർസിയർ) ആശംസകൾ അർപ്പിച്ചു സംസാരിച്ചു. അഡ്വ. സെബാസ്റ്റ്യൻ സൈമൺ യോഗത്തിൽ പങ്കെടുത്തവർക്ക് നന്ദി രേഖപ്പെടുത്തി.

# കൊല്ലം

കൊല്ലം ജില്ലയിൽ 73 തദ്ദേശ സ്ഥാപനങ്ങളിലായി 8,74,172 കുടുംബങ്ങൾ ഉണ്ട്. 1613 ഘടക സ്ഥാപനങ്ങളും 1946 കേന്ദ്ര-സംസ്ഥാന സർക്കാർ ഓഫീസുകളും 69,554 ഇതര സ്ഥാപനങ്ങളും ഉൾപ്പെടെ 73,113 സ്ഥാപനങ്ങളുമുണ്ട്. ജില്ലയിൽ 1,697 ടൺ ജൈവമാലിന്യവും 561 ടൺ അജൈവമാലിന്യവും പ്രതിമാസം വീടുകളിൽ ഉൽപ്പാദിപ്പിക്കപ്പെടുന്നു. 2,544 ടൺ ജൈവമാലിന്യവും 120 ടൺ അജൈവമാലിന്യവും സ്ഥാപനങ്ങളിലും ഉൽപ്പാദിപ്പിക്കപ്പെടുന്നു. ജൈവ മാലിന്യം ഉറവിടത്തിൽ സംസ്കരിക്കുന്നതിനുള്ള ഉറവിട മാലിന്യ സംസ്കരണ ഉപാധികൾ തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതിയിലും തൊഴിലുറപ്പ് പദ്ധതിയിലും ഉൾപ്പെടുത്തി നിർമ്മിച്ചുവരുന്നു. ജില്ലയിൽ 70 ശതമാനം തദ്ദേശ സ്ഥാപനങ്ങളിലും 50 ശതമാനത്തിലധികം വീടുകളിൽ ഉറവിടമാലിന്യ സംസ്കരണ ഉപാധികൾ ഏർപ്പെടുത്തുവാൻ സാധിച്ചു. ജില്ലയിൽ 65,154 വീടുകളിൽ ഉറവിടത്തിൽതന്നെ മാലിന്യ സംസ്കരണം നടത്തുന്നുണ്ട്. വരും വർഷങ്ങളിൽ ഇത് 100 ശതമാനത്തിലേക്ക് ഉയർത്താൻ സാധിക്കുമെന്ന് കരുതുന്നു.

പൊതുമാലിന്യ സംസ്കരണത്തിനായി ജില്ലയിൽ 95 എയറോബിക്ക് കമ്പോസ്റ്റ് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ മാർക്കറ്റുകൾ സ്കൂളുകൾ, മറ്റ് പൊതുസ്ഥാപനങ്ങൾ തുടങ്ങിയവയിൽ ജൈവമാലിന്യ സംസ്കരണത്തിനായി 17 ബയോഗ്യാസ് പ്ലാൻറ് ഉപാധികളും ഉണ്ട്.

പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യം തരം തിരിച്ചു ശേഖരിക്കുന്നതിനായി ജില്ലയിലെ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും ഹരിതകർമ്മസേന പ്രവർത്തിക്കുന്നുണ്ട്. ഇവർക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങൾ മുഖേന ഉറപ്പാക്കിയിട്ടുണ്ട്. 50 ശതമാനത്തിലധികം വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ഹരിതകർമ്മസേന പ്ലാസ്റ്റിക്കും മറ്റ് പാഴ്വസ്തുക്കളും ശേഖരിക്കുന്നുണ്ട്. ഹരിതകർമ്മസേന ശേഖരിക്കുന്ന പ്ലാസ്റ്റിക്കും മറ്റ് പാഴ്വസ്തുക്കളും തരം തരിച്ച് സൂക്ഷിക്കുകയും അവ വിൽക്കുന്നതിൽ നിന്നും ലഭിക്കുന്ന വരുമാനം ഹരിതകർമ്മസേനയ്ക്ക് ലഭിച്ചു തുടങ്ങിയിട്ടുമുണ്ട്. എല്ലാ

തദ്ദേശ സ്ഥാപനങ്ങളിലും ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ഹരിതകർമ്മസേന യ്ക്ക് തരംതിരിക്കൽ ഉൾപ്പടെയുള്ള പരിശീ ലനം നൽകിയിട്ടുണ്ട്. അധിക വരുമാനത്തി നായി പുതിയ സംരംഭക യൂണിറ്റുകൾ ആരം ഭിക്കുന്നതിനുള്ള പ്രവർത്തനം കുടുംബശ്രീ മിഷന്റെ നേതൃത്വത്തിൽ നടന്നുവരുന്നു. ഹരിതകർമ്മസേനയ്ക്ക് സ്വന്തം ഓഫീസ് സംവിധാനം ഒരുക്കുന്നതിനുള്ള ക്രമീകര ണവും നടത്തിയിട്ടുണ്ട്. വരും നാളുകളിൽ ഹരിതകർമ്മസേന സംരംഭക യൂണിറ്റുക ളായി മികച്ച പ്രവർത്തനം നടത്തുവാനും മെച്ചപ്പെട്ട പ്രതിഫലം ലഭിക്കുവാനും ഇതു വഴി സാധിക്കും.

1100 ടൺ പ്ലാസ്റ്റിക്ക് മാലിന്യം, 20 ടൺ ഇവേസ്റ്റ്, 8 ടൺ ചില്ല്കുപ്പി, 8 ടൺ ട്യൂബ് ലൈറ്റ്, 6 ടൺ സംസ്കരിക്കാൻ സാധിക്കാത്ത പാഴ്വസ്തു തുടങ്ങിയവ ശേഖരിച്ച് ക്ലീൻ കേരള കമ്പനിക്ക് കൈമാറിയിട്ടുണ്ട്. ഇതിന്



പുറമേ 70 ടൺ ബെയിൽ ചെയ്ത പ്ലാസ്റ്റിക്കും 50 ടൺ ഷ്രെഡ് ചെയ്ത പ്ലാസ്റ്റിക്കും ക്ലീൻ കേരള കമ്പനിക്ക് കൈമാറിയിട്ടുണ്ട്. ജില്ല യിൽ ഏകദേശം 50 കി.മീ. റോഡ് ടാറിംഗി നായി 15,000 കിലോ ഷ്രെഡ് ചെയ്ത പ്ലാസ്റ്റിക്ക് ഉപയോഗിച്ചിട്ടുണ്ട്.

ഹരിതകർമ്മസേന ശേഖരിക്കുന്ന പ്ലാസ്റ്റി ക്കും മറ്റ് പാഴ്വസ്തുക്കളും തരം തിരിച്ചു സൂക്ഷിക്കുന്നതിനായി രണ്ട് ഗ്രാമപഞ്ചായ ത്തുകളൊഴികെ ബാക്കി എല്ലായിടത്തും മെറ്റീരിയൽ കളക്ഷൻ സെന്ററുകൾ തയ്യാറാ യിട്ടുണ്ട്. ഇത് കൂടാതെ വാർഡ് തലത്തിൽ മിനി കളക്ഷൻ സെന്ററുകളും തയ്യാറായി വരുന്നു. ഹരിതകർമ്മസേന ശേഖരിക്കുന്ന ഖരമാലിന്യം വാർഡുകളിൽ തന്നെ മിനി എം.സി.എഫിൽ തരം തരിച്ച് സൂക്ഷിക്കു കയും മിനി എം.സി.എഫ് നിറയുന്ന മുറ യ്ക്ക് ഇവ പഞ്ചായത്തിന്റെ പ്രധാന എം.സി. എഫിലേക്ക് മാറ്റുന്നുണ്ട്. പ്ലാസ്റ്റിക്കും മറ്റ് പാഴ്വസ്തുക്കളും വാർഡുകളിൽ നിന്നും എം.സി.എഫിൽ കൊണ്ട് പോകുന്നതിന് ഹരിതകർമ്മസേനയക്ക് സ്വന്തമായി വാഹന സൗകര്യം ഉണ്ടാക്കാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

**കൊല്ലം ജില്ലയിലെ മാലിന്യ സംസ്കരണ സംവിധാനങ്ങൾ**

| നം. | ഇനം | തദ്ദേശ സ്ഥാപനങ്ങളുടെ എണ്ണം |
|---|---|---|
| 1 | ഹരിതകർമ്മസേന പ്രവർത്തനക്ഷമമായത് | 73 |
| 2 | മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി | 71 |
| 3 | ആർ.ആർ.എഫ് | 13 |
| 4 | പ്ലാസ്റ്റിക്ക് ഷ്രെഡിംഗ് യൂണിറ്റുകൾ | 4 |
| 5 | ഉറവിട മാലിന്യ സംസ്കരണം | 60 % വീടുകളിൽ |

ഹരിതകർമ്മസേന ശേഖരിച്ചു തരം തിരിച്ചു സൂക്ഷിക്കുന്ന പ്ലാസ്റ്റിക് ശാസ്ത്രീ യമായി സംസ്കരിക്കുന്നതിനായി റിസോഴ്സ് റിക്കവറി ഫെസിലിറ്റികൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിൽ മൂന്ന് ആർ.ആർ.എഫ്. അഞ്ചൽ, കൊട്ടാരക്കര, ഇത്തിക്കര ബ്ലോക്കുകളുടെ ഉടമസ്ഥതയിലുള്ളതാണ്. 13 റിസോഴ്സ് റിക്കവറി ഫെസിലിറ്റികൾ ജില്ലയിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ നാല് പഞ്ചാ യത്തുകളിൽ ഷ്രെഡിംഗ്/ബെയിലിംഗ് മെഷീ നുകളും പ്രവർത്തിക്കുന്നുണ്ട്. തരംതിരിച്ച പ്ലാസ്റ്റിക്ക് ബെയിൽ ചെയ്ത് കൈമാറുന്നതി നായി ജില്ലയിൽ 25 പഞ്ചായത്തുകളിൽ ബെയിലിംഗ് മെഷീൻ വാങ്ങുന്നതിനായി പദ്ധതി വിഹിതം വകയിരുത്തിയിട്ടുണ്ട്. ഒരുമാ സത്തിനുള്ളിൽ ബെയിലിംഗ് മെഷീനുകൾ സ്ഥാപിച്ച് കഴിഞ്ഞാൽ ജില്ലയിലെ പ്ലാസ്റ്റിക്ക് സംസ്കരണവും കൈമാറലും സുഗമമാവും. പ്ലാസ്റ്റിക്കിന് പുറമേ ശേഖരിക്കുന്ന മറ്റ് എല്ലാ പാഴ്വസ്തുക്കളും എം.സി.എഫ്/ആർ.ആർ.

എഫിൽ തരംതിരിച്ച് സൂക്ഷിക്കുകയും ക്ലീൻ കേരള കമ്പനിയ്ക്കും മറ്റ് അംഗീകൃത ഏജൻസികൾക്ക് കൈമാറുന്ന സംവിധാനവും നിലവിലുണ്ട്.

ജില്ലയിൽ ഗ്രീൻ പ്രോട്ടോക്കോൾ കർശനമായി പാലിച്ച് വരുന്നു. പ്ലാസ്റ്റിക്ക് നിരോധനം നടപ്പിലാക്കിയതോടുകൂടി കനം കുറഞ്ഞ കവറുകളുടെയും ഒറ്റതവണ ഉപയോഗിച്ച് വലിച്ചെറിയുന്ന ഉൽപ്പന്നങ്ങളുടെയും ഉപയോഗം ഒഴിവാക്കാൻ ഒരുപരിധി വരെ സാധിച്ചു. ജില്ലയിൽ വിവാഹം ഉൾപ്പടെയുള്ള മറ്റ് ആഘോഷങ്ങളിലും പരമാവധി സർക്കാർ ഓഫീസുകളിലും ഹരിതചട്ടം പാലിക്കുന്നുണ്ട്. ഉത്സവം പോലുള്ള ആഘോഷങ്ങളിൽ ഹരിതചട്ടം പാലിക്കുന്നതിനായി ഹരിതകർമ്മസേന ശക്തമായ ഇടപെടലുകളാണ് നടത്തിക്കൊണ്ടിരിക്കുന്നത്.

മാലിന്യം അലക്ഷ്യമായി കൈകാര്യം ചെയ്യുന്നവർക്കെതിരെ നിയമനടപടികൾ കർശനമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്ന പ്രവർത്തനവും തദ്ദേശ സ്ഥാപനങ്ങളിൽ പുരോഗമിച്ച് വരുന്നു.

ഹരിതകർമ്മസേനയ്ക്ക് പരിശീലനം നൽകുന്നതിനും ഹരിതകർമ്മസേനയുടെ വരുമാനം സുരക്ഷിതമാക്കുന്നതിനും തദ്ദേശ സ്ഥാപനങ്ങളിലെ മാലിന്യ സംസ്കരണ സംവിധാനങ്ങൾ നോക്കി നടത്തുന്നതിനും മറ്റുമായി 13 ക്ലസ്റ്ററുകളിലായി മാലിന്യ സംസ്കരണത്തിൽ സാങ്കേതിക പരിജ്ഞാനമുള്ള ഹരിത സഹായ സ്ഥാപനങ്ങളെ നിയമിച്ചിട്ടുണ്ട്.

**ശുചിത്വ പദവി പ്രഖ്യാപനം**

| | |
|---|---|
| ഗ്രാമപഞ്ചായത്ത് | 49 |
| നഗരസഭ | 5 |
| **ആകെ** | **54** |
| ബ്ലോക്ക് പഞ്ചായത്ത് | 4 |

## കുളങ്ങൾ പുനരുജ്ജീവിപ്പിച്ച് കൊല്ലം

കൊല്ലം ജില്ലയിലെ കൊല്ലം മുനിസിപ്പൽ കോർപ്പറേഷനിലെ രണ്ടു കുളങ്ങളും കൊറ്റങ്കര ഗ്രാമപഞ്ചായത്തിലെ ഒരു കുളവും ഫയർ ഫോഴ്സിന്റെ സഹായത്തോടെ പുനരുജ്ജീവിപ്പിച്ചു. ആവർത്തിച്ച് ശ്രമിച്ചിട്ടും കരാറുകാർ ഏറ്റെടുക്കാൻ തയ്യാറാകാതിരുന്നതും മാലിന്യം നിറഞ്ഞതും ആഴമേറിയതുമായ കൊല്ലം



കുളം പുനരുജ്ജീവനത്തിന് മുമ്പും ശേഷവും



കോർപ്പറേഷനിലെ മാക്രിയില്ലാ കുളം, കൊച്ചു കുളം, കൊറ്റങ്കര ഗ്രാമപഞ്ചായത്തിലെ പണ്ടാരക്കുളം എന്നിവയാണ് 2020 ജൂലൈ മാസത്തിൽ ശുചീകരിച്ചത്. ഫയർഫോഴ്സ് രൂപം നൽകിയ സന്നദ്ധസേനയായ സിവിൽ ഡിഫൻസ് സേനയിലെ 35 പേരും കൊല്ലം ഫയർഫോഴ്സ് ആസ്ഥാനത്തെ ആഫീസർമാർ ഉൾപ്പെടെയുള്ള മുഴുവൻ പേരും ഹരിതകേരളം മിഷൻ പ്രവർത്തകരും ഉൾപ്പെടെ നൂറോളം പേരുടെ കഠിന പ്രയത്നത്തിലൂടെയാണ് ഇവയുടെ പുനരുജ്ജീവനം സാധ്യമായത്.

# പത്തനംതിട്ട

## മനോഹരിതം

ലോക്ക് ഡൗൺ ദിനങ്ങൾ പരമാവധി കുട്ടികൾക്കും മുതിർന്നവർക്കും പ്രയോജനകരമാക്കി തീർക്കുക എന്ന ലക്ഷ്യത്തോടെ പത്തനംതിട്ട ജില്ലയിൽ ഹരിതകേരളം മിഷൻ മുന്നോട്ടു വച്ച ആശയമാണ് മനോഹരിതം എന്ന കാമ്പയിൻ. പത്തനംതിട്ട ജില്ലയിൽ സ്ഥിതി ചെയ്യുന്ന സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ കുട്ടികളെയാണ് കാമ്പയിൻ ഭാഗമാക്കിയത്. ഇതിനായി ജില്ലയിലെ തിരഞ്ഞെടുക്കപ്പെട്ട 50 സ്കൂളുകളിലെ അധ്യാപകരെ ഉൾപെടുത്തികൊണ്ട് ഒരു വാട്സ്ആപ്പ് ഗ്രൂപ്പ് ഉണ്ടാക്കുകയും അതിൽ 144 പ്രതിനിധികളെ ഉൾപ്പെടുത്തുകയും ചെയ്തു. ഹരിത



കേരളം മിഷന്റെ നേതൃത്വത്തിൽ നിർമ്മിച്ച മനോഹരിതം കാമ്പയിൻ ലോഗോ ജില്ലാ കളക്ടർ ശ്രീ. പി.ബി. നൂഹ് പ്രകാശനം ചെയ്തതോടെ കാമ്പയിൻ തുടക്കമായി.

ലോക്ക്ഡൗൺ കാലങ്ങളിൽ വീടുകളിൽ ഓൺലൈൻ ക്ലാസ്സുകളുടെ വിരസതയിൽ കുട്ടികൾ ഒറ്റപ്പെടാതെ മണ്ണിനെയും പ്രകൃതിയെയും സ്വയം മനസ്സിലാക്കാൻ ഓരോ കുട്ടിയേയും സഹായിക്കുക എന്ന ആശയം ഉൾക്കൊണ്ട് ആണ് മനോഹരിതം ആരംഭിച്ചത്. കൃഷി, ജലസംരക്ഷണം, മാലിന്യ സംസ്കരണം എന്നീ കാര്യങ്ങൾ കുട്ടികൾക്ക് നേരിട്ട് അറിയുക അത് ശീലമാക്കുക എന്ന ലക്ഷ്യത്തോടെ മൂന്ന് ഹാഷ്ടാഗ് കാമ്പയിനുകൾ മനോഹരിതത്തിന്റെ ഭാഗമായി സംഘടിപ്പിച്ചു.

ഓരോ കുട്ടിയും സ്വന്തം വീടുകളിൽ ചെയ്യുന്ന ജൈവ കൃഷി അതിന്റെ തുടക്കം മുതൽ വിളവെടുക്കുന്നത് വരെ ഉള്ള ചിത്രങ്ങൾ, വീഡിയോകൾ എന്നിവ 'തുരത്താം കോവിഡിനെ വിതക്കാം ഈ മണ്ണിൽ' എന്ന ഹാഷ്ടാഗിൽ ഫേസ്ബുക്കിലൂടെ മനോഹരിതം കാമ്പയിനിലൂടെ മറ്റുള്ളവർക്ക് പരിചയപ്പെടുത്തുകയും ചെയ്തു.

തുടർന്ന് my home clean home ചലഞ്ചിലൂടെ സ്വന്തം വീട്ടിലെ മാലിന്യ സംസ്കരണ രീതി മറ്റുള്ളവർക്ക് പരിചയപെടുത്താനും ജൈവ അജൈവ വസ്തുക്കളുടെ തരം തിരിക്കൽ മാലിന്യ സംസ്കരണത്തിന്റെ ആവശ്യകത എന്നിവ സ്വയം പഠിക്കാനും സാധിച്ചു. സ്വന്തം വീട്ടിലെ മാലിന്യ സംസ്കരണ രീതി ചെറുകുറിപ്പുകളായും വിഡിയോകളായും 'my home clean home' എന്ന ഹാഷ്ടാഗിൽ പോസ്റ്റ് ചെയ്ത് ഒപ്പം നൂറിൽ എത്രമാർക്ക് സ്വന്തം വീട്ടിലെ മാലിന്യ സംസ്കരണത്തിന് നൽകാൻ കഴിയും എന്ന്

### ദേവഹരിതം

ഹരിതകേരളം മിഷനും, തിരുവിതാംകൂർ ദേവസ്വം ബോർഡും സംയുക്തമായി ചേർന്ന് ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിലെ തരിശ് ഭൂമിയിൽ കൃഷിയുടെ പച്ചപ്പ് ഒരുക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ദേവഹരിതം പദ്ധതിക്ക് പത്തനംതിട്ട ജില്ലയിൽ 2020 മേയ് 25 ന് തുടക്കമായി. ജില്ലയിൽ പത്ത് ക്ഷേത്രങ്ങളിൽ ആണ് പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചത്.

ഒന്നാം ഘട്ടത്തിൽ തിരുവല്ല ശ്രീ വല്ലഭ മഹാദേവർ ക്ഷേത്രം, ഓമല്ലൂർ ഉഴുവത്ത് ദേവീക്ഷേത്രം, കൊടുമൺ ശ്രീ മേജർ വൈകുണ്ഠപുരം ക്ഷേത്രം എന്നിവിടങ്ങളിൽ ദേവഹരിതം പദ്ധതി നടപ്പാക്കി.

രണ്ടാം ഘട്ടത്തിൽ അങ്ങാടിക്കൽ ശ്രീ പെരുമള്ളതളി മഹാദേവർ ക്ഷേത്രം, ദേവസ്വം ബോർഡ് യു.പി. സ്കൂൾ അങ്ങാടി ക്കൽ, ആറന്മുള പുന്നംതോട്ടം ക്ഷേത്രം എന്നിവിടങ്ങളിലാണ് ദേവഹരിതം പദ്ധതി നടപ്പാക്കിയത്.

തദ്ദേശ സ്വയംഭരണ വകുപ്പ്, കൃഷി ഡിപ്പാർട്ട്മെന്റ് തുടങ്ങി വിവിധ വകുപ്പുകളുടെ ഏകോപനം കൊണ്ടാണ് പദ്ധതി നടപ്പാക്കിയത്. പത്തനംതിട്ട ജില്ലയിൽ



ഏകദേശം 2.9 ഏക്കറോളം തരിശ് ഭൂമിയിൽ കൃഷി ഇറക്കാൻ ദേവഹരിതം പദ്ധതിയിലൂടെ സാധിച്ചു. കൃത്യമായ മോണിറ്ററിങ് സംവിധാനം ഉറപ്പുവരുത്തിയാണ് ഹരിതകേരളം മിഷൻ ദേവഹരിതം പ്രാവർത്തികമാക്കിയത്.



കണ്ടെത്തി കാരണങ്ങൾ സഹിതം ഹാഷ്ടാഗിൽ പോസ്റ്റ് ചെയ്തു. ഇനി നൂറിലെത്താൻ എത്ര പരിശ്രമിക്കണം എന്നും സ്വയം വിലയിരുത്തൽ നടത്തി. ഒപ്പം മറ്റുള്ളവരെ ഇതിന്റെ ഭാഗമാകാൻ ചലഞ്ച് ചെയ്യാനും മനോഹരിതം വഴി അവസരം ഒരുക്കി. വേനൽ മഴ ആരംഭിച്ചതോടെ ജലക്ഷാമം പരിഹരിക്കാനായി കുട്ടികളുടെ നേതൃത്വത്തിൽ നടന്ന മഴക്കുഴി നിർമ്മാണവും കാമ്പയിൻ ഭാഗമായി.

തുടർന്ന് 2020 ജൂൺ 5 പരിസ്ഥിതി ദിനത്തോട് അനുബന്ധിച്ചു നടന്ന ഒരു കോടി ഫലവൃക്ഷ തൈകൾ നടുന്ന ബഹു. മുഖ്യമന്ത്രിയുടെ പരിപാടിയുടെ ഭാഗമാകാൻ മനോഹരിതം വഴി കുട്ടികൾക്ക് അവസരം നൽകി. ഓരോ കുട്ടിയും കുറഞ്ഞത് അഞ്ച് ഫലവൃക്ഷ തൈകൾ ഉൽപ്പാദിപ്പിക്കാനും അവയുടെ വളർച്ച നിരീക്ഷിക്കാനും നിർദേശിച്ചു. ഉൽപ്പാദിപ്പിച്ച ഫലവൃക്ഷ തൈകൾ ജൂൺ അഞ്ച് പരിസ്ഥിതി ദിനത്തിൽ കുട്ടികൾ സ്വന്തം വീടുകളിൽ നട്ടു. ഓരോ ദിവസത്തെയും പ്രവർത്തനം വാട്സ്ആപ്പ് ഗ്രൂപ്പ് വഴി അതാത് സ്കൂൾ പ്രതിനിധികൾ പങ്കുവെക്കുകയും ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ വേണ്ട നിർദേശങ്ങൾ നൽകുകയും ചെയ്തു.

ലോക്ക്ഡൗൺ ദിനങ്ങൾ വെറും നാലു ചുമരുകൾക്കുള്ളിൽ ഒതുക്കാതെ മണ്ണിനെ തൊട്ടറിഞ്ഞു ജീവിക്കാൻ ഓരോ കുട്ടിക്കും അവസരം ഒരുക്കാൻ മനോഹരിതം വഴി കഴിഞ്ഞു. കൃഷി, മാലിന്യ സംസ്കരണം, ജല സംരക്ഷണം എന്നീ മേഖലകളിൽ എന്തെല്ലാം മാറ്റങ്ങൾ സ്വയം സൃഷ്ടിക്കാൻ കഴിയും എന്ന് പുതുതലമുറക്ക് മനസ്സിലാക്കാൻ സാധിച്ചു. ഒഴിവ് ദിനങ്ങൾ നൂറു ശതമാനം ഫലപ്രദമായി ഉപയോഗിക്കുവാനും മനോഹരിതം കാമ്പയിൻ വഴി സാധിച്ചു.

### ശുചിത്വ – മാലിന്യ പ്രവർത്തനങ്ങൾ

53 ഗ്രാമപഞ്ചായത്തുകളും നാല് നഗരസഭകളുമായി സ്ഥിതിചെയ്യുന്ന പത്തനംതിട്ട ജില്ലയിൽ 3,22,684 വീടുകളും 51702 സ്ഥാപനങ്ങളുമാണ് ആകെയുള്ളത്. ഇതിൽ 121242 വീടുകളിൽ ജൈവമാലിന്യ ഉറവിട മാലിന്യ സംസ്കരണ സംവിധാനം നിലവിലുണ്ട്. 4868 സ്ഥാപനങ്ങൾക്ക് ജൈവമാലിന്യത്തിന് ഉറവിട മാലിന്യ സംസ്കരണ സംവിധാനം നിലവിലുണ്ട്. ജൈവമാലിന്യ സംസ്കരണത്തിന് പൊതു സംവിധാനം എന്ന നിലയിൽ 21 കമ്മ്യൂണിറ്റി കമ്പോസ്റ്റ് യൂണിറ്റുകളും (15.95 ടൺ കപ്പാസിറ്റി) 6 ബയോഗ്യാസ് പ്ലാന്റുകളും ജില്ലയിലുണ്ട്.

50 ഗ്രാമപഞ്ചായത്തുകളിലും 4 നഗരസഭകളിലും ഹരിത കർമ്മസേന പ്രവർത്തനക്ഷമമാണ്. ഇതിലൂടെ 1445 കുടുംബങ്ങൾ ഉപജീവനം കണ്ടെത്തുന്നുണ്ട്. തുമ്പമൺ, ചെന്നീർക്കര, കുളനട എന്നീ പഞ്ചായത്തുകൾ മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന സ്ഥലങ്ങളാണ്.

### കുപ്പണ്ണൂർ തീരം മാലിന്യത്തിൽ നിന്ന് മലർവാടിയിലേക്ക്

ഒന്നര വർഷം മുമ്പ് യാത്രക്കാരും നാട്ടുകാരും മൂക്കു പൊത്തി നടന്ന സ്ഥലം ഇന്ന് കുളിർകാറ്റ് വീശുന്ന ഉദ്യാനമായി മാറി. കുളനട ഗ്രാമപഞ്ചായത്തിലെ ഏറ്റവും വലിയ മാലിന്യ കൂമ്പാരമായിരുന്ന കുപ്പണ്ണൂർ പുഞ്ച ഹരിത കർമ്മസേനാംഗങ്ങൾ, കുടുംബശ്രീ, സന്നദ്ധ പ്രവർത്തകർ എന്നിവരുടെ നേതൃത്വത്തിൽ കാടും മാലിന്യങ്ങളും നീക്കം ചെയ്ത് പൂന്തോട്ടം നിർമ്മിക്കുകയും കുട്ടികൾക്കായി പാർക്ക് സ്ഥാപിക്കുകയും ചെയ്തു. മാലിന്യം വലിച്ചെറിയുന്നവരെ കണ്ടെത്താൻ വേണ്ടി നിരീക്ഷണ ക്യാമറയും ഇവിടെ സജ്ജമാക്കിയിട്ടുണ്ട്.

32 സ്ഥിരം എം.സി.എഫുകളും 21 താൽ ക്കാലിക എം.സി.എഫുകളും 46 മിനി എം.സി.എഫുകളും കൂടാതെ പന്തളം-ഇള ന്തൂർ ബ്ലോക്കുകളുടെ നേതൃത്വത്തിൽ രണ്ട് ആർ.ആർ.എഫുകളും പ്രവർത്തിക്കുന്നുണ്ട്. 30 ടൺ പ്ലാസ്റ്റിക് കഴിഞ്ഞവർഷം പൊടിക്കു കയും ഇതിൽ 15 കി.മീ. റോഡ് നിർമ്മിക്കു കയും ചെയ്തു. പൊടിച്ച പ്ലാസ്റ്റിക് വിറ്റതുവഴി 300000/- രൂപ ലഭിക്കുകയുണ്ടായി. ഇതിലൂടെ 10 ശതമാനം ബിറ്റുമിൻ ലാഭിക്കുകയുണ്ടായി. (10.8 ടൺ)

### ശുചിത്വ പദവി പ്രഖ്യാപനം

| | |
|---|---|
| ഗ്രാമപഞ്ചായത്ത് | 35 |
| നഗരസഭ | 2 |
| ബ്ലോക്ക് | 2 |
| **ആകെ** | **39** |

## നൂതന പ്രവർത്തനങ്ങൾ

പത്തനംതിട്ട ജില്ലയിലെ പമ്പാ നദീതീ രത്ത് നടക്കുന്ന മാരാമൺ കൺവൻഷനും ചെറുകോൽപ്പുഴ കൺവെൻഷനും ജന ങ്ങൾ ഒത്തുചേരുന്ന വലിയ കേന്ദ്രങ്ങളാണ്. അതേപോലെ തന്നെ പ്രധാനപ്പെട്ട ഒന്നാണ് മഞ്ഞനിക്കര പെരുന്നാൾ. ജനങ്ങൾ ഏറെ എത്തുന്നതിനാലും കൺവൻഷന്റെ ഭാഗമായി കച്ചവടസ്ഥാപനങ്ങളുടെ എണ്ണത്തിലുണ്ടാ വുന്ന വർദ്ധനവിനാലും ഈ സ്ഥലങ്ങളിൽ സൃഷ്ടിക്കപ്പെടുന്ന മാലിന്യത്തിന്റെ അളവ് വളരെ കൂടുതലാണ്. ഉത്സവാഘോഷങ്ങളിൽ ഈ കേന്ദ്രങ്ങളിലെല്ലാം ഹരിതചട്ടം ഫലപ്രദ മായി നടപ്പിലാക്കുന്നുണ്ട്.

### പ്ലാസ്റ്റിക്കിന് വിട; ഉളനാട് ഹരിതഗ്രാമമാകുന്നു

കുളനട ഗ്രാമപഞ്ചായത്തിനെ മാലിന്യ വിമുക്തമാക്കുന്നതിന്റെ ആദ്യ പടിയായി ഉളനാട് വാർഡിലെ കുടുംബശ്രീ പ്രവർ ത്തകർ, എൻ.എസ്.എസ്. വോളന്റിയേഴ്സ്, രാഷ്ട്രീയ-മത സംഘടനകളിൽ ഉള്ളവർ, ഹരിതകർമ്മസേനാംഗങ്ങൾ എന്നിവരുടെ നേതൃത്വത്തിൽ വാർഡ് മുഴുവൻ ശുചീക രിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് രഹിത ഗ്രാമ മാക്കി പ്രഖ്യാപിച്ചു.

### ചെറുകോൽപ്പുഴ ഹിന്ദുമത സമ്മേളനം

2020 ഫെബ്രുവരിയിൽ നടന്ന ചെറു കോൽപ്പുഴ ഹിന്ദുമത സമ്മേളനം ഹരിതചട്ടം പാലിച്ചുകൊണ്ടാണ് നടത്തിയത്. ഹരിത ചട്ടം പാലിക്കുന്നതിന്റെ ഭാഗമായി സമ്മേള നത്തിലുടനീളം പ്രകൃതി സൗഹൃദ ബോർ ഡുകളും ബാനറുകളും ഉപയോഗിക്കുകയും ഓരോ തരത്തിലുമുള്ള മാലിന്യങ്ങൾ നിക്ഷേ പിക്കുന്നതിന് പ്രത്യേകം ബിന്നുകൾ സ്ഥാപി ക്കുകയും ചെയ്തു. മാലിന്യം ശേഖരിക്കു ന്നതിനും തരംതിരിക്കുന്നതിനുമായി ഹരിത കർമ്മ സേനാംഗങ്ങളെ ചുമതലപ്പെടുത്തി. ഹരിതചട്ടം പാലിക്കുന്നതിന് മുമ്പ് നടന്ന സമ്മേളനങ്ങളിൽ ഏകദേശം 12 ലോഡ് മാലിന്യങ്ങൾ വീതം ഇവിടെ നിന്നും നീക്കം ചെയ്തിരുന്നു. എന്നാൽ ഹരിതചട്ടം പാലിച്ചു നടത്തിയ ശേഷം അത് മൂന്നര ലോഡ് മാലി ന്യങ്ങളായായി കുറഞ്ഞു.

### മാരാമൺ കൺവെൻഷൻ

2020 ഫെബ്രുവരിയിൽ തന്നെ നടന്ന മാരാമൺ കൺവെൻഷനിലും ഹരിതചട്ടം പാലിക്കുന്നതിനു കഴിഞ്ഞു. കോഴഞ്ചേരി പഞ്ചായത്തും തോട്ടപ്പുഴശ്ശേരി പഞ്ചായത്തും അതിർത്തി പങ്കിടുന്ന സ്ഥലത്ത് പമ്പാ നദി യുടെ തീരത്താണ് മാരാമൺ കൺവെൻഷൻ നഗരി സ്ഥിതി ചെയ്യുന്നത്. അതുകൊണ്ടു തന്നെ രണ്ട് പഞ്ചായത്തുകളുടേയും പൂർണ്ണ പങ്കാളിത്തത്തോടെ കൺവെൻഷൻ ഹരിത ചട്ടം പാലിച്ച് നടത്തുന്നതിനും കഴിഞ്ഞി ട്ടുണ്ട്. കൺവെൻഷൻ നഗരിയിൽ രണ്ട് പഞ്ചായത്തിലേയും ഹരിതകർമ്മസേനാംഗ ങ്ങളുടേയും പ്രവർത്തനം എടുത്തു പറയ ത്തക്കതായിരുന്നു. മൈതാനത്തിലുടനീളം മാലിന്യം നിക്ഷേപിക്കുന്നതിനായി പ്രത്യേകം പ്രത്യേകം ബിന്നുകൾ ക്രമീകരിച്ചിരുന്നു. ഹരിതകർമ്മസേനാംഗങ്ങളുടെ നേതൃത്വ ത്തിൽ ശേഖരിച്ച് തരംതിരിച്ച അജൈവ മാലിന്യങ്ങൾ കളക്ഷൻ ഫെസിലിറ്റി സെന്റ റുകളിൽ സൂക്ഷിക്കുകയും പിന്നീടവ നീക്കം ചെയ്യുകയുമുണ്ടായി. ഹരിതചട്ടം പാലിക്കു ന്നതിന് മുമ്പ് നടന്ന കൺവൻഷനുകളിൽ ഇവിടെ നിന്നും നീക്കം ചെയ്യപ്പെടുന്ന മാലി ന്യത്തിന്റെ അളവ് ഏകദേശം ഒമ്പത് ലോഡ് ആയിരുന്നു. എന്നാൽ ഹരിതചട്ടം പാലിച്ചു നടത്തിയതിന് ശേഷം അത് നാല് ലോഡായി കുറഞ്ഞു.

## മഞ്ഞനിക്കര പെരുന്നാൾ

പത്തനംതിട്ട മഞ്ഞനിക്കര പെരുന്നാളിന്റെ ഭാഗമായി നടന്ന ഓർമ്മതിരുന്നാൾ ആചരണ ചടങ്ങുകളിലും ആഘോഷപൂർണ്ണമായ പദ യാത്രയിലും ഹരിതചട്ടം പാലിക്കാൻ കഴി ഞ്ഞു. പെരുന്നാളിന്റെ ഭാഗമായി ഉണ്ടായ മാലിന്യം തരംതിരിച്ച് ശേഖരിക്കുന്നതിന്



ഹരിതകർമ്മ സേനാംഗങ്ങളുടെ സേവനം പ്രയോജനപ്പെടുത്തി. മുൻകാലങ്ങളിൽ ഇവിടെ ഉൽപ്പാദിപ്പിക്കപ്പെടുന്നത് 5.2 ടൺ അജൈവ മാലിന്യങ്ങളും 2.5 ടൺ ജൈവ മാലിന്യങ്ങളുമായിരുന്നു. എന്നാൽ ഹരിത ചട്ടം പാലിച്ച് നടത്തിയതിന് ശേഷം അത് 1.5 ടൺ ആയി കുറഞ്ഞു.

# ആലപ്പുഴ ജില്ല

72 ഗ്രാമ പഞ്ചായത്തുകളിലും ആറ് നഗര സഭകളിലുമായി 5,54,994 വീടുകളാണ് ആല പ്പുഴ ജില്ലയിലുള്ളത്. വിസ്തൃതിക്കുറവും കൂടിയ ജനസാന്ദ്രതയും സമുദ്രനിരപ്പിൽ നിന്നും താഴ്ന്ന പ്രദേശങ്ങൾ ഉൾപ്പെട്ട ജില്ല യായതിനാലും മാലിന്യസംസ്കരണം വെല്ലു വിളി ഉയർത്തുന്നതായിരുന്നു. ജൈവമാലിന്യ സംസ്കരണത്തിൽ ഉറവിട മാലിന്യ സംസ്ക രണമാണ് ആലപ്പുഴ ജില്ലയിൽ പ്രോത്സാഹി പ്പിക്കുന്നത്. ആകെയുള്ള 5,54,994 വീടുകളിൽ 37689 വീടുകളിൽനിന്നും വാതിൽപ്പടി ശേഖ രണം നടത്തുന്നുണ്ട്. 2,21,574 വീടുകളിൽ ഉറവിട മാലിന്യ സംസ്കരണ ഉപാധികൾ നിലവിലുണ്ട്. ഇവിടെ ദിനംപ്രതി 495 ടൺ ജൈവമാലിന്യം രൂപപ്പെടുന്നുണ്ട്. ഇതിൽ 12 ടൺ മത്സ്യ-പന്നി ഫാമുകളിലേക്കും ഒമ്പത് ടൺ എയ്റോബിക് കമ്പോസ്റ്റിലേ ക്കും 350 ടൺ ഉറവിടത്തിലും സംസ്കരി ക്കാൻ സാധിക്കുന്നുണ്ട്. ഗാർഹികതലങ്ങ ളിലും സ്ഥാപനതലങ്ങളിലും സ്ഥാപിച്ചിട്ടുള്ള ഉറവിട മാലിന്യ സംസ്ക്കരണ ഉപാധികളായ എയ്റോബിക് കമ്പോസ്റ്റിംഗ്, ബയോഗ്യാസ്, റിംഗ് കമ്പോസ്റ്റ്, പൈപ്പ് കമ്പോസ്റ്റ്, കമ്പോ സ്റ്റ് കുഴി എന്നിവയിലൂടെ 300 ടൺ മാലിന്യം ജൈവവളവും സ്ളറിയുമായി മാറുന്നു. ഇത് അതാത് പ്രദേശങ്ങളിലെ കർഷകർക്ക് സൗ ജന്യമായി നൽകി വരുന്നു. നിർമ്മാണം പൂർ ത്തിയായതും പ്രവർത്തനക്ഷമമായതും ആയി 53 എയ്റോബിക് കമ്പോസ്റ്റ് യൂണി റ്റുകൾകൂടിയുണ്ട്.

ജില്ലയിൽ പ്രതിദിനം 166.5 ടൺ അജൈവ മാലിന്യം സമാഹരിക്കപ്പെടുന്നുണ്ട്. ഇത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ചുമത ലപ്പെടുത്തിയിട്ടുള്ള ഹരിതസഹായ സ്ഥാപ നങ്ങൾ വഴിയും ക്ലീൻ കേരള കമ്പനി മുഖേ നയും നീക്കം ചെയ്തു വരുന്നു. നാളിതു വരെ ഷ്രെഡ്ഡ് ചെയ്ത പ്ലാസ്റ്റിക് ഉപയോഗിച്ച് ആര്യാട് ഗ്രാമപഞ്ചായത്തിൽ മാത്രം 7.51 കി.മീ. റോഡ് ടാർ ചെയ്തിട്ടുണ്ട്.

മാർക്കറ്റുകളിൽ പ്രതിദിനം 25 മുതൽ 45 ടൺ വരെ ജൈവ മാലിന്യങ്ങളാണ് ഉൽപ്പാ ദിപ്പിക്കപ്പെടുന്നത്. കൂടാതെ മറ്റൊരു വെല്ലു



ഷ്രെഡ്ഡിംഗ് യൂണിറ്റ്

വിളിയായി പ്രതിദിനം ഉണ്ടാകുന്ന ചിക്കൻ വേസ്റ്റ്-25 ടൺ, നിർമ്മാണ മേഖലയിൽ നിന്ന് - 150 ടൺ, മുടി മാലിന്യം-15 ടൺ (പ്രതി മാസം) എന്നിവ സ്വകാര്യ ഏജൻസികളുടെ സഹായത്തോടെയാണ് സംസ്കരിക്കുന്നത്. ജില്ലയിലെ 72 ഗ്രാമ പഞ്ചായത്തുകളിലും 6 നഗരസഭകളിലും ഹരിതകർമ്മസേന രൂപീ കരിച്ചിട്ടുണ്ട്. 36 ഗ്രാമപഞ്ചായത്തുകളിലും 4 നഗരസഭകളിലും നല്ല രീതിയിൽ പ്രവർ ത്തനം നടക്കുന്നുണ്ട്.

അജൈവ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ മികച്ച രീതിയിൽ നടത്തുന്നതിന് 64 എം.സി.എഫുകളും 9 ആർ.ആർ.എഫുകളും ജില്ലയിലുണ്ട്. പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി വാർഡുതലത്തിൽ മിനി എം.സി.എഫുകൾ സ്ഥാപിക്കാനുള്ള പ്രവർത്തനങ്ങളും ജില്ലയിൽ പുരോഗമിക്കുന്നുണ്ട്. എല്ലാ വാർഡുകളിലും 2 വീതം മിനി എം.സി.എഫുകൾ സ്ഥാപിച്ച ആര്യാട് ഗ്രാമ പഞ്ചായത്ത് മാലിന്യ സംസ്കരണ രംഗത്ത് എന്നും ഒരുപടി മുന്നിലാണ്. തൊഴിലുറപ്പ് മിഷനുമായി ചേർന്ന് ഈ വർഷം തന്നെ 14613 കമ്പോസ്റ്റ് പിറ്റുകളും 586 മിനി എം.സി.എഫുകളും നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞു.

### ശുചിത്വ പദവി പ്രഖ്യാപനം

| | |
|---|---|
| ഗ്രാമപഞ്ചായത്ത് | 43 |
| നഗരസഭ | 6 |
| ആകെ | 49 |

### ബോട്ടിൽ ബൂത്ത്

ഹരിതകേരളം മിഷനും ഇന്നർവീൽ ക്ലബ്ബ് ഓഫ് ആലപ്പിയും ചേർന്ന് ജില്ലയിൽ ജില്ലാ പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിലും ആലപ്പുഴ സിവിൽ സ്റ്റേഷൻ അനക്സിലും പ്ലാസ്റ്റിക്ക് ബോട്ടിലുകൾ നിക്ഷേപിക്കുന്നതിനായി ബോട്ടിൽ ബൂത്തുകൾ സ്ഥാപിച്ചു.



### ഹരിതകേരളം മിഷൻ & ADRF

ആലപ്പുഴ ഡിസാസ്റ്റർ റെസ്പോൺസ് ഫോഴ്സ് (ADRF) പോലെയൊരു സ്വതന്ത്ര ശക്തി (ആലപ്പുഴ ജില്ലാ കളക്ടർ മുഖ്യ രക്ഷാധികാരിയായിട്ടുള്ള) ഹരിതകേരളം മിഷന്റെ ഭാഗമാകുകയും ഒറ്റത്തവണ ഉപയോഗിച്ച് വലിച്ചെറിയുന്ന ഡിസ്പോസബിൾ വസ്തുക്കളുടേയും പ്ലാസ്റ്റിക്ക് ക്യാരി ബാഗുകളുടെയും ഉപയോഗം കുറച്ചുകൊണ്ടു വരുന്നതിന് ADRF മായി ചേർന്ന് ഉപയോഗിക്കാത്തതും പാകമാകാത്തതുമായ കോട്ടൺ തുണികൾ ശേഖരിച്ച് വനിതാ യൂണിറ്റുകൾ രൂപീകരിച്ച് തുണിസഞ്ചി തയ്ക്കുന്നതും പേപ്പർ കാരിബാഗ് നിർമ്മിക്കുന്നതും പഠിപ്പിച്ചു. ഇതിലൂടെ അവർക്ക് ചെറിയൊരു വരുമാനം കണ്ടെത്തുന്നതിനും പുതിയ ശീലങ്ങളിലേക്ക് ജനങ്ങളെ നയിക്കുന്നതിനും ഉള്ള പ്രവർത്തനങ്ങളാണ് ഏറ്റെടുത്തുവരുന്നത്. ഇതേ പ്രവർത്തനം ഭിന്നശേഷി സമൂഹത്തിനായി ഒരു കൈത്താങ്ങ് എന്ന രീതിയീൽ വീൽചെയർ ഉപയോഗിച്ച് ജീവിക്കുന്നവരെ സംഘടിപ്പിച്ച് യൂണിറ്റ് രൂപീകരിച്ച് പുന്നപ്രയിൽ പ്രവർത്തിച്ചു വരുന്നു.

തുണിസഞ്ചി ഉപയോഗിക്കുന്ന ശീലം വ്യാപകമാക്കുന്നതിനാൽ SPC കേഡറ്റ്സ്, NSS, NCC എന്നിവയിലൂടെയും ഒരു ഡസനിലധികം സ്കൂളുകളിലും സഹകരണ എഞ്ചിനീയറിംഗ് കോളേജ്, എസ്.ഡി കോളേജ്, ഇന്നർവീൽ ക്ലബ്ബ്, YMCA, റേഡിയോ ഗ്ലോബൽ എന്നിങ്ങനെയുള്ള സംഘടനകളെ/സംവിധാനങ്ങളെ ഉപയോഗിച്ചും തുണി ശേഖരിച്ച് സഞ്ചിയും ഗ്രോബാഗുകളും തയ്ച്ച് വിതരണം ചെയ്യുന്ന പ്രവർത്തനവും ചെയ്യുന്നുണ്ട്. ഹരിതസ്പർശം എന്ന പേരോടുകൂടി തുണി സഞ്ചി (ഒരു കുട്ടിക്ക് ഒരു കിറ്റ്) നൽകി പുതിയ ശീലത്തിലേക്ക് കുടുംബങ്ങളേയും കുട്ടികളേയും നയിക്കുന്നു. നമുക്ക് പാകമാകാതെ വരുന്ന തുണിത്തരങ്ങൾ നാടിനും നാട്ടാർക്കും ആവശ്യമുള്ളതും ഉപയോഗിക്കാൻ കഴിയുന്ന വസ്തുക്കളാക്കിയും മാറ്റുകയാണ് ഇതിലൂടെ.

## പാതിരാമണൽ ദ്വീപ് പ്രാദേശിക ജൈവവൈവിധ്യ പൈതൃക കേന്ദ്രം

മുഹമ്മ ഗ്രാമ പഞ്ചായത്തിലെ പാതിരാമണൽ ദ്വീപ് പ്രാദേശിക ജൈവവൈവിധ്യ പൈതൃകകേന്ദ്രമായി. ഔദ്യോഗിക പ്രഖ്യാപനം ഒക്ടോബർ 26 ന് ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ ഡോ. ടി. എൻ. സീമ ഓൺലൈനിൽ നിർവഹിച്ചു. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ.



ജയലാൽ അദ്ധ്യക്ഷത വഹിച്ചു. ഹരിതകേരളം മിഷൻ ജില്ലാ കോ-ഓർഡിനേറ്റർ കെ.എസ്. രാജേഷ്, ജൈവ വൈവിധ്യ ബോർഡ് ജില്ലാ കോ-ഓർഡിനേറ്റർ ചന്ദ്ര പ്രകാശ്, പ്രമുഖ പരിസ്ഥിതി പ്രവർത്തകൻ കെ.വി. ദയാൽ, ജനപ്രതിനിധികൾ ഉദ്യാഗസ്ഥർ എന്നിവർ പങ്കെടുത്തു.

## കോട്ടയം

കോട്ടയം ജില്ലയിൽ 71 ഗ്രാമപഞ്ചായത്തുകളിലും ആറ് നഗരസഭകളിലും ആയി 4,90,140 വീടുകളും 58,360 സ്ഥാപനങ്ങളുമുണ്ട്. ഇതിൽ 23,80,60 വീടുകളിൽ നിന്നും (48.56%) 20971 സ്ഥാപനങ്ങളിൽ നിന്നും ഹരിതകർമസേന പ്രവർത്തകരുടെ സഹായത്തോടെ മാലിന്യശേഖരണം നടത്തുന്നുണ്ട്. പ്രതിമാസം 500 ടൺ ജൈവമാലിന്യം ഈ സംവിധാനത്തിലൂടെ സംഭരിക്കുന്നുണ്ട് 200 ടൺ മാലിന്യം ആർ.ആർ.എഫിലേക്ക് പ്രതിമാസം കൈമാറുന്നുണ്ട്.

ശേഖരിച്ച പ്ലാസ്റ്റിക്കിൽ 30.19 ടൺ പൊടിച്ച് പി.ഡബ്ല്യു.ഡി.ക്കും വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും കൈമാറിയിട്ടുണ്ട്. ഇതുപയോഗിച്ച് 31 കിലോമീറ്റർ റോഡ് പി.ഡബ്ല്യു.ഡിയും 73 കിലോമീറ്റർ റോഡ് വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നിർമ്മിച്ചിട്ടുണ്ട്. പ്ലാസ്റ്റിക് പൊടിച്ച് വിൽപ്പന നടത്തിയതിലൂടെ 90,21,32 രൂപ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ലഭിച്ചിട്ടുണ്ട്.

ജൈവ മാലിന്യ സംസ്കരണ സംവിധാനത്തിലൂടെ 3000 ടൺ മാലിന്യം 350 പൊതു സംസ്കരണ യൂണിറ്റുകളിലൂടെ പ്രതിദിനം സംസ്കരിക്കുന്നുണ്ട്. പ്രതിമാസം ഏതാണ്ട് 280 ടൺ ജൈവവളം ഉൽപ്പാദിപ്പിക്കുന്നുണ്ട്. ഇവ കൃഷി വകുപ്പിന്റെ സഹകരണത്തോടെ ഇക്കോ ഷോപ്പുകൾ വഴി വിൽപ്പന നടത്തുന്നുണ്ട്. കൂടാതെ പൊതുവിദ്യാലയങ്ങൾക്കും കർഷകർക്കും സൗജന്യമായി നൽകുന്നുണ്ട്.

ജില്ലയിലെ പ്രധാനപ്പെട്ട മാർക്കറ്റുകളിൽ ജൈവ മാലിന്യ സംസ്കരണത്തിനായി തുമ്പൂർമുഴി മാതൃകയാണ് ഉപയോഗിക്കുന്നത്. ഹോട്ടൽ മാലിന്യം വിവിധ പന്നിഫാമുകളിലേക്കും നൽകി വരുന്നു. ഹരിതകർമസേന പ്രവർത്തകരുടെ സഹായത്തോടെയാണ് ഈ പ്രവർത്തനങ്ങൾ നടത്തുന്നത്.

ജില്ലയിലെ 59 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി 1865 ഹരിതകർമ്മസേന അംഗങ്ങൾ സജീവമായുണ്ട്. ഈ സ്ഥാപനങ്ങളിൽ സുരക്ഷാ ഉപകരണങ്ങളും ഹരിത കർമ്മസേന അംഗങ്ങൾക്ക് വിതരണം ചെയ്



തിട്ടുണ്ട്. 67 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സ്വന്തമായി എംസിഎഫുകളും 16 സ്ഥലങ്ങളിൽ ആർ.ആർ.എഫുകളും നിലവിലുണ്ട്. കൂടാതെ 965 മിനി എം.സി.എഫുകളും വിവിധ വാർഡുകളിലായി സ്ഥാപിച്ചിട്ടുണ്ട്.

ഇതിനു പുറമെ പ്രത്യേക മാലിന്യങ്ങളുടെ സംസ്കരണത്തിന് ആയിട്ടുള്ള പ്രത്യേക പരിപാടികളും ആവിഷ്കരിച്ചിട്ടുണ്ട്. ചിക്കൻ വേസ്റ്റ് വിവിധ പന്നി ഫാമുകളിലേയക്ക് കൈമാറുന്നു. കൂടാതെ ചിക്കൻ വേസ്റ്റ് ജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി ഫ്രെഷ് കട്ട് ഏജൻസികളുമായി കരാറിൽ ഏർപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ബയോഗ്യാസ് പ്ലാന്റുകളും സജ്ജമായി വരുന്നുണ്ട്. ബിൽഡിംഗ് വേസ്റ്റ് പുനരുപയോഗം ചെയ്യുന്നതിന് വേണ്ടി പുതിയ നടപടികളും ആവിഷ്കരിക്കുന്നുണ്ട്. ക്ലീൻ കേരള

കമ്പനി, സ്ക്രാപ്പ് ഡീലേഴ്സ്, എക്സ് സർവീസ് മെൻ സൊസൈറ്റി എന്നിവരുമായി സഹകരിച്ച് ശുചീകരണത്തിനായി പ്രത്യേക ഡ്രൈവുകളും നടത്തുന്നുണ്ട്. 'ക്ലീൻ കോട്ടയം ഗ്രീൻ കോട്ടയം' എന്ന സന്ദേശത്തോടെ വിപുലമായ കാമ്പയിനും ജില്ലയിൽ ആവിഷ്കരിച്ചിട്ടുണ്ട്.

### ശുചിത്വപദവി പ്രഖ്യാപനം

| | |
|---|---|
| ഗ്രാമപഞ്ചായത്തുകൾ | 69 |
| നഗരസഭകൾ | 6 |
| **ആകെ** | **75** |

കോട്ടയം ജില്ലയിലെ ആറ് ബ്ലോക്കുകളിലെ എല്ലാ പഞ്ചായത്തുകളും ശുചിത്വ പദവി കൈവരിച്ചതിലൂടെ ളാലം, കടുത്തുരുത്തി, പാമ്പാടി, മാടപ്പള്ളി, പള്ളം, ഉഴവൂർ എന്നീ ബ്ലോക്കുകളെ ശുചിത്വ ബ്ലോക്കുകളായി പ്രഖ്യാപിച്ചു. ജില്ലയിലെ എടുത്ത് പറയാവുന്ന പ്രവർത്തനങ്ങളാണ് ക്ലീൻ കോട്ടയം ഗ്രീൻ കോട്ടയം പദ്ധതി, ശുചിത്വ പൂഞ്ഞാർ സുന്ദര പൂഞ്ഞാർ, ഹരിതഗ്രാമം ക്ലീൻ അയ്മനം തുടങ്ങിയവ .

ജില്ലയിലെ മിക്കവാറും എല്ലാ സർക്കാർ പൊതു മേഖലാ സ്ഥാപനങ്ങളിലും പ്രധാന ആഘോഷങ്ങളിലും ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കപ്പെടുന്നു. ലൂർദ്ദ് ഫൊറോന പള്ളി, പനച്ചിക്കാട് സരസ്വതി ക്ഷേത്രം, പുതുപ്പള്ളി സെന്റ് ജോസഫ് പള്ളി, അതിരമ്പുഴ പള്ളി തുടങ്ങിയ പള്ളികളിലും ദേവാലയങ്ങളിലും നടന്ന ഉത്സവ ആഘോഷങ്ങളിൽ ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കപ്പെട്ടത് ജനകീയ ശ്രദ്ധ ആകർഷിക്കുന്നതിൽ വളരെയധികം വിജയിച്ചിട്ടുണ്ട്.

### കോട്ടയം മെഡിക്കൽ കോളേജിലെ മാലിന്യ സംസ്കരണം

കോട്ടയം മെഡിക്കൽ കോളേജിന്റെ എക്കാലത്തെയും വലിയൊരു സങ്കീർണ്ണ പ്രശ്നമായിരുന്നു മാലിന്യ സംസ്കരണം. ദിനംപ്രതി ഉണ്ടായിക്കൊണ്ടിരിക്കുന്ന ഖര മാലിന്യങ്ങൾ, ശേഖരിക്കുന്ന മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ശാസ്ത്രീയമായ സംവിധാനങ്ങൾ ഉണ്ടായിരുന്നില്ല. ഇതിനു പരിഹാരം കാണുന്നതിന് വേണ്ടി മെഡിക്കൽ കോളേജ് അധികൃതരുടെയും ഹരിതകേരളം മിഷൻ, ഹരിത സഹായ സ്ഥാപനം ആയ ഐ.ആർ.ടി.സി., ക്ലീൻ കേരള കമ്പനി എന്നിവരുടെ സഹകരണത്തോടെ ജൈവമാലിന്യങ്ങൾ ഒരു പ്രത്യേക കേന്ദ്രത്തിൽ എത്തിച്ച് ശാസ്ത്രീയമായി തരംതിരിച്ച് ക്ലീൻ കേരള കമ്പനിക്ക് നൽകുവാനും തീരുമാനിച്ചു. ഇതിന്റെ ഭാഗമായി മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി 28-10-2019 ൽ ഗൈനക്കോളജി വിഭാഗത്തിനു സമീപം ഒരു യൂണിറ്റ് പ്രവർത്തനം ആരംഭിച്ചു. നിലവിലെ എം.സി. എഫിൽ ആർപ്പൂക്കര പഞ്ചായത്തിൽ നിന്നുള്ള 21 കുടുംബശ്രീ അംഗങ്ങൾ ആണ് ജോലി ചെയ്യുന്നത്. ഇവർക്ക് ജോലിസംബന്ധമായ അടിസ്ഥാനസൗകര്യങ്ങളും വേതനവും വികസന സമിതി ഫണ്ടിൽ നിന്ന്

### ശുചിത്വ ഹർത്താലുമായി കൂരോപ്പട ഗ്രാമപഞ്ചായത്ത്

മാലിന്യസംസ്കരണത്തിന് ശുചിത്വ ഹർത്താൽ എന്ന ആശയവുമായി കൂരോപ്പട ഗ്രാമപഞ്ചായത്ത്. തുടർച്ചയായി മൂന്നു തവണയായി ശുചിത്വ ഹർത്താൽ നടത്തിവരുന്നു. പഞ്ചായത്തിലെ വ്യാപാരസ്ഥാപനങ്ങൾ സ്കൂളുകൾ, റസിഡൻസ് അസോസിയേഷനുകൾ, കുടുംബശ്രീ പ്രവർത്തകർ, ആശാവർക്കർമാർ, അംഗൻവാടി തുടങ്ങി കക്ഷിരാഷ്ട്രീയ ഭേദമന്യേ മറ്റിതര സംഘടനകൾ എന്നിവയുടെ സഹകരണത്തോടെയാണ് ശുചിത്വ ഹർത്താൽ നടത്തുന്നത്. പഞ്ചായത്തിലെ 17 വാർഡുകളും അതാത് മെമ്പർമാരുടെ നേതൃത്വത്തിൽ ജനപങ്കാളിത്തത്തോടെ വൃത്തിയാക്കുകയാണ് ഈ ഹർത്താലിന്റെ ലക്ഷ്യം. പ്രവർത്തനങ്ങൾക്കായി ഒരു വാർഡിന് 15000 രൂപ വകയിരുത്തുകയും കൂടാതെ ലഘുലേഖകൾ, നോട്ടീസ്, അനൗൺസ്മെന്റ് എന്നീ പ്രവർത്തനങ്ങളിലൂടെ ബോധവൽക്കരണം നൽകുന്നു. ശുചീകരണത്തിലൂടെ ലഭ്യമാകുന്ന ജൈവ മാലിന്യങ്ങൾ തരംതിരിച്ച് ഹരിതകർമ സേനയ്ക്കും മറ്റ് ഏജൻസികൾക്കും നൽകുന്നു. പ്രകൃതി സൗഹൃദമായി നടത്തുന്ന ശുചിത്വ ഹർത്താലിന് ഒപ്പം ഹരിതകർമ്മ സേന കൂടി സാധ്യമായപ്പോൾ കൂരോപ്പട ക്ലീൻ കൂരോപ്പടയായി.

ലഭ്യമാക്കിയിട്ടുണ്ട്. ആരോഗ്യ സംബന്ധമായ മുൻകരുതലുകളുടെ ചുമതല ആശുപത്രി അധികൃതർ നിർവഹിക്കുന്നുണ്ട് കൂടാതെ ബെയ്‌ലിംഗ് മെഷീൻ, തൂക്കം അളക്കുന്നതിനു വെയിങ് മെഷീൻ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. എം.സി.എഫിൽ എത്തുന്ന പ്ലാസ്റ്റിക്, പേപ്പർ, ജൈവ മാലിന്യങ്ങൾ തുമ്പൂർമൂഴി പ്ലാന്റിൽ എത്തിച്ച് സംസ്കരിക്കുന്നതിനും ബയോമെഡിക്കൽ മാലിന്യങ്ങൾ നിർദ്ദിഷ്ട രീതിയിൽ പായ്ക്ക് ചെയ്ത് സൂക്ഷിക്കുകയും അവ സംസ്കരിക്കുന്നതിനുള്ള അംഗീകൃത സ്ഥാപനമായ ഇമേജിന് കൈമാറുകയുമാണ് ചെയ്യുന്നത്.

## തരിശായികിടന്ന അയ്മനത്ത് മള്ളൂർ പാടം കൃഷിയോഗ്യമായി

കോട്ടയം ഈരയിൽകടവിൽ തരിശുനിലം കതിരണിയാൻ തുടങ്ങി. ബൈപ്പാസിനരികിലെ 280 ഏക്കറിലാണ് കൃഷി. കോട്ടയം നഗരസഭാ പരിധിയിൽവരുന്ന പൂഴിക്കുന്ന്, തുരുത്തുമ്മേൽ പാടശേഖരം, പനച്ചിക്കാട് പഞ്ചായത്തിലെ പുന്നക്കൽ പടിഞ്ഞാറേക്കര അരിക് പാടശേഖരം എന്നിവയാണ് പച്ചയുടുക്കുന്നത്.

ഹരിതകേരളം മിഷന്റെ ഭാഗമായി മീനച്ചിലാർ മീനന്തറയാർ കൊടൂരാർ പദ്ധതിയിൽ ഉൾപ്പെടുത്തി കൃഷിതുടങ്ങി. കൃഷിവകുപ്പിന്റെ ധനസഹായം ലഭിച്ചു. 40നടുത്ത് പോസ്റ്റുകൾ സ്ഥാപിച്ചാണ് കെ.എസ്.ഇ.ബി. ഇവിടേക്ക്



വൈദ്യുതി എത്തിച്ചത്. ബണ്ട് നിർമാണത്തിനും ജലസേചന സൗകര്യത്തിനും ഇറിഗേഷൻ വകുപ്പ് സൗകര്യമൊരുക്കി. റവന്യു വകുപ്പിന്റെ സഹായവും ലഭിച്ചു. ജനകീയ കൂട്ടായ്മയിൽ ആദ്യ രണ്ടുതവണ വിജയം കൊയ്തതോടെ മൂന്നാം കൃഷിക്കൊരുങ്ങുകയാണ് പാടശേഖരം.

# ഇടുക്കി

ഇടുക്കിയുടെ ഭൂപ്രകൃതിയിൽ ജൈവ മാലിന്യം അത്രമേൽ വലിയൊരു പ്രശ്നമായിരുന്നില്ല. എന്നിരുന്നാലും ചില പോക്കറ്റുകളിൽ, പ്രത്യേകിച്ചും ടൂറിസം പ്രദേശങ്ങളിലും പട്ടണങ്ങളിലുമൊക്കെ മലിനീകരണം തലവേദന സൃഷ്ടിച്ചിരുന്നു. മലിനീകരണം അനിവാര്യതയാണെന്ന തെറ്റിദ്ധാരണ തിരുത്താനും ഈ പ്രശ്നത്തിന് പരിഹാരമുണ്ടെന്നുമുള്ള ആശയം വലിയൊരു വിഭാഗം ജനങ്ങളിലെത്തിക്കാനും കഴിഞ്ഞിട്ടുണ്ട്. ജില്ലയിലെ 30 ഗ്രാമപഞ്ചായത്തുകളും രണ്ട് മുനിസിപ്പാലിറ്റികളും ശുചിത്വ പദവി കൈവരിച്ചത് ഈ നേട്ടത്തെ അടിവരയിടുന്നു. ശുചിത്വ പദവിയിലെത്തിയ പഞ്ചായത്തുകളിൽ കുമളി, പുറപ്പുഴ, നെടുങ്കണ്ടം, രാജാക്കാട്, ആലക്കോട് എന്നിവയാണ് ഏറ്റവും ശ്രദ്ധേയമായത്. വീടുകളിലും സ്ഥാപനങ്ങളിലും പൊതുസ്ഥലങ്ങളിലും ജൈവ-അജൈവ മാലിന്യശേഖരണ സംസ്കരണ സംവിധാനങ്ങളൊരുക്കാനും വലിച്ചെറിയൽ സംസ്കാരത്തിന് അന്ത്യം കുറിക്കാനും ശുചിത്വ പദവി പഞ്ചായത്തുകളിൽ കഴിഞ്ഞിട്ടുണ്ട്.

ഇടുക്കി ജില്ലയിൽ ആകെ 3,53,499 വീടുകളും 38,176 സ്ഥാപനങ്ങളുമാണുള്ളത്. ഇതിൽ 46% (1,61,597) വീടുകളിൽ നിന്നും 41% (15,700) സ്ഥാപനങ്ങളിൽ നിന്നും ഹരിത കർമ്മ സേന പാഴ്‌വസ്തുക്കളുടെ വാതിൽപ്പടി ശേഖരണം നടത്തുന്നു. ജില്ലയിലെ 1,76,787 (50%) വീടുകളിലും 7815 (20%) സ്ഥാപനങ്ങളിലും ഉറവിടമാലിന്യ സംസ്കരണ സംവിധാനങ്ങളെത്തിക്കാൻ കഴിഞ്ഞു. ജില്ലയിൽ രണ്ട് മുനിസിപ്പാലിറ്റികളും 52 ഗ്രാമപ്പഞ്ചാ



യത്തുകളുമാണുള്ളത്. അതിൽ വാതിൽപ്പടി പാഴ്വസ്തു ശേഖരണം നടത്തുന്ന രണ്ട് മുനിസിപ്പാലിറ്റികളിലും 38 ഗ്രാമപ്പഞ്ചായത്തുകളിലുമായി 1081 ഹരിതകർമ്മ സേനാംഗങ്ങളാണുള്ളത്.

ജില്ലയിൽ ആകെയുള്ള 102 ജില്ലാതല ഓഫീസുകളും ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുന്നുണ്ട്. എല്ലാ ഓഫീസുകളിലും അവർക്കാവശ്യമായ സ്റ്റീൽ പാത്രങ്ങളും ചില്ല് ഗ്ലാസുകളും സ്വന്തമായി വാങ്ങി. ജില്ലയിലെ മത സമുദായ സംഘടനകൾ, ട്രേഡ് യൂണിയനുകൾ, രാഷ്ട്രീയപാർട്ടികൾ, ടാക്സി, ട്രാവൽ ടൂറിസം സർവീസ്, ബാങ്കുകൾ, സഹകരണ സ്ഥാപനങ്ങൾ, ക്രൈസ്തവ ദേവാലയങ്ങൾ, ക്ഷേത്രങ്ങൾ, മുസ്ലീം പള്ളികൾ എന്നിവയുടെ യോഗം ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ പ്രത്യേകം വിളിച്ചു കൂട്ടി ഗ്രീൻപ്രോട്ടോക്കോൾ പാലിക്കുന്നത് ഉറപ്പാക്കി. വിവാഹം, ഉൽസവം, പെരുന്നാൾ, മറ്റ് ആഘോഷങ്ങൾ, രാഷ്ട്രീയപാർട്ടി സമ്മേളനങ്ങൾ എന്നിവയിൽ പ്രത്യേക അജണ്ടയായി ഗ്രീൻ പ്രോട്ടോക്കോൾ കടന്നുവരുന്ന നിലയായിട്ടുണ്ട്.

പാഴ്വസ്തുക്കളെ സമഗ്രമായി തരംതിരിച്ച് കൈയ്യൊഴിയുന്നതിന് പാകപ്പെടുത്തുന്നതിനായി 45 പഞ്ചായത്തുകളിലും എം.സി. എഫുകൾ പ്രവർത്തിക്കുന്നു. നിർമ്മാണം പൂർത്തീകരിക്കാത്ത അഞ്ചിടങ്ങളിൽ താൽക്കാലിക സംവിധാനങ്ങളുണ്ട്.

തൊടുപുഴ ബ്ലോക്ക്, തൊടുപുഴ മുനിസിപ്പാലിറ്റി, കുമളി, അടിമാലി, ഇളംദേശം, നെടുങ്കണ്ടം എന്നിവിടങ്ങളിൽ ആർആർ. എഫുകൾ പ്രവർത്തിക്കുന്നു. ഇവിടങ്ങളിൽ പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റുകളുമുണ്ട്. എല്ലാ യൂണിറ്റുകളിൽ നിന്നുമായി 71,700 കിലോഗ്രാം പ്ലാസ്റ്റിക്ക് പൊടിച്ചു. അവയിൽ 32,200 കിലോ വിറ്റഴിച്ചു. ഈയിനത്തിൽ 64,400 രൂപ ലഭിച്ചു. കുമളി ആർആർഎഫിൽ നിന്ന് 5700കിലോയും അടിമാലിയിൽ 1000 കിലോയും തൊടുപുഴയിൽ 14000 കിലോയും ഇളംദേശത്ത് 11500 കിലോയുമാണ് വിൽപ്പന നടത്തിയത്. 87 കിലോ മീറ്റർ റോഡിന്റെ ടാറിംഗിന് ഇത് ഉപയോഗിച്ചു. കുമളിയിൽ 5000 കിലോയും നെടുങ്കണ്ടത്ത് 10,000കിലോയും അടിമാലിയിൽ 4000കിലോയും തൊടുപുഴ ബ്ലോക്കിൽ 2000 കിലോയും ഇളംദേശത്ത് 18,500 കിലോയും ഷ്രഡഡ് പ്ലാസ്റ്റിക്ക് സ്റ്റോക്ക്.

തൊഴിലുറപ്പ് കാമ്പയിനിലൂടെ മിനി എം.സി.എഫുകളുടെ നിർമ്മാണവും വ്യാപകമായി നടന്നുവരുന്നു. 23 മിനി എം.സി.എഫുകളും നിർമ്മിച്ചു നൽകി. 94 മിനി എം.സി. എഫുകളുടെ നിർമ്മാണം പുരോഗമിക്കുകയാണ്.

തൊഴിലുറപ്പ് ഹരിതകേരളം കാമ്പയിനിലൂടെ ഉറവിട മാലിന്യ സംസ്കരണ സംവിധാനങ്ങൾ സാർവ്വത്രികമാക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ആദ്യ ഘട്ടമെന്ന നിലയിൽ 819 കമ്പോസ്റ്റ് പിറ്റുകളും 319 സോക്ക് പിറ്റുകളും നിർമ്മിച്ചുനൽകി. കൂടാതെ 127 കമ്പോസ്റ്റ് പിറ്റുകൾ,124 സോക്ക് പിറ്റുകൾ എന്നിവയുടെ നിർമ്മാണവും പുരോഗമിക്കുന്നു.

കുമളി, വണ്ടിപ്പെരിയാർ (വിന്റോ കമ്പോസ്റ്റ് യൂണിറ്റ്), രാജാക്കാട്, തൊടുപുഴ മുനിസിപ്പാലിറ്റി (ബയോഗ്യാസ് പ്ലാന്റ്) ഏലപ്പാറ, പീരുമേട്, പാമ്പാടുംപാറ, ശാന്തമ്പാറ, രാജകുമാരി, അടിമാലി (തുമ്പൂർമൂഴി), നെടുങ്കം, കട്ടപ്പന (വെർമി കമ്പോസ്റ്റ് യൂണിറ്റുകൾ) എന്നിവിടങ്ങളിൽ പൊതു ജൈവമാലിന്യ സംസ്കരണ സംവിധാനങ്ങളുമുണ്ട്.

പൊതു മാലിന്യ സംസ്കരണ പ്ലാന്റുകളിൽ ജൈവവളം ഉൽപ്പാദിപ്പിക്കുകയും അത് ജില്ലയിൽത്തന്നെ കൃഷിക്കായി ഉപയോഗിക്കുകയും ചെയ്യുന്നുവെന്ന പ്രത്യേകതയും ഇടുക്കിക്കുണ്ട്. കുമളിയിൽ പ്രതിമാസം 10,500 ടൺ ജൈവമാലിന്യമാണ് സംസ്കരിക്കുന്നത്. പ്രതിമാസം 3 ടൺ ജൈവവളം ഉൽപ്പാദിപ്പിക്കുന്നു. കഴിഞ്ഞ വർഷം മാത്രം 15 ടൺ വളം കിലോയ്ക്ക് 12 രൂപ നിരക്കിൽ ഇവിടെ നിന്നും വിറ്റഴിച്ചു. നെടുങ്കണ്ടത്ത് 10 യൂണിറ്റ് വെർമി കമ്പോസ്റ്റ് യൂണിറ്റുകളും ബയോഗ്യാസ് പ്ലാന്റുകളിലുമായി പ്രതിമാസം 2250 കിലോ ജൈവ മാലിന്യങ്ങൾ സംസ്കരിച്ച് 300 കിലോ വളമുണ്ടാക്കുന്നു. ഈ വർഷം 3000 കിലോ ജൈവവളം ഏലം കർഷകർക്ക് സൗജന്യമായി നൽകി. അടിമാലിയിൽ പ്രതിമാസം 3000 കിലോ ജൈവ മാലിന്യം സംസ്കരിച്ച് 500 കിലോഗ്രാം വളമുണ്ടാക്കുന്നു. പഞ്ചായത്തിന്റെ കൃഷിയിടത്തിൽ ഉപയോഗിക്കുന്നു. ചിക്കൻ വേസ്റ്റും ഇറച്ചിമാലിന്യങ്ങളും സംസ്കരിക്കുന്നതിനുള്ള ബയോഗ്യാസ് പ്ലാന്റ് അടിമാലിയിൽ ഉദ്ഘാടനത്തിനൊരുങ്ങുന്നു.

## ഹരിത ടൂറിസം; വാഗമൺ വഴികാട്ടുന്നു

മാലിന്യപ്രശ്നങ്ങളാൽ വീർപ്പുമുട്ടിയ വാഗമൺ മേഖലയെ ശുദ്ധീകരിക്കുന്നതിനായി ഹരിതകേരളം മിഷൻ ഏലപ്പാറ ഗ്രാമപ്പഞ്ചായത്തുമായി ചേർന്ന് ആരംഭിച്ച 'വഴികാട്ടാൻ വാഗമൺ' പദ്ധതിയാണ് ശുചിത്വ പരിപാലനത്തിലെ ഇടുക്കിയുടെ വേറിട്ട മാതൃക. 2019 ജൂൺ അഞ്ചിന് ജനകീയ ശിൽപ്പശാലയിൽ ആവിഷ്കരിച്ച ഈ ഹരിത ടൂറിസം പദ്ധതി സമയബന്ധിതമായി മുന്നേറുകയാണ്. മാലിന്യ പരിപാലനത്തിൽ ഒരു വർഷത്തിനുള്ളിൽ അത്ഭുതകരമായ നേട്ടമുണ്ടാക്കാൻ ജില്ലയ്ക്ക് സാധിച്ചു.

വാഗമണ്ണിലേയ്ക്കുള്ള അഞ്ച് പ്രധാന റൂട്ടുകളും ഇപ്പോൾ ഹരിത ഇടനാഴികളാണ്. സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധിത മേഖലയായി പ്രഖ്യാപിച്ച ഇവിടേക്ക് പ്ലാസ്റ്റിക്ക് കൊണ്ടുപോകാൻ അനുവാദമില്ല. അഞ്ച് ഹരിത ഇടനാഴികളും അഞ്ച് ഹരിത ചെക്ക് പോസ്റ്റുകളും അഞ്ച് ഗ്രീൻ കൗണ്ടറുകളും ഒമ്പത് ബോട്ടിൽ ബൂത്തുകളും മൂന്ന് ഗ്രീൻ ഷോപ്പുകളും പ്രവർത്തിക്കുന്നു. മൂന്ന് എം.സി.എഫുകൾ



ബോട്ടിൽ ബൂത്ത്

സുസജ്ജമായി. രണ്ട് തുമ്പൂർമൂഴി പ്ലാന്റുകളിലൂടെ ജൈവമാലിന്യ സംസ്കരണം ഉറപ്പാക്കി. 60% വീടുകളിൽനിന്നും 48% സ്ഥാപനങ്ങളിൽ നിന്നും നിന്നും ഹരിതകർമ്മസേനയുടെ വാതിൽപ്പടി സേവനവും ഉറപ്പാക്കി. ആർക്കും ബോധ്യമാകും വിധം ചുരുങ്ങിയ കാലം കൊണ്ട് വാഗമണ്ണിന് വൃത്തിയുള്ള മുഖം നൽകി.

# എറണാകുളം

ഗ്രാമ-നഗര വ്യത്യാസമില്ലാതെ ഏറെക്കുറെ നാഗരികസ്വഭാവം പ്രകടിപ്പിക്കുന്ന ജില്ലയാണ് എറണാകുളം. 13 നഗരസഭകളും, ഒരുകോർപ്പറേഷനും, 82 ഗ്രാമപഞ്ചായത്തുകളുമടങ്ങുന്ന ഈ ജില്ല, ശുചിത്വ-മാലിന്യ സംസ്കരണത്തിൽ ഏറെ മുന്നോട്ടു പോയിട്ടുണ്ട്.

9,57,445 വീടുകളിലും, 1,24,235 സ്ഥാപനങ്ങളും ജില്ലയിലുണ്ട്. അവയിൽ 4,40,387 വീടുകളിലും, 12,000 സ്ഥാപനങ്ങളിലും ജൈവ മാലിന്യം ഉറവിടത്തിൽതന്നെ സംസ്കരിക്കാൻ സംവിധാനങ്ങളുണ്ട്. ജില്ലയിലെ മുൻസിപ്പൽ പരിധിയിലുള്ള 32 ശതമാനം സ്ഥാപനങ്ങളും, 40 ശതമാനം വീടുകളും തങ്ങളുടെ ജൈവ മാലിന്യം കുടുംബശ്രീ മുഖാന്തിരമോ, നഗരസഭകൾക്ക് നേരിട്ടോ കൈമാറുന്നവയാണ്. അജൈവ മാലിന്യ സംസ്കരണ വിഷയത്തിൽ ജില്ലയിലെ 71 തദ്ദേശ സ്ഥാപനങ്ങളിലായി ആകെ 4,09,267 വീടുകളിൽ ഹരിതകർമ്മസേനാംഗങ്ങൾ വാതിൽപ്പടി ശേഖരണം ഉറപ്പു വരുത്തിയിട്ടുണ്ട്. ഇത് ജില്ലയിലെ വീടുകളുടെ 50 ശതമാനത്തോളം ഉണ്ടെന്നുള്ളത് ജില്ലയുടെ നേട്ടമായി വിലയിരുത്താം.

കൊച്ചിൻ കോർപറേഷൻ പരിധിയിലും സമീപമുള്ള അഞ്ച് മുനിസിപ്പാലിറ്റികളിലും ഉൽപ്പാദിപ്പിക്കപ്പെടുന്ന ജൈവമാലിന്യം സംസ്കരിക്കുന്നതിന് ബ്രഹ്മപുരത്ത് കേന്ദ്രീകൃത സംവിധാനം നിലവിലുണ്ട്. പ്രതിദിനം 230 ടൺ ജൈവ മാലിന്യം ഇവിടെ സംസ്കരിക്കപ്പെടുന്നുണ്ട്. ഇതുകൂടാതെ 14 പൊതു ജൈവ മാലിന്യ സംസ്കരണ യൂണിറ്റുകളാണ് ജില്ലയിൽ പ്രവർത്തിക്കുന്നത്. ഇവയിൽ അഞ്ച് കമ്മ്യൂണിറ്റി ബയോഗ്യാസ് പ്ലാന്റുകളും, അഞ്ച് തുമ്പൂർമൂഴി കമ്പോസ്റ്റ് യൂണിറ്റുകളും, രണ്ട് വിൻഡ്രോ കമ്പോസ്റ്റ് യൂണിറ്റുകളും ഒരു വെർമി കമ്പോസ്റ്റ് യൂണിറ്റും ഉൾപ്പെടുന്നു. ഇവയിലെല്ലാം കൂടി, ബ്രഹ്മപുരത്തിന് പുറമെ ഏകദേശം ഏഴ് ടൺ ജൈവ മാലിന്യം പ്രതിദിനം എറണാകുളം ജില്ലയിൽ സംസ്കരിക്കപ്പെടുന്നുണ്ട്.

ഈ യൂണിറ്റുകളിൽ ഉൽപ്പാദിപ്പിക്കുന്ന ജൈവവളം തദ്ദേശീയമായ കൃഷി ആവശ്യങ്ങൾക്കായി വിൽക്കപ്പെടുന്നു. മാർക്കറ്റ് പരിസരത്തു സജ്ജമാക്കിയ ബയോഗ്യാസ് പ്ലാന്റുകളിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന ഗ്യാസ്

സമീപത്തെ കടകളിലും സ്ലറി കാർഷികാവ ശ്യത്തിനുമായി ഉപയോഗിക്കുന്നു.

വീടുകളിൽനിന്നും സ്ഥാപനങ്ങളിൽ നിന്നും ഹരിതകർമ്മസേന ശേഖരിക്കുന്ന അജൈവ മാലിന്യം സംഭരിക്കുവാനും തരം തിരിക്കുവാനും 66 സ്ഥിരം എം.സി.എഫു കളും ഒമ്പത് താൽക്കാലിക എം.സി.എഫു കളും പ്രവർത്തിക്കുന്നുണ്ട്. ഹരിതകർമ്മ സേനയുടെ പ്രവർത്തനംവഴി ഏകദേശം 500 ടൺ അജൈവ മാലിന്യം പ്രതിമാസം ഇത്തരത്തിൽ സംസ്കരിക്കപ്പെടുന്നുണ്ട്. ശേഖരിക്കപ്പെട്ട അജൈവമാലിന്യം പുനഃ ചംക്രമണത്തിനു വിധേയമാക്കുവാൻ 15 ആർ.ആർ.എഫുകളും ജില്ലയിൽ പ്രവർത്ത നങ്ങൾ ആരംഭിക്കുകയോ പ്രവർത്തന സജ്ജ മാവുകയോ ചെയ്തിട്ടുണ്ട്. ജില്ലയിൽ 2018-19 വർഷങ്ങളിൽ 21 കിലോ മീറ്ററോളം റോഡ് ടാർ ചെയ്യുന്നതിനായി 12089 കിലോ ഗ്രാം ഷ്രെഡ് ചെയ്ത പ്ലാസ്റ്റിക് ഉപയോഗിച്ചു. 2019-2020 വർഷത്തിൽ 167 കി.മീ. റോഡ് ടാറിങ്ങിനായി 105008 കിലോ ഗ്രാം ഷ്രെഡ് ചെയ്ത പ്ലാസ്റ്റിക് ഉപയോഗിച്ചു. പൊടിച്ച പ്ലാസ്റ്റിക് വിപണനം നടത്തിയ ഇനത്തിൽ ജില്ലയിലെ തദ്ദേശസ്ഥാപനങ്ങൾക്ക് 15,87,111 രൂപ ലഭിച്ചു.

ജൈവമാലിന്യ സംസ്കരണ രംഗത്ത് മറ്റ് മുനിസിപ്പാലിറ്റികൾക്ക് മാതൃകയായി പ്രവർത്തിക്കുന്ന പറവൂർ നഗരസഭ വിൻഡ്രോ കമ്പോസ്റ്റ് രീതിയാണ് മാലിന്യ സംസ്കരണത്തിനുപയോഗിക്കുന്നത്. ഉൽപ്പാ ദിപ്പിക്കുന്ന ജൈവവളം ഒരു കിലോയ്ക്ക് അഞ്ച് രൂപ നിരക്കിൽ ആവശ്യക്കാർക്ക് നൽ കിവരുന്നു. ഗാർഹിക മാലിന്യ സംസ്കര ണത്തിനായി പൈപ്പ് കമ്പോസ്റ്റുകളും സ്ഥാപ നങ്ങളിൽ തുമ്പൂർമുഴി മോഡലും ഉപയോ ഗിക്കുന്നുണ്ട്. സർക്കാർ സ്കൂളിൽ മുഴുവൻ വിദ്യാർത്ഥികൾക്കും പുനഃചക്രമണ രീതി യിൽ തുണി ഉപയോഗിച്ച് 'ചങ്ങാതിചെപ്പ്' എന്ന പേരിൽ പൗച്ചുകൾ നിർമ്മിച്ച് നൽകി. എല്ലാ ഡംബ് സൈറ്റുകളും വൃത്തിയാക്കി, പൊതു ഇടങ്ങൾ 100% മാലിന്യ മുക്തമാക്കു കയും 90% വീടുകളിൽനിന്നും ഹരിതകർമ്മ സേന വഴി അജൈവമാലിന്യം ശേഖരിക്കു കയും 80% സ്ഥാപനങ്ങളിലും വീടുകളിലും ജൈവ മാലിന്യ ശേഖരണത്തിന് സംവിധാന മൊരുക്കുകയും ചെയ്തിട്ടുണ്ട്.

നാഷണൽ ഗ്രീൻ ട്രിബ്യൂണൽ മാതൃകാ പഞ്ചായത്തായി തിരഞ്ഞെടുത്ത എറണാ കുളം ജില്ലയിലെ മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെടുന്ന പഞ്ചായത്തായ ചോറ്റാനിക്കരയ്ക്ക് വി.ജി.എഫിനെ ആശ്രയി ക്കാതെ തന്നെ തൊഴിൽരഹിതരായിരുന്ന 28 ഹരിതകർമ്മ സേനാംഗങ്ങൾക്ക് 6000 മുതൽ 12000 വരെ മാസവരുമാനം രണ്ട് വർഷത്തോ ളമായി ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്.

വാരപ്പെട്ടി ഗ്രാമപഞ്ചായത്തിൽ നടത്തിയ

## ചങ്ങാതിച്ചെപ്പ്

റെക്സിൻ, പ്ലാസ്റ്റിക് പെൻസിൽ പൗച്ചു കൾക്ക് പകരം പ്രകൃതി സൗഹൃദ തുണി പൗച്ചുകളുടെ ഉപയോഗം പ്രോത്സാഹി പ്പിക്കുന്നതിനും വിദ്യാർത്ഥികൾക്കിട യിൽ റീസൈക്ലിംഗ് എന്ന ആശയത്തിന് കൂടുതൽ പ്രചാരം നൽകുന്നതിനുമായി ഹരിതകേരളം മിഷനും, സെന്റ് തെരേ സസ് കോളേജുമായി ചേർന്ന് ജില്ലയിൽ ആവിഷ്കരിച്ച പദ്ധതിയാണ് 'ചങ്ങാതി ചെപ്പ്'. ഉപയോഗശൂന്യമായ വെട്ടുതുണി കഷ്ണങ്ങളിൽ നിന്നും പെൻസിൽ പൗച്ചുകൾ നിർമ്മിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സന്നദ്ധ സംഘട



നകളുടെയും സഹായത്തോടെ ജില്ലയി ലെ സ്കൂൾ വിദ്യാർത്ഥികൾക്ക് കഴിഞ്ഞ അധ്യയന വർഷം പതിനായിരം പെൻ സിൽ പൗച്ചുകൾ നൽകി. വടക്കൻ പറ വൂർ, ഏലൂർ, തൃപ്പൂണിത്തുറ, ആമ്പല്ലൂർ, മണീട്, മുളന്തുരുത്തി, തുടങ്ങിയ തദ്ദേശ സ്ഥാപനങ്ങളിലെ എല്ലാ എൽ.പി., യു.പി. സ്കൂൾ വിദ്യാർത്ഥികൾക്കും തയ്യൽക്കട കളിൽ നിന്നും ഉപയോഗശേഷം പുറന്ത ള്ളുന്ന പാഴ്തുണികൾ കൊണ്ട് നിർമ്മിച്ച പെൻസിൽ പൗച്ചുകൾ 2019 ജൂൺ ഒന്നിന് വിതരണംചെയ്തു.

ഹരിത പഞ്ചായത്ത് പ്രഖ്യാപനം, ഏലൂർ മുൻസിപ്പാലിറ്റി നടപ്പിലാക്കിയ ക്ലീൻ ഏലൂർ പദ്ധതി, കോതമംഗലം മുൻസിപ്പാലിറ്റിയുടെ സമഗ്ര ശുചിത്വ പദ്ധതി, ഇവയൊക്കെയും ജില്ലയിലെ എടുത്തു പറയേണ്ട മാതൃകക ളാണ്. പെൻസിൽ പൗച്ചുകൾ സ്കൂളുകളിൽ വിതരണം നടത്തുന്നതിനായി ആവിഷ്കരിച്ച ചങ്ങാതിചെപ്പ്, ഇലക്ട്രോണിക് മാലിന്യങ്ങ ളുടെ ശേഖരണത്തിനായി ഇനിയില്ല വേസ്റ്റ് പദ്ധതി, തിരുവൈരാണിക്കുളം, മലയാറ്റൂർ, ആലുവ കാഞ്ഞിരമറ്റം, കാഞ്ഞൂർ, തുടങ്ങിയ ആരാധനാലയങ്ങളിൽ നടപ്പിലാക്കിയ ഗ്രീൻ പ്രോട്ടോക്കോൾ ഇവയെല്ലാം ജില്ലയുടെ അഭി മാനകരമായ പദ്ധതികളിൽ ഉൾപ്പെടുന്നു.

ജില്ലയിൽ മാലിന്യ സംസ്കരണ രംഗത്ത് കൈവരിച്ച ശ്രദ്ധേയമായ നേട്ടങ്ങളുടെ പിന്നിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങ ളുടെ നേതൃത്വവും ഹരിതകർമ്മസേനയുടെ കഠിന പ്രയത്നവുമുണ്ട്. 76 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലായി പ്രവർത്തിക്കുന്ന 151 ഹരിതകർമ്മസേനാ സംരംഭത്തിലൂടെ ഉപ ജീവനം കണ്ടെത്തുന്ന അനവധി കുടുംബ ങ്ങളുമുണ്ട്.

### ശുചിത്വ പദവി പ്രഖ്യാപനം

| | |
|---|---|
| ഗ്രാമപഞ്ചായത്ത് | 27 |
| നഗരസഭ | 5 |
| ബ്ലോക്ക് പഞ്ചായത്ത് | 1 |
| **ആകെ** | **33** |

## ജനപങ്കാളിത്തത്തോടെ ആമ്പല്ലൂർ

മാലിന്യ നിക്ഷേപ കേന്ദ്രങ്ങളായിരുന്ന പ്രദേശങ്ങളും ജലാശയങ്ങളും തദ്ദേശസ്ഥാ പനങ്ങളുടെ നേതൃത്വത്തിൽ പ്രദേശവാസിക ളുടെ പിന്തുണയോടെ മാലിന്യമുക്തമാക്കുന്ന ശ്രദ്ധേയമായ മാതൃകകൾ ജില്ലയിൽ സൃഷ്ടി ക്കാനായി. ആമ്പല്ലൂർ പഞ്ചായത്തിന്റെ നേതൃ ത്വത്തിൽ എറണാകുളം-കോട്ടയം റോഡിന്റെ പാർശ്വഭാഗത്തുള്ള ഒരു കി.മീ. വരുന്ന മില്ലു ങ്കൽ തോട്ടിലും 30 സെന്റ് വരുന്ന അനുബന്ധ പുറമ്പോക്കിലും മാലിന്യങ്ങൾ വലിച്ചെറി യുന്ന രീതി പൂർണ്ണമായും അവസാനിപ്പിച്ച് വൃത്തിയായി നിലനിർത്താനും ടൂറിസം വകു പ്പിന്റെ സഹായത്തോടെ ഉദ്യാനവും പാർക്കും നിർമ്മിക്കാനും കഴിഞ്ഞു. വാഴക്കുളം പഞ്ചായ ത്തിലെ മാലിന്യ നിക്ഷേപ കേന്ദ്രമായി രുന്ന കനാൽ പുറമ്പോക്കിൽ തൊഴിലുറപ്പു പദ്ധതിയുടെ കൂടി സഹായത്തോടെ ജൈവ വൈവിധ്യ സമൃദ്ധമായ പച്ചത്തുരുത്തൊരു ക്കാനും പഞ്ചായത്തിന് സാധിച്ചു.

## ശ്രദ്ധേയമായ ഏലൂർ മാതൃക

രണ്ട് തവണ പ്രളയ മാലിന്യ സംസ്കര ണമെന്ന വെല്ലുവിളി വിജയകരമായി നേരിട്ട ഏലൂർ മുൻസിപ്പാലിറ്റിയിലെ ഹരിതകർമ്മ സേന, ജില്ലയിലെ വിജയകരമായ സംരംഭ മാതൃകയാണ്. കോവിഡ് കാലത്തടക്കം 19 ഹരിതകർമ്മസേനാംഗങ്ങളുടെ നേതൃ ത്വത്തിൽ 31 ഡിവിഷനുകളിലെ അജൈവ മാലിന്യ സംസ്കരണം കാര്യക്ഷമമായി നടത്തുന്നതിനൊപ്പം, എല്ലാവർക്കും 15000 രൂപയ്ക്ക് മുകളിൽ സ്ഥിര വരുമാനം കണ്ടെ ത്താനാവുന്നു. ജൈവമാലിന്യ സംസ്കര ണത്തിന് 10 ബിന്നുകൾ വീതമുള്ള അഞ്ച് തുമ്പൂർമൂഴി യൂണിറ്റുകളും ഏലൂർ നഗരസഭ യിലുണ്ട്.

## വടക്കേക്കര ചരിത്രത്തിലേക്ക്

എറണാകുളം ജില്ലയിലെ ആദ്യ തരിശു രഹിത പഞ്ചായത്തായി പറവൂർ നിയോജക മണ്ഡലത്തിലെ തീരദേശ പഞ്ചായത്തായി വടക്കേക്കര മാറി. ഹരിതകേരളം മിഷനും കാർഷിക വികസന കർഷകക്ഷേമ വകുപ്പും, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴി ലുറപ്പ് പദ്ധതിയും കൈകോർത്തപ്പോൾ, വടക്കേക്കര ഗ്രാമപഞ്ചായത്തിന് സംസ്ഥാ നത്തിനു മാതൃകയാവുന്ന പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കാൻ കഴിഞ്ഞു. ഹരിതകേരളം മിഷന്റെ തരിശുരഹിത ഗ്രാമം എന്ന ലക്ഷ്യം കൈവരിക്കുന്ന എറണാകുളം ജില്ലയിലെ ആദ്യ പഞ്ചായത്തായി വടക്കേക്കര മാറുക യാണ്. തരിശുരഹിത പ്രവർത്തനങ്ങളുടെ നടപടിക്രമങ്ങളുടെ ഭാഗമായി ഗ്രാമപഞ്ചാ യത്തുതലത്തിൽ സംഘാടക സമിതി രൂപീ കരിച്ചു. പൊതുജനങ്ങൾ, രാഷ്ട്രീയ പാർട്ടി കളിലെ പ്രതിനിധികൾ, കർഷക സംഘടനാം ഗങ്ങൾ, മതസ്ഥാപനങ്ങളിലെ പ്രതിനിധികൾ, സാമുദായിക സംഘടനാ നേതാക്കൾ, കാർ ഷിക വികസന സമിതി അംഗങ്ങൾ തുടങ്ങി യവർ ചേർന്ന് പഞ്ചായത്തുതല സംഘാടക സമിതി പ്രവർത്തനമാരംഭിച്ചു.

തരിശുരഹിത നടപടി ക്രമങ്ങളുടെ ഭാഗ



മായി വാർഡുതലങ്ങളിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി വാർഡുതല സംഘാടക സമിതികളും രൂപീകരിച്ചു. സമിതിയുടെ നേതൃത്വത്തിൽ വടക്കേക്കര ഗ്രാമപഞ്ചായത്തിലെ കൃഷിയോഗ്യമായ തരിശു സ്ഥലങ്ങൾ കണ്ടെത്തുന്നതിനുള്ള സർവ്വേ നടപടികൾ ആരംഭിച്ച് വിജയകരമായി പൂർത്തീകരിച്ചു. 20 വാർഡുകളിലായി തരിശുൾപ്പെടെ, കൃഷിയോഗ്യമായ 125 ഏക്കറോളം സ്ഥലം ഉള്ളതായി കണ്ടെത്തി. തുടർന്ന് ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി വഴിയും സഹകരണ ബാങ്കുകളുടെ സഹായത്തോടെയും സമയബന്ധിതമായും നിലമൊരുക്കൽ പ്രവർത്തനങ്ങൾ ആരംഭിച്ചു.

കൃഷിയിറക്കാനാവശ്യമായ നടീൽ വസ്തുക്കൾ വടക്കേക്കര ഗ്രാമപഞ്ചായത്ത് ജനകീയാസൂത്രണ പദ്ധതി പ്രകാരവും കൃഷി വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ വഴിയും സഹകരണ ബാങ്കുകളുടെ സഹായത്തോടെയും സമാഹരിച്ച് സൗജന്യമായി വിതരണം ചെയ്തു. കേന്ദ്ര കിഴങ്ങുവിള ഗവേഷണ കേന്ദ്രം (CTCRI) യുടെ sc/scp പദ്ധതി പ്രകാരം കിഴങ്ങുവർഗ്ഗവിളകളുടെ 10 പ്രദർശന തോട്ടങ്ങൾ വടക്കേക്കര ഗ്രാമപഞ്ചായത്തിൽ ഒരുക്കിയിട്ടുണ്ട്. CTCRI യുടെ ഇടപെടൽ വടക്കേക്കര ഗ്രാമപഞ്ചായത്തിന്റെ തരിശു രഹിത പ്രവർത്തനങ്ങൾക്ക് കരുത്തേകി. ഭക്ഷ്യ ഉൽപ്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ പച്ചക്കറികൃഷി, നെൽകൃഷി പ്രോത്സാഹനം, കിഴങ്ങുവർഗ്ഗ വിളകളുടെ കൃഷിവ്യാപനം, വാഴകൃഷി വ്യാപനം, വീട്ടുവളപ്പിലും തൊടിയിലും ദീർഘകാല ഫലവൃക്ഷ തൈകൾ വെച്ചുപിടിപ്പിക്കൽ, വീട്ടുവളപ്പിലും മട്ടുപ്പാവിലും ജനകീയ ജൈവ പച്ചക്കറി കൃഷി തുടങ്ങിയ പ്രവർത്തനങ്ങൾ ഇതിന്റെ ഭാഗമായി നടന്നു.

മതസ്ഥാപനങ്ങൾ, ക്ലബ്ബുകൾ, സന്നദ്ധ സംഘടനകൾ, സർക്കാർ ഇതരസ്ഥാപനങ്ങൾ എന്നിവയുടെ നിയന്ത്രണത്തിലുള്ള ഭൂമിയിൽ ജനകീയ പങ്കാളിത്തത്തോടെ കൃഷിയാരംഭിച്ചു. തുരുത്തിപ്പുറം സെന്റ്. ലൂയിസ് ചർച്ച് അങ്കണത്തിൽ ജൈവ പച്ചക്കറി കൃഷിയും, വാവക്കാട് ശ്രീദേവി സമാജം വക ശ്രീ ഭഗവതി ക്ഷേത്ര അങ്കണത്തിൽ നെൽകൃഷിയും, മടപ്ലാത്തുരുത്ത് സെന്റ്. ജോർജ് ചർച്ച് അങ്കണത്തിൽ കപ്പകൃഷിയും, മൂത്തകുന്നം ക്ഷേത്രാങ്കണത്തിൽ പൂജാപുഷ്പ്പവനവും ഒരുക്കാൻ കഴിഞ്ഞത് വടക്കേക്കര ഗ്രാമപഞ്ചായത്തിന്റെ കാർഷിക മുന്നേറ്റങ്ങൾക്ക് കരുത്തുപകരുന്നു. ലോക്ക്ഡൗൺ കാലത്ത് വടക്കേക്കര ഗ്രാമപഞ്ചായത്ത് രാജ്യത്തിനു മാതൃകയാവുന്ന പ്രവർത്തനങ്ങളാണ് കാഴ്ച്ചവച്ചത്. ഗ്രാമപഞ്ചായത്തിലെ 9514 വീടുകളിൽ അടുക്കളത്തോട്ടമൊരുക്കുവാൻ കഴിഞ്ഞു. ലോക്ക്ഡൗൺ കാലത്തെ കൃഷി കാമ്പയിൻ ജനങ്ങൾ പ്രതീക്ഷയോടെ ഏറ്റെടുക്കുകയായിരുന്നു. വടക്കേക്കര ഗ്രാമപഞ്ചായത്ത് തൈ ഉൽപ്പാദക നഴ്സറിവഴി തരിശു

സ്ഥലങ്ങളിൽ നടാനായി 80,000 ത്തോളം തൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്തു. വടക്കേക്കര ഗ്രാമപഞ്ചായത്തിലെ മുഴുവൻ വിദ്യാലയങ്ങളിലും കൃഷിയാരംഭിച്ച് ഹരിത വിദ്യാലയങ്ങളാക്കി മാറ്റി. കൊടുവള്ളിക്കാട് ഗവൺമെന്റ് SNM LPS, വാവക്കാട് ഗവൺമെന്റ് LPS, വടക്കേക്കര മുഹമ്മദൻ LP സ്കൂൾ എന്നിവിടങ്ങളിൽ സ്കൂൾ മുറ്റത്ത് നെൽകൃഷിയും ആരംഭിച്ചു. വടക്കേക്കര 3131 സർവ്വീസ് സഹകരണ ബാങ്ക്, വടക്കേക്കര 137 സർവ്വീസ് സഹകരണ ബാങ്ക്, കുഞ്ഞിത്തൈ സർവ്വീസ് സഹകരണ ബാങ്ക്, ചെട്ടിക്കാട് സർവ്വീസ് സഹകരണ ബാങ്ക് എന്നീ സഹകരണ സ്ഥാപനങ്ങളുടെ കാർഷിക മേഖലയിലെ ഇടപെടൽ വടക്കേക്കര ഗ്രാമപഞ്ചായത്തിനെ തരിശുരഹിതമാക്കി മാറ്റാൻ സഹായിച്ചു.

വടക്കേക്കര ഗ്രാമപഞ്ചായത്തിലും മൃഗാശുപത്രിയിലും ജീവനക്കാരുടെ നേതൃത്വത്തിൽ കൃഷിയാരംഭിച്ച് മാതൃകയായി. വംശനാശ ഭീക്ഷണി നേരിടുന്ന സുഗന്ധ ഔഷധ നെല്ലിനങ്ങളായ ഞവര, ഗന്ധകശാല, രക്തശാലി മുതലായവയുടെ കൃഷി വ്യാപിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്. വളരെ ചിട്ടയായ പ്രവർത്തനങ്ങളിലൂടെ കണ്ടെത്തിയ (തരിശും കൃഷിയോഗ്യവുമായ) 125 ഏക്കറോളം സ്ഥലത്ത് സമയോചിതമായി നിലമൊരുക്കി ഒരേ സമയം എല്ലായിടത്തും വിവിധയിനത്തിൽപ്പെട്ട കാർഷിക വിളകൾ കൃഷിയാരംഭിച്ച് എറണാകുളം ജില്ലയിലെ ആദ്യ തരിശുരഹിത പഞ്ചായത്തെന്ന ചരിത്രനേട്ടത്തിലേയ്ക്ക് തീരദേശത്തിന്റെ വിജയഗാഥയുമായി വടക്കേക്കര ഗ്രാമപഞ്ചായത്ത് മുന്നേറുകയാണ്. നെൽപ്പാടങ്ങളോ, നെൽവയലുകളോ ഇല്ലാത്ത വടക്കേക്കര ഗ്രാമപഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും നെൽകൃഷി സജീവമാണ്.

## തൃശൂർ

86 ഗ്രാമപഞ്ചായത്തുകളും ഏഴ് നഗരസഭകളും തൃശൂർ കോർപ്പറേഷനും ഉൾക്കൊള്ളുന്ന തൃശൂർ ജില്ലയിലെ ആകെ വീടുകൾ 1051166 ആണ്. മാലിന്യ സംസ്കരണത്തിനായി ഭൂരിഭാഗം ജനങ്ങളും ഉറവിട മാലിന്യ സംസ്കരണ സംവിധാനത്തെയാണ് ആശ്രയിക്കുന്നത്. ശുചിത്വമിഷൻ സഹായവും, തൊഴിലുറപ്പ് പിന്തുണയും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് പുറമെ ഉറവിട മാലിന്യ സംസ്കരണ സംവിധാനം ഉണ്ടാക്കുന്നതിന് ലഭ്യമാകുന്നുണ്ട്. പൊതു ബയോഗ്യാസ് പ്ലാന്റുകൾ പെരിഞ്ഞനം, ചാലക്കുടി മുനിസിപ്പാലിറ്റി, വടക്കാഞ്ചേരി മുൻസിപ്പാലിറ്റി എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. സ്ലറി കാർഷിക ആവശ്യത്തിനും, ഗ്യാസ് 22 വീടുകൾക്കും (പെരിഞ്ഞനം) ഗാർഹിക ആവശ്യത്തിനു നൽകുന്നു. പഴയന്നൂർ പഞ്ചായത്ത്, കുന്നംകുളം മുൻസിപ്പാലിറ്റി, ഇരിഞ്ഞാലക്കുട മുൻസിപ്പാലിറ്റി, ഗുരുവായൂർ മുൻസിപ്പാലിറ്റി, ചാവക്കാട് മുൻസിപ്പാലിറ്റി, കൊടുങ്ങല്ലൂർ മുൻസിപ്പാലിറ്റി എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജൈവമാലിന്യങ്ങൾ ശേഖരിക്കുകയും സംസ്കരണ പ്ലാന്റിൽ എത്തിച്ച് ജൈവ വളമാക്കി വിൽപ്പന നടത്തുകയും ചെയ്യുന്നു. പുത്തൂർ, പാവറട്ടി, വെങ്കിടങ്ങ്, വാടാനപ്പിള്ളി, വെള്ളാങ്കല്ലൂർ എന്നീ പഞ്ചായത്തുകളിൽ ജൈവ മാലിന്യസംസ്കരണത്തിനായി കമ്മ്യൂണിറ്റി കമ്പോസ്റ്റിംഗ് സംവിധാനം പ്രയോജനപ്പെടുത്തുന്നു. 20-ഓളം മാർക്കറ്റുകളിലെ ജൈവമാലിന്യം ഉറവിടത്തിൽ തന്നെ ജൈവവളം ഉൽപ്പാദനത്തിനായി ഉപയോഗിക്കുന്നു.

### ജൈവ മാലിന്യ സംസ്കരണ പ്ലാന്റുകൾ

ഗവ. മെഡിക്കൽ കോളേജിൽ ഹരിത കേരളം മിഷന്റെ നിർദ്ദേശ പ്രകാരം 48 ലക്ഷം രൂപയുടെ സമ്പൂർണ്ണ ജൈവ-അജൈവ മാലിന്യ സംസ്കരണ പ്ലാന്റ് 2020 ൽ പ്രവർത്തനം ആരംഭിച്ചു. ഇതിനകം ഇതുവഴി സംസ്കരിച്ചെടുത്ത 1157 കി.ഗ്രാം വളം വിൽപ്പന നടത്തി. ഐ.ആർ.ടി.സി. വഴി നടപ്പിലാക്കിയ ഈ പദ്ധതിയിലൂടെ മെഡിക്കൽ കോളേജ് ആശുപത്രിയിലെയും അനുബന്ധ സ്ഥാപനങ്ങളിലെയും ജൈവ അജൈവ മാലിന്യങ്ങളുടെ സംസ്കരണം ശാസ്ത്രീയമായി നടന്നുവരികയാണ്.

### ഉറവിടമാലിന്യ സംസ്കരണ സംവിധാനം

**ശുചിത്വമിഷൻ മുഖേന ചെയ്തത്**

- വീടുകൾ-77102
- മറ്റുസ്ഥാപനങ്ങൾ-177

## തൊഴിലുറപ്പ് മുഖേന ചെയ്തത്

**കമ്പോസ്റ്റ്പിറ്റ്**

- പൂർത്തിയായത്-635
- പ്രോജക്റ്റ് ഉള്ളത് -38

**സോക്കേജ് പിറ്റ്**

- പൂർത്തിയായത്-1062
- പ്രോജക്റ്റ് ഉള്ളത് -43

അജൈവ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളും ജില്ലയിൽ സജീവമായിത്തന്നെ പ്രവർത്തിക്കുന്നുണ്ട്. 286981 വീടുകളിൽ നിന്നും 27054 സ്ഥാപനങ്ങളിൽനിന്നും 20 മാർക്കറ്റുകളിൽനിന്നും അജൈവ മാലിന്യ ശേഖരണം നടക്കുന്നുണ്ട്. ഇപ്രകാരം ലഭ്യമായ പ്ലാസ്റ്റിക് പൊടിച്ചത് എട്ട് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലായി 69.646 കി.മീ. റോഡ് ടാർ ചെയ്യുന്നതിനായി ഉപയോഗിച്ചിട്ടുണ്ട്.

ചിക്കൻ വേസ്റ്റ് പന്നി ഫാമുകളിലേക്കോ, ജൈവവള പ്ലാന്റുകളിലേക്കോ കൈമാറുന്നു. മുടി വേസ്റ്റ് വിഗ്ഗ് നിർമ്മാണത്തിനുപയോഗിക്കുകയോ സ്ഥാപനങ്ങൾ സ്വന്തം നിലയിൽ സംസ്കരിക്കുകയോ ചെയ്യുന്നു. ബിൽഡിംഗ് വേസ്റ്റ് ലാന്റ് ഫില്ലിംഗിനും മറ്റുമാണ് ഉപയോഗിക്കുന്നത്.

മേൽ പ്രവർത്തനങ്ങളെല്ലാം ചിട്ടയായി നടക്കുന്നതിന് കാരണം ജില്ലയിലെ ഹരിത കർമ്മസേന പ്രവർത്തകരാണ്. ആകെയുള്ള 94 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 79 സ്ഥലങ്ങളിലും ഹരിതകർമ്മസേന സംരംഭങ്ങൾ ഉപജീവനം കണ്ടെത്തുകയും ചെയ്യുന്നുണ്ട്. ഇതിൽ മികച്ച പ്രവർത്തനം നടത്തുന്ന മണലൂർ, പഴയന്നൂർ, കുന്ദംകുളം, ഗുരുവായൂർ, ചാവക്കാട്, ഇരിഞ്ഞാലക്കുട എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളെ പ്രത്യേകം അഭിനന്ദിക്കേണ്ടതാണ്. ജില്ലയിൽ 13 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കൺസോർഷ്യം രൂപീകരിച്ചിട്ടുണ്ട്.

ജില്ലയിലാകെയുള്ള 59 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ സ്ഥിരം എം.സി.എഫുകളും താൽക്കാലിക എം.സി.എഫുകളിലൂടെയുമാണ് അജൈവ മാലിന്യ സംഭരണം ഹരിതകർമ്മസേന അംഗങ്ങൾ നടത്തുന്നത്. 10 പഞ്ചായത്തുകളിൽ എം.സി.എഫ്. നിർമ്മാണഘട്ടത്തിലാണ്. രണ്ട് പഞ്ചായത്തുകൾ പ്രോജക്റ്റ് വയ്ക്കുകയും മൂന്ന് പഞ്ചായത്തുകൾ സ്ഥലം കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതി മുഖേന 37 മിനി എം.സി.എഫുകളുടെ പ്രവർത്തനം ഉടനെ പൂർത്തിയാക്കും. നിലവിൽ ചേർപ്പ് പഞ്ചായത്തിലെഎല്ലാ വാർഡുകളിലും മിനി എം.സി.എഫ്. പ്രവർത്തിക്കുന്നു. ഇതുകൂടാതെ 26 സ്ഥലങ്ങളിൽ ആർ.ആർ.എഫുകളും പ്രവർത്തിക്കുന്നുണ്ട്. 6 സ്ഥലങ്ങളിൽ പണി പുരോഗമിക്കുന്നു.

**ശുചിത്വപദവി പ്രഖ്യാപനം**

| | |
|---|---|
| ഗ്രാമപഞ്ചായത്ത് | 37 |
| നഗരസഭ | 7 |
| ബ്ലോക്ക് പഞ്ചായത്ത് | 2 |
| **ആകെ** | **46** |

ഹരിതകേരളം മിഷന്റെ ഇടപെടലുകളിലൂടെ എറണാകുളം ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള 50 സെന്റ് സ്ഥലവും ഒരു പ്ലാസ്റ്റിക് ഷ്രഡിങ് മെഷീനും കരാർ വ്യവസ്ഥയിൽ രണ്ട് വർഷത്തേക്ക് ക്ലീൻ കേരള കമ്പനിക്ക് കൈമാറി. ജില്ലയിലെ അജൈവ മാലിന്യ ശേഖരണത്തിനും സംസ്കരണത്തിനും ഇത് വലിയ മുതൽ കൂട്ടാകും.

## ഇ വേസ്റ്റ് – ഹസാർഡസ് വേസ്റ്റ് നിർമ്മാർജനം

## ഹരിത ഓഫീസ് പ്രവർത്തനങ്ങൾ

ജില്ലയിലെ വിവിധ ഓഫീസുകളിൽ നിന്നും ഇതുവരെ 45 ടൺ ഇ- വേസ്റ്റ് ക്ലീൻ കേരള വഴി നീക്കം ചെയ്തു. 25000 ത്തോളം ട്യൂബുകളും ബൾബുകളും ഓഫീസുകളിൽ നിന്ന് നീക്കം ചെയ്തിട്ടുണ്ട്. ജില്ലയിലെ കെ.എസ്.എഫ്.ഇ., കെ.എസ്.ഇ.ബി., കെ.എസ്.ആർ.ടി.സി., പോലീസ് സ്റ്റേഷനുകൾ എന്നിവിടങ്ങളിലെ തിരഞ്ഞെടുത്ത ഉദ്യോഗസ്ഥർക്ക് ഹരിത ഓഫീസ് സംബന്ധമായ പരിശീലനം ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നൽ കിയിട്ടുണ്ട്.

ജില്ലയിലെ അഞ്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജൈവ മാലിന്യങ്ങൾ ശേഖരിക്കുകയും അവ സംസ്കരണ പ്ലാന്റിൽ എത്തിച്ച് ജൈവവളമാക്കി മാറ്റി തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ സ്വന്തം ബ്രാൻഡിൽ വിൽപ്പന നടത്തുകയും ചെയ്യുന്നു.

**ജൈവ വളം – ഉൽപ്പാദനം**

| തദ്ദേശ സ്വയംഭരണ സ്ഥാപനം | വളത്തിന്റെ പേര് | പ്രതിവർഷം ഉൽപ്പാദിപ്പിക്കുന്ന വളം | രൂപ/ കി. ഗ്രാം |
|---|---|---|---|
| പഴയന്നൂർ | കൃഷിമിത്ര | 648 ടൺ | 15 |
| കുന്ദംകുളം മുനിസിപ്പാലിറ്റി | സമതഗ്രീൻ | 220 ടൺ | 15 |
| ചാവക്കാട് മുൻസിപ്പാലിറ്റി | കർഷകാമൃതം | 60 ടൺ | 12 |
| ഗുരുവായൂർ മുനിസിപ്പാലിറ്റി | ഹരിതം | 2200 ടൺ | 15 |
| കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റി (2020 സെപ്റ്റംബറിൽ പ്രവർത്തനം ആരംഭിച്ചു ) | നാട്ടുപച്ച | 16 ടൺ | 14 |

## സവിശേഷ പ്രവർത്തനങ്ങൾ

### മാലിന്യ സംസ്കരണ വീഥിയിൽ നാഷണൽ സർവീസ് സ്കീം വിദ്യാർത്ഥികളും.

വിദ്യാർത്ഥികളിൽ മാലിന്യസംസ്കരണത്തെകുറിച്ച് അവബോധം വരുത്തി സമൂഹത്തിൽ ശുചിത്വബോധമുള്ള ഒരു തലമുറയെ വളർത്തിയെടുക്കുന്നത് ലക്ഷ്യമിട്ട് ഹരിത കേരളം മിഷൻ ആരംഭിച്ച കമ്മ്യൂണിറ്റി കമ്പോസ്റ്റിംഗ് പദ്ധതിയുടെ ഭാഗമായി ശ്രീനാരായണ കോളേജിൽ തുമ്പൂർമുഴി മോഡൽ കമ്പോസ്റ്റിംഗ് യൂണിറ്റ് ആരംഭിച്ചു. ഇതിൽനിന്നും ഉൽപ്പാദിപ്പിക്കുന്ന ജൈവവളം കോളേജിന്റെ എൻഎസ്എസ് യൂണിറ്റുകളുടെ നേതൃത്വത്തിൽ വളമായി വിപണിയിലേക്ക് ഇറക്കും. 2020 ഒക്ടോബറിൽ പൂർത്തിയാക്കിയ ഇതിന്റെ നിർവഹണ ഏജൻസി ഐ.ആർ.ടി.സി. ആണ്.

### ഗ്രീൻ പ്രോട്ടോക്കോൾ

ജില്ലയിലെ എല്ലാ ഓഫീസുകളിലും പൊതുപരിപാടികളിലും ഗ്രീൻ പ്രോട്ടോക്കോൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കി പരിപാലിക്കുന്നതിനുവേണ്ടി കെ.എസ്.ഇ.ബി., കെ.എസ്.എഫ്.ഇ., കെ.എസ്.ആർ.ടി.സി., പോലീസ് വകുപ്പ്, എന്നീ സ്ഥാപനങ്ങളിലും മറ്റു പ്രധാനപ്പെട്ട സർക്കാർ ഓഫീസുകളിൽ നിന്നും ഗ്രീൻ പ്രോട്ടോക്കോൾ നോഡൽ ഓഫീസറെ തിരഞ്ഞെടുത്ത് പരിശീലനം നൽകി. പരിശീലനം നൽകിയ ജില്ലയിലെ എല്ലാ ഓഫീസുകളിലും ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കി വരുന്നതിന്റെ പുരോഗതി വിലയിരുത്തി കളക്ടർക്ക് റിപ്പോർട്ട് സമർപ്പിച്ചു. ഗവൺമെന്റ് കോളേജുകളിൽ ഗ്രീൻ പ്രോട്ടോക്കോൾ തത്വം പാലിക്കുന്നതിനുവേണ്ടി എൻ.എസ്.എസ്സുമായി ചേർന്ന് പ്രവർത്തനങ്ങൾ നടത്തി വരുന്നു.

### തൃശ്ശൂർ ജില്ലയിൽ കശുമാവ് കൃഷി വ്യാപിപ്പിക്കാൻ പദ്ധതി

തൃശ്ശൂർ ജില്ലയിൽ കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി കേരള സർക്കാർ കശുമാവ് വ്യാപന കൃഷി ഏജൻസിയും, ജില്ലാ ഹരിതകേരളം



മിഷനും ചേർന്ന് ആദ്യഘട്ടം കുന്നംകുളം മുൻസിപ്പാലിറ്റിയിൽ ആരംഭിച്ചു. പച്ചത്തുരുത്തുകൾ ഉള്ള സ്ഥലത്തിനോട് ചേർന്നാണ് കൂടുതലും നടുന്നത്. ഹരിതകേരളം മിഷൻ ഓഫീസിൽ നിന്നും ഗ്രാമപഞ്ചായത്തുകളിലെ ജനപ്രധിനിതികളുമായി ബന്ധപ്പെട്ടാണ് 100 ഓളം ഗുണഭോക്താക്കളെ കണ്ടെത്തിയത്.

### തുമ്പൂർമുഴി മോഡൽ കമ്പോസ്റ്റിംഗുമായി നാട്ടിക എസ് എൻ കോളേജ്

ഹരിതകേരളം മിഷൻ കമ്മ്യൂണിറ്റി കമ്പോസ്റ്റിംഗ് പദ്ധതിയുടെ ഭാഗമായി നാട്ടിക എസ്.എൻ. കോളേജിൽ തുമ്പൂർമുഴി മോഡൽ കമ്പോസ്റ്റിംഗ് പദ്ധതി 2020 ഒക്ടോബറിന്



പ്രവർത്തനം ആരംഭിച്ചു. ഇതിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന ജൈവ വളം കോളേജിന്റെ എൻ.എസ്.എസ്. യൂണിറ്റുകളുടെ നേതൃത്വത്തിൽ വളമായി വിപണിയിലേക്ക് നൽകും.

## പാലക്കാട്

പാലക്കാട് ജില്ലയിൽ 95 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലായി 782291 വീടുകളുണ്ട്. കൂടാതെ 87051 വാണിജ്യ, വാണിജ്യേതര സ്ഥാപനങ്ങളുമുണ്ട്. പ്രതിമാസം ഉണ്ടാകുന്ന ജൈവമാലിന്യത്തിന്റെ അളവ് 29570 ടൺ ആണ്. ഉറവിട മാലിന്യ സംസ്കരണ ഉപാധികൾ ഉപയോഗിക്കുന്ന 218714 വീടുകൾ 27422 സ്ഥാപനങ്ങളുമുണ്ട്. 58 സ്ഥലങ്ങളി ലായി കമ്മ്യൂണിറ്റി കമ്പോസ്റ്റിംഗ് സംവിധാനം പ്രവർത്തിക്കുന്നുണ്ട്. ഇതിലൂടെ 86 ടൺ ജൈവവളം പ്രതിമാസം ഉൽപ്പാദിപ്പിക്കുന്നുണ്ട്. ഉൽപ്പാദിപ്പിച്ച ജൈവവളം കർഷകർക്ക് ഗ്രാമപഞ്ചായത്തിന്റെ കാർഷിക പ്രോജക്ടിലുൾപ്പെടുത്തിയും അല്ലാതെയും വിതരണം ചെയ്യുന്നുണ്ട്.

ജില്ലയിലാകെ 10528.20 ടൺ അജൈവ മാലിന്യം പ്രതിമാസം ഉൽപ്പാദിപ്പിക്കുന്നതായി കണക്കാക്കിയിട്ടുണ്ട്. ഇവ 50 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സ്ഥിരം എം.സി.എഫുകളിലും 31 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ താൽക്കാലിക എം.സി.എഫുകളിലുമായി ശേഖരിക്കുന്നു. ഇവകൂടാതെ 38 മിനി എം.സി.എഫുകളും 14 ആർ.ആർ.എഫുകളും 17 സ്ഥിരം എം.സി.എഫുകളുടെ പണി പൂർത്തിയായി വരുന്നു.

അജൈവ മാലിന്യ സംഭരണ കേന്ദ്രങ്ങളിൽ ലഭ്യമായ പ്ലാസ്റ്റിക് പൊടിയാക്കി 97.4 ടൺ വിവിധ ഏജൻസികൾക്ക് വിതരണം നടത്തിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 76.7 ടൺ പി.ഡബ്ല്യൂ.ഡി. ക്ക് 19.2

### ചിറ്റൂർ മണ്ഡലത്തിലെ ജലഗുണതാ പരിശോധനാലാബ്

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിലും കുടിവെള്ള പരിശോധനാലാബുകൾ സ്ഥാപിക്കുന്ന പദ്ധതിയുടെ ഭാഗമായി പാലക്കാട് ജില്ലയിലെ ചിറ്റൂർ മണ്ഡലത്തിൽ സ്ഥാപിച്ച 11 ലാബുകളുടെ ഉദ്ഘാടനം 02.11.2020ന് വിദ്യാഭ്യാസ വകുപ്പ് മന്ത്രി പ്രൊഫ.സി. രവീന്ദ്രനാഥ് നിർവഹിച്ചു. ചിറ്റൂർ ഗവ.വിക്ടോറിയ ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിൽ നടന്ന ചടങ്ങിൽ ജലവിഭവ വകുപ്പ് മന്ത്രി ശ്രീ.കെ.കൃഷ്ണൻകുട്ടി പങ്കെടുത്തു.

ചിറ്റൂർ മണ്ഡലത്തിൽ മന്ത്രി കെ.കൃഷ്ണൻകുട്ടിയുടെ പ്രാദേശിക വികസന ഫണ്ട് വിനിയോഗിച്ച് ശ്രീകൃഷ്ണ ഹയർ സെക്കണ്ടറി സ്കൂൾ നല്ലേപ്പിള്ളി, ഭഗവതി ഗവ.ഹയർസെക്കണ്ടറി സ്കൂൾ



വണ്ണാമട, ശ്രീവിദ്യാ ഹയർ സെക്കണ്ടറി സ്കൂൾ എരുത്തേമ്പതി, ഗവ.വിക്ടോറിയ ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ ചിറ്റൂർ, ഗവ.ബോയ്സ് ഹയർ സെക്കണ്ടറി സ്കൂൾ ചിറ്റൂർ, പി.ജി.പി.എച്ച്.എസ്. സ്കൂൾ ചുരിക്കാട്, പൊൽപ്പുള്ളി, ഗവ.ഹയർ സെക്കണ്ടറി സ്കൂൾ തത്തമംഗലം, ഗവ. ഹയർ സെക്കണ്ടറി സ്കൂൾ പെരുവെമ്പ്, ഹയർസെക്കണ്ടറി സ്കൂൾ പെരുമാട്ടി, കെ.കെ.എം. ഹയർ സെക്കണ്ടറി സ്കൂൾ വണ്ടിത്താവളം എന്നീ സ്കൂളുകളിൽ സ്ഥാപിച്ച ജലഗുണ നിലവാര പരിശോധന ലാബുകളാണ് ഉദ്ഘാടനം ചെയ്തത്.

ടൺ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യക്ക് 1.5 ടൺ എന്നിങ്ങനെയാണ് ലഭ്യമാക്കിയിട്ടുള്ളത്. ജില്ലയിൽ ആകെ 83 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഹരിതകർമ്മ സേന പ്രവർത്തനം സജീവമായുണ്ട്. ഇതിലൂടെ 117 യൂണിറ്റുകളിലായി 2567 കുടുംബങ്ങൾക്ക് ഉപജീവനം ലഭിക്കുന്നുണ്ട്. ഇവർക്ക് അധികവരുമാനം ലഭ്യമാക്കുന്നതിനായി 417 സംരംഭക യൂണിറ്റുകളും രൂപീകരിക്കുന്നതിനുള്ള പ്രവർത്തനം നടന്നുവരുന്നു.

ഗ്രീൻ പ്രോട്ടോക്കോൾ നടപ്പാക്കുന്നതിനായി ജില്ലയിലെ 908 കേന്ദ്ര-സംസ്ഥാന സർക്കാർ ഓഫീസുകൾക്ക് പരിശീലനം നൽകിയിട്ടുണ്ട്. 798 ഓഫീസുകളിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കിയ 136 പൊതു പരിപാടികളിലും ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കിയിട്ടുണ്ട്.

പൊതുനിരത്തുകളിലും മറ്റുമായി മാലിന്യം വലിച്ചെറിഞ്ഞതും പ്ലാസ്റ്റിക്കിന്റെ ഉപയോഗവുമായി ബന്ധപ്പെട്ടും 747 കേസുകളിൽ പിഴചുമത്തിയ 1,57,990 രൂപ പിഴയായി ഈടാക്കിയിട്ടുണ്ട്. 35 കേസുകളിൽ നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പാലക്കാട് ജില്ല നടത്തിയ സവിശേഷ പ്രവർത്തനങ്ങളിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്നത് കോവിഡ് കെയർ സെന്ററുകളുടെയും ക്വാറന്റൈൻ കേന്ദ്രങ്ങളുടേയും ശുചീകരണത്തിനാവശ്യമായ സാനിട്ടേഷൻ വർക്കർമാരുടെ പരിശീലനം, വാളയാറിലെ സ്ഥിരം കോവിഡ് പരിശോധന കേന്ദ്രത്തിലെ ശുചിത്വ സംവിധാന പ്രവർത്തനങ്ങളുടെ ഏകോപനം എന്നിവയാണ്.

### ശുചിത്വപദവി പ്രഖ്യാപനം

| | |
|---|---|
| ഗ്രാമപഞ്ചായത്തുകൾ | 52 |
| നഗരസഭകൾ | 4 |
| **ആകെ** | **56** |

## ജൈവ വളം ഉൽപ്പാദനം

| നം. | തദ്ദേശ സ്വയംഭരണ സ്ഥാപനം | പ്രതിവർഷം ഉൽപ്പാദിപ്പിക്കുന്ന വളത്തിന്റെ അളവ് | കിലോയ്ക്ക് എത്ര രൂപ/ സൗജന്യമായി | എന്തു പേരിൽ ഇറക്കുന്നു |
|---|---|---|---|---|
| 1 | പാലക്കാട് നഗരസഭ (വിൻഡ്രോ കമ്പോസ്റ്റ്) | 460.8 ടൺ | കിലോ 3/- രൂപയ്ക്ക് വിൽക്കുന്നു. | ബ്രാൻഡ് ചെയ്തിട്ടില്ല |
| 2 | ചിറ്റൂർ - തത്തമംഗലം നഗരസഭ (വിൻഡ്രോ കമ്പോസ്റ്റ്) | 36 ടൺ | കിലോ 15/- രൂപയ്ക്ക് വിൽക്കുന്നു. (സബ്സിഡി നിരക്കിൽ നഗരസഭയുടെ കാർഷിക പ്രോജക്ടിന്റെ ഭാഗമായും വിതരണം ചെയ്യുന്നു. | അമൃതകം |
| 3 | ഒറ്റപ്പാലം നഗരസഭ (വിൻഡ്രോ കമ്പോസ്റ്റ്) | 144 ടൺ | കൃഷിഭവൻ മുഖാന്തിരം കർഷകർക്ക് സൗജന്യമായി നൽകുന്നു. | ബ്രാൻഡ് ചെയ്തിട്ടില്ല. |
| 4 | പുതുപ്പരിയാരം ഗ്രാമപഞ്ചായത്ത് (വിൻഡ്രോ കമ്പോസ്റ്റ്) | 58 ടൺ | കിലോ 15/- രൂപയ്ക്ക് വിൽക്കുന്നു. | സമൃദ്ധി |
| 5 | കൊടുവായൂർ ഗ്രാമപഞ്ചായത്ത് (വെർമി കമ്പോസ്റ്റ്) | 36 ടൺ | കിലോ 10/- രൂപയ്ക്ക് വിൽക്കുന്നു. | വെർമി കമ്പോസ്റ്റ് കൊടുവായൂർ |
| 6 | ആലത്തൂർ ഗ്രാമപഞ്ചായത്ത് (വിൻഡ്രോ കമ്പോസ്റ്റ്) | 230 ടൺ | കിലോ 8/- രൂപയ്ക്ക് വിൽക്കുന്നു. | അതിജീവനം |

| | | | | |
|---|---|---|---|---|
| 7 | അകത്തേത്തറ ഗ്രാമപഞ്ചായത്ത് (വിൻഡ്രോ കമ്പോസ്റ്റ് + തുമ്പൂർമൂഴി യൂണിറ്റുകൾ) | 18 ടൺ | കിലോ 10/- രൂപയ്ക്ക് വിൽക്കുന്നു. | ബ്രാൻഡ് ചെയ്തിട്ടില്ല |
| 8 | ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത് (പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള തുമ്പൂർമൂഴികളിൽ) | 1.4 ടൺ | ഇവിടെ ഉൽപ്പാദിപ്പിക്കുന്ന ജൈവവളം പഞ്ചായത്തിലെ സ്കൂളുകൾ അടക്കമുള്ള വിവിധ സ്ഥാപനങ്ങളിലെ ജൈവകൃഷി പരിപാലനത്തിനായി ഉപയോഗിക്കുന്നു. | ശുചിത്വമിത്രം ജൈവവളം |
| 9 | ഷൊർണ്ണൂർ നഗരസഭ (3 തുമ്പൂർമൂഴി യൂണിറ്റുകൾ) | 1.26 ടൺ | കൃത്യമായ രീതിയിൽ വളം ശേഖരിക്കലോ വിതരണം ചെയ്യലോ നടക്കുന്നില്ല. | |
| | **ആകെ** | **985.46 ടൺ** | | |

ലോക്ഡൗണിലൂടെ ഇതര സംസ്ഥാനങ്ങളിൽ കുടുങ്ങിയ മലയാളികളെ തിരിച്ചെത്തിക്കുന്നതിന് സംസ്ഥാന സർക്കാർ വാളയാറിൽ ഒരുക്കിയ സ്ഥിരം പരിശോധന കേന്ദ്രത്തിന്റെ മാലിന്യ സംസ്കരണ സംവിധാനങ്ങൾ പരിപാലിച്ചത് ഹരിതകേരളം മിഷന്റെ നേതൃത്വത്തിലാണ്. മാസ്കുകളും ഗ്ലൗസുകളും കുടിവെള്ള കുപ്പികളും, ഇതര പ്ലാസ്റ്റിക് വസ്തുക്കളും സംഭരിച്ച് സംസ്കരിക്കുന്നതിനുള്ള സംവിധാനങ്ങളാണ് ഏർപ്പെടുത്തിയത്. ഇതിന്റെ ഭാഗമായി യാത്രക്കാർ വലിച്ചെറിഞ്ഞ മാസ്കുകളും ഗ്ലൗസുകളും സംസ്കരിക്കാനും ഈ സ്ഥലത്ത് പ്രവർത്തിച്ചിരുന്ന കുടുംബശ്രീ കാന്റീന്റെ ഭാഗമായി ഉൽപ്പാദിപ്പിച്ച ഭക്ഷണ മാലിന്യം അണുവിമുക്തമാക്കി സുരക്ഷിതമായി സംസ്കരിക്കുന്നതിനും ഹരിതകേരളം മിഷനും പുതുശ്ശേരി ഗ്രാമപഞ്ചായത്തും ശുചിത്വമിഷനും സംയുക്തമായി നടത്തിയ പ്രവർത്തനത്തിലൂടെ സാധിച്ചു.

## മലപ്പുറം

കേരളത്തിലെ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള ജില്ലയാണ് മലപ്പുറം. നിലവിൽ 94 ഗ്രാമപഞ്ചായത്തുകളും 12 മുനിസിപ്പാലിറ്റികളുമാണ് ജില്ലയിലുള്ളത്. ഈ തദ്ദേശ സ്ഥാപനങ്ങളുടെ കീഴിലായി 10,66,023 വീടുകളാണുള്ളത്. ഇതിൽ 7,88,857 (74%) വീടുകളിൽ ഉറവിട മാലിന്യ സംസ്കരണ സംവിധാനവും 7,16,797 (67%) വീടുകളിൽ വാതിൽപ്പടി മാലിന്യ ശേഖരണവും നടക്കുന്നു. കൂടാതെ 77,000 ത്തിൽ പരം സ്ഥാപനങ്ങളിലും വാതിൽപ്പടി മാലിന്യ ശേഖരണം നടക്കുന്നുണ്ട്.

ഉറവിട ജൈവ മാലിന്യ സംസ്കരണത്തിനായി പൈപ്പ് കമ്പോസ്റ്റ്, ബക്കറ്റ് കമ്പോസ്റ്റ്, ബയോ ഡൈജസ്റ്റർ പോട്ട്, ബയോഗ്യാസ് പ്ലാന്റ്, മണ്ണിര കമ്പോസ്റ്റ്, കുഴി കമ്പോസ്റ്റ് എന്നിവയും വികേന്ദ്രികൃത മാലിന്യ സംസ്കരണത്തിനായി തുമ്പൂർമുഴി മോഡലുകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കിവരുന്നു. സ്ഥാപനങ്ങളിലെയും ഹോട്ടലുകളിലെയും ജൈവ മാലിന്യങ്ങൾ പന്നി ഫാം കർഷകർ കൊണ്ടുപോകുന്നതിനാൽ വലിയ രീതിയിലുള്ള മാലിന്യ പ്രതിസന്ധി ഉണ്ടാകുന്നില്ല. മാലിന്യ സംസ്കരണ സംവിധാനത്തിൽനിന്നും നിർമിക്കുന്ന ജൈവവളം ചെറിയ നിരക്കിൽ വിൽപ്പന നടത്തുകയും കർഷകർക്ക് വിതരണം ചെയ്യുകയും ചെയ്യുന്നു. പെരിന്തൽമണ്ണ, തിരൂർ, നിലമ്പൂർ മുൻസിപ്പാലിറ്റികളിലായി പൊതു ജൈവ മാലിന്യ സംസ്കരണ പ്ലാന്റുകൾ നിലവിൽ പ്രവർത്തിക്കുന്നു. 90% വീടുകളും സ്ഥാപനങ്ങളും ഉറവിട മാലിന്യ സംസ്കരണ സംവിധാനമാണ് സ്വീകരിക്കുന്നത്. എന്നിരുന്നാലും പ്രതിദിനം ഒരു ടൺ പൊതു സംസ്കരണ സംവിധാനത്തിൽ സംസ്കരിക്കുന്നു. പരപ്പനങ്ങാടി, നിലമ്പൂർ, പെരിന്തൽമണ്ണ മുനിസിപ്പാലിറ്റികളിൽ പൊതു ബയോഗ്യാസ് സംവിധാനവും ഇതിന്റെ ഭാഗമായി നടപ്പാ

ക്കിയിട്ടുണ്ട്.

ഹരിതകർമ്മ സേന വഴി വീടുകളിൽ നിന്നും സ്ഥാപങ്ങളിൽ നിന്നും മാലിന്യം ശേഖരിച്ചുവരുന്നു. ജില്ലയിൽ 94 ഹരിതകർമ്മ സേനകൾ പ്രവർത്തിക്കുന്നു.ചില പഞ്ചായത്തുകളിലും നഗരസഭകളിലും കോവിഡ് 19 ന്റെ വ്യാപനം മൂലം ചില ഹരിതകർമ്മ സേനകൾ പ്രവർത്തിക്കുന്നില്ല. ക്ലീൻ കേരള കമ്പനി മാർച്ച് 2020 മുതൽ നാളിതു വരെ 27 തദ്ദേശ സ്ഥാപനങ്ങളിൽ നിന്നുമായി 11062 കിലോഗ്രാം തരം തിരിച്ച മാലിന്യങ്ങളും 493760 റിജക്ഷൻ മാലിന്യങ്ങളും ശേഖരിച്ചു. മലപ്പുറം ബ്ലോക്ക് പഞ്ചായത്ത്, സിവിൽ സ്റ്റേഷൻ തുടങ്ങിയ വ്യത്യസ്ത സ്ഥാപങ്ങളിൽനിന്നുമായി 4.123 ടൺ ഇ മാലിന്യം ക്ലീൻ കേരള കമ്പനി ശേഖരിക്കുന്നുണ്ട്. രണ്ട് മുനിസിപ്പാലിറ്റിയിൽ നിന്നും രണ്ട് ബ്ലോക്കുകളിൽനിന്നും രണ്ട് പഞ്ചായത്തുകളിൽ നിന്നുമായി ആകെ 39.311 ടൺ പൊടിച്ച പ്ലാസ്റ്റിക്



ശേഖരിക്കുന്നു. പൊന്നാനിയിലെ 'സുന്ദരി പൊന്നാനി', കരുളായി പഞ്ചായത്തിലെ 'ക്ലീൻ കരുളായി' പദ്ധതി ചാലിയാർ പഞ്ചായത്തിലെ 'ക്ലീൻ ചാലിയാർ' പദ്ധതി തുടങ്ങിയവ മികച്ച മാലിന്യ സംസ്കരണ മാതൃകകളാണ്. കാളികാവ് ബ്ലോക്കിലെ കരുളായി പഞ്ചായത്ത് വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ ശേഖരിച്ച മാലിന്യം 32 ഓളം ഇനങ്ങളായി വേർതിരിച്ചു വിൽക്കാനുള്ളവ വിൽക്കുകയും പൊടിച്ച പ്ലാസ്റ്റിക് ക്ലീൻ കേരളം കമ്പനിയുമായി കരാറിൽ ഏർപ്പെട്ട് കൈമാറുന്നു. വ്യത്യസ്ത പഞ്ചായത്തുകളിൽ നിന്നുള്ള പ്ലാസ്റ്റിക് 26 കിലോമീറ്റർ റോഡ് ടാറിങ്ങിന് ഉപയോഗപ്പെടുത്തിയിട്ടുണ്ട് (39311 കിലോ). ജില്ലയിലെ നഗരസഭാ കേന്ദ്രികൃതമായ മാർക്കറ്റുകളിലെ ജൈവ അജൈവ മാലിന്യങ്ങൾ എം.സി.എഫിൽ എത്തിച്ചു സംസ്കരിക്കുന്നു. കൂടാതെ തിരൂർ നഗരസഭയിൽ മാർക്കറ്റിലെ മലിന ജല ശുചികരണത്തിനായി ദ്രവ മാലിന്യ സംസ്കരണ പ്ലാന്റ് ഉണ്ട് . മലപ്പുറം നഗര സഭയുടെ ദ്രവ മാലിന്യ സംസ്കരണ പ്ലാന്റ് പ്രവർത്തന സജ്ജമായിട്ടുണ്ട്. പൊന്മുണ്ടം പഞ്ചായത്തിന്റെ നേതൃത്വത്തിൽ പൊതു മാലിന്യ സംസ്കരണം മാർക്കറ്റിൽ സജ്ജമാക്കിയിട്ടുണ്ട്. ജില്ലയിലെ കോഴി വേസ്റ്റ് സംസ്കരണത്തിനായി പ്രതിദിനം 30 ടൺ വീതം ശേഷിയുള്ള പ്ലാന്റുകൾ മൂർക്കനാടും മിനി ഊട്ടിയിലും പ്രവർത്തിക്കുന്നു. കൂടാതെ എട്ട് ടൺ പ്രതിദിനം ശേഷിയിൽ കരുവാരകുണ്ടിൽ മറ്റൊരു പ്ലാന്റും പ്രവർത്തിക്കുന്നു. ജില്ലയിലെ ബാർബർ അസോസിയേഷന്റെ നേതൃത്വത്തിൽ മുടി വേസ്റ്റ് ശേഖരിച്ചു സംസ്കരിക്കുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ശുചിത്വ മാലിന്യ സംസ്കരണത്തിന് നെടും തൂണുകളാണ് ഇന്ന് ഹരിതകർമ്മസേനകൾ. ജില്ലയിലെ മികച്ച മാലിന്യ സംസ്കരണ മാതൃകകളുള്ള തദ്ദേശ സ്ഥാപനങ്ങളാണ് കരുളായി, ചാലിയാർ, തൃക്കലങ്ങോട്, പൊന്നാനി നഗരസഭ എന്നിവ. മികച്ച പ്രവർത്തനത്തിലൂടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായമില്ലാതെ സ്വന്തമായി മുന്നോട്ട് പോകാൻ ഹരിതകർമ്മസേനകൾക്ക് കഴിയും. ഹരിതകർമ്മസേനകൾക്ക് കൃത്യമായ ട്രെയിനിങ് ലഭിച്ചു എന്നതും ശ്രദ്ധേയമാണ്. യൂസർ ഫീ ഇനത്തിലും, വിറ്റുവരവ്, പൊടിച്ച പ്ലാസ്റ്റിക്, ഗ്രീൻ പ്രോട്ടോക്കോൾ, ഓഡിറ്റോറിയം എന്നിവ വഴി സുസ്ഥിരമായ ഒരു വരുമാനം ഉറപ്പിക്കാനും ഹരിതകർമ്മ സേനകൾക്ക് കഴിഞ്ഞു. അധിക വരുമാനം ഉറപ്പിക്കാൻ കരുളായി പഞ്ചായത്ത് ചെയ്യുന്ന നഗര ശുചീകരണ പ്രവർത്തനങ്ങളുടെ നടത്തിപ്പ് ചുമതല ഹരിതകർമ്മസേനക്ക് നൽകി.

നിലവിലെ ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തങ്ങളിൽ ക്രിയാത്മകവും ശ്രദ്ധേയവുമായ മാറ്റങ്ങൾ കൊണ്ട് വരാൻ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് സാധിച്ചിട്ടുണ്ട്. ഹരിത വിദ്യാലയം എന്ന പേരിൽ സ്കൂളുകളിൽ ശുചീകരണ പ്രവർത്തനവും 'ഹരിത വീഥി' എന്ന പേരിൽ പാതയോര ശുചീകരണവും ജില്ലയിൽ നടപ്പാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് ആദ്യമായി തുവൂർ പഞ്ചായത്ത് മാലിന്യ സംസ്കരണ രംഗത്ത് കോർപറേറ്റ് കമ്പനിയുമായി കരാറുണ്ടാക്കി പുനരുപ

യോഗം സാധ്യമല്ലാത്ത അജൈവ മാലിന്യങ്ങൾ എ.സി.സി. സിമന്റിലേക്ക് കയറ്റുമതി ചെയ്യുന്നു. വ്യാപാര സ്ഥാപനങ്ങളുടെ ലൈസൻസ് പുതുക്കാൻ യൂസർ ഫീ രസീതും, വിവാഹ രജിസ്ട്രേഷൻ നടത്തണമെങ്കിൽ ഗ്രീൻ പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് വിവാഹം നടത്തണമെന്നതും ചാലിയാർ പഞ്ചായത്ത് നിർബന്ധമാക്കി. പുനരുപയോഗം പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ തൃക്കലങ്ങോട് പഞ്ചായത്തിന്റെ നേതൃത്വത്തിൽ ജില്ലയിൽ ആദ്യമായി ഇലട്രിക്ക്, ഇലക്ട്രോണിക്ക് ഉപകരണങ്ങൾ ഈ സ്ഥാപനത്തിൽ ലഭ്യമാക്കി മറ്റുള്ളവർക്ക് കൈമാറുന്ന സ്വാപ്പ് ഷോപ്പ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. തദ്ദേശ സ്ഥാപനത്തിന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന ഏക പ്ലാസ്റ്റിക് റിസൈക്കിൾ യൂണിറ്റ് പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെട്ട മാറാഞ്ചേരി ഗ്രാമപഞ്ചായത്തിലാണ് പ്രവർത്തിക്കുന്നത്.

ജില്ലയിലെ 94 പഞ്ചായത്തുകളിൽ 29 സ്ഥലത്ത് സ്ഥിരം സംവിധാനമായി എം.സി.എഫുകൾ നിലവിലുണ്ട്. 46 പഞ്ചായത്തുകളിൽ എം.സി.എഫിന് താൽക്കാലിക സംവിധാനമാണ് നിലവിലുള്ളത്. ജില്ലയിൽ ആകമാനം ഒരു നഗരസഭാ ആർ.ആർ.എഫും രണ്ട് ബ്ലോക്ക്തല ആർ.ആർ.എഫുകളും നിലവിലുണ്ട്.

### ശുചിത്വ പദവി പ്രഖ്യാപനം

| | |
|---|---|
| ഗ്രാമപഞ്ചായത്ത് | 43 |
| നഗരസഭ | 7 |
| **ആകെ** | **50** |

## കോഴിക്കോട്

'സീറോ വേസ്റ്റ് കോഴിക്കോട്' എന്ന പേരിൽ ജില്ലയിൽ ശുചിത്വ-മാലിന്യ സംസ്കരണ കാമ്പയിന് തുടക്കം കുറിക്കാനും തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ ശുചിത്വ മാലിന്യ സംസ്കരണത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും ഏറെ ശ്രദ്ധ ചെലുത്താൻ കഴിഞ്ഞു. ഇപ്പോൾ നാല് വർഷം പിന്നിടുമ്പോൾ ഈ പ്രവർത്തനങ്ങളിൽ ഏറെ മുന്നോട്ടുപോകാനായിട്ടുണ്ട്. ശുചിത്വ-മാലിന്യ സംസ്കരണത്തിൽ കുട്ടികളെ സജീവമായി രംഗത്തിറക്കാൻ ജില്ലയ്ക്ക് കഴിഞ്ഞു.

### കോഴി മാലിന്യ സംസ്കരണം

കോഴിക്കോട് കോർപ്പറേഷനിലെ മുഴുവനായും ജില്ലയിലെ മറ്റ് നിരവധി നഗരസഭകളിലേയും ഗ്രാമപഞ്ചായത്തുകളിലേയും കോഴിക്കടകളിൽ നിന്നുള്ള മാലിന്യം സംസ്കരിച്ച് ഫീഡ് ആക്കി മാറ്റുന്ന ഒരു റെന്ററിംഗ് പ്ലാന്റ് സ്വകാര്യ സംരംഭകന്റെ സഹായത്തോടെ കോഴിക്കോട് കോർപ്പറേഷൻ പദ്ധതിയിൽ കട്ടിപ്പാറ പഞ്ചായത്തിൽ ആരംഭിക്കാനായത് നേട്ടമായി. ജില്ലയിലെ കോഴിമാലിന്യ പ്രശ്നത്തിന് ഇതോടെ ഏറെ കുറേ പരിഹാരം കണ്ടെത്താനായിട്ടുണ്ട്.

കുട്ടികളുടെ നേതൃത്വത്തിലുള്ള ശുചിത്വ സാക്ഷരത പരിപാടി ഏറെ ശ്രദ്ധേയമായ ഒന്നാണ്.

ജില്ലയിൽ ആകെ ഏഴ് ലക്ഷം വീടുകളിലും സ്ഥാപനങ്ങളിൽ നിന്നുമായി 779 ടൺ ജൈവമാലിന്യങ്ങൾ ഒരു വർഷം ഉൽപ്പാദിപ്പിക്കപ്പെടുന്നതായി കണക്കാക്കപ്പെടുന്നു. ഇതിൽ 60-65% ജൈവ മാലിന്യങ്ങളും വിവിധ മാർഗങ്ങളിലൂടെ സംസ്കരിക്കപ്പെടുന്നു. 59877 കമ്പോസ്റ്റ് കുഴികൾ, 1680 നടേപ്പ് കമ്പോസ്റ്റ് യൂണിറ്റ്, 6008 സോക്പിറ്റ് എന്നിവ തൊഴിലുറപ്പ് പദ്ധതിയിൽ നൽകിയിട്ടുണ്ട്. ഇതിനോടൊപ്പം പൈപ്പ് കമ്പോസ്റ്റ്, റിംഗ് കമ്പോസ്റ്റ്, ബയോബിൻ, വെർമി കമ്പോസ്റ്റ്, ബക്കറ്റ് കമ്പോസ്റ്റ്, കിച്ചൺ ബിൻ എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിയുടെ ഭാഗമായി നൽകുകയും പൊതു സംവിധാനങ്ങളായി 38 തുമ്പൂർമുഴി കമ്പോസ്റ്റ് യൂണിറ്റുകളും 190 ബയോഗ്യാസ് പ്ലാന്റുകളും മാർക്കറ്റുകളിൽ 5 ബയോഗ്യാസ് പ്ലാന്റുകളും സജ്ജമാക്കിയിട്ടുണ്ട്.

ജില്ലയിൽ കോഴിക്കോട് കോർപ്പറേഷൻ, വടകര, കൊയിലാണ്ടി, മുക്കം, ഫറോക്ക് നഗരസഭകളിലും ഏറാമല, നടുവണ്ണൂർ ഗ്രാമപഞ്ചായത്തുകളിലും ജൈവ മാലിന്യത്തിൽ നിന്ന് വിൻഡ്രോ കമ്പോസ്റ്റിംഗ്, തുമ്പൂർമുഴി കമ്പോസ്റ്റിംഗ് എന്നിവയിലൂടെ 1808.1 ടൺ ജൈവവളം ഉൽപ്പാദിപ്പിച്ച് കൃഷിക്കായി വിതരണം ചെയ്യുന്നുണ്ട്. കോഴിക്കോട് കോർപ്പറേഷന്റെ ഞെളിയൻ പറമ്പ് പ്ലാന്റിൽ നിന്ന് ഒരു വർഷം 1500 ടൺ ജൈവവളം വിൻഡ്രോ കമ്പോസ്റ്റിംഗ് രീതിയിൽ ഉൽപ്പാദിപ്പിക്കു

കയും സിറ്റി കമ്പോസ്റ്റ് എന്ന പേരിൽ കിലോയ്ക്ക് രണ്ട് രൂപ തോതിൽ വിപണനം ചെയ്യുകയും ചെയ്യുന്നു. ഏറാമല ഗ്രാമപഞ്ചായത്ത് ഉൽപാദിപ്പിക്കുന്ന ജൈവവളം ജൈവമിത്ര എന്ന പേരിൽ വിപണനം ചെയ്യുന്നു.

കോഴിക്കോട് ജില്ലയിൽ പ്രതിവർഷം 288 ടൺ അജൈവ മാലിന്യം ഉൽപ്പാദിപ്പിക്കുകയും 172 ടൺ വിവിധ മാർഗങ്ങളിലൂടെ ശേഖരിച്ച് സംസ്കരണ കേന്ദ്രങ്ങളിലേക്ക് കൈമാറുകയും ചെയ്യുന്നു. തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഹരിതകർമ്മസേന, പാഴ്വസ്തു വ്യാപാരികൾ, മാലിന്യ സംസ്കരണത്തിൽ ഏർപ്പെട്ടിട്ടുള്ള മറ്റ് ഏജൻസികൾ എന്നിവരുടെ സേവനം ഇക്കാര്യത്തിന് പ്രയോജനപ്പെടുത്തുന്നു.

ജില്ലയിലെ 70 പഞ്ചായത്തുകളിൽ 36 ഇടങ്ങളിൽ സ്ഥിരമായ എം.സി.എഫും 16 ഇടങ്ങളിൽ താൽകാലിക എം.സി.എഫും പ്രവർത്തിക്കുന്നു, മൂന്ന് പഞ്ചായത്തുകളിൽ നിർമ്മാണം പൂർത്തിയായി വരുന്നു. ഏഴ് നഗരസഭകളിലും കോഴിക്കോട് കോർപ്പറേഷനിലും എം.സി.എഫ്., ആർ.ആർ.എഫ്. പ്രവർത്തനം പൂർത്തീകരിച്ചിട്ടുണ്ട്. ആകെയുള്ള 12 ബ്ലോക്കുകളിൽ അഞ്ചിടത്ത്



ആർ.ആർ.എഫ്. സജ്ജമായി. മറ്റിടങ്ങളിൽ പൊതു ജനപ്രക്ഷോഭവും സ്ഥലം ലഭ്യമല്ലാത്തതുമായ പ്രശ്നങ്ങളിലാണ്. ഇവ പരിഹരിക്കുന്നതിനുള്ള ഇടപെടലുകൾ നടന്നുവരുന്നു.

സംസ്ഥാനത്ത് തന്നെ ഏറ്റവും മാതൃകാപരമായി പ്രവർത്തിക്കുന്ന എം.സി.എഫ്., ആർ.ആർ.എഫ്. പ്രവർത്തനങ്ങളാണ് വടകര നഗരസഭയുടേത്. തരംതിരിച്ച പാഴ്വസ്തുക്കളുടെ വിപണനത്തിലൂടെ 18 ലക്ഷത്തോളം രൂപയുടെ വരുമാനം ഉണ്ടാക്കാനായി സാധിച്ചു. നഗരസഭയുടെ ഹരിയാലി ഹരിതകർമ്മസേനയുടെ പ്രവർത്തന മികവ് പരിഗണിച്ച് ഹരിതസഹായ സ്ഥാപനമായി ഹരിതകേരളം മിഷൻ അംഗീകാരം നൽകി. ഇതോടൊപ്പം പ്രകൃതി സൗഹൃദ ഉൽപന്നങ്ങളുടെ നിർമ്മാണത്തിന് ഗ്രീൻ ഷോപ്പ് റെന്റ് ഷോപ്പ്, റിപ്പയർ ഷോപ്പ്, ഗ്രീൻ ടെക്നോളജി സെന്റർ എന്നിവയും ശ്രദ്ധേയമാണ്.

ജില്ലയിൽ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലുമായി 2675 അംഗങ്ങളുമായി ഹരിതകർമ്മസേന പ്രവർത്തിക്കുന്നു. ജില്ലയിലെ വടകര, കൊയിലാണ്ടി, കോഴിക്കോട് കോർപ്പറേഷൻ, അഴിയൂർ, ഏറാമല, കുന്നുമ്മൽ, വളയം, കക്കോടി, ചെറുവണ്ണൂർ, പനങ്ങാട്, ബാലുശ്ശേരി, അത്തോളി, മേപ്പയ്യൂർ, തിരുവമ്പാടി, കാരശ്ശേരി പഞ്ചായത്തുകളിലെ ഹരിതകർമ്മസേന മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവെക്കുന്നവയാണ്.

### ശുചിത്വ പദവി പ്രഖ്യാപനം

| | |
|---|---|
| ഗ്രാമപഞ്ചായത്ത് | 44 |
| നഗരസഭ | 5 |
| **ആകെ** | **49** |

സ്കൂൾ വിദ്യാർത്ഥികളിൽ ശുചിത്വ-മാലിന്യ സംസ്കരണം ബോധവത്കരണത്തിനായി ആരംഭിച്ച ശുചിത്വ സാക്ഷരത, ഗ്രീൻ അംബാസിഡർ പദ്ധതി, കനോലി കനാൽ ശുചീകരണത്തിന് ജനകീയ പങ്കാളിത്തത്തോടെ നടപ്പാക്കിയ ഓപ്പറേഷൻ കനോലികനാൽ, പുനൂർ പുഴ ശുചീകരണം എന്നിവ വേറിട്ട അനുഭവമായി.

## സമ്പൂർണ ഹരിതസമൃദ്ധി പഞ്ചായത്തായി നൊച്ചാട്

ഒരു വാർഡിലെ മുഴുവൻ വീടുകളിലും പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കാൻ ഹരിതകേരളം മിഷൻ മുന്നോട്ടു വെച്ച പദ്ധതിയാണ് ഹരിതസമൃദ്ധി വാർഡ്. കൃഷി വകുപ്പിന്റെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും സഹകരണ ബാങ്കുകൾ, ജനകീയ കൂട്ടായ്മകൾ എന്നിവ വഴി വിഷരഹിതമായ പച്ചക്കറികൾ വീട്ടുവളപ്പിൽ തന്നെ ഉണ്ടാക്കാൻ ഇത് പ്രോത്സാഹനം നൽകുന്നു. ആദ്യഘട്ടത്തിൽ ഒരു വാർഡ് ഹരിതസമൃദ്ധി വാർഡാക്കി മാറ്റിയശേഷം പഞ്ചായത്തിലെ മുഴുവൻ വീടുക



ളിലും പച്ചക്കറിക്കൃഷി ചെയ്തു കൊണ്ട് സമ്പൂർണ്ണ ഹരിതസമൃദ്ധി പഞ്ചായത്ത് എന്ന നേട്ടത്തിലേക്ക് എത്തിയിരിക്കുകയാണ് നൊച്ചാട് പഞ്ചായത്ത്.

സമ്പൂർണ്ണ ഹരിത സമൃദ്ധി പഞ്ചായത്ത് പ്രഖ്യാപനവും ഈ നേട്ടത്തിന് നേതൃത്വം നൽകിയ പഞ്ചായത്തിനും കൃഷി ഓഫീസർക്കുമുള്ള ഹരിതകേരളം മിഷന്റെ അഭിനന്ദന പത്രം സമർപ്പിക്കലും ബഹു. തൊഴിൽ എക്സൈസ് വകുപ്പ് മന്ത്രി ശ്രീ. ടി.പി. രാമകൃഷ്ണൻ നിർവഹിച്ചു. പഞ്ചായത്ത് പ്രസിഡന്റ് പി.എം. കുഞ്ഞിക്കണ്ണനും, കൃഷി ഓഫീസർ അശ്വതി ഹർഷനും അഭിനന്ദനപത്രം ബഹു. മന്ത്രിയിൽ നിന്ന് ഏറ്റു വാങ്ങി. പഞ്ചായത്ത് വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി അധ്യക്ഷൻ വി.എം. മനോജ് സ്വാഗതം പറഞ്ഞ യോഗത്തിൽ പഞ്ചായത്ത് പ്രസിഡണ്ട് പി.എം. കുഞ്ഞിക്കണ്ണൻ അധ്യക്ഷത വഹിച്ചു. ഹരിത കേരളം മിഷൻ ജില്ലാ കോർഡിനേറ്റർ പി. പ്രകാശ് പദ്ധതി വിശദീകരിച്ചു. ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർ ഉമ്മൻ തോമസ് മുഖ്യ പ്രഭാഷണം നടത്തി. കൃഷി ഓഫീസർ അശ്വതി ഹർഷൻ നടത്തിയ പ്രവർത്തനങ്ങളുടെ റിപ്പോർട്ട് സമർപ്പിച്ചു.

ഗ്രാമപഞ്ചായത്ത് വൈസ്പ്രസിഡന്റ് ശാരദ പി.എൻ., കൃഷി ഡെപ്യൂട്ടി ഡയറക്ടർ ശശി പൊന്നണ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ ആർ. ബിന്ദു, നൊച്ചാട് സംയോജിത കാർഷിക വികസന പദ്ധതി കോർഡിനേറ്റർ റിട്ട. കൃഷി ഓഫീസർ പി.കെ. രാധാകൃഷ്ണൻ എന്നിവർ ആശംസ നേർന്ന് സംസാരിച്ചു. ഗ്രാമപഞ്ചായത്ത് സെക്രട്ടറി പി. നാരായണൻ നന്ദി പറഞ്ഞു.

നൊച്ചാട് ഗ്രാമപഞ്ചായത്തിലെ കാർഷിക മേഖലയിൽ സമഗ്ര വികസനം ലക്ഷ്യമാക്കി ബഹു. തൊഴിൽ എക്സൈസ് വകുപ്പ് മന്ത്രി ശ്രീ. ടി.പി. രാമകൃഷ്ണൻ അവർകളുടെ മണ്ഡല വികസന പദ്ധതിയാണ് നൊച്ചാട് സംയോജിത കാർഷിക വികസന പദ്ധതി. നൊച്ചാട് ഗ്രാമപഞ്ചായത്തിൻറെ സഹകരണത്തോടെ ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (ULCCS)ന്റെ നേതൃത്വത്തിൽ കാർഷിക വിക സന കർഷക ക്ഷേമ വകുപ്പ്, ക്ഷീര വികസന വകുപ്പ്, ജലസേചന വകുപ്പ് എന്നിങ്ങനെ വിവിധ വകുപ്പുകൾ സംയോജിച്ചാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിൽ 15000 ത്തോളം വിവിധ ഇനം പച്ചക്കറി തൈകളായ മുരിങ്ങ, കുമ്പളം, കോവൽ, മത്തൻ, പയർ, ഇളവൻ, വെണ്ട, കറിവേപ്പ്, മുളക്, എന്നിവ വിതരണം നടത്തിയിട്ടുണ്ട്. കൂടാതെ ജനമനസ്സിലേക്ക് വിഷരഹിത പച്ചക്കറിത്തോട്ടം എന്ന ആശയം നൽകി പ്രാവർത്തികമാക്കാനും, പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തമാകാനും ഒരു പരിധി വരെ ഈ പദ്ധതി വഴി കഴിഞ്ഞു. ഇതോടൊപ്പം മുഴുവൻ വീടുകൾക്കും പച്ചക്കറിവിത്ത് കിറ്റുകളും ലഭ്യമാക്കി.

## വയനാട്

വയനാട് ജില്ലയിൽ 23 ഗ്രാമപഞ്ചായത്തുകളിലും മൂന്നു നഗരസഭകളിലുമായി 2,43,385 വീടുകളും 26,486 സ്ഥാപനങ്ങളുമുണ്ട്. 1,83,590 വീടുകളിലും (75.43%) 10,594 സ്ഥാപനങ്ങളും (40%) ഉറവിട മാലിന്യ സംസ്കരണ സംവിധാനം സജ്ജമായിക്കഴിഞ്ഞു. പൊതു ജൈവമാലിന്യ സംസ്കരണത്തിനായി മീനങ്ങാടി ഗ്രാമപഞ്ചായത്തിൽ 6 തുമ്പൂർമൂഴി യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. പ്രതിമാസം 4.5 ടൺ ജൈവവളം ഇവിടെ നിന്നും കൃഷിക്കാർക്ക് ലഭ്യമാക്കുന്നു.

അജൈവ മാലിന്യ ശേഖരണ രംഗത്ത് പ്രതിമാസ കാലയളവിൽ പ്രവർത്തനങ്ങൾ നടക്കുന്നതിനോടൊപ്പം പ്രത്യേക ഡ്രൈവുകൾ സംഘടിപ്പിച്ച് ക്ലീൻ കേരള കമ്പനി മുഖേന മാലിന്യം നീക്കം നടത്തുന്നുണ്ട്. 2018-19 കാലയളവിൽ 656 ടൺ, 2019 ലെ പ്രളയകാലത്തുമാത്രം 100 ടൺ, ഹൈവേ ശുചീകരണത്തിന്റെ ഭാഗമായി 2020 ൽ 151

ടൺ, മഴക്കാലപൂർവ്വ ശുചീകരണത്തിന്റെയും എം.സി.എഫ്. ക്ലിയർ ചെയ്തതിന്റേയും ഭാഗമായി 283 ടൺ എന്നിങ്ങനെയാണ് അജൈവ മാലിന്യ നിർമ്മാർജ്ജനം സമാഹരിച്ച് കയ്യൊഴിഞ്ഞത്.

26 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 24 എണ്ണത്തിലും ഹരിതകർമ്മസേന വളരെ സജീവമായ യൂണിറ്റുകളാണ്. ഇത്രയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലായി 19 മൈക്രോ എന്റർപ്രൈസ് യൂണിറ്റുകളാണ് നിലവിൽ ഉള്ളത്. ഇതിലൂടെ 730 കുടുംബങ്ങൾ ഉപജീവനം നടത്തുന്നുണ്ട്. സുൽത്താൻ ബത്തേരി നഗരസഭ, മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിൽ ഹരിതകർമ്മ സേന രൂപീകരിച്ചെങ്കിലും പ്രവർത്തനം ആരംഭിച്ചിട്ടില്ല.

അജൈവമാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട 19 സ്ഥിരം എം.സി.എഫുകളും ഏഴ് താൽക്കാലിക എം.സി.എഫുകളും പ്രവർത്തിക്കുന്നുണ്ട്. ബോട്ടിൽ ബൂത്തുകൾ ഉൾപ്പെടെ 91 മിനി എം.സി.എഫുകൾ നിലവിൽ ഉണ്ട്. ഇവ കൂടാതെ വിവിധ തദ്ദേശ സ്ഥാപനങ്ങളിലായി തൊഴിലുറപ്പ് പദ്ധതി വഴി 70 മിനി എം.സി.എഫുകൾക്ക് സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്.

1. മാനന്തവാടി നഗരസഭയിലെ മത്സ്യ മാർക്കറ്റിലെ മലിനജല ശുചീകരണ യൂണിറ്റ്
2. കൽപറ്റ മുനിസിപ്പാലിറ്റിയിലെ ഫീക്കൽ സ്ലെഡ്ജ് യൂണിറ്റ്
3. എം.പി ഫണ്ടുമായി കൂട്ടി യോജിപ്പിച്ച് 60 സ്ഥാപനങ്ങളിൽ തുമ്പൂർ മൂഴി മാതൃക എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റുകളുടെ നിർമ്മാണം.
4. ബത്തേരി താലൂക്ക് ആശുപത്രിയിലും മാനന്തവാടി ജില്ലാ ആശുപത്രിയിലും സിവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്

മീനങ്ങാടി, പൊഴുതന, മൂപ്പൈനാട് എന്നീ ഗ്രാമപഞ്ചായത്തുകളിൽ പ്ലാസ്റ്റിക് ഷ്രെഡിംഗ് മെഷീൻ പ്രവർത്തിക്കുന്നുണ്ട്. മീനങ്ങാടി പഞ്ചായത്തിൽ മാത്രം 6. 636 ടൺ പ്ലാസ്റ്റിക് പൊടിച്ചത് ജില്ലയിലെ വിവിധ ഗ്രാമപഞ്ചായത്തുകളിൽ റോഡ് നിർമ്മാണത്തിന് ഉപയോഗിച്ചിട്ടുണ്ട്.

പച്ചിലക്കാട് മീനങ്ങാടി റോഡ് സൗന്ദര്യവത്ക്കരണം, കോട്ടത്തറ പഞ്ചായത്തിലെ

## വയനാട് ജില്ലയിൽ മിഷൻ നേരിട്ട് നെൽകൃഷിയിലേക്ക്



10 വർഷമായി തരിശു കിടന്ന 53 സെന്റ് വയലിൽ നെൽകൃഷിയിറക്കി ഹരിത കേരളം ജില്ലാ മിഷൻ ജീവനക്കാർ കൊയ്തെടുത്തത് നൂറുമേനി വിളവ്.

ഹരിതകേരളം മിഷൻ കൃഷി ഉപമിഷന്റെ തരിശു രഹിത ഗ്രാമം പദ്ധതിയുടെ ഭാഗമായി കൃഷിയുടെ ആവശ്യകത ജനങ്ങളിലേക്ക് എത്തിക്കുകയും പരമാവധി തരിശുനിലങ്ങൾ കൃഷിയോഗ്യമാക്കുക എന്ന ലക്ഷ്യവും മുൻനിർത്തിയാണ് ജില്ലാ മിഷൻ അംഗങ്ങൾ നേരിട്ട് ഈ പരിപാടിക്ക് മുന്നിട്ടിറങ്ങിയത്. ഹരിതകേരളം മിഷൻ ജില്ലാ കോ-ഓർഡിനേറ്റർ, റിസോഴ്സ് പേഴ്സൺമാർ, യങ് പ്രൊഫഷണലുകൾ എന്നിവരടങ്ങുന്ന 17 ജീവനക്കാരാണ് പരിപാടിയുടെ ഭാഗമായത്. കൃഷിക്കാവശ്യമായ മുഴുവൻ ചിലവും ഹരിതകേരളം മിഷൻ ടീം തുല്യമായി വഹിക്കുകയായിരുന്നു.

കോട്ടത്തറ ഗ്രാമപഞ്ചായത്തിലെ വണ്ടിയാമ്പറ്റയിൽ തരിശു ഭൂമി പാട്ടത്തിനെടുത്താണ് കൃഷിയിറക്കിയത്. കാട് വെട്ടൽ മുതൽ നിലം കൃഷിയോഗ്യമാക്കുന്നതുവരെയുള്ള പ്രവൃത്തികൾ നടത്താൻ കോട്ടത്തറ ഗ്രാമപഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതി വകുപ്പിന്റെ സഹകരണവും കൂടി ഉണ്ടായിരുന്നു. തരിശ് രഹിത കൃഷി പ്രോത്സാഹിപ്പിക്കുക എന്ന സന്ദേശവുമായി മിഷൻ നേരിട്ടിറങ്ങിയപ്പോൾ ജനങ്ങളിൽ മതിപ്പുണ്ടാക്കാനും വ്യാപകമായി ജന പിന്തുണ നേടിയെടുക്കാനും സാധിച്ചു. ഇത് ആശയത്തെ കൂടുതൽ ജനകീയമാക്കാൻ സഹായിച്ചു. എ.ഡി.എം കെ. അജീഷ് കൊയ്ത്തുത്സവം ഉദ്ഘാടനം ചെയ്തു.

## ടീൻ ഫോർ ഗ്രീൻ ഹരിതവീട്, ശുചിത്വവീട്

വയനാടിന്റെ ശുചിത്വ ശീലത്തിന് മാറ്റം വരുത്താൻ ജില്ലയിലെ എൻ.എസ്. എസ്. വോളണ്ടിയേഴ്സിന്റെ കൂട്ടായ്മ ഒരുങ്ങുന്നു. അജൈവ മാലിന്യങ്ങൾ വീടുകളിൽ തന്നെ തരംതിരിച്ച് അവ ഹരിതകർമ്മസേനക്കു കൈമാറുന്ന ടീൻ ഫോർ ഗ്രീൻ-ഹരിത വീട്, ശുചിത്വ വീട് എന്ന കാമ്പയിനിലൂടെയാണ് പരിപാടി സംഘടിപ്പിക്കുന്നത്. ആദ്യഘട്ടത്തിൽ 2600 എൻ.എസ്.എസ്. വോളണ്ടിയേഴ്സ് ഈ കാമ്പയിനിൽ പങ്കാളികളാകും.2020 സെപ്തംബർ 24 എൻ.എസ്.എസ്. ദിനത്തിൽ വിദ്യാർത്ഥികൾ അവരവരുടെ വീടുകളിൽ ഈ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു.

ജില്ലയിൽ മുഴുവൻ വീടുകളും ഉറവിടത്തിൽ തന്നെ അജൈവ മാലിന്യങ്ങൾ തരംതിരിച്ച് വെക്കാനും അതിന് ശേഷം ഹരിതകർമ്മസേനയ്ക്ക് കൈമാറുകയും ചെയ്യാനുള്ള സാഹചര്യമൊരുക്കുക എന്നതും ഈ സന്ദേശം പൊതുജനങ്ങളിൽ എത്തിക്കുക എന്നതുമാണ് കാമ്പയിൻ കൊണ്ട് ഉദ്ദേശിക്കുന്നത്. ഹരിതകേരളം വയനാട് ജില്ലാ മിഷൻ, നാഷണൽ സർവീസ് സ്കീം, ക്ലീൻ കേരള കമ്പനി, ശുചിത്വ മിഷൻ എന്നിവരുടെ സംയുക്താഭിമുഖ്യത്തിലാണ് കാമ്പയിൻ സംഘടിപ്പിക്കുന്നത്.

തരിശു ഭൂമിയിൽ നെൽക്കൃഷി, ടീൻ ഫോർ ഗ്രീൻ എന്ന പേരിൽ എൻ.എസ്.എസ്. യൂണിറ്റുകളിലെ കുട്ടികളെ കേന്ദ്രീകരിച്ചു നടത്തുന്ന ഹരിതവീട് ശുചിത്വവീട് കാമ്പയിൻ എന്നിവ ജില്ലയിൽ പുതിയതായി ആരംഭിച്ചിട്ടുള്ള പദ്ധതികളാണ്.

### ശുചിത്വപദവി പ്രഖ്യാപനം

| | |
|---|---|
| ഗ്രാമപഞ്ചായത്തുകൾ | 14 |
| നഗരസഭകൾ | 2 |
| **ആകെ** | **16** |

## കണ്ണൂർ

പരന്നു നിറയുന്ന പച്ചപ്പും നിറഞ്ഞൊഴുക്കുന്ന ജലസമൃദ്ധിയും വൃത്തിയുള്ള നാട്ടിൻ പുറങ്ങളും അധികം മലിനപ്പെടാത്ത പട്ടണങ്ങളുമാണ് കണ്ണൂർ ജില്ലയുടെ പ്രത്യേകത. വടക്ക് നിറയെ മലനിരകൾ, പടിഞ്ഞാറ് കടൽ, ഇടയിൽ അവിടവിടെയായി സമതല പ്രദേശങ്ങൾ ഇങ്ങിനെയാണ് കണ്ണൂരിന്റെ ഭൂമിശാസ്ത്രം

71 ഗ്രാമപഞ്ചായത്തുകളും ഒമ്പത് മുനിസിപ്പാലിറ്റികളും ഒരു മുനിസിപ്പാലിറ്റിയും ഒരു കോർപ്പറേഷനും ഉള്ള കണ്ണൂർ ജില്ലയിൽ ശുചിത്വ മാലിന്യ സംസ്കരണ രംഗത്ത് ആശാവഹമായ മുന്നേറ്റമുണ്ടാക്കാൻ ഇതിനകം സാധിച്ചിട്ടുണ്ട്.

എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വമെന്ന് പൊതു അവബോധം സൃഷ്ടിക്കാൻ വിവിധ തല പ്രവർത്തനങ്ങളിലൂടെ സാധിച്ചിട്ടുണ്ട്.

7,21,149 വീടുകളും 84,845 സ്ഥാപനങ്ങളുമാണ് ജില്ലയിൽ ഉള്ളത്. ഇതിൽ വാതിൽപ്പടി സേവനം നൽകുന്ന ആകെ വീടുകളുടെ എണ്ണം 5,45,392 ഉം സ്ഥാപനങ്ങളുടെ എണ്ണം 9,731 ഉം ആണ്.അതായത് 75% വീടുകളിൽ നിന്ന 12% സ്ഥാപനങ്ങളിൽ നിന്നും മാലിന്യ ശേഖരണം നടക്കുന്നുവെന്നുള്ളത് ജില്ലയ്ക്ക് അഭിമാനകരമായ കാര്യമാണ്.

ജില്ലയിൽ 1,512 വാർഡുകളിലായി 1893 ഹരിതകർമസേന അംഗങ്ങളാണ് ഉള്ളത്. ജില്ലയെ മാലിന്യമുക്തമാക്കുന്നതിൽ ഹരിത കർമ്മ സേനയുടെ പങ്ക് അഭിനന്ദനാർഹമാണ്. ജില്ലയിൽ ഒരു മാസം യൂസർഫീയായി പിരിഞ്ഞു കിട്ടുന്ന തുക ശരാശരി 75,34,392 രൂപയാണ്.

നഗര/ഗ്രാമപഞ്ചായത്തുകളിലെ അജൈവ മാലിന്യങ്ങൾ ശേഖരിച്ചു തരംതിരിച്ച് സൂക്ഷിക്കുവാൻ വേണ്ടിയുള്ള സംവിധാനമാണ് എം.സി.എഫ്. ജില്ലയിലെ എം.സി.എഫ്. നിർമാണത്തിൽ വൻമുന്നേറ്റമാണ് കൈവരിച്ചിട്ടുള്ളത്. നിലവിൽ 83 എം.സി.എഫുകൾ നന്നായി പ്രവർത്തിക്കുന്നുണ്ട്.

ഇതിനു പുറമേ വാർഡുകളിലും പൊതു റോഡുകളിലും മിനി എം.സി.എഫുകൾ കൂടി ഇപ്പോൾ സജ്ജമാക്കിയിട്ടുണ്ട്. മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി വഴിയാണ് മിനി എം.സി.എഫുകൾ സജ്ജമാക്കിയത്. 64 മിനി എം.സി.എഫുകളാണ് ഇപ്പോൾ തയ്യാ

റാക്കിയിട്ടുള്ളത്. 256 എണ്ണത്തിന്റെ നിർമാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.

518.35 ടൺ അജൈവമാലിന്യമാണ് ജില്ല യിൽ പ്രതിമാസം വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നുമായി ഹരിതകർമ്മ സേന ശേഖരിക്കുന്നത്.

ജില്ലയിൽ സ്ക്രാപ്പ് രംഗത്ത് പ്രവർത്തി ക്കുന്ന 265 സ്ഥാപനങ്ങൾ ജില്ലയിലുണ്ട്. ഇതിലാകെ 1830 തൊഴിലാളികൾ ജില്ലയിൽ പ്രവർത്തിക്കുന്നുണ്ട്. ഒരു മാസം 900 ടൺ വിവിധ തരം അജൈവ മാലിന്യങ്ങളാണ് ജില്ലയിൽ നിന്ന് സ്ക്രാപ്പ് വ്യാപാരികൾ കയറ്റി വിടുന്നത്.

## ബോട്ടിൽ ബൂത്തുകൾ 2500 കവിഞ്ഞു

റോഡരികുകളിൽ പ്ലാസ്റ്റിക്ക് കുപ്പിക ളും ചില്ല് കുപ്പികളും കുമിഞ്ഞുകൂടി യിരുന്ന കാലം കണ്ണൂർ ജില്ലയ്ക്ക് ഓർ മ്മയായി മാറുന്നു. റോഡരികുകളിൽ പഞ്ചായത്തുകളും നഗരസഭകളും ബോട്ടി ൽബൂത്തുകൾ സ്ഥാപിച്ചതോടെയാണ് കുപ്പികൾ പൊതുസ്ഥലങ്ങളിൽ നിന്ന് അപ്രത്യക്ഷമാവാൻ തുടങ്ങിയത് - ജില്ല യിൽ 2020 ആഗസ്റ്റ് 31 വരെ പഞ്ചായത്ത് - നഗരസഭകൾ സ്ഥാപിച്ച ബോട്ടിൽ ബൂത്തുകളുടെ എണ്ണം 2514 ആണ്.




നേരിട്ടും സ്പോൺസർഷിപ്പ് മുഖാന്തി രവുമാണ് ഇവ സ്ഥാപിച്ചത്. പഞ്ചായ ത്തുകളിൽ ഏറ്റവും അധികം ബോട്ടിൽ ബൂത്ത് സ്ഥാപിച്ചത് കോളയാട് ഗ്രാമ പഞ്ചായത്താണ്. 35 എണ്ണം. റോഡരി കുകളിൽ മാത്രമല്ല, മാർക്കറ്റുകൾ, അമ്പ ലപ്പറമ്പുകൾ, തുടങ്ങിയ സ്ഥലങ്ങളിലും ബോട്ടിൽ ബൂത്തുകൾ സ്ഥാപിക്കപ്പെ ട്ടിട്ടുണ്ട്. സ്കൂളുകളിൽ സ്ഥാപിച്ച കള ക്ടേഴ്സ് അറ്റ് സ്കൂൾ പദ്ധതി പ്രകാ രമുള്ള ബൂത്തുകളും പേന ബൂത്തുകളും ഇവയ്ക്ക് പുറമേയാണ്.

## കോഴി ഇറച്ചിമാലിന്യ പ്രശ്നത്തിന് പരിഹാരവുമായി കണ്ണൂർ ജില്ല

ജില്ലയിലെ പ്രധാന മാലിന്യ പ്രശ്ന ങ്ങളിലൊന്നാണ് കോഴി ഇറച്ചി മാലിന്യം. പുഴകളിലും പൊതു ഇടങ്ങളിലും ഗുരു തര മാലിന്യ പ്രശ്നമാണ് ഇതുണ്ടാക്കു ന്നത്. ജില്ലയിൽ 1416 കോഴി ഇറച്ചികടക ളിൽ നിന്നായി 50 ടൺ കോഴി ഇറച്ചി മാലി ന്യം പ്രതിദിനം ഉൽപ്പാദിപിക്കുന്നുവെ ന്നാണ് ഹരിതകേരളം മിഷൻ നടത്തിയ സർവെയിൽ കണ്ടെത്താൻ സാധിച്ചത്. ഇത്തരത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന ഇറച്ചിമാലിന്യങ്ങൾ പൂർണമായും സംസ് കരിച്ച് മത്സ്യ തീറ്റയാക്കി മാറ്റി സീറോവെ യ്സ്റ്റ് എന്ന ലക്ഷ്യത്തിലേക്ക് ഏതാനും മാസങ്ങൾക്കുള്ളിൽ കണ്ണൂർ ജില്ല എത്തും. പാപ്പിനിശ്ശേരി ഗ്രാമപഞ്ചായ ത്തിലെ തുരുത്തിയിൽ പ്രവർത്തിക്കുന്ന റെൻററിങ്ങ് പ്ലാൻറിന് പുറമേ മട്ടന്നൂർ പൊറോറയിലെ ഇറച്ചിമാലിന്യ സംസ് കരണ പ്ലാൻറ് കൂടി വൈകാതെ പ്രവർ ത്തനക്ഷമമാകും. പാപ്പിനിശ്ശേരി പ്ലാന്റിൽ 10 ടൺ മാലിന്യം പ്രതിദിനം സംസ്കരി ക്കുമ്പോൾ മട്ടന്നൂർ പ്ലാൻറിൽ 40 ടൺ മാലിന്യമാണ് സംസ്കരിക്കുക.

കണ്ണൂർ ജില്ലയിൽ നാളിതുവരെയായി 760.51 ടൺ പ്ലാസ്റ്റിക് പൊടിച്ച് 47.49 കി.മീ. റോഡ് നിർമാണത്തിനായി ഉപയോഗിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ ഉടമസ്ഥതയിലുള്ള ക്ലീൻ കേരള കമ്പനിയാണ് ടാറിങ്ങിനായുള്ള പ്ലാസ്റ്റിക്ക് തയ്യാറാക്കി നൽകുന്നത്.

ജില്ലയിൽ ആകെയുള്ള 721149 വീടുക ളിൽ 606267 വീടുകളിലും ഉറവിട മാലിന്യ സംസ്കരണ ഉപാധികൾ ഒരുങ്ങിയിട്ടുണ്ട്. 75% വീടുകളിലും കടകളിലും ഉപാധികൾ ഉണ്ട് എന്നത് ശുചിത്വത്തിൽ ജില്ല ഏറെ മുന്നിട്ടുനിൽകുന്നു വെന്നതിന്റെ സൂചന യാണ്. നഗരപ്രദേശങ്ങളിൽ ഭൂരിഭാഗം വീടു കളും പൊതു മാലിന്യസംസ്കരണ സംവി ധാനത്തെയാണ് കൂടുതലായി ആശ്രയിക്കു ന്നത്. പൊതു ജൈവ മാലിന്യ സംസ്ക രണത്തിനായി 134 യൂണിറ്റുകളും 161 ബയോ ഗ്യാസ് പ്ലാന്റുകളും ജില്ലയിലുണ്ട്.

പൊതു കമ്മ്യൂണിറ്റി കമ്പോസ്റ്റുകളിൽ നിന്നും 42.95 ടൺ മാലിന്യം ശേഖരിക്കു

**മുടി മാലിന്യത്തിൽ നിന്ന് വളം**

മുടി മാലിന്യം സംസ്കരിച്ച് ആസിഡ് ഉൽപ്പാദിപ്പിക്കുന്ന പദ്ധതിയുടെ പ്രാഥമിക ചുവടുകൾ ജില്ല പൂർത്തീകരിച്ചു. രാജ്യത്തെ രണ്ടാമത്തെ മുടി മാലിന്യ സംസ്കരണ സംവിധാനമാണ് കണ്ണൂരിൽ പ്രാവർത്തികമാകാൻ പോകുന്നത്. ഇതിനുള്ള ഭൂമി കണ്ടെത്തൽ, പ്രോജക്ട് അംഗീകാരം വാങ്ങൽ, പൊലൂഷൻ കൺട്രോൾ ബോർഡിന്റെ പ്രാഥമിക അംഗീകാരം വാങ്ങൽ എന്നീ നടപടികൾ പൂർത്തീകരിച്ചു കഴിഞ്ഞു.

കയും 69.8 ടൺ വളം ഉൽപ്പാദിപ്പിക്കപ്പെടുകയും ചെയ്യുന്നു. അതോടൊപ്പം 7.13 ടൺ മാലിന്യസംസ്കരണം പൊതു ബയോഗ്യാസ് പ്ലാന്റുകൾ വഴി നടക്കുന്നുണ്ട്.

മട്ടന്നൂർ,തളിപ്പറമ്പ, ഇരിട്ടി, നഗരസഭകളിൽ ജൈവ മാലിന്യം ശേഖരിച്ചു വളമാക്കി പ്രത്യേക പേരിൽ വിൽപ്പന നടത്തുന്ന സംരംഭം നിലവിൽ പ്രവർത്തിക്കുന്നു. മട്ടന്നൂരിൽ പ്രതിവർഷം 35 ടൺ ജൈവ വളവും തളിപ്പറമ്പിൽ 47.9 ടൺ ജൈവ വളവും ഇരിട്ടിയിൽ 70.5 ടൺ ജൈവവളവും ഉൽപ്പാദിപ്പിക്കുവാൻ സാധിക്കുന്നുണ്ട്.

എന്നാൽ നഗരങ്ങളിലെ പ്രധാന മാലിന്യ പ്രശ്നമായ മലിനജലം സംസ്കരിക്കാൻ സംവിധാനം ഇല്ലെന്നത് പ്രധാന പ്രശ്നമായി തുടരുന്നു. ഇവ ഓടകളിലൂടെ ഒഴുക്കിവിട്ട് പുഴകൾ മലിനമാക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. ഓടകളിലെ മലിനജലം സംസ്കരിക്കുന്ന സംവിധാനം ജില്ലയിൽ ഒരിടത്തും ഇല്ല.

മാലിന്യ സംസ്കരണ രംഗത്ത് പുത്തൻ ചുവട് പിടിച്ച് നീങ്ങുകയാണ് കണ്ണൂർ ജില്ല. ഇപ്പോൾ ജില്ലയിൽ നടത്തി വരുന്ന പ്രവർത്തനങ്ങൾ തുടരുകയും കൂടുതൽ കാര്യക്ഷമമാവുകയും ചെയ്താൽ മാലിന്യ മുക്ത കേരളം എന്ന സ്വപ്നം യാഥാർത്ഥ്യമാക്കാം.

**ശുചിത്വ പദവി പ്രഖ്യാപനം**

| | |
|---|---|
| ആകെ പഞ്ചായത്തുകൾ | 71 |
| ശുചിത്വ പദവി പ്രഖ്യാപിച്ചവ | 47 |
| ആകെ നഗരസഭകൾ | 10 |
| ശുചിത്വ പദവി പ്രഖ്യാപിച്ചവ | 5 |

| ബ്ലോക്ക് തല ആർ.ആർ. എഫ്. - നിലവിലെ സ്ഥിതി | | | | | |
|---|---|---|---|---|---|
| ആകെ ബ്ലോക്ക് | ആർ.ആർ. എഫ്. ഉള്ളവ | ആർ.ആർ. എഫ്. ഇല്ലാത്തവ | ക്ലീൻ കേരളം കമ്പനിയുമായി ധാരണാപത്രം ഒപ്പിട്ടവ | ബ്ലോക്ക് പഞ്ചായത്തു സ്വന്തമായി നടത്തുന്നവ | പ്രാദേശിക പ്രക്ഷോഭം മൂലം അടഞ്ഞു കിടക്കുന്നവ |
| 11 | 7 | 4 | 5 | 1 | 1 |

## പൈതൃകം പദ്ധതി

അന്യം നിന്ന് പോകുന്ന നാടൻ മാവുകളെയും പ്ലാവുകളെയും തിരിച്ചു പിടിക്കുക എന്ന ലക്ഷ്യത്തോടെ ഹരിതകേരളം മിഷൻ രൂപീകരിച്ച കർമ്മ പദ്ധതി ആണ് പൈതൃകം. മാവ്, പ്ലാവ് എന്നിവയുടെ ഗ്രാഫ്ട് തൈകൾ ഉല്പാദിപ്പിക്കാൻ ആവശ്യമായ നഴ്സറി സ്ഥാപിക്കൽ പ്രവർത്തനം നടന്നുവരികയാണ്. ഹരിതകർമ്മസേന, വിവിധ സന്നദ്ധ സംഘടനകൾ തുടങ്ങിയവയുടെ സഹായത്തോടെയാണ് ഗ്രാഫ്ട് തൈകൾ നിർമ്മിക്കുന്നതും വിതരണം ചെയ്യുന്നതും. തദ്ദേശീയമായ ഇത്തരം വൃക്ഷങ്ങളുടെ പുനഃസ്ഥാപനം ഭക്ഷ്യസുരക്ഷക്ക് വളരെ യേറെ അത്യന്താപേക്ഷിതവുമാണ്. പ്ലാവുകൾ കൂടുതൽ നട്ടുവളർത്തുന്നത് പരിസ്ഥിതി പുനഃസ്ഥാപനത്തിനും ഭക്ഷ്യക്ഷാമം പരിഹരിക്കുന്നതിനും ഏറെ സഹായകരമാണ്. ജില്ലയിലെ മികച്ച മാവുകളും പ്ലാവുകളും അതുപോലുള്ള മറ്റ് വൃക്ഷങ്ങളും കണ്ടെത്തി അവയുടെ ഗ്രാഫ്ട് തൈകൾ വിപുലമായി ഉണ്ടാക്കുവാനും വിതരണം ചെയ്യുവാനുമുള്ള ശ്രമത്തിലാണ് കണ്ണൂർ ജില്ലയിലെ ഹരിതകേരളം മിഷൻ ടീം.

## കർഷകന് കൂട്ടായി വിത്തുപുര

കർഷകർ നേരിടുന്ന വിത്ത് ക്ഷാമത്തിന് പരിഹാരവുമായി ഹരിതകേരളം മിഷൻ വിത്തുപുര. ലോക്ഡൗൺ കാലത്ത് തുടങ്ങിയ കാർഷിക സംരംഭങ്ങൾക്കുള്ള വിത്ത് ശേഖരണവും വിതരണവും നടത്തിയാണ് വിത്തുപുര കർഷകർക്ക് പ്രിയപ്പെട്ടതായത്.

ഫെയ്സ്ബുക്ക്, വാട്ട്സാപ് കൂട്ടായ്മകൾ ഉപയോഗപ്പെടുത്തിയാണ് എല്ലാവർക്കും വിത്ത് ലഭിക്കുന്ന രീതിയിൽ പദ്ധതി ആരംഭിച്ചത്. കണ്ണൂർ ജില്ലയിൽ നടത്തിയ ലോക്ഡൗൺകാല പച്ചക്കറി കൃഷി മത്സരത്തിലെ അറുന്നൂറോളം മത്സരാർഥികൾ ഉൾപ്പെടുന്ന ഹരിതം വാട്സാപ്പ് ഗ്രൂപ്പുകളും 'കണ്ണൂരിന്റെ പച്ചപ്പ്' എന്ന പേരിൽ മിഷന്റെ ഔദ്യോഗിക ഫേസ്ബുക്ക് ഗ്രൂപ്പ് വഴിയാണ് വിത്തുപുരയുടെ പ്രവർത്തനം. കർഷകർ തങ്ങളുടെ കൈവശമുള്ള വിത്ത് ജില്ലാ മിഷൻ ഓഫീസിൽ എത്തിക്കും. ലഭിച്ച വിത്തിന്റെ പട്ടിക കൃത്യമായ ഇടവേളകളിൽ ഗ്രൂപ്പുകളിൽ പ്രസിദ്ധീകരിക്കുകയും ആവശ്യമുള്ളവർ അഡ്രസ്സ് എഴുതിയ കവർ ഓഫീസിലേക്ക് അയക്കുകയും ചെയ്യും.



### മാലിന്യ ശേഖരണം ഡിജിറ്റൽ സഹായത്തോടെ

ജില്ലയിൽ മാലിന്യ ശേഖരത്തിനു ഡിജിറ്റൽ സാങ്കേതികവിദ്യ ഉപയോഗിക്കുന്ന തദ്ദേശ സ്ഥാപനങ്ങൾ ജില്ലയിലുണ്ട്. തളിപ്പറമ്പ നഗരസഭയിലാണ് ഇത് ആദ്യം പരീക്ഷിച്ചത്. ഓരോ വീട്ടിൽ നിന്നും ലഭിക്കുന്ന മാലിന്യത്തിന്റെ അളവ്, ലഭിക്കുന്ന യുസർഫീ, വീട്ടിൽ നിന്നുള്ള ശേഖരം തുടങ്ങിയവ ഒരു ആപ്പ് സംവിധാനത്തിലൂടെ നിയന്ത്രിക്കാൻ സാധിക്കുന്ന സംവിധാനമാണിത്. നിർമൽ ഭാരത് എന്ന സഹായ സ്ഥാപനമാണ് ഈ ആപ്പിന്റെ ഉപയോക്താക്കൾ. പരിയാരം ഗ്രാമപഞ്ചായത്ത്, വളപട്ടണം, ഗ്രാമപഞ്ചായത്ത്, അഴീക്കോട് ഗ്രാമപഞ്ചായത്ത്, തുടങ്ങിയ ഗ്രാമപഞ്ചായത്തുകളും ഈ സംവിധാനം ഉപയോഗപ്പെടുത്തുന്നുണ്ട്.

മുപ്പതിൽപരം വിത്തിനങ്ങൾ വിത്തുപുരയിലെത്തി. കൈവശമില്ലാത്ത വിത്തുകൾ സ്വന്തമാക്കാൻ ശ്രമിക്കുന്നവർക്കും ആശ്രയമാണ് ഈപദ്ധതി. രണ്ടുതരം വിത്തുകളാണ് ഒരു തവണ ഒരാൾക്ക് ലഭിക്കുക. പത്തിൽ കൂടുതൽ വിത്തുകൾ വിത്തുപുരയിലേക്ക് നൽകുന്നവർക്ക് വിത്തുകൾ മുൻകൂട്ടി ബുക്ക് ചെയ്യാനുള്ള പ്രീമിയം മെമ്പർഷിപ്പ് സൗകര്യവും ഏർപ്പെടുത്തി.

# കാസർഗോഡ്

38 ഗ്രാമപഞ്ചായത്തുകളിലും മൂന്ന് നഗരസഭകളിലുമായി ആകെ 3,61,784 വീടുകളാണ് കാസർഗോഡ് ജില്ലയിൽ ഉള്ളത്. ഇവയിൽ 1,56,031 (43.12%) വാതിൽപ്പടി ശേഖരണം നടത്തുന്നു. 5,556 വാണിജ്യ വ്യവസായ കേന്ദ്രങ്ങളിൽ നിന്നും വാതിൽപ്പടി ശേഖരണം നടന്നുവരുന്നു. മൂന്ന് ടൺ അജൈവ മാലിന്യം എം.സി.എഫ്./ ആർ.ആർ.എഫിൽ നിന്നും പ്രതിമാസം നീക്കം ചെയ്യുന്നുണ്ട്.

പൊതു ജൈവമാലിന്യ സംസ്കരണത്തിനായി കാഞ്ഞങ്ങാട് രണ്ട് തുമ്പൂർമൂഴി യൂണിറ്റുകൾ, മംഗൽപ്പാടിയിലെ സ്വകാര്യ സംരംഭകരുടെ യൂണിറ്റുകൾ, അജാനൂരിലെ ജൈവവള യൂണിറ്റ്. മടിക്കൈ പഞ്ചായത്തിലെ ജൈവവള യൂണിറ്റ് ബേഡഡുക്ക പഞ്ചായത്തിലെ തുമ്പൂർമൂഴി യൂണിറ്റ് എന്നിവ ശ്രദ്ധേയമാണ്. പ്രതിമാസം 1000 ടൺ മാലിന്യം ഇവയിലെല്ലാം കൂടി സംസ്കരിക്കുന്നുണ്ട്. കൂടാതെ പൈവളികയിൽ ചിക്കൻ വേസ്റ്റ് സംസ്കരിക്കുന്ന ഒരു സ്വകാര്യ സംരംഭവുമുണ്ട്.

41 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 32 സ്ഥലങ്ങളിൽ ഹരിതകർമ്മസേന അംഗങ്ങൾ വളരെ സജീവമായി പ്രവർത്തിക്കുന്നുണ്ട്. ഈ മേഖലയിൽ 1247 കുടുംബങ്ങൾ ഉപജീവനം കണ്ടെത്തുന്നു എന്നുള്ളത് വളരെ പ്രധാനപ്പെട്ടതാണ്. കൂടുതൽ ഹരിതകർമ്മസേന യൂണിറ്റുകളെ സജീവമാക്കി കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

എം.സി.എഫ്. പ്രവർത്തിക്കുന്നതിനായി 25 ഗ്രാമപഞ്ചായത്തുകളിൽ സ്ഥിരം കെട്ടിടങ്ങളുണ്ട്. ആറ് സ്ഥലങ്ങളിൽ താൽക്കാലിക സംവിധാനങ്ങളും ഉണ്ട്. മിനി എം.സി.എഫുകളുടെ നിർമാണത്തിനായി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നടപടി സ്വീകരിച്ചു. മൂന്ന് നഗരസഭകളിലും മൂന്നു ബ്ലോക്കുകളിലും ആർ.ആർ.എഫുകളും പ്രവർത്തിക്കുന്നുണ്ട്. നീലേശ്വരം ബ്ലോക്കിൽ ആർ.ആർ.എഫുകളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. മഞ്ചേശ്വരം ബ്ലോക്കിൽ സ്വകാര്യ സംരംഭകരാണ് ആർ.ആർ.എഫ്. നടത്തുന്നത്. ക്ലീൻ കേരള കമ്പനി 192 ടൺ മാലിന്യം ഏപ്രിൽ, മെയ് മാസങ്ങളിലായി നീക്കം ചെയ്തു. ബേഡഡുക്ക പഞ്ചായത്തിൽ 4968 കിലോ പൊടിച്ച പ്ലാസ്റ്റിക് ഉപയോഗിച്ച് 145 കി.മീ. റോഡ് ടാർ ചെയ്തിട്ടുണ്ട്. പ്ലാസ്റ്റിക് വിറ്റ ഇനത്തിൽ 74630 രൂപയും സമാഹരിച്ചു.

### ഹരിത സ്പർശത്തിന് ഞാനും എന്റെ വിദ്യാലയവും

പദ്ധതിയുടെ ഭാഗമായി വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് പുനരുപയോഗ സാധ്യതയുള്ള പാഴ്‌വസ്തുക്കൾ ശേഖരിച്ച് അത് അംഗീകൃത പാഴ്‌വസ്ത്ര വ്യാപാരികൾക്ക് കൈമാറുന്നു. ലഭിച്ച വരുമാനം 2018 ലെ പ്രളയത്തിന്റെ



ഭാഗമായി ദുരിതമനുഭവിക്കുന്നവർക്കു വേണ്ടി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് കൈമാറി. ഈ മാതൃകാ പരിപാടിയിലൂടെ 115411 രൂപയാണ് കൈമാറിയത്.

**ശുചിത്വപദവി പ്രഖ്യാപനം**

| | |
|---|---|
| ഗ്രാമപഞ്ചായത്ത് | 23 |
| നഗരസഭ | 2 |
| ബ്ലോക്ക് പഞ്ചായത്ത് | 1 |
| **ആകെ** | **26** |

## സ്നേഹത്തൂലിക ഹരിതാക്ഷരം പദ്ധതി

ഹരിതകേരളം മിഷന്റെയും ഹോസ്ദുർഗ് ജില്ലാ ജയിലിന്റെയും സംയുക്താഭിമുഖ്യത്തിൽ ജയിലിലെ അന്തേവാസികൾ നിർമ്മിച്ച പേപ്പർപേനകൾ വയനാട് ജില്ലയിലെ പ്രളയബാധിത പ്രദേശങ്ങളിലെ വിദ്യാർത്ഥികൾക്ക് എത്തിച്ചു കൊടുത്തതിലൂടെ 'സ്നേഹതൂലിക ഹരിതാക്ഷരം' പദ്ധതിക്ക് തുടക്കം കുറിച്ചത്. ജയിൽ അന്തേവാസികളുടെ മാനസിക സംഘർഷം ലഘൂകരിക്കുന്നതിനും പ്രകൃതി ബോധം വളർത്തുന്നതിനും ഈ പദ്ധതി സഹായകമായിട്ടുണ്ട്.

## ഹരിതകേരള മിഷൻ നാലാം വാർഷികം പ്രദർശനം സംഘടിപ്പിച്ചു

ഹരിതകേരളം മിഷൻ നാലാം വാർഷികത്തോടനുബന്ധിച്ച് ഹരിതകേരളം മിഷൻ ജില്ലയിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെയും ബദൽ ഉത്പന്നങ്ങളുടെയും പ്രദർശനം കാസറഗോഡ് കളക്ടറേറ്റിൽ നടന്നു.

ജില്ലാ കളക്ടർ ഡോ. ഡി. സജിത് ബാബു ചടങ്ങ് ഉദ്ഘാടനം ചെയ്തു. ജലസുരക്ഷയിലൂടെ ഭക്ഷ്യ സുരക്ഷയും ഭക്ഷ്യസുരക്ഷ



യിലൂടെ സാമൂഹ്യ-സാമ്പത്തിക സുരക്ഷയും അടിസ്ഥാനമാക്കിയുള്ള പ്രവർത്തനങ്ങളാണ് ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ ജില്ലയിൽ നടപ്പിലാക്കുന്നതെന്നും മാതൃകാപരമായ പ്രവർത്തനങ്ങളാണ് ഹരിതകേരളം മിഷൻ കഴിഞ്ഞ വർഷങ്ങളിൽ ജില്ലയിൽ നടത്തിയത് എന്നും ജില്ലാ കളക്ടർ ഡോ.

## പെൻഫ്രണ്ട്

വിദ്യാർഥികളിൽ മാലിന്യ പരിപാലനത്തെ സംബന്ധിച്ച അവബോധം വളർത്തുന്നതിനും എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം എന്ന ബോധം വിദ്യാർത്ഥികളിലേക്കെത്തിക്കുന്നതിനും, പ്ലാസ്റ്റിക് പേനകൾക്ക് ബദലായി മഷി പേനകൾ ഉപയോഗിക്കുന്ന ശീലം വളർത്തുന്നതിനും വേണ്ടി ജില്ലയിലെ 482വിദ്യാലയങ്ങളിൽ പെൻഫ്രണ്ട് പദ്ധതി നടപ്പിലാക്കി വരുന്നു. ഇതുവരെയായി 9640 കിലോ പേനകൾ അംഗീകൃത സ്ക്രാപ്പ് മർച്ചന്റ്സിനു കൈമാറിയിട്ടുണ്ട്.



ഡി. സജിത് ബാബു പറഞ്ഞു.

ജില്ലാ ശുചിത്വമിഷൻ തയ്യാറാക്കിയ തിരഞ്ഞെടുത്ത പ്രാദേശിക സർക്കാരുകളുടെ ശുചിത്വ പെരുമ 2020-21 എന്ന കൈപുസ്തകം ജില്ലാ കളക്ടർ ഹരിതകേരളം മിഷൻ കോ-ഓർഡിനേറ്റർക്ക് നൽകി പ്രകാശനം ചെയ്തു. ഹരിതകേരളം മിഷൻ കോ-ഓർഡിനേറ്റർ എം.പി. സുബ്രമണ്യൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ ശുചിത്വമിഷൻ ജില്ലാ കോ-ഓർഡിനേറ്റർ എ. ലക്ഷ്മി, അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ കെ.വി. പ്രേമരാജൻ, എ.ഡി.സി. ജനറൽ ബെബിൻ ജോൺ വർഗ്ഗീസ്, ഫിനാൻസ് ഓഫീസർ കെ. സതീശൻ, പി.എ.യു. ഡയറക്ടർ കെ. പ്രദീപ് തുടങ്ങിയവർ സംബന്ധിച്ചു. ഹരിതകേരളം മിഷൻ ജില്ലയിൽ നടത്തിയ വിവിധ പ്രവർത്തനങ്ങളുടെ പടങ്ങളും പത്ര കട്ടിങ്ങുകളും ബദൽ ഉൽപ്പന്നങ്ങളും ആണ് മേളയിൽ പ്രദർശിപ്പിച്ചത്. കമുകിൻ പാളയിൽ തീർത്ത പാത്രങ്ങളും തവികളും തൊപ്പികളും ചിരട്ടയിൽ തീർത്ത വിളക്കുകളും പൂചട്ടികളുമായിരുന്നു മേളയിലെ മുഖ്യ ആകർഷണം.

## റിംഗ് / പൈപ്പ് ചെക്ക്ഡാം

ജലസംരക്ഷണ പ്രവർത്തനത്തനങ്ങൾക്ക് മുതൽക്കൂട്ടായി വേറിട്ട മാതൃക സൃഷ്ടിക്കുകയാണ് കാസർഗോഡ് ജില്ലയിൽ നിന്നുമുള്ള റിംഗ്/പൈപ്പ് ചെക്ക്ഡാം. മറ്റ് ചെക്ക് ഡാമുകളെ അപേക്ഷിച്ച് വളരെ ലളിതമായി സ്ഥാപിക്കാവുന്നതും, ചിലവു കുറഞ്ഞതുമായ സംവിധാനമാണിത്. തോടുകളുടെ കുറുകെ കിണർ റിംഗുകൾ സ്ഥാപിച്ച് ഒഴുകി



വരുന്ന വെള്ളം ഇരുമ്പ് ഷീറ്റ് കൊണ്ട് തടഞ്ഞു നിർത്തുന്നതാണ് പദ്ധതിയുടെ പ്രവർത്തന രീതി. ആദ്യ ഘട്ടത്തിൽ കാസർഗോഡ് വികസന പാക്കേജിന്റെ നേതൃത്വ

## കുപ്പി – കാസർഗോഡ്
## യൂണിക് പ്രോഗ്രാം ഫോർ പ്ലാസ്റ്റിക് ബോട്ടിൽഫ്രീ യജ്ഞ

സമൂഹത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ഉപയോഗ ശൂന്യമായ പ്ലാസ്റ്റിക് ബോട്ടിലുകൾ വിദ്യാർത്ഥികൾ ശേഖരിക്കുകയും അവ കൃത്യമായ സംസ്കരണത്തിന് കൈമാറുകയും ചെയ്യാൻ ആവിഷ്കരിച്ച നൂതന പദ്ധതി. വിദ്യാർത്ഥികളിലൂടെ സമൂഹത്തിൽ മാലിന്യ പരിപാലനത്തെ സംബന്ധിച്ച അവബോധം സൃഷ്ടിക്കുക, ഉപയോഗ ശൂന്യമായ പ്ലാസ്റ്റിക് കുപ്പികൾ ശേഖരിച്ച് പുനഃചംക്രമണത്തിനായി കൈമാറുക, പുനഃചംക്രമണത്തിന് കൈമാറുന്നതിന്റെ ഭാഗമായി ലഭിക്കുന്ന തുക പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുക, പ്ലാസ്റ്റിക് കുപ്പികളുടെ ഉപയോഗം പരമാവധി കുറയ്ക്കുക എന്നിവ ലക്ഷ്യം. ഇതിന്റെ ഭാഗമായി അരലക്ഷം കുപ്പികൾ അംഗീകൃത സ്ക്രാപ്പ് മർച്ചന്റ്സിന് കൈമാറി.

ത്തിൽ തൊഴിലുറപ്പ് പദ്ധതിയുടെ സഹായത്തോടെ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും 20 എണ്ണം വീതം ചെക്ക് ഡാമുകൾ നിർമ്മിക്കാനാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. കാസർഗോഡിന്റെ ജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് വലിയ മുതൽകൂട്ടായി മാറുന്ന ഒന്നാണ് പദ്ധതി.

# 9
# ഇന്ത്യ ഹൈറേഞ്ച് മൗണ്ടൻ ലാൻഡ് സ്കേപ്പ് പ്രോജക്റ്റ് യു.എൻ.ഡി.പി. പ്രവർത്തനങ്ങൾ

### ഹരിതകേരളം മിഷൻ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ എന്ന നിലയിൽ ചെയ്യുന്ന യു.എൻ.ഡി.പി. പ്രോജക്ട്

**സുസ്ഥിരമായ ഉപജീവന മാർഗങ്ങളുടെ വികസനവും ജൈവവൈവിധ്യ സംരക്ഷണവും : അഞ്ചുനാട്ടിലും സമീപ പ്രദേശങ്ങളിലും വിവിധ ഘടകങ്ങളുടെ ഏകോപനം വഴി നടപ്പാക്കുന്ന പദ്ധതി.**

പശ്ചിമഘട്ടത്തിന്റെ പരിസ്ഥിതിയുടെ സവിശേഷത, അത് പ്രകൃതിഭംഗിയുടെയും ജൈവ വൈവിധ്യത്തിന്റെയും ഒരു വിളനിലമാണ് എന്നതാണ്. ഇന്ത്യയുടെ ഭൂവിസ്തൃതിയുടെ ആറ് ശതമാനത്തിൽ താഴെ മാത്രം വരുന്ന ഒരു പ്രദേശമാണ് പശ്ചിമഘട്ടമെങ്കിലും, ഇന്ത്യയിൽ കാണപ്പെടുന്ന സസ്യങ്ങൾ, മത്സ്യങ്ങൾ, ഉരഗങ്ങൾ, ഉഭയജീവികൾ, പക്ഷികൾ, സസ്തനികൾ തുടങ്ങിയ ജീവജാലങ്ങളുടെ 30 ശതമാനം സ്പീഷീസുകളും ഈ പ്രദേശത്താണ് അധിവസിക്കുന്നത്. 4.5 കോടി ജനങ്ങൾ പശ്ചിമഘട്ടത്തെ നേരിട്ട് ഉപജീവനത്തിനായി ആശ്രയിക്കുന്നു. ഈ പ്രദേശത്ത് നിന്ന് ഉത്ഭവിക്കുന്ന നദികൾ 24.5 കോടി ജനങ്ങളുടെ പ്രധാന ജലസ്രോതസ്സാണ്.

ഈ സാഹചര്യത്തിലാണ് യുണൈറ്റഡ് നേഷൻസ് ഡെവലപ്മെന്റ് പ്രോഗ്രാം (UNDP), 'സുസ്ഥിരമായ ഉപജീവനമാർഗങ്ങളുടെ വികസനവും ജൈവവൈവിധ്യ സംരക്ഷണവും : അഞ്ചുനാട്ടിലും സമീപ പ്രദേശങ്ങളിലും' എന്ന പദ്ധതി വിവിധ ഘടകങ്ങളുടെ ഏകോപനം വഴി നടപ്പാക്കുന്നത്. ഗ്ലോബൽ എൻവയോൺമെന്റ് ഫെസിലിറ്റി(ജി.ഇ.എഫ്.) ഫണ്ട് ഉപയോഗിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്. ഈ പദ്ധതിയുടെ ലക്ഷ്യം ഇന്ത്യൻ ഉപദ്വീപിൽ ഉൾപ്പെടുന്ന തെക്കൻ പശ്ചിമഘട്ടത്തിലെ ഹൈറേഞ്ച് മലനിരകളുടെ ജൈവവൈവിധ്യം സംരക്ഷിക്കുക എന്നതാണ്.

ഹൈറേഞ്ച് മലനിരകളുടെ വികസനം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് പശ്ചിമഘട്ടത്തിന്റെ പാരിസ്ഥിതിക സവിശേഷതകളും സാമൂഹിക സാമ്പത്തിക സവിശേഷതകളും വികസന പ്രവണതകളും എല്ലാം ഉൾക്കൊള്ളുന്ന ഒരു പ്രവർത്തന പദ്ധതിയാണ്. ഈ പ്രദേശത്തിന്റെ സവിശേഷതകൾ ഇതൊക്കെയാണ്:

- അതിസമ്പന്നമായ ജൈവവൈവിധ്യങ്ങൾ.
- മനുഷ്യനും പരിസ്ഥിതിയും തമ്മിലുള്ള ബന്ധങ്ങൾ.
- വികസന സമ്മർദ്ദങ്ങൾ.
- വിഭവങ്ങൾ കുറയുന്നത്.
- കാലാവസ്ഥാ വ്യതിയാനത്തിന്റെ ഉയർന്ന അപകടസാധ്യത.

ഈ മലനിരകളിൽ വളരെ വൈവിധ്യമാർന്ന സസ്യജാലങ്ങളുണ്ട്; ഇതിന്റെ വലിയൊരു ഭാഗം പ്രാദേശികമായ സസ്യങ്ങളാണ്. ഏകദേശം 200 ഓളം പ്രാദേശിക സസ്യങ്ങൾ ഈ പ്രദേശത്തുണ്ട്. അതിൽ 100 ഓളം ഇനങ്ങൾ ഇന്റർനാഷണൽ യൂണിയൻ ഫോർ ദി കൺസർവേഷൻ ഓഫ് നേച്ചർ ആൻഡ് നാച്ചുറൽ റിസോഴ്സ് (ഐ.യു.സി.എൻ.)

ആർ.ഇ.ടി. വിഭാഗത്തിൽ (അപൂർവവും, വംശ നാശ ഭീഷണി നേരിടുന്നതും, നാശം നേരി ടുന്നതും) ഉൾപ്പെടുത്തിയവയാണ്. പ്രാദേശി കമായി കാണപ്പെടുന്ന സ്ട്രോബിലാന്റസ് കുന്തിയാനസ് എന്ന കുറ്റിച്ചെടി (നീലകുറി ഞ്ഞി), 12 വർഷത്തിലൊരിക്കൽ പൂക്കുന്നവ യാണ്. ഇവ ഇരവികുളം ദേശീയ ഉദ്യാനത്തി ലെയും സമീപ പ്രദേശങ്ങളിലെയും മലനി രകളെ പരവതാനികളാക്കി മാറ്റുന്നു. ഈ പ്രദേശങ്ങളിൽ പ്രത്യേകിച്ച് മറയൂർ-ചിന്നാർ തുടങ്ങിയ താരതമ്യേന വരണ്ട സ്ഥലങ്ങ ളിൽ അപൂർവ ഇനം ഔഷധ സസ്യങ്ങൾ കാണപ്പെടുന്നു. ഈ സസ്യങ്ങളുടെ ഔഷധ ഗുണം അമൂല്യമാണ്.

വൈവിധ്യമാർന്ന ജന്തുജാലങ്ങളുടെ ആവാസ കേന്ദ്രമാണ് ഈ മലനിരകൾ. അവ യിൽ നീലഗിരി തഹർ, ഇന്ത്യൻ ആന, ഗ്രിസ്ഡ് ഭീമൻ അണ്ണാൻ എന്നിവയുടെ സംരക്ഷണം വളരെ പ്രാധാന്യമർഹിക്കുന്നു. ഗ്രേറ്റ് ഇന്ത്യൻ ഹോൺബിൽ, കറുപ്പും റൂഫ സും ഇനത്തിൽ ഉള്ള ഫ്‌ളൈകാച്ചർ തുട ങ്ങിയ പക്ഷി വർഗ്ഗങ്ങളും ഇവിടെ കാണ പ്പെടുന്നു. ഹൈറേഞ്ച് പ്രദേശത്തിന്റെ ആകെ വിസ്തീർണം 6,00,000 ഹെക്ടറാണ്. എന്നാൽ അതിൽ 259,878 ഹെക്ടർ പ്രദേശങ്ങൾക്ക് ഈ പദ്ധതി സവിശേഷമായ ശ്രദ്ധ നൽകുന്നു. 265 ഇനം ചിത്രശലഭങ്ങൾ, 72 ഇനം മത്സ്യങ്ങൾ, 79 ഇനം സസ്തനികൾ, 122 ഇനം ഉരഗങ്ങൾ, 50 ഇനം ഉഭയജീവികൾ, 111 ഇനം പ്രാണികൾ എന്നിവ പദ്ധതി പ്രദേശത്തു കാണപ്പെടുന്നു. പരിസ്ഥിതിയെ കുറിച്ചുള്ള ഉൽക്കണ്ഠ പങ്കു വെക്കുന്നതിനൊപ്പം അവയെ പ്രാദേശിക വികസന പ്രവർത്തനങ്ങളുടെ ആസൂത്രണ വും നടപ്പാക്കലുമായി സംയോജിപ്പിക്കാ നുള്ള ശ്രമങ്ങളും പദ്ധതിയുടെ ലക്ഷ്യമാണ്. പ്രാദേശിക ജനസമൂഹങ്ങൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും പരിസ്ഥിതി യിലുള്ള ഉടമസ്ഥാവകാശം ഉറപ്പുവരുത്താ നും ഈ പദ്ധതിയിലൂടെ ശ്രമിക്കുന്നു.

കേരള സംസ്ഥാന വനം വന്യജീവി വകുപ്പിന്റെ പ്രോജക്റ്റായാണ് ഇത് ആദ്യം ആരംഭിച്ചത്. എന്നാൽ പ്രാദേശികമായ എതിർപ്പുകളെത്തുടർന്ന് പ്രോജക്റ്റ് പ്രവർ ത്തനങ്ങൾ നിർത്തിവെക്കേണ്ടി വന്നു. ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന് പ്രോജക്റ്റ് പ്രവർത്തനങ്ങൾ അവ ലോകനം ചെയ്യുകയും തുടർന്ന് പദ്ധതി നടപ്പാക്കുന്നതിനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി ഹരിതകേരളം മിഷനെ നിയോഗിക്കുകയും ചെയ്തു. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുമായി പ്രോജക്റ്റിന്റെ വിവിധ മേഖലകളിലെ പ്രവർത്തനങ്ങൾ ചർച്ച ചെയ്യുകയും; അവരുടെ കൂടി അഭിപ്രാ യങ്ങൾ പരിഗണിച്ചും, അവരെ വിശ്വാസത്തി ലെടുത്തുമാണ് നിലവിൽ പ്രോജക്റ്റ് പ്രവർ ത്തനങ്ങൾ സംഘടിപ്പിച്ചുവരുന്നത്. ഈ പദ്ധ തിയുടെ ഭാഗമായി വനമേഖലയിൽ പ്രവർ ത്തനങ്ങൾ ഏറ്റെടുക്കാനുള്ള ഉത്തരവാദിത്തം കേരള സംസ്ഥാന വനം വന്യജീവി വകുപ്പി നെയാണ് ഏൽപ്പിച്ചിരിക്കുന്നത്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, വിവിധ വകുപ്പുകൾ, എൻ.ജി.ഒ.കൾ, വിവിധ ഗവേഷണ സ്ഥാപ നങ്ങൾ എന്നിവ പദ്ധതിയുമായി സഹകരി ക്കുന്നു. നിർദ്ദിഷ്ട പദ്ധതി പ്രദേശം 11 ഗ്രാമ പഞ്ചായത്തുകൾ അടങ്ങുന്ന നാല് ക്ലസ്റ്ററു കളായി പ്രോജക്റ്റ് പ്രദേശത്തെ വിഭജിച്ചി രിക്കുന്നു. പ്രസ്തുത ക്ലസ്റ്ററുകൾ ഇവയാണ്:

- മൂന്നാർ ക്ലസ്റ്റർ: ചിന്നകനാൽ, മൂന്നാർ, ദേവികുളം ഗ്രാമ പഞ്ചായത്തുകൾ
- അഞ്ചുനാട് ക്ലസ്റ്റർ: വട്ടവട, കാന്തല്ലൂർ, മറ യൂർ ഗ്രാമപഞ്ചായത്തുകൾ
- കുട്ടമ്പുഴ ക്ലസ്റ്റർ: മാങ്കുളം, അടിമാലി, കുട്ടമ്പുഴ, അതിരപ്പിള്ളി ഗ്രാമപഞ്ചായ ത്തുകൾ
- ഇടമലക്കുടി ക്ലസ്റ്റർ: ഇടമലക്കുടി ഗ്രാമ പഞ്ചായത്ത്

ഈ പദ്ധതിയിൽ നിന്നും പ്രതീക്ഷി ക്കുന്ന ഗുണഫലങ്ങൾ ഇവയാണ്.

1. പ്രകൃതിവിഭവങ്ങളുടെ മേൽനോട്ടത്തിനും സുസ്ഥിര ഉപയോഗത്തിനുമുള്ള ശേഷി ജനസമൂഹങ്ങളിൽ ശക്തിപ്പെടുത്തുക.
2. ഹൈറേഞ്ച് ഭൂപ്രകൃതിയുടെ പാരിസ്ഥി തിക സമഗ്രത സുരക്ഷിതമാക്കാൻ വിവിധതരം വിനിയോഗ മാനേജ്മെന്റ് മാർഗങ്ങൾ നടപ്പിലാക്കുക
3. ഉയർന്ന തരത്തിലുള്ള ഭൂവിനിയോഗ മാനേജ്മെന്റ് മാർഗങ്ങൾക്ക് പൊതുവായി അംഗീകരിക്കപ്പെട്ട ഭരണപരമായ ചട്ടക്കൂട് വികസിപ്പിക്കുക.

## പ്രവർത്തനങ്ങൾ

1. സുസ്ഥിരമായ ഉപജീവന മാർഗം ഉറപ്പാ ക്കുന്ന തരത്തിലുള്ള കാർഷിക രീതികൾ

പ്രോത്സാഹിപ്പിക്കുക. കേരള സർക്കാറിന്റെ സുഭിക്ഷ കേരളം പദ്ധതിയുമായി സഹകരിച്ചാണ് ഇത് നടപ്പാക്കുന്നത്.

2. പരമ്പരാഗത ചോളം, അരി തുടങ്ങിയ വിളകളുടെ കൃഷി 345 ഏക്കറിലധികം സ്ഥലത്ത് ആരംഭിച്ചിട്ടുണ്ട്. ഇതിനകം 1160 കർഷകരിലേക്ക് ഈ പദ്ധതി എത്തിയിട്ടുണ്ട്.
3. ഹോർട്ടികോർപ്പുമായി സഹകരിച്ച് മൂന്നാറിൽ ഒരു സ്ട്രോബെറി പാർക്ക് സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത പാർക്ക് 2020 ഫെബ്രുവരി 24 ന് ബഹു. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് മന്ത്രി ശ്രീ. വി.എസ്. സുനിൽകുമാർ ഉദ്ഘാടനം ചെയ്തു. സന്ദർശകർക്ക് സ്വയം സ്ട്രോബെറി തിരഞ്ഞെടുക്കാവുന്ന പിക്ക് ആൻഡ് പായ്ക്ക് രീതിയിലാണ് പാർക്ക് പ്രവർത്തിക്കുന്നത്. ഈ പ്രദേശത്തെ സ്ട്രോബെറി കൃഷിയുടെ ഉൽപ്പാദന ശേഷി വർദ്ധിപ്പിക്കാൻ സഹായിക്കുന്ന ഒരു കേന്ദ്രമായും പാർക്ക് പ്രവർത്തിക്കുന്നു.
4. കൃഷിക്കാരുടെ ഉപജീവനത്തിനുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ഒരു മാർഗമായി പാഷൻ ഫ്രൂട്ട് കൃഷി വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. 7500 ലധികം പാഷൻ ഫ്രൂട്ട് തൈകൾ വിതരണത്തിനായി ഇത് വരെ തയ്യാറാക്കി കഴിഞ്ഞിട്ടുണ്ട്. ഈ പദ്ധതിയുടെ ഫലപ്രാപ്തിയെ കുറിച്ച് പ്രാരംഭ വിലയിരുത്തലിനായി കർഷകരിൽ ഒരു സർവേ ആരംഭിച്ചിട്ടുണ്ട്. മൂല്യ വർധന ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ ഒരു വിപണ ശൃംഖല തുടങ്ങുന്നതിനായി ഒരു കർഷക കൂട്ടായ്മ രൂപീകരിക്കാൻ പദ്ധതിയുണ്ട്.
5. ജൈവവൈവിധ്യ സംരക്ഷണത്തിന് സഹായകരമായ വിധത്തിൽ ചെറുകിട, ഇടത്തരം കർഷകർക്ക് തേനിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ ഉൽപാദനത്തിലും വിപണനത്തിലും സഹായം നല്കുന്നതിനുവേണ്ടി ഒരു പൈലറ്റ് പ്രോജക്റ്റ് ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കുട്ടമ്പുഴ ഗ്രാമപഞ്ചായത്തിലെ രണ്ട് ആദിവാസി ഊരുകളിൽ പരിശീലന പരിപാടികൾ ആരംഭിച്ചു. പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 40 അംഗങ്ങൾ തേൻ ശേഖരണം ആരംഭിച്ചിട്ടുണ്ട്.
6. മാലിന്യ സംസ്കരണം, ശുചിത്വം, വിവിധ ഊർജസ്രോതസുകളുടെ വികസനം, സുസ്ഥിര ടൂറിസം തുടങ്ങിയവ പ്രോത്സാഹിപ്പിക്കുന്ന സാങ്കേതികവിദ്യകളെ അടിസ്ഥാനമാക്കിയുള്ള പദ്ധതികളാണ് ഗ്രീൻ ഇന്നൊവേഷൻ ഫണ്ട് ഉപയോഗിക്കുന്നതിനായി വിഭാവനം ചെയ്തിരിക്കുന്നത്. കാലാവസ്ഥാ വ്യതിയാനവും ജൈവവൈവിധ്യത്തിന്റെ നാശവും മൂലമുള്ള പ്രതിസന്ധികൾക്ക് പരിഹാരം കണ്ടെത്താനാണ് കേരള സ്റ്റാർട്ടപ്പ് മിഷനുമായി (കെ.എസ്.യു.എം.) സഹകരിച്ച് ഈ പദ്ധതി നടപ്പാക്കുന്നത്.
7. വനശ്രീ സംരക്ഷണ സമിതികളും (വി.എസ്.എസ്.) ഇക്കോ-ഡെവലപ്മെന്റ് കമ്മിറ്റികളും (ഇ.ഡി.സി.) വഴി ശേഖരിക്കുന്ന തടിയല്ലാതെയുള്ള വനവിഭവങ്ങൾ (നോൺ ടിംബർ ഫോറസ്റ്റ് പ്രോഡക്റ്റ്-എൻ.ടി.എഫ്.പി.) വിപണനം ചെയ്യുന്നതിന് വേണ്ടി ഉണ്ടാക്കിയ ബ്രാൻഡാണ് വനശ്രീ. യു.എൻ.ഡി.പി. പദ്ധതി കൂടുതൽ ആളുകളിലേക്ക് എത്തിക്കുന്നതിന്റെ ഭാഗമായി വനശ്രീ ബ്രാൻഡിന്റെ റീബ്രാൻഡിംഗ് പ്രക്രിയ തുടങ്ങി കഴിഞ്ഞിട്ടുണ്ട്.

## സവിശേഷ ഇടപെടലുകൾ

### അതിരപ്പിള്ളി സൗഹൃദ ഇടനാഴി (ഗ്രീൻ കോറിഡോർ)

പാരിസ്ഥിതിക വൈവിധ്യംകൊണ്ട് പ്രശസ്തമായ അതിരപ്പിള്ളിയിൽ വന്നുപോവുന്ന വിനോദ സഞ്ചാരികളുടെ സംഖ്യ താരതമ്യേന ഉയർന്നതാണ്. ദിനംപ്രതി 17 ലക്ഷത്തോളം സഞ്ചാരികൾ അതിരപ്പിള്ളി സന്ദർശിക്കുന്നു. എന്നാൽ വിനോദസഞ്ചാരികളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി പരിമിത സൗകര്യങ്ങൾ മാത്രമാണ് ഇവിടെയുള്ളത്. സന്ദർശകർക്ക് ആവശ്യമായ ശുചിമുറികൾ (ടോയ്‌ലറ്റുകൾ), മാലിന്യ നിക്ഷേപത്തിനുള്ള വേസ്റ്റ്ബിന്നുകൾ, ഭക്ഷണം കഴിക്കാവുന്ന ഇടങ്ങൾ എന്നിവയെല്ലാം ഇവിടെ കുറവാണ്.

തദ്ദേശീയരും ടൂറിസ്റ്റുകളുമായുള്ള ആശയവിനിമയത്തിലൂടെയും നിരീക്ഷണങ്ങളിലൂടെയും ഗ്രാമപഞ്ചായത്തിന്റേയും സാങ്കേതികവിദഗ്ധരുടെയും പിന്തുണയോടെയും ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള മാനേജ്മെൻറ് രീതികൾ പരിഷ്കരിച്ചുകൊണ്ട്



അതിരപ്പിള്ളിയിൽ ഒരു മാതൃകാ പരിസ്ഥിതി സൗഹൃദ ഇടനാഴി (ഗ്രീൻ കോറിഡോർ) വികസിപ്പിച്ചുകൊണ്ടിരിക്കുകയാണ്.

ഈ മാതൃക പരിസ്ഥിതി സൗഹൃദ ഇടനാഴി ഫലപ്രദമായ പ്രാദേശിക പങ്കാളിത്തത്തെ പ്രോത്സാഹിപ്പിക്കുകയും വിനോദ സഞ്ചാരികളിൽ നിന്നും ഉത്തരവാദിത്തപരമായ പെരുമാറ്റം ഉറപ്പാക്കുകയും ചെയ്യും. എന്നാൽ, ഈ പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ വിസ്തീർണം ഇവിടെ ഫലപ്രദമായി ഇടപെടാനുള്ള ശ്രമങ്ങൾക്ക് വെല്ലുവിളികൾ ഉയർത്തുന്നുണ്ട്. അതിനാൽ, കുറച്ച് പ്രദേശങ്ങൾ തിരഞ്ഞെടുത്ത് അവ വികസിപ്പിക്കുന്നതാവും ഉചിതമെന്ന് തീരുമാനിച്ചു. ഇങ്ങനെ വികസിപ്പിക്കാൻ തിരഞ്ഞെടുക്കുന്ന ഇടങ്ങളെ നോഡുകൾ എന്ന് പേര് നല്കി. ഇവയെ ഹരിതസാക്ഷരതാ കേന്ദ്രങ്ങളായോ അല്ലെങ്കിൽ ഉത്തരവാദിത്ത കമ്മ്യൂണിറ്റി ഇടങ്ങളായോ മാറ്റിയെടുക്കാൻ കഴിയും. ഈ സംരംഭത്തിന്റെ ഭാഗമായി അരൂർമുഴി കമ്മ്യൂണിറ്റി ഹാൾ നോഡ് ഒരു മാതൃക നോഡായി വികസിപ്പിക്കും. അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിൽ മാലിന്യ സംസ്കരണം സുഗമമാക്കുന്നതിന്റെ ഭാഗമായി ഇടം എന്ന പേരിൽ ഹരിത സാക്ഷരത കേന്ദ്രം പഞ്ചായത്തിൽ സ്ഥാപിക്കും.

### നോഡിന്റെ പ്രധാന ഘടകങ്ങൾ ഇവയാണ്

1. **ജങ്ക് മതിൽ** : പുനരുപയോഗം ചെയ്യാവുന്ന വസ്തുക്കളിൽ നിന്ന് നിർമ്മിച്ച ജങ്ക് മതിൽ ആണ് ഉദ്ദേശിക്കുന്നത്.
2. **ബാംബൂ കിയോസ്ക് :** മാലിന്യ സംസ്കരണത്തെ പ്രോത്സാഹിപ്പിക്കുന്നതിന് സുസ്ഥിരമായ നിർമാണ രീതികൾ ഉപയോഗിച്ച് നടത്തുന്ന ഒരു കലാപരമായ ഇടപെടലായിട്ടാണ് ബാംബൂ കിയോസ്കിനെ വിഭാവനം ചെയ്തിരിക്കുന്നത്.
3. **ജൈവമതിൽ:** പ്രധാനമായും പാരിസ്ഥിതിക അവബോധത്തോടെ നിർമിക്കുന്ന ഈ മതിൽ അതിരുകൾ അടയാളപ്പെടുത്തുക എന്ന ലക്ഷ്യവും നിറവേറ്റുന്നു. ജൈവമതിലിന്റെ പ്രധാനഭാഗം നിർമ്മിക്കാനുദ്ദേശിക്കുന്നത് ചെമ്പരത്തി പോലുള്ള കമ്പുകളും മുള്ളുകമ്പികളും കൊണ്ടാണ്. അവ മതിലിനുള്ളിലെ പ്രദേശങ്ങളുടെ സുരക്ഷ ഉറപ്പാക്കും.
4. **കഫറ്റീരിയ:** നിലവിലുള്ള ഇടത്തെ തദ്ദേശീയമായ ഭക്ഷണശാലയായി മാറ്റുക എന്നതാണ് ഉദ്ദേശിക്കുന്നത്.
5. **നഴ്സറി:** 20 മീറ്റർ നീളമുള്ള മതിൽ റീസൈക്കിൾ ചെയ്ത പാത്രങ്ങൾ ഉപയോഗിച്ച് തൈ ബാങ്കായി പരിവർത്തനം ചെയ്യും. ഇവിടെ നഴ്സറി തയ്യാറാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.
6. **കിണർ നവീകരണം:** നിലവിലുള്ള തകർന്ന കിണർ ഉപയോഗ യോഗ്യമാക്കും.
7. ബാംബൂ കിയോസ്കിന്റേയും കഫറ്റീരിയയുടെയും നവീകരണം 2021 ഫെബ്രുവരി 15 നകം പൂർത്തിയാകും.

## വനത്തെ ആശ്രയിക്കുന്ന സമുദായങ്ങളിലെ അംഗങ്ങൾക്ക് നൈപുണ്യ പരിശീലനം

ആദിവാസി സമുദായത്തിൽപെട്ട അഞ്ച് യുവാക്കൾക്ക് സാങ്കേതികവിദ്യ അടിസ്ഥാനമാക്കിയുള്ള നൈപുണ്യ പരിശീലനം നൽകുക എന്നതാണ് പ്രവർത്തനത്തിന്റെ ലക്ഷ്യം. നിശ്ചിത യോഗ്യതയുള്ള 18 വയസോ അതിൽ കൂടുതലോ പ്രായമുള്ള യുവാക്കളെയാണ് പരിശീലനത്തിനായി തിരഞ്ഞെടുത്തത്. പ്ലസ്ടു അഥവാ പന്ത്രണ്ടാം ക്ലാസ് ജയിച്ച സർട്ടിഫിക്കറ്റ്, ഇംഗ്ലീഷ് ഭാഷയിലെ അടിസ്ഥാന അറിവ്, അടിസ്ഥാന കമ്പ്യൂട്ടർ പ്രാവീണ്യം എന്നിവയാണ് ബെംഗളൂരു ഐ.ഡബ്ല്യു.എസ്.ടി.യിൽ സാങ്കേതിക വിദ്യ അടിസ്ഥാനമാക്കിയുള്ള ഒരു വർഷത്തെ അഡ്വാൻസ് വുഡ് വർക്കിങ് ഡിപ്ലോമ കോഴ്സിലേക്ക് പരിശീലനത്തിന് തിരഞ്ഞെടുക്കുന്നതിനുള്ള യോഗ്യത. കോഴ്സിൽ ചേർന്ന അഞ്ച് വിദ്യാർത്ഥികളിൽ മൂന്ന് പേർ എം. ഇൻർവുഡ് കിച്ചൻസ് പ്രൈവറ്റ് ലിമിറ്റഡ്, ബെംഗളുരു എന്ന സ്വകാര്യ സ്ഥാപനത്തിൽ ക്യാമ്പസ് പ്ലെയ്സ്മെൻറ് നേടി. 2021 ജനു

വരിയിൽ അവർ ജോലിയിൽ പ്രവേശിച്ചു.

## സോഷ്യൽ സ്റ്റാർട്ടപ്പുകൾക്കുള്ള ഗ്രീൻ ഇന്നൊവേഷൻ ഫണ്ട്

സോഷ്യൽ ഇംപാക്റ്റ് സ്റ്റാർട്ടപ്പുകൾക്കായി ആറുമാസം നീളുന്ന ഒരു ഫണ്ട് ലിങ്ക്ഡ് സ്റ്റാർട്ടപ്പ് ആക്സിലറേറ്റർ പ്രോഗ്രാമായാണ് ഗ്രീൻ ഇന്നൊവേഷൻ ഫണ്ട് വിഭാവനം ചെയ്തിരിക്കുന്നത്. കേരള സ്റ്റാർട്ടപ്പ് മിഷൻ, ഹരിതകേരളം മിഷൻ, യുണൈറ്റഡ് നേഷൻസ് ഡെവലപ്മെൻറ് പ്രോഗ്രാം, ഇന്ത്യ (യു.എൻ.ഡി.പി.) എന്നിവർ ചേർന്ന സംരംഭമാണിത്. സുസ്ഥിര വികസന ലക്ഷ്യത്തി നായി (എസ്.ഡി.ജി. ലക്ഷ്യം-കാലാവസ്ഥ വ്യതിയാനം) പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പുകളെ തിരിച്ചറിയാൻ ഗ്രീൻ ഇന്നൊവേഷൻ ഫണ്ട് (ജി. ഐ.എഫ്.) വിഭാവനം ചെയ്യുന്നു. കൂടാതെ അത്തരം സ്റ്റാർട്ടപ്പുകൾക്ക് ഗ്രാൻറ്, ഇൻകുബേഷൻ പിന്തുണ എന്നിവ നൽകുന്നു. ആവർത്തിച്ചുള്ള പ്രകൃതിദുരന്തം, മനുഷ്യരും വന്യജീവികളും തമ്മിലുള്ള സംഘർഷം എന്നിവപോലെ മലയോരമേഖലയിലെ ജനവിഭാഗങ്ങൾ നേരിടുന്ന പ്രധാനപ്പെട്ട ചില പ്രശ്നങ്ങൾ പരിഹരിക്കാനും പ്രോഗ്രാം ശ്രമിക്കുന്നു.

ജി.ഐ.എഫ്. പരിഹരിക്കാൻ ആഗ്രഹിക്കുന്ന മറ്റ് പ്രശ്നങ്ങൾ സുസ്ഥിര ടൂറിസം, സുസ്ഥിര കൃഷി, മാലിന്യ സംസ്കരണം, കുടിവെള്ളം, വൈദ്യുതി എന്നിവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണ്. സ്റ്റാർട്ടപ്പിന് ഒരു ആശയം വികസിപ്പിക്കുന്നതിന് സീഡ്ഗ്രാൻറ് എന്ന നിലയിൽ പരമാവധി 7 ലക്ഷം രൂപ വരെയാണ് അനുവദിക്കുക. ബിസിനസ് മെൻററിങ്ങിനുള്ള ധനസഹായം, പരിശീലനം നല്കുന്നതിനുള്ള ധനസഹായം എന്നിവയ്ക്കൊക്കെ ചേർത്താണ് ഈ ഗ്രാൻറ് നൽകുന്നത്. ഈ ഫണ്ടിന്റെ ആദ്യ ഘട്ടത്തിൽ അഞ്ച് സ്റ്റാർട്ടപ്പുകളെ തിരഞ്ഞെടുക്കുന്നതിനുള്ള പ്രക്രിയ പുരോഗമിക്കുന്നു. ഇത് 2021 ഫെബ്രുവരി 15 നകം പൂർത്തിയാക്കുകയും തിരഞ്ഞെടുക്കപ്പെട്ട സ്റ്റാർട്ടപ്പുകൾക്ക് പ്രാരംഭ സീഡ് ധനസഹായം കൈമാറുകയും ചെയ്യും.

## ഇരവികുളം ദേശീയ പാർക്കിനോട് ചേർന്ന് ഒരു ഓർക്കിഡേറിയവും, ഓർക്കിഡ് ഇൻറർപ്രെട്ടേഷൻ സെൻററും

19,500 ഇനങ്ങളുള്ള ഏറ്റവും വലിയ സസ്യകുടുംബങ്ങളിലൊന്നാണ് ഓർക്കിഡുകൾ. ഉഷ്ണ മേഖലാ കാടുകൾ, പാറക്കൂട്ടങ്ങളുടെ തുറന്ന ചരിവുകൾ, തീരങ്ങൾ, മരുഭൂമികളുടെ അതിർത്തികൾ എന്നിവടങ്ങളിലെല്ലാം ഓർക്കിഡുകൾ കാണപ്പെടുന്നു. മിക്ക ഓർക്കിഡുകളും വനങ്ങളിലാണ് കാണപ്പെടുന്നത്. എന്നാൽ, അവയുടെ ആവാസവ്യവസ്ഥയിൽ മനുഷ്യരുടെ ഇടപെടലുകൾ പാരിസ്ഥിതിക നാശം, ഔഷധ ഉൽപ്പാദനം, പൂ കൃഷിയ്ക്കാ



ഓർക്കിഡേറിയം

യുള്ള അമിതചൂഷണം എന്നിവ മൂലം പല ഓർക്കിഡുകളും വംശ നാശഭീഷണി നേരിടുന്നു. അതുകൊണ്ട് ഇവയുടെ സംരക്ഷണത്തിനായി അതിവേഗം തന്നെ പ്രചാരണ രീതികൾ വികസിപ്പിക്കേണ്ടതുണ്ട്. ലോകമെമ്പാടും ഓർക്കിഡുകൾ സംരക്ഷിക്കുന്നതിനുള്ള പ്രധാന തന്ത്രങ്ങളിലൊന്ന് ഓർക്കിഡിനെയും അതിന്റെ ആവാസവ്യവസ്ഥയെയും സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് അവബോധം സൃഷ്ടിക്കുക എന്നതാണ്.

ഓർക്കിഡ് സംരക്ഷണത്തിന് ഓർക്കിഡ് സങ്കേതങ്ങൾ പോലുള്ള പ്രദേശങ്ങൾ സൃഷ്ടിച്ച് അവിടെ അവ വളർത്തേണ്ടത് അത്യാവശ്യമാണ്. ഇപ്പോൾ നിലവിലുള്ള സംരക്ഷിത പ്രദേശങ്ങൾക്ക് പുറമെയാണ് ഇത്തരം പ്രദേശങ്ങൾ ഉണ്ടാകേണ്ടത്, ബൊട്ടാണിക്കൽ ഗാർഡനുകളും ഓർക്കിഡേറിയവും സ്ഥാപിക്കുന്നത് ഇത്തരം പ്രവർത്തനങ്ങളെ ഊർജസ്വലമാക്കും. അതിനാലാണ് യു.എൻ.ഡി.പി. പദ്ധതിയിൽ ഉൾപ്പെടുത്തി വംശനാശ ഭീഷണി നേരിടുന്ന പശ്ചിമഘട്ടത്തിലെ പ്രാദേശിക ഇനങ്ങളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നത്. കെ.എസ്.സി.ടി.ഇ.-ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡൻ ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (ജെ.എൻ.റ്റി.ബി.ജി.ആർ.ഐ.), വനം വകുപ്പിന് കീഴിലുള്ള ആനമുടി വനവികസന ഏജൻസി എന്നിവയുടെ പിന്തുണയോടെയാണ് ഈ പ്രവർത്തനം ഏറ്റെടുക്കുന്നത്.

ഇരവികുളം ദേശീയോദ്യാനത്തിൽ നിലവിലുള്ള ഓർക്കിഡുകളുടെ വൈവിധ്യങ്ങളെ രേഖപ്പെടുത്തി ജനിതക വൈവിധ്യങ്ങളുടെ ശേഖരം ഉണ്ടാക്കുകയാണ് ഇതിലൂടെയുള്ള ലക്ഷ്യം. ഇതിനുവേണ്ടിയാണ് ഓർക്കിഡേറിയം / കൺസർവേറ്ററി നിർമിക്കുന്നത്. ഇരവികുളം നാഷണൽ പാർക്കിന്റെ പ്രവേശന കവാടത്തിലാണ് ഓർക്കിഡ് ഇൻറർപ്രെട്ടേഷൻ സെൻറർ നിർമ്മിച്ചിരിക്കുന്നത്. 2021 ഫെബ്രുവരി 15 മുതൽ ഓർക്കിഡേറിയം പൊതുജനങ്ങൾക്കായി തുറക്കും.

## പദ്ധതി പ്രദേശത്തെ ആവാസ വ്യവസ്ഥയുടെ പുനഃസ്ഥാപനം

പുൽമേടുകളിലും ചോലവനങ്ങളിലും പുറത്തുനിന്നുള്ള അധിനിവേശ സസ്യജാല



ങ്ങൾ വ്യാപകമായി നടുന്നതുകൊണ്ട് മൂന്നാറിലെ ജൈവവൈവിധ്യത്തിനും പരിസ്ഥിതിയ്ക്കും വീണ്ടെടുക്കാൻ കഴിയാത്തവിധം നഷ്ടങ്ങൾ ഉണ്ടായി. അക്കേഷ്യമെർൻസി, യൂക്കാലിപ്റ്റസ് എസ്പി, പൈനസ് എസ്പി തുടങ്ങിയ വിദേശവൃക്ഷങ്ങൾ കുറിഞ്ഞിമല വന്യജീവി സങ്കേതം, പാമ്പാടുംചോല, ആനമുടി ചോല ദേശീയ പാർക്കുകൾ എന്നിവിടങ്ങളിലും സംരക്ഷിത പ്രദേശങ്ങൾക്ക് പുറത്തുള്ള ഉയർന്ന പുൽമേടുകളിലും വിതരണം ചെയ്തിരുന്നു.

ജി.ഒ.ഐ.-ജി.ഇ.എഫ്.-യു.എൻ.ഡി.പി.-ഐ.എച്ച്.ആർ.എം.എൽ. പദ്ധതി വഴി, ആനമുടി, മൂന്നാർ വനവികസന ഏജൻസികൾ, കേരള വനം-വന്യജീവി വകുപ്പ്, കേരളസർക്കാർ എന്നിവ സംയുക്തമായി പദ്ധതി പ്രദേശത്ത് ആവാസ വ്യവസ്ഥയുടെ പുനഃസ്ഥാപനത്തിനുള്ള പദ്ധതികൾക്ക് തുടക്കമിട്ടു. ഈ വനത്തെ ആശ്രയിക്കുന്ന ജനവിഭാഗങ്ങളുടെ പങ്കാളിത്തത്തോടെ ഇത്തരം വിദേശ സസ്യങ്ങളെ മൂന്നാർ പ്രദേശത്ത് നിന്നും നീക്കം ചെയ്തു. ഈ വിദേശ സസ്യങ്ങൾ മണ്ണിൽ ഉണ്ടാക്കുന്ന ആഘാതത്തെകുറിച്ച് പഠിക്കുക, ജലസംരക്ഷണം, സസ്യജന്തുജാലങ്ങളുടെ സംരക്ഷണം, ജൈവ വസ്തുക്കളുടെ പരിപാലനം എന്നിവ ഏറ്റെടുക്കുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ.

118 ഹെക്ടർ സ്ഥലത്ത് നിന്ന് വിദേശ വൃക്ഷങ്ങളെ നീക്കം ചെയ്യാനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. പുൽമേടുകളും ചോലവനങ്ങളും പുനഃസ്ഥാപിക്കുന്നതിനായി ഈ പ്രദേശത്തെ യൂക്കാലിപ്റ്റസ് നീക്കം ചെയ്തു കഴിഞ്ഞു. 2021 ഫെബ്രുവരി 15 ന് ചോല സ്പീഷീസ് നഴ്സറി പ്രവർത്തനക്ഷമമാകും.

## കുട്ടമ്പുഴ കമ്മ്യൂണിറ്റി ടൂറിസം പാക്കേജ്

കൃഷിക്കാരും ആദിവാസികളും പോലുള്ള സമൂഹങ്ങളുടെ പങ്കാളിത്തത്തിലൂടെ സുസ്ഥിര കമ്മ്യൂണിറ്റി അധിഷ്ഠിത ടൂറിസം പരിപാടികൾ രൂപപെടുത്താനാണ് യു.എൻ. ഡി.പി.-ഐ.എച്ച്.ആർ.എം.എൽ. പദ്ധതി ശ്രമിക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് പദ്ധതിയെ നയിക്കുന്നത്. സുസ്ഥിരതയും തദ്ദേശീയരുടെ പങ്കാളിത്തവും ഇത് സാധ്യമാക്കുന്നു. പ്രോജക്റ്റ് ഏരിയയിലെ മനുഷ്യ-വന്യജീവി സംഘർഷം, കാർഷിക പ്രതിസന്ധി, കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങൾ തുടങ്ങിയ പ്രശ്നങ്ങൾ പരിഹരിക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഈ പ്രദേശത്തെ നിർദ്ദിഷ്ട ടൂറിസം പരിപാടി ഇത്തരം പ്രശ്നങ്ങളെകൂടി കണക്കിലെടുക്കുകയും അത് പരിഹരിക്കുന്നതിനുള്ള നൂതന സമീപനങ്ങളും രീതികളും കൊണ്ടുവരികയും ചെയ്യും. കൃഷിക്കാർ, ആദിവാസികൾ, ഗ്രാമീണ സ്ത്രീകൾ എന്നിവർ അവരുടെ പരമ്പരാഗത തൊഴിലിനൊപ്പം ഒരു അധിക വരുമാന മാർഗമായി ടൂറിസത്തെയും കണക്കാക്കുന്നു. ഇത്തരത്തിലുള്ള ഒരു സമീപനം വഴി വരുമാനത്തിന് ടൂറിസത്തെ മാത്രം ആശ്രയിക്കുന്ന പ്രവണത കുറയ്ക്കുകയാണ് ലക്ഷ്യം. ഇത് തദ്ദേശീയർക്ക് മികച്ച വരുമാന സാധ്യത നൽകുന്നു.

വിവിധ പ്രതിസന്ധികളെയും കാലാവസ്ഥാ അനിശ്ചിതത്വങ്ങളെയും പ്രതിരോധിക്കാൻ തദ്ദേശീയരെ അതുവഴി പ്രാപ്തരാക്കുന്നു. നിലവിലെ കോവിഡ്-19ൻറെ പശ്ചാത്തലത്തിൽ ടൂറിസം മേഖല നേരിടുന്ന പ്രതിസന്ധികളുടെ ഘട്ടത്തിൽ ഈ സമീപനം വളരെ പ്രധാനമാണ്. കർഷകർ അവരുടെ വീടുകളെ ഹോം സ്റ്റേകളായി ഉപയോഗിക്കുകയും അധികവരുമാനം ഉണ്ടാക്കുകയും ചെയ്യുന്നു. ആദിവാസികൾക്കും, ഗ്രാമീണ സ്ത്രീകൾക്കും യുവാക്കൾക്കും കഥപറയുന്നതിൽ പരിശീലനം നൽകി കമ്മ്യൂണിറ്റി ടൂറിസം മേഖലയിൽ ഗൈഡുകളാക്കുന്നത് അവർക്ക് മാന്യമായ അധിക വരുമാന മാർഗമാണ്. കർഷകരും - വന്യജീവികളും തമ്മിലുള്ള സംഘർഷം പരിഹരിക്കാനും ഇക്കോടൂറിസം, വൈൽഡ്ലൈഫ് ടൂറിസം സംരംഭങ്ങളിലൂടെ കഴിയും. കൃഷിക്കാർക്ക് ഇത്തരം പ്രവർത്തനങ്ങളിലൂടെ അധിക വരുമാനം ഉറപ്പാക്കാനും കഴിയുന്നു. കുട്ടമ്പുഴ കമ്മ്യൂണിറ്റി ടൂറിസം പാക്കേജ് 2021 ഫെബ്രുവരി 15 മുതൽ പൊതുജനങ്ങൾക്കായി തുറന്നു കൊടുക്കും.

## പരമ്പരാഗത കാർഷിക രീതികൾ പ്രോത്സാഹിപ്പിക്കുക

കാർഷിക-ജൈവവൈവിധ്യത്തിന്റെ സംരക്ഷണം സമൂഹങ്ങളുടെ ഭക്ഷ്യ സുരക്ഷയും പോഷക സുരക്ഷയും ഉറപ്പാക്കുന്നതിന് നിർണ്ണായക ഘടകമാണ്. നമ്മുടെ ഭക്ഷണക്രമത്തിൽ മുൻകാലങ്ങളിൽ നിന്ന് മാറ്റം വന്നിട്ടുണ്ട്. ധാന്യം, കൃഷിയിടങ്ങളിൽ വളർത്തുന്ന പച്ചക്കറികൾ, കിഴങ്ങുവർഗ്ഗങ്ങൾ, എന്നിവയിൽ അധിഷ്ഠിതമായിരുന്നു നമ്മുടെ ഭക്ഷണക്രമം. എന്നാൽ അടുത്തകാലത്തായി വിപണിയിൽ നിന്നും വാങ്ങുന്ന അരി, പച്ചക്കറികൾ എന്നിവയാണ് നമ്മൾ അധികം ആശ്രയിക്കുന്നത്. ഏകവിള കൃഷി, ഉയർന്ന വിളവ് ലഭിക്കുന്ന ഇനങ്ങൾ ഉപയോഗിച്ചുള്ള തീവ്രമായ കൃഷി എന്നിവയുടെ പ്രോത്സാഹനം, ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർധിപ്പിച്ചിട്ടുണ്ടെങ്കിലും അവ ദുർബലവുമായ കാർഷിക-പരിസ്ഥിതി വ്യവസ്ഥകളിൽ പോലും സ്വാധീനം ചെലുത്തി പ്രാദേശിക സസ്യ ജനിതക വിഭവങ്ങളെ വംശനാശ ഭീഷണിയിലേക്ക് നയിച്ചിട്ടുണ്ട്.

പരമ്പരാഗത കാർഷിക രീതികളും വിത്ത് സംരക്ഷണവും പ്രോത്സാഹിപ്പിക്കുന്നതിന് യു.എൻ.ഡി.പി.-ഐ.എച്ച്.ആർ.എം.എൽ. പദ്ധതിയുടെ കീഴിൽ അഞ്ച് ഗ്രാമപഞ്ചായത്തുകളിൽ ഇനിപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തി. ധാന്യവിത്തുകളുടെ ക്രമീകരണത്തിനും പ്രാദേശിക നെല്ല്, ബീൻസ് ഇനങ്ങൾ ഉപയോഗിച്ചുള്ള കൃഷിയ്ക്കും തിരഞ്ഞെടുത്ത കർഷകരെ പ്രാപ്തരാക്കുന്ന പരിശീലനം കഴിഞ്ഞ വർഷം ഏറ്റെടുത്തു. ജൈവ സമ്പ്രദായങ്ങളെയും വിത്തുകളെയും കുറിച്ച് ക്ലസ്റ്റർ തലത്തിൽ കർഷകർക്ക് ബോധവൽക്കരണ സെഷനുകൾ സംഘടിപ്പിച്ചു.

ജൈവകൃഷി, ജൈവവളം തയ്യാറാക്കൽ, കീടങ്ങളുടെ നിയന്ത്രണം, രോഗപരിപാലനം, കൃഷി ഭൂമി തയ്യാറാക്കാനുള്ള വിദ്യകൾ എന്നിവയിലുള്ള പരീശീലനം തുടങ്ങിയ സംയോജിത പ്രവർത്തനങ്ങളാണ് പദ്ധതിവഴി ഏറ്റെടുത്തത്. ഗ്രാമപഞ്ചായത്ത്, കൃഷിവകുപ്പ്,



ചെറുകിട ജലസേചന വകുപ്പ്, എം.ജി. എൻ.ആർ.ഇ.ജി.എസ്. മുതലായവയുടെ സഹായത്തോടെയാണ് പദ്ധതി നടപ്പിലാക്കിയത്. കഴിഞ്ഞ ഒരു വർഷത്തിനിടെ മൊത്തം 1200 കർഷകരിലേക്ക് പദ്ധതി എത്തി. അഞ്ച് പഞ്ചായത്തുകളിലായി 345 ഏക്കറിലധികം തരിശുനിലം കൃഷി യോഗ്യമാക്കി. പരമ്പരാഗത ഇനം നെല്ല് (രക്തശാലി, കുറുവ, തവളക്കണ്ണൻ, ഇട്ടിക്കണ്ടപ്പൻ, വെല്ലപെരുവാഴ, കുറിയകൈമ) തുടങ്ങിയവയുടെ പുനരുജ്ജീവനവും നഷ്ടപ്പെട്ട ധാന്യങ്ങളുടെ പ്രത്യേകിച്ച് ഫിംഗർ മില്ലറ്റ് (റാഗി) കൃഷിയുടെ വീണ്ടെടുപ്പും ഉറപ്പാക്കി. ഈ പ്രദേശത്തു താമസിക്കുന്ന ആദിവാസി വിഭാഗങ്ങളുടെ ഉന്നമനമായിരുന്നു ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. ചില പ്രദേശങ്ങളിൽ 15-20 വർഷത്തെ കാലയളവിനുശേഷം പരമ്പരാഗത ഭക്ഷ്യവിളകളുടെ കൃഷി പുനരുജ്ജീവിപ്പിക്കാൻ കഴിഞ്ഞത് സുപ്രധാന നേട്ടമാണ്.

### ദേവിയാർ നദീതീരം ദൃഢപ്പെടുത്തൽ

ദേവിയാർ നദിതീരത്തിന്റെ സുസ്ഥിരത ഉറപ്പാക്കുന്നതിന്റെ ഭാഗമായി ആദ്യ ഘട്ടത്തിൽ ഗ്രാമപഞ്ചായത്ത്, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (എം.ജി.എൻ.ആർ.ഇ.ജി.എസ്) എന്നിവയുടെ പിന്തുണയോടെ 2.5 കിലോ മീറ്റർ സ്ഥലത്തു മുള നട്ടുവളർത്തി. കഴിഞ്ഞ ഒരു വർഷമായി ഇത് പരിപാലിക്കുന്നത് എം.ജി.എൻ. ആർ.ഇ.ജി.എസ്. ഗ്രൂപ്പുകളാണ്. 2021 ൽ രണ്ടാം ഘട്ടം കെ.എഫ്.ആർ.ഐ.യുടെ സഹായത്തോടെ നദീതട സംരക്ഷണം വ്യാപിപ്പിക്കാൻ പദ്ധതിയിട്ടിട്ടുണ്ട്. നദീതീര ദൃഢത വർധിപ്പിക്കുന്നതിന്റെ ഭാഗമായി ദുർബല പ്രദേശങ്ങൾ തിരിച്ചറിയുന്നതിന് വിശദമായ മാപ്പിങ് നടത്തും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും തദ്ദേശീയ ജനതയുടെയും പങ്കാളിത്തത്തോടെ വിവിധ സർക്കാർ വകുപ്പുകളുടെ ഏകോപനത്തിലൂടെയാണ് പദ്ധതികൾ നടപ്പിലാക്കുക. ഈ പദ്ധതികളുടെ ദീർഘകാല നടത്തിപ്പ് ഏറ്റെടുക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും പ്രാദേശിക ജനവിഭാഗങ്ങളെയും പ്രാപ്തരാക്കുകയാണ് ഇതിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്ന്. ഗ്രാമപഞ്ചായത്ത്, എം.ജി.എൻ.ആർ.ഇ.ജി.എസ്., കൃഷി വകുപ്പ് തുടങ്ങിയവയുടെ സഹായത്തോടെയാണ് പദ്ധതി നടപ്പിലാക്കുക.

# 10
# തുടർ പ്രവർത്തനങ്ങൾ

കേരളത്തിന്റെ വികസന കാഴ്ചപ്പാടിൽ ഹരിതകേരളം മിഷൻ മുന്നോട്ടുവയ്ക്കുന്ന ആശയങ്ങൾ ജനങ്ങൾ അംഗീകരിക്കുകയാണ്. മിഷൻ സംഘടിപ്പിക്കുന്ന പ്രവർത്തനങ്ങളിലെ ജനകീയ പങ്കാളിത്തം ഇതിന്റെ സൂചനയാണ് നൽകുന്നത്. ഹരിതസമൃദ്ധിയുടെ വീണ്ടെടുപ്പിനുള്ള പ്രവർത്തനങ്ങൾ അനുസ്യൂതം തുടർന്നു വരേണ്ടതാണെന്നും ഇത് ഓർമ്മിപ്പിക്കുന്നു. നട്ടുപിടിപ്പിച്ച പച്ചത്തുരുത്തുകളുടെ തുടർപരിപാലനം, പുനരുജ്ജീവിപ്പിച്ച പുഴകളുടേയും നീർച്ചാലുകളുടേയും ജലസ്രോതസ്സുകളുടേയും സംരക്ഷണം, വരൾച്ചാ പ്രതിരോധ നടപടികൾ, ഹരിതകർമ്മസേനയുടെ പ്രവർത്തനം, ഗ്രീൻ പ്രോട്ടോക്കോൾ പാലനം, വിവിധ കാമ്പയിനുകൾ, അനുബന്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ തുടങ്ങിയ എല്ലാ പ്രവർത്തനങ്ങളും എല്ലാക്കാലത്തും തുടർന്നുപോകേണ്ടതിന്റെ ആവശ്യകതയും പ്രസക്തമാകുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഇതിനായുള്ള ഏകോപന പ്രവർത്തനങ്ങൾ മിഷൻ നടത്തിവരുന്നു.

തുടർപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനോടൊപ്പം നൂതനാശയങ്ങൾ ആവിഷ്കരിച്ചു നടപ്പാക്കാനും ഹരിതകേരളം മിഷൻ പ്രതിജ്ഞാബദ്ധമാണ്. 941 ഗ്രാമപഞ്ചായത്തു





കളിലും 87 നഗരസഭകളിലും 6 മുനിസിപ്പൽ കോർപ്പറേഷനുകളിലും സമഗ്ര ഖരമാലിന്യ സംസ്കരണം ഉറപ്പാക്കി ഈ സ്ഥാപനങ്ങളെ ശുചിത്വ പദവിയിലെത്തിക്കാനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കമിട്ടുകഴിഞ്ഞു. ഇതിൽ 150 ഗ്രാമപഞ്ചായത്തുകളിലും 25 നഗരഭകളിലും ദ്രവമാലിന്യസംസ്കരണ സംവിധാനം ഉൾപ്പെടെ നടപ്പിലാക്കി സമ്പൂർണ്ണ ശുചിത്വ പദവിയിലെത്തിക്കും. കേരളത്തെ സ്ലോട്ടർ വേസ്റ്റ് ഫ്രീ കേരളയാക്കി മാറ്റാനും സ്ലോട്ടർ വേസ്റ്റ് മാനേജ്മെന്റ് പോളിസി രൂപപ്പെടുത്തി പ്രാവർത്തികമാക്കാനും ലക്ഷ്യമുണ്ട്. മുടി മാലിന്യത്തിൽ നിന്നും ജൈവവളം ഉൽപ്പാദിപ്പിക്കുന്ന സംരംഭങ്ങളുടെ വ്യാപനം, കേരളത്തിലെ എല്ലാ സർക്കാർ ഓഫീസുകളും ഗ്രീൻ ഓഫീസുകളാക്കുക, ഹരിതചട്ടം പാലിക്കുന്ന സ്വകാര്യ വ്യാപാര സ്ഥാപനങ്ങൾക്ക് ഗ്രേഡിംഗും ഗ്രീൻ സർട്ടിഫിക്കേഷനും നൽകുക, തുണി മാലിന്യത്തിൽ നിന്നുള്ള നിത്യോപയോഗ സാധനങ്ങൾ നിർമ്മിക്കുന്ന അപ്സൈക്ലിംഗ് പാർക്കുകൾ കൂടുതൽ ഇടങ്ങളിൽ ആരംഭിക്കുക തുടങ്ങിയ പദ്ധതികൾക്ക് വൈകാതെ തുടക്കമിടുകയാണ്.

വികേന്ദ്രീകൃത മാലിന്യസംസ്കരണത്തിലൂടെ ഒരു ലക്ഷം പേർക്ക് തൊഴിൽ സാധ്യമാക്കാനുള്ള പദ്ധതിയും മിഷൻ ആവിഷ്കരിക്കുകയാണ്. വാതിൽപ്പടി സേവനം, അപ്സൈക്ലിംഗ് യൂണിറ്റുകൾ, പുനഃചംക്രമണ വ്യവസായം, സ്ക്രാപ്പ് കച്ചവടം, സ്ലോട്ടർ സംസ്കരണ യൂണിറ്റ്, ബദൽ ഉൽപ്പന്ന സംരംഭങ്ങൾ, ഗ്രീൻ സർവ്വീസസ് എന്റർപ്രൈസസ്, ജൈവവള നിർമ്മാണവും ബ്രാൻഡ് ചെയ്തുള്ള വിൽപ്പനയും തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ ഇതു സാധ്യമാക്കാനാണ് ലക്ഷ്യമിടുന്നത്.

നീർച്ചാലുകളുടെ പുനരുജ്ജീവന പരിപാടി കൂടുതൽ ജനപങ്കാളിത്തത്തോടെ വ്യാപകമാക്കുക, പാർശ്വ സംരക്ഷണത്തിനായി ആവശ്യമുള്ള സ്ഥലങ്ങളിൽ കയർ ഭൂവസ്ത്രം ഉപയോഗിക്കുക. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയും ഓരോ ഹയർസെക്കൻഡറി സ്കൂളിൽ വീതം ജല ഗുണനിലവാര പരിശോധന ലാബുകൾ സ്ഥാപിക്കുക, മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ജലബജറ്റും സുരക്ഷാ പ്ലാനും തയ്യാറാക്കുക, ഉപേക്ഷിക്കപ്പെട്ട ക്വാറികളിലെ ജലവും ജലസേചന കനാലുകളിൽ അധികമായി ലഭ്യമായ ജലവും ഉപയോഗിച്ച് കുളങ്ങളും കിണറുകളിലും റീചാർജ് ചെയ്യുന്ന പ്രവർത്തനം വ്യാപകമായി നടപ്പിലാക്കുക, ജലദൗർലഭ്യം നേരിടുന്ന പ്രദേശങ്ങളിലെ ചെറുപുഴകളിൽ ജലസംഭരണികൾ നിർമ്മിക്കുക, എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിലും ഒരു വലിയ കുളം എന്നതോതിൽ അവ ഏറ്റെടുത്ത് മാതൃകാപരമായി പുനരുജ്ജീവിപ്പിക്കുക തുടങ്ങിയ



പ്രവർത്തനങ്ങൾ ജലസംരക്ഷണ മേഖലയിൽ അടിയന്തര പ്രാധാന്യത്തോടെ നടപ്പാക്കും. ഹരിതകേരളം ഫണ്ടിൽ ജലസേചന വകുപ്പിൽ അനുവദിച്ച ഗോവൻ ബന്ധാര മാതൃകയിലുള്ള 13 തടയണകളുടെ നിർമ്മാണ പ്രവൃത്തികൾ വൈകാതെ ആരംഭിക്കും.

സംസ്ഥാനത്ത് ഹരിതകേരളം മിഷൻ ഇതുവരെ സ്ഥാപിച്ചത് 529 ഏക്കറിലായി 1686 പച്ചത്തുരുത്തുകളാണ്. എന്നാൽ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും പച്ചത്തുരുത്ത് സ്ഥാപിച്ചിട്ടില്ല. എല്ലാ തദ്ദേശ ഭരണ സ്ഥാപന പരിധിയിലും പച്ചത്തുരുത്തുകൾ തീർത്ത് പച്ചത്തുരുത്തിന്റെ വിസ്തൃതി 1000 ഏക്കറിലേക്ക് വ്യാപിപ്പിക്കാനും ലക്ഷ്യമുണ്ട്. നിലവിലുള്ള പച്ചത്തുരുത്തുകളിൽ തെരഞ്ഞെടുക്കപ്പെട്ടവയേയും പുതുതായി സ്ഥാപിക്കുന്നതിൽ അനുയോജ്യമായവയേയും പ്രകൃതിദത്ത ഓക്സിജൻ പാർലറുകളായി വികസിപ്പിക്കും. കേരളത്തെ കാർബൺ ന്യൂട്രൽ സംസ്ഥാനമാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും തുടക്കമിടും. തരിശു രഹിത ഗ്രാമം/നഗരം പദ്ധതി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ത്വരിതപ്പെടുത്തും. ഗാർഹിക പച്ചക്കറി കൃഷി വ്യാപനത്തിലൂടെ പച്ചക്കറി കൃഷി വികസനത്തിന് നിലവിലുള്ള 1334 വാർഡുകൾക്ക് പുറമേ 1000 ഹരിതസമൃദ്ധി വാർഡുകൾ കൂടി സൃഷ്ടിക്കും. മണ്ണ്, ജലം, വായു എന്നീ മേഖലകളിലെ മലിനീകരണങ്ങൾ ഇല്ലാതാക്കി സുരക്ഷിത കൃഷി, ഭക്ഷ്യസംസ്കരണം, സംഭരണം, പായ്ക്കിംഗ്, വിപണനം തുടങ്ങിയവയിൽ ഭക്ഷ്യസുരക്ഷിതത്വത്തിന് പ്രാധ്യാന്യം നൽകി ‘സുരക്ഷിത ഭക്ഷണം എന്റെ അവകാശം’ എന്ന കാമ്പയിൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾവഴി നടപ്പാക്കും. തിരുവിതാംകൂർ ദേവസ്വം ബോർഡുമായി ചേർന്ന് നടപ്പാക്കുന്ന ക്ഷേത്രങ്ങളിലെ തരിശുസ്ഥലത്ത് കൃഷി നടപ്പിലാക്കുന്ന ദേവഹരിതം പദ്ധതി കൂടുതൽ ഇടങ്ങളിലേക്ക് വ്യാപിപ്പിക്കും.

അടിയന്തര പ്രാധാന്യത്തോടെ 2021 ലെ ആദ്യമാസങ്ങളിൽ നടപ്പാക്കാൻ ലക്ഷ്യമിടുന്ന പ്രവർത്തനങ്ങളാണ് മുകളിൽ സൂചിപ്പിച്ചിരിക്കുന്നത്. ഹരിതകേരളം മിഷന്റെ പ്രഖ്യാപിത ലക്ഷ്യങ്ങൾക്കനുസൃതമായും ദീർഘകാലാടിസ്ഥാനത്തിലുള്ളതുമായ നൂതന പ്രവർത്തനങ്ങൾക്കും മിഷൻ പദ്ധതിയിടുകയാണ്.

കൂടുതൽ പരിസ്ഥിതി പുനസ്ഥാപന പ്രവർത്തനങ്ങൾ സംഘടിപ്പിച്ചും പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ജൈവബന്ധം ശക്തമാക്കാനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കിയും മണ്ണിനും വായുവിനും ജലത്തിനും ശുദ്ധിയും വൃത്തിയും നൽകിയുള്ള പ്രവർത്തനങ്ങൾ എല്ലാ മേഖലകളിലും വ്യാപകമാക്കിയും ഹരിതകേരളം ദൗത്യം മുന്നേറുകയാണ്.

# ഫോട്ടോ ഗാലറി

# തിരുവനന്തപുരം










# കൊല്ലം

















# പത്തനംതിട്ട

















# ആലപ്പുഴ


















# കോട്ടയം

















# ഇടുക്കി


















# എറണാകുളം


















# തൃശൂർ


















# പാലക്കാട്

















# മലപ്പുറം


















# കോഴിക്കോട്

















# വയനാട്


















# കണ്ണൂർ










# കാസർഗോഡ്










# ജലസംഗമം 2019


















# ശുചിത്വസംഗമം 2020










# ശുചിത്വസംഗമം 2020



















# അനുബന്ധം

## Rates offered to LSGI-October to December 2020

| No. | Item | Baled Rate | Unbaled Rate |
|---|---|---|---|
| 1 | HM | 7 | 5 |
| 2 | CHM Mix | 8 | 4 |
| 3 | PP | 15 | 10 |
| 4 | Print PP | 8 | 5 |
| 5 | LD1 | 20 | 15 |
| 6 | LD2 | 10 | 8 |
| 7 | Milma LD | 12 | 10 |
| 8 | HDP | 17 | 15 |
| 9 | Hard plastic | 18 | 6 |
| 10 | Pet bottle | 15 | 12 |
| 11 | Liquor bottle (plastic) | 12 | 10 |
| 12 | Nonwooven | 5 | 3 |
| 13 | Newspaper | 8 | 6 |
| 14 | Cardboard | 4 | 3 |
| 15 | BB(Mix paper) | 5 | 4 |
| 16 | Glass bottle | - | 1 |
| 17 | Glass waste | - | 0.75 |
| 18 | Aluminium can | 40 | 30 |
| 19 | Steel | 20 | 15 |
| 20 | Iron Scrap | - | 15 |

## പാഴ്‌വസ്തു ശേഖരണ കലണ്ടർ

| ക്രമ നം. | ഇനം | ശേഖരിക്കുന്ന മാസം |
|---|---|---|
| 1 | പേപ്പർ, പ്ലാസ്റ്റിക്, പ്ലാസ്റ്റിക് കവറുകൾ | എല്ലാ മാസവും |
| 2 | ചെരുപ്പ്, ബാഗ് | ജനുവരി, ഏപ്രിൽ, ജൂലൈ, ഒക്ടോബർ |
| 3 | കണ്ണാടി, കുപ്പി, ചില്ല് മാലിന്യങ്ങൾ | ഫെബ്രുവരി, മെയ്, ഓഗസ്റ്റ്, നവംബർ |
| 4 | ഇ-മാലിന്യ (ട്യൂബ് ലൈറ്റ്, സി.എഫ്.എൽ. ബാറ്ററി ഉൾപ്പെടെ) | മാർച്ച്, ജൂൺ, ഡിസംബർ |
| 5. | മരുന്ന് സ്ട്രിപ്പുകൾ | ജനുവരി, മാർച്ച്, ജൂൺ, സെപ്തംബർ, ഡിസംബർ |
| 6 | തുണി മാലിന്യം | ഏപ്രിൽ, സെപ്തംബർ |

## Haritha Karma Sena

| Sl. No | Name of District | No. of active HKS micro enterprise units | No. of active HKS members | Total User fee collection per month (Rs) |
|---|---|---|---|---|
| 1 | Thiruvananthapuram | 92 | 2589 | 3011940 |
| 2 | Kollam | 85 | 2528 | 6805860 |
| 3 | Pathanamthitta | 36 | 1470 | 1350313 |
| 4 | Alappuzha | 128 | 2263 | 2765391 |
| 5 | Kotttayam | 158 | 1903 | 2238651 |
| 6 | Idukki | 88 | 1410 | 1293960 |
| 7 | Eranakulam | 151 | 3115 | 7294640 |
| 8 | Thrissur | 47 | 1552 | 3561422 |
| 9 | Palakkad | 154 | 2587 | 8711478 |
| 10 | Malappuram | 106 | 2520 | 3086192 |
| 11 | Kozhikkode | 140 | 2715 | 9558154 |
| 12 | Wayanad | 19 | 746 | 1101000 |
| 13 | Kannur | 223 | 1929 | 7534392 |
| 14 | Kasaragod | 17 | 1305 | 893121 |
| **Total** | | **1444** | **28632** | **59206514** |

## District wise details of MCF and RRF

| Sl.No. | District | GP | ULB | MCF (perm) | MCF (Temp) | RRF |
|---|---|---|---|---|---|---|
| 1 | THIRUVANANTHAPURAM | 73 | 5 | 80 | 21 | 10 |
| 2 | KOLLAM | 68 | 5 | 79 | 26 | 15 |
| 3 | PATHANAMTHITTA | 53 | 4 | 59 | 29 | 11 |
| 4 | ALAPPUZHA | 72 | 6 | 81 | 23 | 12 |
| 5 | KOTAYAM | 71 | 6 | 78 | 20 | 16 |
| 6 | IDUKKI | 52 | 2 | 53 | 13 | 5 |
| 7 | ERANAKULAM | 82 | 14 | 79 | 24 | 15 |
| 8 | THRISSUR | 86 | 8 | 85 | 25 | 25 |
| 9 | PALAKKAD | 88 | 7 | 75 | 39 | 15 |
| 10 | MALAPPURAM | 94 | 12 | 93 | 54 | 7 |
| 11 | KOZHIKODE | 70 | 8 | 59 | 39 | 7 |
| 12 | WAYANAD | 23 | 3 | 25 | 16 | 2 |
| 13 | KANNUR | 71 | 10 | 82 | 31 | 16 |
| 14 | KASARAGOD | 38 | 3 | 31 | 20 | 6 |
| **TOTAL** | | **941** | **93** | **959** | **380** | **162** |

## Non Bio-degradable waste

| Sl. No | Name of Districts | No.of households from where waste collected | No.of commercial establishments from where waste collected | No.of markets from where waste collected |
|---|---|---|---|---|
| 1 | Thiruvananthapuram | 396487 | 56306 | 271 |
| 2 | Kollam | 0 | 600 | 2 |
| 3 | Pathanamthitta | 153289 | 7216 | 20 |
| 4 | Alappuzha | 362040 | 27573 | 35 |
| 5 | Kottayam | 259743 | 20117 | 22 |
| 6 | Idukki | 116573 | 10759 | 3 |
| 7 | Eranakulam | 409281 | 41669 | 29 |
| 8 | Thrissur | 286981 | 27054 | 20 |
| 9 | Palakkadu | 254553 | 24382 | 24 |
| 10 | Malappuram | 358341 | 31963 | 15 |
| 11 | Kozhikkode | 550197 | 54968 | 43 |
| 12 | Wayanadu | 150212 | 16597 | 8 |
| 13 | Kannur | 544431 | 21573 | 472 |
| 14 | Kasaragod | 156031 | 5556 | 19 |
| | **Total** | **3998159** | **346333** | **983** |

## District wise details of eco friendly products

| Sl.No. | District | Paper Bags & Paper Products | Paper/Palm Plates | Total |
|---|---|---|---|---|
| 1 | THIRUVANANTHAPURAM | 30 | 4 | 34 |
| 2 | KOLLAM | 17 | | 17 |
| 3 | PATHANAMTHITTA | 4 | 1 | 5 |
| 4 | ALAPPUZHA | 11 | | 11 |
| 5 | KOTAYAM | 11 | 1 | 12 |
| 6 | IDUKKI | 2 | | 2 |
| 7 | ERNAKULAM | 20 | 2 | 22 |
| 8 | THRISSUR | 8 | 1 | 9 |
| 9 | PALAKKAD | 14 | 2 | 16 |
| 10 | MALAPPURAM | 16 | 3 | 19 |
| 11 | KOZHIKKOD | 4 | | 4 |
| 12 | WAYANAD | 2 | 1 | 3 |
| 13 | KANNUR | 6 | | 6 |
| 14 | KASARAGOD | 4 | 7 | 11 |
| | **TOTAL** | **149** | **22** | **171** |

# Haritha Sahaya Sthapanam

| | |
|---|---|
| 1 | Vivesty green<br>F6, NM Complex, CH Cross road, West Nadakkavu, Calicut-673011 |
| 2 | Oisca-International,OISCAYouth Centre, UKS Road, Calicut-673001 |
| 3 | Green Worms Eco Solutions LLP<br>2/21, Nambeeshan colony, West hill Chungam, West hill P.O, Kozhikode-05 |
| 4 | Rajagiri Out Reach<br>Rajagiri College of Social Sciences Rajagiri.P.O,Kalamassery-683104 |
| 5 | Integrated Rural Technology Centre (IRTC)<br>Mundur,Palakkad-678592 |
| 6 | JyothiJeevaPoorna Trust<br>ArchanaWoment'sCentre ,Post Box No. 53. Ettumanoor P.O ,PunnathuraKavala<br>Kottayam-686631 |
| 7 | Pelican Foundation<br>1/77, NC John Estate, Kuthiathode ,Cherthala 688533 |
| 8 | Plan@Earth<br>XII/457A, Near Kolbe Ashramam ,U.C.College.P.O, Aluva-683102 |
| 9 | Chris Global Traders<br>Vengal, Alamthuruthy P.O,Thiruvalla-689113 |
| 10 | Welfare Services Eranakulam<br>Anchumurry, Ponnurunni,Vyttila.P.O, Kochi,Ernakulam-682019 |
| 11 | Apex Voluntary Agency for Rural Devlopment (AVARD)<br>AVARD Bhavan, Chalakkudy.P.O,<br>Thrissur Dist-680307 |
| 12 | Youth Social Service Organization<br>Social Service Centre,M.A.College.P.O, Kothamangalam,Ernakulam-686666 |
| 13 | Thanal<br>OD-3, Jawaharnagar,Kowdiar.P.O,Thiruvananthapuram |
| 14 | Orgind Agricultural Innovations<br>Vattaloor P.O, Makkarapparamb ,Malappuram-676507 |
| 15 | ProwinsAgri System<br>TC7/768-3, Souparnika ,Maruthamkuzhy ,Kanjirampara.P.O ,Thiruvananthapuram-30 |
| 16 | Socio Economic Unit Foundation<br>PMRA A-8, T.C 17/652,Near MilmaBhavan,Pattom Palace.P.O,Thiruvananthapuram-695004 |
| 17 | Green Village<br>Mymoon, P-67,Pullenkkonam Lane II,Sasthamangalam,Thiruvananthapuram-695 |
| 18 | All India Institute of Local Government<br>Pinnac Memories, Phase II<br>Bldg-L,NearKothrud Stand, Tothrud,Pune-411038 |
| 19 | OleenaMahilaSamajam 9oms<br>Westhill P.O, Calicut-673005 |
| 20 | NorthampsEnv Solutions<br>Naduvileveettil Building ,Irumpanam, Tripunithura,Eranakulam-682309 |
| 21 | Environmental Resource Development Co-Operative Society<br>E.R.D Co-Operative Society,Polayathodu,Kollam |
| 22 | NEO ENRGY<br>Raj Bhavan Quarters  Gate, Jawahar Nagar, Kowdiar P O, Thiruvananthapuram 695 003<br>Ph. 0471 2400099, 9400068999, E – mail : neoenergyin@gmail.com |

| | |
|---|---|
| 23 | M- WAY CONSULTANTS & DEVELOPERS PRIVATE LIMITED<br>HibaAnnexe, Pada North, Karunagapally, Kollam-690 518 , Ph. 0476 2621388, 9387733562<br>E – mail : mwayconsultants@gmail.com |
| 24 | ROYAL ASSOCIATES<br>Panamattam PO, Koorali, Kottayam 686 522,<br>Ph. 9447367680, E – mail : sajithvarmatk@yahoo.com |
| 25 | NIRAVU ZERO WASTE MANAGEMENT<br>Niravu Farmers Producer Co. Ltd., Vengeri PO, Kozhikode 673 010<br>Ph. 0495 2371301, 9447276177,<br>E – mail : niravuvengerikzd@gmail.com, babuvengeri@gmail.com |
| 26 | SUN TECH BIO GAS AGENCY<br>Thirukad PO, MalappuramDist 679 321<br>Ph. 9846998800, 8592997711, E – mail :suntechbiogas@gmail.com |
| 27 | HITECH BIOFERTILIZERS INDIA<br>34/1841 A1, Edappally, Ernakulam 682 024<br>Ph. 0484 253361, 9446590333, E – mail : hitech@cleancity.in |
| 28 | RAM BIOLOGICALS<br>8/528 – 1 , Near Kuttiady Irrigation Project Office, Kakkodi PO, Kozhikode 673 611<br>Ph. 0495 4025433 9446042333, E – mail : rambiol@rediffmail.com |
| 29 | SIMI FIBRE PRODUCTS<br>Menemkottukonam, Kuthirakulam PO, Vembayam , Thiruvananthapuram 695 615<br>Ph. 8547612090,8893852692, E – mail :shahulnisa77@gmail.com |
| 30 | UNIVERSAL BIOGAS<br>SaradaMandiram PO, Kolathara , Calicut 673 655<br>Ph. 0495 2486020 9656060307, E – mail : universalbiogasplant@gmail.com |
| 31 | GANDHIJI STUDY CENTRE<br>Reg No. K 376/83 Matha Arcade, Thodupuzha , Idukki 685 584,<br>Ph. 04862 224326 ,228060,220144,9446132544, E – mail : gsctdpa@gmail.com |
| 32 | GRAMEENA PATANA KENDRAM<br>Enikkara, Karakulam PO, Thiruvananthapuram 695 564<br>Ph. 9447961677, E – mail :infogrameena@gmail.com |
| 33 | GREENTECH<br>TC 17/520 (6), Padma Tower, Kanjirampara PO, Maruthankuzhy, Sasthamagalam, Thiruva-nanthapuram<br>Ph. 0471 2367755 9446462999, E – mail : greentechrec@gmail.com |
| 34 | GREEN SPACE SOLUTION<br>Near Manjeshwar Block Panchayat PO, Manjeshwar, Kasaragod 671 323 |
| 35 | CENTRE FOR SOCIAL AND RESOURCE DEVELOPMENT<br>2nd Floor, PulikkalHyperBazarPuthukkad PO, Thrissur 680 301<br>Ph. 0480 2756221 9048435153, E – mail :csrdtcr@gmail.com |
| 36 | KERALA GRAMA NIRMANA SAMITHY<br>Sevamandiram ,Ramanattukara , Kozhikode – 673 633<br>Ph. 0495 2442815 9495083959, E – mail :sevamandir¬_kgns@yahoo.com |
| 37 | Vadakara Nagarasabha Hariyali Haritha Karma Sena<br>Beach Road P.O., Vadakara, Kozhikkode -673 101<br>Ph. 9446683307, E – mail : hariyalivatakara@gmail.com |
| 38 | Centre for Environment and Development (CED)<br>Vattiyoorkavu P.O., Tvm – 695 013, Mob: 9447168040,<br>E – mail : director@cedindia.org |
| 39 | HLL Management Academy<br>T.C. 4/1607, Keston Road, Kowdiar P.O., Tvpm – 695 003, Mob : 9020784390<br>E – mail : hma@lifecarehll.com |

| | |
|---|---|
| 40 | Nirmal Bharat Charitable Trust<br>Door No. TMC XV/211 Near Sirsyed College, Karimbam P.O., Thaliparambu 670142<br>Ph: 9846816916 E – mail : fahad6268@gmail.com |
| 41 | Colour Kerala<br>Colour Kerala Zero Waste Management, Ground Floor, 11/540, 8/4 Chungam, Feroke, Kozhikode-673 631, Ph : 9633610047, E-mail : colourkerala0047@gmail.com |
| 42 | Academy for Mountaineering and Adventure Sport (Amas Kerala)<br>Neyyattinkara P.O., Tvpm. – 69121, Mob : 9446101056, E – mail : directoramas@gmail.com |
| 43 | Aravind Associates<br>31/922/5, KanyakaParameswari Amman Kovil Street, Pattikara, Palakkad – 678 014, Ph: 9633773880<br>E-mail : aravindassociates29@gmail.com |
| 44 | Good Earth Trust<br>Areeparambu P.O., Kottayam – 686 501<br>Ph. 9446537390, E – mail : gearthkotm@gmail.com |
| 45 | Eco Green Kerala<br>Parappur Road, Kottakkal, Malappuram, Kerala – 676 503, Ph : 0483-2740980, 8089801331, 9400337794, E-mail : ecogreenkkl@gmail.com |
| 46 | Mahyoobah Waste Management<br>Kaithakkad Post, Cheruvathur, Kasargod -671 313 |
| 47 | Young Mens Cultural Association (YMCC)<br>Kizhuparamba P.O., Malappuram – 673639, Mob: 9495174406, E – mail : info@ymcckzh.com |
| 48 | EKSAT<br>Near Keerthi Theater, Vadakara – Kozhikode, Phone : 04962522699, 9447338881<br>E-mail : eksatkkd@gmail.com |
| 49 | Collective of Training Centers (CTC)<br>Secretary, CTC Plamoodu, Thiruvananthapuram, Ph : 9496175738, E-mail : ctck-udubashree@gmail.com |
| 50 | BharathSevakSamaj<br>Sat BhavanaBhavanKowdiar, Mob: 9048001332 E – mail : info@bharatsevaksamaj.org |
| 51 | Rajiv Youth Foundation<br>Mullampara Road, Manjeri P.O., Malappuram – 67 6121, Mob : 9745005100<br>E-mail : rajivyouthfoundation5@gmail.com |

# HARITHA KERALAM MISSION - SHUCHITWA SAMGAMAM - EXHIBITION PARTICIPANTS DETAILS

| SL. NO | NAME OF AGENCY | NAME | ADDRESS | DISTRICT | STATE | PRODUCTS DETAILS | PHONE NUMBER | E MAIL |
|---|---|---|---|---|---|---|---|---|
| 1 | Kudumbashree mission | Sajitha | Kudumbasree mision,Civilstation Waynad | Wayanadu | Kerala | Papper pen,Cloth bag,handi craft,jute bag'Bamboo ornanaments,Mat,Clay vessels,Dry flower,Bamboobasket,Products from grass | 9447841843 9961568934 | spem2wyd@gmail.com |
| 2 | Madappura Craftz | Ajitha J.S | "Akhil Nivas Akathumuri Vennicodu(PO) Varkala Thiruvananthapuram 695318" | Thiruvananthapuram | Kerala | Bamboo products (Bottle,flower vase,Flower pot,statue of Budha,Pathimukam,Puttukutty, Oil brush,Penstand,spoon stand,box | "9495202838 8129931666" | madappura-craftz@gmail.com |
| 3 | Kudumbashree mission a ,Heven jute bags b,Princy handicrafts c,Samgamam kathirkood | | "District Mission Civil station Palakadu" | Palakkadu | Kerala | Coconut shell crafts, Nelkathirkood | 9744589045 | mean2marketing-pkd gmail.com |
| 4 | Clay heritage | Salini | "Pazhambalakodu house Thazhevettikunnu Pokottum padam (PO) Malappuram" | Malappuram | Kerala | Clay pots | 8281489089 | clayhutgmail.com |
| 5 | Ila Kudumbashree unit | Hanshila M P, Rasiya K V | "Hanshila M P Pattakkal Makaraparambu Malappuram Rasiya KV Palakkan House Makaraparambu Malappuram" | Malappuram | Kerala | Cloth bags,Floor mat, Bag,File, Note book | 9526839321 8943101471 | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 6 | Kudumbashree swayam sahaya sangam(Bhavana activity group) | Sarala Ayyappan | "Puthupparaparam-bil veedu Vaykkara PO Vayk-kara Prumbavoor" | Ernakulam | Kerala | Bamboo products | 9645749806 | |
| 7 | Kudumbasree Jilla mission | | "DMC kudumbasree jilla mission Pattom" | Thiruvanan-thapuram | Kerala | Bamboo products,Palm leaf Pro-duts,Cloth bags,Papperbags | 9497603496 | |
| 8 | Kudumbasree swyam sahaya samgam | Sheeja Rajesh | "Rajesh Bhavan Kadasheri Pookulanji PO Piravathoor Kollam" | Kollam | Kerala | Cloth bags | 9645999568 | |
| 9 | Kudumbasree swyam sahaya samgam | Sheeja Saji | "Kokkappalil House Thopramkudi PO Karikkavala " | Idukki | Kerala | Cloth file,Purse,Bamboo products | 9074176663 | Sheejasaji42@ gmail.com |
| 10 | Kudumbasree swyam sahaya samgam | Latha J | "Vedan kunnam Kulathinkara veedu Mudavanmugal Poojappura" | Thiruvanan-thapuram | Kerala | Cushion | 9495224577 | |
| 11 | Athma naturals | Deepa S | "Athma Naturals Ezhamkulam Adoor Pathanamthitta" | Pathanamthit-ta | Kerala | "Bamboo crafts Bamboo & Coconut shell Prod-ucts" | 9447742684 | anudeepa@ gmail.com |
| 12 | Navam thayyal & Ready maid units | Bindhu Chacko | "Navam thayyal & Ready maid units Chayalod PO Adoor Pathanamthitta" | Pathanamthit-ta | Kerala | Cloth bags and Cloth Products | 8547147907 | binduchacko07@ gmail.com |
| 13 | Kudumbasree swyam sahaya samgam | Suresh P N | "Kudumbasree district mission Pan-chayath office Kottayam" | Kottayam | Kerala | Cloth bags and handi crafts | "9961360131 8281432147" | spemktm4@ gmail.com |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 14 | Kudumbasree swyam sahaya samgam | "Rajila<br>Suja<br>Farsana" | "Soorya Cloth bag<br>Narippatta<br>Kunnummal<br><br>Nithyanandha cloth bag<br>Koyilandi<br><br>Puthuma<br>Modadi" | Kozhikodu | Kerala | Cloth bags,Papper pen | "9048080662<br>9539906633<br>9645041991" | |
| 15 | Kudumbasree mission | | "Ezhom apparals<br>Ezhom<br>Kannur" | Kannur | Kerala | Cloth bags,Papper bags,Slip-pers,Laptop bags | 4972702080 | |
| 16 | Pioneer Papperb-ag unit | Leena Jayan | "Pioneer Papperbag unit<br>Vellar<br>Kovalam" | Thiruvanan-thapuram | Kerala | Papper jwellary,Ppper pen,Papper bag, | "8281267805<br>9645919461" | pioneer@ze-rowastekovalom.org |
| 17 | Kudumbasree swyam sahaya samgam | Rosamma | "Sasneha & butter-flies<br>Kudumbasree Activi-ty group<br>Chelakkara" | Thrissur | Kerala | Jute bag, File | 9037436474 | |
| 18 | Unarvvu | Sherifa P M | "Unarvvu<br>Thrissur<br>Vadakkancheri<br>Kumaranallur" | Thrissur | Kerala | "Nettipattam<br>Cloth bag" | 9526262460 | |
| 19 | Sri Sathyasai Or-phanage Trust | K.N Anandha-kumar | "Sai gramam<br>Oorupoyka PO<br>Thonnakkal<br>Thiruvananthapu-ram" | Thiruvanan-thapuram | Kerala | Pottary item,Coconut shell products,Paper pens,Handloom Item,Bamboo Items | "8592092017<br>8592092018" | saigramam@gmail.com |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 20 | Card Center | Radhika S | "Mukkam Palamoodu Naruvamoodu PO Thiruvananthapuram" | Thiruvananthapuram | Kerala | Handloom Products | 9846478491 | ssureshkumar769@gmail.com |
| 21 | Navajyothi charitable socity | Sr.Aanmary | "Navajyothi charitable socity Rajamoodu PO Idukki" | Idukki | Kerala | Cloth Sanitory napkins | 6238978726 | |
| 22 | NSS University College Eng Kariyvattom | "Manu Kumar Akosh shiji" | University engineering college , Kariavattam | Thiruvananthapuram | Kerala | Bottle Art & Dreamcatcher | "8113882269 7012068958" | amalkrishna569@gmail.com |
| 23 | PAPLA | Sharanya S V | "Oravil vdakke illam Chalakkadavu Madikkai PO Neeleshwaram" | Kasaragod | Kerala | Aracanut leaf sheeth Products - Plates,Spoons,Cup,Bowl,Badge etc | 6235726264 | info@papla.in |
| 24 | BHAVA | SANJU | "S N kavala Alappuzha" | Alappuzha | Kerala | Recycled,Upcycled, Eco friendly bags,Books,Straws,Brush | 9746847937 | vishvmo01@gmail.com |
| 25 | ATREE | JOJO | "ATREE CERC Mullackal Amman Kovil Alapuzha" | Alappuzha | Kerala | Cloth pads,Menstual Cup | 9846009339 | jojo@atree.org |
| 26 | Eco Femme | Preethi | "Eco Femme Saracon Campus Auroville" | Pondicherry | Tamil Nadu | Cloth pads | 8281746763 | info@ecofemme.org |
| 27 | Bumberry Baby Products Pvt ltd | Sankar V | "Bumberry Baby Products Pvt Ltd No . 24, 40 - A2, University Road, South Kalamassery , kochi" | Ernakulam | Kerala | Washable cloth diapers, Washable sanitary napkins | 9746474266 | Sankar4vijayan@gmail.com |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 28 | Socio Economic Unit Foundation | Saji Sebastian | "TC 826/4, JAKRA - 43 V.J Lane Vellayambalam, Shasthamangalam PO" | Thiruvananthapuram | Kerala | Home waste Management Models | "9207395550 0471 2315907, 2315907" | seufhq@gmail.com |
| 29 | Green kudumbashree unit | Shayma | "Asif Manzil Puliyoorkonam PO Pallikkal" | Thiruvananthapuram | Kerala | Cloth bag , Papper bag , Pouch | 9633775141 | |
| 30 | Mithra nikethan | Sanju Ravendran | Mithra nikethan City center, Padinjarekotta, Thiruvananthapuram | Thiruvananthapuram | Kerala | Papper bag | 9400366017 | sajuitc@gmail.com |
| 31 | FOAB | Rajive George | FOAB (Start Up), Start Up Vally,TBI Amal Joythi Engineering College Kanjirapally Kottayam | Kotttayam | Kerala | Home composter | 9497383999 048102953999 | foabsolutions@gmail.com |
| 32 | Bamboosa | Ajayakumar VB | "TC 16/1051 CS Road Jagathy Thiruvananthapuram" | Thiruvananthapuram | Kerala | Bamboo Products, Mazha mooli | 9846245027 | rightsfirst@gmail.com |
| 33 | CREDAI CLEAN CITY MOVEMENT | Nithin Ramesh | "Credai clean city movement No 43 Jawahar Nagar , Kadavanthara, Kochi" | Ernakulam | Kerala | Credai Bolwearth system,Creadi Bio bin System | 9605062220 | credaicleancity@gmail.com |
| 34 | Akshantha Enterprises | Sreekanthan Nair V | Kanicharal, Pooramangalam PO, Karimbam | Kannur | Kerala | Aracanut leaf sheeth Products - Plates,Spoons,Cup,Bowl,Badge etc and Banana fig | 9495534654 | SREEKANTHANNAIR905@gmail.com |
| 35 | Pooram Biogas | Sreeja J | Vanda ,Karupporu PO, Nedumangad , Thiruvananthapuram | Thiruvananthapuram | Kerala | Biogas Plants | "9562793329 9074465564" | poorambio@gmail.com |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 36 | M - Way Consultants & Developers Pvt Ltd | Dr. PV Majeed | | Kollam | Kerala | OWC,ORCOMIN,DRUMCOMPOSTER,FOOD WASTE CRUSHER,ORGANIC COMPOST,MANURE | 7356108727 | mwayconsultors@gmail.com |
| 37 | Hi Tech Bio Fertilizers India | Jose Joseph | "34/1841 A1, Edappally,Ernakulam, Kerala, 682024" | Ernakulam | Kerala | Biobin,Biopots,Incinerators,FRP Biogas closed, Open type food waste disposer,Plastic shredder Machine | 9447033360 | hitech@cleancity.in |
| 38 | PELICAN BIO TECH & CHEMICAL LABS PVT LTD | Dr.CN Manoj | "Kuthiyathodu H.O Cherthala Alapuzha" | Alappuzha | Kerala | Airobic Biobin,Bucket Compost,Bamboo products,Zero carbon vertical garden,Enoculum,Organic Mannuar | 9961787333 | " pelican.labs@gmail.com Contoct@pelicanbiotech.com" |
| 39 | Navajyothi Biogas | Santhosh Menon | "P O Box 4019 Navajyotji Biogas Ernakulam 680501" | Ernakulam | Kerala | Biogas Plant | 8891339563 | navajyothibiogas@gmail.com |
| 40 | Raidco Kerala Ltd | Manoj Kumar C.P | "Raidco Tower SPCA Road, Thalappu Kannur" | Kannur | Kerala | Ring Compost Biogas | 9446005920 | info@raidco.in |
| 41 | Biotech Renewveble Energy Pvt Ltd | Dr.A Saji-Das | "Biotech Towers PB.No 520 M P Appan Road, Vazhuthakkad, Thykkadu PO" | Thiruvananthapuram | Kerala | Biogas Plant (Portable,Toilet linked waste to electricity),Bio Septic Tank,Bio incinerator,Composter garden | 9446000963 | mailtobiotech@gmail.com |
| 42 | ORMA Bioburn | Jayaraj E | "Mekkumkara Melathiyoorkonam Anthiyoorkonam Kollod PO" | Thiruvananthapuram | Kerala | Biogas plant,Sanitary Napkin Destroyer,Napkin Vending Machine,Sloar power plant | 8943153495 | ormabioburn@gmail.com |
| 43 | Neo Energy | Biju P S | "Jawahar Nagar Kawadiyar Thiruvananthapuram" | Thiruvananthapuram | Kerala | Waste disposable plant,Thumboor moozhi | 9400068999 | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 44 | BIOFLAME | Alfred Bernad | "Opp:Hundai Vettu Road Signal Thiruvananthapuram" | Thiruvananthapuram | Kerala | Biogas Plant,House hold Biobin | "8907174516 9349909900" | bioflameindia@gmail.com |
| 45 | BIOSPHERE | V Pratheep Kumar | "SRI SRI VKRAC-141A Kadiyakkonam Lane,Vazhottukonam,Vattiyoorkaavu 695013" | Thiruvananthapuram | Kerala | Biogas plant,Kitchen bin, | 9495624085 | biosphere01@gmail.com |
| 46 | Breathing Earth | Mr. Nithin .A | "Wee spaces Sales tax office Road Eranjipalam Jawahar Nagar Calicut 673006" | Kozhikodu | Kerala | Water soluble Eco - friendly Carrybags | 9916082680 | info.breathingearth@gmail.com |
| 47 | | John Baby | "Swaron Nest Appartment , Flat 4A VazhakkalaThrikkakkavu PO" | Ernakulam | Kerala | Coconut leaf Crafts | 9496157644 | johnbabyyast@gmail.com |
| 48 | IRTC | K.K Janardhanan | "IRTC Mundoor Palakkadu" | Palakkadu | Kerala | Waste management models, Biogas plants,Compost Medium, Bio bin , Kitchen Bin,Buckrt compost, Thumboor moozhi,Model areobic composting unit, Wermi compost unit,Biodigester Pot | "9495984767 9846893358" | mail@irtc.org.in |
| 49 | Kunnamkulam Muncippality | Mini Varghees | "Secretary Samatha Reg.no 2/2017 Kurukkan para Kunnamkulam" | Trissure | Kerala | Organic Mannuar | 9947153350 | |
| 50 | Kerala State Bamboo Corporation | Abdhul Rasheed | Kerala State Bamboo Corporation Ltd | Kozhikode | Kerala | Bamboo flooring tile,Handi crafts Furniture,Bamboo huts etc | 9497032367 | bamboocorp71@gmail.com |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 51 | Nice day cute ecofriendly shope | "Raju K.E Ramesh Babu .K" | "Door no 9/252Near Khalifa Masjid<br>Big bazar<br>Kozhikode<br>673001" | Kozhikode | Kerala | All kind of pure cotton bags,Com-postable carry bags | | RajukallilRaju@gmail.com |
| 52 | Nedumagad Mun-cipality (Haritha-karmasena) | Premraj | "Harithakarmasena<br>Nedumagad Munci-pality<br>Kallampara,Pazha-kutty, Nedumagad PO" | Thiruvanan-thapuram | Kerala | Cloth baags,Papper bag,Fish bag,Application cover | 9446079024 | |
| 53 | GAYA(Muzaris Natural Fiber Em-porium Products) | Fr.Paul Thomas | "GAYA(Muzaris Nat-ural Fiber Emporium Products)<br>Keezhthail JN,Kot-tappuram PO,Ko-dungallur" | Thrissur | Kerala | "Kaithola -Bags & Boxes<br>Eichornia (Kulavazha) File ,Mat Etc" | "8157956892<br>0480 2807638" | muzirisempori-um@gmail.com |
| 54 | Kumily Gramapan-chayath | Sheeba Suresh | "Kumily Graamapan-chayath<br>Kumily,Idukki" | Idukki | Kerala | Cloth bag,Papper bag,Bottile designs,Crafts from waste ma-terials,Organic mannuar,Wlid honey,Spices,Waste management models | 9447827276 | kumilygp@gmail.com |
| 55 | NS Marketing C/O Urvi Ecoware | Suresh Kumar G | "TC 16/929<br>Jagathy<br>Thiruvananthapu-ram" | Thiruvanan-thapuram | Kerala | Plates,Cups&Parcel boxes from Sugare cane | "9446848976<br>9388313100" | suresh@nsmar-keting.in |
| 56 | Biomart | Ravikrish-nan | "Anjali<br>East kodugallur<br>U C College PO<br>Aluva 683102" | Ernakulam | Kerala | Sugar cane starch,Tapioca starch,Corn Potato Starch - Oxobiodegradable Plates,Cut-leries,Cup,Packing materials and Straw | "9847530537<br>9947530557" | EDUPACK.ORG@MAIL.COM |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 57 | Jyothis Carrybags | "Yamuna V.S Rajani Kumari" | "Jyothis Kisan grandhashala Ottashekharaman-galam" | Thiruvanan-thapuram | Kerala | Cloth bags,Sholder bag,Jute bags,Screen printing,Papper bag | "9605044851 8075201505" | Yamuna-sanjayan@gmail.com |
| 58 | Oruma ( Kudumbasree swayamsahaya sangam) | "Sujatha Ushaku-mari" | "Oruma Kudumbas-ree unnuravila Perumbazhuthur PO" | Thiruvanan-thapuram | Kerala | Cloth bags,Pouch,Lunch bag,Jute bags | 8078782715 | |
| 59 | Bhagidhari Eco Group | Sherli K | "Bhagidhari Eco group Poothole Road,Poot-hole Thrissur" | Thiruvanan-thapuram | Kerala | Ecofriendly bags,files,Pens | 9495106544 | bhagidhari@gmail.com |
| 60 | Bedadukka Gramapanchayath | P.K Lo-hithakshan | "Peringanam, Mun-nad PO Chengala 671541" | Kasaragod | Kerala | Aracanut leaf sheeth products,Co-conut handicrafts | 9495180350 | secbedakagp@gmail.com |
| 61 | "S.M.S.M Institute Kerala karakaushala vikasana corpora-tion" | Anilkumar | "Kerala karakoushala vikasana corporation Puthenchantha" | Thiruvanan-thapuram | Kerala | Handicraft products | 9895510207 | s.m.s.mInsti-tute@gmail.com |
| 62 | Rahma Swayam Sahaya Sangam | A. Ammu-jaan | "A. Ammujan TC 9/1962(1) Kochar Road Shasthamagalam PO" | Thiruvanan-thapuram | Kerala | Cloth bags,Papper cover,Hand-bags,Juite bags | 9895643033 | ammuvahab@yahoo.com.in |
| 63 | Sanchi bags | Safer | "TC 26/1340 Latha bhavan" | Thiruvanan-thapuram | Kerala | Cloth items, all kinds of home hold items | 9995463481 | "www.san-chibags.com sanchibags@gmail.com" |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 64 | Vivasthy Green | Anuprasdh S.G | "Vivasthy green Recyclers Pvt Ltd 16/24, RA, Biopark Azhinjilam" | Kozhikode | Kerala | Plastic recycling Machines,Shredders,Extrussion, Bio toilet,Biodegradable cover | "9895802779 9447894279" | vivestygreen@gmail.com |
| 65 | SERG (WEE Support) | P.S Khosh | "SERG Office Kuzhivila Kazhakkottam" | Thiruvananthapuram | Kerala | Coconut husk plant pot,Palm leaf Products, vermicompost,cocopeat | 9495123159 | sergtvm@gmail.com |
| 66 | Sebastian Indian Social Projects | Poul Vam Yelder | "Sebastian Indian Social Projects, K Kovalam, Kovalam PO 695521" | Thiruvananthapuram | Kerala | Papper bag.Cloth bag,Jute bag,Coconut shell cravings, Key chains | 9446358868 | "Sisp@india.com www.sisp info sisp" |
| 67 | Darshana group | Jomol jorge | "Darshana JLG Rayarom PO Alakkode Kannur 670571 " | Kannur | Kerala | Organic Mannuar,Cowdung Powder | "7560918146 9747950710" | darsananarayarom@gmail.com |
| 68 | Tune with nature | Sushi Jayadev | "Thachantha House Thachanthra PO Ayyanthol 680003" | Thrissur | Kerala | Cotton bags | "9061001980 9656969397" | tunewithnature@gmail.com |
| 69 | Kerala Bag | "Renuka C Nair Sibi MR" | "Elatees, SGRA Manakkadu PO Thiruvananthapuram" | Thiruvananthapuram | Kerala | Cotton & Cloth bags,Purse | "9995111061 7034255777" | sibiart@gmail.com |
| 70 | Yuvasree Activity Group | Saleena | "Anfal Manzil Kannamkode Chadayamangalam" | Kollam | Kerala | Papper bag, Cloth bags | 9645743756 | afnanadhi77@gmail.com |
| 71 | Wellness center | A.J John | "Wellness center Manarkkadu PO Kottayam 686019" | Kottayam | Kerala | E.M Solutions | 9447367123 | |
| 72 | Oruma thazhappa unit | suja | "Oruma Thazhappa Unit Thazhava, Kuthirapanthi PO" | Kollam | Kerala | Thazhappa bags,thazhappa | 9605942414 | sujathazhava@gmail.com |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 73 | Uravu | Henna Poul | "Uravu Indigenous Science & Technology Study Center Thrikkaipetta PO" | Wayanadu | Kerala | Gramaphone,Mazhamooli (Rain maker),Bamboo Pen,Food and Fruit basket,Spoon | 7902748292 | uravu.india@gmail.com |
| 74 | Thanal | Raju S | "Thanal, OD - 3 Jawahar nagar, Kawadiyar PO" | Thiruvananthapuram | Kerala | | 8078077990 | zerowaste@thanal.co.in |
| 75 | Darshanam samskarika vedhi | M A Jhonson | "Darshanam samskarika vedhi & grandhalayam Kalandithazham. Chelavoor PO" | Kozhikode | Kerala | Grow bags from Aracanut leaf sheeth | "9447030091 04952731010" | www.darsanam.org |
| 76 | Kavin Art Gallery | Anandhaperumal | "249/Kotteswaran Nagar 5th cross Street Thirunelveli 627004" | Thirunelveli | Tamil Nadu | Coconut shell products | 944344478 | "Kavinkalaikoodam@tvcgmail.com Kavin art gallery.com" |
| 77 | Hariyali | "Manalili Mohanan T P . Biju" | "Clean city Green city Hariyali , vadakara" | Kozhikode | Kerala | Purse bag,Fish bag,Shopper,Multishopper | 8075899478 | hariyalivatakara@gmail.com |
| 78 | Floret technologies | "Sanal Kumar M Anu S.S" | "2nd Floor Heera chambers, Pazhavangadi" | Thiruvananthapuram | Kerala | Sanitory napkin distroyer,Sanitary napkin wending machine,Dayappar distroyer, Organic waste converer | "9020087007 9446664103" | florettechnologies@gmail.com |
| 79 | Rainbow hand crafts | "Jisha Akash Vandhana Karishna" | "Rainbow Hand crafts Thiruvananthpuram " | Thiruvananthapuram | Kerala | Bottle Crafts | 9746730988 | jishajs134@gmil.com |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 80 | Grameena Padana Kendram | Sreekan-dan V | "Grameena Padana kendram Karakulam, Karaku-lam PO Thiruvananthapu-ram 695564" | Thiruvanan-thapuram | Kerala | Life bag making from Old cloths | 9447961677 | infogrameen@gmail.com |
| 81 | Coirfed | "Saykumar N Suresh Kumar" | "Coirfed Showroom Trida,Saphalyam complex, Palayam" | Thiruvanan-thapuram | Kerala | Coirmat,Coir matreses,Coir plant pot,Cocopeat Etc.. | "9495262771 9207062771" | Coirfed.tridas-rm@gmail.com |
| 82 | Kerala khadhi grama vyvasaya board | Sharath V Raj | Jilla khadhi vyavas-aya office,Stattu,Up-palam road , Thiru-vananthapuram | Thiruvanan-thapuram | Kerala | Honey,Sandal soap, Agarbathi, Khadhi dress items etc.. | 9746974482 | |
| 83 | STEP | Dr.Nirma-la Pad-manabhan | St.Theresas College Ernakulam | Thiruvanan-thapuram | Kerala | Zipper bags , Lunch bag,Strawber-ry sanchi,Vegetable bag,Confer-ence bag,Pencil pouch | 9895037200 | teresas.ac.in |
| 84 | Kerala state Bam-boo Mission | | Thaykkadu, Thiruva-nanthapuram | Thiruvanan-thapuram | Kerala | Bamboo, Eera products | 9495777982 | keralabamboom-ission@gmail.com |
| 85 | College of agricul-ture | Dr Anil kumar | College of agricul-ture,Vellayani | Thiruvanan-thapuram | Kerala | Organic manure | 9447501346 | coavellayani@kau.in |
| 86 | Mahyoohah Waste Manage-ment | "Kunjab-dulla Abdul Majeed" | Kaithakad,Cheru-vathur 671313 | Kasaragod | Kerala | Bottle art,Cloth bag, Ecofriendly products | "9447541414 9746587417" | "md@mahyoo-hah.com mahyoohah@gmail.com" |
| 87 | Lekshmi jute bags | Syama Suresh | | Thrissur | Kerala | Jute ang Cloth | 9846124945 | syama-suresh1983@gmail.com |
| 88 | Slingit | Radha Gomathy | Upcycled bags, Pouches | Ernakulam | Kerala | Bags & Pouches from tailoring waste & export furnishing cloth bits | 8281185859 | gomathiradha@gmail.com |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 89 | | Shijo joy | "MG University Athirampuzha, Kottayam" | Kottayam | Kerala | Grass straw | 6238770686 | shijovpj8@gmail.com |
| 90 | | Joshy John | | | | Leafy straw (Coconut leaf) | 9945581643 | leafystraw@gmail.com |
| 91 | Irha loom | Harsha P U | | Kozhikode | Kerala | Jute and cotton Products | 6282555367 | harshapu695@gmail.com |
| 92 | Swasthi foudation | Harishankar S | | Kozhikode | Kerala | Recycled notebooks,Bamboo tooth brush,Bamboo earbuds,Menstrual Cup,Papper Pen, Paper pencil | "9037953528 " | swasthyfoundation@gmail.com |
| 93 | Prakruthi palm dishes | Muraleedharan | 390A,cheppanal,-Mayyam PO, Kannur, Kerala | Kannur | Kerala | Areca leaf sheeth plates,Food parcel containes, papper straw | "9446063884 9400990006" | prakrithipalmdish@gmail.com |
| 94 | PEN | | | | | | | |
| 95 | Tvm dist panchayath | | | | | | | |
| 96 | TVM coorporation | | | | | | | |
| 97 | Clean kerala company | | | | | | | |
| 98 | Shuchitwa mission | | | | | | | |

## അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി
## മാലിന്യ ശേഖരണ / സംസ്കരണ പദ്ധതികൾ

| സാമ്പത്തിക വർഷം | പദ്ധതികൾ (എണ്ണം) | ചെലവഴിച്ച തുക |
|---|---|---|
| 2016-17 | 129 | 47,58,229 |
| 2017-18 | 253 | 1,68,00,275 |
| 2018-19 | 353 | 2,37,39,735 |
| 2019-20 | 527 | 4,99,10,882 |
| 2016-17 മുതൽ 2019-20 വരെ | 1262 | 9,52,09,121 |
| 2020-21 | 214 | 1,15,85,729 |
| ആകെ | 1476 | 10,67,94,850 |